ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്
കേരള സർക്കാർ


നവകേരളം പുതുവഴികൾ
10 ാം വർഷത്തിലേക്ക്



രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ

# പ്രോഗ്രസ്സ് റിപ്പോർട്ട്

2024 -2025



നവകേരളം പുതുവഴികൾ

പിണറായി വിജയൻ സർക്കാർ
10-ാം വർഷത്തിലേക്ക്

# രണ്ടാം
## പിണറായി വിജയൻ സർക്കാരിന്റെ

# പ്രോഗ്രസ് റിപ്പോർട്ട്

**2021 മെയ് 20 - 2025 മെയ് 19**

## എൽ ഡി എഫ് പ്രകടനപത്രികയിലെ

# 900

## വാഗ്ദാനങ്ങളുടെ നിർവ്വഹണപുരോഗതി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സർക്കാർ കൈവരിച്ച പുരോഗതിയുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ വിശദമായി ചേർത്തിട്ടുണ്ട്. ഞങ്ങൾ വാഗ്ദാനം ചെയ്തതുപോലെ എല്ലാവർഷവും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പാക്കാൻ കഴിഞ്ഞുവെന്നതിന്റെ റിപ്പോർട്ട് ഈ വർഷവും സമർപ്പിക്കുകയാണ്.



# മുഖവുര

**സാമൂഹ്യസുരക്ഷയ്ക്കും പശ്ചാത്തലസൗകര്യവികസനത്തിനും ഊന്നൽ നൽകുന്ന വികസന മുന്നേറ്റമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.**

2016-ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി സർക്കാർ ജനങ്ങളുടെ അംഗീകാരത്തോടെ 2021-ൽ വീണ്ടും അധികാരത്തിലേറുകയുണ്ടായി. കഴിഞ്ഞ 9 വർഷക്കാലമായി തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിച്ച പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി എല്ലാ വാർഷിക വേളയിലും പൊതുസമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്ന രീതി ഈ വർഷവും തുടരുകയാണ്. കേരളത്തിൽ മാത്രമല്ല, നമ്മുടെ രാജ്യത്ത് തന്നെ ഒരു പുതിയ കീഴ്‌വഴക്കമാണ് എല്ലാ വർഷവും പ്രോഗ്രസ്സ് റിപ്പോർട്ട് പുറത്തിറക്കുന്നതിലൂടെ സർക്കാർ സൃഷ്ടിച്ചിരിക്കുന്നത്.

കോവിഡ് മഹാമാരിയുടെ തുടർച്ചയായി ആഗോളതലത്തിൽ ആരോഗ്യ, സാമ്പത്തിക, തൊഴിൽ മേഖലകളിൽ ഉൾപ്പെടെ ഉണ്ടായ വലിയ തകർച്ചയെ അതിജീവിച്ചുകൊണ്ടാണ് 2021-ന് ശേഷം കേരളം മുന്നോട്ടുനീങ്ങുന്നത്. ഇതിനുപുറമെയാണ് സാമ്പത്തിക രംഗത്ത് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ. എന്നാൽ സമാനതകളില്ലാത്ത പ്രകൃതിദുരന്തങ്ങളെ അതിജീവിച്ച ഇച്ഛാശക്തിയുള്ള ഒരു സമൂഹമാണ് നമ്മൾ. അതുകൊണ്ട് തന്നെ ഈ പ്രതിസന്ധികളെയും നാം മറികടന്നുകൊണ്ടിരിക്കുകയാണ്.

2016 ലെ പൊതു അന്തരീക്ഷത്തിൽ നിന്നും ഏറെ വ്യത്യസ്തമാണ് ഇന്ന് കേരളത്തിലെ സാഹചര്യം. നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാതെ നീട്ടിക്കൊണ്ട് പോയതുകാരണം ദേശീയപാത വികസനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികൾ കേന്ദ്ര സ്ഥാപനങ്ങൾ ഉപേക്ഷിക്കുന്ന അവസ്ഥ വരെ ചെന്നെത്തിയിരുന്ന കാലഘട്ടത്തിലാണ് 2016 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുന്നത്. സംസ്ഥാനത്തിന്റെ കൂടി വിഹിതം ലഭ്യമാക്കിയതുകൊണ്ടാണ്

ഇന്ന് ദേശീയപാതാ വികസനം യാഥാർത്ഥ്യമായിത്തീർന്നത്. വൈദ്യുതി ലഭ്യത തടസ്സമില്ലാതാക്കുവാൻ പവർഹൈവേകളുടെ പൂർത്തീകരണവും ഗെയിൽ പൈപ്പ്‌ലൈൻ സമയബന്ധിതമായി പൂർത്തീകരിച്ചതും സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി ലക്ഷ്യമിട്ടതിനും മുമ്പ് തന്നെ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന പ്രാദേശിക പ്രശ്നങ്ങൾ ജനങ്ങളെ വിശ്വാസത്തിലെടുത്ത് പരിഹരിക്കുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുന്നത്. തൽഫലമായാണ് വൻകിട പശ്ചാത്തലസൗകര്യ വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തിയായിവരുന്നത്.

നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വ്യവസായങ്ങളുടെ കാര്യത്തിലും കേരളത്തിൽ വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്. 2016 ൽ 300 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ 6400 സ്റ്റാർട്ടപ്പുകളുണ്ട്. 64,000 തൊഴിലവസരങ്ങളും ഇതുവഴി സൃഷ്ടിച്ചിട്ടുണ്ട്. ഒരു ലക്ഷം തൊഴിലവസരങ്ങൾ സ്റ്റാർട്ടപ്പ് മേഖലയിൽ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. നമ്മുടെ സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം മേന്മയേറിയതാണെന്ന് അന്താരാഷ്ട്രതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നത് നമുക്ക് അഭിമാനാർഹമാണ്.

കാർഷിക, വ്യവസായ, ഉത്പാദന, സേവനമേഖലകളിലെല്ലാം വളർച്ച ഉണ്ടാക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിന് സർക്കാർ മുൻഗണന നൽകുന്നു. 2022-23 മുതൽ സർക്കാർ നടത്തിവരുന്ന സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി 3,53,133 പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുകയും അവയിൽ 22,688.47 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ 7,49,712 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി. സംസ്ഥാന സർക്കാരിന്റെ ഈ പരിപാടി മികച്ചതാണെന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ചുവപ്പുനാടയുടെ തടസ്സങ്ങൾ ഉണ്ടാകരുതെന്ന കാര്യത്തിൽ സർക്കാരിന് നിർബന്ധമുണ്ട്. ഇതിനായി നിയമങ്ങളും ചട്ടങ്ങളും ലഘൂകരിച്ചിട്ടുണ്ട്. ഇത് തുടരുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ഇന്ന് കേരളം ഒന്നാമതാണ്.

സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനോടൊപ്പം സർക്കാർ മേഖലയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി സുതാര്യമായി നിയമനം നടത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള രാജ്യത്തെ ആകെ നിയമനങ്ങളിൽ 42 ശതമാനം കേരളത്തിൽ നിന്നാണെന്ന് യു.പി.എസ്.സിയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. 2016 മുതൽ ഇന്നുവരെ കേരളത്തിൽ 2,80,015 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനൊപ്പം കേരളത്തിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലിനാവശ്യമായ നൈപുണി ലഭ്യമാക്കുന്നതിനുള്ള പ്രത്യേക നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ ദേശീയ റാങ്കിംഗുകളിൽ നമ്മുടെ സർവ്വകലാശാലകൾക്ക് ലഭിക്കുന്ന സ്ഥാനത്തിൽ നിന്നും വ്യക്തമാണ്.

വ്യവസായ, സേവന മേഖലകൾക്കൊപ്പം തന്നെ കാർഷിക മേഖലയുടെ വികസനത്തിലും സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വിവിധ പരിപാടികളിലൂടെ പച്ചക്കറി കൃഷി ഉൾപ്പെടെ ഏറ്റെടുത്ത് നടത്തുന്നതിനും സർക്കാർ നല്ല പ്രോത്സാഹനമാണ് നൽകിവരുന്നത്. വിഷരഹിത പച്ചക്കറി എന്ന ആശയത്തിന് ഇപ്പോൾ സമൂഹത്തിൽ നല്ല പ്രചാരണം ലഭിച്ചിട്ടുണ്ട്.

സാമ്പത്തിക വളർച്ചയ്ക്കും വികസനത്തോടുമൊപ്പം അർഹമായ പ്രാധാന്യം പരിസ്ഥിതി സംരക്ഷണത്തിനും നൽകേണ്ടതുണ്ട്. ആരോഗ്യകരമായ ജീവിതത്തിന് മാലിന്യമുക്ത അന്തരീക്ഷം പരമപ്രധാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ പങ്കാളിത്തത്തിലൂടെ സംസ്ഥാന സർക്കാർ മാലിന്യമുക്ത കേരളം എന്ന പരിപാടി വിജയകരമായി നടപ്പിലാക്കിവരികയാണ്.

മിഷൻ മോഡിലുള്ള പ്രവർത്തനം 2016 മുതൽ തുടർന്നുപോരുകയാണ്. ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. ലൈഫ് മിഷൻ പദ്ധതിയിലൂടെ മാർച്ച് 2025 വരെ 4,51,631 വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. 5 ലക്ഷം വീടുകൾ പൂർത്തീകരിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പാവുക തന്നെ ചെയ്യും. 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 4,00,956 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2,23,945 പട്ടയങ്ങൾ 2021 ന് ശേഷം വിതരണം ചെയ്യപ്പെട്ടവയാണ്. മലയോരമേഖലയിലെ ജനതയ്ക്ക് ലഭ്യമായ ഭൂമിയുടെ വിനിയോഗ നിയമത്തിലും ചട്ടത്തിലും ലഘൂകരണം നടത്താനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ നിയമഭേദഗതി പാസാക്കിയിട്ടുണ്ട്.

ദേശീയതലത്തിൽ പഞ്ചവത്സര പദ്ധതി നിർത്തലാക്കിയപ്പോഴും 2016-17 മുതൽ സംസ്ഥാനതലത്തിൽ കേരളം 13-ാം പഞ്ചവത്സര പദ്ധതി വിജയകരമായി നടപ്പാക്കി. 14-ാം പഞ്ചവത്സരപദ്ധതി നടന്നുവരുന്നു. സാമ്പത്തിക പ്രതിസന്ധി കാരണം 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ വാർഷിക പദ്ധതി മുരടിച്ചുവെന്ന ആരോപണങ്ങളാണ് കഴിഞ്ഞ വർഷം വ്യാപകമായി ഉയർന്നത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള വാർഷിക പദ്ധതിയുടെ വകയിരുത്തലിന്റെ 110 ശതമാനമാണ് യഥാർത്ഥ ചെലവ്. മൊത്തം സംസ്ഥാന പദ്ധതിയുടെ അടങ്കലിന്റെ 96 ശതമാനം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാർ നയങ്ങൾ കാരണം സൃഷ്ടിക്കപ്പെട്ട സാമ്പത്തിക വിഷമത്തിനിടയിലും തനത് വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച ഫലപ്രദമായ നടപടികളാണ് പദ്ധതി ചെലവ് കാര്യക്ഷമമായി നിർവഹിക്കാൻ കാരണമായത്.

കോവിഡ് മഹാമാരി സൃഷ്ടിച്ച കടുത്ത സാമ്പത്തിക മാന്ദ്യത്തെ അതിജീവിച്ചു കൊണ്ട് കേരളത്തിന്റെ തനത് നികുതി വരുമാന വളർച്ച 2020-21 ന് ശേഷം 2024-25 വരെ 71.66% ആയി ഉയർന്നിട്ടുണ്ട്. കേരളത്തിന്റെ ആകെ റവന്യൂ വരുമാനത്തിൽ തനത് റവന്യൂ വരുമാനത്തിന്റെ പങ്ക് 2023 - 24 ലെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം 72.84% ആണ്. 2015-16-ൽ ഇത് 68.69% ആയിരുന്നു. ഇത് കേരളത്തിന്റെ റവന്യൂ പരിശ്രമത്തിന്റെ കാര്യക്ഷമതയെയാണ് വെളിവാക്കുന്നത്.

സർക്കാർ സാമൂഹ്യ മേഖലകളിൽ ജനപങ്കാളിത്തത്തോടെ നടത്തുന്ന ശക്തമായ ഇടപെടലുകളുടെ ഫലമായാണ് നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും കുറഞ്ഞ ബഹുമുഖദാരിദ്ര്യ സൂചികയുള്ള സംസ്ഥാനമായിത്തീരാൻ കേരളത്തിന് കഴിഞ്ഞത്. നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം അഖിലേന്ത്യാ തലത്തിൽ ബഹുമുഖ ദാരിദ്ര്യ



സൂചിക പ്രകാരം ജനസംഖ്യയുടെ 11.28 ശതമാനം ദാരിദ്ര്യബാധിതരാണെങ്കിൽ കേരളത്തിൽ ഈ സംഖ്യ 0.48 ശതമാനം മാത്രമാണ്.

കേരളത്തെ അതിദാരിദ്ര്യമുക്തമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിപുലമായ സർവ്വേയുടെ അടിസ്ഥാനത്തിൽ 64,006 കുടുംബങ്ങൾ അതിദരിദ്രരാണെന്ന് കണ്ടെത്തപ്പെടുകയും ഇതിനകം അവരിൽ 59,707 കുടുംബങ്ങളെ (79.22%) അതിദാരിദ്ര്യമുക്തരാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തെ പൂർണ്ണമായും അതി ദാരിദ്ര്യമുക്തമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്.

ശക്തമായ പൊതുവിതരണശൃംഖലയുള്ള സംസ്ഥാനമാണ് കേരളം. ഇവയിലൂടെയും മറ്റ് വിപണി ഇടപെടൽ നടപടികളിലൂടെയും (പ്രത്യേകിച്ച് ഉത്സവ കാലങ്ങളിൽ) വിലക്കയറ്റം ഗണ്യമായി പിടിച്ചു നിർത്താൻ നമുക്ക് സാദ്ധ്യമായിട്ടുണ്ട്. ഇത് സാധാരണക്കാരന്റെ വാങ്ങൽ ശേഷിക്ക് പിൻബലം നൽകുന്നു.

ഇടക്കാലത്ത് കുടിശ്ശിക വന്ന സാമൂഹ്യക്ഷേമ പെൻഷൻ ഗഡുക്കൾ സർക്കാർ നിയമസഭയിൽ നൽകിയ വാഗ്ദാനപ്രകാരം നൽകിവരികയാണ്. 62 ലക്ഷം ഗുണഭോക്താക്കൾക്കുള്ള സാമൂഹ്യക്ഷേമ പെൻഷൻ എല്ലാ മാസവും കൃത്യമായി നൽകുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

പശ്ചാത്തലസൗകര്യ വികസനത്തിനും സാമൂഹ്യക്ഷേമത്തിനും തുല്യപ്രാധാന്യം നൽകുന്ന സർക്കാരാണ് കേരളത്തിലുള്ളത്. നവകേരള സൃഷ്ടിക്കായുള്ള സമഗ്രമായ സമീപനമാണ് സർക്കാരിനുള്ളത്. സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒരു വികസന പരിപ്രേക്ഷ്യമാണ് കഴിഞ്ഞ 9 വർഷമായി സർക്കാർ നടപ്പാക്കിവരുന്നത്. ഇതിന്റെ ഫലമായി കേരളം ഇന്ന് അഭിമാനാർഹമായ നേട്ടങ്ങളാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ഈ വികസനപാതയിലെ സഞ്ചാരത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം നടത്തിയ പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് വിലപ്പെട്ട അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുകയാണ്.

സ്നേഹപൂർവ്വം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

# ഉള്ളടക്കം

## I

20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകും . . . 10
ഉന്നതതൊഴിലുകൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം . . . 10
ഇന്നവേഷൻ അഥവാ നൂതനവിദ്യാ പ്രോത്സാഹന നയം . . . 12
സ്റ്റാർട്ട് അപ് പ്രോത്സാഹന നയം. . . 16
ഐ.ടി വ്യവസായം . . . 18
ഇലക്ട്രോണിക് വ്യവസായം . . . 24
ബയോടെക്നോളജി വ്യവസായം . . . 30
നാനോ സാങ്കേതികവിദ്യ. . . 32
ഫാർമസ്യൂട്ടിക്കൽ വ്യവസായം. . . 33
പൊതുമേഖല . . . 34
ടൂറിസം . . . 43
ആധുനിക ചെറുകിട വ്യവസായം . . . 52
പ്രവാസികൾ . . . 53

## II

15 ലക്ഷം ഉപജീവനത്തൊഴിലുകൾ സൃഷ്ടിക്കും . . . 60
തൊഴിലുറപ്പ് പദ്ധതി . . . 63
അയ്യങ്കാളി പദ്ധതി . . . 64
കാർഷിക തൊഴിലവസരങ്ങൾ . . . 64
കയർ. . . 65
കശുവണ്ടി . . . 68
കൈത്തറി . . . 70
ഖാദി . . . 71
മറ്റു പരമ്പരാഗത വ്യവസായങ്ങൾ . . . 72
കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോർ. . . 75
നിർമ്മാണ മേഖല. . . 76
വാണിജ്യ മേഖല. . . 77

## III

ദാരിദ്ര്യനിർമ്മാർജ്ജനം . . . 79
പട്ടികജാതി ക്ഷേമം. . . 82
പട്ടികവർഗ്ഗക്ഷേമം . . . 86
പരിവർത്തിത ക്രൈസ്തവർ . . . 91
പിന്നാക്ക സമുദായക്ഷേമം. . . 91
സംവരണ ഇതര വിഭാഗങ്ങളുടെ ക്ഷേമം. . . 92
ന്യൂനപക്ഷ ക്ഷേമം . . . 93
മത്സ്യമേഖല . . . 95
ഭിന്നശേഷിക്കാർ . . . 105
വയോജനങ്ങൾ . . . 11
ഭക്ഷ്യസുരക്ഷ . . . 116

## IV

കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും . . . 120
പച്ചക്കറി. . . 124
നെല്ല് . . . 126
നാളികേരം . . . 129
റബ്ബർ. . . 130
മറ്റു തോട്ടവിളകൾ . . . 131
മലയോര കൃഷിഭൂമി . . . 134
ജലസേചനം . . . 135
മൃഗപരിപാലനം . . . 139

## V

പൊതുസേവനങ്ങൾ
ലോകോത്തരമാക്കും . . . 145
ഉന്നതവിദ്യാഭ്യാസം . . . 154
പൊതുജനാരോഗ്യം. . . 165
മെഡിക്കൽ കോളേജ് . . . 174
ആയുഷ് . . . 181
കുടിവെള്ളം . . . 184
പാർപ്പിടം . . . 187
ഋണബാധ്യതകൾക്കു സമാശ്വാസം . . . 188
കായികരംഗം . . . 188
ഭാഷ, കല, സംസ്കാരം, മാധ്യമം. . . 194

VI

രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യമുള്ള സംസ്ഥാനമായി കേരളത്തെ ഉയർത്തും . . . . . . . . . . . . . . . . . . . . . . . . 200
വൈദ്യുതി . . . . . . . . . . . . . . . . . . . . 202
പൊതുമരാമത്ത് . . . . . . . . . . . . . . . . 208
കെ എസ് ആർ ടി സി . . . . . . . . . . . . . . 212
തുറമുഖം . . . . . . . . . . . . . . . . . . . . . 215
ഉൾനാടൻ ജലഗതാഗതം . . . . . . . . . . . . 216
റെയിൽവേ . . . . . . . . . . . . . . . . . . . . .217
വ്യോമഗതാഗതം . . . . . . . . . . . . . . . . . 220
ഇടനാഴികളും ഹബ്ബുകളും . . . . . . . . . . . 221
പ്രധാന കിഫ്ബി പദ്ധതികൾ. . . . . . . . . . 224

VII

തദ്ദേശഭരണം പുതിയ വിതാനത്തിലേക്ക് ഉയർത്തും . . . . . . . . . 228
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഭവ വിന്യാസം . . . . . . . . . . . . . . . . . . 229
ജനകീയതയും സുതാര്യതയും . . . . . . . . 230
ഭരണനിർവ്വഹണം . . . . . . . . . . . . . . . 231
ഇ-ഗവേണൻസ് . . . . . . . . . . . . . . . . . 232
നീർത്തടാധിഷ്ഠിത ആസൂത്രണം . . . . . . 233
ശുചിത്വകേരളം . . . . . . . . . . . . . . . . . 234
നഗരവികസനം . . . . . . . . . . . . . . . . . 238

VIII

കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കും . . . . 239
ഇ-വാഹന നയം . . . . . . . . . . . . . . . . . .241
നിർമ്മാണ പ്രവൃത്തികൾ . . . . . . . . . . . 243
വനം . . . . . . . . . . . . . . . . . . . . . . . . 244
കുട്ടനാട് പരിസ്ഥിതി പുനഃസ്ഥാപന പാക്കേജ്. . . . . . . . . . . . . 248
വയനാട് കാർബൺ ന്യൂട്രൽ കോഫി. . . . 250
ഹൈറേഞ്ച്. . . . . . . . . . . . . . . . . . . . 251
മലബാറിന്റെ പിന്നോക്കാവസ്ഥ . . . . . . . 253

IX

കേരളത്തെ സ്ത്രീ സൗഹൃദമാക്കും . . . . 254
കുടുംബശ്രീ . . . . . . . . . . . . . . . . . . . 260
ശിശുക്ഷേമം . . . . . . . . . . . . . . . . . . . 262
ട്രാൻസ്ജെൻഡർ . . . . . . . . . . . . . . . . 264

X

ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും . . . . . . . . 268
നികുതിഭരണം . . . . . . . . . . . . . . . . . 268
കേരള ബാങ്ക് . . . . . . . . . . . . . . . . . . .271
സഹകരണം . . . . . . . . . . . . . . . . . . . 272
കെ.എഫ്.സി . . . . . . . . . . . . . . . . . . . 273
കെ എസ് എഫ് ഇ . . . . . . . . . . . . . . . 274
സ്റ്റേറ്റ് ഇൻഷുറൻസ്. . . . . . . . . . . . . . . 275

XI

അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും ഭരണപരിഷ്കാരം . . . . 277
അഴിമതിവിമുക്ത കേരളം . . . . . . . . . . 279
യൂണിഫോംഡ് ഫോഴ്സസ് . . . . . . . . . . 281
മറ്റു റെഗുലേറ്ററി വകുപ്പുകൾ . . . . . . . . 291
ഭരണഘടനാ സ്ഥാപനങ്ങൾ . . . . . . . . . 294
സംസ്ഥാന ഭാഗ്യക്കുറി . . . . . . . . . . . . 295
ദേവസ്വം . . . . . . . . . . . . . . . . . . . . . 296
സംസ്ഥാന ആസൂത്രണ ബോർഡ് . . . . . 298
സംവരണനയം . . . . . . . . . . . . . . . . . 299
മദ്യനയം. . . . . . . . . . . . . . . . . . . . . 299
ജീവനക്കാർ . . . . . . . . . . . . . . . . . . . 301
തൊഴിൽനയം . . . . . . . . . . . . . . . . . 302

പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾക്ക് പുറമെ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ. . . . . . . . . . . . . . . 305

**തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ ക്രമനമ്പരാണ് പ്രോഗ്രസ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്**

# I

# 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകും

1. തൊഴിലില്ലാത്ത 20 ലക്ഷം അഭ്യസ്തവിദ്യർക്കു ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ഒരു ബൃഹത്തായ തൊഴിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കും. കോവിഡ് പകർച്ചവ്യാധിമൂലം വീടുകളിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം ഗണ്യമായി ഉയർന്നു. അടുത്ത അഞ്ചുവർഷത്തിനകം ആഗോളതലത്തിൽ ഇവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്ക്. ആഗോള ഡിജിറ്റൽ വ്യവസായ മേഖലയിലെ ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

കേരള നോളജ് ഇക്കോണമി മിഷൻ രൂപീകരിച്ചു. 21.02.2025 വരെ 18.43 ലക്ഷം ഉദ്യോഗാർത്ഥികൾ ഡിജിൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തു. 1.29 ലക്ഷം ഉദ്യോഗാർത്ഥികൾക്ക് മിഷന്റെ പങ്കാളികളായ സ്ഥാപനങ്ങളിൽ ജോലി നൽകി. നിർമ്മിതബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യ രൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റി യുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. 7 ലക്ഷം തൊഴിലവസരങ്ങളുടെ വിവരം ലഭ്യമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി കരാറിൽ ഒപ്പിട്ടിട്ടുണ്ട്.

2025ലെ ബജറ്റ് പ്രസംഗത്തിൽ വിജ്ഞാന കേരളം പരിപാടി പ്രഖ്യാപിച്ചു. കമ്മ്യൂണിറ്റി അധിഷ്ഠിത നൈപുണി വികസനം, ജോബ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, പ്രാദേശിക തൊഴിൽ മേളകൾ നടത്തൽ, എന്നിവയാണ് പ്രധാന പരിപാടികൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. ഇവയ്ക്ക് പുറമേയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യർക്കുള്ള നിയമനം നടത്തുന്നത് കേരള പി.എസ്.സി ആണെന്ന് യു.പി.എസ്.സിയുടെ റിപ്പോർട്ട്.

## ഉന്നതതൊഴിലുകൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം

2. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യാധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാല അടിസ്ഥാനത്തിൽ നൽകും. ഇതിനായി ഒരു സ്കിൽമിഷൻ രൂപീകരിക്കും. മിഷനു കീഴിൽ അസാപ്, കേയ്സ്, ഐ.സി.ടി അക്കാദമി എന്നീ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് കോളജുകളിലെയും പോളിടെക്നിക്കു കളിലെയും നൈപുണ്യ പരിശീലനം വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യും. 50 ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകും.



അസാപ്, കേയ്സ്, ഐ.സി.ടി അക്കാദമി എന്നീ സ്ഥാപനങ്ങളെ കൂട്ടിച്ചേർത്ത് എഞ്ചിനീയറിംഗ് കോളജുകളിലെയും പോളിടെക്നിക്കുകളിലെയും നൈപുണീ പരിശീലനം വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ഒരു മിഷൻ അടിസ്ഥാനത്തിൽ സ്കില്ലിങ് നടത്താൻ പദ്ധതി തയ്യാറാക്കി.

3. തൊഴിലന്വേഷകരായ നൈപുണ്യ പരിശീലനം ലഭിച്ച അഭ്യസ്തവിദ്യരെ ക്കുറിച്ചുള്ള വിവരങ്ങൾ നിർമ്മിത ബുദ്ധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. അവരിൽ നിന്ന് ജോലിക്കാരെ തെരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരമൊരുക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ കേരളത്തിലെ വ്യവസായ പാർക്കുകളിലോ, മറ്റു വികേന്ദ്രീകൃത മിനി പാർക്കുകളിലോ അല്ലെങ്കിൽ വീട്ടിൽത്തന്നെ ഇരുന്നോ ജോലി ചെയ്യും.

തൊഴിലന്വേഷകരായ 18 ലക്ഷം പേരുടെ വിവരങ്ങൾ നിർമ്മിതബുദ്ധി അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ ലഭ്യമാണ്. ലിംഗ്ഡ് ഇൻ, ഫൗണ്ടിന്, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിസ് തുടങ്ങിയവ മുഖേന വിവിധ കമ്പനികളുമായി ഇത് ബന്ധപ്പെടുത്തിയിട്ടുണ്ട്.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, എന്നിവ ഉൾപ്പെടുന്ന കേരള സർക്കാരിന്റെ കീഴിലുള്ള കേരള ഐ.ടി. പാർക്കുകളുടെ സംരംഭമായ ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം, കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM), ജിടെക്ക് (GTECH), ഐസിടി അക്കാദമി ഓഫ് കേരള (ICTAK), കാഫിറ്റ് (CAFIT) എന്നിവയുടെ പിന്തുണയോടെ ആരംഭിച്ചു.

4. തൊഴിൽ ലഭിക്കുന്നവരുടെ പി.എഫ് അടക്കമുള്ള സാമൂഹ്യ സുരക്ഷാ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കും. ഉപകരണങ്ങൾ വാങ്ങാനുള്ള വായ്പ ലഭ്യമാക്കും. സഹായവാടകയ്ക്ക് വീടിനടുത്ത് ജോലി ചെയ്യാനുള്ള സൗകര്യം സൃഷ്ടിക്കും.

ഗിഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി തൊഴിൽ വകുപ്പ് സംസ്ഥാന നയം തയ്യാറാക്കി വരികയാണ്. വിജ്ഞാന കേരളത്തിന്റെ ഭാഗമായി കെഎസ്എഫ്ഇയുമായും കേരള ബാങ്കുമായും സഹകരിച്ച് തൊഴിൽ വായ്പകൾക്കുള്ള ഒരു സംവിധാനം വികസിപ്പിക്കേണ്ടതുണ്ട്.

5. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് കിഫ്ബി പോലെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമായി കേരള ഡെവലപ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) മാറ്റും. ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുക, നൈപുണ്യ പരിശീലനങ്ങളെ ഏകോപിപ്പിക്കുക, ഉന്നതവിദ്യാഭ്യാസ പുനഃസംഘടനയെ സഹായിക്കുക ഇന്നവേഷൻസിനെ പ്രോത്സാഹിപ്പിക്കുക എന്നിവ കെഡിസ്കിന്റെ ചുമതലകളായിരിക്കും.

കെ-ഡിസ്ക്കിൽ റിസൽട്ട് ബേസ്ഡ് മാനേജ്മെന്റ് ചട്ടക്കൂട് വികസിപ്പിച്ചു. സോഹോ പീപ്പിൾ, സോഹോ പ്രൊജ്ക്ടുകൾ വഴി പദ്ധതി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ ആദ്യ പൊതുമേഖല സ്ഥാപനമായി കെ-ഡിസ്ക്ക് മാറി. പദ്ധതികളുടെ ആസൂത്രണഘട്ടത്തിൽ തന്നെ ലക്ഷ്യങ്ങൾ നിർണ്ണയിച്ച് കീ റിസൾട്ട് ഏരിയകളും, കീ പെർഫോമൻ ഏരിയകളും നിർവചിക്കുന്ന രീതിയാണ് ഇവിടെ അവലംബിച്ച് വരുന്നത്.

6. ബ്ലോക്ക് മുൻസിപ്പൽ തലത്തിൽ വർക്ക് നിയർ ഹോം വർക്ക് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ഒരു സ്കീമിന് രൂപം നൽകും. 5000 ചതുരശ്രയടി കെട്ടിടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ അവയെ വർക്ക് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതാണ്.

ബ്ലോക്ക്, മുൻസിപ്പൽ തലങ്ങളിൽ വർക്ക് നിയർ ഹോം സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് രൂപരേഖ തയ്യാറാക്കി. കൊട്ടാരക്കരയിൽ വർക്ക് നിയർ ഹോം സെന്ററിന്റെ പണി ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പെരിന്തൽമണ്ണയിൽ സ്ഥലം കണ്ടെത്തി. സ്റ്റേഷൻ സ്ഥാപിക്കൽ നടപടികൾ പുരോഗമിക്കുന്നു. 10 പൈലറ്റ് ലൊക്കേഷൻസ് തെരഞ്ഞെടുത്തു. വിശദ പദ്ധതി രൂപരേഖ തയ്യാറായിവരുന്നു.

7. ഐആർ 4.0 സാങ്കേതികവിദ്യയുടെ പ്രാദേശികതല പ്രയോഗത്തിനും സംരംഭസൃഷ്ടിക്കും പ്രത്യേക ഊന്നൽ നൽകും. ഇതിനാവശ്യമായ സംരംഭവികസന പരിപാടികൾക്ക് കെ-ഡിസ്ക് മുൻകൈയെടുക്കും.

വ്യവസായ വിപ്ലവം 4.0 ത്തിന്റെ ഭാഗമായി 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം' പദ്ധതി പുരോഗമിച്ചുവരുന്നു. ഈ പരിപാടിയുടെ ഭാഗമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യത്യസ്ത പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ മധിപുരത്തെ മലിനജല സംസ്കരണത്തിന് ഇലക്ട്രോ കെമിക്കൽ / ബയോളജിക്കൽ പ്രക്രിയ വഴിയുള്ള വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഡീപ്യൂറേഷൻ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ശാസ്ത്രീയ കക്ക സംസ്കരണ സംവിധാനം ഫിഷറീസ് സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. ആലപ്പുഴ ജില്ലയിലെ മുഹമ്മ പഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെ ഡീപ്യൂറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 'ഒരു ജില്ലാ ഒരു ആശയം' പദ്ധതിയിൽ ഏഴ് ക്ലസ്റ്ററുകളുടെ വിശദ പദ്ധതി രേഖ തയ്യാറായി.

## ഇന്നവേഷൻ അഥവാ നൂതനവിദ്യാ പ്രോത്സാഹന നയം

8. ആഗോളകമ്പനികൾക്കുവേണ്ടി കേരളത്തിലിരുന്ന് പണിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം കേരളത്തിൽ നൂതനവിദ്യകളെ അടിസ്ഥാനമാക്കിയുള്ള പുതിയ ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കും. ഇതിന് ഇന്നവേഷൻസിനെ അഥവാ നൂതനവിദ്യകളെ പ്രോത്സാഹിപ്പിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന സമൂഹമായി കേരളം മാറണം.

യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം, അക്സിലറേറ്റിംഗ് അഡോപ്ഷൻ ഓഫ് എമേർജിംഗ് ടെക്നോളജി സൊലൂഷൻസ് ഇൻ ഗവൺമെന്റ്, ഇന്നോവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റി എന്നീ പദ്ധതികൾ വഴി നൂതനാശയ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു വരുന്നു.



9. ഉന്നതവിദ്യാഭ്യാസ മേഖലയിലും മറ്റും സൃഷ്ടിക്കപ്പെടുന്ന പുതിയ അറിവുകൾ സാമ്പത്തികമേഖലയിലെ സങ്കേതങ്ങളോ പ്രക്രിയയോ ഉൽപന്നമോ സംഘാടനവിപണന രീതിയോ ആയി രൂപാന്തരം പ്രാപിക്കുന്നതിനെയാണ് ഇന്നവേഷൻ അഥവാ നൂതനവിദ്യ എന്നു വിളിക്കുന്നത്. സാമ്പത്തിക ഭരണമേഖലയുടെ എല്ലാ തലങ്ങളിലും നൂതനവിദ്യകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ ആവിഷ്കരിക്കുക.

**സർവ്വകലാശാലകളിലെ പഠന ഗവേഷണ വിഭാഗങ്ങളും സർക്കാർ മേഖലകളും തമ്മിൽ സഹകരണാത്മക പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ട്രിപ്പിൾ ഹെലിക്സ് മാതൃക ആവിഷ്കരിച്ചു. 8,985 സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കി.**

10. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഇന്നവേഷൻ ചലഞ്ച് മത്സരങ്ങൾ മൂന്നുതട്ടുകളിലായി സംഘടിപ്പിക്കും. ആദ്യ തട്ടിൽ മുഴുവൻ വിദ്യാർത്ഥികൾക്കോ സംഘങ്ങൾക്കോ പങ്കെടുക്കാൻ അവസരമുണ്ടാകും. അതിൽ ഏറ്റവും മികവുള്ള നൂതനവിദ്യകൾ മുന്നോട്ടു വയ്ക്കുന്ന 10,000 പേരെ ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കും. 2000 പേരെങ്കിലും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കും. സംസ്ഥാനതല വിജയികൾക്ക് തങ്ങളുടെ നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള എല്ലാ സഹായവും സർക്കാർ ലഭ്യമാക്കും. മൂന്നുതട്ടിലെ മത്സരാർത്ഥികൾക്കും സാമ്പത്തിക പ്രോത്സാഹന സഹായം നൽകും.

**ഇന്നവേഷൻ ചലഞ്ച് സംഘടിപ്പിച്ചു. ആദ്യ തട്ടിൽ മുഴുവൻ വിദ്യാർത്ഥികൾക്കോ സംഘങ്ങൾക്കോ പങ്കെടുക്കാൻ അവസരമൊരുക്കി. മികച്ച നൂതന വിദ്യകൾ മുന്നോട്ടുവച്ച 9,957 പ്രാഥമിക വിജയികളെയും 2,445 ജില്ലാതല വിജയികളെയും 432 സംസ്ഥാനതല വിജയികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. ചലഞ്ചിൽ പങ്കെടുത്ത മൂന്ന് തട്ടുകളിലെയും വിദ്യാർത്ഥികൾക്ക് സാമ്പത്തിക പ്രോത്സാഹന സഹായം നൽകി.**

11. തങ്ങളുടെ ചുറ്റുപാടുമുള്ള ഏതു മേഖലയിലെയും പ്രശ്നങ്ങൾക്ക് നൂതനവിദ്യയുടെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും തങ്ങളുടെ നൂതനവിദ്യ ഡിജിറ്റലായി രജിസ്റ്റർ ചെയ്യാം. ഇവ പരിശോധിച്ച് മികവുറ്റതാക്കാനുള്ള സഹായം നൽകും. പൂർണ്ണതയിൽ എത്തിയാൽ ടെണ്ടറില്ലാതെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും

വാങ്ങാൻ അനുവാദമുണ്ടാകും. സ്വകാര്യ വ്യക്തികൾ വാങ്ങിയാൽ സബ്സിഡിയും നൽകും. ഇതിന് പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതാണ്.

നൂതന വിദ്യ രജിസ്റ്റർ ചെയ്യാൻ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിച്ചു. ഇതുവരെ 190 നൂതനാശയങ്ങൾ പോർട്ടൽ മുഖാന്തിരം ലഭ്യമായിട്ടുണ്ട്.

12. തദ്ദേശ ഭരണസ്ഥാപനങ്ങൾ വിവിധ മേഖലകളിൽ രൂപം നൽകുന്ന നൂതനവിദ്യ ഉൾക്കൊള്ളുന്ന പ്രോജക്ടുകൾക്ക് മത്സരാടിസ്ഥാനത്തിൽ പ്രോത്സാഹന സഹായം നൽകുന്നതാണ്.

'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയിൽ 1692 ഗ്രാമ, ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ അദ്ധ്യക്ഷൻമാരെയും സെക്രട്ടറിമാരെയും ഉൾപ്പെടുത്തി ജില്ലാതലത്തിൽ പരിശീലനം നൽകി. 474 ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥർക്കും 340 ബ്ലോക്ക് ലെവൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കും 1473 ഗ്രാമ പഞ്ചായത് തല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി. 7564 തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപനതല വാർഡ് മെമ്പർമാർക്കുള്ള പരിശീലനവും നൽകി. വിവിധ വിഷയ മേഖലകളിലായി 100 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നൂതനാശയ പദ്ധതികൾ തയ്യാറാക്കി വരുന്നു.

13. സർക്കാർ വകുപ്പുകളിൽ നൂതനവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നവേഷൻ സോൺ എന്ന പ്രത്യേക സംവിധാനത്തിനു രൂപം നൽകുന്നതാണ്.

ബ്ലോക്ക് തലത്തിൽ അക്കാദമിക്, വ്യവസായം, സർക്കാർ, സിവിൽ സമൂഹം എന്നിവയെ സംയോജിപ്പിക്കുന്ന സഹകരണ കേന്ദ്രങ്ങളായി ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ (ബിഐസി) സ്ഥാപിക്കപ്പെടുന്നു. 19 ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ നിലവിലെ പദ്ധതിയിൽ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ നടപ്പിലാക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. മഴവില്ല്, മഞ്ചാടി, യംഗ് ഇന്നവേറ്റർ പ്രോഗ്രാം സംരംഭങ്ങളിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിനായി ഒരു ഇന്നവേഷൻ സോൺ സൃഷ്ടിച്ചു.

ആരോഗ്യ മേഖലയിലെ നൂതനാശയങ്ങൾക്കായുള്ള ഒരു ഇന്നവേഷൻ സോൺ എമേർജിങ് ടെക്നോളജിസ് പദ്ധതികളിലൂടെ നിലവിലുണ്ട്. സ്ട്രൈഡ് (STRIDE - Social Technology & Research for Inclusive Design Excellence) സംരംഭത്തിലൂടെ സാമൂഹിക നീതിക്കായുള്ള ഒരു ഇന്നവേഷൻ സോൺ സൃഷ്ടിച്ചു.

14. ഇന്നവേഷൻ മത്സരങ്ങളെ കേവലം ചടങ്ങുകളായി അവസാനിക്കാത്ത വിധത്തിൽ തുടർച്ചയായ നൂതാനാശയവികസനത്തിൽ ഊന്നി ആയിരിക്കും സംഘടിപ്പിക്കുക. ഇതിനു സഹായകരമാംവിധം ഹബ് ആൻഡ് സ്പോക് മാതൃകയിൽ കേരളത്തിലെ ഗവേഷണ അക്കാദമിയിൽ സ്ഥാപനങ്ങളെ ഈ പ്രക്രിയയുമായി ബന്ധിപ്പിക്കും. ഈ സ്ഥാപനങ്ങളിലെ വിദഗ്ധരെയും വ്യാവസായിക സ്ഥാപനങ്ങളിലെ വിദഗ്ധരെയും ചേർത്ത് കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റീസുകൾക്കും ഷെൽഫ് ഓഫ് പ്രോജക്ടുകൾക്കും രൂപം നൽകും.

കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ഈ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ളതാണ്. ബ്ലോക്ക് തലത്തിൽ അക്കാദമിക്ക്, വ്യവസായം, സർക്കാർ, സിവിൽ സമൂഹം മുതലായവയെ സംയോജിപ്പിക്കുന്ന ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ സ്ഥാപിച്ചുവരുന്നു. ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തി അറിവ് നാടിന് ഗുണപരമായ മാറ്റത്തിനായി സന്നദ്ധാടിസ്ഥാനത്തിൽ പങ്കുവെയ്ക്കാൻ താൽപ്പര്യമുള്ളവരുടെ കൂട്ടായ്മയായി കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റീസ് രൂപീകരിച്ചു. 27 വിഷയ മേഖലകളിലായി 1,500 വിദഗ്ധർ ഈ കൂട്ടായ്മയുടെ ഭാഗമാണ്. ആശയ സമാഹരണത്തിനും ചർച്ചകൾക്കുമായി 'നൂതകം' സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ഒരുക്കി. 2000 പ്രശ്ന വിശദീകരണങ്ങളുള്ള ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കി.




15. ഇന്നവേഷൻ മത്സരങ്ങളിൽ വിജയികളാവുന്നവർക്ക് ഡിസൈൻ തിങ്കിംഗ്, റിസർച്ച് മെത്തഡോളജി, പ്രോഡക്റ്റ് ഡിസൈൻ, സോഷ്യൽ ഇംപാക്റ്റ് മെത്തേഡ്സ്, മോഡലിംഗ്, സിമുലേഷൻ എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുന്നതാണ്. ഇതോടൊപ്പം ഓരോ വിദ്യാർത്ഥിക്കും അവർ വികസിപ്പിക്കുന്ന നൂതനാശയത്തിന്റെ മേഖലയിൽ ആഴത്തിൽ പരിശോധനകൾ നടത്തുന്നതിനുതകും വിധം മെന്ററിംഗ് സംവിധാനങ്ങളും ഉറപ്പുവരുത്തുന്നതാണ്.

മെന്ററിംഗ് ആരംഭിച്ചിട്ടുണ്ട്. തുടർപിന്തുണക്കായി വൈ.ഐ.പി ഇ-പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. ഡിസൈൻ തിങ്കിംഗ്, പ്രോഡക്ട് ഡിസൈൻ മുതലായ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. 2024 ജൂലൈയിൽ യൂണിസെഫുമായി സഹകരിച്ച് ആരംഭിച്ച വൈ.ഐ.പി ക്ലബ്ബുകൾ 142 സ്കൂളുകളിൽ പ്രവർത്തിക്കുന്നു.

16. ചെറുകിട സൂക്ഷ്മസംരംഭങ്ങളുടെ മേഖലയിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ കെ-ഡിസ്ക് തയ്യാറാക്കിയ കർമ്മപരിപാടി വ്യവസായ പ്രോത്സാഹന ഏജൻസികളുടെയും കുടുംബശ്രീയുടെയും സഹായത്തോടെ വിപുലമാക്കും.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഒരു ശൃംഖല വികസിപ്പിക്കുകയാണ് വൺ ഡിസ്ട്രിക്റ്റ് വൺ ഐഡിയ പ്രോഗ്രാം വിഭാവനം ചെയ്യുന്നത്. മെന്റർ സ്ഥാപനങ്ങളുമായി മൂന്ന് ഘട്ടങ്ങളിലായി അവലോകനങ്ങൾ നടത്തി 63 ഇന്നവേഷൻ ക്ലസ്റ്ററുകളെ അടയാളപ്പെടുത്തിയിട്ടുണ്ട്. മെന്റർ സ്ഥാപനങ്ങൾക്കുള്ള ആദ്യ സെറ്റ് പരിശീലനം ഡിജിറ്റൽ സർവ്വകലാശാലയാണ് നടത്തിയത്. അവയെ ഇന്നവേഷൻ സാധ്യതകളെ അടിസ്ഥാനമാക്കി എ,ബി,സി കാറ്റഗറികളായി തരംതിരിച്ചു. 15 വിശദ പദ്ധതി രേഖകൾ തയ്യാറാക്കി.

17. തിരുവനന്തപുരത്തെ കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബാക്കി ഉയർത്തും. കേരള സർവ്വകാലശാല, സാങ്കേതിക സർവ്വകലാശാല, ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഐസിറ്റി അക്കാദമി തുടങ്ങിയ ഉന്നത വിദ്യാഭാസ സ്ഥാപനങ്ങളുടെയും ടെക്നോ പാർക്കിന്റെയും

കൂട്ടായ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്റ്റുകൾ ഏറ്റെടുത്തു വികസിപ്പിക്കും. ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

തിരുവനന്തപുരത്തെ AI (Artificial Intelligence) ഹബ്ബ് ആയി മാറ്റുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോ പാർക്കിന്റെയും സ്റ്റാർട്ടപ്പ് മിഷന്റെയും ICT അക്കാദമിയുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികൾ വിഭാവനം ചെയ്തുവരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി, സാങ്കേതിക സർവ്വകലാശാല, ICT അക്കാദമി, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ AI പോലുള്ള എമർജിംഗ് ടെക്നോളജീസിൽ സ്കിൽ ഡവലപ്മെൻറ് പ്രോഗ്രാമുകൾ, ബൂട്ട് ക്യാംപുകൾ, ആക്സലറേറ്റർ പ്രോഗ്രാമുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ നടത്തുന്നു. സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിൽ, ടെക്നോസിറ്റിയിൽ 3 ഏക്കർ ക്യാംപസിൽ എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എമർജിംഗ് ടെക്നോളജീസ് ഹബ്ബ് (ETH)- AI യുടെ സാധ്യതകൾ കൂടുതൽ കണ്ടെത്തുവാനും അതിൽ നിന്നും നൂതന സാങ്കേതികവിദ്യയുടെ മികവിൽ പ്രോഡക്ടുകൾ വികസിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ICT അക്കാഡമിയും IT വകുപ്പും ചേർന്നു AI സെന്റർ ഓഫ് എക്സലൻസിനായുള്ള പരിപാടികൾ ഏറ്റെടുത്തിട്ടുണ്ട്.

## സ്റ്റാർട്ടപ്പ് പ്രോത്സാഹന നയം

18. നൂതനവിദ്യകളെ ആസ്പദമാക്കിയുള്ള പുതിയ സംരംഭങ്ങൾക്കാണ് സ്റ്റാർട്ടപ്പ് എന്നു പറയുന്നത്. വലിയ മുതൽമുടക്കിനു കഴിവൊന്നും ഇല്ലാത്തതും എന്നാൽ നൂതന ആശയങ്ങളും വിദ്യകളുമുള്ള യുവജനങ്ങളാണ് സ്റ്റാർട്ടപ്പുകൾക്ക് രൂപം നൽകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ 300 സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്. അതിപ്പോൾ 3,900 ആയി വർദ്ധിച്ചു. 32,000 പേർക്ക് തൊഴിൽ ലഭിച്ചു. ഇന്ത്യയിൽ സ്റ്റാർട്ടപ്പുകൾക്ക് ഏറ്റവും നല്ല അന്തരീക്ഷമുള്ള സംസ്ഥാനമായി കേരളത്തെ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്. അഞ്ചുവർഷം കൊണ്ട് 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കും. ഒരു ലക്ഷം പേർക്ക് പുതുതായി ജോലി ലഭ്യമാക്കും.

സർക്കാർ 2016-ൽ 300 സ്റ്റാർട്ടപ്പുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിരുന്നത്. ഇപ്പോഴത് 6,400 ആയി ഉയർന്നു. 64,000 തൊഴിലവരസങ്ങൾ ഇതുവഴി ലഭ്യമാക്കി. 5,983 കോടി രൂപയുടെ നിക്ഷേപമാണ് ഇതിലൂടെ ഉണ്ടായത്. 2026 ഓടെ 15,000 സ്റ്റാർട്ടപ്പുകളും ഒരു ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. നൂതനാശയങ്ങൾ കണ്ടെത്തി ഹാക്കത്തോൺ, ഐഡിയ ഡേ, ഐഡിയത്തോൺ എന്നീ പരിപാടികൾ വഴി മികച്ച സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ തുടരും. നൂതനാശയങ്ങൾക്കും മികച്ച സ്റ്റാർട്ടപ്പുകൾക്കും ഇന്നവേഷൻ ഗ്രാന്റ്, സീഡ് ലോൺ എന്നിവയും ലഭ്യമാണ്. സെക്ടർ/ഡൊമൈൻ/വിഷയം/ഘട്ടം എന്നിവ അടിസ്ഥാന മാക്കിയായിരിക്കും ധനസഹായം ലഭ്യമാക്കുക. 527 സ്റ്റാർട്ടപ്പുകൾക്കും 230 ഇന്നവേറ്റർമാർക്കുമായി 31.33 കോടി രൂപ ഇന്നവേഷൻ ഗ്രാന്റായി നൽകി. സീഡ് ഫണ്ടായി 12 കോടി നൽകി.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 519ലധികം ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളും (ഐഇഡിസി) പ്രവർത്തിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ഉൾപ്പെടെ 2 ഫാബ് ലാബുകളും 23 മിനി ഫാബ് ലാബുകൾ ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലെയ്സ് വഴി ഇതുവരെ 309 ഇടപാടുകളിലൂടെ 35.66 കോടിയുടെ പ്രക്യൂർമെന്റ് സ്റ്റാർട്ടപ്പുകൾക്ക് നേടി കൊടുത്തു. സംസ്ഥാനത്തുടനീളം 11 ജില്ലകളിലായി 18 ലീപ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇവ 14 ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

19. സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി 250 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ആരംഭിക്കും. ഏതെങ്കിലും സ്റ്റാർട്ടപ്പ് പുറത്തുനിന്ന് നിക്ഷേപം ആകർഷിക്കുകയാണെങ്കിൽ ഈ ഫണ്ടിൽ നിന്ന് മാച്ചിംഗ് നിക്ഷേപം നടത്തും.




സെബി (SEBI) അംഗീകാരത്തോടെ സർക്കാർ ഫണ്ട് ഓഫ് ഫണ്ട് രൂപീകരിച്ച് വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടുകൾക്ക് മാച്ചിംഗ് ഫണ്ട് നൽകിവരുന്നു. ഇതിന് പുറമെയാണ് കേരള ബാങ്ക്, കെ-.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി 250 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചത്. കിഫ്ബി (KIIFB) മുഖേനയാണ് ഈ ഫണ്ടിംഗ് നടപ്പിലാക്കുന്നത്.

20. സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന വായ്പയിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകും.

സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന വായ്പയുടെ പലിശയിന്മേൽ KFC നൽകുന്ന പലിശ ഇളവായ 2% സബ്സിഡി കേരള സ്റ്റാർട്ടപ്പ് മിഷൻ KFC ക്കു നൽകിവരുന്നു. ഇതുവരെ ഈ ഇനത്തിൽ 27.87 ലക്ഷം രൂപ KFC ക്കു അനുവദിച്ചിട്ടുണ്ട്..

21. സർക്കാരിന്റെ വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നൂതന പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിന് ഒരു കോടി രൂപ വരെ ഈടില്ലാതെ ഫണ്ട് ലഭ്യമാക്കും.

വർക്ക് ഓർഡറുകളുടെ അടിസ്ഥാനത്തിൽ കെഎസ്ഐഡിസി, കെഎഫ്സി എന്നീ സ്ഥാപനങ്ങൾ വായ്പ നൽകിവരുന്നു.

22. സ്റ്റാർട്ടപ്പുകൾക്ക് വർക്ക് ഓർഡറിന്റെ ഈടിൽ ഉദാരമായി വായ്പ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കും.

വർക്ക് ഓർഡറിന്റെ ഈടിൽ സീഡ് ഫണ്ടിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്ന സീഡ് ഫണ്ടുകളുടെ മൊറട്ടോറിയം കാലയളവ് ഒരു വർഷത്തിൽ നിന്ന് രണ്ടു വർഷമായി നീട്ടുന്നതിനാണ് ഈ പദ്ധതി. പർച്ചേസ് ഓർഡറിനെതിരെ സോഫ്റ്റ് ലോൺ, സർക്കാർ വകുപ്പുകളിൽ നിന്ന് ലഭിക്കുന്ന പ്രൊജക്റ്റുകൾക്കുള്ള അഡ്വാൻസായി സോഫ്റ്റ് ലോൺ എന്നിവയാണ് ഇതിന്റെ സവിശേഷതകൾ.

24. സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം സ്ഥാപിക്കാൻ പ്രത്യേക സംവിധാനത്തിന് രൂപം നൽകും.

സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതിയിലൂടെ വിവിധ രാജ്യങ്ങളിൽ അന്തർദേശീയ ലോഞ്ച് പാഡുകൾ രൂപീകരിച്ചുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ ദുബായിൽ ആദ്യ ഇൻഫി

നിറ്റി കേന്ദ്രം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് യൂറോപ്പിൽ വിപണി വിപുലീകരിക്കുന്നതിനായി ബെൽജിയവുമായി സ്റ്റാർട്ടപ്പ് മിഷൻ ധാരണാപത്രം ഒപ്പുവെച്ചു. ബെൽജിയത്തിലെ ഹബ് ഡോട് ബ്രസൽസുമായി ചേർന്നാണ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തിക്കുക. ഓസ്ട്രേലിയ, യു.എസ്.എ എന്നീ രാജ്യങ്ങളിലും ഇൻഫിനിറ്റി കേന്ദ്രം ആരംഭിക്കുവാൻ പദ്ധതിയിടുന്നു.

25. സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിനായി പ്രത്യേക മിഷൻ നിലവിലുണ്ട്. സ്റ്റാർട്ടപ്പ് മിഷൻ പതിന്മടങ്ങ് ശക്തിപ്പെടുത്തും.

സ്റ്റാർട്ടപ്പ് മിഷൻ പ്രവർത്തനം ശക്തിപ്പെടുത്തിയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. 2019-2021 കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ 2021-2023 കാലയളവിൽ സംസ്ഥാനം സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ മൂല്യത്തിൽ 254% വർദ്ധനവ് കൈവരിച്ചു എന്നാണ് സ്റ്റാർട്ടപ്പ് ജീനോം റിപ്പോർട്ടിൽ പറയുന്നത്.

അഫോർഡബിൾ ടാലന്റിന്റെ ഗണത്തിലും കേരളം ഒന്നാമതാണ് എന്നും റിപ്പോർട്ട് കണ്ടെത്തിയിട്ടുണ്ട്. 2018, 2019, 2020 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാർ കേരളത്തെ ടോപ് പെർഫോർമർ എന്ന ഗണത്തിൽ പെടുത്തിയപ്പോൾ, 2022 ൽ തമിഴ്നാടിനും, കർണാടകത്തിനുമൊപ്പം, സ്റ്റേറ്റ് സ്റ്റാർട്ടപ്പ് റാങ്കിങ് ഫ്രെയിം വർക്ക് പ്രകാരം കേരളത്തെ ബെസ്റ്റ് പെർഫോമറായി കേന്ദ്രസർക്കാർ അംഗീകരിച്ചു. 2019 ൽ കേരളത്തിൽ പുതുതായി 594 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തപ്പോൾ, 2020 ൽ അത് 669 ആയും, 2021 ൽ 899 ആയും ഉയർന്നു. 2022, 2023, 2024 വർഷങ്ങളിൽ സംസ്ഥാനത്തു പുതുതായി രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 1069, 1294, 1128 എന്നീ ക്രമത്തിലാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ മൊത്തം സ്റ്റാർട്ടപ്പുകളുടെ എണ്ണം 6400 ആണ്.

64,000 തൊഴിലവരസങ്ങൾ ഇതുവഴി സൃഷ്ടിക്കാനായി. 2016ന്റെ അവസാനത്തിൽ കേവലം 50 കോടിയിൽ നിന്ന സ്റ്റാർട്ടപ്പ് നിക്ഷേപം 2024 ആകുമ്പോൾ 5,983 കോടി രൂപയിൽ എത്തിനിൽക്കുന്നു. 2026 ഓടെ 15,000 സ്റ്റാർട്ടപ്പുകളും ഒരു ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പ് മിഷന്റെ കയ്യിലുള്ള കണക്കുകൾ പ്രകാരം, 2019-2020 കാലയളവിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾ ഏകദേശം 826 കോടി രൂപ ഫണ്ടിംഗ് നേടിയപ്പോൾ 2021 -2022 കാലയളവിൽ അത് ഏകദേശം 3880 കോടി രൂപയായി ഉയർന്നു. ഏകദേശം 369% വർധന.

## ഐ.ടി വ്യവസായം

26. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഐ.ടി മേഖലയിൽ 60.47 ലക്ഷം ചതുരശ്രയടി ഐ.ടി പാർക്കുകളും, അരലക്ഷത്തോളം തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കുന്നതിനും സാധിച്ചു. നാം സ്വീകരിച്ച മുൻകൈകൾ ഫലപ്രാപ്തിയിലേക്ക് വരുന്ന വേളയിലാണ് കോവിഡിന്റെ തിരിച്ചടിയുണ്ടായത്. അടുത്ത അഞ്ചുവർഷം കേരളത്തിലെ ഐ.ടി വ്യവസായത്തിൽ 2 കോടി ചതുരശ്രയടി ഐ.ടി പാർക്കുകളും, 2 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കും. 2 ലക്ഷം അഭ്യസ്തവിദ്യർക്ക് ഐ.ടി മേഖലയിൽ മാത്രം തൊഴിൽ നൽകുന്നതാണ്.

നിലവിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലായി 1,49,200 പേർ തൊഴിലെടുക്കുന്നുണ്ട്. 2016 മുതൽ ഇതുവരെ 66,000 ത്തോളം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2016 ൽ കേരളത്തിലെ ഐടി പാർക്കുകളിലെ കമ്പനികളുടെ എണ്ണം 702 ആയിരുന്നെങ്കിൽ ഇന്നത് 1156 ആയി വർദ്ധിച്ചു. കേരളത്തിൽ നിന്നുള്ള ആകെ ഐടി കയറ്റുമതി 2016 ൽ 34123 കോടി രൂപയായിരുന്നത് ഇന്ന് 90,000 കോടി രൂപയായി വർദ്ധിച്ചു. 2016 ൽ 155.85 ലക്ഷം ചതുരശ്രയടി ബിൽറ്റപ്പ് സ്പേയ്സ് ഉണ്ടായിരുന്നത് നിലവിൽ 223 ലക്ഷം ചതുരശ്രയടി ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

27. ഇപ്പോൾ കേരളത്തിൽ ടി.സി.എസ്, യു.എസ്.ടി ഗ്ലോബൽ, ഇൻഫോസിസ്, ഇ.എൻ.വൈ, അലയൻസ്, നിസാൻ, ഐ.ബി.എസ്, സൺടെക്, ഇൻവെസ്റ്റ്നെറ്റ്, നാവിഗന്റ്, ഒറക്കിൾ, ക്വെസ്റ്റ് ഗ്ലോബൽ, കോഗ്നിസെന്റ്, വിപ്രോ, കെ.പി.എം.ജി, തുടങ്ങിയ ആഗോള കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്രമുഖ കമ്പനികളെക്കൂടി കേരളത്തിലേക്കു കൊണ്ടുവരും.

മേൽപ്പറഞ്ഞത് നടപ്പിലാക്കാനായി ഹൈ പവർ കമ്മിറ്റി പുനസംഘടിപ്പിച്ചു. അതിന്റെ കീഴിൽ നാല് സബ് കമ്മിറ്റികൾ (പോളിസി, ബ്രാൻഡിംഗ് & മാർക്കറ്റിംഗ്, ടാലെന്റ്, സ്റ്റാർട്ടപ്പ്) രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായി നിർവഹിക്കുവാൻ പ്രാപ്തിയുള്ള അന്താരാഷ്ട്ര പ്രോപ്പർട്ടി കൺസൾട്ടിംഗ് കമ്പനികളെ ചുമതലപെടുത്തി. ഈ സർക്കാരിന്റെ കാലത്ത് ടെക്നോപാർക്കിൽ ആക്സെഞ്ച്വർ, എച്ച്.സി.എൽ, ആർമാദ , എക്വിഫാസ്, പ്രോചാന്റ്, ഗീക്യവോൾഫ് തുടങ്ങ്യ കമ്പനികൾ തുടങ്ങിയിട്ടുണ്ട്. ടെക്നോപാർക്ക് ദേശീയത ലത്തിലും ആഗോളതലത്തിലും ശ്രദ്ധയാകർഷിക്കുന്നതിനുവേണ്ടി ദൃശ്യ മാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഈ സർക്കാറിന്റെ കാലയളവിൽ, IBM സോഫ്റ്റ്വെയർ, HCL, MSC, STRADA, TNP, BT Pierian, Adesso, IBS ടെക്നോളജി, Mygate, Tech Mahindra, Quest Globel , NOV, KonwB4 India, Accenture Song തുടങ്ങിയ പ്രമുഖ ആഗോള കമ്പനികൾ അവരുടെ യൂണിറ്റുകൾ ഇൻഫോപാർക്കിൽ സ്ഥാപിക്കുകയോ വിപുലീകരിക്കരിക്കുകയോ ചെയ്തു. കൂടാതെ, കാസ്പിയൻ ടെക് പാർക്ക് കാമ്പസ് പൂർത്തീകരിച്ചു. എയർ ഇന്ത്യയുടെ Centre of Digital Innovation (CODi) ഇവിടെ ആരംഭിച്ചു. അതുപോലെ യുഎസ്ടി ഗ്ലോബൽ ഐടി കാമ്പസ്, ബ്രിഗേഡ് എന്റർപ്രൈസസിന്റെ വേൾഡ് ട്രേഡ് സെന്റർ ടവർ 3, കാസ്പിയൻ ടവർ 2, ജിയോജിത് ഐടി കാമ്പസ് തുടങ്ങിയ പ്രധാന പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായി നിർവഹിക്കുവാൻ പ്രാപ്തിയുള്ള അന്താരാഷ്ട്ര പ്രോപ്പർട്ടി കൺസൾട്ടിംഗ് കമ്പനികളെ തിരഞ്ഞെടുക്കുകയും ചുമതലപ്പെടുത്തുകയും ചെയ്തു. ഇൻഫോപാർക്ക് പ്രവർത്തനങ്ങളും സാന്നിധ്യവും ദേശീയതലത്തിലും ആഗോളതലത്തിലും ശ്രദ്ധയാകർഷിക്കുന്നതി നുവേണ്ടി ദൃശ്യമാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂ ടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും സംഘടിപ്പിക്കപ്പെടുന്ന ഐ ടി അധിഷ്ട്ടിത ടെക് ഇവന്റുകളിൽ ഇൻഫോ പാർക്ക് പങ്കെടുക്കാറുണ്ട്.

നിലവിൽ സൈബർ പാർക്കിൽ അടുത്ത ഐടി കെട്ടിടം പൂർത്തിയാവുന്നതോടുകൂടി എം.എൻ.സി കമ്പനികളെ കാലിക്കറ്റ് സൈബർ പാർക്കിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നതാണ്. കാലിക്കറ്റിന് ഐ ടി ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിനും എം എൻ സി കമ്പനികളെ ഇവിടേക്കു ആകർഷിക്കുന്നതി നുമായി CHAMBER OF COMMERCE, NIT KOZHIKODE, IIM KOZHIKODE, CAFIT, CREDAI, ULCCS, CMA , KSITIL മുതലായ സംഘടനകളുമായി ചേർന്ന് കാലിക്കറ്റ് ഇന്നവേഷൻ ടെക്നോളജി ഇനീഷ്യേറ്റീവ് ആരംഭിച്ചിട്ടുണ്ട് (CITI 2.0).

28. കെ-ഫോണിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. 2021ൽ പദ്ധതി പൂർത്തീകരിക്കും. കെ-ഫോൺ പദ്ധതിയുടെ പ്രയോജനം എല്ലാതലത്തിലും ലഭ്യമാക്കും വിധം വിപുലീകരിക്കും. യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ടിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം ലഭ്യമാക്കും. കെ-ഫോണിന്റെ അപ്ഗ്രഡേഷനും ശാക്തീകരണവും നടത്തും.

30,272 കിലോമീറ്റർ ഫൈബർ ഒപ്റ്റിക് കേബിൾ കെ-ഫോൺ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ്, എൻഎൽഡി (നാഷണൽ ലോങ്ങ് ഡിസ്റ്റൻസ്സ്) ലൈസൻസ് എന്നിവ കെ-ഫോണിന് ലഭ്യമായിട്ടുണ്ട്. ഇതിനോടകം 23,960 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷനുകൾ നൽകി. ബാക്കി സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വാണിജ്യ അടിസ്ഥാനത്തിൽ 50,390 ഫൈബർ ടു ദ ഹോം (എഫ്.ടി.ടി.എച്ച്) കണക്ഷനു

കൾ നൽകിയിട്ടുണ്ട്. 6307 കിലോമീറ്റർ ഡാർക്ക് ഫൈബർ വാണിജ്യ അടിസ്ഥാനത്തിൽ ഏഴ് ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ സംസ്ഥാന സർക്കാർ കെ-ഫോൺ മുഖേന നൽകിവരുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട 5989 കുടുംബങ്ങൾക്ക് ഇതുവരെ സൗജന്യ കണക്ഷനുകൾ നൽകി.

29. കെ-ഫോൺ ഉപയോഗിച്ച് ഡാറ്റാ സെന്റർ പാർക്കുകളെയും ബിസിനസ്സുകളെയും പ്രോത്സാഹിപ്പിക്കും. ഇതിനായി ഡാറ്റാ സെന്റർ ഇ-പോളിസി നടപ്പിലാക്കും.

ഡിജിറ്റൽ സർവ്വകലാശാലയുടെ കീഴിൽ സ്ഥാപിക്കുന്ന സ്മാർട്ട് ഡാറ്റ സെന്ററിന്റെ 90 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

30. ബി.പി.എൽ കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകും.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5989 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നിലവിൽ നൽകിയിട്ടുണ്ട്. 4000 കുടുംബങ്ങൾക്ക് കൂടി സൗജന്യ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്ന നടപടി വേഗത്തിലാക്കുന്നതിന്റെ ഭാഗമായി, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുന്ന നിലവിലെ രീതിക്ക് പകരം, മഞ്ഞ അല്ലെങ്കിൽ പിങ്ക് റേഷൻ കാർഡുള്ള കുടുംബങ്ങൾക്ക് അപേക്ഷയുടെ മുൻഗണനാ ക്രമത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

31. എഡ്ജ് കമ്പ്യൂട്ടിംഗ് സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി യൂണിവേഴ്സിറ്റികൾ പ്രധാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെട്ട കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജികളെ ഉയർന്നതലത്തിലുള്ള ഗവേഷണം നടത്തുന്നതിനുള്ള ശൃംഖലകൾക്കും രൂപം നൽകും.

കൈരളി എഐ ചിപ്പ് എന്ന പേരിൽ സംസ്ഥാനത്തെ ആദ്യത്തെ സിലിക്കൺ-പ്രൂവ്ഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ചിപ്പ് രൂപകൽപ്പന ചെയ്തുകൊണ്ട് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. എഡ്ജ് ഇന്റലിജൻസ് ഉപയോഗപ്പെടുത്തുന്ന ഒരു നൂതന കണ്ടുപിടുത്തമാണിത്.

യുഎസ് ആസ്ഥാനമായുള്ള ഒരു മുൻനിര AI, എഡ്ജ് കമ്പ്യൂട്ടിംഗ് സ്ഥാപനമായ അർമാഡ, ഇന്ത്യയിലെ ആദ്യത്തെ ഓഫീസ് ആരംഭിക്കാൻ കേരളത്തെ തെരഞ്ഞെടുത്തു.

32. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും, കെറ്റിയു, കെഡിഐഎസ്‌സി ചേർന്നു കേരളത്തിലെ കൃഷി, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, സേവനമേഖലകൾ എന്നിവയുടെ സമഗ്ര ഡിജിറ്റൽ പരിവർത്തനത്തിനു മുൻകൈയെടുക്കാനുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ പ്രാവർത്തികമാക്കും.

സാങ്കേതികവിദ്യ മൂലമുള്ള പാർശ്വവൽക്കരണം ഒഴിവാക്കി വിവിധ മേഖലകളുടെ ഡിജിറ്റൽ പരിവർത്തനത്തിന് ഈ മിഷൻ ഊന്നൽ നൽകുന്നു. പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ, ചെലവ് കുറഞ്ഞ ഡിജിറ്റൽ സൊല്യൂഷനുകൾ, വിദഗ്ധരുടെ മാർഗ്ഗനിർദ്ദേശം, സാമ്പത്തിക പ്രോത്സാഹനങ്ങൾ, ഡിജിറ്റൽ വിദഗ്ധരെ സൃഷ്ടിക്കാനുള്ള നടപടികൾ എന്നിവ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക എന്നതാണ് കേരള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷന്റെ ലക്ഷ്യം. വിവരസാങ്കേതികവിദ്യാ നയം 2025-ന്റെ ഭാഗമായി കേരള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.



33. ഫ്രുഗൽ ഇന്നവേഷൻ, അസിസ്റ്റീവ് ടെക്നോളജികൾ, മലയാളഭാഷാ കമ്പ്യൂട്ടിങ്, ആയുർവേദം, കൃഷി എന്നിവ അടിസ്ഥാനമാക്കിയുള്ള ബയോടെക്ജെനറ്റിക് എഞ്ചിനീറിങ്, സയൻസ്, ഗവേഷണം, സാമൂഹ്യപ്രസക്തിയുള്ള ഗവേഷണമേഖലകൾ എന്നിവയ്ക്കായി കൊച്ചിൻ സർവലകാലശാലയും കെ-ഡിസ്കും ചേർന്ന് ട്രാൻസ്ലേഷൻ എഞ്ചിനീയറിംഗിൽ ഒരുമിഷൻ സംവിധാനത്തിനു രൂപം നൽക്കും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ട്രാൻസ്ലേഷനൽ റിസർച് & ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായുള്ള പ്രപോസൽ തയ്യാറാക്കിയിട്ടുണ്ട്. കുസാറ്റിന്റെയും സംസ്ഥാനത്തെ മറ്റ് അക്കാദമിക് സ്ഥാപനങ്ങളുടെയും ഗവേഷണ കേന്ദ്രങ്ങളുടെയും ശക്തികൾ പ്രയോജനപ്പെടുത്തി സാങ്കേതിക ബിസിനസുകൾ സ്ഥാപിക്കുന്നതിനും വളരുന്നതിനുമുള്ള ഒരു അടിത്തറയായി പ്രവർത്തിക്കാനാണ് ഈ നിർദ്ദിഷ്ട കേന്ദ്രം ലക്ഷ്യമിടുന്നത്.

34. ഐ.എസ്.ആർ.ഒയുടെ സഹായത്തോടെ സ്പേസ്, എയ്റോ സ്പേസ് ടെക്നോളോജികൾക്കായി മാനുഫാക്ച്ചറിംഗ് ക്ലസ്റ്ററുകൾ രൂപീകരിക്കും. TCSന്റെ ടെക്നോസിറ്റിയിലെ ഡിഫെൻസ് എയ്റോ സ്പേസ് കേന്ദ്രം ഇതിന് അനുബന്ധമായി പ്രവൃത്തിക്കും.

കേരള സ്പേസ്പാർക്ക് (കെ-സ്പേസ്) 29.03.2023 ൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 3.5 ഏക്കർ ഭൂമിയിൽ CFC, RDC കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി നബാർഡ് സഹായത്തോടുകൂടി 241.3765 കോടി രൂപ അനുവദിച്ചു. CFC, RDC കെട്ടിട രൂപരേഖ ഏകജാലക കമ്മിറ്റി അംഗീകരിക്കുകയും പദ്ധതിയുടെ ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. ഈ പദ്ധതിയുടെ വർക്ക് ഓർഡർ മെയ് 2025 കൂടി നൽകുകയും അത് 34 മാസത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. നിക്ഷേപകരെ ആകർഷിക്കുന്നതിനായി ടെക്നോസിറ്റിയിൽ 16 ഏക്കർ ഭൂമിയുടെ വികസന പ്രവർത്തനത്തിനുള്ള പദ്ധതി രൂപരേഖ 2025 മെയ് മാസത്തോടുകൂടി തയ്യാറാക്കുകയും ഓഗസ്റ്റ് മാസത്തോടുകൂടി പൂർത്തീകരിക്കുകയും ചെയ്യും.

35. എആർവിആർ, ഒറ്റിറ്റി എന്നീ നവമാധ്യമ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും.

സർക്കാർ അംഗീകരിച്ച AVGC-XR നയത്തിന്റെ ഭാഗമായി നിലവിൽ തിരുവനന്തപുരത്തെ

ചിത്രാഞ്ജലി സ്റ്റുഡിയോ പരിസരത്ത് സി-ഡിറ്റിന്റെ കെട്ടിടത്തിൽ Centre of Excellence in AVGC -XR പ്രവർത്തിച്ചു തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു. 2025-26 വാർഷിക പദ്ധതിയിൽ ഇതിനായി 139 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന പുതിയ സൗകര്യങ്ങളും സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമാക്കി പ്രവർത്തിപ്പിക്കുന്നതാണ്.

36. മെഷീൻലേണിംഗ്, ഡാറ്റാ സയൻസ്, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ ഐ.സി.റ്റി അക്കാദമിയെ മികവിന്റെ കേന്ദ്രമാക്കും.

സംസ്ഥാന സർക്കാരിന്റെ AVGC നയം പുറത്തിറക്കി. ഇതിനു ചുവടുപിടിച്ച് AVGC- XR മേഖലയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനായി സി-ഡിറ്റ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 139 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പൊതുജനങ്ങൾക്കായി ഒരു AR/VR ബൂത്ത് സജ്ജമാക്കിയിട്ടുണ്ട്

37. സെമി കണ്ടക്ടർ പ്രോസസ് ഡിസൈൻ, ഫാബലസ് ഡിസൈൻ ടെക്നോളജി എന്നിവയിൽ ട്രെസ്റ്റ് പാർക്കിനെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കും.

ഇലക്ട്രിക് വാഹന രൂപകൽപ്പനയിലും മൈക്രോചിപ്പ് രൂപകൽപ്പനയിലും മെസ്സേഴ്സ് എന്റപ്പിൾ, മെസ്സേഴ്സ് വെസ്റ്റ്ഗാട്ട്സ് എന്നിവയുമായി ട്രെസ്റ്റ് പാർക്ക് സഹകരിച്ചു പ്രവർത്തിക്കുകയാണ്. ഈ സഹകരണം ഇലക്ട്രിക് വാഹന രൂപകൽപ്പനയിലും ആർഐഎസ്സി വി പ്രോസസർ രൂപകൽപ്പനയിലും അത്യാധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്നതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുകയാണ്. സിഇടി കാമ്പസിൽ ഗവേഷണ പാർക്കിനായി 40,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയവും തയ്യാറാവുകയാണ്.

38. മാഗ്നറ്റിക് മെറ്റീരിയൽസ്, പ്രിന്റബിൾ സർക്യൂട്ടുകൾക്കു വേണ്ടിയുള്ള ഓർഗാനിക് ഇങ്കുകൾ, പ്രകൃത്യാ നാരുകൾ കൊണ്ടുള്ള കോമ്പോസിറ്റ് മെറ്റീരിയലുകൾ, വെയറബിൾസ് എന്നിവയിൽ മെറ്റീരിയൽ ടെക്നോളജി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കും.

നൂതന സാമഗ്രികളുടെ വികസനത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റുക എന്ന കാഴ്ചപ്പാടോടെ, ഡിജിറ്റൽ സർവ്വകലാശാല, സെന്റർ ഫോർ മെറ്റീരിയൽസ് ഇൻ ഇലക്ട്രോണിക് ടെക്നോളജീസുമായി സഹകരിച്ച്, ഗ്രാഫീനിനായുള്ള ഇന്ത്യ ഇന്നവേഷൻ സെന്റർ കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാഫീൻ അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യകൾ സൃഷ്ടിക്കുന്നതിനുള്ള ഗവേഷണ വികസന സൗകര്യം ഒരുക്കുന്നതിനുള്ള ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐഐസിജി), പ്രോട്ടോടൈപ്പുകളെ വ്യാവസായിക തലത്തിലുള്ള ഉൽപ്പന്നങ്ങളിലേക്ക് വിവർത്തനം ചെയ്യുന്ന ഒരു ഇന്റർമീഡിയറ്റ് യൂണിറ്റായി പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF), ഗ്രാഫീന്റെയും മറ്റ് നാനോ സാമഗ്രികളുടെ അധിഷ്ഠിത ഉൽപന്നങ്ങളുടെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വൻകിട വ്യവസായ യൂണിറ്റുകൾക്കായി ഒരു മെറ്റീരിയൽ ടെക്നോളജീസ് പാർക്ക് (ഇന്ത്യ 2D മെറ്റീരിയൽ പാർക്ക്) എന്നിവ ഉൾക്കൊള്ളുന്നതും ഭാവിയിൽ ഭൗതിക സാങ്കേതിക വിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു 'ഗ്രാഫീൻ അറോറ പ്രോജക്ട്' സ്ഥാപിക്കുന്നതിന് 98 .85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

39. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേന്ദ്രമാക്കി മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കും.

ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇതിനകം തന്നെ കേരള ബ്ലോക്ക്ചെയിൻ അക്കാദമി സ്ഥാപിച്ചു. ഇത് ലിനക്സ് ഫൗണ്ടേഷൻ, Ethereum ഫൗണ്ടേഷൻ മുതലായ ലോകോത്തര സ്ഥാപങ്ങളുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നു. കൂടാതെ കഴിഞ്ഞ 5 വർഷത്തിനിടെ കേരള ബ്ലോക്ക്ചെയിൻ അക്കാദമി 96 രാജ്യങ്ങളിൽ നിന്നുള്ള 40,000-ലധികം പേർക്ക് പരിശീലനം നൽകി. കൂടാതെ മൂന്നു പുസ്തകങ്ങൾ അന്താരാഷ്ട്ര പ്രസാധകരുമായി സഹകരിച്ചു പബ്ലിഷ്



ചെയ്തിട്ടണ്ട്. കേന്ദ്ര സർക്കാരിന്റേതുൾപ്പെടെ പല സ്ഥാപങ്ങൾക്കും (BEL, NPCI, DRDO, IIT Kanpur, മുതലായ) ട്രെയിനിങ്ങ് നൽകുകയും ആറോളം പ്രൊജക്റ്റുകൾ ചെയ്തിട്ടുമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ NVIDIA DGX സെർവർ ഉള്ള ഒരു സെന്റർ സ്ഥാപിക്കുകയും അതിലൂടെ രണ്ടു സ്ഥാപങ്ങളുമായി ചേർന്ന് സോഫ്റ്റ്വെയർ വികസനത്തിന് തുടക്കമിടുകയും ചെയ്തു. ഇതിനു പുറമെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഈ കേന്ദ്രം ഒരു പിജി ഡിപ്ലോമ കോഴ്സും, ഒരു സർട്ടിഫിക്കറ്റ് കോഴ്സും തുടങ്ങാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. GST അധിഷ്ഠിത വിവരവിശകലനത്തിനായി ഒരു ബിഗ് ഡാറ്റ അനലിറ്റിക്സ് ലാബ് ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഗവണ്മെന്റ് സ്ഥാപങ്ങളുമായും ഒരു കമ്പനിയുമായും ചേർന്ന് പ്രവർത്തിക്കുന്ന ജിയോസ്പേഷ്യൽ അനലിറ്റിക്സ് സെന്റർ സ്ഥാപിച്ചു. സൈബർ സെക്യൂരിറ്റി മേഖലയിൽ Kerala Security Audit and Assurance ലാബും സ്ഥാപിച്ചു. ഈ കേന്ദ്രം ഇതിനോടകം ഒരു പിജി ഡിപ്ലോമ കോഴ്സും മുപ്പതിൽപരം ട്രൈനിംഗ് പ്രോഗ്രാമുകളും നടത്തിയിട്ടുണ്ട്.

40. സൈബർ ടെക്, സൈബർ ഡോം, ഹൈടെക് സൈബർ സെൽ എന്നിവ സംയുക്തമായി സൈബർ സുരക്ഷയുള്ള സമഗ്രമായ ഒരു സംവിധാനം സൃഷ്ടിക്കും.

ഐ.ടി. മിഷൻ സംസ്ഥാന തലത്തിൽ ഒരു സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (SOC) തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സൈബർ ഇടങ്ങൾ ശക്തിപ്പെടുത്തുന്ന തിനായി, CERT -K, ദേശീയ സൈബർ കോർഡിനേഷൻ സെന്ററുമായി (NCCC) ചേർന്ന് പ്രവർത്തിച്ചു വരുന്നു. സൈബർ സുരക്ഷാ അവബോധം കൂടുതൽ തലങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി ശില്പശാലകൾ/വെബിനാറുകൾ എന്നിവ നടപ്പിലാക്കിവരുന്നു.

41. അന്താരാഷ്ട്ര ഡിസൈൻ കോൺഫറൻസുകൾ തുടർന്നും സംഘടിപ്പിക്കും. കളമശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷനുമായി ചേർന്നുകൊണ്ട് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന കേന്ദ്രം സ്ഥാപിക്കും. കൊല്ലത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയും കണ്ണൂരിലെ ടെക്സ്റ്റൈൽ ഡിസൈൻ കേന്ദ്രത്തെയും കൂടുതൽ മികവുറ്റതാക്കും.

സാംസ്കാരിക മന്ത്രാലയം, ഫിക്കി എന്നിവയുമായി സഹകരിച്ച് കെ.എസ്.യു.എം. 2024 ജൂലൈയിൽ കൊച്ചിയിൽ 'ബിയോണ്ട് ടുമോറോ' ഉച്ചകോടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി, കേരളത്തിന്റെ സാംസ്കാരിക-സൃഷ്ടി സമ്പദ്വ്യവസ്ഥയെ പ്രോത്സാഹിപ്പി ക്കുന്നതിനെക്കുറിച്ച് ഒരു ചർച്ചാ സമ്മേളനവും നടന്നു. സൃഷ്ടിപരമായ വ്യവസായ സംരംഭങ്ങൾക്കായി ഒരു ഇൻകുബേറ്റർ സ്ഥാപിക്കുക എന്നതായിരുന്നു പ്രധാന നിർദ്ദേശം. ഇതിനായി കെ.എസ്.യു.എം. ഒരു നിർദ്ദേശം സമർപ്പിച്ചു. കലയും സാങ്കേതികവിദ്യയും കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന സാധ്യതകൾ പഠിക്കാൻ ചില പൈലറ്റ് പ്രോജക്ടുകൾ നടത്താൻ കെ.എസ്.യു.എമ്മിന് നിർദ്ദേശം ലഭിച്ചു. ഇതിന്റെ ഭാഗമായി 'ക്രിയേറ്റർ റെസിഡൻസി' എന്ന ഫെല്ലോഷിപ്പ് പ്രോഗ്രാം കെ.എസ്.യു.എം. ആരംഭിച്ചു. ഈ ഫെല്ലോഷിപ്പിലെ പങ്കാളികളുടെ നൂതന ആശയങ്ങൾ ഹഡിൽ ഗ്ലോബൽ 2024, കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2025, കൊല്ലം@75 (2025 മാർച്ച്) എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചു.

42. ഓപ്പൺഡാറ്റ പോളിസിയും നയവും ഇടപെടൽ സംവിധാനവും സൃഷ്ടിക്കും. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും നിർവ്വഹണത്തിനുമായി ഒരു അപ്പക്സ് സംവിധാനം സൃഷ്ടിക്കും.

ഡാറ്റ പരസ്പരം പങ്കിടാൻ അനുവദിക്കുന്ന ഒരു ഓപ്പൺ ഡാറ്റാ പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖാന്തരം ഐ.ടി. മിഷൻ ആരംഭിച്ചിട്ടുണ്ട്.

## ഇലക്ട്രോണിക് വ്യവസായം

43. കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി മാറ്റും. കെൽട്രോണിന്റെ പുനരുദ്ധാരണമായിരിക്കും ഈ മേഖലയിലെ ഏറ്റവും പ്രധാന ലക്ഷ്യം. നിലവിലുള്ള ഉൽപാദനശേഷി നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നതിനോടൊപ്പം കെൽട്രോൺ ആഗോള കമ്പനികളുമായി സംയുക്ത സംരംഭങ്ങൾ സ്ഥാപിക്കും. ഇപ്പോൾ പൊതുസ്വകാര്യ മേഖലകളിലെ ആകെ ഉൽപാദനം 2,500 കോടി രൂപയാണ്. അഞ്ചുവർഷം കൊണ്ട് കേരളത്തിലെ ഹാർഡ്വെയർ ഉൽപാദനം 10,000 കോടി രൂപയായി ഉയർത്തും. അഞ്ചുവർഷം കൊണ്ട് 1000 കോടി രൂപയുടെ അധികനിക്ഷേപം ഈ മേഖലയിൽ നടക്കും.

പ്രതിരോധ മേഖലയിൽ ഉത്പാദനശേഷി വിപുലീകരണത്തിനും പുതിയ സാങ്കേതികവിദ്യ പ്രാപ്യമാക്കുന്നതിനും സംയുക്ത സംരംഭം ആരംഭിച്ച് തുടർപ്രവർത്തനം നടത്തിവരുന്നു. കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി നവീകരണം എന്നിവയ്ക്കൊപ്പം 'ട്രാഫിക് മാനേജ്മെന്റ്, ഡിഫൻസ് പ്രോഡക്ട്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിലൂന്നിയ പദ്ധതികൾ ആരംഭിക്കുന്നതിന് 395 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി. കെൽട്രോണിന്റെ സ്വന്തം സാങ്കേതിക വിദ്യയും സി-ഡാക്കിന്റെയും എൻ.പി.ഒ.എല്ലിന്റെയും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് കെൽട്രോൺ തദ്ദേശീയമായി നിർമ്മിച്ച ഇലട്രോണിക്സ് ഉൽപ്പന്നങ്ങൾ ഇന്ത്യൻ നേവിയ്ക്ക് നൽകിവരുന്നു. ഓട്ടോണമസ് അണ്ടർ വാട്ടർ വെസൽസിനും സബ് മറൈനും ഉപയോഗിക്കുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്ന പുതിയ പദ്ധതികൾ ആരംഭിച്ചു. ഇത് കെൽട്രോണിന്റെ പ്രതിരോധ മേഖലയ്ക്കായുള്ള ഉൽപ്പന്ന നിർമ്മാണത്തിലെ നാഴികക്കല്ലാണ്.

ഐ.എൻ.എസ് വിക്രാന്ത്, ഐ.എൻ.എസ് സൂറത്ത്, ഐ.എൻ.എസ് നീലഗിരി മുതലായ യുദ്ധ കപ്പലുകൾക്കും ഉപഗ്രഹ വിക്ഷേപണ സംവിധാനങ്ങൾക്കും ആവശ്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങളിൽ ചിലത് കെൽട്രോൺ നൽകിവരുന്നു. ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ പ്ലാന്റ് കെൽട്രോൺ ആരംഭിച്ചു. നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള ട്രാഫിക്ക് എൻഫോഴ്സ്മെന്റ് സംവിധാനം രാജ്യത്തെ മിക്ക നഗരങ്ങളും സ്മാർട്ട് സിറ്റിയായി പരിവർത്തിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സുരക്ഷാസംവിധാനങ്ങൾ മുതലായവ കെൽട്രോൺ സംയുക്ത സംരംഭമായി നടപ്പിലാക്കിവരുന്നു.



44. വൻകിട പാർക്കുകൾ സ്ഥാപിക്കുന്നതിനോടൊപ്പം ഊരാളുങ്കൽ ലേബർ സഹകരണ സംഘം പോലുള്ള സാമൂഹ്യ സ്ഥാപനങ്ങളേയും പബ്ലിക് പീപ്പിൾ പാർട്ണർഷിപ്പ് മാതൃകകളെയും ഉപയോഗപ്പെടുത്തും. 15 ഏക്കർ ഭൂപരിധി നിയമത്തിനകത്തു നിന്നുകൊണ്ടുതന്നെ സ്വകാര്യ ഐ.ടി പാർക്കുകൾ സ്ഥാപിക്കാനാവും.

**ടെക്നോപാർക്ക് ഫേസ് 1 ൽ ബ്രിഗേഡിന്റെ ഐ.ടി പാർക്കും ഇൻഫോപാർക്ക് ഫേസ് 1 ൽ ജിയോയുടെ ഐ.ടി പാർക്കും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. 33 സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് അംഗീകാരം നൽകി. ഇവയ്ക്ക് പുറമെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.**

45. ആമ്പലൂർ പാർക്ക് ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ മാനുഫാക്ചറിംഗ് പാർക്കായി വികസിപ്പിക്കും. മൂന്നു വർഷത്തിനുള്ളിൽ ഇത് പൂർത്തീകരിക്കാൻ ഉതകുംവിധം ഭൂമി ഏറ്റെടുക്കുകയും നിർമ്മാണ പ്രവൃത്തികൾ നടത്തുകയും ചെയ്യും.

**ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് 21.05 ഏക്കർ ഭൂമി ഏറ്റെടുത്ത് ഫിഷറീസ് വകുപ്പിന് കൈമാറാൻ തീരുമാനിച്ചു. 3.495 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. ബാക്കി ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.**

46. കേരളത്തിലെ നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ് കമ്പനികൾക്കു സഹായമാക്കുന്നവിധം ഇലക്ട്രോണിക്സ് കംപോണന്റ് ഇക്കോസിസ്റ്റം രൂപീകരിക്കും. ഇതിനായി ചെറുകിട മാനുഫാക്ചറിംഗ് ക്ലസ്റ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, ടൂൾ റൂമുകൾ, ഡിസൈൻ ഹോക്സുകൾ തുടങ്ങിയ പൊതുവായ സൗകര്യങ്ങൾ സൃഷ്ടിക്കും.

**ഔട്ട്സോഴ്സ് ചെയ്ത അർധചാലക അസംബ്ലി & ടെസ്റ്റിംഗ് ഫെസിലിറ്റി, പി സി ബി മാനുഫാക്ചറിങ് ഫെസിലിറ്റി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി പ്രീഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി. ടെക്നോളജി പാർട്ട്ണറേയും പ്രൈവറ്റ് ഇൻവെസ്റ്ററേയും കണ്ടെത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.**

47. സിഡാക്കിന്റെ നാഷണൽ മിഷൻ ഓൺ പവർ ഇലക്ട്രോണിക്സിന്റെയും കേരളത്തിലെ പ്രമുഖ ഇലക്ട്രോണിക്സ് സെന്ററുകളുടെയും സഹായത്തോടെ കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സിന്റെ ഹബ്ബായി വികസിപ്പിക്കും.

കെൽട്രോണിന്റെ കരകുളം യൂണിറ്റിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബിന്റെ ഭാഗമാക്കാനുള്ള പദ്ധതിയുടെ ആദ്യ പടിയായി ടെസ്റ്റിംഗ് എക്യുപ്മെന്റ്സും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു.

48. ഓപ്പൺ ഹാർഡ്‌വെയർ പ്രോത്സാഹിപ്പിക്കാനുള്ള പ്രത്യേക സ്കീമുകൾ നടപ്പിലാക്കുന്നതാണ്. ഓപ്പൺ ഐ.ഒ.റ്റി ചിപ് ഡിസൈൻ ഇലക്ട്രോണിക്സ് കൺട്രോളുകൾ എന്നിവ വികസിപ്പിക്കുന്നതിന് ഐസിഫോസിലെയും ട്രസ്റ്റ് പാർക്കിലെയും, സെന്റർ ഓഫ് എക്സലൻസ് വിപുലീകരിക്കും.

ഇന്ത്യയിലെ ആദ്യ ഐഒറ്റി അധിഷ്ഠിത പഞ്ചായത്ത് തിരുവനന്തപുരത്ത് കാട്ടാക്കടയിൽ ഓപ്പൺ ഹാർഡ് വെയർ ഉപയോഗിച്ചു നടപ്പിലാക്കി. സ്വതന്ത്ര ഹാർഡ്‌വെയർ അധിഷ്ഠിത ഡ്രോണിന്റെ വികസനം പുരോഗമിക്കുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും ഐഒറ്റി നെറ്റ്‌വർക്ക് സ്ഥാപിക്കുകയും ഡിസാസ്റ്റർ മാനേജ്മെന്റിനു വേണ്ടുന്ന സെൻസറുകൾ സ്ഥാപിച്ച് ഈ നെറ്റ്‌വർക്ക് വഴി ഡാറ്റ നൽകുകയും ചെയ്തു. ഓപ്പൺ ഹാർഡ്‌വെയർ ഉപയോഗിച്ചു കൃഷി, ജല - വായു മലിനീകരണം, വെള്ളപ്പൊക്കം, മൈക്രോ ക്ലൈമറ്റ് വ്യതിയാനം തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുകയും സ്റ്റാർട്ടപ്പുകൾക്ക് അവ ഉപയോഗിക്കാനും അവസരമുണ്ടാക്കി.

49. ഇലക്ട്രിക്കൽ മൊബിലിറ്റി മേഖലയിലുള്ള ട്രെസ്റ്റ് പാർക്കിലെ നിലവിലുള്ള സെന്റർ ഓഫ് എക്സലൻസിനെ വികസിപ്പിക്കും. ആധുനിക ബാറ്ററി ടെക്നോളജി വികസിപ്പിക്കുന്നതിനായി വിഎസ്എസ്സി, സി-ഡാക്, കെ-ഡിസ്ക്, ട്രെസ്റ്റ് പാർക്ക് എന്നിവ ചേർന്നുള്ള കൺസോർഷ്യം ശക്തിപ്പെടുത്തും.

വിഎസ്എസ്സി, കെ-ഡിസ്ക്, റ്റിറ്റിപി, ട്രെസ്റ്റ്പാർക്ക്, സി- ഡാക് മുതലായ സ്ഥാപനങ്ങൾ ചേർന്ന് കൺസോർഷ്യം ആരംഭിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദ്യഘട്ടമായി വി.എസ്.എസ്.സി യും റ്റിറ്റിപി യും സംയുക്തമായി ലിഥിയം ടൈറ്റനേറ്റ് പ്രോട്ടോടൈപ്പ് ബാറ്ററി വികസിപ്പിച്ചു. സി-ഡാകിന്റെ നേതൃത്വത്തിൽ ബാറ്ററി മാനേജ്മെൻറ് സിസ്റ്റം, ട്രെസ്റ്റ് പാർക്കിന്റെ നേതൃത്വത്തിൽ ഇല്ക്ട്രിക് ഡ്രൈവ് എന്നിവ പുരോഗമിക്കുന്നു.

50. കെ-ഡിസ്കും കേരളത്തിലെ ശാസ്ത്രസാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളും സംസ്ഥാന ഐ.റ്റി മിഷനും ടെക്നോപാർക്കുമായി കൈകോർത്തുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഐ.സി.ടി ഇന്നവേഷൻ സംവിധാനത്തിനു രൂപം നൽകും. കേരളത്തിലെ വിവിധ ഉൽപാദന മേഖലകളിൽ ഐ.സി.റ്റി ഉൾച്ചേർക്കുന്നത് ആയിരിക്കും ഈ ഇന്നവേഷൻ കൂട്ടായ്മയുടെ മുഖ്യലക്ഷ്യം.

കഴിഞ്ഞ ഒരു വർഷത്തിനിടെ ഐ.സി.ടി അക്കാദമി ഓഫ് കേരള ഈ ഇന്നവേഷൻ സംവിധാനത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ചില നേട്ടങ്ങൾ ചുവടെ:

I) വ്യവസായ-അക്കാദമിക് സംഗമങ്ങൾ (Industry-Academic Conclaves): വിവിധ ഉൽപാദന മേഖലകളിലെ വ്യവസായ പ്രമുഖരെയും അക്കാദമിക് വിദഗ്ധരെയും ഗവേഷകരെയും ഒരുമിപ്പിച്ചുകൊണ്ട് നിരവധി സംഗമങ്ങൾ സംഘടിപ്പിച്ചു. ഈ സംഗമങ്ങൾ ഐ.സി.ടി സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും നിലവിലുള്ള പ്രശ്നങ്ങൾക്ക് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ കണ്ടെത്തു ന്നതിനും സഹായിച്ചു.

ii) പുതിയ സാങ്കേതികവിദ്യകളിലെ ഇന്നവേഷൻ പ്രോത്സാഹനം: നിർമ്മിതബുദ്ധി (Artificial Intelligence), മെഷീൻ ലേണിംഗ് (Machine Learning), ഡാറ്റാ സയൻസ് (Data



Science), ഇന്റർനെറ്റ് ഓഫ് തിങ്സ് (IoT) തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ഊന്നൽ നൽകി നിരവധി ശിൽപശാലകളും ഹാക്കത്തോണുകളും സംഘടിപ്പിച്ചു. ഇത് വിദ്യാർത്ഥികൾക്കും യുവ സംരംഭകർക്കും നൂതന ആശയങ്ങൾ വികസിപ്പിക്കാൻ പ്രചോദനമായി.

iii) ദേശീയതലത്തിലുള്ള ജനറേറ്റീവ് എ.ഐ ടെക്കാത്തലോൺ (National Level Generative AI Techathalon): ജനറേറ്റീവ് എ.ഐ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഉൽപാദന മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ദേശീയ ടെക്കാത്തലോൺ സംഘടിപ്പിച്ചു. ഇത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിഭകളെ ആകർഷിക്കുകയും നൂതനമായ നിരവധി പ്രോട്ടോടൈപ്പുകൾ വികസിപ്പിക്കാൻ സഹായിക്കുകയും ചെയ്തു.

iv) പദ്ധതി നിർദ്ദേശങ്ങളുടെ വികസനം: വിവിധ ഉൽപാദന മേഖലകളിൽ ഐ.സി.ടി ഇന്നവേഷൻ നടപ്പിലാക്കുന്നതിനുള്ള നിരവധി പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി. ഈ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സമർപ്പിക്കുകയും ചില പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തു.

v) ശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ: വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അക്കാദമിക് സ്ഥാപനങ്ങളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുതിയ ഐ.സി.ടി സാങ്കേതികവിദ്യകളിൽ ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നിരവധി പരിപാടികൾ സംഘടിപ്പിച്ചു.

ഈ ഇന്നവേഷൻ സംവിധാനം കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഐ.സി.ടി അക്കാദമി ഓഫ് കേരള ഈ സംരംഭത്തിൽ സജീവമായി പങ്കാളിയാകുകയും കൂടുതൽ നൂതനമായ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യും. വിവിധ ഉൽപാദന മേഖലകളിൽ ഐ.സി.ടി പൂർണ്ണമായി സമന്വയിപ്പിച്ച് കേരളത്തെ ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയായി മാറ്റിയെടുക്കുകയാണ് ആത്യന്തിക ലക്ഷ്യം.

കെ-ഡിസ്ക് സംസ്ഥാന വ്യാപകമായി ഒരു നൂതനാശയ ആവാസവ്യവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP), ഇന്നവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റി (I-YwD), ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം (OLOI), ഒരു ജില്ല ഒരു ആശയം (ODOI) എന്നിവ നൂതനാശയ പ്രോത്സാഹന പരിപാടികളിൽ ചിലതാണ്.

51. തിരുവനന്തപുരം ടെക്നോ സിറ്റിയിൽ വി.എസ്.എസ്.സിയുമായി സഹകരിച്ചുകൊണ്ടുള്ള സ്പേസ് പാർക്ക് പ്രാവർത്തികമാക്കും. സൈബർ, ഫിസിക്കൽ, ഡിജിറ്റൽ ടെക്നോളജികളിലുള്ള കുതിച്ചുചാട്ടത്തിന്റെ പശ്ചാത്തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, റോബോട്ടിക്സ്, ബ്ലോക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റ അനലിറ്റിക്സ്, ഗെയിമിംഗ്, ഓഗ്മെന്റഡ് റിയാലിറ്റി, വിർച്വൽ റിയാലിറ്റി, ഡിജിറ്റൽ സെക്യൂരിറ്റി സിസ്റ്റംസ്, ജിയോ സ്പേഷ്യൽ സിസ്റ്റംസ്, ക്വാണ്ടം ടെക്നോളജി ആൻഡ് ആപ്ലിക്കേഷൻസ്, സ്പെയ്സ് ടെക്നോളജീസ്, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, എഡ്ജ് കമ്പ്യൂട്ടിംഗ് എന്നിവയിൽ ഊന്നിയുള്ള മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും.

കേരള സ്റ്റാർട്ടപ്പ് മിഷൻ 5 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ തിരുവനന്തപുരം ടെക്നോസിറ്റിയിൽ ലോകോത്തര നിലവാരത്തിലുള്ള എമർജിങ് ടെക്നോളജി ഹബ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കെ-സ്പേസ് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ-സ്പെയ്സ് വെബ്സൈറ്റ് www.kspace.kerala.gov.in പൂർണ്ണതോതിൽ സജ്ജമായി. സ്പേസ് പാർക്കിന്റെ കാര്യത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. എത്രയും വേഗം പ്രവർത്തനം ആരംഭിക്കുകയാണ്.

52. ഊർജ സംരക്ഷണത്തിൽ നിന്നുള്ള ലാഭം ഉപയോഗിച്ച് വരുമാനവും മൂലധനവും കണ്ടെത്തുന്ന എനർജി സർവ്വീസ് കമ്പനികളുടെ മാതൃകയിൽ കാര്യക്ഷമതാ വർദ്ധനവിൽ നിന്നുള്ള മൂല്യസൃഷ്ടി ലക്ഷ്യമിടുന്ന ബിസിനസ് പ്രോസസ് മാനേജ്മെന്റ് കമ്പനികൾ രൂപീകരിക്കും.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡി.എസ്.ടി) ഹൈഡ്രജൻ വാലിക്കുള്ള പദ്ധതിനിർദ്ദേശങ്ങൾ ക്ഷണിച്ചതിൽ ലഭിച്ച 70-ഓളം അപേക്ഷകൾ പല ഘട്ട പരിശോധനകൾക്കുശേഷം അവസാനം തെരഞ്ഞെടുക്കപ്പെട്ട നാലു പദ്ധതികളിൽ ഒന്ന് അനെർട്ട് കേരളത്തിനായി സമർപ്പിച്ച നിർദ്ദേശമാണ്. ഹൈഡ്രജൻ വാലി പദ്ധതിയുടെ ഡി.എസ്.ടി. മാർഗ്ഗനിർദ്ദേശങ്ങളിലെ ഒരു നിബന്ധന കേന്ദ്ര കമ്പനീസ് ആക്ടിന്റെ സെക്ഷൻ 8 പ്രകാരമുള്ള ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു കമ്പനിയുടെ നേതൃത്വത്തിലായിരിക്കണം ഇത് നടപ്പാക്കേണ്ടത് എന്നതാണ്. ഇതിനായി 17.1.2025 ന് അനെർട്ടിന് കമ്പനി രൂപീകരിക്കാനുള്ള അനുമതി നൽകി. കമ്പനി രൂപീകരണ നടപടികൾ അവസാന ഘട്ടത്തിലാണ്. അനെർട്ടിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ കമ്പനിയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമായും ഡി.എസ്.ടി.യിൽ നിന്നുൾപ്പെടെ സർക്കാർ പ്രതിനിധികളും വിദഗ്ധരുമടങ്ങുന്ന ഡയറക്ടർ ബോർഡോടെയുമാണ് കമ്പനി രൂപീകരിക്കുന്നത്. ഹൈഡ്രജൻ വാലിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ഹൈഡ്രജൻ വാലി കൺസോർഷ്യത്തിലെ അംഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, സാങ്കേതിക വിദ്യ വികസനവും കൈമാറ്റവും സാധ്യമാക്കുക, ഇവയ്ക്കാവശ്യമായ അക്ഷയ ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക തുടങ്ങിയവയാണ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

53. കേരളം നെറ്റ് ന്യൂട്രാലിറ്റിക്ക് വേണ്ടി സ്വീകരിച്ചിട്ടുള്ള നിലപാട് തുടരും. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഇന്ത്യയിൽ ശ്രദ്ധേയമായ സ്ഥാനം നേടിക്കഴിഞ്ഞു.  ഓപ്പൺ സോഴ്സ് ആപ്ലിക്കേഷനുകളുടെ വികസനം, പരിശീലനം എന്നിവയ്ക്ക് ICFOSS ആണ് നേതൃത്വം നൽകുന്നത്. സംസ്ഥാന സർക്കാറിന്റെ ഇ-ഗവേണൻസിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ ഉപയോഗപ്പെടുത്തും. വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ ഒട്ടേറെ മേഖലകൾ പൂർണമായും ഇന്ന് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഐ.ടി ഉപയോഗം വ്യാപിപ്പിക്കാൻ ഓപ്പൺ സോഴ്സ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കും.



സർക്കാർ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും സ്വതന്ത്ര സോഫ്റ്റ്വെയർ പരിവർത്തനം സാധ്യമാക്കുന്ന രീതിയിലുള്ള വിവിധ പരിശീലന പരിശീലന പരിപാടികൾ നടത്തിക്കഴിഞ്ഞു. വനിതകൾക്കായി സ്വതന്ത്ര സോഫ്റ്റ്വെയർ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി റസിഡൻഷ്യൽ ക്യാമ്പുകളും ബാക്ക് ടു വർക്ക് പരിപാടികളും നടത്തി. സർക്കാർ മേഖലയിൽ സ്വതന്ത്ര സോഫ്റ്റ്വെയർ വ്യാപനത്തിനായി വിവിധ സർക്കാർ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും കൺസൾട്ടൻസി സർവീസ് ഐ സി ഫോസ് നൽകിവരുന്നു.

54. ഇ-ഗവേണൻസ് ശൃംഖലയിൽ സുപ്രധാന കണ്ണിയാണ് അക്ഷയ കേന്ദ്രങ്ങൾ. അവയെ കൂടുതൽ ശക്തിപ്പെടുത്തും.

സംസ്ഥാനത്ത് 2021-25 വർഷക്കാലയളവിൽ 285 പുതിയ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമായതോടെ ആകെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം 2,971 ആയിട്ടുണ്ട്. ഇതിൽ 1265 കേന്ദ്രങ്ങൾ വനിതാസംരംഭകരാണ് നടത്തുന്നത്. ഇത് കൂടാതെ, പുതുതായി ആയിരത്തോളം കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ കൂടി കണ്ടെത്തിയിട്ടുമുണ്ട്. ഈ കാലയളവിൽ 1,205 കേന്ദ്രങ്ങളിൽ കൂടി ആധാർ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടെ 90 ശതമാനം അക്ഷയ കേന്ദ്രങ്ങളും ആധാർ സേവന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. വയനാട് ദുരന്തത്തിൽപ്പെട്ട് 11 ക്യാമ്പുകളിലായി പാർപ്പിച്ചിരുന്ന 878 പേർക്ക് 1,690 വിവിധ സർട്ടിഫിക്കറ്റുകൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ലഭ്യമാക്കിയിരുന്നു.

55. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കും. എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരശേഖരം ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കും.

സർക്കാരിന് കീഴിലുള്ള ഡാറ്റാ സെന്റർ ശേഷി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 25 കോടി രൂപ മുതൽമുടക്കിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കാമ്പസിൽ ഒരു ഹൈബ്രിഡ് ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് സർക്കാർ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഡാറ്റാസെന്റർ സംസ്ഥാനത്തെ ശാസ്ത്ര അക്കാദമിക് സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനായി ഉയർന്ന ശേഷിയുള്ള കമ്പ്യൂട്ടിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യും. ഈ ഡാറ്റാ സെന്ററിന്റെ ആദ്യ ഘട്ടം 2022 പകുതിയോടെ പ്രവർത്തനക്ഷമമാകും. സ്റ്റേറ്റ് ഡാറ്റ സെന്റർ 2 സെർവർ ഫാം ഏരിയ വിപുലീകരിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐടി മിഷൻ നടപടി സ്വീകരിച്ചുവരുന്നു.

സെർവറുകളുടെ സ്റ്റോറേജ് ശേഷി വർദ്ധിപ്പിച്ചു. സെർവറുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള സെക്യൂരിറ്റി സോഫ്റ്റ്വെയറുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മൈക്രോസർവ്വീസസ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിനായി സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ കണ്ടെയ്നർ പ്ലാറ്റ്ഫോം സജ്ജീകരിച്ചു. സെർവർ ഫാം ഏരിയയുടെ വിപുലീകരണം പൂർത്തിയാക്കി. ഇലക്ട്രിക്കൽ, ഐ.ടി. അനുബന്ധ ഉപകരണങ്ങളുടെ പ്രൊക്യൂർമെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ഇന്റർനെറ്റ് ശേഷി വർദ്ധിപ്പിച്ചു.

56. അനെർട്ടിന്റെയും കെ.എസ്.ഇ.ബിയുടെയും സഹായത്തോടെ സോളാർ അടിസ്ഥാനമാക്കിയുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും.

എല്ലാ ജില്ലകളിലുമായി കെ.എസ്.ഇ.ബിയുടെ 63 ചാർജിംഗ് സ്റ്റേഷനുകളും അനേർട്ടിന്റെ 35 ചാർജിംഗ് സ്റ്റേഷനുകളും 1,169 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചു. സൗരോർജ്ജ നിലയത്തോട് കൂടിയ ചാർജിംഗ് സ്റ്റേഷൻ പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ സ്ഥാപിച്ചു. അനേർട്ട് മുഖേന ലഭ്യമാക്കുന്ന സബ്സിഡി പ്രയോജനപ്പെടുത്തി 14 സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചു.

57. അത്യാധുനിക ഇലക്ട്രോണിക് ആൻഡ് ഇലക്ട്രിക് ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കും.

ക്ലാസ്റൂമുകൾ എന്ന ആശയങ്ങളില്ലാതെ വളരെ നൂതനവും ക്രിയാത്മകവുമായ രീതിയിൽ നിർമ്മിച്ചിരിക്കുന്ന പുതിയ ഇലക്ട്രോണിക്സ് ലാബുകൾ, പി.സി.ബി ഡിസൈനിങ്ങിലും ഫാബ്രിക്കേഷനിലും കഴിവുള്ള ഒരു പുതിയ പി.സി.ബി മാനുഫാക്ചറിംഗ് ലാബ് എന്നിവ നിലവിൽ വന്നിട്ടുണ്ട്.

## ബയോടെക്നോളജി വ്യവസായം

58. തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കും. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെയും കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളുടെയും വൈവിദ്ധ്യവത്കരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ബയോടെക്നോളജി ഉപയോഗപ്പെടുത്തും

ബയോ 360 ലൈഫ് സയൻസ് പാർക്കിൽ 14 കമ്പനികൾ പ്രവർത്തിക്കുന്നു. ലൈഫ് സയൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ക്ലസ്റ്ററായി ലൈഫ് സയൻസ് പാർക്ക് മാറിയിട്ടുണ്ട്. 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ്, ഓഫീസ്, ലബോറട്ടറി എന്നിവ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി.

59. വ്യവസായ യൂണിറ്റുകൾക്കുള്ള സ്ഥലസൗകര്യം മാത്രമല്ല, ഗവേഷണത്തിനും മറ്റും വേണ്ടിയുള്ള പൊതുസൗകര്യവും പാർക്കുകളിൽ സൃഷ്ടിക്കും.

കേരള വെറ്ററിനറി സർവ്വകലാശാലയുമായി ചേർന്ന് സ്മോൾ ആനിമൽ ടെസ്റ്റിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ്, സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോം എന്നിവ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചു. കേന്ദ്ര സർക്കാർ സ്ഥാപനമായ സി.എസ്.ഐ.ആർ-എൻ.ഐ-.ഐ.എസ്.ടി യുടെ നേതൃത്വത്തിൽ സുഗന്ധവ്യഞ്ജനങ്ങൾ, കയർ, റബ്ബർ, ആയൂർവ്വേദ തുടങ്ങിയ മേഖലകളിൽ ഇൻഡസ്ട്രി ഫെസിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചു. 100 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ലൈഫ് സയൻസസ് പാർക്കിന്റെ ഒന്നാം ഘട്ടത്തിൽ 4.25 ഏക്കർ സ്ഥലത്ത് 2,85,973 ചതുരശ്ര അടി വിസ്തീർണമുള്ള അത്യാധുനിക ഇന്നവേഷൻ കം ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ലൈഫ് സയൻസ് മേഖലയുടെ സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന



തിനുമായി 'ബയോ കണക്ട്' സംഘടിപ്പിച്ചു വരുന്നു. സ്റ്റാർട്ടപ്പുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കായി അടിസ്ഥാന സൗകര്യങ്ങളും പരിശീലന പരിപാടികളും നൽകിവരുന്നു.

60. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കും.

മെഡിക്കൽ ഉപകരണ പാർക്കിന്റെ (മെഡ്സ്പാർക്ക്) ഭാഗമായി അനിമൽ ഹൗസ് പ്രോട്ടോടൈപ്പ് ഇൻക്യൂബേഷൻ സെന്റർ, നോളജ് റിസോഴ്സ് സെന്റർ തുടങ്ങിയവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

61. കേരളത്തിൽ നിന്നിറങ്ങുന്ന ആയുർവേദ ഔഷധങ്ങളുടെ കയറ്റുമതിക്ക് ഔഷധക്കൂട്ടുകളുടെ കെമിക്കൽ കോമ്പോസിഷനെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളും സ്റ്റാൻഡേർഡൈസേഷനും അനിവാര്യമാണ്. നമ്മുടെ പാരമ്പര്യ വിജ്ഞാനത്തെ ജിനോം ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആയുർവേദത്തെ തെളിവധിഷ്ഠിതമായും ശാസ്ത്രീയമായും വികസിപ്പിക്കുന്നതിന് TBGRI യുടെ സഹകരണത്തോടെ ബയോടെക്നോളജി ഉപയോഗപ്പെടുത്തും.

ഇക്കാര്യം വിശദമായി പഠിക്കാൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഒരു ശിൽപ്പ ശാല നടത്തുകയും അവിടെ വന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് പരിശോധിച്ചുവരികയും ചെയ്യുന്നു.

62. ആയുർവേദത്തിന്റെയും ജൈവവൈവിദ്ധ്യത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ബയോ ഇൻഫോമാറ്റിക്സ്, കമ്പ്യൂട്ടേഷണൽ ബയോളജി, ബയോ മാനുഫാക്ചറിംഗ്, ബയോ പ്രോസസിംഗ്, ജനറ്റിക് എഞ്ചിനീയറിംഗ്, സെൽ ആൻഡ് മോളിക്യൂലാർ ബയോളജി, സിസ്റ്റംസ് ബയോളജി, ഫാർമക്കോളജി തുടങ്ങിയ മേഖലകളിൽ ഊന്നിക്കൊണ്ടുള്ള പഠനഗവേഷണ കേന്ദ്രം അനിവാര്യമാണ്. ജിനോമിൽ കൗൺസലിംഗ്, അഡ്വാൻസ്ഡ് ബയോ ഇൻഫർമാറ്റിക്സ് എന്നീ മേഖലകളിൽ പുതിയ കോഴ്സുകൾ ഐസിറ്റി അക്കാദമിയുടെ നേതൃത്വത്തിൽ ആരംഭിക്കും.

ഡിജിറ്റൽ യൂണിവേഴ്സിറ്റി ബയോ ആർട്ടിഫിഷ്യൽ ഇന്റലിജൻസി എന്ന മേഖലയിൽ ഒരു പിജി കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ ഗവേഷണത്തിനായി വിദ്യാർത്ഥികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ ചേർന്നിട്ടുണ്ട്.

63. ടിഷ്യു കൾച്ചർ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ കൃത്രിമ പ്രജനനം വ്യാപകമായി ഉപയോഗപ്പെടുത്തും.

കെ എസ് സി എസ് ടി ഇ യുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളായ KFRI, JNTBGRI, KFRI -കുഴൂർ ഉപകേന്ദ്രം എന്നിവ ഏറ്റവും പുതിയ ടിഷ്യു കൾച്ചർ സാങ്കേതിക വിദ്യയാൽ സജ്ജമാണ്. ഇവിടങ്ങളിൽ ടിഷ്യു കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉയർന്ന ഗുണമേന്മയുള്ള കാർഷിക/ഔഷധ സസ്യങ്ങൾ ഉത്പാദിപ്പിക്കുന്നു. അവ സംസ്ഥാനത്തുടനീളമുള്ള കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കുഴൂർ ഉപകേന്ദ്രത്തിൽ നിന്ന് ഏകദേശം 3 ലക്ഷം ചെടികൾ പ്രതിവർഷം കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. അതേസമയം കെ എസ് സി എസ് ടി ഇ -JNTBGRI പ്രതിവർഷം ശരാശരി 75,000 ചെടികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.

64. തിരുവനന്തപുരത്തെ അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം ഒരു സുപ്രധാന കാൽവെപ്പാണ്. ഔഷധ രംഗത്ത് ജീനോമിക്സ്/പ്രോട്ടക്കോമികസ് സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തും.

ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ലോകോത്തര സൗകര്യങ്ങളുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV). വിദഗ്ധരായ ഒമ്പത് വൈറോളജിസ്റ്റുകളാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ നൂതനമായ പ്രോട്ടിയോമിക്സ് ജീനോമിക്സ് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് മരുന്നുകളും ചികിത്സാരീതികളും വികസിപ്പിക്കുന്നതിന് നിരവധി ഗവേഷണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ സാങ്കേതികവിദ്യകൾക്കായി ഒരു പ്രത്യേക കോർ ഫെസിലിറ്റിയും സജ്ജമാക്കിയിട്ടുണ്ട്.

## നാനോ സാങ്കേതികവിദ്യ

65. സർവകലാശാലകളിൽ നാനോസാങ്കേതികവിദ്യക്ക് പ്രത്യേകവകുപ്പുകൾ ഇപ്പോഴുണ്ട്. തൊഴിലധിഷ്ഠിത നാനോ സാങ്കേതികവിദ്യാകോഴ്സുകൾ ആവശ്യാനു സരണം വർദ്ധിപ്പിക്കും. വ്യവസായം ഉൾപ്പെടെ വിവിധ മേഖലകളിൽ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരണത്തിനും വിപുലീകരണസാധ്യതകൾ ഒട്ടേറെയുണ്ട്. നാനോസാങ്കേതികവിദ്യയെ ആസ്പദമാക്കി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇലക്ട്രോണിക്സും, മെറ്റീരിയൽ സയൻസ് ഉൾപ്പെട യെുള്ള മേഖലയിൽ സ്പെഷലൈസ് ചെയ്യുന്ന ഒരു Applied Physics പിജി ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ ഗവേഷണത്തിനായി വിദ്യാർത്ഥികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ എടുത്തിട്ടുണ്ട്. കണ്ണൂർ, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ സയൻസ് പാർക്ക് ആരംഭിക്കാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## ഫാർമസ്യൂട്ടിക്കൽ വ്യവസായം

66. കോവിഡ് പ്രതിരോധത്തിൽ കേരളത്തിന് ലഭിച്ചിരിക്കുന്ന അന്തർദേശീയ പ്രശസ്തിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വ്യവസായത്തെപ്പോലെ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിനും വലിയ സാധ്യതകളുണ്ട്. മൂന്നാംലോക രാജ്യങ്ങൾക്ക് മാതൃകയായിരുന്ന ഇന്ത്യയിലെ പൊതുമേഖലാ ഔഷധ വ്യവസായ സ്ഥാപനങ്ങൾ തകർന്നു കഴിഞ്ഞു. കേരളത്തിന്റെ കെ.എസ്.ഡി.പി മാത്രമാണ് അപവാദം. 2015-16 ൽ വെറും 20 കോടി രൂപ ഉൽപാദനം മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 2020-21 ൽ 150 കോടിയാണ് ഉൽപാദനം. അഞ്ചുവർഷം കൊണ്ട് 500 കോടി രൂപയുടെ ഉൽപാദനമുള്ള വൻകിട ഫാക്ടറിയായി കെ.എസ്.ഡി.പിയെ




**വളർത്തും. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ അടുക്കള ഫാക്ടറി ആയിരിക്കുമ്പോൾ തന്നെ മറ്റു സംസ്ഥാനങ്ങളിലേയ്ക്കും മൂന്നാംലോക രാജ്യങ്ങളിലേയ്ക്കും മരുന്ന് വിതരണം ചെയ്യും.**

കെ.എസ്.ഡി.പി-യെ വൻകിട മരുന്നു നിർമ്മാണ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി നോൺബീറ്റാ ലാക്റ്റം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പ്ലാന്റ് പൂർത്തീകരിച്ച് വ്യാവസായിക ഉൽപാദനം ആരംഭിച്ചു. പുതിയ ബീറ്റാലാക്റ്റം ഇൻജക്ഷൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. ഒപ്താൽമിക് മരുന്നുകളുടെ വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. 2024-25 സാമ്പത്തിക വർഷം കെ.എസ്.ഡി.പി ലാഭം രേഖപ്പെടുത്തി. (2018 മുതൽ കമ്പനി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്) കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായാണ് കെ.എസ്.ഡി.പി മെഡി മാർട്ട് ആരംഭിച്ചത്. കെ.എസ്.ഡി.പി യിൽ ഓങ്കോളജി ഫാർമ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചു. കിഫ്ബിയിൽ നിന്ന് 231 കോടി രൂപ ചെലവഴിച്ചാണ് കെഎസ്ഡിപി ഓങ്കോളജി ഫാർമ പാർക്ക് നിർമിക്കുന്നത്. സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായി 15 മരുന്നുകളാണ് കെഎസ്ഡിപി ഈ വർഷം സ്വന്തം ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നത്.

**67. ആലപ്പുഴയിൽ ക്യാൻസർ മരുന്നു നിർമ്മാണ ഫാക്ടറി സ്ഥാപിക്കും. കൊച്ചിയിൽ പുതിയ ഫാർമ പാർക്ക് സ്ഥാപിക്കും.**

ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ നിർമ്മിക്കുന്നതിന് 254.88 കോടി രൂപ ചിലവ് വരുന്ന ഓങ്കോളജി പാർക്ക് കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്.

**69. ജനറ്റിക്സ് ജീനോമിക്സ് തുടങ്ങിയ ശാസ്ത്രശാഖകളിൽ ഉണ്ടായിട്ടുള്ള കുതിച്ചുചാട്ടങ്ങളെ അടിസ്ഥാനമാക്കി ജനറ്റിക്സ് മെഡിസിൻ സ്റ്റെംസെൽ ബയോളജി മെഡിക്കൽ ഇമേജിങ് ബയോമെഡിക്കൽ ഫോട്ടോണിക്സ് മെഡിക്കൽ ഡിവൈസ് ആൻഡ് മോഡലിംഗ് ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസ് എപ്പിഡമോളജി അസിസ്റ്റീവ് ടെക്നോളോജിസ് ജീനോമിക്സ് ഇൻ മെഡിസിൻ അഗ്രിജീനോമിക്സ് എന്നീ മേഖലകളിൽ ഊന്നിക്കൊണ്ടുള്ള മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്**

ലോകത്തിലെ ഏറ്റവും നൂതനമായ ജീനോമിക് ഡാറ്റാ സെന്ററുകളുമായി താരതമ്യപ്പെടുത്താവുന്ന ഒരു അത്യാധുനിക പ്ലാറ്റ്‌ഫോമാണ് കേരള ജീനോം ഡാറ്റാ സെന്റർ (കെജിഡിസി). കിഫ്ബിയുടെ പിന്തുണയോടെ ഉയർന്ന ശേഷിയുള്ള ഒരു ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മെഡിക്കൽ ടെക്നോളജി നിക്ഷേപങ്ങൾക്കും പദ്ധതികൾക്കും കേരളത്തെ ഒരു മുൻനിര ലക്ഷ്യസ്ഥാനമാക്കി മാറ്റുക എന്നതാണ് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെഎംടിസി) ലക്ഷ്യമിടുന്നത്. 2022 ജൂൺ മുതൽ 9 പദ്ധതികളിൽ നിന്നായി കെഎംടിസി കൊണ്ടുവന്ന സഞ്ചിത നിക്ഷേപം 323.66 കോടി രൂപയാണ്. മൈക്രോബയോമിലെ മികവിന്റെ കേന്ദ്രം മൈക്രോബയോളജിയിൽ ഗവേഷണത്തിനും വികസനത്തിനും സൗകര്യമൊരുക്കുന്നു. തിരുവനന്തപുരത്തെ കിൻഫ്ര പാർക്കിലാണ് ലബോറട്ടറി സ്ഥാപിതമായത്. ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം കേരളത്തിന്റെ ആരോഗ്യ സംരക്ഷണ, ക്ഷേമ മേഖലകൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. തിരുവനന്തപുരത്തെ ഐഎവിയിലാണ് ലബോറട്ടറി സ്ഥാപിച്ചത്.

## പൊതുമേഖല

70. എല്ലാ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളെയും സംരക്ഷിക്കും. ഓരോന്നിന്റെയും വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തി പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനൊപ്പം വൈവിധ്യവൽക്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും സ്ഥാപനങ്ങളുടെ സുസ്ഥിരമായ വളർച്ച ലക്ഷ്യമിട്ട് ഭാവി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ 9,467.35 കോടി രൂപയുടെ പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കി. 2024-25 സാമ്പത്തിക വർഷം ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്കായി 279.10 കോടി രൂപയും 2025-26ൽ 275.10 കോടി രൂപയും വകയിരുത്തി. സ്റ്റാറ്റിയൂട്ടറി ബാധ്യതകൾ തീർപ്പാക്കി ധനസഹായം ഉറപ്പു വരുത്താൻ 2024-25 സാമ്പത്തിക വർഷം 28 കോടി രൂപയും 2025-26 സാമ്പത്തിക വർഷം 42.5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തി. ബഡ്ജറ്റ് വിഹിതത്തിനു പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള പഠനത്തിനായി 5 കോടി രൂപ 2024-25 ബഡ്ജറ്റിൽ വകയിരുത്തി.

71. പൊതുമേഖലയ്ക്കുള്ള പദ്ധതി അടങ്കൽ എല്ലാ സ്ഥാപനങ്ങൾക്കും തുല്യതോതിൽ വീതം വയ്ക്കുന്നതിനു പകരം നിക്ഷേപത്തിന് മുൻഗണന നിശ്ചയിക്കും. വികസന സാധ്യതകൾ പൂർണമായും കൈവരിക്കുന്നതിന് ആവശ്യമായ മുതൽമുടക്ക് ഒരുമിച്ച് നടത്തുന്നതാണ് അഭികാമ്യം. സാങ്കേതിക നവീകരണം, മാനേജ്മെന്റ് പരിഷ്കാരം, തൊഴിൽ പരിശീലനം, പുതിയ മാർക്കറ്റിംഗ് രീതി, ധനപരമായ പുനസംഘാടനം എന്നിവയെല്ലാം അടങ്ങുന്ന പാക്കേജായിരിക്കും ഈ ഇടപെടൽ. തുടർന്നുള്ള കാലത്ത് വാണിജ്യ അടിസ്ഥാനത്തിൽ ബാങ്ക് വായ്പയെ ആശ്രയിച്ച് സ്ഥാപനത്തിനു വളരാനാകണം. കെൽട്രോണാണ് ഇത്തരത്തിൽ ഏറ്റവും മുൻഗണനയോടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നത്.

2023-24 സാമ്പത്തിക വർഷം 266.90 കോടി രൂപയും 2024-25ൽ 279.10 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തി. ഫ്ളാഗ്ഷിപ്പ് പദ്ധതികൾക്കായി 25 കോടി രൂപയും വകയിരുത്തി. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പഞ്ഞി അതിന്റെ സീസൺ സമയത്ത് കുറഞ്ഞ നിരക്കിൽ വാങ്ങി സംഭരിക്കുന്നതിന് കോട്ടൺ ബോർഡ് സ്ഥാപിച്ചു. ഇതിലേക്കായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. 70 കോടി എൻസിഡിസി വഴി ലോൺ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി.

72. കോട്ടയത്ത് വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ റബ്ബർ അധിഷ്ഠിത വ്യവസായ കേന്ദ്രം സ്ഥാപിക്കും. 26 ശതമാനം ഓഹരിയോടെ കേരള റബ്ബർ ലിമിറ്റഡ് രൂപീകരിക്കും.



മൂല്യവർദ്ധിത റബ്ബർ ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് രൂപീകരിച്ച് ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കോട്ടയം ജില്ലയിലെ വെള്ളൂർ വില്ലേജിൽ കേരള റബ്ബർ ലിമറ്റഡിനായി മാറ്റിവെച്ചിട്ടുള്ള 164 ഏക്കർ ഭൂമിയിൽ 253.58 കോടി രൂപ ചിലവിൽ റബ്ബർ അധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ നിർമ്മാണം നടന്നുവരുന്നു.

73. റബ്ബറിന്റെയും മറ്റും മൂല്യവർദ്ധനയ്ക്ക് പോളിമർ സയൻസ് ആന്റ് ടെക്നോളജി അടിസ്ഥാനമാക്കി മികവിന്റെ കേന്ദ്രം ആവശ്യമാണ്. ബാംബൂ, കയർ, വുഡ് തുടങ്ങിയവയുടെ കോമ്പോസിറ്റുകൾക്കും കൂടി ഈ മേഖലയിൽ മുൻഗണന നൽകും.

പോളിമർ സയൻസ് & ടെക്നോളജി അടിസ്ഥാനമാക്കി മികവിന്റെ കേന്ദ്രമായി വളർത്തിയെടുക്കാവുന്ന രീതിയിലാണ് കേരള റബർ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഗവേഷണ വികസന കേന്ദ്രം വിഭാവന ചെയ്തിട്ടുള്ളത്. സ്വാഭാവിക റബർ അധിഷ്ഠിതമായ പുതിയ ഉൽപ്പന്നങ്ങളുടെ വികസനത്തിനും സാങ്കേതിക നവീകരണത്തിനും ഈ കേന്ദ്രം സമഗ്രമായ വേദിയായിരിക്കും. പുതിയ ഉൽപ്പന്നങ്ങളുടെ ഗവേഷണം, ഇൻകുബേഷൻ (Incubation), പ്രോട്ടോടൈപ്പിംഗ് (Prototyping), പൈലറ്റ് പദ്ധതികളുടെ സ്കെയ്‌ലിങ് അപ്പ് (Scaling up) എന്നിവയിലൂടെ ഉൽപ്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും വൈവിധ്യവത്കരി ക്കുകയും, അന്താരാഷ്ട്ര നിലവാരത്തിലേക്ക് സംസ്ഥാന റബർ വ്യവസായ മേഖലയെ ഉയർത്തുകയും ചെയ്യുക എന്നതാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. റബർ ഉൽപ്പന്ന നിർമ്മാണ സാങ്കേതികവിദ്യയുടെ നവീകരണവും ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയും അംഗീകാരവും (Testing & Quality Certification) ഈ കേന്ദ്രത്തിലൂടെ ലഭ്യമാകും. സ്വാഭാവിക റബർ സംരംഭകർക്ക് ഈ കേന്ദ്രം കൈത്താങ്ങാകും. 35.53 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്ന KRL വ്യവസായ സമുച്ചയത്തിലെ ഗവേഷണ വികസന കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ് (22% പൂർത്തിയായി). 2025 നവംബറിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കയർ മേഖലയിലെ വിപണനത്തിനും വൈവിധ്യവൽക്കരണത്തിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനം അന്താരാഷ്ട്ര കമ്പനിയായ വാൾമാർട്ടുമായി ധാരണയിലെത്തിയിട്ടുണ്ട്. വിവിധ ഓൺലൈൻ പ്ലാറ്റ്ഫോം വഴി കയറുൽപ്പന്നങ്ങളുടെ വിൽപ്പന നടത്തിവരുന്നു.

74. കാർഷിക മൂല്യവർദ്ധനയ്ക്കായി എല്ലാ ജില്ലാഫാമുകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കും. പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക്. ചേർത്തലയിലേയും പാലക്കാട്ടേയും ഹൈറേഞ്ചിലെയും മെഗാ ഫുഡ് പാർക്കുകൾ, മുട്ടത്തെ സ്പൈസസ് പാർക്ക്, കുറ്റ്യാടിയിലെ നാളികേര പാർക്ക് എന്നിവയാണ് മറ്റു പ്രധാന അഗ്രോ പാർക്കുകൾ.

തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 21 കോടി രൂപ ചെലവിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുള്ള 9 കമ്പനികൾ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. വയനാട് കോഫി പാർക്കിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. 10 മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കിൻഫ്ര സാധ്യത പഠനം നടത്തി. കേരള റൈസ് ലിമിറ്റഡിനായി പാലക്കാട് കിൻഫ്ര മെഗാഫുഡ് പാർക്കിലെ 5 ഏക്കർ ഭൂമിയിൽ ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ആലപ്പുഴ സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്ന് കൈമാറി കിട്ടിയ 5.18 ഏക്കർ ഭൂമിയിൽ റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. കാർബൺ ന്യൂട്രൽ കോഫീ പാർക്ക് സ്ഥാപിക്കുന്നതിന് 20 ഏക്കർ ഭൂമി കൽപറ്റ വില്ലേജിൽ കണ്ടെത്തി. കേരള കോഫി ലിമിറ്റഡ് കമ്പനിയുടെ ആഭിമുഖ്യത്തിൽ കാപ്പി കർഷകരെ സംഘടിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

75. കേരളം കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ഫുഡ് സയൻസ് ആൻഡ് ടെക്നോളോജിസ് ഫുഡ് പ്രോസസ്സിംഗ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും.

2022-23 ലെ സംസ്ഥാന ബജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ച സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് നിലവിൽ തോന്നയ്ക്കലിലെ ബയോ 360 ലൈഫ് സയൻസ് പാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി കാമ്പസിൽ താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചു. ഇന്ത്യയുടെ ഹെർബൽ - ആയുർവേദ - സുഗന്ധവ്യഞ്ജന - സമുദ്രഭക്ഷ്യ തലസ്ഥാനമാണ് കേരളം. സസ്യങ്ങളുടെയും സമുദ്രജല വിഭവങ്ങളുടെയും വിപുലമായ ലഭ്യത പ്രയോജനപ്പെടുത്തുന്നതിന് സഹായകരമായ സ്ഥാപനങ്ങളൊന്നും കേരളത്തിൽ നേരത്തെ ഉണ്ടായിരുന്നില്ല എന്നിടത്താണ് ഈ മികവിന്റെ കേന്ദ്രത്തിന്റെ പ്രസക്തി.

76. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കും. നവീകരിക്കും. മാലിന്യസംസ്ക്കരണ പ്ലാന്റ് പൂർത്തീകരിക്കും. മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കും.

ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൾഫ്യൂരിക് ആസിഡ് പ്ലാന്റിന്റെ നവീകരണം പൂർത്തിയാക്കി മാലിന്യ സംസ്കരണത്തിന് കൊപ്പറാസ് റിക്കവറി പ്ലാന്റ് നിർമ്മാണം പൂർത്തിയായി. കമ്പനി പുറംതള്ളുന്ന മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 238 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. അഞ്ചു സമ്പുകൾ, പമ്പിങ് സിസ്റ്റം, ഫ്ളാഷ് മിക്സർ ടാങ്ക്, ഖര മാലിന്യം വേർതിരിക്കുന്നതിനായി ഫിൽറ്റർ സംവിധാനം എന്നിവ 2023 ൽ കമ്മീഷൻ ചെയ്തു.

77. ടൈറ്റാനിയം മെറ്റൽ അടക്കം ഉൽപാദിപ്പിക്കുന്ന കോംപ്ലക്സ് ആയി കേരള മിനറൽ ആൻഡ് മെറ്റൽസിനെ ഉയർത്തും. അതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും.

പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി.

78. കുണ്ടറയിലെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിൽ സ്മാർട്ട് എനർജി മീറ്റർ നിർമ്മിക്കും. മാമല യൂണിറ്റിൽ ഇ.എം.യു ട്രാൻസ്ഫോമർ, റെയിൽവേയ്ക്കു വേണ്ടിയുള്ള വിവിധ ട്രാൻസ്ഫോർമറുകൾ എന്നിവയുടെ ഉത്പാദനം ആരംഭിക്കും. യുണൈറ്റഡ് ഇലക്ട്രിക്കൽസിലെ നിലവിലുള്ള പ്ലാന്റിൽ പോളിമർ



ഇൻസുലേറ്റർ യൂണിറ്റ് ആരംഭിക്കും. ടെൽക്കിനെ ആധുനികവത്കരിക്കുകയും പുതിയ പ്ലാന്റ് ആരംഭിക്കുകയും ചെയ്യും. ബെമൽ ഏറ്റെടുത്ത് പുനരുദ്ധരിക്കും.

ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമറുകൾ ഉൽപാദിപ്പിക്കാനുള്ള പദ്ധതിയ്ക്ക് 7 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പോളിമർ ഇൻസുലേറ്റർ ഉൽപ്പാദിപ്പിച്ചുവരുന്നു. ഭെൽമെൽ കേന്ദ്ര സർക്കാരിൽ നിന്ന് പൂർണമായും ഏറ്റെടുത്ത് കെൽമെൽ എന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി. ഭെൽമെൽ 77.03 കോടി രൂപയുടെ നവീകരണ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. പ്രവർത്തനം മെച്ചപ്പെട്ടു. കയറ്റുമതി ഓർഡറുകൾ ലഭ്യമായി. ടെൽക്കിന്റെ ആധുനിക വൽകരണവും പ്ലാന്റിന്റെ നവീകരണവും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കെൽ വൈദ്യുത വിതരണ കമ്പനികളുടെ നിർദ്ദേശാനുസരണമുള്ള മീറ്ററുകൾക്ക് ആവശ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽസ് പോളിമർ ഇൻസുലേറ്റർ നിർമ്മിക്കാനാവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയായി. പുതിയതായി സ്ഥാപിച്ച മെഷിനറി ഉപയോഗിച്ച് ഉൽപാദിപ്പിച്ച പോളിമർ ഇൻസുലേറ്ററിന്റെ സർട്ടിഫിക്കേഷൻ പൂർത്തീകരിച്ച് ഉൽപ്പാദനം ആരംഭിച്ചു.

79. ഓട്ടോകാസ്റ്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കും. ആധുനിക മെഷീൻ ഷോപ്പ് സ്ഥാപിക്കും. സ്മാൾ ആൻഡ് മീഡിയം കാസ്റ്റിംഗിന് സൗകര്യം സൃഷ്ടിക്കും. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് വൈവിധ്യവത്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യും. സിൽക്ക്, അഴീക്കലിൽ ഡ്രൈഡോക് നിർമ്മിക്കുകയും മറ്റു യൂണിറ്റുകളിലെ യന്ത്രങ്ങൾ നവീകരിക്കുകയും ചെയ്യും.

ഓട്ടോകാസ്റ്റ് കപ്പാസിറ്റി വർദ്ധനവിന്റെ ഭാഗമായി 5 എംറ്റി എആർസി ഫർണസ്സിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചു. സ്മാൾ ആൻഡ് മീഡിയം കാസ്റ്റിംഗുകൾ നിർമ്മിക്കാനുള്ള പദ്ധതികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറായി വരുന്നു. സ്റ്റീൽ കാസ്റ്റിംഗ് ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ ആട്ടോകാസ്റ്റിന്റെ സ്ഥാപിത ശേഷി വർധിപ്പിച്ചു. ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ കാസ്നബ് ബോഗി ഫ്രെയിമുകൾ നിർമ്മിക്കുന്നതിനുള്ള യോഗ്യത നേടി. മെഷീൻ ഷോപ്പ് ആദ്യഘട്ടം പൂർത്തിയായി. കാംകോ, ഇന്ത്യൻ റെയിൽവേ എന്നിവയ്ക്കുള്ള കാസ്റ്റിംഗുകൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവ നിർമ്മിച്ച് വരുന്നു.

എസ്ഐഎഫ്എൽ ആധുനിക വൽക്കരണം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 3 കംപ്രസർ ഹെവി ഡ്യൂട്ടി ഡൈ സിങ്കിങ് മെഷീൻ (സിഎൻസി) എന്നിവയുടെ ഇൻസ്റ്റലേഷൻ പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചു. ഷൊർണ്ണൂർ മെഷിനിങ് യൂണിറ്റിന്റെ വിപുലീകരണം പൂർത്തീകരിച്ച് ഉൽപ്പാദനം ആരംഭിച്ചു. ആധുനികവത്കരണത്തിന്റെ ഭാഗമായി 6 ടൺ ഓപ്പൺ ഫോർജിംഗ് ഹൈഡ്രോലിക്ക് ഹാമർ പ്രവർത്തനസജ്ജമായി. ഒറ്റപ്പാലം ഫൗണ്ടറി യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിന് മെഷനറി സ്ഥാപിക്കൽ അവസാനഘട്ടത്തിലാണ്. സിൽക്ക് അഴീക്കൽ യൂണിറ്റിൽ ഡ്രയ്ഡോ ക്കിങ് സ്ലിപ്‌വേ, ജനറൽ എഞ്ചിനീയറിംഗ് വർക്കുകൾ, തുറവൂർ യൂണിറ്റിൽ മെഷീനുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചു.

80. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പഴയ കാസ്റ്റിക് സോഡ പ്ലാന്റ് നവീകരിക്കും. 75 ടി.പി.ഡി ഉൽപാദനശേഷിയുള്ള പുതിയ കാസ്റ്റിക് സോഡാ പ്ലാന്റ് ആരംഭിക്കും. എച്ച്.സി.എൽ സിന്തസിസ് യൂണിറ്റ് ആരംഭിക്കും. 60 ടൺ ഉൽപാദന ശേഷിയോടെ സോഡാ ബ്ലീച്ച് പ്ലാന്റ് ആരംഭിക്കും.

75 ടി പി ഡി ഉല്പാദന ശേഷിയുള്ള പുതിയ കാസ്റ്റിക്സോഡാ പ്ലാന്റും എച്ച് സി എൽ സിന്തെസിസ് യൂണിറ്റും ആരംഭിച്ചു. 90 ടി പി ഡി ഉൽപാദന ശേഷിയുള്ള പ്ലാന്റും എച്ച് സി എൽ സിന്തെസിസ് യൂണിറ്റും ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. സോഡ ബ്ലീച്ച് പ്ലാന്റ് പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

81. ട്രാക്കോ കേബിൾ കമ്പനിയുടെ നിലവിലുള്ള പ്ലാന്റ് ആധുനീകരിക്കും.

എല്ലാ ഉൽപ്പന്നങ്ങളും സമാന്തരമായി ഉൽപ്പാദിപ്പിക്കാനുള്ള ശേഷി വർദ്ധിപ്പിച്ചു. ഉൽപ്പാദന ശേഷി 6,000 എംറ്റിയിൽ നിന്നും 9,000 എംറ്റിയായി ഉയർത്തി.

82. മലബാർ സിമന്റ്സിന്റെ കപ്പാസിറ്റി ഗണ്യമായി ഉയർത്തും. സിമന്റ് പാക്കിംഗ് പ്ലാന്റ് ആരംഭിക്കും. ട്രാവൻകൂർ സിമന്റ്സിന്റെ 700 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള ഗ്രേസിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കും.

മലബാർ സിമന്റ്സിന്റെ പുതിയ ഉൽപ്പന്നമായ മലബാർ ഡ്രൈ മിക്സ് സിമന്റ് പ്ലാസ്റ്റർ വിപണിയിലിറക്കി. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഭൂമിയിൽ ആരംഭിക്കാൻ ഉദ്ദേശിച്ച സിമന്റ് പാക്കിംഗ് പ്ലാന്റ് ലാഭകരമല്ലെന്ന് കണ്ടെത്തിയതിനാൽ ആർട്ട്സൺ എഞ്ചിനീയറിംഗ് ലിമിറ്റഡുമായി സഹകരിച്ച് വെസ്സൽ നിർമ്മാണത്തിനുള്ള സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള താൽപര്യപത്രത്തിൽ ഒപ്പ് വെച്ചു. വാളയാൽ പ്ലാന്റിന്റെ ആധുനികവത്കരണത്തിന് 2025-26 സാമ്പത്തിക വർഷം 6 കോടി രൂപ ബജറ്റിൽ വകയിരുത്തി. ട്രാവൻകൂർ സിമന്റ്സിൽ ഉത്പാദന വൈവിധ്യവൽകരണത്തിന്റെ ഭാഗമായി വാൾപുട്ടി യൂണിറ്റിന്റെ ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിന് 4.98 കോടി രൂപയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

83. ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമായ പഞ്ഞി മൊത്തത്തിൽ വാങ്ങുന്നതിനും എസ്ക്രൂ മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ മില്ലുകൾക്ക് നൽകുന്നതിനും ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും ടെക്സ്ഫെഡിന്റെയും ആഭിമുഖ്യത്തിൽ ഒരു റോമെറ്റീരിയൽ കൺസോർഷ്യം ആരംഭിക്കും. നിലവിലുള്ള പ്ലാന്റുകളിലെ കാലഹരണപ്പെട്ട യന്ത്രങ്ങൾ നവീകരിക്കും.

ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സീസൺ സമയത്ത് കുറഞ്ഞ നിരക്കിൽ പഞ്ഞി വാങ്ങി സംഭരിക്കുന്നതിന് കോട്ടൺ ബോർഡ് സ്ഥാപിച്ചു. ഇതിലേക്കായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. 70 കോടി എൻസിഡിസി വഴി ലോൺ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി. കെ.എസ്.ടി.സി യുടെ യൂണിറ്റുകളിലെ കാലഹരണപ്പെട്ട മെഷീനുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.




84. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, പ്രിയദർശിനി മിൽ, കോട്ടയം ടെക്സ്റ്റൈൽസ്, തൃശൂർ സഹകരണ മിൽ എന്നിവിടങ്ങളിൽ വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കും. കോമളപുരം സ്പിന്നിംഗ് മിൽസിൽ നോൺ വീവിംഗ് ഫാബ്രിക്സ് ഉൽപാദിപ്പിക്കും. സൈസിംഗ് ആൻഡ് വാർപിംഗ് യൂണിറ്റ് ആരംഭിക്കും. മലപ്പുറം കോഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ നവീകരിക്കുകയും സർജിക്കൽ കോട്ടൺ ഉൽപാദിപ്പിക്കുകയും ചെയ്യും. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കും. പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ വിപുലീകരിക്കും. നാടുകാണി ടെക്സ്റ്റൈലിൽ ഡിജിറ്റൽ പ്രിന്റിംഗ് സെന്റർ ആരംഭിക്കും. ചാത്തന്നൂർ (കൊല്ലം) സ്പിന്നിംഗ് മിൽ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തും.

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ വനിതാ ഗാർമെന്റ് യൂണിറ്റ് പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മലപ്പുറം സ്പിന്നിംഗ് മിൽ നവീകരണത്തിന്റെ ഭാഗമായി ഡബിൾ ഡെലിവറി ഡ്രോയിങ്ങും ഓട്ടോകോനെർ മെഷീനും സ്ഥാപിച്ചു. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകി. പിണറായി ഹൈടെക് വീവിങ് മിൽ വിപുലീകരിക്കുവാനുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. നാടുകാണി ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കി. തുടർനടപടികളുടെ ഭാഗമായി പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയോഗിച്ചു. ചാത്തന്നൂർ സ്പിന്നിംഗ് മിൽ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഷിനറികൾ സ്ഥാപിച്ചു. കോമളപുരം സ്പിന്നിംഗ് മില്ലിൽ നോൺവോവൻ ഫാബ്രിക് ഉൽപാദനത്തിനും ഡൈയിംഗ് ആൻഡ് വാർപിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

85. കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡ് ഉൽപന്നങ്ങളെ വൈവിദ്ധ്യവത്കരിക്കുകയും പ്ലാന്റ് നവീകരിക്കുകയും ചെയ്യും. പാപ്പിനിശേരിയിലെ മൈനിംഗ് തടസപ്പെട്ടതുകൊണ്ട് ഇന്റഗ്രേറ്റഡ് കോക്കനട്ട് കയർ കോംപ്ലക്സുകളിലേയ്ക്ക് വൈവിദ്ധ്യവത്കരിക്കും. ഇവിടെ ഇന്റർലോക്ക് മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കും.

കേരള സെറാമിക്സ് ലിമിറ്റഡ് പ്ലാന്റ് നവീകരണം പൂർത്തിയാക്കി. പ്രതിമാസ ഉൽപാദനം 1220 ടണ്ണായി ഉയർത്തി. ഉൽപാദനശേഷി 1,500 ടണ്ണായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പ്ര

വൃത്തി അവസാന ഘട്ടത്തിലാണ്. കയർ ഡീഫൈബറിംഗ് യൂണിറ്റും ഇന്റർലോക്ക് മാനുഫാക്ചറിംഗ് യൂണിറ്റും പ്രവർത്തനമാരംഭിച്ചു.

86. ഫോറസ്റ്റ് ഇൻഡസ്ട്രീസിൽ ഡിസൈൻ സ്റ്റുഡിയോ, ഫർണീച്ചർ നിർമ്മാണ ട്രെയിനിംഗ് സെന്റർ, മരഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള ടെസ്റ്റിംഗ് സെന്റർ എന്നിവ ആരംഭിക്കും.

പ്ലാന്റ് / ഷോറൂം നവീകരിക്കുന്നതിനും ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിയ്ക്ക് 2.44 കോടി രൂപ വകയിരുത്തി.

87. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ ഇന്റർനാഷണൽ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ നവീകരിക്കും.

കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ നവീകരിച്ച് അനായാസേന കാർഗോ കൈകാര്യം ചെയ്യുവാനും സർവീസ് മെച്ചപ്പെടുത്തുവാനും വേഗത കൈവരിക്കുവാനും അവസരമൊരുക്കി.

88. കേരള ഓട്ടോ മൊബൈൽസ് സ്വന്തമായി ഒരു ഇലക്ട്രിക് മൊബിലിറ്റി പ്രൊഡക്ഷൻ ലൈൻ ലഭ്യമാക്കും. ഇലക്ട്രിക് പിക്ക്അപ്പ് വാൻ, ഇ-ലോഡർ, ഇലക്ട്രിക് കാർ, ഇ-സ്കൂട്ടർ എന്നിവ ഉൽപാദിപ്പിക്കും.

കേരളാ ആട്ടോ മൊബൈൽസ് ഇ-ആട്ടോയുടെയും ഇ-കാർട്ടിന്റേയും ഉത്പാദനം ആരംഭിച്ചു. സ്മാർട്ട് സിറ്റി പദ്ധതി ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് 90 ഇ-ആട്ടോയും 40 ഇ-കാർട്ടും വിതരണം ചെയ്തു. ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് ലിമിറ്റഡുമായുള്ള സംയുക്ത സംരംഭത്തിലൂടെ ഇ-സ്കൂട്ടറിന്റെ ഉൽപാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

89. ഭാവി ഇലക്ട്രിക് വാഹനങ്ങളിലാണ്. ആദ്യത്തെ പ്ലഗ് ആൻഡ് പ്ലേ ഇലക്ട്രിക് വാഹന നിർമ്മാണ കേന്ദ്രം യാഥാർഥ്യമാക്കും. 2, 3, 4 വീലറുകൾ, ഹെവി വാഹനങ്ങൾ എന്നിവയുടെ ബാറ്ററി നിർമ്മാണത്തിനുള്ള സൗകര്യം തിരുവനന്തപുരത്ത് സ്ഥാപിക്കും.

തിരുവനന്തപുരം വിളപ്പിൽശാലയിൽ ഒരു ഇലക്ട്രിക് വാഹന ഗവേഷണ-വ്യവസായ പാർക്ക് 2025 ഡിസംബറിൽ യാഥാർത്ഥ്യമാവാൻ പോവുകയാണ്. ഇലക്ട്രിക് വാഹന ഘടകങ്ങളുടെയും ഡിസൈനുകളുടെയും ഗവേഷണത്തിലും നിർമ്മാണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള സംസ്ഥാനത്തെ ആദ്യത്തെ സമർപ്പിത സൗകര്യമായി മാറാൻ ഉദ്ദേശിക്കുന്ന പാർക്ക്, സംസ്ഥാന സർക്കാർ സ്ഥാപനമായ തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്കിന്റെ (ട്രെസ്റ്റ് പാർക്കിന്റെ) ഉടമസ്ഥതയിലുള്ള 23 ഏക്കർ സ്ഥലത്താണ് നിർമ്മിക്കുന്നത്.

90. ഗാർഹിക വസ്തുക്കൾ, സൈക്കിളുകൾ, കളിപ്പാട്ടങ്ങൾ എന്നിവ (ചൈനീസ് ഉത്പന്നങ്ങൾ എന്ന് പൊതുവിൽ വിളിക്കപ്പെടുന്നവ) നിർമ്മിക്കുന്നതിനായി പാലക്കാട് ഒരു നിർമ്മാണശാല സ്ഥാപിക്കും. ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ ഇത് സഹായിക്കും.

ബാംഗ്ലൂർ-കൊച്ചി വ്യവസായ ഇടനാഴിയുടെ ഭാഗമായി യൂണിറ്റ് ആരംഭിക്കാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു.

91. ഫോസിൽ ഇന്ധനങ്ങൾക്ക് ബദൽ സാധ്യതകൾക്കായുള്ള അന്വേഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് എനർജി സ്റ്റോറേജ്, ഫ്യൂവൽ സെൽസ്, ഇ മൊബിലിറ്റി, ബാറ്ററി ടെക്നോളജീസ്, ഫോട്ടോ വോൾട്ടേജ്, സോളാർ തെർമൽ, ബയോ എനർജി മോഡലിംഗ്, ബയോ മാസ് റീസൈക്ലിംഗ് തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും.

വി.എസ്.എസ്.സി, സി-ഡാക്, ട്രാവൻകൂർ ടൈറ്റാനിയം, ട്രെസ്റ്റ് പാർക്ക്, എന്നിവ ചേർന്ന്



ആരംഭിച്ചിട്ടുള്ള ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് പോകുന്നു. വി.എസ്.എസ്.സി-യുടെ സഹായത്തോടു കൂടി ലിഥിയം ടൈറ്റനേറ്റ് ബാറ്ററി ഉൽപാദിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ലിഥിയം ടൈറ്റനേറ്റ് ബാറ്ററിയുടെ പ്രാരംഭ എൻജിനീയറിങ് മാതൃക തയ്യാറായി കഴിഞ്ഞു. ഇരുചക്ര വാഹനങ്ങളും നാലു ചക്രമുള്ള ചെറുവാഹനങ്ങളും വലിയ വാഹനങ്ങളും ടെസ്റ്റ് ചെയ്യാൻ കഴിയുന്ന രൂപത്തിലുള്ള പരിശോധന സംവിധാനം ട്രെസ്റ്റ് പാർക്കിൽ തയ്യാറായി വരുന്നു. ബാറ്ററി മാനേജ്മെൻറ് സിസ്റ്റം, ഡ്രൈവ്ട്രെയിൻ സിസ്റ്റം, ലിഥിയം ടൈറ്റനേറ്റ് ബാറ്ററി ഉൽപാദനത്തിൽ റിട്രോ ഫിറ്റ് സങ്കേതങ്ങൾ എന്നിവ വികസിപ്പിച്ചും, കൂടാതെ സ്റ്റാർട്ടപ്പുകൾക്കും മറ്റ് സംരംഭങ്ങൾക്കും വലിയ തോതിലുള്ള സഹായകരമായ സംവിധാനം ഒരുക്കിയും, വൈദ്യുത വാഹന മേഖലയിൽ കേരളത്തിന്റെ പാദമുദ്ര ഉറപ്പിക്കുന്നതിൽ, ഈ പരിപാടിക്ക് ഗണ്യമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ EV ഘടകങ്ങളുടെ രൂപകൽപ്പനയ്ക്കും വികസനത്തിനുമുള്ള ആവാസവ്യവസ്ഥ പൂർത്തിയാക്കുന്നതിനായി ഒരു ഇലക്ട്രിക് വെഹിക്കിൾ ഇൻഡസ്ട്രിയൽ പാർക്ക് (EVIP) സ്ഥാപിക്കപ്പെടുന്നു. ക്ലീൻ എനർജി ഇന്നവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെൻറർ (CEIBIC) ഈ വർഷം 9 സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ക്ലീൻ എനർജി നവീകരണങ്ങൾക്ക് പിന്തുണ നൽകി. EV സാങ്കേതിക വിദ്യയിലുള്ള വൈദഗ്ദ്ധ്യം ഫ്യുവൽ സെൽ വികസിപ്പിക്കുന്നതിന് സഹായകമാകും.

### 92. സംസ്ഥാനത്തെ പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് മാതൃകാ ഭരണ ചാർട്ടർ രൂപീകരിക്കും.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്തരവാദിത്വത്തോട് കൂടിയുള്ള സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി പോൾ ആന്റണി ഐഎഎസ് (റിട്ട.) കമ്മറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നു.

### 93. പൊതുമേഖലാ ബോർഡുകൾ/ ഭരണസമിതികളിൽ സ്ഥാപനത്തിന്റെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധരെ (സ്ഥാപനമേധാവി ഉൾപ്പെടെ കുറഞ്ഞത് മൂന്നിലൊന്ന് അംഗസംഖ്യയെങ്കിലും) ഉൾപ്പെടുത്തും.

ഓരോ സെക്ടറിലും ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക / മാനേജ്മെന്റ് / ഫിനാൻസ് മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഡയറക്ടർ ബോർഡ് അംഗങ്ങളായി നിയമിച്ചു.

94. പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എസ്.സിക്കു പുറത്തുള്ള തസ്തികകളിലെ നിയമനങ്ങൾ കേന്ദ്രീകൃതമായി നടത്തുന്നതിനു പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കും.

പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ, ജീവനക്കാർ മുതലായവരുടെ നിയമന നടപടികൾ ബോർഡ് വഴിയാണ് നടന്നുവരുന്നത്. മറ്റ് വകുപ്പുകളുടെ ഭരണനിയന്ത്രണത്തിനുള്ള പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും പബ്ലിക്ക് എന്റർപ്രൈസ്സസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

95. പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പള പരിഷ്കരണം സമയബന്ധിതമായി നടത്തുന്നതിന് പ്രത്യേക ശമ്പളകമ്മീഷനെ നിയമിക്കും. വിരമിക്കൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റുമായി ചേർന്നു പ്രത്യേക പദ്ധതി നടപ്പാക്കും.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള ഘടന ഏകീകരിച്ച് പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് ജി.ഒ(പി).നം.131/2020/ഫിൻ തീയതി 29.10.2022ന് പുറപ്പെടുവിച്ചു.

96. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ സമീപകാലത്ത് വലിയ പുരോഗതി കൈവരിക്കുകയുണ്ടായി. ഇതിനായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി. പ്രോത്സാഹന ഏജൻസികളുടെ പ്രവർത്തനങ്ങളെ നവീകരിച്ചു. ഇവയെല്ലാംമൂലം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മാനദണ്ഡങ്ങൾ കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് കോവിഡുകാലത്തെ അധികവായ്പ അനുവദിക്കുകയുണ്ടായി. ഏകജാലക സംവിധാനം ഉറപ്പുവരുത്തും. ഇത്തരം നടപടികൾ കൂടുതൽ ശക്തിപ്പെടും. 2022ൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻഡക്സിൽ ആദ്യത്തെ പത്തു സംസ്ഥാനങ്ങളിൽ ഒന്നായി കേരളം ഉയരും. അഞ്ചു വർഷത്തിനുള്ളിൽ ഒന്നാം സ്ഥാനം കൈവരിക്കും.

സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി നടപ്പിലാക്കാൻ നിശ്ചയിച്ച 301 കർമ്മ പരിപാടികളിൽ 275 എണ്ണം പൂർത്തീകരച്ചു. സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022ലെ പതിപ്പിൽ 9 മേഖലകളിലായി കേരളം ടോപ്പ് അച്ചീവർ പുരസ്ക്കാരം കരസ്ഥമാക്കി. 15-ാം സ്ഥാനത്ത് നിന്നും 1-ാം സ്ഥാനത്തേക്ക് ഉയർന്ന് കൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്. സംരംഭകരുമായി ബന്ധപ്പെട്ട സേവനങ്ങൾ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് നിയമപരമായ അധികാരമുള്ള ജില്ലാ സംസ്ഥാനതല കമ്മിറ്റികൾ നിലവിൽ വന്നു. വിവിധ വകുപ്പുകൾ സംരംഭകരുമായി നടത്തുന്ന പരിശോധനകൾ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിലും സുതാര്യമായും നടത്തുന്നതിന് കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം കെ-സിസ് ഏർപ്പെടുത്തി. 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽപ്പെടാത്തതുമായ സംരംഭകർക്ക് എല്ലാവിധ രേഖകളോടും കൂടി അപേക്ഷ നൽകിയാൽ 7 ദിവസത്തിനുള്ളിൽ കോംപോസിറ്റ് ലൈസൻസ് നൽകുന്ന നിയമം പാസ്സാക്കി. കെ-സ്വിഫ്റ്റിൽ കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചു.



## ടൂറിസം

97. വിദേശ സഞ്ചാരികളുടെ എണ്ണം 2019ൽ 11.89 ലക്ഷമായിരുന്നു. 2025ൽ 20 ലക്ഷമാക്കും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 2019ൽ 1.83 കോടിയായിരുന്നു. ഇത് 2025ൽ 3.65 കോടിയാക്കും. അടങ്കൽ ഇരട്ടിയാക്കി ദേശീയമായും അന്തർദേശീയമായും മാർക്കറ്റിംഗ് വിപുലീകരിക്കും.

കോവിഡ് കാലത്തുണ്ടായ ഗണ്യമായ മാന്ദ്യത്തിനുശഷം വിദേശ വിനോദസഞ്ചരികളുടെ എണ്ണം 2022 ൽ 3.4 ലക്ഷം ആയിരുന്നത് 2023 ൽ 6.4 ലക്ഷമായും, 2024 ൽ 7.38 ലക്ഷമായും വർദ്ധിച്ചു. ആഭ്യന്തര വിനോദസഞ്ചാരികൾ 2022 ൽ 1.8 കോടി ആയിരുന്നത് 2023 ൽ 2.18 കോടിയായും, 2024 ൽ 2.22 കോടിയായും വർദ്ധിച്ചു. ദേശീയ, അന്തർ ദേശീയ തലങ്ങളിൽ ശക്തമായ മാർക്കിറ്റിംഗ് കാമ്പയിൻ നടത്തി വരുന്നു.

98. ടൂറിസത്തിലെ സ്വകാര്യ നിക്ഷേപകർക്ക് വ്യവസായ മേഖലയ്ക്കു സമാനമായ എല്ലാ ആനുകൂല്യങ്ങളും നൽകും. പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നവർക്ക് പ്രത്യേക സഹായം നൽകും.

ടൂറിസത്തിന് വ്യവസായ മേഖലയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ടൂറിസം ഇൻവെസ്റ്റേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. വ്യവസായ വകുപ്പിന്റെ സ്വിഫ്റ്റ് പോർട്ടലുമായും ഏകജാലക സംവിധാനവുമായും ബന്ധിപ്പിച്ചു. സ്റ്റാർ ഹോട്ടലുകൾക്ക് വൈദ്യുത സബ്സിഡി, കാരവൻ ടൂറിസത്തിൽ കാരവനുകൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി എന്നിവ ഉറപ്പാക്കി. കാരവൻ വാങ്ങുന്ന സംരംഭകർ വകുപ്പുമായി കരാറിൽ ഏർപ്പെട്ടാൽ മുടക്കുമുതലിന്റെ 15 ശതമാനം അല്ലെങ്കിൽ 7.5 ലക്ഷം രൂപ (ഏതാണോ കുറവ് അത്രയും) സബ്സിഡിയായി നൽകിവരുന്നു. കരാറിൽ ഏർപ്പെട്ട 14 സംരംഭകർക്ക് സബ്സിഡി അനുവദിച്ചു. കേരള പാരമ്പര്യ മാതൃകയിൽ രൂപകൽപന ചെയ്തിട്ടുള്ളതും 50 വർഷത്തിലധികം പഴക്കമുള്ളതുമായ കെട്ടിടങ്ങൾക്ക് വകുപ്പ് പ്രത്യേകം ക്ലാസിഫിക്കേഷൻ നൽകി വരുന്നു. ഇത്തരം കെട്ടിടങ്ങൾ സംരക്ഷിച്ച് ടൂറിസ്റ്റുകൾക്കായി നിലനിർത്തുന്നതിന് പ്രത്യേക സാമ്പ

ത്തിക സഹായമായി പരമാവധി 5 ലക്ഷം രൂപ വരെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

99. ഉത്തരവാദിത്ത ടൂറിസം നയം ശക്തിപ്പെടുത്തും. ഹോം സ്റ്റേകൾ പ്രോത്സാഹിപ്പിക്കും. പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കും. ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അവരെ സജീവ പങ്കാളികളാക്കും.

ടൂറിസം രംഗത്തെ പങ്കാളിത്ത ടൂറിസം വികസനത്തിനും സ്ത്രീ സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾക്കും ഉത്തരവാദിത്ത ടൂറിസം പ്രമോഷൻ സൊസൈറ്റി പദ്ധതികൾ ആവിഷ്കരിച്ചു. 25,188 രജിസ്റ്റേഡ് യൂണിറ്റുകളിലായി 1,50,776 ഗുണഭോക്താക്കളുണ്ട്. 18,000 വനിതകൾ രജിസ്റ്റർ ചെയ്തു. വനിതകൾ നയിക്കുന്ന 52 ടൂർ കമ്പനികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമാണ്. വിവിധ സ്ഥലങ്ങളിലായി 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടപ്പിലാക്കി. മറവൻതുരുത്ത് വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചു. ഹോംസ്റ്റേ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോംസ്റ്റേകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിരാക്ഷേപപത്രം വേണമെന്ന നിബന്ധന ഒഴിവാക്കി.

100. അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ 2022 കോവിഡ് മുക്തവർഷമായി ആഘോഷിക്കും. പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

കോവിഡാനന്തര ടൂറിസത്തിൽ പ്രത്യേക ക്യാമ്പയിനുകൾ നടത്തി. 2023 നവംബർ 13ന് തിരുവനന്തപുരത്ത് ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ആദ്യപതിപ്പ് സംഘടിപ്പിച്ചു. പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ 23 പദ്ധതികൾ ആരംഭിക്കാനുള്ള പ്രൊപ്പോസലുകൾ നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ടു. ഹെലി ടൂറിസം പ്രൊത്സാഹിപ്പിക്കുന്നതിന് തയ്യാറാക്കിയ നയരേഖ അടിസ്ഥാനമാക്കി സ്വകാര്യ സേവനദാതാക്കളുമായി ചേർന്ന് വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുള്ള ഹെലികോപ്റ്റർ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സുരക്ഷിത കേരളം സുരക്ഷിത ടൂറിസം, ചേഞ്ച് ഓഫ് എയർ തുടങ്ങിയ ക്യാമ്പയിനുകൾക്കൊപ്പം ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക ക്യാമ്പയിനുകൾ നടത്തി. കേരളത്തിലെ ടൂറിസം മേഖലയിൽ ടൂറിസം വകുപ്പ് നടത്തിയ ബയോ ബബിൾ പദ്ധതി മുൻനിർത്തി പ്രത്യേക പ്രചരണപദ്ധതികൾക്ക് രൂപം നൽകി. പ്രധാനമായും ഓൺലൈൻ, സോഷ്യൽ മീഡിയ ക്യാമ്പയിനാണ് വിദേശ വിപണിയിൽ നടത്തിയത്. ഡബ്ല്യൂറ്റിഎം ലണ്ടൻ, ഫിടുർ സ്പെയിൻ തുടങ്ങിയ വിദേശ ടൂറിസം ഫെയറുകളിൽ പങ്കെടുത്തു.

101. കായലുകളുടെ കാരിയിംഗ് കപ്പാസിറ്റി വിലയിരുത്തി ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തും. റിസോർട്ടുകളിലും ഹൗസ് ബോട്ടുകളിലും നിന്നുള്ള മാലിന്യങ്ങൾ കായലിൽ തള്ളാതിരിക്കാൻ വ്യവസ്ഥ ചെയ്യും. ഹൗസ്ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു സെപ്ടേജുകൾ സ്ഥാപിക്കും.

നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം കായലുകളുടെ ക്യാരിയിങ് കപ്പാസിറ്റിയെ കുറിച്ചും ഹൗസ് ബോട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങളെ കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അനധികൃത ഹൗസ് ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി പ്രവർത്തന ക്ഷമതയുടെയും മാരിടൈം ബോർഡ് നൽകുന്ന ലൈസൻസിന്റെയും മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ നൽകി വരുന്നു. പുരവഞ്ചികളിൽ നിന്ന് നേരിട്ട് മാലിന്യം സ്വീകരിച്ചു സംസ്കരിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കുമരകത്തെ കവണാറ്റിൻകരയിൽ പ്രവർത്തിച്ചു വരുന്നു.

102. മുസിരിസ്, ആലപ്പുഴ, തലശ്ശേരി എന്നിങ്ങനെ മൂന്ന് ടൂറിസം പൈതൃക പദ്ധതികളാണ് നിലവിലുള്ളത്. ഇവ മൂന്നിന്റെയും നിർമ്മാണം പൂർത്തീകരിക്കും.

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരുന്ന ചേരമാൻ പള്ളി, ഹോളി



ക്രോസ് ചർച്ച്, ചേന്ദമംഗലം, പാലിയം - ഊട്ടുപുര, കീഴ്ത്തളി മഹാദേവ ക്ഷേത്രം, ഐരാണിക്കുളം ശിവക്ഷേത്രം, തൃശൂർ എറണാകുളം ജില്ലകളിലെ ആരാധനാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കൊടുങ്ങല്ലൂർ ക്ഷേത്രം മ്യൂസിയം കെട്ടിടം, പതിനെട്ടരയാളം കോവിലകം, കനാൽ ഓഫീസ് തിരുവഞ്ചിക്കുളം എന്നിവ പൂർത്തീകരിച്ചു. ആലപ്പുഴ പൈതൃക പദ്ധതിയിൽപ്പെട്ട യാൺ മ്യൂസിയം, കയർ ഹിസ്റ്ററി മ്യൂസിയം, ലേബർ മൂവ്മെന്റ് മ്യൂസിയം, ലിവിംഗ് കയർ മ്യൂസിയം, പോർട്ട് മ്യൂസിയം തുടങ്ങിയവയുടെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. മ്യൂസിയങ്ങളുടെ ഡിസൈൻ പൂർത്തിയായി വരികയാണ്. കനാൽ സൗന്ദര്യവൽക്കരണം, കടൽപ്പാലം തുടങ്ങിയവയുടെ നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ട നടപടികൾ പൂർത്തീകരിച്ചു. സൗക്കാർ മസ്ജിദ്, മക്കാം മസ്ജിദ്, ലിയോ സ്കൂൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി, യാൺ മ്യൂസിയം, ലേബർ മൂവ്മെന്റ് മ്യൂസിയം, പോർട്ട് മ്യൂസിയം എന്നീ പദ്ധതികൾ നടന്നുവരുന്നു. തലശ്ശേരി പൈതൃക പദ്ധതിയിൽ സംസ്ഥാന ഫണ്ടുപയോഗിച്ചു പുരോഗമിക്കുന്ന രണ്ടാം ഘട്ട പദ്ധതികളിൽ സൈനേജ് ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ചു. കിഫ്ബി വഴിയുള്ള പദ്ധതികൾ പുരോഗമിക്കുന്നു. ആണ്ടല്ലൂർ കാവ്, ഇല്ലിക്കുന്നു - ചർച്ച്, ജഗന്നാഥ ക്ഷേത്രം, കൊട്ടിയൂർ ക്ഷേത്രം-സ്ട്രീറ്റ് സ്കേപ്പ്, മക്രേരി ക്ഷേത്രം, പിണ്ഡലികളരി എന്നിവ പൂർത്തീകരിച്ചു.

103. തിരുവനന്തപുരം പൈതൃക പദ്ധതിയ്ക്ക് വിശദമായ ഡി.പി.ആർ തയ്യാറായിക്കഴിഞ്ഞു. കൊല്ലം, കോഴിക്കോട്, പൊന്നാനി, ആറന്മുള എന്നിവിടങ്ങളിൽക്കൂടി പൈതൃക ടൂറിസം പദ്ധതികൾ ആരംഭിക്കും. പൈതൃക ടൂറിസം പദ്ധതികൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതോടൊപ്പം ജനകീയ ചരിത്രവിദ്യാഭ്യാസ പദ്ധതികൾ കൂടി ആയിരിക്കും.

തിരുവിതാംകൂർ പൈതൃക പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ 30 പൈതൃക കെട്ടിടങ്ങളുടെ മുഖാവരണം ദീപാലങ്കാരം ചെയ്ത് സൗന്ദര്യവൽക്കരണം നട

ത്തുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ, 27 പൈതൃക കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് തളിക്ഷേത്രം, കുറ്റിച്ചിറ കുളം, എന്നീ പൈതൃക സംരക്ഷണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

104. പൈതൃക പദ്ധതികളുടെ തുടർച്ചയായി കേരളത്തിലെ പുരാതന തുറമുഖ കേന്ദ്രങ്ങളേയും പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി സിൽക്ക് റൂട്ടിന്റെ മാതൃകയിൽ സ്പൈസസ് റൂട്ട് ആവിഷ്കരിക്കും.

സ്പൈസ് റൂട്ട് പദ്ധതികളുമായി ബന്ധപ്പെട്ട പ്രാഥമിക തലത്തിലുള്ള പഠന പ്രവർത്തനങ്ങൾ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കൊല്ലം ബേപ്പൂർ പൊന്നാനി തുടങ്ങിയ തുറമുഖ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്.

105. കൽപ്പാത്തി, നൂറണി, കോട്ടായി, ചെമ്പൈ, കൊടുന്തുരപ്പുള്ളി, ചിറ്റൂർ, തിരുനെല്ലായി എന്നീ പ്രധാനപ്പെട്ട അഗ്രഹാരങ്ങളിൽ നിലവിലുള്ള പാരമ്പര്യ അഗ്രഹാര സംഗീത സാംസ്ക്കാരിക പൈതൃകങ്ങളെയും പാലക്കാട്ടെ തനത് കലാ സാംസ്ക്കാരിക പൈതൃകങ്ങളെയും ബന്ധിപ്പിച്ച് പൈതൃക സാംസ്ക്കാരിക വിനോദ സഞ്ചാര പദ്ധതി ആവിഷ്കരിക്കും.

കേന്ദ്രസർക്കാർ സ്കീം ആയ സ്വദേശ് ദർശൻ 2.0- ൽ ഉൾപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന്, മിനിസ്ട്രി ഓഫ് ടൂറിസം മുൻപാകെ പദ്ധതി നിർദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ അന്തിമപട്ടിക ഗവൺമെന്റ് ഓഫ് ഇന്ത്യ തയ്യാറാക്കുന്നതിനനുസൃതമായി ഇത് സംബന്ധിച്ച തുടർ നടപടികൾ ആവിഷ്കരിക്കുന്നതാണ്.

106. കേരളത്തിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായ മൂന്നാർ പട്ടണത്തിലെ ശുചിത്വം, താമസസൗകര്യങ്ങൾ, പഴയ ട്രെയിൻ സർവ്വീസിന്റെ പുനരുദ്ധാരണം, പ്ലാന്റേഷൻ ചരിത്ര മ്യൂസിയം, ഫാം ടൂറിസം തുടങ്ങിയവയെല്ലാമായി സംയോജിപ്പിച്ച് അത്യാകർഷകമാക്കും.

മൂന്നാറിന്റെ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശുചിത്വം ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. ആർ.ടി മിഷന്റെ നേതൃത്വത്തിൽ ഫാം ടൂറിസം നെറ്റ് വർക്കിന്റെ പ്രവർത്തനം നടന്നുവരുന്നു. മൂന്നാർ റെയിൽ സംബന്ധിച്ച സാധ്യത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

107. മൂന്നാറിലെ കെ.എസ്ആർ.ടി.സി വക മൂന്നേക്കറിൽ 100 കോടി രൂപ മുതൽമുടക്കിൽ ബജറ്റ് ഹോട്ടൽ ആരംഭിക്കും മൂന്നാറിലെ ബൊട്ടാണിക്കൽ ഗാർഡന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കും.

മൂന്നാർ ബൊട്ടാണിക്കൽ ഗാർഡന്റെ മൂന്നുഘട്ട പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്.

108. മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസനത്തിനു മുൻഗണന നൽകും. അന്തർദേശീയ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും.

കേരളത്തെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനാണ് ടൂറിസം വകുപ്പ് മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി വിനോദ സഞ്ചാരികളുടെ വിന്യാസം സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. മലബാർ മേഖലയിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനും മലബാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുമുള്ള വ്യത്യസ്ത പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ചു വരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ മലബാർ മേഖലയിൽ നടപ്പിലാക്കുന്നു. സർക്കാർ പുതുതായി ആരംഭിച്ച ലിറ്ററി സർക്യൂട്ട് മലബാർ മേഖലയിലെ സാംസ്ക്കാരിക ടൂറിസത്തെ പരിപോഷിപ്പിക്കും. ഇതിന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ തുടരുകയാണ്. ബേപ്പൂർ-ചാലിയം ബീച്ചുകളുടെ വികസനത്തിനുള്ള ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തിയാവുന്നു. രണ്ടു

ബീച്ചുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതാണ് പദ്ധതി. ബേപ്പൂർ രണ്ടാം ഘട്ട പ്രവർത്തികൾക്കായി 14.99 കോടി രൂപയുടെ ഭരണാനുമതി നൽകി. പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു.

മലബാർ മേഖലയിലെ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, പൊന്നാനി, തൃത്താല, നിളാതീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 'മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി' നടപ്പിലാക്കി വരുന്നു. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയവരുമായി അഭേദ്യബന്ധമുള്ള സ്ഥലങ്ങളാണിവ. മലനാട് റിവർ ക്രൂയിസ് പദ്ധതിയിലുൾപ്പെട്ട പദ്ധതികളുടെ നിർമാണം പൂർത്തീകരിച്ചു. ഏറ്റവും മികച്ച ഡ്രൈവ് - ഇൻ - ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിനെ പ്രധാന ഡെസ്റ്റിനേഷനായി ഉയർത്തുന്നതിന് കിഫ്ബി വഴി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലെ 4 ഘടകങ്ങളിൽ ഒന്നിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെട്ട 11 പദ്ധതികളിൽ 8 പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചു, 3 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം പൊന്നാനിയിൽ 7.56 കോടി രൂപയ്ക്ക് നിള ഹെറിറ്റേജ് മ്യൂസിയം പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. വയനാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ എൻ ഊര്, പൂക്കോട് തടാകം, എടക്കൽ കേവ്സ്, തിരുനെല്ലി ക്ഷേത്രം, എന്നിവയുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിലെ കാരാപ്പുഴ, പൂക്കോട് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബേക്കലിനെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന്റെ ഭാഗമായി ബേക്കലിലെ മൂന്നാമത്തെ പഞ്ചനക്ഷത്ര ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു. മറ്റൊരു റിസോർട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.



മലബാറിലെ പുഴകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി. പദ്ധതിയുടെ ഭാഗമായി ബോട്ട് ജെട്ടികൾ നിർമ്മിച്ചിട്ടുണ്ട്. ഡെസ്റ്റിനേഷൻ പ്രമോഷനായുള്ള വിപണന പ്രചരണ നടപടികൾ നടത്തി വരുന്നു. മലബാർ മേഖലയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിധ്യമാർന്ന താമസ സൗകര്യങ്ങൾ അനിവാര്യമാണ്. KTDC യുടെ നേതൃത്വ ത്തിൽ മുഴപ്പിലങ്ങാട് സ്റ്റാർ ഹോട്ടലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ബേക്കലിൽ നേരത്തേ പൂർത്തിയാകാതിരുന്ന ഹോട്ടൽ നിർമ്മാണ പ്രവൃത്തികൾ പുനഃരാരംഭിച്ചു. കടലുണ്ടിപുഴയിൽ റിവർ ഫ്രണ്ട് ഡെവലപ്മെന്റ് വർക്ക് ഫോർ ഫ്ളോട്ടിങ് റസ്റ്റോറന്റ് - 0.999 കോടി, പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി മാനാഞ്ചിറ, കോഴിക്കോട് ബീച്ച് എന്നിവിടങ്ങളിൽ ലൈറ്റിങ്ങ് വർക്കുകൾക്കായി 0.977 കോടി രൂപ എന്നിവ അനുവദിക്കുകയുണ്ടായി.

109. ഉത്തരമലബാറിലെ വിവിധ ജലാശയങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം നടപ്പിലാക്കും. മൊത്തം 45 ബോട്ട് ടെർമിനലുകൾ ഇതിന്റെ ഭാഗമായി ഉണ്ടാകും. മുഴപ്പിലങ്ങാട്, ബേക്കൽ, ടൂറിസം പദ്ധതികൾ പൂർത്തീകരിക്കും.

മലബാർ മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതി പൂർത്തികരിച്ചു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ ജലാശയങ്ങളെ കോർത്തിണക്കി ബോട്ട് ജെട്ടിയുടെ നിർമ്മാണവും, അനുബന്ധ സൗകര്യ വികസനവും പൂർത്തിയാക്കിയിട്ടുണ്ട് . മലനാട് - നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 6 നിയോജക മണ്ഡലങ്ങളിലായി (തലശ്ശേരി, ധർമ്മടം, കുത്തുപറമ്പ, പയ്യന്നൂർ, തളിപ്പറമ്പ, കല്യാശ്ശേരി) 14 ബോട്ട് ടെർമിനലുകളും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ 3 ബോട്ട് ടെർമിനലുകളും പൂർത്തിയാക്കി. കണ്ണൂർ ജില്ലയിലെ "മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം" എന്ന പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

110. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയെ പ്രത്യേക ടൂറിസം മേഖല/ഹൈവേ ആയി പ്രഖ്യാപിക്കും. അതോടനുബന്ധിച്ച് പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ ഏറ്റവും കുറഞ്ഞത് അൻപതോളം ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കും. ജലപാത കടന്നുപോകാത്ത ജില്ലകളിലും ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കും. ഓരോന്നിനും മാസ്റ്റർപ്ലാനുണ്ടാകും. ഇവിടങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ പ്രാദേശിക ഭക്ഷ്യ വിഭവങ്ങളുടെയും കരകൗശല വസ്തുക്കളുടെയും ഉൽപാദനവും വിൽപനയും പ്രോത്സാഹിപ്പിക്കും.

തിരുവനന്തപുരം-കാസർകോഡ് ജലപാതയോടനുബന്ധിച്ചു വരുന്ന ടൂറിസം സാധ്യതകൾ കേരള വാട്ടർ വെയ്സ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KWIL), സിയാൽ, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സംയുക്ത സംരംഭമായ പ്രത്യേക ലക്ഷ്യോപാധി വഴി പരിശോധിച്ചു വരുന്നുണ്ട്. ഇതിൽ നടപ്പാതകളുടെ നിർമ്മാണം, കനാൽ ബ്യൂട്ടിഫിക്കേഷൻ, സീവ്യൂ ഡെസ്ക്ക്, പാർക്കിംഗ് സ്പെയ്സ്, റെന്റ് ഔട്ട് സ്പെയ്സ്, ലാന്റ് സ്കേപ്ഡ് ഏരിയ മുതലായവ ഉൾപ്പെടുന്നു. ബോട്ടുകളിൽ യാത്രചെയ്യാവുന്ന വാട്ടർ വേ ടണൽ തുടങ്ങി ടൂറിസത്തിന് സഹായകമായ നിരവധി പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ 13 സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുത്ത് പിപിപി മോഡലിൽ വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

111. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറായിട്ടുണ്ട്. റോഡ്, കുടിവെള്ളം, പൊതു ടോയ്ലറ്റുകൾ, മാലിന്യസംസ്ക്കരണ സൗകര്യങ്ങൾ, കേബിൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, സുരക്ഷിത വൈദ്യുതി, താമസസൗകര്യം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാനുകൾ എല്ലാ ടൂറിസ്റ്റ് കേന്ദ്രത്തിലും തയ്യാറാക്കും. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തും.

നിലവിൽ 14 മാസ്റ്റർ പ്ലാനുകൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ പുതുതായി വർക്കലയ്ക്കും മലമ്പുഴയ്ക്കും മാസ്റ്റർ പ്ലാൻ തയാറാക്കി വരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ

തങ്ങളുടെ പരിധിയ്ക്കുള്ളിലെ ടൂറിസം സാധ്യതയുള്ള പ്രദേശം കണ്ടെത്തി ഡി.പി.ആർ. തയ്യാറാക്കി ടൂറിസം വകുപ്പിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനുമതി നൽകി വരുന്നു.

112. ടൂറിസം കേന്ദ്രങ്ങൾക്ക് ഒരു ഗ്രീൻ പ്രോട്ടോക്കോളുണ്ടാക്കും. ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കും. പ്ലാസ്റ്റിക് നിരോധിക്കും. ഹൗസ് ബോട്ടുകളുടെ മാലിന്യം സംസ്ക്കരിക്കുന്നതിന് ആധുനിക പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കും.

ടൂറിസം വകുപ്പും ശുചിത്വ മിഷനും, തദ്ദേശസ്വയംഭരണ വകുപ്പും, ഹരിത കേരള മിഷനും സംയോജിച്ച് ഒരു ഗ്രീൻ പ്രോട്ടോക്കോൾ ടൂറിസം കേന്ദ്രങ്ങളിൽ തയ്യാറാക്കി വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പും, ശുചിത്വ മിഷനുമായി ചേർന്ന് ഹിൽ സ്റ്റേഷനുകളിൽ ഡിസ്പോസി ബിൾ സാധനങ്ങളുടെ ഉപയോഗം നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

113. ആഗോള വാർഷിക ലിറ്ററി ഫെസ്റ്റിവെൽ, സംഗീതോത്സവം, നാടകോത്സവം, ചലച്ചിത്രോത്സവം തുടങ്ങിയവ കൂടുതൽ വിപുലമായി സംഘടിപ്പിക്കും.

ലിറ്ററി ഫെസ്റ്റിവൽ, നാടകോത്സവം, ചലച്ചിത്രോത്സവം എന്നിവ ടൂറിസം വകുപ്പിന്റെ സഹക രണത്തോടെ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇത്തരം ഫെസ്റ്റിവലുകളിലൂടെ വിനോദ സഞ്ചാര സാധ്യത ടൂറിസം വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി നട ത്തിവരുന്ന നിശാഗന്ധി സംഗീതോത്സവം പുനരാരംഭിച്ചു. അന്താരാഷ്ട്ര ചലച്ചിത്രോൽസവ ത്തിന് ധനസഹായമായി 5 ലക്ഷം രൂപ ടൂറിസം വകുപ്പ് നൽകിവരുന്നു.

114. കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും വാർഷിക കലണ്ടർ തയ്യാറായിട്ടുണ്ട്. ഇവയുമായി ബന്ധപ്പെടുത്തി ചുരുങ്ങിയ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന പ്രത്യേക ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകും.

കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉൽസവങ്ങളുടെയും വാർഷിക കലണ്ടർ വകുപ്പ് തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയുമായി ബന്ധപ്പെടുത്തി പ്രത്യേക ടൂറിസം പാക്കേജുകളും,, സ്വകാര്യ സർക്യൂട്ടുകളും ടൂർ ഓപ്പറേറ്റർമാരുടെ നേതൃ ത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്.

115. ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തും. ഓരോ മേഖലയിലെയും ടൂറിസ്റ്റ് ഗൈഡുകൾക്കു പ്രത്യേക പരിശീലനം നൽകും. ആയുർവേദം, യോഗ, കളരി, പ്രകൃതി ചികിത്സ എന്നിവ സമന്വയിപ്പിച്ച് ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ് കോഴ്സുകൾ വികസിപ്പിക്കും.



വിനോദസഞ്ചാര മേഖലയ്ക്കാവശ്യമായ ഗുണനിലവാരമുള്ള മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന് കീഴിൽ കിറ്റ്സ്, എസ്.ഐ.എച്ച്.എം, എഫ്.സി.ഐ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി എന്നീ മേഖലകളിൽ പ്രൊഫഷണൽ വൈദഗ്ധ്യം ഉറപ്പുവരുത്തുന്നതിന് യോജിച്ച രീതിയിലുള്ള കോഴ്സുകൾ ഇവ നടത്തിവരുന്നു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM) കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ പുതിയ SIHM ക്യാമ്പസിന്റെ നിർമ്മാണം കോട്ടയം ജില്ലയിലെ പാലായിൽ നടന്നു വരുന്നുണ്ട്. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് നിലവിൽ തലശ്ശേരിയിൽ KINFRA യുടെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

116. നവംബർ മുതൽ മാർച്ച് പകുതി വരെ വിദേശ സഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൺസൂൺ ടൂറിസവും ചാമ്പ്യൻസ് ലീഗ് വള്ളം കളിയും ഉപയോഗപ്പെടുത്തി ടൂറിസം സീസൺ വർഷം മുഴുവൻ നീട്ടും. ബോട്ട് ലീഗിലേയ്ക്ക് ചുണ്ടൻ വള്ളങ്ങൾക്കു പുറമേ മറ്റു ചെറുവള്ളങ്ങളെക്കൂടി ഉൾപ്പെടുത്തും.

പ്രധാനപ്പെട്ട ടൂറിസം ബിടുബി മീറ്റുകളിലും, ടൂറിസം ഫെയറുകളിലും മൺസൂൺ ടൂറിസവും, ചാമ്പ്യൻസ് ലീഗും, കേരള ടൂറിസത്തിന്റെ ഉൽപന്നമായി അവതരിപ്പിക്കാറുണ്ട്. അതുവഴി വിദേശ സഞ്ചാരികളെ വർഷം മുഴുവൻ ആകർഷിക്കാൻ സാധിക്കുന്ന നിലയിലേക്ക് കേരളം മാറിയിട്ടുണ്ട് .

117. കേരളത്തിലേയ്ക്ക് കൂടുതൽ നേരിട്ടുള്ള അന്തർദേശീയ വിമാന സർവ്വീസ് ആരംഭിക്കാൻ പരിശ്രമിക്കും. ടൂറിസ്റ്റ് കപ്പലുകളേയും ആകർഷിക്കാനാവും

മലേഷ്യയിൽ നിന്നും, വിയറ്റ്നാമിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് പുതിയ അന്തർദേശീയ വിമാന സർവീസുകൾ ആരംഭിക്കാൻ സാധിച്ചു. കൊച്ചിയിൽ ഏകദേശം 50 ൽ കൂടുതൽ ക്രൂയിസുകൾ വന്നുപോകുന്നുണ്ട്. കോവളം, കൊല്ലം, കൊച്ചി, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി ക്രൂയിസ് ടൂറിസം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കേരള മാരിടൈം ബോർഡുകളുമായി ചേർന്ന് യാത്രാ കപ്പലുകളുടെ സർവ്വീസ് ആരംഭിക്കുന്നതിനും കൂടുതൽ ക്രൂയിസുകളെ ആകർഷിക്കുന്നതിനുമായി ക്രൂയിസ് ടൂറിസം പദ്ധതി ആരംഭിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി കൊച്ചി വെല്ലിംഗ്ട്ടൺ ഐലന്റ് വികസിപ്പിക്കുന്നതിന്റെ മാസ്റ്റർ പ്ലാൻ കെ.ടി.ഐ-.എൽ തയ്യാറാക്കിയിട്ടുണ്ട്.

118. കൊച്ചി ബിനാലെ ശക്തിപ്പെടുത്തും. സർക്കാർ ഉടമസ്ഥതയിൽ സ്ഥിരംവേദി ഉറപ്പുവരുത്തും. ഒന്നിടവിട്ടുള്ള വർഷങ്ങളിൽ ആലപ്പുഴ കൊച്ചി ആഗോള ചിത്രപ്രദർശനം സംഘടിപ്പിക്കും.

കൊച്ചി ബിനാലെയുടെ 6-ാമത് എഡിഷൻ 2025 ഡിസംബറിൽ നടക്കും. ഇതിന്റെ ഭാഗമായി ക്യൂരേറ്ററെ നിയമിച്ചു. സ്ഥിരം വേദി ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ലോകമേ തറവാട് എന്ന പേരിലുള്ള ചിത്രപ്രദർശനം കൊച്ചിയിലെ ഒരു കേന്ദ്രത്തിലും ആലപ്പുഴയിലെ 7 കേന്ദ്രങ്ങളിലും സംഘടിപ്പിച്ചിരുന്നു.

119. വിനോദസഞ്ചാരത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കും

വിനോദസഞ്ചാരത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള കരട് ബിൽ സർക്കാരിന്റെ പരിശോധനയിലാണ്.

120. ടൂറിസം മാർക്കറ്റിംഗിന് കൂടുതൽ പണം വകയിരുത്തും. പൊതുവായ പ്രചരണത്തോടൊപ്പം കൃത്യമായ ടാർജറ്റ് ഓഡിയൻസിനെയും ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ വിശേഷാൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അന്താരാഷ്ട്ര ടൂറിസം മേളകളിൽ നമ്മുടെ സാന്നിധ്യം ഇനിയും ഉയർത്തണം. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനസഹായം നൽകും.

അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തു




ന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതി നുമായി വിനോദ സഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽ മാർട്ട്, FITUR മാഡ്രിഡ്, ITB ബെർലിൻ തുടങ്ങിയ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്വകാര്യ ടൂറിസം സംരംഭകരെ കൂടി ഉൾപ്പെടുത്തികൊണ്ട് പങ്കെടുക്കുകയും, സിഡ്നി, മെൽബൺ, ഫ്രാങ്ക്ഫർട്ട്, മ്യൂണിക്, ബാർസലോണ, മിലാൻ, പാരിസ്, ലണ്ടൻ തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു.

121. കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിനുള്ള ധനസഹായം സർക്കാർ നൽകും.

കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ബിസിനസ്സ് മീറ്റായി വികസിപ്പിക്കുന്നതിന് 2.45 കോടി രൂപ 2024 ൽ കേരള ട്രാവൽ മാർട്ടിന് ധനസഹായം നൽകി.

122. ടൂറിസത്തിനു വേണ്ടിയുള്ള സർക്കാർ ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തും.

ടൂറിസത്തിന് വേണ്ടിയുള്ള സർക്കാർ ബഡ്ജറ്റ് വിഹിതം ഗണ്യമായി ഉയർത്തിവരുന്നു. 2022-23 - 362.15 കോടി രൂപയായിരുന്നത് 2025-26 ൽ 385.02 കോടി രൂപയായി വകയിരുത്തിയിട്ടുണ്ട്.

123. ഉത്തരവാദിത്ത ടൂറിസം നയം തുടരും. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ എല്ലാം കാരിയിംഗ് കപ്പാസിറ്റി പഠനം അടിയന്തരമായി നടത്തും. ടൂറിസം മേഖലകളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിന് ഒരു സബ് പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രീകൃതമായ പരിശീലനം നൽകും. അഡ്വഞ്ചർ ടൂറിസവും, തീർത്ഥാടന ടൂറിസവും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ വികസിപ്പിക്കും.

ഉത്തരവാദിത്ത ടൂറിസം എന്നത് സംസ്ഥാനത്തിന്റെ ടൂറിസം നയമായി തുടരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നേതൃത്വത്തിൽ ഈ വിഷയത്തിൽ പരിശീലനം നൽകിവരുന്നു. 2 ഹിൽ സ്റ്റേഷനുകളിൽ കാരിയിങ് കപ്പാസിറ്റി പഠനം നടന്നുവരുന്നു. അഡ്വഞ്ചർ ടൂറിസവും തീർത്ഥാടന ടൂറിസവും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ കഴിയുന്ന വിധത്തിൽ വികസിപ്പിച്ചു വരുന്നു.

## ആധുനിക ചെറുകിട വ്യവസായം

124. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണം 2015-16ൽ 82000 ആയിരുന്നു. ഇത് ഇപ്പോൾ 1.4 ലക്ഷമായി ഉയർന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണം 4.18 ലക്ഷത്തിൽ നിന്ന് 6.38 ലക്ഷമായി ഉയർന്നു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 3 ലക്ഷമായി ഉയർത്തും. 6 ലക്ഷം പേർക്ക് പുതിയതായി തൊഴിൽ നൽകും. ഇതിൽ ഒരുലക്ഷം തൊഴിലവസരങ്ങൾ എങ്കിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായിട്ടുള്ളവയാകും.

2023 സാമ്പത്തിക വർഷം സർക്കാർ സംരംഭകവർഷം ആയി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ വിപുലങ്ങളായ പ്രവർത്തനങ്ങളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 1,39,840 സംരംഭങ്ങൾ പുതുതായി ആരംഭിച്ചു. അതിലൂടെ 3,00,056 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 2023-24 സാമ്പത്തിക വർഷം 1,03,606 സംരംഭങ്ങൾ പുതുതായി ആരംഭിച്ചു. അതുവഴി 7051.46 കോടി രൂപയുടെ നിക്ഷേപവും 2,18,249 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. 2024-25 സാമ്പത്തിക വർഷം 1,03,544 സംരംഭങ്ങൾ പുതുതായി ആരംഭിച്ചു. അതു വഴി 6,792.47 കോടി രൂപയുടെ നിക്ഷേപവും 2,17,960 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. അതുവഴി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഇതുവരെ ആകെ 3,46,980 സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അതുവഴി 22,262.81 കോടി രൂപയുടെ നിക്ഷേപവും 7,36,189 തൊഴിലവസരങ്ങളും സൃഷ്ടിച്ചു. 'സംരംഭകവർഷം പദ്ധതി' ബെസ്റ്റ് പ്രാക്ടീസായി കേന്ദ്രസർക്കാർ തെരഞ്ഞെടുത്തു. സംസ്ഥാനത്തെ എം.എസ്.എം.ഇ.കളിൽ നിന്ന് തിരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇ.കളെ ശരാശരി 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളാക്കി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള 'മിഷൻ 1,000 പദ്ധതി' വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു.

125. ഈ ലക്ഷ്യപ്രാപ്തിക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

- ചെറുകിട വ്യവസായങ്ങൾക്കു വേണ്ടിയുള്ള ഡെവലപ്മെന്റ് ഏരിയകളും എസ്റ്റേറ്റുകളും സ്ഥാപിക്കും. നിലവിലുള്ളവയുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തും.
- സംരംഭകത്വ വികസന പരിപാടികൾ വിപുലീകരിക്കും.
- വായ്പാ സൗകര്യങ്ങൾ ഉദാരമാക്കും.
- പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പരിപാടിക്കു രൂപം നൽകും.

'സ്വകാര്യ വ്യവസായ എസ്റ്റേറ്റ്' പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഇതുവരെ 31 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി. 2021-22 വർഷം മുതൽ 2023-24 വർഷം വരെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 44.39 കോടി രൂപ ചിലവഴിച്ചിച്ചു. സൂക്ഷമ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ ഉദാരമാക്കുന്നതിനും പീഡിത വ്യവസായങ്ങളെ പുന:രുദ്ധരിക്കാനുമായി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി വഴി ഉൽപാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകിവരുന്നുണ്ട്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു. 2023-24 വർഷം ഈ പദ്ധതി പ്രകാരം 256.02 ലക്ഷം രൂപയും 2024-25ൽ 133.88 ലക്ഷം രൂപയും ചെലവഴിച്ചു.

സ്ട്രെസ്ഡ് എംഎസ്എംഇകളെയും ഡിഫൻക്ട് എംഎസ്എംഇകളെയും പുനരുദ്ധരിക്കുന്നതിനു 31/3/2022 വരെ നിലവിലുണ്ടായിരുന്ന സ്കീം ഫോർ റിവൈവൽ ഓഫ് എംഎസ്എംഇസ് വിത്ത് സ്ട്രെസ്ഡ് അസെറ്റ്, ഡിഫഗ്ററ് എംഎസ്എംഇസ് ആൻഡ് കാഷ്യൂ പ്രോസസിംഗ് യൂണീറ്റ്സ് പദ്ധതികൾ സംയോജിപ്പിച്ച് പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി. 2023-24 വർഷം ഈ പദ്ധതി പ്രകാരം 40.31 കോടി രൂപ ചെലവഴിച്ചു. എംഎസ്എംഇ യുണിറ്റുകളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള അസിസ്റ്റൻസ് ഫോർ



മൈക്രോ ടു സ്മാൾ, സ്മാൾ ടൂ മീഡിയം സ്കെയിലിംഗ് അപ് ഓഫ് എംഎസ്എംഇ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. സംരംഭകർക്ക് അനായാസമായി വായ്പ ലഭ്യമാക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചേർന്ന് കെൽസ് പദ്ധതി രൂപീകരിച്ചു.

## പ്രവാസികൾ

126. 1980 മുതലുള്ള കേരളത്തിന്റെ സാമ്പത്തിക കുതിപ്പിന് ഏറ്റവും നിർണ്ണായകമായ സംഭാവന പ്രവാസി മലയാളികളിലൂടെയുള്ള വിദേശ പണവരുമാനമാണ്. കേരളത്തിൽ നിന്ന് കുടിയേറുന്നവരേക്കാൾ മടങ്ങി വരുന്നവരുടെ എണ്ണം കൂടുന്ന സ്ഥിതിവിശേഷം കോവിഡിനു മുന്നേ തന്നെ രൂപം കൊണ്ടിരുന്നു. യു.കെയിലേയ്ക്ക് 2,700 നേഴ്സുമാരെ ബ്രിട്ടീഷ് കൗൺസിലുമായി സഹകരിച്ചുകൊണ്ടുള്ള പരിശീലന പരിപാടി ഇതിന് ഉദാഹരണമാണ്. ഇത്തരം നൈപുണ്യ പരിശീലനവും വിദേശ രാജ്യങ്ങളുമായിട്ടുള്ള ആശയവിനിമയത്തിനും സർക്കാർ മുൻകൈ എടുക്കും. പുതിയ തൊഴിൽ സാധ്യതയെ കുറിച്ചുള്ള വിവരങ്ങൾ തൊഴിൽ അന്വേഷകർക്ക് എത്തിച്ച് കൊടുക്കുക, കുടിയേറ്റത്തിനാവശ്യമായ വായ്പ ഉദാരമായി ലഭ്യമാക്കുക എന്നിവയാണ് മറ്റു നടപടികൾ.

ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി ജർമൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനുമായി സഹകരിച്ചു ഡിഗ്രി ഡിപ്ലോമ യോഗ്യതയുള്ള നഴ്സുമാർക്ക് ജർമൻ ഭാഷയിൽ പരിശീലനം നൽകി ജർമനിയിലേക്ക് റിക്രൂട്ട് ചെയ്ത് തുടങ്ങി. ട്രിപ്പിൾ വിൻ പ്രോഗ്രാമിന്റെ 6 എഡിഷനുകൾ ഇതിനകം നടത്തിയിട്ടുണ്ട്. 1,462

ഉദ്യോഗാർത്ഥികളെ ഈ പദ്ധതിയിൽ തെരഞ്ഞെടുത്തു. 732 പേർക്ക് ജോബ് കോൺട്രാക്ട് നൽകി. 610 പേർ ജോലിയിൽ പ്രവേശിപ്പിച്ചു. ജർമ്മനി, യു.കെ, വെയ്ൽസ്, കാനഡ, കുവൈറ്റ്, സൗദി അറേബ്യ, മാലി ദ്വീപുകൾ തുടങ്ങിയ രാജ്യങ്ങളിലേക്ക് നോർക്കാ റൂട്ട്സ് മുഖാന്തിരം 1,920 പേർക്ക് വിദേശ തൊഴിൽ ലഭ്യമാക്കി. വിദേശ ഭാഷകളിൽ പരിശീലനം

നൽകുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജ് ന്റെ പ്രവർത്തനം തിരുവനന്തപുരത്തു ആരംഭിച്ചു. ജർമ്മൻ, ഇംഗ്ലീഷ്(ഐ.ഇ.എൽ.ടി.എസ്, ഒ.ഇ.ടി) എന്നീ ഭാഷകളിലാണ് പരിശീലനം നൽകി വരുന്നത്. തൊഴിൽദാതാക്കൾക്ക് മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനും റിക്രൂട്ട് ചെയ്യാനും കഴിയുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ കേന്ദ്രമായി ഇതിനെ പരിവർത്തനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിലുള്ള നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസിന്റെ (എൻ.ഐ.എഫ്.എൽ) രണ്ടാമത്തെ കേന്ദ്രം 17/02/2024ന് കോഴിക്കോട് ആരംഭിച്ചു. കോട്ടയം കേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

വിദേശ രാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്കുള്ള സുരക്ഷിതമായ കുടിയേറ്റ കാര്യങ്ങളിൽ പ്രിന്റ്/ ആഡിയോ/വിഷ്വൽ മീഡിയ മുഖേന ശക്തമായ ബോധവത്ക്കരണം നടത്തി. കൂടാതെ നഴ്സിംഗ് കോളേജുകൾ മുഖേന ജില്ല തലത്തിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. അന്തർദേശീയ തലത്തിലുള്ള തൊഴിൽ മേഖലകൾ തിരിച്ചറിയുന്നതിനും കുടിയേറ്റത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനും കോഴിക്കോട് ഐ.ഐ.ഐ.എം മായി സഹകരിച്ച് പഠനം നടത്തി. വിദേശ രാജ്യത്ത് മികച്ച തൊഴിൽ സ്വപ്നം കാണുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിൽ അന്വേഷകർക്ക് നൈപുണ്യ പരിശീലനത്തിനും ലൈസൻസിംഗ് പരീക്ഷകൾക്ക് ചിലവാകുന്ന സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനും സബ്സിഡി വ്യവസ്ഥയിൽ 'ശുഭ യാത്ര' പദ്ധതി ആരംഭിച്ചു. ഓപ്പറേഷൻ ശുഭ യാത്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കാര്യക്ഷമമാക്കാനും ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.

127. പഞ്ചായത്തുകളും നഗരസഭകളും പ്രവാസി ഓൺലൈൻ സംഗമങ്ങൾ സംഘടിപ്പിക്കും. വിദേശത്തു നിന്നും മടങ്ങിവരുന്ന പ്രവാസികളുടെ ലിസ്റ്റും ആവശ്യങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ശേഖരിക്കുകയും ജില്ലാതല കർമ്മ പരിപാടിയായി ക്രോഡീകരിക്കുകയും ചെയ്യും.

നോർക്കാ റൂട്ട്സ് പങ്കാളിത്തത്തോടെ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രവാസി സംഗമം നടത്തി.

128. അഭ്യസ്തവിദ്യരുടെ ഡിജിറ്റൽ തൊഴിൽ പദ്ധതി, വായ്പാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിപാടി, സേവനദാതാക്കളുടെ മൾട്ടി ടാസ്ക് സംഘങ്ങൾ, വിപണന ശ്യംഖല തുടങ്ങിയ തൊഴിൽ പദ്ധതികളെ പ്രവാസികൾക്കു പ്രത്യേക പരിഗണന നൽകി ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്കു രൂപം നൽകുകയും ചെയ്യും.

ഡിജിറ്റൽ തൊഴിൽ പദ്ധതി കെ-ഡിസ്ക് വഴി നടപ്പിലാക്കി വരുന്നു. ആഗോളതലത്തിൽ ഫ്രീലാൻസ് ജോലികൾക്കായുള്ള സംരംഭങ്ങൾ സൃഷ്ടിക്കാൻ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ലബോറട്ടറി ഫോർ ഇന്നവേഷൻ സയൻസുമായി ചേർന്നുകൊണ്ട് നോളജ് ഇക്കണോമി മിഷൻ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്.

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ്( എൻ.ഡി.പ്രേം) പദ്ധതിയിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് മുതലായവയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകൾ മുഖേന വായ്പ നൽകിവരുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ 30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് കൃത്യമായ വായ്പ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡിയുമാണ് ലഭിക്കുക. പദ്ധതി വിപുലീകരിക്കാൻ 18 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെച്ച് വായ്പ ലഭ്യമാക്കിവരുന്നു.

129. പ്രവാസി ഡിവിഡന്റ് സ്കീമും പ്രവാസി ചിട്ടിയും കൂടുതൽ ആകർഷകമാക്കും.

2019 ൽ ആരംഭിച്ച പ്രവാസി ഡിവിഡന്റ് പദ്ധതി പ്രവാസികൾക്ക് മെച്ചമുള്ള നിക്ഷേപ പദ്ധതിയായി സർക്കാർ നിലനിർത്തുകയും തുടരുകയും ചെയ്യുന്നു. പ്രവാസി ഡിവിഡന്റ് പദ്ധതി 330.39 കോടി രൂപ നിക്ഷേപം സ്വീകരിച്ച് കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ട്. നിക്ഷേപകന് 9




ശതമാനം കിഫ്ബി വിഹിതവും 1 ശതമാനം സർക്കാർ വിഹിതവും ചേർത്ത് 10 ശതമാനം ഡിവിഡന്റ് അനുവദിച്ച് വരുന്നു.

130. ഉയർന്ന വിമാന നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പ്രവാസികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാരിനെ കൊണ്ട് ഇടപെടുവിക്കുന്നതിനുള്ള തീവ്രശ്രമം നടത്തും. കുടിയേറ്റക്കാർക്ക് ക്ഷേമവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്ന ഒരു സമഗ്ര കുടിയേറ്റ നിയമത്തിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

ന്യായമായ വിമാന നിരക്ക് ലഭ്യമാക്കുന്നതിനായി പ്രവാസികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ചാർട്ടേഡ് വിമാനങ്ങൾ ഏർപ്പെടുത്തു ന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. മുഖ്യമന്ത്രി ഈ വിഷയത്തിൽ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ ഗൾഫിലെ തുറമുഖങ്ങളിൽ കേരളത്തിലെ കുറഞ്ഞ ചെലവിൽ കപ്പൽ യാത്ര യാഥാർത്ഥ്യമാക്കുവാനുള്ള മുന്നൊരുക്കങ്ങൾ കേരള മാരിടൈം ബോർഡും നോർക്ക റൂട്ട്സും ചേർന്ന് നടത്തി വരുന്നു. സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾ, ഏജന്റുന്മാർ, ഇടനിലക്കാർ തുടങ്ങിയവർ നിയമ പരിമിതികൾ മനസ്സിലാക്കി കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്ന പ്രവണതയുണ്ട്. 4-ാം ലോക കേരള സഭ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് ബ്രെയ്ൻ സ്റ്റോമിംഗ് സംഘടിപ്പിച്ചു. അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ നിയമനിർമ്മാണ സാധ്യത പഠിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചു. അനധികൃത റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ 1983ലെ എമിഗ്രേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്നതാണ്. ഈ ആക്റ്റിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിന് മാത്രമേ അധികാരമുള്ളൂ.

131. പ്രവാസികളെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കി തുടങ്ങി യിട്ടുണ്ട്. അത്

പൂർത്തീകരിക്കും. സ്ഥിരമായി വിദേശത്ത്, പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ, താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറകളെ മലയാളത്തേയും മലയാള സംസ്കാരത്തേയും പരിചയപ്പെടുത്തി കൊടുക്കുന്നതിനുള്ള മലയാളം മിഷന്റെ പ്രവർത്തനം വിപുലീകരിക്കും.

ലോകമെങ്ങുമുള്ള  പ്രവാസി മലയാളികളുടെ വിവര ശേഖരണത്തിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ ലോക കേരളം പോർട്ടൽ വികസിപ്പിച്ചു. പ്രവാസി യുവ സംരംഭകർക്ക് പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതി ആരംഭിച്ചു.

132. ലോക കേരള സഭ വൻ വിജയമാണ്. കോവിഡാനന്തര കാലത്ത് വീണ്ടും ഇത്തരം സമ്മേളനം വർഷം തോറും വിളിച്ചു ചേർക്കും. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കും. വിദേശത്തുള്ള പ്രവാസി വ്യവസായവാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി കേരള പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകും. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ ഉണ്ടാകും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 ലോക കേരളസഭ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. അഞ്ചാം ലോക കേരള സഭ സമ്മേളനം 2026 ജനുവരിയിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ലോക കേരള സഭയുടെ സമ്മേളനങ്ങളിൽ ലഭിച്ച ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

133. കേരളീയ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട്, രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ സ്കീം ഉണ്ടാക്കും. സാന്ത്വന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതിയും നിലവിലുണ്ട്. മൃതദേഹം വിമാനത്താവളത്തിൽ നിന്ന് കേരളത്തിലെ വീടുകളിലെത്തിക്കുന്നതിന് ആംബുലൻസ് സർവ്വീസും ഏർപ്പാടാക്കി ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

പ്രവാസികളുടെ മരണപ്പെട്ടവരുടെ ആശ്രിതർക്കും, രോഗബാധിതർക്കും ധനസഹായത്തിനായി സാന്ത്വന പദ്ധതി നടപ്പാലാക്കി. തൊഴിൽ നഷ്ടമായി തിരികെ വന്നവർക്ക് വായ്പാ ധന സഹായത്തിനായി എൻ.ഡി.പ്രേം നോർക്ക പുനരധിനവാസ ഏകോപന സംയോജന പദ്ധതി എന്നിവ  നടപ്പിലാക്കി. മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി എമർജൻസി റീപാട്രീയേഷൻ, എമർജൻസി ആംബുലൻസ് പദ്ധതി, വിദേശത്തു ജോലി ചെയ്യുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷയ്ക്കുള്ള ക്രിട്ടിക്കൽ ഇൻഷുറൻസ് പദ്ധതി തുടങ്ങിയവ നടപ്പിലാക്കി.

134. പ്രവാസി നിയമസഹായ പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ജിസിസി രാജ്യങ്ങളിൽ 11 ലീഗൽ കൺസൾട്ടന്റുമാരുണ്ട്. ഈ പദ്ധതി കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും.

നടപ്പിലാക്കിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന പ്രവാസികൾക്കായി നിയമസഹായത്തിനായി പ്രവാസി നിയമ സഹായ സെൽ പദ്ധതി നടപ്പിലാക്കി. കൂടുതൽ ഫലപ്രദമാക്കാൻ വ്യക്തികൾക്ക് പകരം ലീഗൽ ഫേമുകളെ ഏർപ്പെടുത്താൻ തീരുമാനിച്ചു. പദ്ധതി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

135. വിദേശത്തു നിന്ന് തിരികെ വരുന്നവർക്ക് പ്രവാസി പുനരധിവാസ പദ്ധതി നോർക്ക ആരംഭിച്ചിട്ടുണ്ട്. പലിശ സബ്സിഡിയും മൂലധന സബ്സിഡിയും അടക്കം 30 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഈ പദ്ധതി കൂടുതൽ വിപുലീകരിക്കും.

തിരികെയെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കാനുള്ള നോർക്ക റൂട്ട്സിന്റെ പ്രവാസി ഭദ്രത വായ്പാ പദ്ധതി കുടുംബശ്രീ മുഖേനയും, കെ.എസ്.എഫ്.ഇ, കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി തുടങ്ങിയ സർക്കാർ ഏജൻസിയുമായും ചേർന്ന് നടപ്പിലാക്കി വരുന്നു. കുടുംബശ്രീ മുഖേന 5834 സംരംഭങ്ങൾ ആരംഭിച്ചു. കെ.എസ്.എഫ്.ഇ മുഖേന 403 സംരംഭങ്ങൾ ആരംഭിച്ചു. കെ.എസ്.ഐ.ഡി.സി മുഖേന 4 സംരംഭങ്ങൾ ആരംഭിച്ചു. 8000-



ലധികം സ്വയം തൊഴിൽ സംരംഭങ്ങൾ ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

136. മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും.

കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ റസ്റ്റ് സ്റ്റോപ്പ് ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

137. ആദ്യത്തെ എൻ.ആർ.കെ.ഇ.എസ് (നോൺ റെസിഡൻഷ്യൽ കേരളൈറ്റ്സ് ഇക്കണോമിക് സോൺ) ആരംഭിക്കും. എൻ.ആർ.ഐകൾക്ക് അവരുടെ നൂതന ബിസിനസ് / വ്യവസായം ആരംഭിക്കുന്നതിനും അവരുടെ ജീവിതത്തിൽ ഒരു തുടർച്ച സൃഷ്ടിക്കുന്നതിനും ആദായവിലയ്ക്ക് ഭൂമി നൽകുന്ന തരത്തിലുള്ള പാർക്ക് ഒരുക്കും.

കേരളത്തിൽ വ്യവസായ യൂണിറ്റ് ആരംഭിക്കാനായി മുന്നോട്ടുവരുന്ന ഒരു സംരംഭകനും ഭൂമി ലഭ്യതയില്ലായെന്ന കാരണത്താൽ വ്യവസായം തുടങ്ങാൻ കഴിയാതെ വരരുത് എന്ന ലക്ഷ്യം സർക്കാർ 2025 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസികൾ ഉൾപ്പെടെ വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് ഭൂമി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു.

തിരികെയെത്തിയ പ്രവാസികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള സർക്കാർ പദ്ധതികൾക്ക് പുറമെ പ്രവാസി മിഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മിഷൻ വഴി സർക്കാർ സഹായം കൂടാതെയുള്ള പ്രവാസികളുടെ സംരംഭകത്വ വികസനം തുടങ്ങിയവ സാധ്യമാകും. പ്രവാസികളുടെ നിക്ഷേപം സ്വീകരിച്ചും സർക്കാർ പദ്ധതികൾ ലഭ്യമാക്കിയും സംരംഭങ്ങൾ ആരംഭിക്കാനും പദ്ധതി വഴി കഴിയും.

138. പുനരധിവാസം പൊതുജനങ്ങളുടെ പ്രധാന ആശങ്കയായി ഉയർന്നു വരികയാണ്. ആളുകളെ പുനരധിവസിപ്പിക്കാനായി സമ്പൂർണ്ണ ആധുനിക കുടുംബ നഗരങ്ങൾ സൃഷ്ടിച്ചു പുനരധിവാസം ഉറപ്പാക്കും. അന്താരാഷ്ട്ര നിലവാരത്തിലുള്ള നഗര കേന്ദ്രങ്ങൾ ഉൾപ്പെടുന്ന ഈ ആധുനിക ഇടങ്ങളിൽ സീവേജ് സംവിധാനവും, വൈദ്യുതിയും കുടിവെള്ളവും ഉണ്ടാകും. സ്കൂളുകളും ഓഡിറ്റോറിയങ്ങളും ആരാധനാലയങ്ങളും ഉണ്ടായിരിക്കും. ഈ ആസൂത്രിത പ്രദേശങ്ങളിൽ പാർപ്പിടാവശ്യങ്ങൾ നിറവേറ്റുന്നതിനായി വിൽക്കാവുന്ന സ്ഥലങ്ങളും ഉണ്ടായിരിക്കും.

**എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും പൊതുസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നുണ്ട്. സർക്കാർ പദ്ധതികളിൽ നിർമ്മിച്ചുനൽകുന്ന ഭവന സമുച്ചയങ്ങളിലും പരമാവധി സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്.**

139. സംരംഭക തൽപരരായ പ്രവാസികളുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിന് മുമ്പേ തന്നെ ആശയവിനിമയം നടത്തുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കും. ട്രെയിനിംഗ്, വായ്പ, സർക്കാർ ക്ലിയറൻസ്, ജി ടു ബി ആൻഡ് ബി ടു ബി മീറ്റുകൾ തുടങ്ങിയ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കും.

**നാളിതുവരെ 8,046 സംരംഭങ്ങൾ ഈ പദ്ധതിയുടെ കീഴിൽ ആരംഭിക്കുകയും 117 കോടി രൂപ സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തു.**

140. പ്രവാസികളുടെ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കും. 28 സംഘങ്ങൾക്ക് ഇതിനകം സഹായം നൽകിയിട്ടുണ്ട്.

**67 പ്രവാസി സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. സംസ്ഥാന തലത്തിൽ ഒരു പ്രവാസി സഹകരണ സംഘത്തിന് രൂപം കൊടുത്തു.**

141. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും മറ്റും വികസനത്തിന് പ്രവാസികൾ സംഭാവന നൽകിയാൽ തുല്യ തുകയ്ക്ക് സർക്കാർ മാച്ചിംഗ് ഗ്രാന്റ് നൽകും. ഇതിനായി ഒരു സ്കീം തയ്യാറാക്കും.

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് 20,000 രൂപ വിതം ധനസഹായം നൽകുന്ന സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1,160 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചു.**

142. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സംഘടനകൾ രൂപീകരിക്കും. ജ്ഞാനസമൂഹമായുള്ള കേരളത്തിന്റെ പരിവർത്തനത്തിൽ പ്രവാസി പ്രൊഫഷണലുകൾക്ക് നിർണ്ണായക പങ്കു വഹിക്കാനാവും. ഈ സംഘടനകളെ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തും.

**എല്ലാ ഗൾഫ് രാജ്യങ്ങളിലും നിലവിൽ പ്രൊഫഷണൽ ഫോറങ്ങൾ പ്രവർത്തിക്കുന്നു. ഇത്തരം സംഘടനകളുമായി നോർക്ക സഹകരിച്ചു പ്രവർത്തിച്ചു വരുന്നു. ഇത്തരം പ്രഫഷണൽ ഫോറങ്ങളെ സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് ലോക കേരള സഭയുടെയും നോർക്ക റൂട്സിന്റെയും സ്റ്റാർട്ടപ്പ് മിഷന്റെയും നേതൃത്വത്തിൽ ആഗോള പ്രവാസി പ്രഫഷണൽ മീറ്റ് ഈ വർഷം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.**




143. പ്രവാസി ക്ഷേമനിധി അംഗത്വം ഈ സർക്കാരിന്റെ കാലത്ത് 1.1 ലക്ഷത്തിൽ നിന്ന് 5.06 ലക്ഷമായി ഉയർന്നു. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. ക്ഷേമപെൻഷൻ 3,0003,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിദേശത്തുള്ള പ്രവാസി ക്ഷേമ പെൻഷൻ 5,000 രൂപയായും നാട്ടിൽ മടങ്ങിയെത്തിയവരുടേത് 4,000 രൂപയായും ഉയർത്തും.

**8 ലക്ഷത്തോളം പ്രവാസി കേരളീയർ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. പ്രതിമാസം ഏതാണ്ട് 8,000 പ്രവാസികൾ പുതുതായി അംഗത്വാപേക്ഷ സമർപ്പിക്കുന്നു. ഏതാണ്ട് 2,000 പേർ പുതുതായി പെൻഷന് അർഹത നേടുന്നുണ്ട്. 2022 ഏപ്രിൽ 1 മുതൽ ഏകീകൃത പെൻഷൻ നിരക്കായ 2000 രൂപയിൽ നിന്ന് 1 എ (വിദേശത്ത് തൊഴിലെടുക്കുന്ന 60 വയസ്സ് തികഞ്ഞവർ) വിഭാഗത്തിന് 3500 രൂപയായും 2 എ (കേരളത്തിന് പുറത്ത് എന്നാൽ ഇന്ത്യയ്ക്കകത്ത് ജോലി ചെയ്യുന്നവർ), 1 ബി (വിദേശത്തു നിന്നും മടങ്ങിയെത്തിയവർ) വിഭാഗത്തിന് 3000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അംഗത്വമെടുത്ത് കൃത്യമായി അംശാദായം അടക്കുന്നവർക്ക് പരമാവധി 7000 രൂപ വരെ പെൻഷൻ ലഭിക്കുന്നു.**

144. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 60 വയസ്സ് കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വം സ്വീകരിക്കാൻ കഴിയില്ല. ഇങ്ങനെയുള്ളവരുടെ സാമ്പത്തിക നിലകൂടി കണക്കിലെടുത്ത് സാമൂഹ്യ സുരക്ഷ പെൻഷനെങ്കിലും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കും.

**പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുക്കാൻ കഴിയാത്ത 60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യക്ഷേമ പെൻഷൻ നൽകിവരുന്നു.**

145. പ്രവാസി വകുപ്പിനായുള്ള ബജറ്റ് വിഹിതം ഇനിയും ഗണ്യമായി ഉയർത്തും. യു.ഡി.എഫ് സർക്കാരിനെ അപേക്ഷിച്ച് പ്രവാസി ക്ഷേമത്തിന്റെ വിഹിതം മൂന്ന് മടങ്ങ് ഉയർത്തിയിട്ടുണ്ട്.

**2015-16 ലെ ബജറ്റ് വിഹിതം 23.34 കോടി രൂപയായിരുന്നു. 2024-25 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ 143.81 കോടി രൂപയും 2025-26ൽ 150.81 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.**

II

# 15 ലക്ഷം ഉപജീവനത്തൊഴിലുകൾ സൃഷ്ടിക്കും

146. 1000 ജനസംഖ്യയ്ക്ക് പ്രതിവർഷം 5 വീതം തൊഴിലവസരങ്ങൾ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കാർഷികേതര മേഖലയിൽ സൃഷ്ടിക്കും. മൂന്നു രീതിയിലാണ് കാർഷികേതര മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങളിൽ സർക്കാർ വകുപ്പുകളെയും തൊഴിൽദായകരെയും സംരംഭകരെയും തൊഴിൽ തേടുന്നവരെയും കൂട്ടിയോജിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തൊഴിൽ സഭകൾക്ക് രൂപം നൽകി. ഈ പ്രവർത്തനത്തിന്റെ തുടർച്ചയായി ഇതുവരെ 86,228 തൊഴിൽ സംരംഭങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 1,63,160 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിനിലൂടെ ഒരു അയൽക്കൂട്ടത്തിന് ഒരാൾ എന്ന നിലയിൽ 3,03,051 പേർക്ക് ഉപജീവന സൗകര്യങ്ങൾ ലഭ്യമാക്കി.

147. ഒന്നാമത്തേത്, സൂക്ഷ്മ ചെറുകിട തൊഴിൽ സംരംഭ പ്രോത്സാഹന പരിപാടി. സഹകരണ സംഘങ്ങളിൽ നിന്നും മറ്റു സർക്കാർ ഏജൻസികളിൽ നിന്നും നൽകുന്ന വായ്പകളുടെ അടിസ്ഥാനത്തിലുള്ള ചെറുകിട സംരംഭങ്ങളും ഏകോപിപ്പിക്കും. ഇതിലേയ്ക്ക് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും വായ്പകൾ ഉറപ്പാക്കും. എല്ലാ ഏജൻസികളും ചേർന്ന് 8,000 കോടി രൂപയെങ്കിലും ഈ തൊഴിൽ സംരംഭങ്ങൾക്കുവേണ്ടി വായ്പ നൽകും.

2022-23 മുതൽ സർക്കാർ നടത്തിവരുന്ന സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി 3,53,133 പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുകയും അവയിൽ 22,688.47 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ 7,49,712 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ ധനകാര്യസ്ഥാപനങ്ങളും സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളും വായ്പ നൽകിയിട്ടുണ്ട്.

148. മൈക്രോ സംരംഭങ്ങൾക്കുള്ള വായ്പാ നടപടികൾ ലഘൂകരിക്കുകയും സബ്സിഡിയോടു കൂടിയ ഏകീകൃതമായ പലിശ നിരക്ക് കൊണ്ടുവരികയും ചെയ്യും. കുടുംബശ്രീ ജില്ലാ മിഷനുകൾ പരിശോധിച്ച് പരിശീലനവും മേൽനോട്ടവും നൽകി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക്




എക്രോസ് ദി കൗണ്ടർ വായ്പ ലഭ്യമാക്കും. ഈട് ആവശ്യമില്ല. ആഴ്ച തിരിച്ചടവ് ആയിരിക്കും.

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് ഏകീകൃത പലിശനിരക്ക് നാല് ശതമാനമായി നിജപ്പെടുത്തി 16,757 കുടുംബശ്രീ സംരംഭങ്ങൾക്ക് 49.1 കോടി രൂപ വായ്പ നൽകി.

149. കുടുംബശ്രീയുടെ മൈക്രോസംരംഭങ്ങൾ ക്ലസ്റ്ററുകളായി സംഘടിപ്പിക്കുന്നതാണ്. സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട വിപണന ഏജൻസികൾ വിറ്റുവരവിന്റെ 10 ശതമാനമെങ്കിലും ഈ ക്ലസ്റ്ററുകളിൽ നിന്നോ കേരളത്തിലെ എം.എസ്.എം.ഇ മേഖലയിൽ നിന്നോ വാങ്ങണമെന്ന് നിഷ്കർഷിക്കും.

കണ്ണൂർ, മലപ്പുറം, തൃശൂർ, കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ കറിപ്പൊടി യൂണിറ്റുകളുടെ ക്ലസ്റ്റർ രൂപീകരിച്ച് ഏകീകൃത ബ്രാൻഡിൽ വിപണിയിൽ എത്തിച്ചിട്ടുണ്ട്. മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, സാമ്പാർ പൊടി, ചിക്കൻ മസാല, ഗരം മസാല, വെജ് മസാല, ഫിഷ് മസാല, പുട്ടുപൊടി, അപ്പം പൊടി, ആട്ട എന്നീ ഉൽപന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കറി പൗഡർ യൂണിറ്റുകളുടെ ജില്ലാതല ക്ലസ്റ്റർ രൂപീകരിച്ച് ഏകീകൃത ഉൽ

പാദന പ്രക്രിയയിലൂടെയാണ് ഉൽപ്പാദനം നടത്തുന്നത്. കൂടാതെ എല്ലാ ജില്ലയിലും ചിപ്സ് നിർമാണ യൂണിറ്റുകളുടെ കൺസോർഷ്യം ക്ലസ്റ്റർ മാതൃകയിൽ രൂപീകരിച്ച് ചിപ്സ്/ശർക്കര വരട്ടി എന്നീ ഉൽപന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്.

150. രണ്ടാമത്തേത്, പ്രത്യേക നൈപുണി പോഷണ പരിപാടി. കുടുംബശ്രീ, ബ്ലോക്ക് ട്രെയിനിംഗ് കേന്ദ്രങ്ങൾ, അസാപ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരാണ് പരിപാടിക്ക് രൂപം നൽകുക. ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിലിന് അല്ലെങ്കിൽ വേതനാധിഷ്ഠിത തൊഴിലിനുള്ള പ്രത്യേക സ്കീമുകൾ തയ്യാറാക്കുന്നതാണ്.

യുവകേരളം പദ്ധതി മുഖേന 6,729 പേർക്കും ഡി ഡി യു ജി കെ വൈ പദ്ധതി പ്രകാരം 77,717 പേർക്കും ഉൾപ്പെടെ 84,446 പേർക്ക് നൈപുണി പോഷണവും 58,325 പേർക്ക് തൊഴിലും നൽകി. സാഗർ മാല പദ്ധതിയിൽ 915 പേർക്ക് പരിശീലനവും 238 പേർക്ക് തൊഴിലും നൽകി. ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനങ്ങൾ (ആർസെറ്റി) മുഖാന്തിരം 13,542 പേർക്ക് പരിശീലനം നൽകി. 9,170 പേർക്ക് തൊഴിൽ ലഭ്യമാക്കി.

151. എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും സംരംഭക മാതൃകയിൽ ഒന്നോ അതിലധികമോ പ്ലംബർ, കാർപെന്റർ, ഇലക്ട്രീഷ്യൻ, മേസൺ, ഗാർഹികോപകരണങ്ങളുടെ റിപ്പയർ തുടങ്ങിയ പരിശീലനം സിദ്ധിച്ച സ്ത്രീകളുടെ മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കും. കോവിഡ് ഡിസ്ഇൻഫക്റ്റ് ടീമുകൾ, കെട്ടിട നിർമ്മാണ സംഘങ്ങൾ തുടങ്ങിയ തൊഴിൽ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.

എല്ലാ ബ്ലോക്കുകളിലും മൾട്ടി ടാസ്ക്ക് ടീമുകൾ രൂപീകരിച്ചു. പംബ്ലർ, കാർപന്റർ, ഇലക്ട്രീഷ്യൻ, ഗാർഹീകോപരണങ്ങളുടെ റിപ്പയറിയിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകി. 292 കെട്ടിട നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

152. മൂന്നാമത്തേത്, തൊഴിൽ ശൃംഖല. കുടുംബശ്രീയുടെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിലുള്ള ജനകീയ ഹോട്ടൽ, പച്ചക്കറി വിപണനശാലകൾ, ഹോം ഷോപ്പുകൾ, സേവനഗ്രൂപ്പുകൾ, നാളികേര സംഭരണ സംസ്ക്കരണ കേന്ദ്രങ്ങൾ, കോഓപ്പ് മാർട്ട് തുടങ്ങിയ സ്ഥാപനങ്ങളേയും സംരംഭങ്ങളേയും കണ്ണികളാക്കും. ഇവ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തും.

63 പച്ചക്കറി വിപണന ശാലകൾ ആരംഭിച്ചു. 6,200 ഹോം ഷോപ്പ് ഓണർമാർ പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 950 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.

153. അരി, വെളിച്ചെണ്ണ, ധാന്യമസാല പൊടികൾ, ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വികേന്ദ്രീകൃതമായി ഉൽപ്പാദിപ്പിച്ച് ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കും. ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകൾ പ്രോത്സാഹിപ്പിക്കും.

ആമസോൺ, ഫ്ളിപ്കാർട്ട് മുതലായ ഓൺലൈൻ വിപണന സംവിധാനങ്ങളിലൂടെ 672 കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. 'പോക്കറ്റ് മാർട്ട് ദി കുടുംബശ്രീ സ്റ്റോർ' മൊബൈൽ ആപ്പ് വികസിപ്പിച്ചു. 'ലഞ്ച് ബെൽ' ഓൺലൈൻ ഫുഡ് ഡെലിവറി സംവിധാനം ആരംഭിച്ചു. ഓപ്പൺ നെറ്റ്വർക്ക് ഡിജിറ്റൽ കൊമേഴ്സ് എന്ന ഏകീകൃത വിപണന സംവിധാനം വഴി 176 ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം സാധ്യമാക്കി. കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശൂർ ജില്ലകളിൽ ധാന്യ മസാല പൊടികൾ മേഖലയിൽ പ്രവർത്തിക്കുന്ന 110 സംരംഭകരുടെ 12 ഇനം ഉൽപ്പന്നങ്ങൾ സംസ്ഥാന തലത്തിൽ ഒരേ പായ്ക്കറ്റിൽ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിച്ചു.

154. വീടുകളിലോ വാണിജ്യ സ്ഥാപനങ്ങളിലോ ഇപ്പോൾ കല്യാണം പോലൊരു ചടങ്ങ് നടത്തുവാനുള്ള ഭാരിച്ച ചെലവും അധ്വാനവും കണക്കിലെടുത്ത്, പഞ്ചായത്ത് തലത്തിൽ പന്തൽ തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കും. പന്തലിൽ ഒരു സ്റ്റേജ്, ഭക്ഷണം നൽകാനുള്ള സ്ഥലം, ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടും. അർഹരായവർക്ക് സൗജന്യവും നൽകും. കുടുംബശ്രീയുടെ ഒരു ആക്റ്റിവിറ്റി ഗ്രൂപ്പായിരിക്കും ഈ പദ്ധതി നടപ്പാക്കുക.



കുടുംബശ്രീയുടെ നേതൃത്വത്തിൽ 77 ഇവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

## തൊഴിലുറപ്പ് പദ്ധതി

155. തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവരുടെ എണ്ണം 1,314 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായി ഉയർത്തും. ശരാശരി പ്രവൃത്തി ദിനങ്ങൾ 50-55ൽ നിന്ന് 75 ആയി ഉയർത്തും. ഇതു ലക്ഷ്യം വെച്ചുകൊണ്ട് ലേബർ ബജറ്റുകൾ ക്രമീകരിക്കും.

2023-24ൽ 16.61 ലക്ഷം പേർക്കും 2024-25ൽ 13.5 ലക്ഷം കുടുംബങ്ങൾക്കും തൊഴിൽ ലഭിച്ചു. ശരാശരി തൊഴിൽ ദിനങ്ങൾ 67.69 ആണ്. തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് 75 ദിവസമോ പരമാവധി 100 ദിവസമോ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിച്ചു. 3,21,285 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭ്യമാക്കി.

156. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധിക്ക് രൂപം നൽകിക്കഴിഞ്ഞു. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. പെൻഷനും റിട്ടയർമെന്റ് ബെനിഫിറ്റും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും. 75 ദിവസം തൊഴിലെടുത്ത മുഴുവൻപേർക്കും ഫെസ്റ്റിവെൽ അലവൻസിന് അർഹതയുണ്ടാകും.

തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആദ്യ യോഗം 2023 മാർച്ച് 1ന് ചേർന്നു. ക്ഷേമനിധി ബോർഡ് ആക്ട് 2021 നവംബർ 14ന് പാസാക്കി. 2022 ഡിസംബർ അഞ്ചിന് ഗസറ്റ് വിജ്ഞാപനം വഴി 2021 നവംബർ 15 മുതൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായി. പെൻഷനും മറ്റ് ആനുകൂല്യങ്ങളും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി. തൊഴിലാളികളെ എൻറോൾ ചെയ്യിക്കാനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കി. എൻറോൾമെന്റ് നടപടികൾ പുരോഗമിക്കുന്നു.

# അയ്യങ്കാളി പദ്ധതി

157. തൊഴിലുറപ്പു പദ്ധതി ഇന്ത്യയിൽ ഗ്രാമീണ മേഖലയിൽ മാത്രമാണുള്ളത്. ഇത് നഗരമേഖലയിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. അതുകൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അയ്യൻകാളി തൊഴിലുറപ്പു പദ്ധതി കേരളത്തിലെ നഗരങ്ങളിൽ ആരംഭിച്ചത്. അയ്യൻകാളി പദ്ധതിയുടെ അടങ്കൽ ഉയർത്തും.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2024-25 ൽ 165 കോടി രൂപയാണ് അനുവദിച്ചത്. തുക മുഴുവൻ ലഭ്യമായി. 2025-26 ൽ അത് 180 കോടി രൂപയായി വർധിപ്പിച്ചു. 2024-25 സാമ്പത്തികവർഷം 55276 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തത്. ഇവർക്കായി 21,63,107 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 1649350000 രൂപ ചെലവഴിക്കുകയും ചെയ്തു.

158. വിശേഷാൽ വൈദഗ്ധ്യമുള്ള അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെയും ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിപാടിക്ക് 2021-22ൽ രൂപം നൽകും. ഇവരെ സ്വകാര്യസംരംഭങ്ങളിൽ അപ്രന്റീസുകളായി/ഇന്റേണുകളായി ജോലി നൽകിയാൽ സംരംഭകർക്ക് തൊഴിലുറപ്പുകൂലി സബ്സിഡിയായി നൽകും.

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്കും വിദ്യാർത്ഥികൾക്കും തൊഴിൽ ലഭ്യതയ്ക്കാവശ്യമായ നൈപുണ്യ പരിശീലനവും അതിലൂടെ തൊഴിൽ ലഭ്യതയ്ക്കുള്ള മെച്ചപ്പെട്ട സാധ്യതകൾ ഒരുക്കുന്നതിനുള്ള പദ്ധതിയും പരിപാടികളും കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കിവരുന്നു.

# കാർഷിക തൊഴിലവസരങ്ങൾ

161. കുടുംബശ്രീയുടെ 70,000 സംഘകൃഷി ഗ്രൂപ്പുകളിൽ ഇന്ന് 3 ലക്ഷം സ്ത്രീകൾക്ക് പണിയുണ്ട്. 2021-22ൽ സംഘകൃഷി ഗ്രൂപ്പുകളുടെ എണ്ണം ഒന്നരലക്ഷമാക്കും. അധികമായി ഒന്നേകാൽലക്ഷം പേർക്ക് തൊഴിൽ നൽകും. ഈ സംഘങ്ങൾക്കെല്ലാം കാർഷികവായ്പ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കും. ബ്ലോക്കുതലത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചുകൊണ്ട് യന്ത്രപിന്തുണ ഉറപ്പു നൽകും.

നാലു മുതൽ 10 വരെയുള്ള കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടുന്ന സംഘ കൃഷി ഗ്രൂപ്പുകൾ (ജെഎൽജി) രൂപീകരിച്ചാണ് കുടുംബശ്രീ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കുറഞ്ഞത് 25 സെന്റും അതിൽ കൂടുതലും ഭൂമിയിൽ കൃഷി ചെയ്തു വരുന്ന ഗ്രൂപ്പുകൾക്ക് ബാങ്ക് ലോൺ ലഭ്യമാക്കുകയും കൃത്യമായ തിരിച്ചടവ് നടത്തുന്ന സംഘങ്ങൾക്ക് പലിശ സബ്സിഡിയും ഇൻസെന്റീവും അനുവദിക്കുകയും ചെയ്യുന്നു. ജൈവ കൃഷിയിൽ രജിസ്റ്റർ ചെയ്യുന്ന കൃഷി സംഘങ്ങൾക്ക് 10 ശതമാനം അധിക ഇൻസെന്റീവ് നൽകിവരുന്നു. ഭക്ഷ്യധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ, പച്ചക്കറികൾ, ഏത്തവാഴ കൃഷി, ഫലവർഗങ്ങൾ, വാഴ കൃഷി, വാണിജ്യാടിസ്ഥാനത്തിൽ പൂ കൃഷി, മത്സ്യ കൃഷി തുടങ്ങിയവയും സംഘകൃഷി ഗ്രൂപ്പുകൾ ചെയ്തുവരുന്നു. ഇതിലൂടെ പുതുതായി 24594 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുകയും 122970 ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. കൂടുതൽ കൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ നടന്നുവരുന്നു. ഈ സംഘങ്ങൾക്കെല്ലാം കൂടി 4.18 കോടി രൂപ കാർഷികവായ്പ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്കു തലത്തിൽ കാർഷിക കർമസേനകൾ രൂപീകരിച്ച് യന്ത്രപിന്തുണ ഉറപ്പുനൽകുന്ന പ്രവർത്തനം കാസർഗോഡ് ജില്ലയിൽ ആരംഭിച്ചു.

162. പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ കൃഷി പ്രോത്സാഹിപ്പിക്കും. ഇവയ്ക്ക് പിന്തുണ നൽകുന്ന രീതിയിൽ തൊഴിലുറപ്പു പ്രവൃത്തികൾ ഏറ്റെടുക്കും. കാർഷിക മേഖലയിൽ അഞ്ചുലക്ഷം പേർക്കെങ്കിലും അധികമായി തൊഴിൽ നൽകും.



കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്ത ത്തോടെ നടപ്പാക്കിവരുന്നു.

163. കർഷകത്തൊഴിലാളി ക്ഷേമനിധിക്കുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ കുടിശ്ശിക പൂർണമായും 2020-21ൽ നൽകും.

കുടിശ്ശിക ഘട്ടം ഘട്ടമായി തീർക്കാനുള്ള ഗ്രാന്റുകൾ സർക്കാർ അനുവദിച്ചുവരുന്നു. 2024-25 വരെ 135.76 കോടി രൂപ നൽകിയിട്ടുണ്ട്. 2025-26 ലെ ബജറ്റിൽ 100 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

## കയർ

164. കയർ വ്യവസായത്തിലെ ഉൽപാദനം 2015-16 ൽ 7,000 ടൺ ആയിരുന്നത് 28,000 ടണ്ണായി ഉയർന്നു. 2025 ആകുമ്പോഴേക്കും കയറുൽപാദനം 70,000 ടണ്ണായി ഉയർത്തും. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ യന്ത്രവൽക്കരണം പൂർണമാകും. ചകിരി മില്ലുകളുടെ എണ്ണം 500 ഉം, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ എണ്ണം 10,000 ഉം, ഓട്ടോമാറ്റിക് ലൂമുകളുടെ എണ്ണം 300 ഉം ആയി ഉയരും.

1,500 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു. 5 സംഘങ്ങളിൽ ഓട്ടോമാറ്റിക് മെഷീനുകൾ സ്ഥാപിക്കൽ പുരോഗമിക്കുന്നു. കയർ ഫെഡ്ന്റെ താവം, മാമ്പറ്റ യൂണിറ്റുക ളിൽ ആധുനിക ഡി.എഫ്. മെഷിനറികൾ സ്ഥാപിച്ചു. 4 കയർ സംഘങ്ങളിലും കയർഫെഡി ലുമായി 11 ഫുള്ളി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ചു. കയർ കോർപ്പറേഷനിൽ ആധുനിക സൗകര്യങ്ങളൊടെ പരിശീലന കേന്ദ്രം സ്ഥാപിച്ചു.

കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊണ്ടു. കയർ ഭൂവസ്ത്രം ഉൽപാദിപ്പി ക്കുന്നതിന് നിലവിലുള്ള ലൂമുകൾക്കുള്ളതിന്റെ ഇരട്ടി ഉൽപാദന ശേഷിയുള്ളതും വില കുറവുള്ളതുമായ മാഗ്നെറ്റിക് ലൂം കെ.എസ്.സി.എം.എം.സി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

രണ്ട് മാഗ്നറ്റിക്ക് ലൂമുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 500 ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷിനുകളും 10 ഡിഫൈബറിൻ മെഷിനുകളും നവീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആന്വൽ മെയ്ന്റനൻസ് കരാർ നൽകി. ഇതിനായി 1.47 കോടി രൂപ അനുവദിച്ചു. 2024-25 സാമ്പത്തിക വർഷം 10,318 ടൺ കയർ സംഭരിച്ചു.

165. ഈ സാങ്കേതിക മാറ്റം സഹകരണ സംഘങ്ങളുടെ മുൻകൈയിലാണ് നടക്കുന്നത് എന്നുള്ളതുകൊണ്ട് വ്യവസായത്തിൽ തൊഴിൽ നഷ്ടപ്പെടുന്നതു സംബന്ധിച്ച സംഘർഷം ഉണ്ടാവുകയില്ല. പരമ്പരാഗത രീതിയിൽ പണിയെടുക്കുന്നവരുടെ ഉൽപന്നങ്ങൾ മിനിമം കൂലി ഉറപ്പുവരുത്തുന്ന വിലയ്ക്ക് സർക്കാർ തുടർന്നും സംഭരിക്കുന്നതാണ്.

ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതുവഴി ഈ മേഖലയിൽ പണിയെടുക്കുന്നവർക്കുള്ള വരുമാനം ഉറപ്പുവരുത്താനുള്ള നടപടികളാണ് സർക്കാർ ഉറപ്പുവരുത്തുന്നു. ഓൺലൈൻ വഴിയും അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുമായും കരാറിൽ ഏർപ്പെട്ടുകൊണ്ട് കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. കയർഫെഡിന്റെ ഗോഡൗണുകളിൽ 22 എണ്ണത്തിലും കയർ കോർപ്പറേഷന്റെ 5 ഗോഡൗണിലും കെട്ടിക്കിടന്ന ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ ദിവസക്കൂലിയിലെ സർക്കാർ വിഹിതമായ 110 രൂപ അനുവദിച്ച് നൽകുന്നതിനായി വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ കീഴിൽ 53.24 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

166. കയർ മേഖലയിൽ ഉൽപന്ന വൈവിധ്യവത്കരണം ശക്തിപ്പെടുത്തും. ഉണക്കത്തൊണ്ടിന്റെയും ചകിരിച്ചോറിന്റെയും മൂല്യവർദ്ധിത ഉൽപന്നങ്ങൾ വ്യവസായത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കും. വിവിധതരം കയർ കോമ്പോസിറ്റുകളും കൃത്രിമ രാസവസ്തുക്കളൊന്നും ഉപയോഗിക്കാത്ത ബോർഡുകളും വലിയ തോതിൽ ഉൽപാദിപ്പിക്കും. കേരളത്തെ ജിയോ ടെക്സ്റ്റൈൽസിന്റെ ഹബ്ബായി മാറ്റും.

ഉണക്കത്തൊണ്ടിൽ നിന്നും ഹസ്ക് ചിപ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ, പിത്ത് പ്രോസസിംഗ് യൂണിറ്റുകൾ, ബൈൻഡർലെസ് ബോർഡ്, കയർ കോമ്പോസിറ്റ് ബോർഡ് എന്നിവ നിർമ്മക്കാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചു. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനായി സർക്കാർ ധനസഹായത്തോടെ കയർ കോർപ്പറേഷൻ ആരംഭിച്ച പരിശീലന പരിപാടി വഴി 300 പേർ പരിശീലനം പൂർത്തിയാക്കി. പുതിയ ഡിസൈനുകളും അതനുസരിച്ചുള്ള ഉത്പന്നങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ സഹകരണത്തിന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി കേരള സ്റ്റേറ്റ് കയർ കോർപറേഷൻ ധാരണാപത്രത്തിൽ ഒപ്പിട്ടു.

167. കയർ വ്യവസായത്തിന്റെ ചരിത്രപാരമ്പര്യത്തിലും കരവിരുതിലും വൈവിധ്യത്തിലും ഊന്നിക്കൊണ്ട് കയർ കേരള ബ്രാൻഡു ചെയ്യും. ഇതിന് ആലപ്പുഴയിൽ സ്ഥാപിക്കുന്ന കയർ മ്യൂസിയങ്ങൾ സുപ്രധാന പങ്കുവഹിക്കും.

മുസിരിസ് പ്രോജക്ട് ലിമിറ്റഡാണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണം നടത്തിവരുന്നത്. കയർഫെഡും കയർ കോർപ്പറേഷനും മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘങ്ങളും മ്യൂസിയത്തിന്റെ ഭാഗമാണ്. സിവിൽ വർക്കുകൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

168. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് ഇന്ത്യയിലെ കൺസ്യൂമർ ചെയിൻ സ്റ്റോറുകളുമായി ബന്ധം സ്ഥാപിക്കും. റോഡ്, മണ്ണുജല സംരക്ഷണം, ഖനികൾ, ഹിമാലയൻ മലഞ്ചരിവുകൾ, റെയിൽവേ, പ്രതിരോധം, എന്നിവിടങ്ങളിലെല്ലാം ജിയോ ടെക്സ്റ്റൈൽസ് ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

പ്രധാന റീറ്റെയ്ൽ കൺസ്യൂമർ ചെയിൻ നെറ്റ്‌വർക്കുകൾ വഴി ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചു. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിനുള്ള



നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഡീഷയിലെ ഖനിയിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം, 2024 മാർച്ച് വരെ 60 ലക്ഷം ച.മീറ്ററും 2025 ജനുവരി വരെ 41 ലക്ഷം ച.മീറ്ററും കയർ ഭൂവ സ്ത്രം വിതരണം ചെയ്തു.

169. ഇതിന്റെയെല്ലാം ഫലമായി യന്ത്രവത്കൃത മേഖലയിൽ പുതുതായി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും. കയർപിരി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീമിന്റെ സഹായത്തോടെ 300 രൂപ പ്രതിദിനം വാങ്ങിക്കൊണ്ടിരുന്ന സ്ഥാനത്ത് സബ്സിഡിയില്ലാതെ ശരാശരി 500-600 രൂപയായി തൊഴിലാളിയുടെ വരുമാനം ഉയരും.

2022-23 ൽ 500 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീൻ (എ.എസ്.എം) സ്ഥാപിച്ചത് വഴി 550 തൊഴിലവസരം സൃഷ്ടിച്ചു. ഓട്ടോമേറ്റഡ് സ്പിന്നിംഗ് മെഷീനുകളുടെ പ്രോഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷം 13.58 കോടി രൂപ 18,847 തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് പദ്ധതിയിൽ വിതരണം ചെയ്തു. 2024-25 സാമ്പത്തിക വർഷം 12.494 കോടി രൂപ 14,061 തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് പദ്ധതിയിൽ വിതരണം ചെയ്തു.

170. കയർ സഹകരണ സംഘങ്ങളിൽ 2015-16 ൽ ശരാശരി വരുമാനം പ്രതിവർഷം 13,380 രൂപയായിരുന്നത് 2021-22 ൽ 50,000 രൂപ കവിഞ്ഞു. ഇത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഒന്നര ലക്ഷം രൂപയായെങ്കിലും ഉയർത്തും.

2022-23 വർഷം പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയിൽ 10.5 കോടി രൂപ കയർ സംഘങ്ങൾക്കായി അനുവദിച്ചു. 2023-24 വർഷം ഉൽപാദനവും വിപണന പ്രചോദനവും പദ്ധതിയിൽ 8.28 കോടി രൂപയും 2024-25ൽ 6.4003 കോടി രൂപയും വിതരണം ചെയ്തു.

171. 2020-21 ലെ വെർച്വൽ കയർ മേളയിൽ 750 കോടി രൂപയുടെ ഓഡറുകൾ ലഭിച്ചു. കയർ മേള കൂടുതൽ ആകർഷകവും വിപുലവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

പരമ്പരാഗത മേഖലയിലെ ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം സംബന്ധിച്ച ആശയ

ങ്ങൾ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ അവതരിപ്പിച്ചു. നാഷണൽ ഹൈവേകളുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചു.

172. കയർ ഗവേഷണം വിപുലപ്പെടുത്തും. ഇതിനായി രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഉതകുംവിധം എൻ.സി. ആർ.എം.ഐ യെ ശക്തിപ്പെടുത്തും.

നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രമുഖ ഗവേഷണ സ്ഥാപനങ്ങളായ വാഗനിംഗൻ യൂണിവേഴ്സിറ്റി നെതർലാന്റ്, എൻ.ഐ.ഐ.എസ്.റ്റി.സി.എസ്.ഐ-.ആർ, സി.ഡബ്ല്യു.ആർ.ഡി.എം, കുസാറ്റ് എന്നിവയുമായി ചേർന്ന് കയർ വ്യവസായ മേഖലയ്ക്ക് ആവശ്യമായ നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചു. അക്വാസ്റ്റിക് പാനൽ, ബൈന്റർ ലെസ്സ് ബോർഡ്സ്, കയർ കംപോസൈറ്റ് ബോർഡ്സ് എന്നീ ഉൽപ്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.സി. ആർ.എം.ഐ ആഭ്യന്തര ഗേവഷണ പ്രവർത്തനങ്ങളുടെ ഭാഗമായി മൊബൈൽ ടെന്റർ കോക്കനട്ട് ക്രഷിംഗ് മെഷീൻ, പിയാറ്റ്കോൾ ഡോട്ട്സ്, ക്രഷ്ഡ് ടെന്റർ കോക്കനട്ട്, പോട്ടിംഗ് ഫില്ലർ ടെക്നോളജി എന്നിവ വികസിപ്പിച്ചെടുത്തു.

പുതിയതായി വികസിപ്പിച്ചെടുത്ത കയർ കൊണ്ടുള്ള ഗ്രോബാഗായ ഇ-കയർ ബാഗ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ ഫോമിലിന് കൈമാറി. ഖരമാലിന്യ സംസ്കരണത്തിന് വീടുകളിൽ ഉപയോഗിക്കാൻ കഴിയുന്ന ആക്ടീവ്പീറ്റ് എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തു. കയർഫെഡ് / കെ.എസ്.സി.സി / കെ.സി.സി.പി.എൽ / ഡി.എഫ് യൂണിറ്റുകൾ മുഖാന്തിരം ഇതിന്റെ വ്യവസായികാടിസ്ഥാനത്തിലുള്ള ഉൽപാദനം നടക്കുന്നു. എൻ.ഐ.ഐ.എസ്.റ്റി.സി.എസ്.ഐ.ആറുമായി ചേർന്ന് ബൈൻഡർലസ്സ് ബോർഡ്, ഇലക്ട്രിക്കൽ ഇൻസുലേറ്റർ എന്നിവ വികസിപ്പിച്ചു. പേറ്റന്റിംഗ് നടപടികൾ നടന്നുവരുന്നു. കയർ ഗ്രോബാഗ് നിർമ്മാണ സാങ്കേതിക വിദ്യ വാണിജ്യവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു.

## കശുവണ്ടി

173. കശുവണ്ടി കോർപറേഷനിലും കാപ്പെക്സിലുമായി അയ്യായിരം പേർക്ക് അധികമായി തൊഴിൽ നൽകി. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പതിനായിരം പേർക്കുകൂടി തൊഴിൽ നൽകും. ഫാക്ടറികൾ നവീകരിക്കുകയും ആധുനീകരിക്കുകയും ചെയ്യും. മിനിമം കൂലി പരിഷ്കരിക്കും.

ഫാക്ടറികളിൽ ആധുനികവത്ക്കരണവും നവീകരണവും നടത്തുന്നതിന് തുക അനുവദിച്ചു. 561 പേർക്ക് പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 415 കട്ടിംഗ് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ടെസ്റ്റ് വർക്ക് പൂർത്തീകരിച്ചു. കശുവണ്ടി വികസന കോർപ്പറേഷനും ക്യാപെക്സും വഴി 785 പേർക്ക് തൊഴിൽ നൽകി. മിനിമം കൂലി 23% വർദ്ധിപ്പിച്ച് നൽകി. യന്ത്രവൽക്കരണം ഭാഗികമായി നടപ്പിലാക്കി.

174. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ബോർഡു വഴി പ്രതിവർഷം 30,000-40,000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യും. ആഫ്രിക്കൻ രാജ്യങ്ങളുമായി സംയുക്ത ബ്രാൻഡ് നെയിമിൽ കൊല്ലത്ത് കശുവണ്ടിപ്പരിപ്പ് സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായും.

ആശാവഹമായ പ്രതികരണമാണ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളത്. 78,182 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും വിതരണം ചെയ്തു. ഘാനയിൽ നിന്നും 5,000 മെട്രിക്ക് ടൺ തോട്ടണ്ടിയും ഐവറികോസ്റ്റിൽ നിന്നും 5,000 മെട്രിക്ക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്യാനുള്ള കരാറിൽ ഒപ്പുവെച്ചു. കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് അനുവദിച്ച 43.55 കോടി രൂപയ്ക്ക് പുറമേ 33 കോടി രൂപ കൂടി അനുവദിച്ചു.



2025-26 സാമ്പത്തിക വർഷം കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നായി 20,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

175. സ്വകാര്യ കശുവണ്ടി വ്യവസായികളെ പ്രോത്സാഹിപ്പിക്കും. അവർക്കുള്ള പലിശ സബ്സിഡി തുടരും. ബാങ്കുകളുമായി ചർച്ച ചെയ്ത് റിവൈവൽ പാക്കേജിനു രൂപം നൽകും.ഇത്തരം ഫാക്ടറികളിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് സ്വകാര്യ വ്യവസായികൾക്ക് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022-23 ൽ 37 കോടി രൂപ അനുവദിച്ചു. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഹ്രസ്വകാല പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും 2 കോടി രൂപ നൽകി. തൊഴിലുടമ തൊഴിലാളികൾക്കായി നൽകിയ ഇ.എസ്.ഐ / പി.എഫിന്റെ തിരിച്ചടവിനായി 20 കോടി രൂപയും സ്ത്രീസൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 5 കോടി രൂപയും ഷെല്ലിംഗ് വിഭാഗങ്ങളിലെ നവീകരണത്തിന് 5 കോടി രൂപയും വകയിരുത്തി. സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പലിശ സബ്സിഡി പദ്ധതി വഴി 2022-23 വർഷം 220 ലക്ഷം രൂപ വിവിധ സംരംഭകർക്കായി അനുവദിച്ചു. 2023-24 സാമ്പത്തിക വർഷം 43.53 ലക്ഷം രൂപ വിതരണം ചെയ്തു. അടഞ്ഞു കിടന്ന ഫാക്ടറികൾ പ്രവർത്തിപ്പിച്ച് കശുവണ്ടി മേഖലയെ പുനരുജ്ജീവിപ്പിക്കാനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാനുമായി 'വൺ ടൈം സെറ്റിൽമെന്റ്' പദ്ധതി നടപ്പിലാക്കി. ചരിത്രത്തിൽ ആദ്യമായി ഇ.എസ്.ഐ-ഇ.പി.എഫ് തിരിച്ചടവ്, സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, ഷെല്ലിംഗ് വിഭാഗങ്ങളിലെ നവീകരണം എന്നിവയ്ക്ക് 200 ലക്ഷം രൂപ വിതരണം ചെയ്തു. സ്വകാര്യ കശുവണ്ടി വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിന് പലിശ സബ്സിഡിയായി 80 ലക്ഷം രൂപ വിതരണം ചെയ്തു.

176. ഉൽപാദനക്ഷമതയേറിയ ഹൈബ്രിഡ് ഇനങ്ങൾ ഉപയോഗപ്പെടുത്തി കശുവണ്ടി കൃഷി വ്യാപിപ്പിക്കും. തെങ്ങിന് ഇടവിളയായി ഉപയോഗിക്കാനുതകുന്ന കുള്ളൻ ഇനങ്ങളാണ് നടുക.

അധികം പൊക്കം വയ്ക്കാത്തതും പടരാത്തതും നിയന്ത്രിച്ച് വളർത്താവുന്നതുമായ ഉൽ പ്പാദനക്ഷമതയേറിയ കശുമാവ് തൈകൾ തെങ്ങിന് ഇടവിളയായും മറ്റു വിളകൾക്ക് ഉപ യോഗപ്പെടുത്താൻ സാധിക്കാത്ത സ്ഥലങ്ങളിലും തരിശ് ഭൂമിയിലും നട്ടുപിടിപ്പിച്ച് ആഭ്യന്ത രോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2024-25 സാമ്പത്തിക വർഷം കശുമാവ് കൃഷി പ്രോത്സാഹനത്തിന് നോർമൽ ഡെൻസിറ്റി, ഹൈ ഡെൻസിറ്റി, അൾട്രാ ഹൈ ഡെൻസിറ്റി എന്നീ നൂതന കൃഷി രീതികൾ അവലംബിച്ചു. 2009.09 ഹെക്ടർ കൃഷിക്കായി 5,11,192 കശുമാവ് തൈകൾ സൗജന്യമായി വിതരണം ചെയ്തു. കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് തോട്ടങ്ങളിൽ തേനീച്ച വളർത്തൽ പദ്ധതി നടപ്പി ലാക്കി.

## കൈത്തറി

177. കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച ഏറ്റവും സുപ്രധാന നടപടി സ്കൂൾ യൂണിഫോം പദ്ധതിയാണ്. ഈ സ്കീം ശക്തിപ്പെടുത്തും. സമയത്ത് സംഘങ്ങൾക്ക് പണം നൽകും എന്നുറപ്പു വരുത്തും.

2021-22 ൽ 9.60 ലക്ഷം കുട്ടികൾക്കായി 42.10 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തു. 99.40 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു. പദ്ധതിയുടെ ഭാഗമായി 6,200 നെയ്ത്തുകാർ പ്രവർത്തിച്ചു. 2022-23 ൽ 9.34 ലക്ഷം കുട്ടികൾക്കായി 42 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തു. 99.09 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു. പദ്ധതിയുടെ ഭാഗമായി 6,222 നെയ്ത്തുകാർ പ്രവർത്തിച്ചു. 2023-24 ൽ 9 ലക്ഷം കുട്ടികൾക്കായി 39.80 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം ചെയ്തു. 81.26 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു. 2024-25 ൽ 9 ലക്ഷം കുട്ടികൾ ക്കായി 40 ലക്ഷം മീറ്റർ യൂണിഫോം തുണിയുടെ ഉൽപ്പാദനം പുരോഗമിക്കുന്നു. പദ്ധതിയു ടെ ഭാഗമായി 6,152 നെയ്ത്തുകാർ പ്രവർത്തിച്ചുവരുന്നു.

178. കൈത്തറി റിബേറ്റ് കേന്ദ്ര സർക്കാർ നിർത്തലാക്കി. കേരളത്തിൽ റിബേറ്റ് സമ്പ്രദായം തുടരും. കൂടുതൽ ദിവസം റിബേറ്റ് അനുവദിക്കും.

2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ 168 റിബേറ്റ് ദിനങ്ങൾ അനു വദിച്ചു. 2022-23 ൽ 7,31,16,113 രൂപയും, 2023-24 ൽ 7,41,27,594 രൂപയും 2024-25ൽ 6,62,77,752 രൂപയും റിബേറ്റ് ഇനത്തിൽ വിതരണം ചെയ്തു.

179. നൂലിന്റെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കഴിനൂൽ സുലഭമാക്കുന്നതിനും കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമാണകേന്ദ്രങ്ങൾ സ്ഥാപിക്കും. സ്പിന്നിംഗ് മില്ലുകളിൽ ഹാങ്ങിയാൺ (കഴിനൂൽ) ഒരു നിശ്ചിത ശതമാനം ഉൽപാദിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും.

സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് മാൽകോടെക്സ്, കോമളപുരം സ്പിന്നിംഗ് മില്ലുകളിൽ കൈത്തറിയ്ക്ക് ആവശ്യമായ നൂൽ ഉൽപ്പാദിപ്പിക്കുന്നു.

180. സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്കു കൂടുതൽ പണം ലഭ്യമാക്കും. ബിനാമി സംഘങ്ങളെ നീക്കം ചെയ്യും.

കെൽട്രോണുമായി ചേർന്ന് കൈത്തറി സംഘങ്ങളുടെ ജിയോ ടാഗിംഗ് പൂർത്തിയാക്കുന്ന തിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ചു.

181. ഹാൻവീവും ഹാൻടെക്സും സമൂലമായി പുനഃസംഘടിപ്പിക്കും. വിപണന ശൃംഖല ആകർഷകമാക്കും. ആർട്ടിസാൻസിനുള്ള പൊതുസൗകര്യങ്ങൾ സൃഷ്ടിക്കും.

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിന് കെ-ഷോപ്പി ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചു. ഹാൻവീവിന് മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്ന



തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് നടപ്പിലാക്കി.

182. കൈത്തറി ഉൽപ്പന്നങ്ങളെ ഏറ്റവും ആകർഷകമായി രൂപകൽപ്പന ചെയ്യുന്നതിനും പുതുതലമുറയെ ആകർഷിക്കുന്ന ഡിസൈൻ രൂപീകരണത്തിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി സംസ്ഥാന തലത്തിൽ സീനിയർ ഡിസൈനർമാർ ഉൾക്കൊള്ളുന്ന ഉപദേശകസമിതി രൂപീകരിക്കും.

കൈത്തറി ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ നിശ്ചിത നിലവാരം ഉറപ്പുവരുത്തുന്നതിനും ഉല്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിനുമായി 'കേരള കൈത്തറി മുദ്ര' തയ്യാറാക്കി. 34 സംഘങ്ങൾ രജിസ്റ്റർ ചെയ്തു. വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ ഷർട്ടുകൾ ഹാന്റെക്സ് വിപണിയിലിറക്കി. 4 ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഖാദി

183. ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കും. ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തും. റെഡിമെയ്ഡ് ഉൽപന്നങ്ങളിലേയ്ക്കുള്ള വൈവിദ്ധ്യവത്കരണം ശക്തിപ്പെടുത്തും. ഇതിന് ആധുനിക ഡിസൈൻ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തും. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനുള്ള പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തും. വരുമാന ഉറപ്പുപദ്ധതി വിപുലപ്പെടുത്തും.

ഖാദി നൂൽപ്, നെയ്ത്ത് (ചർക്ക, തറി) ഉപകരണങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് 10 ചർക്കകളുടെ നിർമ്മാണം പൂർത്തിയായി. ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും യന്ത്രവൽക്കരണത്തിനും സൗരോർജ്ജം ഉപയോഗപ്പെടുത്തു ന്നതിനുള്ള സാധ്യതാ റിപ്പോർട്ട് പരിശോധനയിലാണ്. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഒട്ടുമിക്ക ജില്ലകളിലും ആധുനിക രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നെയ്ത് വിപണിയിലിറക്കി. കസവ് സെറ്റുമുണ്ടും വിപണിയിലിറക്കി. ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു.

ഖാദിയുടെ വൈവിദ്ധ്യമാർന്ന റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ ടോപ്പുകൾ, കുഞ്ഞുടുപ്പുകൾ, ജുബ്ബകൾ എന്നിവ 'പാപ്പിലിയോ' എന്ന ബ്രാന്റിൽ ലഭ്യമാക്കി. ആദ്യമായി ഖാദി കസവ് സാരികളും, 'കേരള ഖാദി സ്പൈസസ്' എന്ന പേരിൽ ഗ്രാമ വ്യവസായ ഉൽപന്നമായ സുഗന്ധവ്യഞ്ജനവും വിപണിയിലിറക്കി. ആയുർവേദ സസ്യങ്ങൾ, പഴങ്ങൾ, മറ്റ് പ്രകൃതിദത്ത സ്രോതസ്സുകൾ എന്നിവയിൽ നിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോഗിച്ച് പ്രകൃതിദത്ത നിറമുള്ള 'നാച്വറൽ സ്കിൻ കെയർ' ഖാദി വസ്ത്രങ്ങൾ ഉൽപാദിപ്പിച്ച് വിപണിയിലിറക്കി. 'സുഷുപ്തി' എന്ന പേരിൽ രണ്ടായിമടക്കി ഉപയോഗിക്കാവുന്ന പഞ്ഞിമെത്ത നിർമ്മിച്ച് വിപണിയിലിറക്കി.

ഖാദി പ്രചരണം വിപുലപ്പെടുത്തി. ബുധനാഴ്ച്ച ദിവസം ഖാദി / കൈത്തറി വസ്ത്രം ധരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളുടെ മേലധികാരികളെ നേരിൽകണ്ട് ഖാദി പ്രചരണത്തിനായി എക്സിബിഷൻ / സെയിൽസ് എന്നിവ നടത്തിവരുന്നു. മെഡിക്കൽ മേഖലയിലെ ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ്, പാരാമെഡിക്കൽ വിദ്യാർത്ഥികൾ തുടങ്ങിയ ആരോഗ്യ പ്രവർത്തകർക്ക് ഖാദി ഓവർക്കോട്ടുകൾ നൽകിവരുന്നു. വിപണനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിശേഷാവസരങ്ങളിൽ ഖാദി വിൽപ്പനയ്ക്ക് 30% വരെ റിബേറ്റ് അനുവദിച്ചുകൊണ്ട് ഖാദി മേളകൾ സംഘടിപ്പിക്കുന്നു. 'ഖാദി ശബരി കിറ്റ്' പുറത്തിറക്കി. പുതിയതായി ആറ് ഷോറൂമുകൾ ആരംഭിച്ചു. ഖാദി വസ്ത്രങ്ങളുടെ വിൽപ്പനയ്ക്ക് വിദേശത്തും അവസരം ഒരുക്കി. ആദ്യമായി ദുബായിലാണ് പരിപാടി സംഘടിപ്പിച്ചത്. ദുബായ്, അബുദാബി, ജർമ്മനി, യു.എസ്, ഷാർജ എന്നിവടങ്ങളിലേയ്ക്ക് ഖാദി വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്നു. ഖാദി ബോർഡിന്റെ ഓൺലൈൻ ഷോപ്പിംഗ് കാർട്ടായ 'ഖാദി കേരള' മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. ഈ സംവിധാനം പ്രയോജനപ്പെടുത്തിയുള്ള ഖാദി ഉൽപ്പന്ന വിപണനത്തിന് 2024ലെ ഓണക്കാലത്ത് തുടക്കംക്കുറിച്ചു.

184. ഖാദി ഗ്രാമീണ വ്യവസായ സംഘങ്ങളെ പുനഃസംഘടിപ്പിക്കും. സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

ഖാദി ബോർഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 48 സംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചു. 43 സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 447 സംഘങ്ങളിൽ അഡ്മിനിട്രേറ്റർമാരെ നിയമിച്ചു. 75 സംഘങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4 സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു. സംരംഭകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കു ന്നതിനായി 2023 ഒക്ടോബർ 09 മുതൽ 20 വരെ കുടിശ്ശിക നിവാരണ അദാലത്തുകൾ നടത്തി. പിഴപ്പലിശ ഒഴിവാക്കിയും പലിശയിൽ ഇളവ് നൽകിയുമാണ് അദാലത്ത് നടത്തിയത്.

185. 15 ലക്ഷം ഉപജീവനത്തൊഴിലുകളുമായി ബന്ധപ്പെടുത്തി പതിനായിരം ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കും.

ഗ്രാമീണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തൊഴിൽദായക പദ്ധതികളുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3,283 യൂണിറ്റുകൾ പുതുതായി ആരംഭിച്ചു. ഇതുവഴി 11,752 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

## മറ്റു പരമ്പരാഗത വ്യവസായങ്ങൾ

186. കേരള ആർടിസാൻ ഡെവലപ്മെന്റ് കോർപറേഷൻ പ്രാദേശിക ആർടിസാൻ യൂണിറ്റുകളുടെ അംബ്രല്ലാ സംവിധാനമായി വികസിപ്പിക്കും.

19,533 പേർ കാഡ്കോയുടെ ലേബർ ഡേറ്റ ബാങ്ക് മൂഖേന ആർട്ടിസാൻസ് രജിസ്ട്രേഷൻ നടത്തി. രജിസ്ട്രേഷൻ നടപടികൾ തുടരുന്നു.



187. കരകൗശല വികസന കോർപറേഷൻ റോ മെറ്റീരിയൽ ബാങ്കും ഹാൻഡി ക്രാഫ്റ്റ് ഡിസൈൻ സെന്ററും ആരംഭിക്കും. കെൽപാം വൈവിദ്ധ്യവത്കരിക്കും. പനയുൽപ്പന്ന സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ വൈവിധ്യവൽക്കരണ പാക്കേജുകൾ നടപ്പിലാക്കും. പ്രീമിയം ഉൽപന്നശാലകൾ ആരംഭിക്കും. വർക്ക് ഷെഡുകൾ നവീകരിക്കും.

കെൽപാമിന്റെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി വിവിധതരത്തിലുള്ള 7 കോള ഉത്പന്നങ്ങൾ ആരംഭിച്ചു. ജാഗറി യൂണിറ്റിന് ഭരണാനുമതി ലഭിച്ചു. ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് സെമി ഓട്ടോമാറ്റിക്ക് ഫില്ലിംഗ് മെഷീൻ സ്ഥാപിച്ച് പ്രതിദിനം 400-450 കേസ്സാക്കി ഉയർത്താനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

188. കർഷകർ / തൊഴിലാളികൾ / കരകൗശലത്തൊഴിലാളികൾ എന്നിവർക്ക് ന്യായമായ വേതനം / വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും ഫെയർ ട്രേഡ് മാർക്കറ്റുകളിൽ വിപണി കണ്ടെത്തുന്നതിനും കേരള ഫെയർ ട്രേഡ് കോർഡിനേഷൻ അതോറിറ്റി ഉണ്ടാകും. ഇത് ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തേതായിരിക്കും.

തുടർനടപടികൾ പരിശോധനയിലാണ്.

189. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പുനഃസംഘടന പൂർത്തിയാക്കും. ബാംബൂ പ്ലൈവുഡിന്റെ വിപുലമായ ഉൽപാദന ഫാക്ടറി സ്ഥാപിക്കും. അതുവഴി പനമ്പു നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിയും.

ടൈൽസ്, ലംബർ, ബാംബൂ പ്ലൈ എന്നിവയുടെ ഉത്പാദനം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച് വരുന്നു. ആധുനികവൽക്കരിക്കുന്നതിന് മെഷിനറികൾ നവീകരിക്കുന്നതിനായി ബജറ്റിൽ 4 കോടി രൂപ വകയിരുത്തി.

190. തൊഴിലുറപ്പ് പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി മുള വച്ചുപിടിപ്പിക്കുന്നത് വ്യാപകമാക്കും. മരത്തിനു പകരം മുള എന്ന സമീപനത്തെ കെട്ടിട നിർമ്മാണത്തിൽ പ്രോത്സാഹിപ്പിക്കും.

മുളപ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷൻ പദ്ധതി പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന 14 ജില്ലകളിൽ 111.59 ഏക്കറിൽ മുളകൾ നട്ടു പിടിപ്പിച്ചു.

191. തെങ്ങിൻതടി സംസ്കരണ ഫാക്ടറികൾ ആരംഭിക്കും.

കുറ്റ്യാടി കെ.എസ്.ഐ.ഡി.സി നാളികേര വ്യവസായ പാർക്കിൽ തെങ്ങിൻതടി സംസ്കരണ ഫാക്ടറി സ്ഥാപിക്കൽ നടപടികൾ പുരോഗമിക്കുന്നു.

192. കുട്ട, പായ, പനമ്പ് നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളെ സംരക്ഷിക്കുന്ന നടപടി സ്വീകരിക്കും.

മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല പ്രവർത്തകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിന് സൗകര്യമൊരുക്കൽ ലക്ഷ്യമിട്ട് വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. ദേശീയ - അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം സംസ്ഥാന ബാംബൂ മിഷൻ ഒരുക്കിക്കൊടുക്കുന്നു.

193. ഡാമുകൾ വ്യാപകമായി ഡീസിൽറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിലെ ചെളി കളിമൺ വ്യവസായത്തിന് ഉപയോഗപ്പെടുത്തും. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ചെളി ലഭ്യമാക്കും. മൺപാത്രങ്ങളും മറ്റു കളിമൺ ഉൽപന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

മീങ്കര, ചുള്ളിയാർ, വാളയാർ, മംഗലം , മലമ്പുഴ, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി, ചിമ്മിനി, മലങ്കര എന്നീ ജലസേചന പദ്ധതികളുടെ ഡാമുകളിലാണ് ഡീസിൽറ്റേഷൻ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. നെയ്യാർ, തെന്മല ഡാമുകളിൽ പഠനം നടത്തി റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കി. 50 കോടി രൂപ ചെലവിൽ മീങ്കര അണക്കെട്ടിലെ അടിഞ്ഞ ചെളി നീക്കാൻ പദ്ധതി തയ്യാറായി. കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെംഡൽ) പ്രവൃത്തികൾക്ക് നേതൃത്വം നൽകുന്നു. വാളയാർ ഡാമിലെ ചെളിയെടുക്കൽ ത്വരിതഗതിയിൽ നടന്നുവരുന്നു. കെംഡൽ ആണ് പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്.

196. ടോഡി ബോർഡ് രൂപീകരിച്ചു. 2021ൽ പ്രവർത്തനക്ഷമമാകും. കള്ളുഷാപ്പുകൾ നവീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും പ്രോട്ടോക്കോളിന് രൂപം നൽകുകയും സംരംഭകർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുകയും ചെയ്യും. വ്യാജമദ്യത്തിനെതിരെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. ചെത്തു വ്യവസായത്തിന് അനുയോജ്യമായ പൊക്കം കുറഞ്ഞ സങ്കരയിനം തെങ്ങുകൾ നടുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകും.

ടോഡിബോർഡ് രൂപീകരിച്ച് 20.03.2024 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 05.03.2025 മുതൽ പുതിയ ഓഫീസിലേക്ക് മാറുകയും ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. കള്ള് ഷാപ്പ് നവീകരണത്തിനുള്ള പ്രോട്ടോക്കോൾ പ്രോജക്ട് റിപ്പോർട്ടായി തയ്യാറാക്കിവരുന്നുണ്ട്. കള്ള് ചെത്ത് വ്യവസായ മേഖലയിൽ ആധുനികവൽക്കരണം കൊണ്ടുവരുന്നതിനും കള്ള് സംസ്കരിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

197. വഴിയോര / തെരുവ് കച്ചവടത്തിന് പ്രത്യേക മേഖലകൾ അനുവദിക്കും.

കാസർകോഡ്, കൊയിലാണ്ടി നഗരസഭകളിൽ വഴിയോര / തെരുവ് കച്ചവടത്തിന് പ്രത്യേക മേഖലകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ നിർമ്മാണം നടന്നുവരുന്നു.



## കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോർ

198. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകളുടെ ശൃംഖല ആരംഭിക്കും. ഈ കടകളിൽ കേരളത്തിലെ പരമ്പരാഗത തൊഴിലാളികളുടെ ഉൽപ്പന്നങ്ങളായ കയർ, കളിമൺ പാത്രങ്ങൾ, കൈത്തറി ഫർണിഷിംഗ്, പനമ്പ്, കെട്ടുവള്ളി തുടങ്ങിയ എല്ലാവിധ ഉൽപന്നങ്ങളും ലഭ്യമായിരിക്കും. അതോടൊപ്പം ഇവ കുടുംബശ്രീയുടെ ഹോംഷോപ്പി കേന്ദ്രങ്ങളുമായിരിക്കും. പരമ്പരാഗത മേഖലകൾക്ക് ഇതു വലിയ ഉത്തേജനമാകും.

**അഞ്ച് കയർ ആന്റ് ക്രാഫ്റ്റ് സ്റ്റോറുകൾ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'കുടുംബശ്രീ ഷോപ്പി' വിപണന കേന്ദ്രങ്ങൾ ആരംഭിച്ചു.**

199. കൈത്തൊഴിലുകാർക്കു വേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കും. വിവിധ ക്രാഫ്റ്റുകളെ അണിനിരത്തിക്കൊണ്ട് വെർച്വൽ എക്സിബിഷനുകൾ സംഘടിപ്പിക്കും. മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന മുറയ്ക്ക് മികവുറ്റ കരകൗശല ഉത്പന്നങ്ങൾ / ഉത്പാദകർ എന്നിവർക്ക് വിപണന സൗകര്യമൊരുക്കും.

**ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മൾട്ടിട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ മൾട്ടിട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**

200. കേരളത്തിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കും. കൈവേലക്കാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും ഉൽന്നങ്ങൾ വിപണനം നടത്തുന്നതിനും ഇതുവഴി കഴിയും.

**കോവളത്ത് ക്രാഫ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പ്രൊവിഷൻ നൽകിയിട്ടുണ്ട്. സാധ്യത**

യുള്ള ഇതര സ്ഥലങ്ങളിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

201. പരമ്പരാഗത വ്യവസായ ഉൽപന്നങ്ങളുടെ വിപണനത്തിന് ഫെയർ ട്രേഡ് ചാനലുകളെ ഉപയോഗപ്പെടുത്തും. പ്രധാന പരമ്പരാഗത വ്യവസായങ്ങളെ ഹെറിറ്റേജ് സ്കിൽ ആയി പ്രഖ്യാപിച്ച് സംരക്ഷിക്കും. ഹെറിറ്റേജ് ഹോട്ടലുകളിൽ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ മിനിമം തോതിലെങ്കിലും നിർബന്ധമാക്കും.

പാരമ്പര്യമായി ചെയ്തുവരുന്ന കരകൗശല മേഖലയിൽ പെടുന്ന തൊഴിലുകൾ പരമ്പരാഗത തൊഴിലുകളാക്കി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വിവിധ തരം പദ്ധതികൾ കെബിപ് മുഖാന്തിരം നടപ്പിലാക്കിവരുന്നു. എല്ലാ വർഷവും ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു.

## നിർമ്മാണമേഖല

202. നിർമ്മാണ മേഖലയിലെ മണൽ, കല്ല്, സിമെന്റ്, സ്റ്റീൽ തുടങ്ങിയവയുടെ ക്ഷാമവും വിലക്കയറ്റവും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും. ഡാമുകളിലെ ആവാഹശേഷി വർദ്ധിപ്പിക്കുന്നതിനായി മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനം വിപുലപ്പെടുത്തും.

കെംഡലിന്റെ നേതൃത്വത്തിൽ മീങ്കര, വാളയാർ ഡാമുകളിലെ മണൽ നീക്കം ചെയ്യുന്ന പദ്ധതികൾ പുരോഗമിക്കുന്നു. മറ്റു ഡാമുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.



203. ബദൽ സാമഗ്രികളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കും. ഊർജ്ജ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻ നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കും.

ഗ്രീൻ റിബേറ്റ് നടപ്പാക്കിയിട്ടുണ്ട്. പരമ്പരാഗത ഇതര ഊർജ്ജ സ്രോതസ്സുകൾ വഴി വൈദ്യുതി ഉൽപ്പാദനത്തിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

204. സിമന്റിന് മേലുള്ള കുത്തക നിയന്ത്രണമാണ് വിലക്കയറ്റത്തിന് അടിസ്ഥാനം. ഇതിൽ ഇടപെടുന്നതിനുവേണ്ടി കേരളത്തിൽ സിമന്റ് ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

സംസ്ഥാനത്തെ പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉൽപാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉൽപാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും സിമന്റ് ഉൽപാദനം ഉയർത്തി മിതമായ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വാണിജ്യമേഖല

206. സർക്കാരിന്റെ നോഡൽ ഏജൻസിയായി വാണിജ്യ മിഷൻ രൂപീകരിച്ചു. 2021 മുതൽ ഇത് പൂർണമായും പ്രവർത്തനക്ഷമമാകും. 2025നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റിട്ടെയിൽ നയത്തിന് രൂപം നൽകും.

വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കരട് കയറ്റുമതി നയം പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023 ലെ പുതിയ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് വ്യവസായ വകുപ്പിന് കീഴിൽ പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

207. നാട്ടിൻപുറങ്ങളിലേയും നഗരങ്ങളിലേയും കമ്പോളങ്ങളിലേയും സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ/ബസാറിനെ ഷോപ്പിംഗ് മാളുകൾക്ക് ബദലായി ഉയർത്തുകയും ചെയ്യും. ഷോപ്പിംഗ് മാളിൽ എന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന് സർക്കാരിന്റെ സഹായം നൽകും. കോഴിക്കോട് മിഠായി തെരുവിലും, തിരുവനന്തപുരത്ത് ചാല കമ്പോളത്തിലും നടത്തിയ ഇടപെടലുകൾ അവലോകനം ചെയ്ത് കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കും.

പ്രാദേശിക വിപണികളിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചു. സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലം / സ്വകാര്യ വ്യക്തികൾ / സ്ഥാപനങ്ങൾ / എൻ.ജി.ഒകൾ / മാളുകൾ/ സൂപ്പർ മാർക്കറ്റുകൾ എന്നിവയുടെ സ്ഥലങ്ങളിൽ ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

208. റോഡ് വീതികൂട്ടുന്ന പ്രോജക്ടുകൾ വ്യാപാരികളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഈ മേഖലകൾ മാറ്റിസ്ഥാപിക്കുന്നതിന് ആസൂത്രിത മേഖലാതല വിപണികൾ സൃഷ്ടിക്കും. അത്തരം വിപണികളിൽ പാർക്കിംഗ് ലോട്ടുകളും കൊമേർഷ്യൽ ഇടങ്ങളും, ചില്ലറ വിൽപ്പന ഇടങ്ങളും ഉണ്ടായിരിക്കും. ഇവിടങ്ങളിൽ വ്യാപാരികളെ പുനരധിവസിപ്പിക്കും.

റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ കൃത്യമായ നഷ്ടപരിഹാരം നൽകാനും പകരം കോംപ്ലക്സുകൾ നിർമ്മിച്ചുനൽകാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

209. വ്യാപാരി ക്ഷേമനിധി ഇപ്പോൾ സജീവമാണ്. കൂടുതൽ ഫണ്ട് ലഭ്യമാക്കും. പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

ക്ഷേമ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും എക്സ്ഗ്രേഷ്യോ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നു. ക്ഷേമനിധി അംഗങ്ങളുടെ മക്കളായ വിദ്യാർത്ഥി കൾക്കുള്ള വിദ്യാഭ്യാസ അവാർഡ്, ചികിത്സാ ധനസഹായം, അംഗങ്ങൾക്കുള്ള ഇൻഷ്വറൻ സ് പരിരക്ഷ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നത് പരിഗണനയിലാണ്. ബോർഡ് പ്രവർ ത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് അംശാദായം ഓൺലൈനിൽ അടക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

210. കെ.എസ്.എഫ്.ഇയുടെ ആഭിമുഖ്യത്തിൽ വ്യാപാരികൾക്ക് മ്യൂച്വൽ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലുള്ള ചിട്ടികൾ ആരംഭിക്കുന്നതാണ്. വായ്പകളും ലഭ്യമാക്കും.

മ്യൂച്വൽ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ വ്യാപാരികൾക്ക് ചിട്ടികളും വായ്പകളും അനു വദിച്ചു കൊണ്ടുള്ള സ്കീം ഇതുവരെ ആരംഭിച്ചിട്ടില്ല. എന്നിരുന്നാലും നിലവിലുള്ള വിവിധ ങ്ങളായ ചിട്ടികളും വായ്പകളും വ്യാപാരി സമൂഹത്തിനു ഉപകരിക്കുന്നതായി മാറ്റുന്നതിന് കെ.എസ്.എഫ്.ഇ. ശ്രമിച്ചു വരുന്നുണ്ട്. അതായത് 2.5 ലക്ഷം രൂപ 40 തവണയും 5 ലക്ഷം രൂപ 40 തവണയും ഒക്കെയുള്ള ചിട്ടികൾ കൂടാതെ ഒരു ലക്ഷം, രണ്ടു ലക്ഷം തവണ സം ഖ്യയുള്ള ചിട്ടികൾ എന്നിവയൊക്കെ വ്യാപാരികൾക്കും ചെറുകിട സംരംഭകർക്കും ഏറെ സഹായകരമാണ്. അതുപോലെ ചിട്ടി ലോൺ, വ്യക്തിഗത വായ്പ എന്നിവയും വ്യാപാരി സമൂ ഹത്തിന് ഗുണകരമാണ്. ഇവയുടെ ജാമ്യവ്യവസ്ഥകളിൽ കാതലായ മാറ്റങ്ങളൊന്നും തന്നെ വരുത്തിയിട്ടില്ലാത്തതാണ്.

211. കേരള ബാങ്കിലൂടെ ചെറുകിട വ്യാപാരികളുടെ ആവശ്യങ്ങൾ മുൻനിർത്തിയുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.

ചെറുകിട വ്യവസായ - സംരംഭക മേഖലയിൽ (MSME) കേരള ബാങ്ക് പ്രത്യേക പദ്ധതി തയ്യാ റാക്കുകയും 31.03.2025 വരെ 148285 യൂണിറ്റുകൾക്കായി 6306 കോടി രൂപ വായ്പ നൽകു കയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 36890 വായ്പകളിലായി 2074 കോടി രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം 50000 വായ്പകൾ ഈയിന ത്തിൽ നൽകുകയും 1 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

212. കേരള സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി ജി.എസ്.ടിയുടെ ഘടന ചെറുകിട വ്യാപാരികൾക്ക് കൂടുതൽ അനുകൂലമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 40 ലക്ഷത്തിനു താഴെ വിറ്റുവരുമാനമുള്ളവർക്ക് നികുതിയില്ല. ഒന്നരക്കോടി രൂപ വരെ അനുമാന നികുതി കൊടുത്താൽ മതി. അഞ്ചുകോടി രൂപ വരെ വിറ്റുവരുമാനമുള്ളവർ ത്രൈമാസ റിട്ടേണുകൾ നൽകിയാൽ മതി. ജി.എസ്.ടി സംബന്ധിച്ച് ഇനിയുമുള്ള പരാതികൾ പരിഹരിക്കാൻ സർക്കാർ മുൻകൈയെടുക്കും.

കേരള സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി ജി.എസ്.ടിയുടെ ഘടന ചെറുകിട വ്യാപാരി കൾക്ക് കൂടുതൽ അനുകൂലമാക്കാൻ കഴിഞ്ഞു. 40 ലക്ഷത്തിനു താഴെ വിറ്റുവരുമാനമു ള്ളവർക്ക് നികുതിയില്ല. ഒന്നരക്കോടി രൂപ വരെ അനുമാന നികുതി കൊടുത്താൽ മതി. അഞ്ചുകോടി രൂപ വരെ വിറ്റുവരുമാനമുള്ളവർ ത്രൈമാസ റിട്ടേണുകൾ നൽകിയാൽ മതി.

213. വാറ്റ് ആംനസ്റ്റി കൂടുതൽ ഉദാരമാക്കും. 2021 ഓടെ വാറ്റിന്റെ ബാക്കി നിൽക്കുന്ന കുടിശ്ശികകൾ കൂടി അവസാനിപ്പിക്കുകയാണ് ലക്ഷ്യം.

ജി.എസ്.ടി നടപ്പാക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി നിയമങ്ങളിലെ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആംനസ്റ്റി സ്കീം 2024 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

214. കൃത്യമായി നികുതി അടയ്ക്കുകയും നികുതി കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ ലൈസൻസുള്ള വ്യാപാരികൾക്ക് പ്രിവിലേജ് കാർഡ് നൽകും.

കൃത്യമായി നികുതി അടയ്ക്കുന്ന നികുതിദായകർക്ക് ടാക്സ് പേയർ റേറ്റിംഗ് കാർഡ് നൽ കിവരുന്നു.

# III

# ദാരിദ്ര്യ നിർമ്മാർജ്ജനം

215. കേരളത്തിൽ ഇന്ന് പരമദരിദ്രരായ കുടുംബങ്ങളുടെ എണ്ണം 45 ലക്ഷത്തിലധികം വരില്ല. നിലവിലുള്ള ആശ്രയ ഗുണഭോക്താക്കളെയും തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നോമിനേറ്റ് ചെയ്യുന്ന പുതിയ കുടുംബങ്ങളെയും ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ സർവ്വേ നടത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കും. ഇപ്പോൾ ആശ്രയ പദ്ധതിയിൽ 1.5 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി ഉള്ളത്. ഇവരിൽ അർഹതയുള്ളവരെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് 45 ലക്ഷം കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കും.

ഇതുവരെ 64,006 അതിദരിദ്ര കുടുംബങ്ങളിൽ 50,707 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും പുറത്തുകൊണ്ടുവന്നിട്ടുണ്ട്. 79.22 ശതമാനം പുരോഗതി അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ അതിദരിദ്രരിൽ കുടുംബശ്രീ വഴി ഉപജീവനം ആവശ്യമായ കുടുംബങ്ങളുടെ വിവരങ്ങൾ പരിശോധിക്കുകയും അതിൽ ഉപജീവനം ലഭ്യമാക്കാൻ കഴിയുന്ന 4370 ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരിൽ 4367 പേർക്ക് ഉപജീവന പ്രവർത്തനത്തിനുള്ള സഹായം ലഭ്യമാക്കുകയും ചെയ്തു. അതിദാരിദ്ര്യ നിർമാർജന പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ആശ്രയ പദ്ധതിയിൽ (അഗതിരഹിതകേരളം പദ്ധതി) ഉൾപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കിയാണ് പട്ടിക തയാറാക്കിയത്. അഗതിരഹിത കേരളം പദ്ധതിയിൽ 1.57 ലക്ഷം ഗുണഭോക്താക്കളാണുള്ളത്. പദ്ധതിയുടെ ഭാഗമായി അതിജീവന ആവശ്യങ്ങൾക്ക് കുടുംബശ്രീയുടെ ചലഞ്ച് ഫണ്ടാണ് നൽകിവരുന്നത്. അഗതിരഹിതകേരളം പദ്ധതിയുടെ ഗുണഫലങ്ങൾ സംബന്ധിച്ച പഠനം CMD പൂർത്തിയാക്കി സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഭാഗമായി മൂന്നാം ഗഡു ചലഞ്ച് ഫണ്ട് നൽകിവരുന്നു. ആവശ്യമുള്ളവരെ മാത്രം കണ്ടെത്തി അവർക്കു മാത്രം സേവനങ്ങൾ നൽകുന്ന തരത്തിലാണ് മൂന്നാം ഗഡു ചലഞ്ച് ഫണ്ട് കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നത്. ഫണ്ട് ലഭിച്ച തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

216. ഏറ്റവും ദരിദ്ര കുടുംബങ്ങളെ പ്രത്യേകമെടുത്ത് ഓരോന്നിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് അവ പരിഹരിക്കുന്നതിന് ചെയ്യേണ്ടുന്ന കാര്യങ്ങളും അവയ്ക്കു വേണ്ടിവരുന്ന ചെലവും രേഖയാക്കുന്നതാണ് മൈക്രോപ്ലാനിംഗ്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് -മുനിസിപ്പൽ തലത്തിൽ രൂപീകരിക്കുന്ന റിസോഴ്സ് പേഴ്സൺസ് ടീമുകൾക്ക് പരിശീലനം നൽകും. നിലവിലുള്ള സ്കീമുകളെ

പരമാവധി പ്ലാനുകളിൽ സംയോജിപ്പിക്കും. പ്രത്യേകമായി നിർദ്ദേശങ്ങൾക്കും രൂപം നൽകാം.

ഏറ്റവും ദരിദ്ര കുടുംബങ്ങളെ ജനകീയ പങ്കാളിത്ത പ്രക്രിയയിലൂടെ കണ്ടെത്തി ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് അവ പരിഹരിക്കുന്നതിനായി സർക്കാർ അതിദാരിദ്ര്യ നിർമ്മാർജന പരിപാടി രൂപീകരിച്ചു. സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടത്തിയതിൽ സംസ്ഥാനത്ത് ആകമാനം 64,006 കുടുംബങ്ങളെ കണ്ടെത്തി. അതിദാരിദ്ര്യ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി 56,697 മൈക്രോ പ്ലാനുകൾ തയ്യാറാക്കി.

അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയ അതിദരിദ്രർക്ക് 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി 21,263 ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും, ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ലഭ്യമാക്കി. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കി. ബാക്കിയുള്ള കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാനുള്ള സജീവ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിലും പുരോഗമിച്ചു വരികയാണ്. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ളത് 5310 കുടുംബങ്ങൾ മാത്രമാണ്. ഇതിൽ ഏറിയ പങ്കും സ്ഥിരമായി വരുമാനം ആവശ്യമുള്ളവരും സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) ആവശ്യമുള്ളവരുമാണ്. 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനം അതിദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മുക്തമാകുന്നതിനായി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

217. ജോലി ചെയ്യുന്നതിനും വരുമാനം ആർജ്ജിക്കുന്നതിനും നിവൃത്തിയില്ലാത്ത കുടുംബങ്ങൾക്ക് ഇൻകം ട്രാൻസ്ഫറായി മാസംതോറും സഹായം നൽകുന്നതിനും അനുവാദം ഉണ്ടാകും. അധിക ചെലവിന്റെ പകുതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. ബാക്കി കുടുംബശ്രീ വഴി സർക്കാർ ലഭ്യമാക്കും.

വരുമാനം ക്ലേശഘടകം ഉള്ള 5350 കുടുംബങ്ങളിൽ ജീവനോപാധി ആരംഭിയ്ക്കുവാൻ ശേഷിയുള്ള 4368 കുടുംബങ്ങൾക്ക് കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഉജ്ജീവനം' പദ്ധതി വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും മറ്റ് വകുപ്പുകൾ മുഖേനയും വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായം നൽകികഴിഞ്ഞു. ഇനി 2 കുടുംബങ്ങൾക്ക് കൂടി വരുമാന മാർഗ്ഗം ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഗ്യാപ് ഫണ്ടായി അനുവദിച്ച 50 കോടി രൂപയിൽ 2.63 കോടി രൂപ അതിദരിദ്രർക്കുള്ള ഉപജീവന മാർഗ്ഗങ്ങൾക്കായി കുടുംബശ്രീക്കും 46.7150 കോടി രൂപ അതിദരിദ്രരുടെ ഭവന പദ്ധതിക്കായി ലൈഫ് മിഷനും ഉയർന്ന ചികിത്സ ചെലവ് ആവശ്യമായി വന്ന 2 അതിദരിദ്ര ഗുണഭോക്താക്കൾക്ക് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

218. ഈ മൈക്രോ പ്ലാനുകൾ പഞ്ചായത്ത് / മുനിസിപ്പൽ ഭരണസമിതികൾ പരിശോധിച്ച് അംഗീകാരം നൽകിക്കഴിഞ്ഞാൽ കുടുംബശ്രീ വഴി നടപ്പാക്കും. പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെല്ലാം ഉറപ്പുവരുത്തും. അഞ്ചു വർഷംകൊണ്ട് ഇവരെ സ്ഥായിയായ രൂപത്തിൽ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റും.



അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ 1-ന് പൂർത്തിയായിരുന്നു. 'കേരളീയം' പരിപാടിയിൽ വച്ച്, ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 30658 (47.89%) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഏറ്റവും അത്യാവശ്യവും ഒഴിച്ച് കൂടാനാവാത്തതുമായ ഭക്ഷണം, ആരോഗ്യ പരിരക്ഷ എന്നിവയ്ക്കാണ് ആദ്യ വർഷം ഊന്നൽ കൊടുത്തത്. കൂടാതെ, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി 21263 അവകാശരേഖകളും അടിയന്തിര സേവനങ്ങളും നൽകുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിരുന്നു.

സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നുണ്ട്. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട 920 കുട്ടികൾക്ക് സൗജന്യ യാത്രാപാസ്സുകൾ വിതരണം ചെയ്തു. ബാക്കിയുള്ള കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാനുള്ള സജീവ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിലും പുരോഗമിച്ചു വരികയാണ്. 2025 ഏപ്രിൽ 19 ലെ കണക്കുകൾ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 50401 കുടുംബങ്ങളെ (78.74%) നാളിതുവരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ള കുടുംബങ്ങളിൽ ഏറിയ പങ്കും സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) എന്നിവ ആവശ്യമുള്ളവരുമാണ്. ഈ കുടുംബങ്ങളെ കൂടി അതിദരിദ്രത്തിൽ നിന്നും മുക്തരാക്കി 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനം അതിദാരിദ്ര്യത്തിൽ നിന്നും പൂർണ്ണമായും മുക്തമാക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നത്.

## പട്ടികജാതി ക്ഷേമം

219. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും വ്യത്യസ്തമായി പട്ടികവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന നിരക്കിൽ ഉപപദ്ധതികൾക്ക് കഴിഞ്ഞ അഞ്ചുവർഷവും കേരളം പണം നീക്കിവയ്ക്കുകയുണ്ടായി. ഇതിൽ ഗണ്യമായ ഭാഗം തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ പട്ടികജാതിക്കാരുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തും.

പട്ടികവിഭാഗ ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന നിരക്കിലുള്ള തുകയാണ് സംസ്ഥാന ബജറ്റുകളിൽ സർക്കാർ നീക്കിവയ്ക്കുന്നുത്. സംസ്ഥാന ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിനായി സംസ്ഥാന ബജറ്റിന്റെ 9.81 ശതമാനം തുക വകയരുത്തുന്നു. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ 2,979.40 കോടി രൂപ വീതമാണ് പട്ടികജാതിക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയത്. 55% പട്ടികജാതി വികസന വകുപ്പ് മുഖേനയും 45% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് ചെലവഴിക്കുന്നത്. ഇതുവഴി പ്രാദേശിക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ പട്ടികജാതിക്കാരുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

220. പട്ടികജാതി ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളും. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ച ഭൂമി എന്നിവ ഭൂരഹിതർക്ക് വിതരണം ചെയ്യും.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 2021-22 ൽ 4,020 പേർക്കും 2022-23 ൽ 3,303 പേർക്കും 2023-24 ൽ 3,340 പേർക്കും 2024-25ൽ 3,695 പേർക്കും ഉൾപ്പെടെ ആകെ 14,358 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനഹായം നൽകി. 757 ഏക്കർ ഭൂമി വിതരണം ചെയ്തു.

221. ഭൂരഹിതർക്ക് വീടിനും ഭൂമിക്കും വേണ്ടി 10 ലക്ഷം രൂപ നൽകുന്ന പദ്ധതി വിപുലീകരിക്കും.

പട്ടികജാതി ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് വകുപ്പ് മുഖേന പഞ്ചായത്ത് പരിധിയിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ മുഖേന 4 ലക്ഷം രൂപയും അനുവദിച്ച് വരുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് പരിധിയിൽ 5 ലക്ഷം രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 6 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 7.5 ലക്ഷം രൂപയും അനുവദിക്കുന്നു. കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലായി 733 ദുർബല വിഭാഗ ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകി.

222. ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നിശ്ചയിക്കും. ഇതിനുപുറമെ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണയിക്കും. ഇവ ഒരു പാക്കേജായി നൽകുന്ന അംബേദ്ക്കർ ഗ്രാമം പദ്ധതി മുഴുവൻ സങ്കേതങ്ങളിലും അഞ്ചു വർഷം കൊണ്ട് നടപ്പിലാക്കും.

അംബേദ്ക്കർ ഗ്രാമം പദ്ധതി സമഗ്രമായി പരിഷ്ക്കരിച്ച് 15 കുടുംബങ്ങളുള്ള സങ്കേതങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തി. 418 ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. വ്യക്തിഗത ആനുകൂല്യ പ്രവൃത്തികൾ ഏജൻസികൾക്കു പകരം ഗുണഭോക്താക്കൾക്കുതന്നെ നേരിട്ട് ചെയ്യാവുന്ന രീതിയിൽ പരിഷ്കരിച്ചു. വീടുകളുടെ പുനരുദ്ധാരണ ധനസഹായം 1.5 ലക്ഷത്തിൽ നിന്നും 2 ലക്ഷമായി വർദ്ധിപ്പിച്ചു. കൂടുതൽ സങ്കേത പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി വിപുലീകരിച്ചു. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൂടി നിർവ്വഹണ ഏജൻസിയായി ഉൾപ്പെടുത്തി. മുൻവർഷങ്ങളിലെ പൂർത്തീകരിക്കാത്ത 267 പദ്ധതികൾ പൂർത്തീകരിച്ചത് കൂടാതെ 2021 മുതൽ ഇതുവരെ 382 ഗ്രാമങ്ങളെക്കൂടി അംബേദ്ക്കർ ഗ്രാമ വികസന പദ്ധ



തിയിൽ ഉൾപ്പെടുത്തി. അടിസ്ഥാന സൗകര്യ വികസനത്തിനായി 116.62 കോടി രൂപ കോർപ്പസ് ഫണ്ട് ഇനത്തിൽ ചിലവഴിച്ചു.

223. പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടേയും, കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം കണക്കിലെടുത്തുകൊണ്ട് ഇത് പരിഹരിക്കുന്നതിനായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽ തന്നെ പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യം ഉണ്ടാക്കും

വാഹനസൗകര്യം കുറവായതും വന്യജീവികളുടെ ആക്രമണങ്ങൾ കാരണവും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിന് പ്രയാസം നേരിടുന്ന സ്ഥലങ്ങളിൽ സ്കൂളിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യവും വാഹനസൗകര്യവും ഏർപ്പെടുത്തി. പട്ടികജാതി വികസന വകുപ്പിന് കീഴിൽ 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും, 85 പ്രീമെട്രിക് ഹോസ്റ്റലുകളും, 11 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലുകളിൽ മികച്ച താമസ, പഠന സൗകര്യം ഏർപ്പെടുത്തിയതു കൂടാതെ പഠനകാര്യങ്ങളിൽ സഹായിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു. ഇത്തരത്തിലുള്ള സംവിധാനത്തിന്റെ ഫലപ്രദമായ വിനിയോഗം കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായകരമായിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് തടയാൻ അധ്യാപകരുടെയും പി.ടി.എയുടെയും നേതൃത്വത്തിൽ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് ബോധവൽക്കരണം നടത്തുന്നു. സ്റ്റുഡന്റ് കൗൺസിലർമാർ, സോഷ്യൽ വർക്കർമാർ, പ്രമോട്ടർമാർ മുഖേനയും കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഇടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നു.

224. പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി പ്രീമെട്രിക്, പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകളെ ആധുനികവത്കരിക്കും. താമസസൗകര്യവും ഭക്ഷണവും മികച്ചതാക്കുക മാത്രമല്ല, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സംവിധാനം എന്നിവ ഉറപ്പുവരുത്തും. കൂടുതൽ ട്യൂട്ടർമാരെ നിയോഗിക്കും. ഇവയുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തും.

പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി.

എല്ലാ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് ലഭ്യമാക്കി. ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും മെസ്സ് അലവൻസ് വർദ്ധിപ്പിച്ചു. പഠനകാര്യങ്ങളിൽ സഹായിക്കുന്നതിന് എല്ലാ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

225. കിഫ്ബിയെക്കൂടി ഉപയോഗപ്പെടുത്തി മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് മികവുറ്റ സൗകര്യങ്ങൾ ഉറപ്പുവരുത്തും. ഇവയുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മന്റ് സമിതികൾ രൂപീകരിക്കും.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളച്ചാൽ ഹയർ സെക്കന്ററി ഹോസ്റ്റൽ എന്നിവ നിർമ്മിച്ചു. തിരുവനന്തപുരം തോന്നയ്ക്കലിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം പൂർത്തിയാക്കി. കോഴിക്കോട് ചക്കിട്ടപ്പാറയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചു. സ്കൂൾ മാനേജ്മെന്റ് സമിതികൾ നിലവിൽ വന്നു.

226. പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനസഹായങ്ങൾ ജീവിതച്ചെലവുമായി ബന്ധപ്പെടുത്തി വർധിപ്പിക്കും.

പ്രീമെട്രിക്, പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ നിലവിലുള്ള നിരക്കിന്റെ 20% വർദ്ധിപ്പിച്ചു. വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസന്റീവ് വർധിപ്പിച്ചു. ഗവേഷണ വിദ്യാർത്ഥികളുടെ അപേക്ഷാ പ്രായപരിധി ഉയർത്തി. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപവരെ സ്കോളർഷിപ്പ് നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 731 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകി.

227. പട്ടികജാതി വിദ്യാർത്ഥികളിൽ പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേക ഫിനിഷിങ് സ്കൂൾ ആരംഭിക്കും.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 12 ഗവൺമെന്റ്, ഗവ. എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്ക് വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സംവിധാനം ഏർപ്പെടുത്തി. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് നൈപുണ്യ വികസന പദ്ധതി ആരംഭിച്ചു.

228. സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ. ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും.

ഭക്ഷ്യ സിവിൽ സപ്ലൈയ്സ് വകുപ്പുമായി ചേർന്ന് മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും റേഷൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തി.

229. പ്രാദേശിക സർക്കാരുകളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര വിലയിരുത്തലിനു വിധേയമാക്കി മാർഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കും.

5 പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി സങ്കേതമായി പരിഗണിച്ച് കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, ഡ്രൈനേജ്, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതുസൗകര്യങ്ങളേർപ്പെടുത്തുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിവരുന്നു. പട്ടികജാതി വിഭാഗ സമുദായ ശ്മശാനങ്ങളുടെ അറ്റകുറ്റപ്പണികൾ, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കുള്ള നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചു. സാങ്കേതിക / പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരോ തൊഴിൽപരിശീലനം ലഭിച്ചവരോ ആയ പട്ടികജാതിവിഭാഗക്കാർക്ക് അപ്രന്റീസ് / ഇന്റേൺ

ഷിപ്പ് പരിശീലനം നൽകൽ, പഠനം ഉപേക്ഷിച്ച പട്ടികജാതി വിഭാഗ കുട്ടികൾക്ക് റസിഡൻഷ്യൽ സൗകര്യത്തോടെയുള്ള ബ്രിഡ്ജ് കോഴ്സ് എന്നിവ പ്രൊജക്ടുകളായി ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തുകൾക്കുള്ള അനുമതി പരിഷക്കരിച്ചു. വീടുകളുടെ അറ്റകുറ്റപ്പണി വിവാഹ-മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം, ഇന്റൺഷിപ്പ്, നൈപുണ്യ പരിശീലനം മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാനാകും വിധം മാർഗ്ഗരേഖ പരിഷ്കരിച്ചു.

230. പട്ടികജാതി വ്യവസായ സംരംഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കും. പട്ടികജാതി സംരംഭങ്ങൾക്ക് വേണ്ടിയുള്ള സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി വിപുലീകരിക്കും.

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി പ്രകാരം 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യൂബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകി. അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനായി ആരംഭിച്ച കേരളം എംപവർമെന്റ് സൊസൈറ്റി വഴി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ 212 സ്റ്റാർട്ടപ്പുകൾ പരിഗണിച്ചു. മെന്ററിങ്ങ് ഗ്രാന്റായി 40 ലക്ഷം രൂപ ചെലവഴിച്ചു. ഉന്നതി സംരംഭക വികസന പദ്ധതിയിൽ ആരംഭിച്ച സംരംഭങ്ങൾക്ക് കുടുതൽ മൂലധന വായ്പ ലഭ്യമാക്കാനുള്ള സമൃദ്ധി കേരളം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

231. പട്ടികവിഭാഗ യുവജനങ്ങൾക്ക് നൈപുണ്യപോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് നൽകുന്നതിനുള്ള പദ്ധതി വഴി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും.

ഡിജിറ്റൽ യൂണിവേഴ്സിറ്റി, ബേർഡ് വേൾഡ് വൈഡ് ഫ്ളൈറ്റ് സർവ്വീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നൂതന നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. എഞ്ചിനീയറിംഗ്, നേഴ്സിംഗ്, പാരാമെഡിക്കൽ, കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ, ലീഗൽ അസിസ്റ്റന്റ്, മാനേജ്മെന്റ് ട്രെയിനി, ലീഗൽ കൗൺസിലർ, ജേണലിസം എന്നീ മേഖലകളിൽ ഓണറേറിയത്തോടെ 2,583 പേർക്ക് ഇന്റൺഷിപ്പ് ലഭ്യമാക്കി. പട്ടികജാതി വികസന വകുപ്പ് സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ പങ്കെടുത്ത 264 പേരിൽ 156 പേർക്ക് ഓഫർ ലെറ്റർ ലഭിച്ചു. ഐ.ടി.ഐ യോഗ്യതയുള്ള 56 ഉദ്യോഗാർത്ഥികൾക്ക് ഒഡെപെക്ക് വഴി വിദേശ തൊഴിലവസരം ലഭ്യമാക്കി. പട്ടിക വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് നൈപുണ്യ പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്മെന്റ് നൽകുന്ന പദ്ധതിയിൽ 1,418 യുവതി-യുവാക്കൾക്ക് പരിശീലനം നൽകി.

സിവിൽ എഞ്ചിനീയറിംഗ് ബി.ടെക് / എം.ടെക് / ഡിപ്ലോമ / ഐ.റ്റി.ഐ യോഗ്യതയുള്ള 300 പേർക്ക് അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർമാരായി നിയമനം നൽകി. എം.എസ്. ഡബ്ല്യൂ യോഗ്യതയുള്ള 60 പേർക്ക് കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരായും എസ്.സി. പ്രൊമോട്ടർമാരായി 1,218 പേർക്കും അപ്രന്റീസ് ക്ലർക്കുമാരായി 240 പേർക്കും ലീഗൽ കൗൺസിലർമാരായി 18 പേർക്കും നിയമനം നൽകി. ജ്വാല പദ്ധതി വഴി 69 ലീഗൽ അസിസ്റ്റന്റുമാരേയും 14 ലീഗൽ കൗൺസിലർമാരേയും 3 ലീഗൽ കോഓർഡിനേറ്റർമാരേയും 1 ലീഗൽ അഡ്വൈസറേയും നിയമിച്ചു. അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് കേരളം എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചു. 500 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക നിയമനനടപടി സ്വീകരിച്ച് കേരള പി.എസ്.സി വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകി. ഇതേ മാതൃകയിൽ 100 പേർക്ക് എക്സൈസ് ഗാർഡ് തസ്തിക നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

232. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ പ്രത്യേക കോടതികൾ സ്ഥാപിക്കും.

നിലവിലുള്ള 4 കോടതികൾക്ക് പുറമെ, പട്ടികജാതി അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരത്തും തൃശ്ശൂരും, എറണാകുളത്തും സ്പെഷ്യൽ കോടതികൾ പ്രവർത്തനം ആരംഭിച്ചു.

233. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ സമൂലമായി പുനഃസംഘടിപ്പിക്കും പുനരുജ്ജീവിപ്പിക്കും. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലും മറ്റുമുള്ള കുടിശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള ഒരു സ്കീം ആവിഷ്കരിക്കുന്നതാണ്.

സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളുടെ സമഗ്ര വികസനത്തിനായി സഹകരണ വകുപ്പുമായി ചേർന്ന് പുനർജ്ജനി പദ്ധതി നടപ്പിലാക്കി. പട്ടികജാതി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി മൂലധന സഹായമായി 6 കോടി രൂപ നൽകി. പട്ടികജാതി-പട്ടികവർഗ ഫെഡറേഷൻ 50 കുട്ടികൾക്ക് താമസിക്കാൻ സൗകര്യമുള്ള ഹോസ്റ്റൽ നിർമ്മിച്ചു. ഇതിനായി 5 കോടി രൂപ ചിലവഴിച്ചു.

234. പട്ടികവിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കും. ലൈഫ് മിഷനിൽ നിന്നും അടുത്ത വർഷം 52,000 കുടുംബങ്ങൾക്ക് വീട് നൽകും. തുടർന്നുള്ള വർഷങ്ങളിൽ മറ്റുള്ളവർക്കും നൽകും. പഠനമുറി പദ്ധതി വിപുലീകരിക്കും.

ഈ സർക്കാറിന്റെ കാലയളവിൽ ലൈഫ് മിഷൻ വഴി പട്ടികവിഭാഗങ്ങൾക്കായി 62,921 വീടുകൾ അനുവദിച്ചു. അവയിൽ 54,342 വിടുകളുടെ നിർമ്മാണം പൂർത്തിയായി. മറ്റുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പഠനമുറി പദ്ധതിയിൽ 5 മുതൽ 7-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളേയും കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർത്ഥികളേയും കൂടി ഉൾപ്പെടുത്തി. നിർവ്വഹണ രീതികളിൽ ഇളവുകൾ വരുത്തി. ഈ സർക്കാരിന്റെ കാലത്ത് 20,394 പഠനമുറികൾ അനുവദിച്ചു. ഭവന നവീകരണത്തിനായുള്ള സേഫ് പദ്ധതി വഴി 20,829 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## പട്ടികവർഗ ക്ഷേമം

235. ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യത്തിനുള്ള അംബേദ്ക്കർ പദ്ധതി വിപുലീകരിക്കും. ഊരുകളിലേക്കുള്ള റോഡുകൾ, കുടിവെള്ളം, വൈദ്യുതി സാധ്യമല്ലാത്തിടത്ത് സോളാർ സംവിധാനം, അംഗൻവാടികൾ, പാർപ്പിടം, പഠനവീട്, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പുവരുത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം 2017-18 മുതലുള്ള 92 സെറ്റിൽമെന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പുതിയതായി തെരഞ്ഞെടുത്ത 168 സെറ്റിൽമെന്റുകളുടെ പ്രവർത്തനം പുരോഗമിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ 4 വർഷങ്ങളിലായി 139.45 കോടി രൂപ കോർപ്പസ് ഫണ്ടായി നൽകി. വൈദ്യുതിയെത്താത്ത 84 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ 41 എണ്ണത്തിൽ വൈദ്യുതിയെത്തിച്ചു. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1,284 സെറ്റിൽമെന്റുകളിൽ 1099 എണ്ണത്തിൽ കണക്ടിവിറ്റി ലഭ്യമാക്കി. സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചു. 13.70 കോടി രൂപ ഇതിനായി ചിലവഴിച്ചു. 4.13 കോടി രൂപ ചിലവഴിച്ച് മൂന്നാറിൽ നിന്നും 40 കിലോമീറ്റർ ദൂരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ച് അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കി. അഗളി ചാളയൂരിൽ സ്ഥാപിച്ച 3 സൗരോർജ്ജ പ്ലാന്റുകൾ വഴി ഊരുകൂട്ട സമിതിക്ക് 6 ലക്ഷം രൂപ വരുമാനം ലഭിച്ചു.

236. ലൈഫിൽ ഉൾപ്പെടുത്തി മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വീട് നൽകും. കുടുംബത്തിന്റെ ആവശ്യങ്ങളും താല്പര്യവും മനസിലാക്കി കൊണ്ടായിരിക്കും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക.

ഈ സർക്കാർ നാളിതുവരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 52,009 ഗുണഭോക്താക്കൾക്കായി 802 കോടി രൂപ അനുവദിച്ചു. പട്ടികവർഗ്ഗ ഗുണഭോക്താവിന്റെ ലൈഫ് പദ്ധതി ധനസഹായം 6 ലക്ഷം രൂപയായി ഉയർത്തി ഏകീകരിച്ചു.

ഭവന നവീകരണ പദ്ധതിയായ SAFE പ്രകാരം 2022-23 സാമ്പത്തിക വർഷം 1503 വീടുകൾ



അനുവദിച്ചതിൽ 798 വീടുകളും 2023-24ൽ അനുവദിച്ച 3072 വീടുകളിൽ 633 വീടുകളും പൂർത്തീകരിച്ചു. 2024-25ൽ അനുവദിച്ച 3826 വീടുകൾ ഉൾപ്പെടെ, ഒരു വീടിന് 2.5 ലക്ഷം രൂപവീതം, ഇതേവരെ 8401 വീടുകൾക്ക് ധനസഹായം അനുവദിച്ചു. നിർമ്മാണം വിവിധ ഘട്ട ങ്ങളിലായി പുരോഗമിച്ചു വരുന്നു.

237. ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന് തരിശു ഭൂമി, മിച്ചഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തും. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതോടൊപ്പം 2005 ലെ വനാവകാശനിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വന ഭൂമി വിതരണം, വനാവകാശ നിയമം റവന്യൂ / ഫാം / പ്രോജക്ട് ഭൂമി വിതരണ പദ്ധതി എന്നിവ പ്രകാരം 3,908 പട്ടികവർഗ്ഗക്കാർക്കായി 4,435.04 ഏക്കർ ഭൂമി വിതരണം ചെയ്തു. ലാന്റ് ബാങ്ക് പദ്ധതി വഴി 260.83 കുടുംബങ്ങൾക്ക് 45.02 ഏക്കർ ഭൂമി വാങ്ങി നൽകി. 718 കുടും ബങ്ങൾക്ക് 243.80 ഏക്കർ നിക്ഷിപ്ത വനഭൂമി അവകാശരേഖ നൽകി. വനാവകാശ നി യമപ്രകാരം 2903 പേർക്ക് 4,119.43 ഏക്കർ ഭൂമി നൽകി. തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷമായി നടന്നുവന്ന ഭൂസമരം അവസാനിപ്പിച്ച് 20 സെന്റ് മുതൽ 50 സെന്റ് വരെ കൈവ ശാവകാശ രേഖ നൽകി. തിരുവനന്തപുരം ജില്ല എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭുമി യുള്ള ജില്ലയായി. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കൊല്ലം ജില്ലകൾ ഈ നില കൈവരിക്കുന്നതി നുള്ള നടപടികൾ പുരോഗമിക്കുന്നു.

238. ആദിവാസിമേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അട്ടപ്പാടിയിലെ മില്ലറ്റ് വില്ലേജ് പദ്ധതി വ്യാപിപ്പിക്കും.

അട്ടപ്പാടിയിൽ നടപ്പാക്കി വന്നിരുന്ന മില്ലറ്റ് വില്ലേജ്, നമത് വെള്ളാമൈ, ഹരിത രശ്മി എന്നീ പദ്ധതികളിലൂടെ പരമ്പരാഗത കൃഷി വ്യാപനം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ഉൾപ്പെ

ടുത്തി വികസിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലകളിൽ പദ്ധതികൾ വ്യാപിപ്പിക്കാൻ നടപടികൾ ആരംഭിച്ചു.

239. ഗോത്രജീവിക പദ്ധതിപ്രകാരം കൂടുതൽ തൊഴിൽ ഗ്രൂപ്പുകൾക്ക് രൂപം നൽകും. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നൈപുണ്യ വികസനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പ്ലെയ്സ്മെന്റുകൾ നൽകുന്ന പദ്ധതി വിപുലപ്പെടുത്തും.

ഗോത്രജീവിക പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട പരിശീലനങ്ങൾ പൂർത്തീകരിച്ചു. ട്രയിനിംഗ് ഫോർ കരിയർ എക്സലെൻസ് പദ്ധതി മുഖേന എഞ്ചിനിയറിംഗ്, നേഴ്സിംഗ്, പാരാമെഡിക്കൽ, കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ, ലീഗൽ അസിസ്റ്റന്റ്, മാനേജ്മെന്റ് ട്രെയിനി, ലീഗൽ കൗൺസിലർ, ജേണലിസം എന്നീ മേഖലകളിൽ 1,461 പേർക്ക് പരിശീലനം ലഭ്യമാക്കി. ഉന്നതി എംപവർമെന്റ് സൊസൈറ്റി വഴി നാനൂറിലധികം പേർക്ക് ഏവിയേഷൻ, ഓട്ടോമൊബൈൽ, ഡിജിറ്റൽ മീഡിയ മേഖലകളിൽ തൊഴിൽ ലഭ്യമാക്കി.

240. കുടുംബാധിഷ്ഠിത മൈക്രോപ്ലാനിൽ, അർഹതപ്പെട്ട ഒരു ആദിവാസി കുടുംബവും വിട്ടുപോകില്ലായെന്നു ഉറപ്പുവരുത്തും. എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്, ആരോഗ്യ കാർഡ്, തൊഴിൽ കാർഡ്, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവ ഉറപ്പുവരുത്തും.

മൈക്രോ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവരശേഖരണം പൂർത്തിയായി. പരിശീലനം ലഭിച്ച പട്ടികവർഗ്ഗ പ്രമോട്ടർമാർ വഴി ശേഖരിക്കുന്ന കുടുംബ വിവരങ്ങൾ ഊര് അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യക്ഷേമ പെൻഷൻ കൂടാതെ എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്, ആരോഗ്യ കാർഡ്, തൊഴിൽ കാർഡ് എന്നിവ ഉറപ്പുവരുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസെഷൻ (എബിസിഡി) പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട്, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ പദ്ധതി പൂർത്തീകരിച്ചു. മറ്റു ജില്ലകളിൽ പുരോഗമിക്കുന്നു.

241. ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഗോത്രബന്ധു സ്കീമിൽ കൂടുതൽ മെന്റർ ടീച്ചർമാരെ നിയമിക്കും. സ്കൂളുകളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തും. സാമൂഹ്യ പഠനമുറികൾ വിപുലപ്പെടുത്തും. കോളേജ് വിദ്യാഭ്യാസം മുടങ്ങുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടെയും താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സഹായം നൽകും.

ഗോത്രബന്ധു പദ്ധതിപ്രകാരം വയനാട് (241), പാലക്കാട് (56), മലപ്പുറം (29) ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ച് കൊഴിഞ്ഞുപോക്കിന് തടയിട്ടു. പ്രൈമറിതല വിദ്യാഭ്യാസത്തിൽ മുന്നേറ്റമുണ്ടക്കി. വിദ്യാർത്ഥികളുടെ യാത്ര സൗകര്യം ഉറപ്പുവരുത്തുന്നതിന് വിദ്യാവാഹിനി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി വഴി 181 പഞ്ചായത്തുകളിലെ 684 സ്കൂളുകളിലെ 24,427 വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യം ഏർപ്പെടുത്തി. സാമൂഹ്യ പഠനമുറികൾ 364 എണ്ണമായി വിപുലപ്പെടുത്തി. 7,500 വിദ്യാർത്ഥികൾ സാമൂഹ്യ പഠന മുറി പ്രയോജനപ്പെടുത്തുന്നു.

242. വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിന് സഹായം നൽകും. സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കും. തറവില ഉറപ്പുവരുത്തും. ഗദ്ദിക വിപണന മേളകൾ, കയർ & ക്രാഫ്റ്റ് കടകൾ, വനശ്രീ യൂണിറ്റുകൾ എന്നിവ അതിനായി ഉപയോഗപ്പെടുത്തും.

സഹ്യകിരൺ പദ്ധതി വഴി ഇടുക്കി ജില്ലയിലെ മറയൂരിൽ 150 പട്ടികവർഗ്ഗ കുടുംബങ്ങളെ ഉൾപ്പെടുത്തി ട്രൈബർ ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനി രൂപീകരിച്ച് ശർക്കര ഉൽപ്പാദന പ്ലാന്റ് രൂപീകരിച്ചു. 30 പേർക്ക് നേരിട്ടും 300 പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പാക്കി. അട്ടപ്പാടി, പുതൂർ, ഇടവാണിയിൽ 45 പട്ടിക വർഗ്ഗ കുടുംബങ്ങളെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ച് കാട്ടിൽ നിന്നും ശേഖരിക്കുന്ന തേൻ ശാസ്ത്രീയമായി സംസ്കരിച്ച് സഹ്യ ഡ്യൂ -ഡിലൈറ്റ്ഫുൾ എസെൻസാ ഫ്രം വൈൻ എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു. അട്ടപ്പാടി വട്ടുലക്കിയിൽ ഫാർമെഴ്സ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ക്രാഫ്റ്റ് ഉൽ

ഷന്നങ്ങൾ, വന വിഭവങ്ങൾ, പ്രദർശന സ്റ്റാൾ, തദ്ദേശീയ ഭക്ഷം ലഭ്യമാക്കുന്ന ഭക്ഷണശാല എന്നിവ ആരംഭിച്ചു. തിരുവനന്തപുരം വിതുര മണിതൂക്കി ഊരിൽ 40 പേരെ ഉൾപ്പെടുത്തി സ്റ്റാർട്ടപ്പ് കമ്പനി ആരംഭിച്ചു. മുള ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, സുവനീറുകൾ എന്നിവ നിർമ്മിക്കുന്നതിന് പരിശീലനം നൽകി. കേരള സർവ്വകലാശാലയുടെ സാങ്കേതിക സഹകരണത്തോടെയാണ് കമ്പനി പ്രവർത്തിക്കുന്നത്.

243. കിഫ്ബി സഹായത്തോടെ റെസിഡൻഷ്യൽ സ്കൂളുകൾ നവീകരണം പൂർത്തിയാക്കും. ഇവിടങ്ങളിൽ താമസസൗകര്യം, ഭക്ഷണം, വിനോദസൗകര്യങ്ങൾ, പഠന സൗകര്യങ്ങൾ എന്നിവ ഉന്നത നിലവാരത്തിലുള്ളവയാണെന്ന് ഉറപ്പുവരുത്തും. അധ്യാപകർ, ട്യൂട്ടർമാർ എന്നിവരുടെ എണ്ണം വർധിപ്പിക്കും. ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള അധ്യാപകർക്ക് അവരുടെ പ്രദേശത്തെ സ്കൂളുകളിൽ നിയമനത്തിന് മുൻഗണന നൽകും.

റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവും പഠന നിലവാരവും അന്തർദേശീയ നിലവാരത്തിൽ ഉയർത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലകളിൽ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 6,906 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. ആവശ്യത്തിന് അദ്ധ്യാപകരെയും ട്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ നിയമനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകി. എം.ആർ.എസ്സുകളിൽ നിന്ന് 2023-24 അക്കാദമിക വർഷം  എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികളും ഉപരിപഠന യോഗ്യത കൈവരിച്ചു. ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിലെ പഠനം മെച്ചപ്പെടുത്തുന്നതിന് കെ-ഡിസ്കിന്റെ പിന്തുണയോടെ 5 മുതൽ 7 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി മഞ്ചാടി, മഴവില്ല് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാസറഗോഡ്, പാലക്കാട് എന്നിവിടങ്ങളിൽ പുതുതായി നിർമ്മാണം ആരംഭിച്ച രണ്ട് എം.ആർ.എസ്.കൾക്കു പുറമേ കണ്ണൂർ ആറളത്ത് കിഫ്ബി ധനസഹായത്തോടെ എം.ആർ.എസ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും  തിരുവനന്തപുരം കുറ്റിച്ചലിലെ എം.ആർ.എസ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എം.ആർ.എസ്സുകളിൽ ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ്റൂം, സയൻസ് ലാബുകൾ, ഇ-ബുക്ക് ലൈബ്രറി എന്നിവ ഉറപ്പാക്കി.

244. ആദിവാസി കുട്ടികൾക്കായുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

പ്രീമെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ യൂണിസെഫ് നിലവാരത്തിലേക്ക്  ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു. കൂടുതൽ ടോയ്ലറ്റുകൾ, സോളാർ ലൈറ്റിംഗ്, സി.സി. ടി.വി. സൗകര്യം, ഫയർ & സേഫ്റ്റി സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തി. പ്രീമെട്രിക് ഹോസ്റ്റലുകളുടെ എണ്ണം 109 ആയും പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ എണ്ണം 12 ആയും വർദ്ധിപ്പിച്ചു. അച്ചൻകോവിൽ, മാറമ്പള്ളി, ഷോളയൂർ, ആറളം, ഇരുമ്പുപാലം, വട്ടവട, കണിയാമ്പറ്റ, കൽപ്പറ്റ, മീനാക്ഷിപുരം, മുള്ളൻകൊല്ലി എന്നിവടങ്ങളിൽ ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

മാറമ്പള്ളി മൾട്ടി പർപ്പസ് ഹോസ്റ്റൽ, കട്ടേള, അഗളി, ചെമ്പുകാവ്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. നൂറണി, വടകര ഹോസ്റ്റലുകളുടെ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. പീരുമേട് എം.ആർ.എസ് നിർമ്മാണം പൂർത്തീകരിച്ചു.

245. ആദിവാസി ഊരുകളിലെ സന്ദർശനത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, ഡിസ്പെൻസറികളും ആരംഭിക്കും. ആവശ്യമുള്ളവർക്ക് പ്രത്യേക പരിചരണം അങ്കണവാടി വഴി ഉറപ്പാക്കും. അങ്കണവാടി വഴി കൃത്യമായി അയൺ ഗുളികകളുടെ വിതരണം ഉറപ്പാക്കും.

പി.വി.റ്റി.ജി. കുടുംബങ്ങൾക്കായി പാലക്കാട് അട്ടപ്പാടി മേഖലയിൽ പ്രത്യേക മൊബൈൽ മെഡിക്കൽ യൂണിറ്റുകളാരംഭിച്ചു. അങ്കണവാടികൾ വഴി അയൺ ഗുളികകളുടെ വിതരണം നടക്കുന്നു.  വയനാട്ടിൽ സിഡാക്കുമായി സഹകരിച്ച് ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ പദ്ധതി വഴി സാമൂഹ്യ പഠനമുറികൾ കേന്ദ്രീകരിച്ച് ആരോഗ്യ പരിചരണം

ഉറപ്പാക്കുന്നു. ഈ പദ്ധതിയ്ക്ക് യുണൈറ്റഡ് നേഷൻസിന്റെ അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ നേഴ്സ്, എഞ്ചിനിയർ, സപ്പോർട്ടിംഗ് സ്റ്റാഫ് തസ്തികകളിലായി 19 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജോലി നൽകി.

246. ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും. ആദിവാസി മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും, കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയോഗിക്കുകയും ചെയ്യും. സിക്കിൾസെൽ അനീമിയ പോലുള്ള രോഗങ്ങൾ പഠിക്കുന്നതിനു വയനാട്ടിൽ റിസർച്ച് സെന്റർ സ്ഥാപിക്കും.

എല്ലാ ഊരുകളിലും വൈദ്യുതി, ഇന്റർനെറ്റ് കണക്ടിവിറ്റി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതിയില്ലാതിരുന്ന 84 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ 41 ഇടങ്ങളിൽ വൈദ്യുതിയും ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതിരുന്ന 1284 സെറ്റിൽമെന്റുകളിൽ 1099 ഇടങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റിയും ലഭ്യമാക്കി. ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് പുറമെ യൂണിസെഫ് സഹായത്തോടെ ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രിഷ്യനിസ്റ്റിനെ നിയമിച്ചും ഡിജിറ്റൽ ട്രൈബൽ ഏരിയ പദ്ധതി വഴിയും വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്തു. പാലക്കാട് മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം കോട്ടത്തറ ആശുപത്രിയിൽ ഉറപ്പാക്കി. ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യ സുരക്ഷയ്ക്കായി പാലക്കാട് ജില്ലയിൽ 'ഊരിന്റെ താരാട്ട്' എന്ന ശിശു സംരക്ഷണ പദ്ധതി നടപ്പാക്കിവരുന്നു. സിക്കിൾസെൽ രോഗികൾക്ക് ഒറ്റത്തവണ ധനസഹായമായി 2 ലക്ഷം രൂപ നൽകുന്ന പദ്ധതിക്ക് അനുമതി നൽകി. പ്രതിമാസ ധനസഹായം 2,500 രൂപയായി വർദ്ധിപ്പിച്ചു. ഈ രോഗത്തെക്കുറിച്ചുള്ള ഗവേഷണത്തിനും അനുമതി നൽകി. സിക്കിൾ സെൽ അനീമിയ ബാധിതരായ കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണ ഉറപ്പാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക പരിശീലനം നടപ്പിലാക്കി.

247. ഓരോ ഊരിലെയും കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസിനു മുകളിൽ പ്രായമുള്ള വൃദ്ധർ, 6 വയസിനു താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷക ഭക്ഷണം നൽകുന്നതിനുള്ള കമ്മ്യൂണിറ്റി കിച്ചണുകൾ കൂടുതൽ വ്യാപകമാക്കും.

കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി അട്ടപ്പാടിയിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ഭക്ഷ്യ സഹായ പദ്ധതിയുടെ ഗുണം 1,03,810 ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു.

248. ആദിവാസി പ്രൊമോട്ടർമാർക്ക് ആറു മാസത്തിലൊരിക്കൽ പരിശീലനം നൽകും. അവരുടെ പ്രവർത്തനങ്ങളെ തുടർച്ചയായി അവലോകനം ചെയ്യും.

എല്ലാ പട്ടികവർഗ്ഗ പ്രമോട്ടർമാർക്കും 3 ദിവസത്തെ പരിശീലനം നൽകി. പ്രവർത്തനങ്ങളുടെ അവലോകനത്തോടൊപ്പം തുടർപരിശീലനവും ഓറിയന്റേഷനും പ്രൊമോട്ടർമാർക്ക് നൽകും.

249. ആദിവാസി ഊരു കുട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകും. ഊരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കണമെന്നാണ് ചട്ടം. ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സാമൂഹ്യ ഓഡിറ്റ് നിർബന്ധമാക്കും

തദ്ദേശസ്വയം ഭരണ വകുപ്പുമായി ചേർന്ന് ഊരുകൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മൈക്രോ പ്ലാനുകൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്യുന്നതിനൊപ്പം സാമൂഹ്യ പരിശോധനകൾ നിർബന്ധമാക്കുന്നതിമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലകളിൽ ഊരുമൂപ്പന്മാർക്ക് പ്രത്യേക ശിൽപ്പശാല സംഘടിപ്പിച്ച് ഊരുക്കുട്ടവുമായി ബന്ധപ്പെട്ട ആശയങ്ങളും വ്യവസ്ഥകളും പുനർവിചിന്തനം ചെയ്യൽ ചർച്ചചെയ്തു.

250. ഇടുക്കിയിലും വയനാടും ഓരോ ട്രൈബൽ കോളേജുകൾക്ക് അനുവാദം നൽകും

ഇടുക്കിയിൽ എയ്ഡഡ് കോളേജ് അനുവദിച്ച് ക്ലാസ്സുകളാരംഭിച്ചു.

## പരിവർത്തിത ക്രൈസ്തവർ

251. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും തുല്യമായ അളവിൽ നൽകും. യു.ഡി.എഫ്. കാലത്തെ വിദ്യാഭ്യാസ ആനുകൂല്യ കുടിശ്ശിക 189 കോടി രൂപ ഈ സർക്കാരാണ് കൊടുത്തത്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൃത്യമായി നൽകുമെന്ന് ഉറപ്പുവരുത്തും.

പട്ടിക ജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവ വിഭാഗം വിദ്യാർത്ഥികൾക്കും അനുവദിച്ചുവരുന്നുണ്ട്. 2023-24 വരെയുള്ള വിദ്യാഭ്യാസ ആനുകുല്യങ്ങൾ പൂർണ്ണമായും അനുവദിച്ചു നൽകി.

252. ദളിത്, പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പഠന സമിതിയെ നിയമിക്കും. മതന്യൂനപക്ഷ അവകാശം സ്കോളർഷിപ്പ് ഇവർക്കും ലഭ്യമാക്കും.

സംസ്ഥാനത്തെ ക്രൈസ്തവ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പഠിക്കാൻ സംസ്ഥാന സർക്കാർ നിയമിച്ച ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടി സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ ഇതേ പ്രശ്നങ്ങൾ പഠിക്കുന്നതിന് ജ. കെ. ജി. ബാലകൃഷ്ണൻ ചെയർമാനായ സമിതിയെ നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സമിതിയുടെ റിപ്പോർട്ട് വന്നതിനു ശേഷം തുടർനടപടികൾ സ്വീകരിക്കും. ഒഇസി വിദ്യാഭ്യാസാനുകൂല്യത്തിന് പുറമെ മതന്യൂനപക്ഷ സ്കോളർഷിപ്പ് പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് അനുമതി നൽകി.

253. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനുള്ള ബജറ്റ് പിന്തുണ ഇരട്ടിയായി വർധിപ്പിക്കും. ദീർഘകാലം കുടിശ്ശികയായി കിടക്കുന്ന വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കും.

2021-22 സാമ്പത്തിക വർഷം 5 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം 2023-24 വർഷം 7 കോടി രൂപയായും 2024-25ൽ 8 കോടി രൂപയായും 2025-26ൽ 10 കോടി രൂപയായും വർധിപ്പിച്ചു. കോർപ്പറേഷൻ കുടിശ്ശിക സംബന്ധിച്ച വിവര ശേഖരണം നടത്തിവരുന്നു. 2006 മാർച്ച് 31 ൽ കാലാവധി തീർന്ന 2023 മാർച്ച് വരെ കുടിശ്ശികയായ 173 വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കലും, മരണമടഞ്ഞ വായ്പക്കാരുടെ പലിശയും പിഴപ്പലിശയും മുതലുമടക്കം 25,000 രൂപ വരെ ഒഴിവാക്കിയും ഉത്തരവ് ഇറക്കി. പിഴപലിശ ഒഴിവാക്കി പുതിയ വായ്പയായി പരിഗണിക്കുന്ന നവജീവൻ പദ്ധതി റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന വായ്പകൾ പിഴപലിശ ഒഴിവാക്കി 3 ഗഡുക്കളായി തിരിച്ചടയ്ക്കാൻ അവസരം നൽകുന്ന ജീവാമൃതം പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

## പിന്നാക്ക സമുദായ ക്ഷേമം

254. പിന്നാക്ക സമുദായ വികസന കോർപ്പറേഷന് കൂടുതൽ പണം ലഭ്യമാക്കുന്നതാണ്. സർക്കാർ ഗ്യാരണ്ടിയിൽ പിന്നാക്ക സമുദായ വികസന കോർപ്പറേഷന് വലിയ തോതിൽ വായ്പയെടുക്കാൻ സർക്കാർ സഹായിച്ചതുമൂലം കോർപ്പറേഷന്റെ പ്രവർത്തനം ഗണ്യമായി വിപുലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സർക്കാർ ഗ്യാരണ്ടി തുക വർധിപ്പിച്ച സാഹചര്യത്തിൽ കൂടുതൽ വായ്പ തുക കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ട്. കോർപറേഷന്റെ പ്രവർത്തന മൂലധനം 150 കോടി രൂപയിൽനിന്നും 200

കോടി രൂപയായി വർധിപ്പിച്ചു. കൂടുതൽ പണം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

255. വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തും. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് യോഗം വിളിക്കും. പ്രായോഗികമായവ നടപ്പാക്കും.

വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്ത് വിശ്വകർമ്മ പെൻഷൻ പദ്ധതിയിൽ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തി. പെൻഷൻ തുക 1,400 രൂപയിൽ നിന്നും 1,600 രൂപയായി വർദ്ധിപ്പിച്ചു. സ്കിൽ ബാങ്ക് രൂപികരിക്കുന്നതിനും സർട്ടിഫിക്കേഷനുള്ള നടപടികൾ തൊഴിലും നൈപുണ്യവും വകുപ്പ് വഴി ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. ക്രാഫ്റ്റ് വില്ലേജ്, സ്പേഷ്യൽ എക്കണോമിക്ക് സോൺ എന്നിവയുടെ ശുപാർശ വ്യവസായ വകുപ്പ് വഴി പരിശോധിക്കാൻ തീരുമാനിച്ചു. അപ്രൈസർ നിയമനം, ക്രിമിലെയർ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഉത്തരവായി.

256. നാടാർ സമുദായത്തെക്കുറിച്ചുള്ള ജസ്റ്റിസ് ഹരിഹരൻ ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കും.

ഹൈക്കോടതിയുടെ ഉത്തരവ് മൂലം റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിയ്ക്കാനായില്ല.

257. ഗണകൻ, കണിയാൻ, കണിശൻ തുടങ്ങിയ സമുദായങ്ങളുടെ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തും.

ഗണകൻ, കണിയാൻ, കണിശൻ തുടങ്ങിയ വിഭാഗങ്ങളുടെ പ്രശ്നങ്ങളെപറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ വകുപ്പിന് ചുമതല നൽകി.

258. ആർട്ടിസാൻസ് വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കും. കൂടുതൽ ഫണ്ട് ലഭ്യമാക്കും. പരമ്പരാഗത ആർട്ടിസാൻസിന്റെ വൈദഗ്ധ്യ വികസനത്തിനും പുതിയ യന്ത്രോപകരണങ്ങൾ പരിശീലിക്കുന്നതിനും സ്കീമുകൾ ആവിഷ്കരിക്കും.

ജില്ലാ വ്യവസായ കേന്ദ്രം വഴി കരകൗശല മേഖലയിലെ വിദഗ്ധ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം, വാർദ്ധക്യകാല പെൻഷൻ എന്നിവ നൽകിവരുന്നു. വിദഗ്ധ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. ആർട്ടിസാൻ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്കിൽ ബാങ്ക് രൂപീകരിച്ചു. വ്യവസായ വകുപ്പ് റോ മെറ്റീരിയൽ ബാങ്ക്, തൊഴിലാളികളുടെ ഡാറ്റ ബാങ്ക്, വൈവിധ്യവൽക്കരണത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു.

## സംവരണ ഇതര വിഭാഗങ്ങളുടെ ക്ഷേമം

259. കുമാരപിള്ള കമ്മീഷൻ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സഹായം വർധിപ്പിക്കും.

വിദ്യാഭ്യാസ സഹായം വർധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മുൻവർഷങ്ങളിലെ ആനുകൂല്യങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

260. മുന്നാക്ക വികസന കോർപ്പറേഷനു കൂടുതൽ ഫണ്ട് ലഭ്യമാക്കും. അതിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തും.

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് 38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മുൻ വർഷത്തേക്കാൾ 3 കോടി രൂപ അധികമാണ്. സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 2 പുതിയ പദ്ധതികൾ കൂടി ആരംഭിക്കുവാൻ നടപടികൾ കൈക്കൊണ്ടു വരുന്നു.

ക്ഷീരസമുന്നതി എന്ന പേരിൽ ക്ഷീരോത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ

ആരംഭിച്ച പദ്ധതിയാണ് ഇതിൽ ഒന്ന്. 4-5 അംഗങ്ങളടങ്ങിയ ക്ഷീരകർഷക കൂട്ടായ്മ തുടങ്ങുന്നതിന് വേണ്ടി എടുക്കുന്ന ലോണുകൾക്ക് മൂലധന സബ്സിഡി നൽകാനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പദ്ധതിവിഹിതത്തിന്റെ 50% വനിതകൾക്കായി മാറ്റി വെച്ചിട്ടുണ്ട്. സമുന്നതിയാത്ര എന്ന പദ്ധതിയാണ് രണ്ടാമത്തേത്. സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക്, ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിന് മൂലധന സബ്സിഡി അനുവദിക്കുന്നതിനുള്ള ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ ക്ഷേമം

261. സച്ചാർ കമ്മിറ്റി ശുപാർശയുടെ ഭാഗമായുള്ള പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കും. ഹജ്ജ് കമ്മിറ്റിയ്ക്ക് സ്ഥിരം ഗ്രാന്റ് വർദ്ധിപ്പിക്കും, വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.

കേരളത്തിൽ പാലോളി കമ്മിറ്റി മുന്നോട്ടുവച്ച പൊതുവിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷിതത്വം, വിദ്യാഭ്യാസ ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ് ഭരണ നടപടികൾ എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി. വിധവകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി, വിവിധയിനം സ്കോളർഷിപ്പ് പദ്ധതികൾ, വിവാഹപൂർവ്വ കൗൺസിലിംഗ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ന്യൂനപക്ഷ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് എന്നീ വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി 24 സൗജന്യ യുവജന പരിശീലന കേന്ദ്രങ്ങളും, 32 യുവജന ഉപപരിശീലന പ്രവർത്തിച്ചുവരുന്നു.

എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ് ഇനത്തിൽ 2024-25 വർഷം 677 വിദ്യാർത്ഥികൾക്കായി 49.62 ലക്ഷം രൂപ നൽകി. സിഎച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് ഇനത്തിൽ 2024-25 വർഷം 9022 വിദ്യാർത്ഥികൾക്ക് 7 കോടി 46 ലക്ഷം രൂപ നൽകി. പ്രൈവറ്റ് ഐടിഐ/ഐടിസി ഫീ റീ ഇമ്പേഴ്സ്മെന്റ് സ്കീം ഇനത്തിൽ 2024-25 വർഷം 3943 വിദ്യാർത്ഥികൾക്കായി 3 കോടി 96 ലക്ഷം രൂപ ചെലവഴിച്ചു. ന്യൂനപക്ഷ യുവതീ-യുവാക്കൾക്കായുള്ള നൈപുണ്യ പരിശീലന പരിപാടിക്ക് 90 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. സിഎ, സിഎംഎ, സിഎസ് സ്കോളർഷിപ്പ് ഇനത്തിൽ 384 കുട്ടികൾക്ക് 57.67 ഈ വർഷം ലക്ഷം ചെലവഴിച്ചു. യുജിസി, സിഎസ്ഐആർ, നെറ്റ് പരിശീലനത്തിന് 9 ലക്ഷം രൂപ ചെലവഴിച്ചു. ഐഐടി, ഐഐഎം, ഐഐഎംസി, ഐഎംഎസ്സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ 2024-25 വർഷം 36 വിദ്യാർത്ഥികൾക്കായി 18 ലക്ഷം രൂപ നൽകി. മദർ തെരേസ സ്കോളർഷിപ്പ് ഇനത്തിൽ 402 വിദ്യാർത്ഥികൾക്ക് 60.78 ലക്ഷം രൂപ നൽകി. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതിക്കായി 2024-25 വർഷം 524 ലക്ഷം രൂപ ചെലവഴിച്ചു. സിവിൽ സർവീസ് ഫീ റീ ഇമ്പേഴ്സ്മെന്റ് സ്കീം ഇനത്തിൽ 2024-25 വർഷം 33 വിദ്യാർത്ഥികൾക്കായി 5.55 ലക്ഷം രൂപ നൽകി. വിദേശ പഠനത്തിന് 30 കുട്ടികൾക്കായി 144.26 ലക്ഷം രൂപ നൽകി. ഇബ്രാഹിം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് ഇനത്തിൽ 2024-25 വർഷം 384 കുട്ടികൾക്ക് 3.84 ലക്ഷം രൂപ നൽകി.

കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ മെട്രിക് സ്കോളർഷിപ്പിനു പകരം 'മാർഗ്ഗദീപം' എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് 2024-25 ൽ ഏർപ്പെടുത്തി. 20 കോടി രൂപയാണ് ഇതിനായി വകയിരുത്തിയത്. ഇതുവഴി 121667 കുട്ടികൾക്കായി 18.25 കോടി കോടി രൂപ വിതരണം ചെയ്തു. ന്യൂനപക്ഷ വിഭാഗങ്ങളിലെ തൊഴിൽ അന്വേഷകർക്ക് പിന്തുണ നൽകുന്നതിനായി ന്യൂനപക്ഷ കമ്മീഷൻ, നോളജ് എക്കണോമി മിഷൻ എന്നിവയുമായി ചേർന്ന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് 'സമന്വയം' പദ്ധതി ആവിഷ്കരിച്ചു. വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതിക്കായി 2025-26 സംസ്ഥാന ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിച്ചു വരുന്ന വായ്പാ തുക 4 ഇരട്ടിയായി വർദ്ധിപ്പിച്ചു. കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ശാഖകൾ തുടങ്ങുന്നതിന് നടപടി പുരോഗമിക്കുന്നു. നിലവിൽ കോഴിക്കോട് ഒരു ഹെഡ് ഓഫീസും കാസർഗോഡ്, മലപ്പുറം, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ 5 റീജിയണൽ ഓഫീസുകളും പ്രവർത്തിക്കുന്നു.

വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ സജീവമാക്കിയിട്ടുണ്ട്. പുതുതായി 245 ആസ്തികൾ വീണ്ടെടുത്തു. വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിച്ചു വരുന്നു. 2024-25 ൽ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് 90 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 132 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായും അനുവദിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ വഖഫ് നിയമം ഭേദഗതി ചെയ്യാനുള്ള നടപടി സ്വീകരിച്ചപ്പോൾ കേരള നിയമസഭ അതിനെതിരെ പ്രമേയം പാസ്സാക്കി. വകുപ്പ് മന്ത്രി നേരിട്ട് കേന്ദ്രമന്ത്രിയെയും ജെപിസി ചെയർമാനേയും വിയോജിപ്പറിയിച്ചു. ഇത്തവണ ചരിത്രത്തിലെ ഏറ്റവും കൂടുതൽ തീർത്ഥാടകരാണ് ഹജ്ജ് കർമ്മത്തിന് പോയത്. കണ്ണൂരിൽ പുതിയ എംബാർക്കേഷൻ പോയിന്റ് അനുവദിക്കാൻ കഴിഞ്ഞത് സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായാണ്. 2021-22 ൽ 21.13 ലക്ഷവും 2022-23 ൽ 91.35 ലക്ഷവും 2023-24 ൽ 68.12 ലക്ഷവും 2024-25 ൽ 71.03 ലക്ഷവും ഹജ്ജ് കമ്മിറ്റിക്കായി ഗ്രാന്റ് അനുവദിച്ചു. കഴിഞ്ഞ 2 വർഷവും ഹജ്ജ് തീർത്ഥാടനത്തിനായി 1 കോടി രൂപ വീതം പ്രത്യേകമായി അനുവദിക്കുകയും ചെയ്തു. കോഴിക്കോട് ഹജ്ജ് ഹൗസ്സിനോടു ചേർന്ന് 8.2 കോടി രൂപ ചെലവഴിച്ച് വിശാലമായ സൗകര്യങ്ങളുള്ള വനിതാ ബ്ലോക്ക് നിർമിച്ചു. കണ്ണൂർ എംബാർക്കേഷൻ പോയിന്റിൽ സ്ഥിരം ഹജ്ജ് ടെർമിനൽ എന്ന ആവശ്യം മുൻനിർത്തി കണ്ണൂർ വിമാനത്താവളത്തിനടുത്തായി ഒരു ഹജ്ജ് ഹൗസ് നിർമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനായി 2025-26 ബജറ്റിൽ 5 കോടി രൂപ വകയിരുത്തി. ഹജ്ജ് ഹൗസിനായി കിൻഫ്രയുടെയും കിയാലിന്റെയും ഉടമസ്ഥതയിലുള്ള 1 ഏക്കർ ഭൂമി കണ്ടെത്തി. ഭൂമി കൈമാറുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

262. കോഴിക്കോട് നിലവിലുണ്ടായിരുന്ന ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കും.

കോഴിക്കോട് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് 2023 മുതൽ പുനഃസ്ഥാപിച്ചു. കണ്ണൂർ വിമാനത്താവളം എംബാർക്കേഷൻ കേന്ദ്രത്തിന് അംഗീകാരം ലഭിച്ചു.

263. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചു പിടിച്ച് നിയമാനുസൃതമായും ഫലപ്രദമായും വിനിയോഗിക്കും.

അനധികൃത കൈയ്യേറ്റങ്ങൾ തടയുന്നതിനായി വഖഫ് വകുപ്പ് മന്ത്രിയും റവന്യൂ വകുപ്പ് മന്ത്രിയും ഉൾപ്പെടുന്ന  മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. വഖഫ് വസ്തുക്കളുടെ ഡിജിറ്റൽ സർവ്വേ നടത്താൻ തീരുമാനിച്ചു. സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർവ്വേ വകുപ്പ് ഡയറക്ടറെ ജോയിന്റ് സർവ്വേ കമ്മീഷണറായും ജില്ലാ കളക്ടറെ അഡീഷണൽ സർവ്വേ കമ്മീഷണറായും സർവ്വേ സൂപ്രണ്ടുമാരെ അസിസ്റ്റന്റ് സർവ്വേ കമ്മീഷണറായും നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

264 അലീഗഢ് സർവ്വകലാശാലയുടെ മലപ്പുറം സെന്റർ പൂർണരൂപത്തിൽ പ്രവർത്തനസജ്ജമാക്കാൻ സത്വര നടപടികൾ സ്വീകരിക്കും.

കേന്ദ്ര സർവ്വകലാശാലയായ അലീഗഢ് സർവ്വകലാശാലയുടെ മലപ്പുറം സെന്റർ പൂർണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

265. ക്രിസത്യൻ ന്യൂനപക്ഷത്തിന്റെ സ്ഥിതിഗതികളെക്കുറിച്ച് പഠിക്കുന്നതിനു നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കും.

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി രൂപീകൃതമായ ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീക

രിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ന്യൂനപക്ഷ ക്ഷേമ വകുപ്പ് പൊതുഭരണ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായി കമ്മറ്റി രൂപികരിച്ചു. ജെബി കോശി കമ്മീഷൻ ആകെ 284 ശുപാർശകളാണ് നൽകിയത്. ഈ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 17-2-2025 ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ പുരോഗതി വിലയിരുത്തി. 152 ശുപാർശകൾ വിവിധ വകുപ്പുകളിലായി നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്. 11 ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനക്കു വിടേണ്ടവയാണ്. അവ ഉടൻ സമർപ്പിക്കാനും കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യേണ്ട ശുപാർശകളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ മുൻകൈ എടുക്കാനും മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.

## മത്സ്യമേഖല

266. ആഴക്കടലടക്കം മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ അക്വേറിയം റിഫോംസിന് വേണ്ടിയാണ് ഇടതുപക്ഷം നിലകൊള്ളുന്നത്. മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിലേയ്ക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തും. പിടിച്ച് കൊണ്ട് വരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തും. ഈ സമീപനത്തിനെതിരെ ആഴക്കടൽ മത്സ്യബന്ധനം വിദേശ ട്രോളറുകൾക്കു തുറന്ന് കൊടുക്കുകയാണ് നരസിംഹ റാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ ചെയ്തത്. ഇപ്പോൾ ബി.ജെ.പി സർക്കാർ ഒരു പടികൂടി മുന്നോട്ടുപോയി. തീരക്കടലിന് മേലുള്ള സംസ്ഥാന സർക്കാരുകൾക്കുള്ള നിയന്ത്രണ അവകാശങ്ങൾ കൂടി കവരാനാണ് ശ്രമിക്കുന്നത്. ബ്ലൂഇക്കോണമി നയരേഖയിൽ തീരക്കടലിലും ആഴക്കടലിലുമുള്ള ഖനനം കോർപ്പറേറ്റുകൾക്ക് അനുവാദം നൽകുകയാണ്. മത്സ്യസമ്പത്തിന്റെ സർവ്വനാശമായിരിക്കും ഇതിന്റെ ഫലം. ഇതിനെല്ലാം കടകവിരുദ്ധമാണ് ഇടതുപക്ഷത്തിന്റെ നിലപാട്. ഇതിനകം മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം ഉറപ്പുവരുത്തുന്നതിനും മത്സ്യത്തിനു ന്യായവില ലഭ്യമാക്കുന്നതിനും കേരള മത്സ്യലേലം, വിപണനം ഗുണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുണ്ട്. അക്വേറിയം റിഫോംസ് സംബന്ധിച്ച് സമഗ്രമായ നിയമം കൊണ്ടുവരും.

മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കി 02/11/2024 -ന് നിയമ വകുപ്പിന് നൽകിയിരുന്നു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സംസ്ഥാനത്ത് പല നിയമങ്ങളും നിലവിലുണ്ടെന്നും പ്രസ്തുത നിയമങ്ങളുടെ വ്യവസ്ഥകളിൽ ഇപ്പോൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനും നിലവിലുള്ള നിയമങ്ങളിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടാത്ത പക്ഷം അവ ഭേദഗതികൾ മുഖേന നടപ്പാക്കുന്ന കാര്യം പരിശോധിക്കാനും 18/02/2025 ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ഇക്കാര്യം പരിശോധിച്ച് വരുന്നു

കൂടാതെ മത്സ്യത്തൊഴിലാളികകളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും '2021 -ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്' പുറപ്പെടുവിച്ച് നടപ്പാക്കിവരുന്നു. കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ചട്ടങ്ങളുടെ കരട് തയ്യാറാക്കി നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റിക്ക് സമർപ്പിച്ചിരുന്നു. 26/03/2025 ചേർന്ന സബ്ജക്റ്റ് കമ്മിറ്റി കരട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

267. മുരാരി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തും. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തിന്റെ ഫലമായി കേന്ദ്ര സർക്കാർ 2018 മുതൽ മത്സ്യബ

ന്ധനം നടത്തുന്നതിന് വിദേശ ട്രോളറുകൾക്ക് എൽ.ഒ.പി അനുവദിക്കുന്നത് നിർത്തലാക്കി.

268. ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് 2016ലെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നത് വീണ്ടും ആവർത്തിക്കുകയാണ്: ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ എൽ.ഒ.പി. സ്കീമിൽ വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിന് ബദൽ നടപടിയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കുന്നതിനും സബ്സിഡികളും ഉദാരമായ വായ്പാനയങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ അവസാനത്തെ ബജറ്റിൽ ഇതിനുള്ള ഒരു പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന് ആധുനിക സംവിധാനങ്ങളോടെ 100 ആഴക്കടല് മത്സ്യബന്ധന യാനങ്ങൾക്ക് വായ്പ അനുവദിക്കും. 25 ശതമാനം സബ്സിഡിയുണ്ടാകും. യൂണിറ്റ് ഒന്നിന് 1.7 കോടി രൂപയാണ് ചെലവ്. ഇത്ര സുവ്യക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരെ ഇന്ന് യു.ഡി.എഫും ചില നിക്ഷിപ്ത താൽപ്പര്യക്കാരും ചേർന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കോലാഹലങ്ങൾ പരിഹാസ്യമാണ്.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക, അവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കി മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി. ആറ് ബോട്ടുകൾ കൈമാറി. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന ജെഎൽജി ഗ്രൂപ്പുകൾ/ എസ്എച്ച്ജിഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവരാണ് ഗുണഭോക്താക്കൾ.

269. കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980 ലെ കെ.എം.എഫ്.ആർ ആക്ടിൽ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം, ജില്ല, മത്സ്യഗ്രാമം എന്നീ തലങ്ങളിലെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ഫലപ്രദമാക്കും.

സംസ്ഥാന, ജില്ല, ഗ്രാമ തലങ്ങളിലെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു. പ്രവർത്തനം നടന്നുവരുന്നു.

270. മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പിലാക്കും.

ജൂൺ 10 മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസം മൺസൂൺകാല ട്രോൾ ബാൻ നടപ്പിലാക്കിവരുന്നു.

271. തീരദേശ വികസനത്തിന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തീരസംരക്ഷണം, പുനരധിവാസം, ഹാർബർ, മാർക്കറ്റ് നവീകരണം, പാർപ്പിടം, വിദ്യാഭ്യാസ – ആരോഗ്യ നവീകരണം തുടങ്ങിയവയാണ് പാക്കേജിലുള്ളത്. ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങൾ പ്രത്യേക അവലോകന റിപ്പോർട്ടായി പ്രസിദ്ധീകരിക്കും. പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കും.

തീര സംരക്ഷണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തെ തെക്ക് ഭാഗത്ത് ഗ്രയോൺ നിർമ്മാണം (1,346.84 ലക്ഷം രൂപ) കണ്ണൂർ ജില്ലയിലെ തലായ് മത്സ്യ



ബന്ധന തുറമുഖത്തിന്റെ ഗ്രയോൺ നിർമ്മാണം (348.31 ലക്ഷം രൂപ) തൃശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്ക് ഭാഗത്തെ ഗ്രയോൺ നിർമ്മാണം (685.64 ലക്ഷം രൂപ), കൊല്ലം ജില്ലയിലെ കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള സംരക്ഷണ പ്രവൃത്തികൾ (3,508 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വടക്ക് താഴംപള്ളി ഭാഗത്തെ ഗ്രയോൺ നിർമ്മാണം (2,651 ലക്ഷം ലക്ഷം) ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നൂതന പദ്ധതിയായ ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ്ഷോർ വാട്ടർ സ്ഥാപിക്കൽ പദ്ധതി (207.8 ലക്ഷം രൂപ) പുരോഗമിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിൽ 20 ഫ്ളാറ്റുകൾ (2 കോടി രൂപ), മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 ഫ്ളാറ്റുകൾ (12.8 കോടി രൂപ), നിർമ്മിച്ച് കൈമാറി. പൊന്നാനി ഹൗസിംഗ് സ്കീം രണ്ടാംഘട്ടം 100 യൂണിറ്റ് (14.33 കോടി രൂപ) നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടു. ഉണ്ണ്യാൽ ഹൗസിംഗ് സ്കീം 16 യൂണിറ്റ് (2.1 കോടി രൂപ) പ്രവൃത്തി പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിലെ കോയിപ്പാടി ഹൗസിംഗ് സ്കീം 144 യൂണിറ്റ് (23.2 കോടി രൂപ) നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ കോമൺഫെസിലിറ്റി സെന്ററിലെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. മുട്ടത്തറ ഹൗസിംഗ് സ്കീം 400 യൂണിറ്റ് (81 കോടി രൂപ) പ്രവൃത്തി പുരോഗമിക്കുന്നു.

തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 482 വ്യക്തിഗത ഫ്ളാറ്റുകൾ പൂർത്തീകരിച്ച് കൈമാറി. ആലപ്പുഴ ജില്ലയിൽ 204 ഫ്ളാറ്റുകളുടെയും കോഴിക്കോട് ജില്ലയിൽ 80 ഫ്ളാറ്റുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിൽ തലായ്, തൃശ്ശൂർ ജില്ലയിൽ ചേറ്റുവ, ആലപ്പുഴ ജില്ലയിൽ കായംകുളം, തോട്ടപ്പള്ളി, കൊല്ലം ജില്ലയിൽ താന്നി, തിരുവനന്തപുരം ജില്ലയിൽ മുതലപ്പൊഴി, പൂന്തുറ എന്നിവിടങ്ങളിൽ തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി അംഗീകാരം ലഭിച്ചു. മഞ്ചേശ്വരം തീരസംരക്ഷണ പദ്ധതി (13.47 കോടി രൂപ), തലായ് തീര സംരക്ഷണ പദ്ധതി (3.48 കോടി രൂപ), ചേറ്റുവ തീരസംരക്ഷണ പദ്ധതി (6.86 കോടി രൂപ) പൂർത്തീകരിച്ചു. കൊല്ലം താന്നി തീരസംരക്ഷണ പദ്ധതി (35.08 കോടി രൂപ) പൂർത്തീകരണഘട്ടത്തിലാണ്. പൂന്തുറ തീരസംരക്ഷണ പദ്ധതി (20.78 കോടി രൂപ) പുരോഗമിക്കുന്നു. മുതലപ്പൊഴി തീര സംരക്ഷണ പദ്ധതി (26.51 കോടി രൂപ) ആരംഭിച്ചു. പരപ്പനങ്ങാടി മത്സ്യബന്ധന ഹാർബർ (112.21 കോടി രൂപ), ചെത്തി മത്സ്യബന്ധന ഹാർബർ (97.43 കോടി രൂപ) നിർമ്മാണം പുരോഗമിക്കുന്നു. കേരള സംസ്ഥാന

തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ ജില്ലകളിലെ 48 സ്കൂളുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 23 പദ്ധതികൾ പുരോഗമിക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിന് 142.16 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായി. 2 മാർക്കറ്റുകളുടെ പണി പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

272. കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും. പൂന്തുറയിലെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പരീക്ഷണം വിജയിക്കുകയാണെങ്കിൽ ആ മാതൃകയിൽ കേരളത്തിലുടനീളം തീരദേശ സംരക്ഷണത്തിനും പോഷണത്തിനും സ്കീമിനു രൂപം നല്കും. കിഫ്ബി ധനസഹായത്തോടെ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ആരംഭിച്ചിരിക്കുന്ന സ്കീം കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കും. കടൽഭിത്തി നിർമ്മാണത്തിനു ട്രൈപോഡ്, ടെട്രാപോഡ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കും.

ഇന്ത്യയിലെ ഇതര തീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്തെ തിരമാലകളുടെ ശക്തി (high energy dissipating waves) കൂടുതലാണ്. ഇതുകൊണ്ടു തന്നെ തീരശോഷണം തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു. സെൻട്രൽ വാട്ടർ ആൻറ് പവ്വർ റിസർച്ച് സ്റ്റേഷൻ, പുനെ; നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച, ചെന്നൈ; ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ - എന്നിവയുമായി ചേർന്നാണ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നത്. സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ 'നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച്' എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടു നിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. NCCR സമർപ്പിച്ച SLMP യുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് Technical Advisory Committee കൂടി comments സ്വീകരിക്കുകയും NCCR ന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. SLMP യുടെ റിപ്പോർട്ട് അന്തിമമാക്കാനുള്ള നടപടികൾ NCCR ന്റെ ഭാഗത്തുനിന്നും സ്വീകരിച്ച് വരുന്നു. KIIFB യുടെ ധനസഹായത്തോടെ ചെല്ലാനം കടൽ തീരത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽ ഭിത്തി നിർമ്മാണത്തിൽ 7.3 കി.മീ. ദൂരത്തിലുള്ള സംരക്ഷണ പ്രവൃത്തികൾ പൂർത്തികരിച്ചു. രണ്ടാംഘട്ട പ്രവർത്തികൾക്കായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. Pilot project ആയി ജിയോട്യൂബ് ഉപയോഗിച്ച് പൂന്തുറ കടൽത്തീരം സംരക്ഷണത്തിന് NCCR ശിപാർശ ചെയ്തിട്ടുണ്ട്. ശംഖുമുഖം-തിരുവനന്തപുരം, കാപ്പാട്-കോഴിക്കോട് ഹോട്ട്സ്പോട്ടുകളിൽ 71.50,76.26 കോടി രൂപയുടെ DPR തയ്യാറായിട്ടുണ്ട്. കൊല്ലംകോട്- തിരുവനന്തപുരം (പൊഴിയൂർ) തീരദേശ സംരക്ഷണ പദ്ധതിക്ക് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം-ആലപ്പാട്- ടെട്രാപോഡുകൾ ഉപയോഗിച്ച് തീരദേശ സംരക്ഷണ പദ്ധതിക്ക് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. ഒറ്റമശ്ശേരി-ആലപ്പുഴ പദ്ധതിയുടെ പ്രവർത്തി പുരോഗമിച്ചു വരികയാണ്. മറ്റു ചില പദ്ധതികൾ സംബന്ധിച്ച ചർച്ച എൻസിസിആർ മായി നടന്നുവരികയാണ്.

273. തീരപ്രദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്ക് താൽപര്യമുണ്ടെങ്കിൽ, അനുയോജ്യമായ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് പത്ത് ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പുനർഗേഹം സ്കീമിനു രൂപം നൽകിയിട്ടുണ്ട്. ഇത് സമയബന്ധിതമായി നടപ്പാക്കും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 482 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. ആലപ്പുഴ ജില്ലയിൽ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹില്ലിൽ 80 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണത്തിനുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഫിഷറീസ് വകുപ്പ് 2018ൽ നടത്തിയ സർവ്വേ പ്രകാരവും ലഭിച്ച അപ്പീൽ അപേക്ഷകൾ പ്രകാരവും 21,913 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8,845 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4,334 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടി. 3,697 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചു. 2,321 കു

ടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 753 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് 113.75 കോടി രൂപയും ചെലവഴിച്ചു.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ ക്യൂഎസ്എസ് കോളനിയിൽ 114 ഉം ഫ്ളാറ്റുകൾ ഉൾപ്പെടെ 390 ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറി. പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് (204), തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ്-2 (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ 168 ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ളാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

274. നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിക്കും. യു.ഡി.എഫ് ഭരണകാലത്ത് ഒരു ഫിഷിംഗ് ഹാർബർ പൂർത്തീകരിച്ചു. പുതിയൊരെണ്ണം തുടങ്ങി. എന്നാൽ എൽ.ഡി.എഫ് ഭരണകാലത്ത് എട്ട് എണ്ണം പൂർത്തീകരിച്ചു. പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു. പൊഴിയൂരിൽ പുതിയൊരു ഹാർബർ സ്ഥാപിക്കും.

പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ (112.2 കോടി രൂപ), ചെത്തി ഫിഷിംഗ് ഹാർബർ (97.43 കോടി രൂപ) നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് 343.00 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി.

275. ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തും. ഫിഷിംഗ് ഹാർബറുകളിൽ ശീതികരിച്ച സ്റ്റോറേജ് സൗകര്യങ്ങളും മാർക്കറ്റിംഗ് സൗകര്യങ്ങളും ഒരുക്കും.

2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിനനുസരിച്ച് 21 പ്രധാന ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനം ആരംഭിച്ചു.

276. തീരദേശ ഹൈവേ പൂർത്തീകരിക്കും. ഇടറോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൂടുതൽ പണം അനുവദിക്കും.

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021-22 വർഷം ഭരണാനുമതി ലഭിച്ച 78.756 കോടി രൂപയുടെ 149 റോഡുകളിൽ 92 എണ്ണം പൂർത്തിയായി. 50 എണ്ണം പുരോഗമിക്കുന്നു. 2022-23 വർഷം 84 കോടി രൂപയുടെ 158 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചതിൽ 3 പ്രവൃത്തികൾ പൂർത്തിയായി. 53 എണ്ണം പുരോഗമിക്കുന്നു.

277. മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കും. മത്സ്യവിപണന സംസ്ക്കരണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കും. മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് കിഫ്ബി പിന്തുണയോടെ ഒരു സ്കീമിനു തുടക്കംകുറിച്ചു. അതു സമയബന്ധിതമായി പൂർത്തീകരിക്കും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം

ലഭിച്ചു. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായുള്ള വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യംമനുസരിച്ച് ഉൾപ്പെടുത്തി. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഉറപ്പുവരുത്തും. 2 മാർക്കറ്റ് നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. 51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിനായി 142.16 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായി. ഒരു മാർക്കറ്റിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 10 എണ്ണം പുരോഗമിക്കുന്നു.

278. അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് മറൈൻ ആംബുലൻസുകൾ, സീ റെസ്ക്യൂ സ്ക്വാഡുകൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, സാഗര മൊബൈൽ ആപ്പ്, സാറ്റ്ലൈറ്റ് ഫോൺ, നാവിക് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കു ബോധവൽക്കരണം നടത്തും. റെസ്ക്യൂ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ സജീവപങ്കാളികളാക്കും. എല്ലാ മത്സ്യബന്ധന ബോട്ടുകളും വലുപ്പം കണക്കിലെടുക്കാതെ ഒരു ഉപഗ്രഹ ശൃംഖലയുമായി ബന്ധിപ്പിച്ച് അവയുടെ സുരക്ഷയ്ക്കായി നിരീക്ഷിക്കുന്ന ഒരു നെറ്റ്‌വർക്ക് സൃഷ്ടിക്കും.

അപകടംനിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കും ജീവൻ രക്ഷിക്കുന്നതിനുമായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങളിൽ മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് കടൽസുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുളള ബോധവത്കരണം നടത്തിവരുന്നു. റെസ്ക്യൂ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ സജീവ പങ്കാളികളാക്കുന്നതിന് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർസ്പോർട്സിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ 100 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി 15 പ്രധാന ഹാർബറുകൾ കേന്ദ്രീകരിച്ച് സീ റെസ്ക്യൂ സ്ക്വാഡുകൾ രൂപീകരിച്ചു. 80 പേരെ റെസ്ക്യൂ യാനങ്ങളിൽ നിയോഗിച്ചു. എല്ലാ മത്സ്യബന്ധന ബോട്ടുകളും സുരക്ഷയ്ക്കായി നിരീക്ഷിക്കുന്നതിന് ടെക്നിക്കൽ കമ്മറ്റിയുടെ റിപ്പോർട്ട് പ്രകാരം നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് തുടർനടപടി സ്വീകരിച്ചുവരുന്നു. സാറ്റലൈറ്റ് അധിഷ്ഠിത കമ്മ്യൂണിക്കേഷൻ സംവിധാനം മത്സ്യബന്ധന ബോട്ടുകളിൽ സജ്ജമാക്കുന്നതിന്റെ സാധ്യത പ്രയോജനപ്പെടുത്തും. 6000 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചു. മുനമ്പം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 10 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ച യാനങ്ങളെ നിരീക്ഷിക്കുന്നതിന് നഭ് മിത്ര മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു.

279. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വെള്ളപ്പൊക്കത്തിലും മറ്റ് ദുരന്തങ്ങളിലും നൽകിയ സേവനങ്ങളെ ലോകമെമ്പാടും പ്രശംസിച്ചു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന ഒരു പുതിയ പാർട്ട്ടൈം റെസ്ക്യൂ വിഭാഗം സൃഷ്ടിക്കുകയും അവരുടെ സേവനങ്ങൾക്ക് ന്യായമായ പ്രതിഫലം നൽകുകയും ചെയ്യും. എപ്പോൾ വേണമെങ്കിലും സഹായിക്കാൻ തയ്യാറുള്ളതും ശരിയായ പദവി ചിഹ്നത്താൽ അലങ്കരിക്കപ്പെട്ടതുമായ കടലിന്റെ സൈനികർ നമുക്ക് ഉണ്ടാകും.

9 തീരദേശ ജില്ലകളിലായി 60 യൂണിറ്റുകളിൽ ഉൾപ്പെടുത്തി 900 മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ 15 ദിവസത്തെ പരിശീലനം നൽകി. കടൽസുരക്ഷാ സ്ക്വാഡ് രൂപീകരിച്ചു. 10 പേർ വീതമുള്ള 10 ഗ്രൂപ്പുകളായി തിരിച്ച് പ്രധാന ഹാർബർ കേന്ദ്രീകരിച്ച് ഇവരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

280. ജീവൻ നഷ്ടപ്പെടുന്ന നിർഭാഗ്യകരമായ അവസരത്തിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും നഷ്ടപരിഹാരമായി ഇൻഷ്വറൻസ് അടക്കം 20 ലക്ഷം രൂപ നൽകുകയും ബിരുദാനന്തര ബിരുദം വരെ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പൂർണമായി ഏറ്റെടുക്കുകയും ചെയ്യും.

മത്സ്യബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേന 20 ലക്ഷം രൂപ നഷ്ടപരിഹാരം

ലഭിക്കുമാറ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികളുടെ വിദ്യാഭ്യാസം പൂർണ്ണമായും ഏറ്റെടുത്ത് ധനസഹായം അനുവദിച്ചുവരുന്നു.

281. മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എല്ലാവർക്കും വീട്, സാനിട്ടറി-കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ തീരദേശ പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും. മാതൃകാ മത്സ്യഗ്രാമം പദ്ധതി പുനരാവിഷ്കരിക്കും. മത്സ്യഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും.

മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ആരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആർ.ഐ.ഡി.എഫ്, കിഫ്ബി, ഓഖി പുനരധിവാസം എന്നിവയിൽ നിന്നും മത്സ്യമേഖലയുടെ വികസനത്തിനായി തുക കണ്ടെത്തി പദ്ധതികൾ നടപ്പാക്കിവരുന്നു. വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3,041 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം ഒരുക്കുന്നതിനും 1,199 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ചെല്ലാനം മത്സ്യഗ്രാമം പൈലറ്റായി എടുത്ത് പദ്ധതി ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യതൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് 2016 മുതൽ ലൈഫ് മുഖേനയും ഫിഷറീസ് വകുപ്പ് മുഖേനയും വിവിധ ഭവന പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 13,765 പേർ ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചെല്ലാനം ഉൾപ്പടെ സംസ്ഥാനത്തെ 9 മത്സ്യഗ്രാമങ്ങൾ സമഗ്രമായി ആധുനികവത്ക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

282. ആരോഗ്യവിദ്യാഭ്യാസ രംഗങ്ങളിൽ മത്സ്യമേഖല നേരിടുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കും. എല്ലാ തീരദേശ സ്ക്കൂളുകളുടെയും സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റി നടപടി സ്വീകരിച്ചു തുടങ്ങി. ലൈബ്രറികൾ അടിസ്ഥാനമാക്കി പ്രതിഭാതീരം പരിഹാരബോധന പദ്ധതി നടപ്പാക്കും. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന ചെലവ് സർക്കാർ പൂർണ്ണമായും വഹിക്കും. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ലഭ്യമാക്കും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ ജില്ലകളിലെ 46 സ്കൂളുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 11 പദ്ധതികൾ പുരോഗമിക്കുന്നു. ഫിഷറീസ് വകുപ്പിന്റെ ബി.ഐ.എഫ് ആന്റ് എച്ച്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 2.44 കോടി രൂപയുടെ 4 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികൾ പൂർത്തീകരിച്ചു. 2020-21 സാമ്പത്തിക വർഷം 2 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികളിൽ 1 എണ്ണം പൂർത്തീകരിച്ചു. 24.71 കോടി രൂപയ്ക്ക് വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ ഫിഷറീസ് സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി. 32.22 കോടി രൂപയ്ക്ക് തീരദേശ ജില്ലകളിലെ 19 ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ പൂർത്തീകരിച്ചു. മലപ്പുറം, കണ്ണൂർ ജില്ലകളിൽ 9.69 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. നായരമ്പലം ആയുർവേദ ആശുപത്രി, പെരിനാട് ആയുർവേദ ആശുപത്രി, പേരയം പി.എ-ച്ച്.സി. കെട്ടിട നിർമ്മാണങ്ങൾ പൂർത്തീകരിച്ചു. തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത ലൈബ്രറികൾ ഇലക്ട്രോണിക് പഠനത്തിനായി സജ്ജമാക്കുന്നതിനുള്ള 1.06 കോടി രൂപയുടെ പ്രതിഭാതീരം പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

283. മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടിയുള്ള കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടും.

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായി.

284. യാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തി. തൊഴിൽ ഉപകരണങ്ങൾക്കുകൂടി ഇൻഷ്വറൻസ് ഏർപ്പെടുത്തും. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. ഈ പദ്ധതിയുടെ പ്രീമിയം തുകയുടെ 90 ശതമാനം സർക്കാർ വിഹിതവും 10 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.

285. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും. വിഴിഞ്ഞത്തെ പരാതികൾക്ക് പരിഹാരമുണ്ടാക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ആശ്വാസമേകുന്നതിനും പരാതി പരിഹരിക്കുന്നതിനും വിഴിഞ്ഞം പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി പ്രദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി അഞ്ചംഗ ഉപജീവനാഘാത നിർണയ സമിതിയും തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായി അഞ്ചംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചു.

ചിപ്പി ലോബ്സ്റ്റർ വിഭാഗത്തിൽ 262 പേർക്ക് 12.36 കോടി രൂപ വിതരണം ചെയ്തു. കരമടി മത്സ്യബന്ധന വിഭാഗത്തിൽ 915 പേർക്ക് 54.81 കോടി രൂപ വിതരണം ചെയ്തു. പദ്ധതി നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശത്ത് പുലിമുട്ട് നിർമ്മാണം മൂലം ചുറ്റി വളഞ്ഞു പോകേണ്ടതിനാൽ 1,221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപ വിതരണം ചെയ്തു. റിസോർട്ടിൽ ജോലി നഷ്ടപ്പെട്ട 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തു. പദ്ധതി പ്രദേശത്തെ മത്സ്യവിഭവങ്ങൾ വിതരണം ചെയ്ത് ജീവിക്കുന്ന 4 സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപ വിതരണം ചെയ്തു.

ആകെ 2,698 ഗുണഭോക്താക്കൾക്കായി 106.9 കോടി രൂപ വിതരണം ചെയ്തു. വിഴിഞ്ഞം പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്തിന്റെ ഭാഗമായി 522.12 കോടി രൂപയുടെ വിവിധ പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിച്ചു. സീ റാഞ്ചിങ്, തങ്ങൽ വള്ളം, കടൽസുരക്ഷാ ഉപകരണങ്ങൾ നൽകൽ, കരിയർ ഗൈഡൻസ്, വിവിധ പരിശീലന പരിപാടികൾ, ഒരു കുടുംബം ഒരു സംരംഭം, മത്സ്യ വിപണനത്തിനായി വാഹനം, തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങിയ വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

286. മത്സ്യകേരളം പദ്ധതി തുടരും. ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കും. കുളങ്ങളും ഡാമുകളും മാത്രമല്ല, വയലുകളിൽ സംയോജിത മത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കും.

ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മത്സ്യ കൃഷി -സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കിവരുന്നു. ജെ എം കെ പദ്ധതികളിൽ ഉൾപ്പെടുത്തി സംയോജിത മത്സ്യകൃഷിയുടെ ഭാഗമായി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കി. 2023-24ൽ ഒരു നെല്ലും ഒരു മീനും പദ്ധതി 5,094 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കി. 2020-21ൽ 34,987 മെട്രിക് ടൺ, 2021-22ൽ 37,520 മെട്രിക് ടൺ, 2022-23ൽ 38,179 മെട്രിക് ടൺ, 2023-24ൽ 40,852 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിച്ചു. തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങി മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ പൊതുജലാശയങ്ങളിൽ മത്സ്യകൃഷി നടത്തി മത്സ്യോൽപ്പാദനം വർദ്ധിപ്പിച്ചു. മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുക ലക്ഷ്യമാക്കി ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതിസൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതി നടപ്പിലാക്കി. ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 50 ഹെക്ടർ ജലാശയത്തിലും 40 വലവളപ്പുകളിലും മത്സ്യകൃഷി നടത്തുന്നതിന് 492 ലക്ഷം രൂപ വകയി




രുത്തി. 12 ജലസംഭരണികളിൽ 80 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 3,575 പൊതുകുളങ്ങളിൽ കാർപ്പ് /തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

287. വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി ഒട്ടേറെ പുതിയ ഹാച്ചറികൾ ആരംഭിച്ചു. രണ്ടു ഹെക്ടർ വീതം വീതിയുള്ള 26 സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കക്ക പ്രജനനത്തിനും നടപടിയെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കും. പൊതുജലാശയങ്ങളിൽ വിപുലമായ തോതിൽ മത്സ്യവിത്ത് നിക്ഷേപിക്കും. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കും.

തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, മഞ്ഞക്കൂരി, കറൂപ്പ്, കാരി, പച്ചിലവെട്ടി എന്നിവയ്ക്ക് ഹാച്ചറികൾ പ്രവർത്തിച്ചുവരുന്നു. സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വേമ്പനാട് അഷ്ടമുടി കായലിൽ 25 മത്സ്യപ്രജനന കേന്ദ്രങ്ങളും 19 കക്ക പ്രജനന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശ മത്സ്യങ്ങളുടെ നിക്ഷേപവും പൊതുജലാശയങ്ങളിൽ നടപ്പിലാക്കിവരുന്നു. കരിമീൻ, വരാൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തികവർഷം 377 കരിമീൻ വിത്തുൽപ്പാദന യൂണിറ്റും 162 വരാൽ വിത്തുൽപ്പാദന യൂണിറ്റും സ്ഥാപിച്ചു. യൂണിറ്റുകളിൽ നിന്നും 72.91 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചു.

288. മത്സ്യമേഖലയിൽ വരുമാനവർദ്ധനവിനു പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിയും മത്സ്യഫെഡും മുൻകൈയെടുത്തിട്ടുണ്ട്. ഇത്തരം പദ്ധതികൾ വിപുലപ്പെടുത്തും. മത്സ്യസംസ്കരണത്തിന് പ്രധാന ഹാർബറുകൾക്കു സമീപം വ്യവസായ പാർക്കുകൾ സ്ഥാപിക്കും.

നബാർഡ് ആർ ഐഡി എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖാന്തരം ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കൊച്ചിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിങ് പ്ലാന്റ് വഴി മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാൻഡിൽ മീൻ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തി പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് മസാല മുതലായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചു വിൽപന നടത്തിവരുന്നു.

289. മത്സ്യക്ഷേമ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു പെയ്ഡ് സെക്രട്ടറിമാരെ നിയോഗിക്കുകയും കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുകയും ചെയ്തു. 2018-19ൽ പലിശ സബ്സിഡി നിലവിൽവരുന്നതിനുമുമ്പ് നൽകിയിട്ടുള്ളതും നിഷ്ക്രിയാസ്തികളായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പ് പദ്ധതി ആവിഷ്കരിക്കും.

മത്സ്യഫെഡിന്റെ വായ്പകളിന്മേൽ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. എൻസിഡിസി, എൻഎംസിഎഫ്ഡിസി, എൻഎംഡിഎഫസി പദ്ധതികളിൽ ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ചു. 10 ജില്ലകളിൽ അദാലത്തുകൾ നടത്തി. 819 ഗുണഭോക്താക്കളുടെ തുടർന്ന് ലഭിക്കുന്ന അപേക്ഷകളിൻമേലും ജില്ലകളിൽ അദാലത്തുകൾ നടത്തി വായ്പ കണക്കാക്കി തീർപ്പാക്കിവരുന്നു. 1,879 അപേക്ഷകൾ ഇതിനകം തീർപ്പാക്കി.

290. ഓൺലൈൻ വ്യാപാരത്തിൻ ഇ-ഓട്ടോ വാങ്ങുന്നതിന് വായ്പ മത്സ്യഫെഡ് നൽകും. 25 ശതമാനം സബ്സിഡി സർക്കാർ നൽകും. മത്സ്യബന്ധന തൊഴിൽ ഉപകരണങ്ങൾ വാങ്ങാൻ മത്സ്യഫെഡ് വഴിയുള്ള വായ്പകൾക്ക് 25 ശതമാനം സബ്സിഡി സർക്കാർ നൽകും.

മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇ-ഓട്ടോ നൽകുന്നതിന് മത്സ്യഫെഡ് എൻബിസിഎഫ്ഡിസി/എൻഎംഡിഎഫ് ടേം ലോൺ പദ്ധതി നടപ്പിലാക്കിവരുന്നു.

291. കയറ്റുമതിക്കാരിൽ നിന്ന് ക്ഷേമനിധിയിലേയ്ക്ക് വിഹിതം പിരിക്കുന്നതിന് എതിരെയുള്ള വിധിക്ക് അപ്പീൽ നൽകി ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയെടുക്കാൻ ശ്രമിക്കും

2018 ലെ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തു.

292. സി.ആർ.ഇസഡ് സോണിന്റെ പ്രവർത്തനം 50 മീറ്റർ പരിധിക്കു പുറത്ത് ഉദാരമാക്കിയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തി അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും പട്ടയം വിതരണം ചെയ്യും.

2019ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം Non Development Zone ഒഴികെയുള്ള പ്രദേശത്ത് നിലവിലുള്ള Plinth area ക്ക് അനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനത്തിനോ ഭവന പുനർനിർമ്മാണത്തിനോ തടസ്സമില്ല. ഫിഷറീസിൽ നിന്നും NOC നൽകേണ്ട സാഹചര്യങ്ങളിൽ NOC നൽകുന്നുണ്ട്.

293. എ.പി.എൽ, ബി.പി.എൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കും.

എ.പി.എൽ. – ബി.പി.എൽ. വ്യത്യാസമില്ലാതെ സാമൂഹ്യസുരക്ഷാ പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്നു.

294. തീരദേശത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കടലിനോട് ചേരുന്ന പൊഴികൾ ആഴംകൂട്ടി കല്ലുകെട്ടി സംരക്ഷിക്കും.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ റിവർ ട്രെയിനിംഗ് പ്രവൃത്തി പുരോഗമിക്കുന്നു.

295. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 6,000 രൂപയായി ഉയർത്തും. കേന്ദ്ര സർക്കാർ അവരുടെ വിഹിതം ഉറപ്പാക്കുന്നതിനു വലിയ മടിയാണ് കാണിക്കുന്നത്. 3,600 രൂപയ്ക്കു മുകളിലുള്ള തുക സംസ്ഥാന സർക്കാർ തന്നെ വഹിക്കണം.

സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യം 4,500 രൂപയായി വർദ്ധിപ്പിച്ച് നടപ്പാക്കിവരുന്നു.

296. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കും. 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനാക്കുന്നതിന് മോട്ടോറൈസേഷൻ സബ്സിഡി നല്കും. ചെറുകിട ഇൻബോർഡ് യന്ത്രവൽകൃത വള്ളങ്ങൾക്കും ഇന്ധന സബ്സിഡി നൽകുന്നതാണ്.

കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ അധികമായി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നു. ഔട്ട് ബോർഡ് മോട്ടോർ യാനങ്ങൾക്ക് മത്സ്യഫെഡ് മുഖാന്തിരം ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡിയോടെ മണ്ണെണ്ണ നൽകിവരുന്നു. മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനാക്കുന്നതിന് മോട്ടോറൈസേഷൻ സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ബദൽ ഇന്ധനം ഉപയോഗിക്കുന്ന എഞ്ചിനുകൾ വികസിപ്പിച്ച് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണ എൻജിനുകൾ എൽപിജി എഞ്ചിനുകളാക്കി മാറ്റുന്നതിന് ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ എൽ. പി. ജി. കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി.

## ഭിന്നശേഷിക്കാർ

297. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ കണക്ക് എടുക്കുന്നതാണ്. സ്പെഷ്യൽ സ്കൂളുകൾക്കു പുറത്തുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളാനാവുന്നവിധം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബഡ്സ് സ്കൂൾ നിർബന്ധമാക്കും. ബഡ്സ് സ്കൂളുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം ഗണ്യമായി ഉയർത്തും. അധ്യാപകർക്കുള്ള വേതനം ഉയർത്തും. ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹ്യമായ പരിചരണം ഉറപ്പുവരുത്തും.

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള വ്യക്തിഗത പരിപാലന പദ്ധതി പ്രകാരം, ഭിന്നശേഷിക്കാരുടെ വ്യക്തിഗത വിവരങ്ങൾ ഓൺലൈൻ പോർട്ടലിൽ സുരക്ഷിതമാക്കി സൂക്ഷിച്ച് ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ പോർട്ടൽ മുഖേന പരിശോധിച്ച് ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഭിന്നശേഷിക്കാരുടെ കണക്ക് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് നൽകുന്നതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ സാമൂഹ്യനീതി വകുപ്പിലേയും, കേരള സാമൂഹ്യ സുരക്ഷാ മിഷനിലേയും ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത സഹകരണത്തോടെ 'രജിസ്ട്രേഷൻ ഡ്രൈവുകൾ' നടത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 3,75,232 പേർക്ക് UDID കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ബാക്കി 58,518 പേർക്ക് എത്രയും പെട്ടെന്ന് UDID കാർഡ് ലഭ്യമാക്കുന്നതിനും ഇനിയും രജിസ്റ്റർ ചെയ്യാത്തവരെ രജിസ്റ്റർ ചെയ്യിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളെയും ചേർത്തുപിടിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സംരക്ഷണത്തിനായി പുനരധിവാസം, ആരോഗ്യം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ് മുഖേന പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികൾക്ക് അനുയോജ്യമായ പരിശീലനവും പരിചരണവും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്പെഷ്യൽ അങ്കണവാടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അക്കാദമിക പരിശീലനത്തോടൊപ്പം തെറാപ്പികൾ, നൈപുണ്യ വികസനം

തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ, റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ സെന്ററുകൾ, ചൈൽഡ് ഡെവലപ്മെന്റ് റിസർച്ച് സെന്റർ, ഓട്ടിസം സ്ക്രീനിംഗ്, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കും ഡോക്ടർമാർക്കുമുള്ള വിദഗ്ധ പരിശീലനം, നൈപുണ്യവികസനം തുടങ്ങിയവ നടപ്പിലാക്കുന്ന സ്പെക്ട്രം പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANSലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഘട്ടംഘട്ടമായി എല്ലാ മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ചൈൽഡ് ഡവലപ്മെന്റ് ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ച് വരുന്നു. കൂടാതെ നിഷിലും ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾച്ചേർക്കൽ വിദ്യാഭ്യാസമെന്ന നയത്തിലൂന്നി ആരംഭിച്ച പദ്ധതികളിൽ ഒന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി. 84 സ്കൂളുകൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ ഇത്തരം കട്ടികൾക്ക് വേണ്ട സൗഹൃദാന്തരീക്ഷം ഉണ്ടാക്കുന്നതിന് പുറമേ വിവിധ പരിശീലനങ്ങൾ, തെറാപ്പി സൗകര്യം വർദ്ധിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന എൻ.ജി.ഒ കളുടെ കീഴിലെ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ഡിഡിആർഎസ് ഗ്രാൻറ് ലഭിക്കുന്ന സ്കൂളുകൾ എന്നിവയ്ക്ക് 2019-20 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. 2023-2024 വർഷത്തിൽ ഗ്രാൻറിനായി അപേക്ഷ സമർപ്പിച്ചതിൽ സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ള 275 സ്കൂളുകൾക്ക് 44,91,00,610 രൂപ സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജ് പദ്ധതിക്കായി 2024-25 വർഷം സർക്കാർ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജിനായി 288 സ്കൂളുകളുടെ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കീഴിലുള്ള ബഡ്സ് സ്കൂളുകൾക്കും പാക്കേജിൽ തുക അനുവദിച്ചിട്ടുണ്ട്.

എസ്.സി.ഇ.ആർ.ടി. മുഖേനയും ഇത്തരം കുട്ടികളുടെ പഠനപിന്തുണയ്ക്കായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. 21 ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ സ്കൂൾ തലത്തിൽ PRASHAST (പ്രശസ്ത്) സ്ക്രീനിങ് ടൂൾ ഉപയോഗിച്ചു സ്ക്രീൻ ചെയ്ത് കണ്ടെത്തുകയും അവർക്ക് വിവിധ തെറാപ്പികൾക്ക് സൗകര്യം ഒരുക്കുകയും ചെയ്യുന്നു. ക്ലാസ്മുറികളിൽ നിന്നും കുട്ടികൾക്ക് ലഭിക്കുന്ന പഠന പ്രവർത്തനങ്ങൾ കൂടുതൽ അനുരൂപീകരണ സാധ്യതകൾ ഉൾപ്പെടുത്തി സ്പെഷ്യൽ കെയർ സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. 1385 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

നിലവിൽ കടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന ബൗദ്ധിക ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 378 ബഡ്സ് സ്ഥാപനങ്ങൾ (166 ബഡ്സ് സ്കൂളുകളും 212 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ 13081 പരിശീലനാർത്ഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 36 ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം കുടുംബശ്രീ അനുവദിച്ചു നൽകിയിരുന്നു. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ വീതം 259 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി SCERT യുമായിചേർന്ന് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുകയും അതിൽ അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തു. ബഡ്സ് സ്ഥാപനങ്ങളിൽ



എത്തുന്ന കുട്ടികൾക്കും അമ്മമാർക്കുമായി ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ലൈവ്‌ലിഹുഡ് പാക്കേജിൽ ഉൾപ്പെടുത്തി 230 സ്ഥാപനങ്ങളിൽ ഉപജീവന പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ അനുവദിച്ചു നൽകി. പരിശീലനം പൂർത്തീകരിച്ചു ഉൽപന്ന നിർമ്മാണം ആരംഭിച്ചു. കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സഞ്ജീവനി-അഗ്രിതെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷി നടത്തുന്നു.

സാമൂഹ്യനീതി വകുപ്പിന്റേയും കോഴിക്കോട് സർവ്വകലാശാലയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ബുദ്ധിവികാസ പരിമിതി ഉള്ളവർക്ക് വേണ്ടി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജെന്റ് & റിഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 18 വയസ്സിൽ താഴെയുള്ള 20 ഭിന്നശേഷിക്കാർ വേണമെന്ന നിബന്ധന ഒഴിവാക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ഈ മേഖലയിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു. ഇതിന് മാത്രമായി ഒരു കോടി രൂപ 2025-2026 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയവ മുഖേനയും ഈ മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

### 298. സർക്കാർ ഭിന്നശേഷിയെക്കുറിച്ച് അവകാശാധിഷ്ഠിത സമീപനം കൈക്കൊള്ളും. ഭിന്നശേഷികളുള്ള ആളുകളുടെ അവകാശം സംബന്ധിച്ച 2016ലെ ആക്ടിലെ (പിആർഡി ആക്ട്) വ്യവസ്ഥകൾ നടപ്പിലാക്കും. ഇതിനായുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തും.

2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമം പ്രകാരം നടപ്പിലാക്കേണ്ട വ്യവസ്ഥകളെല്ലാം ഏറെക്കുറെ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ നടത്തിവരുന്നത്. ഭിന്നശേഷി അവകാശ നിയമത്തിലെ അധ്യായം VIII പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പിലാക്കുന്നത് പുരോഗമിക്കുന്നു. ഭിന്നശേഷി അവകാശനിയമത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ പ്രചരണം നടത്തി

വരുന്നു. ഭിന്നശേഷി കമ്മീഷണറേറ്റ് മുഖേന ഈ മേഖലയിൽ നല്ല രീതിയിൽ ബോധവൽക്കരണ പരിപാടികൾ നടന്നു വരുന്നു. കേരളത്തെ സമ്പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനമാക്കുന്ന പദ്ധതിയുടെ ഭാഗമായി പരമാവധി കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സർക്കാർ ഓഫീസ്സുകൾ പരമാവധി ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഭിന്നശേഷിക്കരുടെ ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കിയും അവകാശ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും വേണ്ടി വിദ്യാ കിരണം പദ്ധതി, വിദ്യാജ്യോതി പദ്ധതി, വിജയാമൃതം പദ്ധതി, സ്നേഹയാനം പദ്ധതി, പ്രിയാ ഹോം, പ്രതീക്ഷ ഭവൻ, ശ്രേഷ്ഠ പദ്ധതി, സൗഹൃദ പാർക്ക്, സംയോജിത പുനരധിവാസ ഗ്രാമങ്ങൾ, സുനീതി പോർട്ടൽ, സഹജീവി സ്നേഗ്രാമം പദ്ധതി, സ്വാശ്രയ പദ്ധതി, പുനർജനി പദ്ധതി, സഹചാരി പദ്ധതി, പ്രത്യാശ പദ്ധതി, പരിരക്ഷ പദ്ധതി, മാതൃജ്യോതി പദ്ധതി, WAMS പദ്ധതി, അതിജീവനം പദ്ധതി, സൈക്കോ സോഷ്യൽ ഗ്രാൻ്റ് ഇൻ എയ്ഡ് പദ്ധതി, CDMRP പദ്ധതി, ബാരിയർ ഫ്രീ കേരള പദ്ധതി, അനുയാത്രാ സെൻ്റർ ഫോർ ഡിസെബിലിറ്റി മാനേജ്മെന്റ്, കാതോരം പദ്ധതി, സ്പീഡ് പദ്ധതി, സ്പെക്ട്രം പദ്ധതി എന്നിങ്ങനെ നിരവധി ഇടപെടലുകളാണ് നടത്തിവരുന്നത്.

299. സ്കൂളുകളിലെ മൈൽഡ് മോഡറേറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി കൂടുതൽ കൗൺസിലേഴ്സിനെ നിയമിക്കുകയും കൂടുതൽ അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യും. വിദ്യാഭ്യാസ പ്രവേശനത്തിന് ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തും. ഭിന്നശേഷിക്കാർക്കുള്ള ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കും.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള സംവരണം നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ചെയർമാനായി സമിതി രൂപീകരിച്ചു. തുടർ നടപടികൾ പുരോഗമിച്ച് വരുന്നു.

300. ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കൂളുകൾക്കുള്ള സഹായധനം ഗണ്യമായി ഉയർത്തും. അവർക്ക് സാധാരണ കുട്ടികളെപ്പോലുള്ള എല്ലാവിധ സൗജന്യങ്ങളും ലഭ്യമാക്കും. 2021ൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ധനസഹായം 100 കോടി രൂപയായി ഉയർത്തും. എല്ലാ വർഷവും 20 ശതമാനം വീതം ധനസഹായം വർദ്ധിപ്പിക്കും. എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ച് ധനസഹായം നൽകും.

ഭൗതിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണത്തിനായി എൻ.ജി.ഒ.-കൾ നടത്തുന്ന സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സ്കൂൾ പാക്കേജ് എന്ന പേരിൽ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഇത് 62 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിനായി സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകളായി തരംതിരിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

301. അനാഥരാകുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിന് എല്ലാ ജില്ലകളിലും അസിസ്റ്റീവ് ലിവിംഗ് സൗകര്യത്തോടെ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കും.

പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ (സഹജീവനം സ്നേഹ ഗ്രാമം) ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.

302. 80 ശതമാനം ഡിസബിലിറ്റിയുള്ള ഭിന്നശേഷിക്കാർക്ക് 10 ശതമാനം സാമൂഹ്യക്ഷേമ പെൻഷൻ കൂടുതൽ നൽകും. ഇവർക്ക് 600 രൂപ പ്രകാരമുള്ള രണ്ടാമതൊരു ക്ഷേമ

പെൻഷനുകൂടി അർഹതയുണ്ടാവും.

600 രൂപ ലഭ്യമാകുന്ന രണ്ടാമത്തെ ക്ഷേമപെൻഷനുള്ള അർഹത നടപ്പിലാക്കി.

303. വികലാംഗക്ഷേമ കോർപ്പറേഷൻ പുനഃസംഘടിപ്പിക്കും. ജില്ലാ കേന്ദ്രങ്ങളിൽ ഓഫീസ് അനുവദിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ചലനപരിമിതിയുള്ള 2.63 ലക്ഷം പേർക്കും മുച്ചക്ര വാഹനമോ ഇലക്ട്രോണിക് വീൽചെയറോ ലഭ്യമാക്കും. ഭിന്നശേഷിക്കാർക്കായുള്ള മറ്റു സഹായ ഉപകരണങ്ങളും വിതരണം ചെയ്യും. കാഴ്ച വൈകല്യമുള്ളവർക്ക് വോയ്സ് എൻഹാൻസ്മെന്റ് സോഫ്റ്റ്വെയറോടുകൂടിയ സ്മാർട്ട് ഫോൺ വിതരണം ചെയ്യും. ഭിന്നശേഷിക്കാർക്കുള്ള ഉപകരണ നിർമ്മാണ കേന്ദ്രം പ്രവർത്തനക്ഷമമാക്കും.

വികലാംഗക്ഷേമ കോർപ്പറേഷൻ പുന:സംഘടിപ്പിച്ചു. ഡയറക്ടർ ബോർഡിൽ ചെയർപേഴ്സൺ ഉൾപ്പെടെ 4 അനൗദ്യോഗിക ഡയറക്ടർമാർ ഭിന്നശേഷിക്കാരാണ്. കാസറഗോഡ്, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ പുതിയതായി ഓഫീസ് ആരംഭിച്ചു പ്രവർത്തിച്ചുവരുന്നു. മറ്റു ജില്ലകളിൽ ജില്ല ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ശുഭയാത്ര, കാഴ്ച്ച പദ്ധതികൾ തുടർന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9,287 ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് വീൽ ചെയർ, മോറ്റോറൈസ്ഡ് ട്രി സ്കൂട്ടറുകൾ മറ്റ് സഹായകോപകരണങ്ങൾ എന്നിവ വിതരണം ചെയ്തു. സംസ്ഥാന ഭിന്നശേഷി കോർപ്പറേഷന്റെ കീഴിൽ ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് കൊറ്റാമത്ത് നവീകരിച്ച കെട്ടിടത്തിൽ സ്ഥാപിച്ചു. തൃശ്ശൂർ നിപ്മറിൽ സഹായകോപകരണ നിർമ്മാണ യൂണിറ്റായ സെന്റർ ഫോർ മോബിലിറ്റി ആന്റ് അസിസ്റ്റീവ് ടെക്നോളജി പ്രവർത്തനം ആരംഭിച്ചു. കണ്ണൂരിൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

305. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം പൂർണ്ണമായും നടപ്പിലാക്കും. സുപ്രീംകോടതി വിധി പ്രകാരം ഇതിനുള്ള ബാക്ക് ലോഗ് ഇല്ലാതാക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കും.

ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം ഉറപ്പാക്കി. സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് 4% സംവരണം നടപ്പിലാക്കുന്നതിനായി തസ്തികകൾ കണ്ടെത്തു ന്നതിന് രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1,452 തസ്തികകൾ ഭിന്നശേഷി സംവരണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത തസ്തിക സർക്കാർ സർവ്വീസിന് പുറമെ ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റ് നിർവ്വചനത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്ക് സംവരണത്തിന് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5% സംവരണം നടപ്പാക്കി. സ്ഥാനക്കയറ്റത്തിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഭിന്നശേഷി ഗ്രാമസഭ ചേർന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭിന്നശേഷി സൗഹൃദ വ്യവസ്ഥകൾ ഉൾപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്സുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പാക്കി.

306. ഭിന്നശേഷിക്കാരുടെ ജീവിതചക്രത്തിന്റെ ഓരോ ഘട്ടത്തിലും പിന്തുണ നൽകാനുതകുന്ന സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ഗർഭാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ തടയുന്നതിനുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ശൈശവാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ കണ്ടെത്താനുള്ള പരിപാടികൾ, തുടർന്നുള്ള പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. അനുയാത്ര പദ്ധതിയെ വിപുലപ്പെടുത്തും. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെല്ലാം ഓട്ടിസം സെന്ററുകൾ സ്ഥാപിക്കും. നിപ്മറിന്റെ ഗവേഷണ സൗകര്യങ്ങൾ ശക്തിപ്പെടുത്തും. ശബ്ദപരിമിതർക്കുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പദ്ധതി തുടരും. അനാമയം സമഗ്ര ഇൻഷ്വറൻസ് പ്രോഗ്രാം ആരംഭിക്കും.

അനുയാത്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടനിർമ്മാണം കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ പൂർത്തിയാക്കി. മറ്റ് ജില്ലകളിൽ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെത്തി തെറാപ്പി സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പ്രയാസം നേരിടുന്നവർക്കായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളിലെ കേൾവിവൈകല്യം നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനായി കാതോരം സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി നടപ്പാക്കിവരുന്നു. ശ്രുതിതരംഗം പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം 84 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തിയിട്ടുണ്ട്. ധ്വനി പദ്ധതി പ്രകാരം 29 കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകി.

ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യ പരിശോധനക്കായി കണ്ണൂർ, കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിൽ ഇമ്യൂണോ അനലൈസർ സ്ഥാപിച്ചു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികൾ, പരിശീലനം മുതലായവ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, മാടായി, എരഞ്ഞോളി മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിലെ മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കൽ അന്തിമ ഘട്ടത്തിലാണ്. നാഡീവ്യൂഹ വ്യവസ്ഥയിലെ ഗുരുതരമായ തകരാറുകൾ കാരണം വിവിധ പ്രയാസങ്ങളും വൈകല്യങ്ങളും ബാധിച്ചവർക്കുള്ള സേവനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങളായ സീലിംഗ് ലിഫ്റ്റ് സ്ഥാപിക്കൽ, രോഗികളുടെ സപ്പോർട്ട് സർവ്വീസുകളുടെ ശാക്തീകരണം, ഇതുമായി ബന്ധപ്പെട്ട രോഗനിർണ്ണയ സംവിധാനങ്ങളുടെ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ മെൽബൺ സർവ്വകലാശാലയുടെ സഹകരണത്തോടെ നടത്തുന്ന കമ്മ്യൂണിറ്റി ബേസ്ഡ് ഇൻക്ലൂസീവ് ഡെവലപ്മെന്റ് എന്ന കോഴ്സ് നിപ്മറിൽ ആരംഭിച്ചു. പകർച്ചേതര വ്യാധികളുടെ നിയന്ത്രണം, മാനസികാരോഗ്യം, സഹായക സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷന് 2024ലെ ഐക്യരാഷ്ട്ര സഭയുടെ ടാസ്ക് ഫോഴ്സ് അവാർഡിന് അർഹമായി.

307. രാജ്യത്തെ ആദ്യത്തെ പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനമായി കേരളത്തെ ഉയർത്തുന്നതിനുള്ള സമയബന്ധിത പരിപാടി തയ്യാറാക്കും. സർക്കാർ ഫണ്ടുകൊണ്ട് പണിയുന്ന എല്ലാ പുതിയ കെട്ടിടങ്ങൾക്കും ഭിന്നശേഷിക്കാർക്കുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതുണ്ട്.

എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള ഫണ്ട് വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ്, നിർമ്മിതി കേന്ദ്രം, മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവ മുഖേന സംസ്ഥാനം ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതി (ബാരിയർ ഫ്രീ കേരള) നടപ്പിലാക്കിവരുന്നു. പുതുതായി പണിയുന്ന കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും നൽകുന്നതിന് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഒരു ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ സ്ഥാപിച്ചു.

308. ഭിന്നശേഷി സൗഹൃദ തദ്ദേശഭരണ സ്ഥാപനത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കും. അതിന്റെ അടിസ്ഥാനത്തിൽ പരിപാടി ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ സർക്കാർ സ്ഥാപനങ്ങളും പൊതുയിടങ്ങളും ബാരിയർ ഫ്രീയാക്കുന്നതിന് മുൻഗണന നൽകും.

ഭിന്നശേഷിക്കാരുടെ സവിശേഷതകൾ പരിഗണിച്ച് ഭിന്നശേഷി സൗഹൃദമായ കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചിയിച്ചിട്ടുണ്ട്.

309. കേരളം ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതി, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം എന്നീ വകുപ്പുകൾ ഏകോപിപ്പിക്കും.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി എൻ.ജി.ഒകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ചു. നൈപുണ്യ വികസന പരിശീലന പരിപാടികളും 18 വയസ്സിനു മുകളിൽ പ്രായമുള്ള ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ പരിപാടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കായി ഓരോ ബ്ലോക്ക്പഞ്ചായത്തിലും ഒരു തൊഴിൽ പരിശീലന കേന്ദ്രത്തിന് ഈ പരിപാടി സാമ്പത്തിക സഹായം നൽകുന്നു. ആർദ്രംമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ജനസൗഹൃദ സ്ഥാപനങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആർദ്രം സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി എല്ലാ ആശുപത്രികളേയും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ആശുപത്രികളിലെ ഒ.പി വിഭാഗത്തെയും മറ്റ് സേവനങ്ങളെയും  ഭിന്നശേഷി സൗഹൃദമായി പരിവർത്തനം ചെയ്തുവരുന്നു. ഇതോടൊപ്പം കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളും ഭിന്നശേഷി/ വയോജന/സ്ത്രീ/ശിശു/ട്രാൻസ്ജെൻഡർ സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലാ ആശുപത്രികളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും  ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം  ലഭ്യമാണ്. ഇതിനാവശ്യമായ ഉപകരണങ്ങളും, അടിസ്ഥാന സൗകര്യ വികസനവും സജ്ജീകരിച്ചിരിച്ചിട്ടുണ്ട്. ഭിന്നശേഷിസൗഹൃദ അംഗത്വ കാർഡ് പുറത്തിറക്കുന്ന ആദ്യസംസ്ഥാനമാണ് കേരളം.

310. മാനസികാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സുരക്ഷ പോലുള്ള പ്രാദേശിക കമ്മ്യൂണിറ്റി മാനസികരോഗ പുനഃരധിവാസ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കും. ആത്മഹത്യ പ്രവണതകൾ ക്കെതിരെയുള്ള കൗൺസിലിംഗ് വിപുലപ്പെടുത്തും.

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നു. എല്ലാ ജില്ലകളിലും കുടുംബശ്രീ സ്നേഹിത ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നു.   വിദ്യാർത്ഥികളുടെ സുരക്ഷ, പരാതി പരിഹാരം, കൗൺസിലിംഗ് തുടങ്ങിയവയ്ക്കായി എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജെൻഡർ ഡസ്ക്കുകൾ സ്ഥാപിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.  ഇവയുടെ മേൽനോട്ടം കൂടി വഹിക്കുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എം.എസ്.ഡബ്ലിയു യോഗ്യതയുള്ള ഒരു കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററെ നിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിന് കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽ പ്രിയ ഹോം ആരംഭിച്ചു.

311. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കോടതിവിധി പ്രകാരം ലഭ്യമാക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കും.

എൻഡോസൾഫാൻ ദുരിത ബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ (സഹജീവനം സ്നേഹ ഗ്രാമം) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. 2016 മുതൽ  2023 വരെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് 4,56,19,38,884 (നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻമ്പത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൺപത്തിനാല് കോടി) രൂപ ചെലവഴിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ  കുടുംബങ്ങളുടെ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നു.

ഭവന ഭൂരഹിതരായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഭവന പദ്ധതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് 10 വർഷത്തെ വയസ്സിളവ്, എൻഡോസൾ ഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് വൈദ്യുതി ബില്ലിൽ ഇളവ്, എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ/ലാബ് പരിശോധനകൾ, എംപാനൽ ചെയ്തിട്ടുള്ള 17 സർക്കാർ/സ്വകാര്യ സ്പെഷ്യലിസ്റ്റ്/സൂപ്പർസ്പെഷ്യലിസ്റ്റ് ആശുപത്രികൾ മുഖേ നയുള്ള സൗജന്യ സ്പെഷ്യലിസ്റ്റ്/സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ എന്നിവ ഉറപ്പാക്കി. സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നു. ആരോഗ്യകേരളം മുഖേന മൊബൈൽ മെഡിക്കൽ യൂണിറ്റ് എൻഡോസൾഫാൻ മേഖലയിൽ സേവനം നൽകുന്നു. എൻഡോസൾഫാൻ ബാധിത മേഖ ലിയിലെ 11 പഞ്ചായത്തുകളിൽ സൗജന്യ ഫിസിയോതെറാപ്പി സേവനവും പാലിയേറ്റീവ് പരി ചരണവും നൽകിവരുന്നു.

312. ഇംഹാൻസ്, ഐകോൺസ്, നിപ്മർ, നിഷ്, സിഡിസി തുടങ്ങിയ ഭിന്നശേഷി പഠന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഒരു കൗൺസിൽ രൂപീകരിക്കും.

നടപടികൾ സ്വീകരിച്ച് വരുന്നു.

313. ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനും സർട്ടിഫിക്കറ്റ് വിതരണം കാര്യക്ഷമ മാക്കുന്നതിനും ജില്ലാ, താലൂക്ക് ആശുപത്രികളിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കും.

എല്ലാ ജില്ലാ ആശുപത്രികളിലും ബോർഡ് നിലവിൽ വന്നിട്ടുണ്ട്. താലൂക്ക് ആശുപത്രിക ളിൽ ഭാഗികമായി നിലവിൽവന്നിട്ടുണ്ട്. മറ്റ് താലൂക്ക് ആശുപത്രികളിൽ തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയ്ക്കനുസൃതമായാണ് ആശുപത്രിക ളിൽ മെഡിക്കൽ ബോർഡ് സ്ഥാപിക്കുന്നത്. ഇത് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

314. ഭിന്നശേഷി ഗ്രാമസഭകൾ വിളിച്ചുചേർക്കും.

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകു വാൻ ഭിന്നശേഷി ഗ്രാമസഭ നിർബന്ധമായും ചേരണമെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഭിന്നശേഷി ഗ്രാമസഭ ചേരാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന നിർദ്ദേശം ജില്ലാ ആസൂത്രണ സമിതിക്കും നൽകിയിട്ടുണ്ട്. ഭിന്നശേഷി ഗ്രാമസഭകൾ വിളിച്ച് ചേർത്ത് തുടർനടപടികൾ കൈക്കൊണ്ടി ട്ടുണ്ട്.

## വയോജനങ്ങൾ

315. വിപുലമായ വയോജന സർവ്വേ നടത്തും. അവരുടെ പ്രത്യേകതകളും സൗകര്യങ്ങളും ആവശ്യങ്ങളും സംബന്ധിച്ച് കണക്കുകൾ സെൻസസ് അടിസ്ഥാനത്തിൽ തയ്യാറാക്കും. പ്രായം, ജെൻഡർ, ഭിന്നശേഷി, പാർശ്വവൽക്കരണം എന്നിവയുടെ അടിസ്ഥാനത്തിൽ ഇവരെ തരംതിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും ഓരോ വിഭാഗത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കും. വിവിധ മേഖലകളിൽ വിദഗ്ധ അനുഭവങ്ങളുള്ള വയോജനങ്ങളുടെ പ്രവർത്തനങ്ങൾ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

വയോജന കമ്മീഷൻ നിയമം പ്രാബല്യത്തിൽ വന്നു. വയോജന സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭി ക്കുന്നതിനുള്ള സഹായം തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം തെളിയിച്ച വയോജനങ്ങൾ ക്ക് റീ എംപ്ലോയ്മെന്റ് എന്നിവ നടപ്പാക്കുന്ന പദ്ധതികൾ സായംപ്രഭ സ്കീമിൽ ഉൾപ്പെടു ത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നു.



316. വയോജനങ്ങൾക്ക് മരുന്ന് വീട്ടിലെത്തിച്ചു നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാരുണ്യ അറ്റ് ഹോം പദ്ധതി നടപ്പാക്കും. കമ്പോള വിലയേക്കാൾ താഴ്ന്ന നിരക്കിൽ കാരുണ്യ ഫാർമസികളിൽ നിന്നാണ് മരുന്ന് എത്തിച്ചു കൊടുക്കുക.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വയോജനങ്ങൾക്ക് മരുന്നുകളും, മറ്റനുബന്ധ സാമഗ്രികളും വീട്ടിലെത്തിച്ചു നൽകുന്ന' കാരുണ്യ @ ഹോം' പദ്ധതി 2021 സെപ്തംബർ മാസത്തിൽ ആരംഭിച്ചു. പൊതുവിപണിയെക്കാൾ വൻ വിലക്കിഴിവിൽ മരുന്നുകളും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, എയർബെഡ് മുതലായ അനുബന്ധ സാമഗ്രികളും കെഎംഎസ്‌സിഎല്ലിന്റെ മേൽനോട്ടത്തിൽ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തുവരുന്നു. ഈ വിലക്കിഴിവിനു പുറമെ, 1% അധിക കിഴിവും മുതിർന്ന പൗരന്മാർക്ക് നൽകിവരുന്നു. ഇതുവരെ 892 പേര് രജിസ്ട്രേഷൻ നടത്തി. പ്രതിമാസം മരുന്ന് ആവശ്യപ്പെടുന്ന എല്ലാവർക്കും മരുന്നിന്റെ ലഭ്യത അനുസരിച്ചു വിതരണം നടത്തിവരുന്നു.

317. എല്ലാ വാർഡുകളിലും വയോക്ലബുകൾ ആരംഭിക്കും. മേൽനോട്ടം കുടുംബശ്രീക്കായിരിക്കും. നിലവിലുള്ള വായനശാലകളെയും വാടകയ്ക്കെടുക്കുന്ന വീടുകളെയും ഇതിനായി ഉപയോഗപ്പെടുത്തും. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള വയോജന അയൽക്കൂട്ടങ്ങൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക. പഞ്ചായത്ത്, മുനിസിപ്പൽ തലത്തിൽ ഇതിനായി ഒരു കുടുംബശ്രീ കോഓർഡിനേറ്റർ ഉണ്ടാകും.

കുടുംബശ്രീയുടെ നേതൃത്വത്തിൽ 2,068 വയോക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 196 പകൽ വീടുകൾ വയോജന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. മറ്റ് നടപടികൾ പുരോഗമിച്ചുവരുന്നു.

318. സ്വകാര്യ വൃദ്ധസദനങ്ങളിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട.ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ചർച്ച ചെയ്ത് നടപ്പാക്കും.

വിദ്യാഭ്യാസ വിദഗ്ധരുമായി കൂടിയാലോചിച്ച് അലോപ്പതി, ആയുർവേദ, ഹോമിയോ കോളജുകളിലെ മെഡിക്കൽ, നഴ്സിംഗ് വിദ്യാർത്ഥികൾക്ക് നിർബന്ധിതമായ 2 ആഴ്ചത്തെ പരിശീലനം വൃദ്ധസദനങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് അലോപ്പതി, ആയുർവേദ, ഹോമിയോ വകുപ്പുകളുടെ അഭിപ്രായത്തിനായി നടപടി സ്വീകരിച്ചു. ദരിദ്രരായ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ടിന്റെ മാതൃകയിൽ ഫണ്ട് രൂപീകരിക്കൽ സംബന്ധിച്ച നടപടികൾ തുടരുന്നു. സി.എൻ. രാമചന്ദ്രൻ നായർ കമ്മിറ്റി

ശിപാർശകളിൽ നടപ്പിലാക്കാൻ ബാക്കിയുള്ളവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി രൂപീകരിച്ചു.

319. വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പികളും ആശുപത്രികളിൽ തുടങ്ങിയിട്ടുണ്ട്. ഇവ കൂടുതൽ ശക്തിപ്പെടുത്തും. മുതിർന്ന പൗരന്മാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, കൃത്രിമ ശ്രവണ സഹായികൾ വിതരണം ചെയ്യും.

സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതിയുടെ ഭാഗമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലിയുടെ ഭാഗമായും വയോജന ആരോഗ്യത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 16 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. എല്ലാ പ്രധാന ആശുപത്രികളിലും ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിച്ചു. ക്ലിനിക്കുകളുടെ സുഗമമായ പ്രവർത്തനത്തിനായി തെരെഞ്ഞെടുത്ത ജില്ലകളിൽ ഒരു ഡോക്ടറുടേയും, എല്ലാ ജില്ലകളിലും സ്റ്റാഫ് നഴ്സിന്റെയും സേവനം ദേശീയ ആരോഗ്യ ദൗത്യം വഴി കരാറടിസ്ഥാനത്തിൽ ഉറപ്പാക്കി. 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജ ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾക്കൊപ്പമാണ് വയോജന ക്ലിനിക്കുകളും നടത്തപ്പെടുന്നത്.

എല്ലാ ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ചും പാലിയേറ്റിവ് കെയർ രോഗികൾക്കും, വയോജനങ്ങൾക്കുമായി ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 227 സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം വയോജങ്ങൾക്ക് ലഭ്യമാണ്. ഇതിനാവശ്യമായ ഉപകരണങ്ങളും, അടിസ്ഥാന സൗകര്യ വികസനവും സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ സജ്ജീകരിച്ചിരിച്ചിട്ടുണ്ട്. സർക്കാർ തലത്തിലും, സർക്കാർ അംഗീകാരത്തിലും പ്രവർത്തിക്കുന്ന 716 വൃദ്ധസദനങ്ങളിലെ വയോജനങ്ങൾക്കായി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്ന മെഡിക്കൽ ക്യാമ്പുകൾ വർഷത്തിൽ മൂന്നുതവണ നടപ്പിലാക്കിവരുന്നു. ഇതിനായി പ്രത്യേക ഫണ്ട് സമാഹരിക്കുകയും വിവിധ സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി എല്ലാ ആശുപതികളേയും വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു. റാമ്പുകൾ, ഇരിപ്പിടങ്ങൾ, റയിലുകൾ, കുടിവെള്ളം, പ്രത്യേക ടോക്കൺ സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ പുതുതായി ആരംഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രധാന ആശുപത്രികളിലും സജ്ജീകരിക്കുന്നത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വയോജനങ്ങൾക്കാവശ്യമായ ക്യാലിപ്പറുകൾ, ട്രൈപ്പോഡുകൾ, വീൽചെയറുകൾ, കോർസെറ്റുകൾ തുടങ്ങിയ ഉപകരണങ്ങളുടെ വിതരണവും എല്ലാ ജില്ലകളിലും വൃദ്ധജനങ്ങൾക്കായി നടപ്പിലാക്കി വരുന്നു. കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ തുടങ്ങിയവയും ഓരോ സാമ്പത്തിക വർഷവും വിതരണം ചെയ്തുവരുന്നു. എല്ലാവർഷവും ഒക്ടോബർ രണ്ടാം തീയ്യതി വിപുലമായ പരിപാടികളോടുകൂടി വയോജനദിനം ആചരിച്ചു വരുന്നു. മുതിർന്ന പൗരന്മാരെ ആദരിക്കൽ, മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, ഉല്ലാസയാത്രകൾ, വൃദ്ധജന സംഗമം തുടങ്ങിയ നിരവധി പരിപാടികളാണ് ഈ ദിനത്തോടനുബന്ധിച്ച് നടപ്പിലാക്കി വരുന്നത്. കൃത്രിമ ദന്തനിര വെച്ചുപിടിപ്പിക്കുന്ന മന്ദഹാസം പദ്ധതി സാമൂഹ്യനീതി വകുപ്പ് പുനരാരംഭിച്ചു.

320. സാന്ത്വനപരിപാലന ശൃംഖലയുടെ പ്രധാന വലയം വയോജനങ്ങളാണ്. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പുരോഗികൾക്കും ഡിമൻഷ്യ, അൽസിമേഴ്സ് തുടങ്ങിയവ ബാധിച്ച വൃദ്ധജനങ്ങൾക്കും പരിചരണം നൽകുന്നതിന് സാന്ത്വന പ്രവർത്തകർക്ക് പരിശീലനം നൽകും.

പുതുക്കിയ പാലിയേറ്റിവ് കെയർ നയത്തിന് അനുസൃതമായി പാലിയേറ്റിവ് കെയർ സാന്ത്വന

പരിചരണത്തിനോടൊപ്പം തന്നെ ഗൃഹസന്ദർശനത്തിന്റെ ഭാഗമായി വയോജന പരിചരണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളും, വോളന്റിയർമാരും ഉൾപ്പെടുന്ന സംഘങ്ങൾ ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധജനങ്ങളുടെ വീട്ടിൽ സാന്ത്വന പരിചരണവും, മാനസിക പിന്തുണയും നൽകി വരുന്നു. ഇതിനായി വിദ്യാലയങ്ങളിൽ സ്നേഹസഞ്ജീവനി എന്ന പദ്ധതി ആരോഗ്യവകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. പാലിയേറ്റീവ് പരിചരണം ശാസ്ത്രീയവും ചിട്ടയായതുമാക്കുന്നതിന് വിപുലമായ ക്യാമ്പയിൻ ആരംഭിച്ചു. പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളെ രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു.

സാന്ത്വന പരിചരണം നൽകുന്നവർക്ക് ആരോഗ്യവകുപ്പ് പരിശീലനം നൽകുന്നുണ്ട്. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പ് രോഗികൾക്ക് പരിചരണം നൽകുന്നതിന് കെ ഫോർ കെയർ പദ്ധതി നടപ്പിലാക്കി. 640 പേർക്ക് പരിശീലനം നൽകി. സംസ്ഥാനതല കോൾ സെന്റർ ആരംഭിച്ചു. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്ക് എന്ന പുതിയ പദ്ധതി കേരള സമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 1 കോടി രൂപ വകയിരുത്തി. ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് വിപുലമായ ആശയ രൂപീകരണ ശിൽപ്പശാല സംഘടിപ്പിച്ചു. തുടർ നടപടികൾ പുരോഗമിക്കുന്നു.

321. കൂടുതൽ ഫിസിയോതെറാപ്പിസ്റ്റുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കും.

227 സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിൽ ഒരോ ഫിസിയോതെറാപ്പിസ്റ്റിനെ വീതം കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സേവനം ലഭ്യമാക്കിവരുന്നു. ആഴ്ചയിൽ 3 ദിവസം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഈ സേവനം ലഭ്യമാക്കുന്നുണ്ട്.

322. രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായുള്ള നിയമത്തിന്റെ (എം.ഡബ്ല്യു.പി.എസ്.സി. ആക്ട്) നടത്തിപ്പിനായുള്ള സംവിധാനങ്ങൾ പുനഃസംഘടിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും. ഇതിന്റെ ഭാഗമായി മെയിന്റനൻസ് ട്രിബ്യൂണലിനേയും മെയിന്റനൻസ് ഓഫീസറെയും മുഴുവൻ സമയ ഉദ്യോഗസ്ഥരാക്കും.

മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന പരാതികൾ മോണിറ്റർ ചെയ്യുന്നതിന് ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എംഡബ്ലുപിഎസ്സി ആക്ടുമായി ബന്ധപ്പെട്ട മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴി 5611 കേസുകൾ തീർപ്പാക്കി.

323. പൊതുയിടങ്ങളും കെട്ടിടങ്ങളും വയോജന സൗഹൃദമാക്കും. ഇതിനായി കേന്ദ്ര പി.ഡബ്ല്യൂ.ഡി ഭിന്നശേഷിക്കാർക്കായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മുതിർന്ന പൗരന്മാരെക്കൂടി ഉൾപ്പെടുത്തും.

ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലങ്ങൾ വയോജനങ്ങൾക്കും തടസ്സ രഹിതമായി ഉപയോഗിക്കാൻ കഴിയും. ഐ.ടി @ എൽഡെർലി പദ്ധതി നടപ്പിലാക്കി.

324. സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ വയോജന കൗൺസിലുകൾക്കു രൂപം നൽകും.

വാഗ്ദാനം നടപ്പിലാക്കി. സംസ്ഥാന ജില്ലാ തലങ്ങളിൽ വയോജന കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നു. പ്രാദേശിക തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചു.

# ഭക്ഷ്യസുരക്ഷ

## 325. പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തും.

5,23,783 മുൻഗണനന കാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ അർഹരായവർക്ക് വിതരണം നടത്തി. മുൻഗണനന കാർഡ് സറണ്ടർ പദ്ധതിയുമായി സഹകരിക്കാതെ തുടർന്നും മുൻഗണനന കാർഡുകൾ കൈവശംവച്ചിരുന്ന അനർഹരെ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ യെല്ലോ' പദ്ധതി ആരംഭിച്ചു. 17,136 മുൻഗണനാ കാർഡുകൾ കണ്ടെത്തി. തെരുവോരത്ത് താമസിക്കുന്നവർക്കും വാടകയ്ക്ക് താമസിക്കുന്നവർക്കും ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ നൽകാൻ നടപടി സ്വീകരിച്ചു. ഈ സർക്കാർ ചുമതലയേറ്റ ശേഷം 4,48,692 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റിയൂഷനുകൾക്കായി 7,729 പുതിയ കാർഡുകൾ വിതരണം ചെയ്തു. അതിദരിദ്രരായി കണ്ടെത്തിയവരിൽ 5,132 പേർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു.

റേഷൻകടയിൽ നേരിട്ടെത്തി സാധനം കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് റേഷൻ ലഭ്യമാക്കുന്ന 'ഒപ്പം' പദ്ധതി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും വിജയകരമായി നടന്നുവരുന്നു. വനമേഖലകൾ, എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങൾ, ആദിവാസി ഊരുകൾ, ട്രൈബൽ സെറ്റിൽമെന്റുകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനായി 137 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ സേവനം ലഭ്യമാണ്.

പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി മിനിബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടു ഗ്യാസ്, മിൽമ, സപ്ലൈകോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ റേഷൻ കടകളിൽ ലഭ്യമാക്കി ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടി പുരോഗമിച്ചു വരുന്നു. വ്യവസായ, കൃഷി വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഉൽപന്നങ്ങളും കെ-സ്റ്റോറുകളിലൂടെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. 1,779 റേഷൻകടകൾ കെസ്റ്റോറുകളായി പ്രവർത്തിച്ചുവരുന്നു. 2,500 റേഷൻകടകൾ കൂടി കെസ്റ്റോറുകളായി മാറ്റുന്ന നടപടി അന്തിമഘട്ടത്തിലാണ്.

ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുടെ ആധാർ സീഡിംഗ് 96% ആയിരുന്നു. മുൻഗണനേതര വിഭാഗത്തിന്റേത് 94.12 ശതമാനവും. എല്ലാ വിഭാഗത്തിലുള്ള റേഷൻ കാർഡുകളുടെയും ആധാർ സീഡിംഗ് 100 ശതമാനത്തിലെത്തിച്ചു. ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്ന ഇപോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 83 റേഷനിംഗ് താലൂക്കിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യഭദ്രതാനിയമം 2016 അനുശാസിക്കുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം കേരളത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിലുള്ള വിജിലൻസ് സമിതികൾ പുന:സംഘടിപ്പിച്ചു. റേഷൻകട തല സമിതികൾ ചേരുന്നതിന് അവയുടെ ഘടന പ്രയോഗിക തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു എന്നത് മനസ്സിലാക്കി ഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. തേർഡ് പാർട്ടി സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കി.

റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ കൂടുതൽ പോഷക സമൃദ്ധമാക്കുന്നതിന് 'ഡൈവേഴ്സിഫിക്കേഷൻ ഓഫ് ഫുഡ് ബാസ്ക്കറ്റ് പദ്ധതി' നടപ്പിലാക്കാൻ തീരുമാനിച്ചു. 2022-23 വർഷം ഐക്യരാഷ്ട്ര സഭ ഇന്റർ നാഷണൽ ഇയർ ഓഫ് മില്ലറ്റ്സായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചെറുധാന്യങ്ങളുടെ പോഷകഗുണത്തെ സംബന്ധിച്ച് ജനങ്ങ



ളെ ബോധവൽക്കരിക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി മുൻഗണന ഗുണഭോക്താക്കൾക്ക് റാഗി വിതരണം ആരംഭിച്ചു. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ആദിവാസി മലയോര മേഖലയിലെ ഏകദേശം 948 റേഷൻ കടകളിലെ കാർഡുടമകൾക്കും മറ്റിടങ്ങളിൽ ഒരു പഞ്ചായത്തിലെ ഒരു റേഷൻകടയിലൂടെയുമാണ് എഫ്.സി.ഐ വഴി ലഭ്യമാകുന്ന റാഗി പൊടി നൽകി വരുന്നത്.

സംസ്ഥാനത്തെ വിശപ്പ് രഹിതമാക്കൽ പദ്ധതിയുടെ തടർച്ചയായി മിതമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'സുജലം' പദ്ധതി ആരംഭിച്ചു. റേഷൻകടകളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ വിപണനം ചെയ്യുന്ന കുടിവെള്ളം ലിറ്ററിന് 10 രൂപ നിരക്കിലാണ് ലഭ്യമാക്കുന്നത്.ആദ്യഘട്ടമെന്ന നിലയിൽ 9 ജില്ലകളിൽ നടപ്പാക്കി. എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആധാർ കാർഡും റേഷൻകാർഡുമുള്ള ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ റേഷൻ വിഹിതം കേരളത്തിൽ നിന്ന് കൈപ്പറ്റാൻ സഹായകമാകുന്ന വിധത്തിൽ അവർക്ക് റേഷൻ റൈറ്റ്സ് കാർഡ് നൽകുന്ന പദ്ധതി വഴി നാളിതുവരെ 5,192 അതഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡ് നൽകിയിട്ടുണ്ട്. അവശ്യഭക്ഷ്യവസ്തുക്കളുടെ പ്രതിദിന ചില്ലറ വിൽപ്പന വിലയും മൊത്തവിൽപ്പന വിലയും നിരീക്ഷിക്കുന്നതിനായി പ്രൈസ് മോണിറ്ററിംഗ് സെൽ സംവിധാനം സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് ആസ്ഥാനത്ത് ആരംഭിച്ചു. പോക്കറ്റിൽ സൂക്ഷിക്കാവുന്ന എ.ടി.എം മാതൃകയിലുള്ള റേഷൻ കാർഡുകൾ വിതരണം ചെയ്തു. റേഷൻ കാർഡിലെ പിശകുകൾ തിരുത്തുന്നതിന് 'തെളിമ' പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്ത് 34 റേഷൻ കടകൾ പുതുതായി ആരംഭിച്ചു. വിശപ്പ് രഹിതം പദ്ധതിയുടെ ഭാഗമായി 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന 50 സുഭിക്ഷ ഹോട്ടലുകൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

326. കോൺഗ്രസ് ആവിഷ്കരിച്ച ദേശീയ പൊതുവിതരണ നയം കേരളത്തിലെ ബി.പി.എൽ പരിധിയിലെ ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണ സമ്പ്രദായത്തിൽനിന്നു പുറത്താക്കുന്ന സ്ഥിതി സൃഷ്ടിച്ചു. യു.ഡി.എഫ് രൂപം നൽകിയ ലിസ്റ്റിൽ നിന്ന് അനർഹരായ 15 ലക്ഷം പേരെ നീക്കം ചെയ്തതിന്റെ ഫലമായി തുല്യ എണ്ണം അർഹരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. അർഹരായ മുഴുവൻ പേരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള പരിശ്രമം തുടരും. കേരളത്തിലെ മുൻഗണനാ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനു കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

ഈ സർക്കാർ ചുമതലയേറ്റെടുത്തശേഷം അനർഹർ കൈവശം വച്ചുവന്നിരുന്ന 1,82,234 മുൻഗണനാ കാർഡുകൾ ഉൾപ്പെടെ 5,23,786 മുൻഗണനാ കാർഡുകൾ അർഹരായവർ

ക്ക് തരം മാറ്റി വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1,54,80,040 പേരെ മാത്രമാണ് നിലവിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ട് നിരവധി തവണ കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയെ കാണുകയുണ്ടായി. എന്നാൽ അടുത്ത ജനസംഖ്യ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമെ ഇതു സംബന്ധിച്ച നടപടികളെ കുറിച്ച് ആലോചിക്കാൻ കഴിയൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം ചൂണ്ടിക്കാട്ടി കേരള നിയമസഭയിൽ പ്രമേയം പാസാക്കി

327. പൊതുകമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് 70 പുതിയ വിൽപ്പനശാലകൾ സിവിൽ സപ്ലൈസ് ആരംഭിച്ചു. 97 വിൽപ്പനശാലകളെ അപ്ഗ്രേഡ് ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കൺസ്യൂമർഫെഡിനെയും ശക്തിപ്പെടുത്തും. സഹകരണ സംഘങ്ങളുടെ അതിവിപുലമായ ശൃംഖലയെ ഉത്സവകാലത്തെ കമ്പോള ഇടപെടലിന് ഉപയോഗപ്പെടുത്തും. സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കും.

13 ഇനം അവശ്യസാധനങ്ങൾ 2016 ലെ വിലയ്ക്ക് 2024 ഫെബ്രുവരി മാസം വരെ നൽകിവന്നിരുന്നു. എന്നാൽ കഴിഞ്ഞ 8 വർഷക്കാലമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാത്തത് സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുകയുണ്ടായി. വിഷയം പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 13 ഇനം സബ്സിഡി സാധനങ്ങളുടെ വില പൊതുവിപണിയിൽ നിന്നും 25 ശതമാനം സബ്സിഡി നൽകി വില പുതുക്കി നിശ്ചയിച്ച് ഉത്തരവായി. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ പുതിയതും നവീകരിച്ചതുമായ 105 സപ്ലൈകോ വിൽപ്പനശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്പെഷ്യൽ മാർക്കറ്റുകൾ നടത്തിവരുന്നു. സപ്ലൈകോയുടെ പ്രവത്തനങ്ങൾ കൂടുതൽ സുതാര്യവും വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി എന്റർപ്രൈസസ് റിസോർസ് പ്ലാനിംഗ് സംവിധാനം സപ്ലൈകോയിലെ എല്ലാ വിൽപന ശാലകളിലും നടപ്പിലാക്കി.  സെയിൽസ്, പർച്ചെയ്സ്, സ്റ്റോക്ക് പൊസിഷൻ എന്നിവ കേന്ദ്രീകൃതമായി മനസ്സിലാക്കുവാനും ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുവാനും എന്റർപ്രൈസസ് റിസോർസ് പ്ലാനിംഗ് സംവിധാനത്തിലൂടെ കഴിയും.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ-റൈസ് എന്ന ബ്രാൻഡിൽ അരി വിതരണം നടത്തിവരുന്നു. കാർഡ് ഒന്നിന് സബ്സിഡി നിരക്കിൽ നൽകി വന്നിരുന്ന 10 കിലോ അരിയിൽ 5 കിലോ അരിയാണ് ശബരി കെ-റൈസ് എന്ന ബ്രാന്റിൽ നിലവിൽ നൽകി വരുന്നത്. ബാക്കി അഞ്ച് കിലോ ബ്രാന്റ് ചെയ്യാത്ത അരി സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപന ശാലയിൽ നിന്നും ഉപഭോക്താവിന് ലഭിക്കുന്നതാണ്.

328. കേരളത്തിലെ റേഷൻകട ശൃംഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി എൻ.ടു. എൻ കമ്പ്യൂട്ടറൈസേഷൻ, ഇപോസ് മെഷീനുകൾ, വാതിൽപ്പടി വിതരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഏത് കാർഡ് ഉടമയ്ക്കും ഏത് റേഷൻകടയിൽ നിന്നും സാധനങ്ങൾ വാങ്ങാം. പരാതി പരിഹാരം സംവിധാനവും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ റേഷൻകടകളെ മറ്റ് അവശ്യഉൽപ്പന്നങ്ങൾകൂടി നിയന്ത്രിത വിലയ്ക്ക് വിൽക്കുന്നതിന് അനുവാദം നൽകും. ഇത് റേഷൻകടകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ വിപണന ശൃംഖലയെ നിലനിർത്തുന്നതിനും സഹായിക്കും.

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുവാനുള്ള നടപടികളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി മിനിബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടു ഗ്യാസ്, മിൽമ, സപ്ലൈകോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ റേഷൻ കടകളിൽ ലഭ്യമാക്കി ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടി പുരോഗമിച്ചുവരുന്നു. വ്യവസായ  കൃഷി വകു




പ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഉൽപന്നങ്ങളും കെസ്റ്റോറുകളിലൂടെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1,179 റേഷൻകടകൾ കെസ്റ്റോറുകളായി പ്രവർത്തിച്ചു വരുന്നു. 137 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടയുടെ സേവനം ലഭ്യമാക്കി കഴിഞ്ഞു. റേഷൻകടയിൽ നേരിട്ടെത്തി സാധനം കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തി റേഷൻ ലഭ്യമാക്കുന്ന 'ഒപ്പം' പദ്ധതി എല്ലാ താലൂക്കുകളിലും വിജയകരമായി നടന്നുവരുന്നു.

329. ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്താൻ ഹോട്ടലുകൾ, പലചരക്കുകടകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവയ്ക്ക് ഔദ്യോഗിക റേറ്റിംഗ് നൽകുന്നതിനുള്ള സ്കീം ആരംഭിക്കും.

ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ബില്ല് തയ്യാറായി വരുന്നു.

330. ഇന്ത്യയെ പലരും വിശപ്പിന്റെ റിപ്പബ്ലിക് എന്നാണ് വിശേഷിപ്പിക്കുക. ഇങ്ങനെയൊരു രാജ്യത്ത് കേരളത്തെ വിശപ്പുരഹിത സംസ്ഥാനമാക്കി മാറ്റും. ജനകീയ ഹോട്ടലുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമാക്കുക മാത്രമല്ല, ജനസംഖ്യാനുപാതികമായി അവയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും. പ്ലാൻറ്റേഷൻ മേഖലയിൽ പ്രത്യേകമായി ജനകീയ ഹോട്ടലുകൾ സ്ഥാപിക്കും.

വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി 50 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ, സപ്ലൈകോ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന പദ്ധതിയാണിത്. അതിദരിദ്ര നിർമ്മാജനത്തിന് മിഷൻ മാതൃകയിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും ഭക്ഷണം ഉറപ്പാക്കി.

# IV കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും

331. കൃഷിക്കാരുടെ വരുമാനം കാർഷികോൽപ്പാദന ക്ഷമത, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കും. ഇവിടങ്ങളിൽ എല്ലാമുള്ള ഏകോപിത പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന അഞ്ചു വർഷംകൊണ്ട് സൃഷ്ടിക്കും. ഇതു മോണിറ്റർ ചെയ്യുന്നതിന് എല്ലാ വർഷവും ശാസ്ത്രീയ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത കുടുംബങ്ങളുടെ വരുമാന കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു വഴി ശേഖരിക്കും.

മുഖ്യമന്ത്രി അദ്ധ്യക്ഷനായി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ രൂപീകരിച്ചു. കർഷക കുടുംബങ്ങളുടെ വരുമാനക്കണക്ക് ശാസ്ത്രീയമായി കണക്കാക്കുന്നതിന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് സർവ്വെ ആരംഭിച്ചു.

332. ഏറ്റവും പ്രധാനപ്പെട്ടത് കൃഷിയുടെ ഉൽപ്പാദനക്ഷമത ഉയർത്തലാണ്. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 45 ടണ്ണായി ഉയർത്തും. നാളികേരളത്തിന്റെ ശരാശരി ഉൽപ്പാദനം 80 തേങ്ങയായി ഉയർത്തും. ഇതുപോലെ ഓരോ വിളകളുടെയും ഉൽപ്പാദനക്ഷമതയുടെ ടാർജറ്റുകൾ നിശ്ചയിക്കുകയും വിത്ത്, വളം, വെള്ളം, കാർഷികവൃത്തി എന്നിവയിലെ ശാസ്ത്രീയ ഇടപെടലുകളിലൂടെ കൈവരിക്കുകയും ചെയ്യും.

2023-24 വർഷത്തിൽ ദേശീയവളർച്ചാ നിരക്കിനേക്കാൾ ഉയർന്ന് 4.65 ശതമാനമായി.

നെല്ലിന്റെ ഉൽപ്പാദനക്ഷമത 3,108 കിലോഗ്രാം/ഹെക്ടറായി ഉയർത്തി. കാർഷിക പരിപാലന മുറകളിലൂടെയും ശാസ്ത്രീയ ഇടപെടലുകളിലൂടെയുമാണ് നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പാക്കാനായത്. തെങ്ങിന്റെ ഉൽപ്പാദനക്ഷമത 7,419 നാളികേരം/ഹെക്ടറായി ഉയർത്തി. ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെങ്ങിൻതോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനുള്ള കേരഗ്രാമം, ആവർത്തന നടീൽ, പരിപാലനം, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ, കാർഷിക വ്യവസായ മേഖലയുമായി ബന്ധം ഉറപ്പിക്കൽ മുതലായ പരിപാടികൾ നടപ്പിലാക്കി വരുന്നു. 2018 ൽ ബൃഹത്തായ തെങ്ങുനട്ടുവളർത്തൽ പരിപാടി ആരംഭിച്ചു. ഇത് 2028 വരെ തുടരുന്നതാണ്.



333. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക അഭിവൃദ്ധിയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇതിനാവശ്യമായ ജലസംഭരണികളും ജലനിർഗമനചാലുകളും മണ്ണുസംരക്ഷണ നിർമ്മിതികളും സൃഷ്ടിക്കുകയും പരിപാലിക്കുകയും വേണം. ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ വിപുലമായ രീതിയിൽ ഉപയോഗപ്പെടുത്തും. നീർത്തട പ്ലാനുകളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ രൂപീകരിയ്ക്കും. വിള കലണ്ടറും പ്ലാനും തയാറാക്കും.

914 പഞ്ചായത്തുകളുടെ നീർത്തടാധിഷ്ഠിത പ്ലാനുകൾ പൂർത്തിയായി. 2018ലെ മഹാ പ്രളയത്തിനു മുൻപാണ് നീർത്തട മാസ്റ്റർ പ്ലാനുകൾ തയാറാക്കിയിട്ടുള്ളത്. പ്രളയാനന്തരം തോടുകൾ / ചെറുനീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ തയാറാക്കിയ നീർത്തട പ്ലാനുകൾ പരിഷ്കരിക്കൽ, മാസ്റ്റർപ്ലാൻ പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളിൽ തയാറാക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. ഇറിഗേഷൻ, മണ്ണ് സംരക്ഷണ മണ്ണ് പരിവേഷണ വകുപ്പുകൾ, കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വിവിധ വിളകളുടെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനും കാർഷിക തൊഴിലാളികളുടെയും യന്ത്രോപകരണങ്ങളുടെയും ക്ഷാമം കുറയ്ക്കുന്നതിനും വിള കലണ്ടർ തയ്യാറാക്കി. പ്രത്യേക നെൽകൃഷി മേഖലയായ കുട്ടനാടിനായി പ്രത്യേക വിള കലണ്ടർ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

334. മണ്ണ് പരിശോധനാ ജലപരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുകയും സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിക്കാൻ കഴിയുന്ന തരത്തിലുള്ള ലാബുകൾ വ്യാപിപ്പിക്കുകയും ചെയ്യും. എല്ലാ കൃഷിക്കാർക്കും മണ്ണ് ആരോഗ്യ കാർഡുകൾ നൽകും.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ലാബുകളും 9 സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകളും പ്രവർത്തിച്ചുവരുന്നു. മണ്ണ് പര്യവേക്ഷണ വകുപ്പിനു കീഴിൽ സഞ്ചരിക്കുന്ന ഒരു മണ്ണ് പരിശോധന ലാബ് ഉൾപ്പെടെ 6 മണ്ണ് പരിശോധന ലാബുകൾ പ്രവർത്തിക്കുന്നു. സൂക്ഷ്മ മൂലകങ്ങൾ പരിശോധിക്കുവാൻ കഴിയുന്ന 13 ലാബുകൾ കൃഷി വകുപ്പിനു കീഴിലും 5 ലാബുകൾ മണ്ണ് പര്യവേക്ഷണ വകുപ്പിനു കീഴിലും 14 ലാബുകൾ കേരള കാർഷിക സർവ്വകലാശാലയിലും പ്രവർത്തിച്ചുവരുന്നു. 2021-22 മുതൽ ഇതുവരെ 6,05,784 മണ്ണ് സാമ്പിളുകൾ പരിശോധിച്ച് വളം ശിപാർശ നൽകി.

335. പച്ചക്കറി, നെല്ല്, കിഴങ്ങു വർഗ്ഗങ്ങൾ, പഴങ്ങൾ, പാൽ, മുട്ട, മത്സ്യം, ഇറച്ചി ഇവയുടെ ഉൽപ്പാദനത്തിൽ ഒരു കുതിപ്പു സൃഷ്ടിക്കുന്നതിനുള്ള ജനകീയ യജ്ഞമാണ് സുഭിക്ഷ കേരളം പദ്ധതി. വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക ഏജൻസികളും ചേർന്നുള്ള ഏകോപിത പ്രവർത്തന ശൈലി മുന്നോട്ടു കൊണ്ടുപോകും. പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കും.

പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. വീട്ടുവളപ്പിലെ പച്ചക്കറികൃഷി, ഗ്രേഡഡ്, സ്റ്റാഗേർഡ്, അർബൻ എന്നിങ്ങനെയുള്ള പച്ചക്കറി ക്ലസ്റ്ററുകൾ, സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി പ്രോത്സാഹനം, ചെറുകിട ജലസേചനം, ജലസേചനത്തിലൂടെ വളം നൽകൽ, തരിശുനിലങ്ങളിലെ കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സർക്കാർ പിന്തുണ നൽകി. ഇതിന്റെ ഫലമായി പച്ചക്കറി ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. പച്ചക്കറി കൃഷിയിൽ പ്രിസിഷൻ ഫാമിംഗ്, സങ്കരയിനം വിത്തുകളുടെ ഉൽപാദനം, ഉപയോഗം എന്നിവയിലൂടെ ഉൽപാദന ക്ഷമത ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പച്ചക്കറി 1.1525 ലക്ഷം ഹെക്ടറിലേയ്ക്ക് പച്ചക്കറികൃഷി വ്യാപിപ്പിച്ചു. 17.217 ലക്ഷം മെട്രിക്ക് ടണ്ണായി പച്ചക്കറി ഉൽപ്പാദനം ഉയർന്നു.

336. സംസ്ഥാനത്തെ വിളകളെ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള (പാർക്കുകൾ) സ്ഥാപിക്കും. സാധ്യമായ എല്ലാ മേഖലകളിലും മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം നടത്തുന്ന കമ്പനികൾ സ്ഥാപിക്കും. കൃഷിരംഗത്തേക്ക് വരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കും.

കൃഷി വകുപ്പ് സ്റ്റേറ്റ് സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴി വിവിധ സംരംഭകരുടെ പദ്ധതികൾക്ക് ധന, സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഫുഡ് വാല്യൂ അഡീഷൻ പദ്ധതി നടപ്പാക്കിവരുന്നു. കേരള ഫുഡ് പ്ലാറ്റ്ഫോം പ്രോജക്ടിന്റെ ഭാഗമായി കെഡിസ്ക് മുഖാന്തിരം വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധനയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മൂല്യവർദ്ധനവിലൂടെ ഉയർന്ന വരുമാനം കർഷകർക്ക് സ്വായത്തമാക്കാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സഹായങ്ങളും ഉറപ്പാക്കുന്ന അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും വിപണന മൂല്യവർദ്ധന ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. കർഷക ഉൽപാദക സംഘടന, കർഷക ഉൽപാദക കമ്പനി, കാർഷിക ബിസിനസ്സ്, അഗ്രിടെക് സ്റ്റാർട്ടപ്പ്, അഗ്രോ പാർക്ക് തുടങ്ങിയവയുടെ ശാക്തീകരണത്തിന് ലോകബാങ്ക് സഹായത്തോടെ 285 മില്ല്യൺ യു.എസ് ഡോളർ മുതൽ മുടക്കിൽ കേരള ക്ലൈമറ്റ് റിസിലീയന്റ് വാല്യൂ ചെയിൻ മോഡണൈസേഷൻ (കേര) പദ്ധതി നടപ്പിലാക്കിവരുന്നു.

337. കർഷക ക്ഷേമ ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൃഷിക്കാർക്കു പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യും.

കർഷക ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കി. 18,334 കർഷകർ രജിസ്റ്റർ ചെയ്തു.

338. കൃഷി ഭവൻ വഴിയുള്ള എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. തരിശ് ഭൂമി കണ്ടെത്തി അവിടെ കൃഷി ചെയ്യുന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കും.

കൃഷി ഭവനുകൾ വഴിയുള്ള സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിന് എല്ലാ കൃഷി ഭവനുകളും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളാക്കിവരുന്നു. കതിർ ആപ്പ് വികസിപ്പിച്ചു. തരിശ് ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നവോത്ഥാൻ പദ്ധതി ആവിഷ്കരിച്ചു. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും 476 പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. 2022-23ൽ 7,116 ഹെക്ടറിലും 2023-24ൽ 1,272.4 ഹെക്ടറിലും തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്തു.

339. പച്ചക്കറികളുടെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കും. ഉത്തമകാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട ട്രെയിസിംഗ് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുന്നതിനും ശ്രമിക്കും. വിഷാംശത്തിനും മായംചേർക്കലിനും എതിരെ കർശനമായ നടപടികൾ സ്വീകരിക്കും.

പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിന് കേരളകാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി (തിരുവനന്തപുരം), കുമരകം (കോട്ടയം), വെള്ളാനിക്കര (തൃശ്ശൂർ), പടന്നക്കാട് (കാസർഗോഡ്) എന്നിവിടങ്ങളിലായി 4 പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. 2023-24ൽ 3,961 സാമ്പിളുകൾ പരിശോധിച്ചു. സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ജൈവകാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കേരള ഗ്രോ, കേരള ഗ്രോ ജൈവ്, കേരള ഗ്രോ ഗ്രീൻ എന്നീ ബ്രാന്റുകളിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്ന നടപടികൾ കൈക്കൊണ്ടു.

340. കാർഷിക സർവകലാശാലയ്ക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കും. സർവ്വകലാശാലയിൽ കാർഷിക മേഖലയോടു ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ പുതിയതായി ആരംഭിക്കും. എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

കേരള കാർഷിക സർവ്വകലാശാലയിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് 23.49 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി. എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോൾ നിലങ്ങളിലെ ശാസ്ത്രീയ നെൽകൃഷിക്കായി പ്രോട്ടോകോൾ തയ്യാറാക്കി. കാർഷിക മേഖലയിലെ സംരംഭകത്വം പ്രത്സാഹിപ്പിക്കുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. 4,500 സ്റ്റാർട്ടപ്പുകൾക്ക് പരിശീലനം നൽകി. ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ സംസ്ഥാന നാളികേര മ്യൂസിയം ആരംഭിച്ചു. കാർഷിക സർവ്വകലാശാല വിവിധ വിഷയങ്ങളിലായി 1,520 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

341. കേരള ബാങ്കിന്റെ സ്ഥാപനം കാർഷിക വായ്പകൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സൗകര്യമൊരുക്കുന്നുണ്ട്. താഴ്ന്ന പലിശയ്ക്ക് വായ്പ ലഭ്യമാക്കും. കാർഷിക മേഖലയിലേയ്ക്കുള്ള വായ്പകൾ കൃത്യമായി മോണിറ്റർ ചെയ്യും.

കാർഷികമേഖലയിൽ വായ്പാ വിതരണത്തിനുള്ള നടപടികൾ കേരള ബാങ്ക് കൈക്കൊണ്ടു.

342. കാർഷികമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരഫെഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, ഓയിൽ പാം കമ്പനി, ആഗ്രോ ഇൻഡ്‌സ്ട്രീസ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കും.

കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പഠനങ്ങൾ നടത്തി. കേര ഫെഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, വെയർ ഹൗസ് കൈയ്കോ, ഓയിൽ പാം എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം വർദ്ധിച്ചു. വെയർ ഹൗസിംഗ് കോർപ്പറേഷൻ തലശ്ശേരി, മുതലമട, കൊഴിഞ്ഞാംപാറ എന്നിവിടങ്ങളിൽ പുതിയ വെയർ ഹൗസുകൾ സ്ഥാപിച്ചു. ഹോർട്ടികോർപ്പ് നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ പുതുതായി 25 ഗ്രാമശ്രീ ഔട്ട് ലെറ്റുകൾ സ്ഥാപിച്ചു. തിരുവനന്തപുരം മാവേലിക്കര, ചേർത്തല, തൃശ്ശൂർ, കോഴിക്കോട്, എന്നിവിടങ്ങളിൽ ഓർഗാനിക് പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിച്ചു. തേനീച്ച വളർത്തലിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ചേർത്തലയിൽ സ്ഥാപിച്ചു.

## പച്ചക്കറി

343. രാജ്യത്ത് ആദ്യമായി പച്ചക്കറിക്ക് തറവില പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഇത് നടപ്പാക്കുന്നത് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിലുള്ള കോഓപ് മാർട്ടുകളും വി.എഫ്.പി.സി.കെയും വഴിയാണ്. എല്ലാ തദ്ദേശ ഭരണസ്ഥാപന ങ്ങളിലെയും കോഓപ് മാർട്ടുകൾ അവിടത്തെ കാർഷിക ഉൽപന്നങ്ങൾ വാങ്ങുകയും ചില്ലറ വിൽപന നടത്തുകയും ചെയ്യും. തറവില നടപ്പാക്കുന്നതിനുള്ള നഷ്ടം നികത്തുന്നതിന് കോഓപ് മാർട്ടുകൾക്ക് 5 ലക്ഷം രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു ചെലവഴിക്കാം.

2020 നവംബർ മുതൽ പഴംപച്ചക്കറികൾക്ക് തറവില നൽകാൻ ആരംഭിച്ചു.

344. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽനിന്ന് സംഭരണം നടത്തുന്നതിനു വി.എഫ്.പി.സി.കെയ്ക്ക് പ്രത്യേക ധനസഹായം നൽകും.

വി.എഫ്.പി.സി.കെക്കായി 2021-22 സാമ്പത്തിക വർഷം 7.25 കോടി രൂപയും 2022-23ൽ 9.75 കോടി രൂപയും 2023-24ൽ 20.5 കോടി രൂപയും 2024-25ൽ 18 കോടി രൂപയും ധനസഹായമായി നൽകി. പദ്ധതിയുടെ ഭാഗമായി 14,820 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് പ്രോത്സാഹനം നൽകി. 1,50,000 ടൺ പച്ചക്കറി ഉൽപാദിപ്പിച്ചു. വി.എഫ്.പി.സി.കെ യുടെ കർഷിക വിപണികൾ വഴി 101.37 കോടി രൂപയുടെ 31,677 മെട്രിക് ടൺ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി.

345. ജൈവകൃഷിയടക്കമുള്ള ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് പച്ചക്കറിയുടെയും വാഴയുടെയും വിള വിസ്തൃതി 75,000 ഹെക്ടറായി വർദ്ധിപ്പിക്കും. പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പച്ചക്കറി ഉൽപ്പാദനം ഇരട്ടിയാകും. കേരള ഓർഗാനിക് ബ്രാൻഡ് പ്രചരിപ്പിക്കും.

ജൈവകൃഷി വ്യാപനം, മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് എന്നിവ വിപുലപ്പെടുത്തുന്നതിനായി ജൈവകാർഷിക മിഷൻ രൂപീകരിച്ചു. പച്ചക്കറി കൃഷി 1.15 ലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ചു. 17.2 ലക്ഷം മെട്രിക് ടണ്ണായി ഉൽപ്പാദനം വർദ്ധിപ്പിച്ചു.

346. പച്ചക്കറി ഉൽപ്പാദന കേന്ദ്രങ്ങളിൽ സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ ഏർപ്പെടുത്തും. എല്ലാ ബ്ലോക്കിലും മിച്ചപച്ചക്കറികൾ സൂക്ഷിക്കുന്നതിനുള്ള ചില്ലർ റൂം സർവ്വീസ് സഹകരണ ബാങ്കുകളോ, കാർഷിക ഏജൻസികളുമായോ ബന്ധപ്പെട്ട് സ്ഥാപിക്കും.

പച്ചക്കറി സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആനയറ (തിരുവനന്തപുരം), കാക്കനാട് (എറണാകുളം) കണ്ണാറ (തൃശ്ശൂർ), മൂന്നാർ (ഇടുക്കി) എന്നിവിടങ്ങളിൽ പാക്ക് ഹൗസും ഇതോടനുബന്ധിച്ചുള്ള മീഡിയം ചില്ലർ സ്റ്റേറേജ് യൂണിറ്റുകളും നിർമ്മിച്ചുവരുന്നു. കേരളത്തിലെ പ്രധാന നഗരങ്ങളിൽ പഴംപച്ചക്കറികളുടെ സംയോജിത വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 23.33 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകളും 5 മുല്യവർദ്ധിത യൂണിറ്റുകളുടെയും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. പച്ചക്കറികളുടെ സംഭരണ വിതരണത്തിനായി 19 റീഫർ വാനുകൾ ലഭ്യമാക്കി. ചെറുകിട വിതരണ ശൃഖംല പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ

സംഘങ്ങളുടെ 70 റീറ്റെയിൽ ഔട്ട് ലെറ്റുകൾ ശാക്തീകരിക്കുന്നതിനുള്ള നടപടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. കണ്ണൂർ വിമാന താവളത്തിൽ 8.56 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന സെന്റർ ഫോർ പെരിഷബിൾ കാർഗോയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

347. നമ്മുടെ പുരയിടങ്ങളുടെ വലിപ്പം വളരെ ചെറുതാണ്. അതുകൊണ്ട് അയൽക്കൂട്ട ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കും. വിത്ത്, വളം തുടങ്ങിയവയുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കൂട്ടമായി നടത്തും.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി 23,568 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സംയോജിത കൃഷി നടപ്പാക്കിവരുന്നു.

348. നഗരകൃഷിയെ പ്രോത്സാഹിപ്പിക്കും. റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ടെറസ്, മുറ്റം കൃഷികളെ പ്രോത്സാഹിപ്പിക്കും. ഗാർഹിക മാലിന്യ കംപോസ്റ്റിങ്ങും നഗരകൃഷിയേയും സംയോജിപ്പിക്കും. ഫ്ളാറ്റുകളിലും മറ്റും മലിനജല പുനചംക്രമണം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.

നഗരകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷൻ വഴിയും പൊതുജനങ്ങൾക്ക് നേരിട്ടും കൃഷി ചെയ്യുന്നതിനാവശ്യമായ വിത്തുകളും, തൈകളും വിതരണം നടത്തി. 35,037 ചെടിച്ചട്ടി കൃഷി/ ലംബകൃഷി നടപ്പിലാക്കി. കൃത്യത കൃഷി, ആർക്ക് വെർട്ടിക്കൽ ഗാർഡൻ മുതലായ ഹൈടെക്ക് കൃഷി രീതികൾ പ്രയോഗിക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു.

349. വർഷംതോറും ഒരുകോടി ഫലവൃക്ഷതൈകൾ നടുന്നതിനുള്ള ദശവത്സര പരിപാടി 50,000 കോടി രൂപയുടെ അധിക വരുമാനം സംസ്ഥാനത്ത് സൃഷ്ടിക്കും. കൃഷി വകുപ്പിന്റെ ഏജൻസികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നഴ്സറികൾ വഴിയാണ്



ആവശ്യമായ നടീൽ വസ്തുക്കൾ കണ്ടെത്തുക. ഓരോ പഞ്ചായത്തിലും നടുന്ന ഫലവൃക്ഷങ്ങളെ സംബന്ധിച്ച് പ്ലോട്ട് അടിസ്ഥാനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കും, മോണിറ്റർ ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ ഉൽപ്പാദന വർദ്ധനവിനായി അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.

ഒരു കോടി ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കി. പദ്ധതികളുടെ ഭാഗമായി ഇതുവരെ 1,87,34,513 ഫലവർഗ്ഗ തൈകൾ നട്ടുപിടിപ്പിച്ചു. 35,427.72 ഹെക്ടറായി ഫലവർഗ്ഗ വിസ്തൃതി വ്യാപിപ്പിച്ചു. 1,595 ഹെക്ടറിൽ വിദേശ ഫലവർഗ്ഗ കൃഷി നടത്തിവരുന്നു. 2024-25ൽ 704.12 ഹെക്ടർ സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധയിനം പഴവർഗ്ഗ കൃഷി ആരംഭിച്ചു.

350. ഫലവൃക്ഷങ്ങൾക്കു മാത്രമല്ല, നെല്ല് അടക്കമുള്ള എല്ലാ വിളകളുടെയും വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തും. ഉയർന്ന ഉൽപ്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള ഇനങ്ങൾ ലഭ്യമാക്കും. ഉപ്പുരസം കൂടുതലുള്ള ഭൂമിയിൽ കൃഷി ചെയ്യാവുന്ന നെല്ലിനങ്ങൾക്കും മറ്റും പ്രാധാന്യം നൽകും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഫാമുകളിൽ നിന്നും കാർഷിക സർവ്വകലാശാലയിൽ നിന്നുമായി 11,164 മെട്രിക് ടൺ നെല്ല് വിത്ത്, 56 ലക്ഷം തെങ്ങിൻ തൈകൾ, 67.26 ടൺ പച്ചക്കറി വിത്ത്, 243.45 ലക്ഷം പച്ചക്കറി തൈകൾ, 34 ലക്ഷം ഫലവർഗ്ഗ ഗ്രാഫ്റ്റുകൾ / ലയറുകൾ, 151.32 ലക്ഷം വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ മുതലായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്തു. പൊക്കാളി കൃഷിക്ക് അനുയോജ്യമായ കൂടുതൽ വിത്തിനങ്ങൾ വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിച്ചു. അഞ്ചിനം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള നടപടി വിഎഫ്പിസികെ മുഖേന സ്വീകരിച്ചു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ തണ്ണിമത്തൻ, കുക്കുമ്പർ എന്നിവയുടെ സങ്കരയിനം വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാലയും സ്വീകരിച്ചിട്ടുണ്ട്.

351. കൃഷി സ്കൂൾ സിലബസിന്റെ ഭാഗമാക്കും. സ്കൂളുകളിലെ ജൈവോദ്യാനം, പാഠം ഒന്ന് പാടത്തേയ്ക്ക് തുടങ്ങിയ സ്കീമുകൾ വിപുലപ്പെടുത്തും.

കൃഷിയും കാർഷിക പ്രവർത്തനങ്ങളും സ്കൂൾ സിലബസിന്റെ ഭാഗമാക്കി. കൃഷി ഒരു വിഷയമായി ഉൾപ്പെടുത്തി 5, 6, 7, 8, ക്ലാസുകളിലെ പാഠപുസ്തകം പുറത്തിറക്കി പ്രാദേശിക സാധ്യതകൾ പരിഗണിച്ചും പ്രയോജനപ്പെടുത്തിയും പാഠം ഒന്ന് പാടത്തേയ്ക്ക് പദ്ധതി നടപ്പിലാക്കിവരുന്നു. സ്കൂളുകളിലെ ജൈവോദ്യാനങ്ങളുടെ ഭാഗമായി പച്ചക്കറിത്തോട്ടം വികസിപ്പിച്ചു.

## നെല്ല്

352. നെൽകൃഷിയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തരിശുരഹിത ഗ്രാമം പദ്ധതി സാർവ്വത്രികമാക്കും. പഞ്ചായത്തുകളുടെ മുൻകൈയിൽ റിയൽ എസ്റ്റേറ്റുകാർ വാങ്ങി തരിശ്ശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷക ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യിക്കും.

നെല്ല് വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് കുടുംബശ്രീ ഗ്രൂപ്പുകളിലൂടെ സംഘകൃഷി നടത്തിവരുന്നു. കൃഷി സമൃദ്ധി പരിപാടിയുടെ ഭാഗമായി 107 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തരിശ് സ്ഥലങ്ങളിൽ നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. 2022-23ൽ 7,116 ഹെക്ടറിലും 2023-24ൽ 1,272.4 ഹെക്ടറിലും തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്തു. കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിനെ തരിശ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു.

353. കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാ ബെയ്സ് സൃഷ്ടിക്കും. ഓരോ നെൽകൃഷി വയലും ജിപിഎസുമായി ബന്ധപ്പെടുത്തും. ഇതുവഴി തരിശ്ശുഭൂമി



നിർമ്മാർജ്ജന പരിപാടി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനു കഴിയും.

കേരള കൃഷി ഹബ് പോർട്ടലിന്റെയും വെബ് ആപ്ലിക്കേഷനുകളുടെയും സഹായത്തോടെ റിമോട്ട് സെൻസിംഗ് പ്രയോജനപ്പെടുത്തി നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതിയും തരിശുഭൂമിയുടെ വിസ്തൃതിയും കൃത്യമായി കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

354. നെല്ലിന് കേന്ദ്രസർക്കാരിന്റെ സംഭരണ വില 18 രൂപ ആയിരിക്കുമ്പോൾ കേരളം നൽകുന്നത് 28 രൂപയാണ്. പാലക്കാട്ടെയും ആലപ്പുഴയിലെയും തൃശ്ശൂരിലെയും റൈസ് പാർക്കുകൾ പ്രവർത്തനക്ഷമമാകുന്നതോടെ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. നെല്ലിന്റെ സംഭരണവില കാലോചിതമായി വർദ്ധിപ്പിക്കും. സംഭരണവില കാലതാമസമില്ലാതെ കൃഷിക്കാർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തും.

2022-23ൽ 7,48,403 ടൺ നെല്ല് കർഷകരിൽ നിന്നും സംഭരിക്കുകയും 2096 കോടി രൂപ സംഭരണവിലയായി നൽകുകയും ചെയ്തു. 2023-24 ൽ 7,31,183 മെട്രിക് ടൺ നെൽ സംഭരിക്കുകയും 2,026 കോടി രൂപ സംഭരണവിലയായി നൽകുകയും ചെയ്തു. 1,75,610കർഷകർക്ക് ഇതിന്റെ ഗുണം ലഭിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ 1,61,034.49 ടൺ നെല്ല് കിലോയ്ക്ക് 28.20 രൂപ നിരക്കിൽ സംഭരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 314.3 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണത്തിന് നടപടി സ്വീകരിച്ചു വരുന്നു. നെല്ലിന്റെ സംഭരണം കാര്യക്ഷമമാക്കുവാൻ സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പരിശോധിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരുകയുമാണ്. സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

355. തരിശുരഹിത പഞ്ചായത്ത് സ്കീം വ്യാപകമാക്കും. ഹെക്ടറിന് 5,500 രൂപ വീതം നെൽകൃഷിക്കാർക്ക് ധനസഹായം നൽകുന്നുണ്ട്. ഇതിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾ 5000 മുതൽ 10,000 രൂപ വരെ അധിക ധനസഹായവുമുണ്ട്. ഇതിനുപുറമേ

ഹെക്ടറിന് 2000 രൂപ വീതം 40 കോടി രൂപ റോയൽറ്റിയായും നൽകുന്നു. ഇന്ത്യയിൽ ഏറ്റവും ഉയർന്ന തോതിലുള്ള സബ്സിഡി കേരളത്തിലാണ്. നിലവിലുള്ള റോയൽറ്റി കാലോചിതമായി പരിഷ്കരിക്കും.

2022-23ൽ 7,116 ഹെക്ടറിലും 2023-24ൽ 1,272.4 ഹെക്ടറിലും തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്തു. കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിനെ തരിശു രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള വയലുകൾ സംരക്ഷിക്കുന്നതിനും ഉടമകൾക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ റോയൽറ്റി ആയി അനുവദിച്ച്‌വരുന്നു.

356. ഗ്രൂപ്പ് ഫാമിംഗിനെ പ്രോത്സാഹിപ്പിക്കും. ഗ്രൂപ്പ് ഫാമിംഗ് മേഖലയിൽ കാർഷിക സഹായങ്ങൾ കഴിയുന്നത്ര പാടശേഖര സമിതികൾ വഴിയാക്കും.

നെൽ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് പാടശേഖര സമിതികൾ രൂപീകരിച്ച് കൃഷി ചെയ്തുവരുന്നു. പാടശേഖരങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി പൊതുഞാറ്റടി തയ്യാറാക്കൽ, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തനചിലവിനായി ഹെക്ടറിന് 360 രൂപ തോതിൽ ആനുകൂല്യം നൽകിവരുന്നു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ഉൽപ്പാദന, സേവന, വിപണന മേഖലകളിൽ രൂപീകൃതമായ കൃഷിക്കൂട്ടങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് നടത്തിവരുന്നു. 23,569 കൃഷിക്കൂട്ടങ്ങൾ നിലവിൽവന്നു.

357. കർഷകത്തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകും. മെച്ചപ്പെട്ട സേവനം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമെങ്കിൽ നേരിട്ട് കൃഷി ചെയ്യുന്നതിനും വേണ്ടി കാർഷിക കർമ്മസേനകൾ എല്ലാ പഞ്ചായത്തുകളിലും ആഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ആരംഭിക്കും.

50 പുതിയ ആഗ്രോ സർവീസ് സെന്ററുകൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കാർഷിക കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന മെക്കനൈസേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ 6,252 സേവന ദാതാക്കൾ പ്രവർത്തിച്ചുവരുന്നു.

358. കാർഷിക കർമ്മസേനകളും ആഗ്രോ സർവ്വീസ് സെന്ററുകളും വഴി നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം വ്യാപിച്ചിട്ടുണ്ട്. യന്ത്രങ്ങളുടെ നവീകരണത്തിന് പ്രത്യേക സംവിധാനമുണ്ടാക്കും. പൊക്കാളി പാടങ്ങൾക്ക് അനുയോജ്യമായ ഉഴവ്, കൊയ്ത്ത് യന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് ഹാക്കത്തോൺ നടത്തും.

വൈഗ പരിപാടിയുടെ ഭാഗമായി കാർഷികമേഖലയിലെ യന്ത്രവത്കരണം ഉൾപ്പടെയുള്ള നവീന ഇടപെടലുകൾക്കായി ഹാക്കത്തോൺ നടത്തുകയും ലഭ്യമായ ആശയങ്ങൾ വിദഗ്ദ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

359. ബ്ലോക്കുകളിലെ ആഗ്രോ സർവ്വീസ് സെന്ററുകൾ കൃഷിക്കാർക്കുവേണ്ട സേവനങ്ങളുടെയെല്ലാം ഏകജാലകമായി പ്രവർത്തിക്കും. കാർഷിക കർമ്മസേനകൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക.

എല്ലാ കാർഷിക ബ്ലോക്കുകളിലും കൃഷിശ്രീ സെന്ററുകൾ / കാർഷിക കർമ്മ സേനകൾ / സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ സജ്ജമാക്കി. കതിർ ആപ്പു വഴി നൽകിവരുന്ന സേവനങ്ങളും കർഷകർ പ്രയോജനപ്പെടുത്തുന്നു. കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള സംസ്ഥാന മെക്കനൈസേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ 6252 സേവന ദാതാക്കൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

## നാളികേരം

360. പ്രായാധിക്യം കൊണ്ടും രോഗകീടബാധമൂലവും ഉൽപാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതികൾ ഊർജ്ജിതപ്പെടുത്തും. വർഷം തോറും എല്ലാ വാർഡുകളിലും 75 എണ്ണം വീതം തെങ്ങിൻ തൈകൾ വിതരണം ചെയ്യും. ഇങ്ങനെ ഒരു കോടി തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുകയാണ് ലക്ഷ്യം. ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയെ ഉത്തമ തൈകൾ  സൃഷ്ടിക്കുന്നതിന് ഉപയോഗപ്പെടുത്തും.

കേരള നാളികേര കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 49.75 ലക്ഷം തെങ്ങിൽ തൈകൾ വിതരണം ചെയ്തു.

361. സർവ്വീസ് സഹകരണ ബാങ്കുകൾ കേരോൽപ്പന്ന മൂല്യവർദ്ധന വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ നേരിട്ടോ കർഷക ഫെഡറേഷൻ വഴിയോ നടത്തുന്നതിന്  പ്രോത്സാഹിപ്പിക്കും. സർക്കാർ പ്രഖ്യാപിത തറവില ഉറപ്പാക്കിക്കൊണ്ട് നാളികേരം സംസ്കരണ സംഘങ്ങൾ സംഭരിക്കും. കഴിവതും തെങ്ങുകയറ്റ സംഘങ്ങളെ ഉപയോഗപ്പെടുത്തി കൃത്യമായി തേങ്ങയിടുകയും ആവശ്യമായ കാർഷിക പരിചരണങ്ങൾ നൽകുകയും ചെയ്യും. ചകിരി കയർഫെഡ്ഡു വഴി ആദായവിലയ്ക്കു സംഭരിക്കും. വെളിച്ചെണ്ണയും മറ്റ് ഉൽപ്പന്നങ്ങളും പ്രാദേശിക കമ്പോളത്തിനു പുറമേ ബ്രാൻഡ് ചെയ്ത് പുറത്തു വിൽക്കുന്നതിനും ഏർപ്പാടുണ്ടാകും. മൂല്യവർദ്ധനയിലെ ലാഭത്തിൽ ഒരുപങ്ക് കൃഷിക്കാർക്കു ബോണസായി നൽകും.

കിലോയ്ക്ക് 32 രൂപയായിരുന്ന തേങ്ങയുടെ സംഭരണവില 34 രൂപയായി വർദ്ധിപ്പിച്ചു. 2023-24 വർഷത്തിൽ 16,576.35 ടൺ പച്ചതേങ്ങ സംസ്ഥാന സർക്കാർ സംഭരിക്കുകയും  59.39 കോടി രൂപ 47,361 കർഷകർക്കായി  വിതരണം ചെയ്യുകയും ചെയ്തു.  2022-23 സാമ്പത്തിക വർഷം 255 മെട്രിക് ടൺ കൊപ്രയും 2023-24 സാമ്പത്തിക വർഷം 1118.36 മെട്രിക് ടൺ കൊപ്രയും 2024-25 സാമ്പത്തിക വർഷത്തിൽ 420.208 മെട്രിക് ടൺ പച്ചതേങ്ങയും കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. സെൻട്രൽ വെയർ ഹൗസ് കോർപ്പറേഷൻ കൂടി കൊപ്ര സംഭരണത്തിൽ പങ്കെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ നൽകുന്ന പച്ചതേങ്ങയുടെ അടിസ്ഥാനവില ഉറപ്പാക്കുന്നതിനായി  കൊപ്ര സംഭരണത്തിൽ പങ്കെടുത്ത കർഷകർക്ക്  നാഫെഡ് നൽകുന്ന 29.322 രൂപ/കിലോ പച്ചതേങ്ങയ്ക്ക് പുറമേ സംസ്ഥാനം 4.678രൂപ/കിലോ പച്ചതേങ്ങയ്ക്ക്  നൽകുന്നുണ്ട്.

ബ്ലോക്ക്തലത്തിൽ രൂപീകരിച്ചിട്ടുള്ള അഗ്രോസർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ/കാർഷിക കർമ്മസേന എന്നിവയിലെ അംഗങ്ങൾക്ക് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുകയും  തെങ്ങുകയറ്റ യന്ത്രങ്ങൾ പ്രയോജനപ്പടുത്തുകയും ചെയ്തിട്ടുണ്ട്. കർഷകരുടെ ഉൽപന്നങ്ങൾ 'കേരള ഗ്രോ' ബ്രാൻഡിൽ വിപണനം നടത്തിവരുന്നു. 619 ഉൽപ്പന്നങ്ങൾക്ക് കേരള ഗ്രോ ബ്രാന്റ് നൽകി. സ്മോൾ ഫാർമേഴ്സ് അഗ്രിബിസ്നസ്സ്  കൺസോർഷ്യം മുഖേന 10 നാളികേര അധിഷ്ഠിത  ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും 8 നാളികേര അധിഷ്ഠിത എം.എസ്.എം.ഇകൾക്കും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു.

362. പഴയ തെങ്ങുകൾ വെട്ടിമാറ്റി താരതമ്യേന പൊക്കം കുറഞ്ഞ, ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള നാളികേര ഇനങ്ങൾ റീപ്ലാന്റ് ചെയ്യുന്ന സ്കീം വിപുലപ്പെടുത്തും. ടിഷ്യുകൾച്ചർ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കും. ഇടവിള കൃഷിയും ജലസേചനവും പ്രോത്സാഹിപ്പിക്കും.

നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക ലക്ഷ്യമാക്കി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലെ കേരരക്ഷാ വാരപ്രവർത്തനത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി. നാളികേരമിഷന്റെ പ്രവർത്തനത്തിലൂടെ സമഗ്രമായ നടീൽ പരിപാടികളും പുനരുജ്ജീവന പരിപാടികളും നടപ്പിലാക്കി വരുന്നു.

363. കൃഷിക്കാരുടെ ഉടമസ്ഥതയിൽ നാളികേര മൂല്യവർദ്ധിത വ്യവസായങ്ങളെ വളർത്തിയെടുത്തുകൊണ്ടു മാത്രമേ കൃഷിക്കാരുടെ വരുമാനം ഗണ്യമായി ഉയർത്താനാകൂ. ഇതിനായി സർവ്വീസ് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ നേരിട്ടോ കൃഷിക്കാരുടെ ഉടമസ്ഥതയിലോ നാളികേര ക്ലസ്റ്റർ സ്ഥാപിക്കും. ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ തേങ്ങയിടുന്നതിനും സംഭരിക്കുന്നതിനുമുള്ള സംവിധാനത്തിനു രൂപം നൽകും.

സ്മോൾ ഫാർമേഴ്സ് അഗ്രിബിസ്നസ്സ് കൺസോർഷ്യം മുഖേന 10 നാളികേര അധിഷ്ഠിത ഫാർമർ പ്രൊഡ്യുസർ കമ്പനികൾക്കും 8 നാളികേര അധിഷ്ഠിത എം.എസ്.എം.ഇകൾക്കും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു.

364. ചകിരി, വെളിച്ചെണ്ണ, മറ്റു വ്യവസായ ഉൽപ്പന്നങ്ങളിൽ നിന്നുള്ള ആദായം വഴി താങ്ങുവിലയേക്കാൾ 23 രൂപ മൂല്യവർദ്ധനയിൽ നിന്ന് ബോണസായി കൃഷിക്കാർക്കു നൽകാനാവും.

നടപടികൾ പരിഗണനയിലാണ്

365. തെങ്ങുകയറ്റ തൊഴിലാളികളുടെ ഇൻഷ്വറൻസ് വിപുലപ്പെടുത്തും. തെങ്ങുകയറ്റ യന്ത്രങ്ങൾ ലഭ്യമാക്കും. അനുയോജ്യമായ തെങ്ങുകയറ്റ യന്ത്രം രൂപകൽപ്പന ചെയ്യുന്നതിന് ഹാക്കത്തോൺ സംഘടിപ്പിക്കും. തെങ്ങുകയറ്റ തൊഴിലാളികളുടെ സംഘങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിച്ച് യൂബർ മോഡലിൽ കൃഷിക്കാരുമായി ബന്ധപ്പെടുത്തും.

സബിസിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ഘടകം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ നേതൃത്വത്തിൽ യൂബർ മോഡലിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിവകുപ്പ് 2023 വർഷം സംഘടിപ്പിച്ച വൈഗ എക്സിബിഷന്റെ ഭാഗമായി ഹാക്കത്തോൺ നടത്തുകയും വിവിധ യന്ത്രങ്ങളുടെ രൂപകൽപന തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## റബർ

366. റബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. റബറിന്റെ സംഭരണവില 250 രൂപയായി ഉയർത്തും. ഇതിലൊരു ഭാഗം കേന്ദ്രസർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ട് ശക്തമായ ജനകീയ പ്രക്ഷോഭത്തിനു മുൻകൈയെടുക്കും.

റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി 50,000 രൂപയായി ഉയർത്തുന്നതിനും റബ്ബറിനെ താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്തി കിലോയ്ക്ക് 250 രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടു കേന്ദ്രസർക്കാരിന് കത്ത് നൽകി. കേന്ദ്ര സർക്കാരിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി 2024-25 വർഷത്തിൽ 40,000 രൂപയായി ഉയർത്തി. റബ്ബറിന്റെ താങ്ങുവില 2024 ഏപ്രിൽ 1 മുതൽ 180 രൂപയായി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചു. കേര പദ്ധതിയിലും റബ്ബർ കൃഷിക്ക് സഹായധനം നൽകുന്നതിനുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

367. റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോൽപ്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തും. കോട്ടയത്ത് ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ ടയർ ഫാക്ടറി അടക്കമുള്ള റബർ പാർക്ക് സ്ഥാപിക്കും. കൃഷിക്കാരിൽ നിന്നും ലാറ്റക്സ് സംഭരിക്കുന്നതിന് അമുൽ മോഡലിൽ സഹകരണ സംഘം സ്ഥാപിക്കും. ലാറ്റക്സ് അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻവെസ്റ്റ് സബ്സിഡിയും സൗജന്യ പാട്ടഭൂമിയും അനുവദിക്കും.

2021-22ൽ കോട്ടയം ആസ്ഥാനമാക്കി റബ്ബർ ഉൽപ്പാദന സൗകര്യം സൃഷ്ടിക്കാനുള്ള കമ്പനി രൂപീകരിച്ചു. റബ്ബർ പാർക്കിന്റെ ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.



368. റോഡ് നിർമ്മാണത്തിൽ കേരളത്തിന്റെ മുൻകൈയിൽ റബർ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കും. ദേശീയതലത്തിൽ ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

**2021 മെയ് 21ന് ശേഷം ഏകദേശം 1,300 കി.മീ റോഡുകൾ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ചു നിർമ്മിച്ചു.**

## മറ്റു തോട്ടവിളകൾ

369. നാളികേരത്തിനെന്ന പോലെ താങ്ങുവില വയനാട്ടിലെ കാപ്പി കൃഷിക്കും താങ്ങുവില നടപ്പാക്കുന്നതാണ്. നിർദ്ദിഷ്ട ഗുണനിലവാരമുള്ള കാപ്പിക്ക് 90 രൂപയായിരിക്കും തറവില. ഈ കാപ്പിക്കുരു ബ്രാൻഡഡ് കാപ്പിപ്പൊടിയായി വിപണനം ചെയ്യുന്നതിനുള്ള വിപുലമായ പരിപാടി ആവിഷ്കരിക്കും. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സർക്കാർ നൽകും.

**കാപ്പികുരുവിന് കമ്പോള വിലയെക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി കർഷകരിൽ നിന്നും സംഭരിച്ച് അംഗീകൃത സൊസൈറ്റികൾക്ക് നൽകുന്നു. വയനാട് പാക്കേജിന്റെ ഘടകമായാണ് ഇത് നടപ്പാക്കുന്നത്.**

370. കിഫ്ബി മുതൽമുടക്കിൽ വയനാട് കോഫി പാർക്ക് സജ്ജമാകും. ഭൂരിപക്ഷം കൃഷിക്കാരുടെയും കാപ്പിക്കുരു അതോടെ തറവില അടിസ്ഥാനത്തിൽ സംഭരിക്കുന്നതിനുള്ള സംവിധാനമൊരുങ്ങും.

**വയനാട് കോഫി പാർക്കിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.**

371. അനിയന്ത്രിതമായ ഇറക്കുമതിമൂലം അടയ്ക്ക, കുരുമുളക്, ഏലം, തേയില തുടങ്ങിയ നാണ്യവിളകളുടെ വിലയിൽ വലിയ അനിശ്ചിതത്വം ഉണ്ടാകുന്നുണ്ട്. ഇവയ്ക്ക് റബ്ബർ താങ്ങുവിലയുടെ മാതൃകയിൽ സംരക്ഷണം നൽകണമെന്ന് കേരളം ശക്തമായി കേന്ദ്രത്തോട് ആവശ്യപ്പെടും.

**കുരുമുളകിനും ഏലത്തിനും താങ്ങുവില പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.**

372. കുരുമുളക് പോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ, കൊക്കോ, പഴവർഗ്ഗങ്ങൾ, തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുള്ള പാർക്കുകൾ സ്ഥാപിക്കുന്നതാണ്. വയനാട് മെഗാഫുഡ് പാർക്കും മുട്ടത്തെ സ്പൈസസ് പാർക്കും ഹൈറേഞ്ചിൽ ഫുഡ് പാർക്കും സ്ഥാപിക്കും. ഈ പാർക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി കാപ്പിയിലെന്നപോലെ ഈ വിളകൾക്കും സംഭരണവില നടപ്പിലാക്കും.

തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 21 കോടി രൂപ ചെലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുള്ള 9 കമ്പനികൾ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

373. പ്ലാന്റേഷൻ മേഖലയിലെ മുഖ്യപ്രശ്നം പഴക്കമേറിയ മരങ്ങളാണ്. ഇവ അടിയന്തരമായി റീപ്ലാന്റ് ചെയ്യേണ്ടതുണ്ട്. ഇതിനൊരു ഫലപ്രദമായ മാർഗം തൊഴിലുറപ്പുപദ്ധതിയെ ഇതിനായി ഉപയോഗപ്പെടുത്തുകയാണ്. എന്നാൽ, ഇതൊരു ആവർത്തന കൃഷി പ്രവർത്തനമായി കണ്ടുകൊണ്ട് അനുമതി നിഷേധിച്ചിരിക്കുകയാണ്. ഇത് തിരുത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരും.

ലോകബാങ്ക് ധനസഹായത്തോടെ കാർഷിക വികസന, കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന Kerala Climate Resilient Agri Value Chain Modernization (KERA) പ്രൊജക്റ്റ് വഴി റീപ്ലാന്റ് ചെയ്യുന്നതിന് ധന സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആകെ 47644.33 ലക്ഷം രൂപയുടെ പദ്ധതിയ്ക്കാണ് പ്ലാന്റേഷൻ മേഖലയ്ക്കായി KERA പദ്ധതി വഴി വേൾഡ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. പ്ലാന്റേഷൻ മേഖലയിൽ ധനസഹായം അനുവദിക്കുന്നതിന് റബ്ബർ, കാപ്പി, ഏലം എന്നീ തോട്ടവിളകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതി വഴി റബ്ബർ, കാപ്പി, ഏലം എന്നീ വിളകളുടെ കാലാവസ്ഥ പ്രതിരോധശേഷിയുള്ള സാക്ഷ്യപ്പെടുത്തിയ ഇനങ്ങൾ ഉപയോഗിച്ച് റീ പ്ലാന്റ് ചെയ്യുന്നതിനാണ് പദ്ധതി വഴി സഹായം നൽകുന്നത്. റബർ പുനർകൃഷിയ്ക്ക് സഹായം അനുവദിക്കുന്നത് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിലെ കർഷകർക്കും കാപ്പി പുനർകൃഷിയ്ക്ക് സഹായം അനുവദിക്കുന്നത് വയനാട് ജില്ലയിലെ കർഷകർക്കും ഏലം പുനർകൃഷിയ്ക്ക് സഹായം അനുവദിക്കുന്നത് ഇടുക്കി ജില്ലയിലെ കർഷകർക്കുമാണ്. റബ്ബർ റീപ്ലാന്റേഷൻ ഗ്രാന്റ് ആയി ഹെക്ടറിന് 75,000 രൂപയും കാപ്പി റീപ്ലാന്റേഷൻ ഗ്രാന്റ് ആയി ഹെക്ടറിന് 80,000 രൂപയും ഏലം റീപ്ലാന്റേഷൻ ഗ്രാന്റ് ആയി ഹെക്ടറിന് 1,00,000 രൂപയും പരമാവധി രണ്ട് ഗഡുക്കളായി അനുവദിക്കും. പദ്ധതിയിൽ സഹായം ലഭിക്കുന്നതിന് റബർ കർഷകർക്ക് 5 ഹെക്ടറിലും കാപ്പി കർഷകർക്ക് 10 ഹെക്ടറിലും ഏലം കർഷകർക്ക് 2 ഹെക്ടറിലും അധികം ഭൂമി ഉണ്ടാകാൻ പാടില്ല എന്ന് നിബന്ധനയുണ്ട്. റീപ്ലാന്റേഷൻ ഗ്രാന്റ് ലഭിക്കുന്ന കർഷകർ അതത് ബോർഡുകൾ സംഘടിപ്പിക്കുന്ന നിർബന്ധിത പരിശീലന പരിപാടികൾക്ക് വിധേയരാകേണ്ടതുണ്ട്. പരിശീലന പരിപാടികളിൽ കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ, സുസ്ഥിര കൃഷി, വിളവെടുപ്പിനു ശേഷമുള്ള കൈകാര്യം ചെയ്യൽ, സാങ്കേതികതകൾ എന്നിവ ഉൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട ഭൂമിയുടെ വിനിയോഗം, കൃഷി, മരങ്ങൾ മുറിക്കുന്നത് തുടങ്ങിയ പ്രവർത്തനങ്ങൾ വനം- വന്യ ജീവി, റവന്യൂ, കൃഷി തുടങ്ങി വിവിധ വകുപ്പുകളുടെ വിവിധ കേന്ദ്ര- സംസ്ഥാന നിയമങ്ങളാൽ നിയന്ത്രിതമാണ്. ഇത്തരം വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പ്ലാന്റേഷൻ മേഖലയ്ക്ക് അനുകൂലമായ തീരുമാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങളാണ് പ്ലാന്റേഷൻ ഡയറക്റ്ററേറ്റ് വഴി സ്വീകരിച്ച് വരുന്നത്.

374. ഇടുക്കി, വയനാട് വികസന പാക്കേജുകളുടെ ഭാഗമായി തോട്ടം മേഖലയിൽ വിപുലമായ നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ നടപ്പാക്കുന്നത് തോട്ടം മേഖലയ്ക്ക് ഉത്തേജകമാകും.

തോട്ടം മേഖലയ്ക്കായി മണ്ണ് സംരക്ഷണം, ജല സംരക്ഷണം, ജൈവവൈവിധ്യ വർദ്ധന പ്രവർത്തനങ്ങൾ തുടങ്ങിയ കാലാവസ്ഥാ വ്യതിയാന ലഘൂകരണ പ്രവർത്തനങ്ങൾക്കുള്ള

സാമ്പത്തിക സഹായം നൽകുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പരിഗണനയിലുള്ള വിഷയമാണ്.

375. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിച്ച് കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തേൻ ഗ്രാമങ്ങൾ സ്ഥാപിക്കും. തൃശ്ശൂരിലെ തേൻ പാർക്ക് പ്രവർത്തനക്ഷമമാക്കും. കാട്ടാനശല്യം പ്രതിരോധിക്കുന്നതിനു തേനീച്ചക്കൂടുകളുടെ ശൃംഖല പരീക്ഷിച്ചുനോക്കും.

തേനീച്ച വളർത്തലിന് പ്രാധാന്യം നൽകി കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതികളിൽ തേനീച്ചകൃഷി ഉൾപ്പെടുത്തിയും ഹോർട്ടികോർപ്പ് മുഖേന വിപണന സംവിധാനം ഒരുക്കിയും, തേൻ ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ ഇറക്കിയും വിവിധ പദ്ധതികൾ പ്രകാരം തേനീച്ച കൃഷി ഉപജീവനമാക്കിയ കർഷകരെ സഹായിച്ചു വരുന്നു. തൃശ്ശൂർ കണ്ണാറയിലെ ബനാന & ഹണി പാർക്ക് കേരള അഗ്രോ ബിസിനസ്സ് കമ്പനി ഏറ്റെടുത്ത് തേനിന്റെ സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയവ കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

376. എല്ലാ വിളകളുടെയും വിപണന ശൃംഖല പഠിക്കുകയും വിപണനത്തിനായുള്ള വിള അടിസ്ഥാനത്തിലുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കും ഇതിനൊരു വിദഗ്ധ സമിതിയെ നിയോഗിക്കും. ഏലം പോലുള്ള വിളകളിൽ ഇ-ഓക്ഷൻ പ്രോത്സാഹിപ്പിക്കും. വ്യവസായ വകുപ്പിന്റെ കീഴിൽ പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ മേഖലയുടെ വിപണ ശൃംഖല ഉൾപ്പടെയുള്ള സമഗ്രമായ പഠനം നടത്തി കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റിയുട്ട് ഓഫ് മാനേജ്മെന്റ് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിനെ അധിഷ്ഠിതമാക്കി  തോട്ടം മേഖലയുടെ നവീകരണം, വൈവിദ്ധ്യവൽക്കരണം, ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, നയരൂപീകരണം എന്നിവ നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. പ്ലാന്റേഷൻ ഉൽപന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുന്നതിനും വിളകളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുമായി എറണാകുളം കലൂർ സ്റ്റേഡിയത്തിൽവച്ച് പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിച്ചു. കേരളത്തിലെ തോട്ടം ഉത്പന്നങ്ങൾ ലോകത്തിനുമുൻപിൽ പ്രദർശിപ്പിക്കുന്നതിനും വിപണി വിപുലീകരിക്കുന്നതിനുമായി ഡൽഹിയിലെ പ്രഗതിമൈതാനിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേയ്ഡ്ഫെയർ, ബാംഗ്ളൂർപാലസ് ഗ്രൗണ്ടിൽ നടന്ന വേൾഡ് കോഫീ കോൺക്ലേവ് എന്നിവയിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് പങ്കെടുക്കുകയും കേരളത്തിലെ തോട്ടംമേഖലയിലെ സംരംഭകർക്ക് പങ്കെടുക്കാൻ സൗകര്യം ഒരുക്കുകയും ചെയ്തു.

377. തോട്ടം മേഖലയിലെ പ്രതിസന്ധിമൂലം തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും താരതമ്യേന പിന്നാക്കം പോവുകയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും വൈവിധ്യവൽക്കരണത്തിലൂടെയും മൂല്യവർദ്ധിത തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ആവശ്യമായ അധികവരുമാനം കണ്ടെത്തിയേതീരൂ. തോട്ടം തൊഴിലാളികൾക്ക് മിനിമം ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തും. പാർപ്പിടപദ്ധതി പൂർത്തീകരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കും. മുഴുവൻ തോട്ടം തൊഴിലാളികളേയും ബി.പി.എൽ ആയികണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഇടപെടൽനടത്തും. വ്യവസായവകുപ്പിന്റെ കീഴിൽ പ്രത്യേകപ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വ്യവസായ വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് ഭരണാനുമതി നൽകി. മാർഗ്ഗരേഖ അംഗീകരിച്ച് പ്രസിദ്ധീകരിച്ചു. ലയങ്ങളുടെ നിർമ്മാണമോ നവീകരണമോ നടത്തുന്നതിന് ചിലവാകുന്ന തുകയുടെ 30% സബ്സിഡിയായി അനുവദിക്കും. ജില്ലാ പ്ലാന്റേഷൻ ഓഫീസുകൾ വഴി പദ്ധതിയ്ക്കായുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

## മലയോര കൃഷിഭൂമി

378. നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കൈയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. അവരുടെ കൈവശമുള്ള അത്തരം ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗപ്പെടുത്തും.

**നിയമ വിരുദ്ധമായി സർക്കാർ ഭൂമി കൈവശം വയ്ക്കുകയും സർക്കാർഭൂമി കയ്യേറുകയും ചെയ്തവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന വൻകിട തോട്ടം ഉടമകൾക്കെതിരെ 68,296.22 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 32 കേസുകൾ ഫയൽ ചെയ്തു. ശേഷിക്കുന്ന കേസുകൾ ഈ സർക്കാരിന്റെ കാലത്തുതന്നെ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.**

379. 01.01.1977 ന് മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്കും റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഭൂമിയിൽ നാല് ഏക്കർ വരെ ഉപാധിരഹിതമായി പട്ടയം നൽകിത്തുടങ്ങി. പട്ടയം ലഭിക്കാനുള്ള ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുവാനുള്ള നടപടി താമസംവിന പൂർത്തീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും അനുബന്ധ രേഖകളും നൽകും. പരിസ്ഥിതി ദുർബലപ്രദേശങ്ങളായി (ഇ.എസ്.എ) നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കും. മൂന്നാർ ഏരിയ എന്ന് കണക്കാക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള കാർഷിക പ്രദേശങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

**സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമായ എല്ലാ കേസുകളിലും പട്ടയം വിതരണം ചെയ്തിട്ടുണ്ട്. 1977ന് മുൻപ് കുടിയേറിയ കർഷകരോ അവരുടെ പിൻഗാമികളോ അജ്ഞത മൂലമോ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന തെറ്റിദ്ധാരണ മൂലമോ മറ്റു പലവിധ കാരണങ്ങളാലോ അപേക്ഷ നൽകാൻ കഴിയാതെ പോയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന വനം, റവന്യൂ വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിന്റെ പ്രത്യേക സാഹചര്യം വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ലാത്ത അർഹതയുള്ള കുടിയേറ്റക്കാരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ഉടൻ നടപടി സ്വീകരിക്കുമെന്നും കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. ആയതിലേക്കുള്ള വിവരശേഖരണം നടന്നുവരുന്നു. സമഗ്രമായ വിവരശേഖരണം നടത്തി 35,163 പേരുടെ വിവരശേഖരണം പൂർത്തീകരിച്ചു. മൂന്നാർ ഏരിയ എന്ന് കണക്കാക്കപ്പെടുന്ന മേഖലയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഭൂരഹിതരായി ആദിവാസികൾക്ക് ഭൂമിയും രേഖകളും നൽകൽ ഊർജ്ജിതമായി നടന്നുവരുന്നു. അരിപ്പാ ഭൂസമരത്തിൽ പങ്കെടുത്തവർക്കുള്ള ഭൂവിതരണം അന്തിമ ഘട്ടത്തിലാണ്.**

380. ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നം പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകും. ജനങ്ങളുടെ ആവാസവ്യവസ്ഥയെ സംരക്ഷിച്ചും അവരുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തിയായിരിക്കും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ 1964 ലെ ഭൂപതിവ് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തും.

**ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 1960ലെ ഭൂപതിവ് നിയമ ഭേദഗതി 2023 സെപ്റ്റംബർ 14 ന് കേരള നിയമസഭ പാസ്സാക്കി. ചട്ടങ്ങൾ രൂപികരിക്കുന്നതിനുള്ള അന്തിമഘട്ടത്തിലാണ്.**

## ജലസേചനം

381. കാർഷിക ലക്ഷ്യങ്ങൾ ആവശ്യമുള്ള കൈവരിക്കണമെങ്കിൽ ആവശ്യമായ സമയത്ത് ആവശ്യമുള്ള വെള്ളം അനിവാര്യമാണ്. ജലസേചനവകുപ്പ് നദീതട അടിസ്ഥാനത്തിലും വൻനീർത്തട അടിസ്ഥാനത്തിലുമുള്ള ആസൂത്രണമാണ് ഏറ്റെടുക്കുക. സൂക്ഷ്മ നിർത്തടങ്ങളുടെ ആസൂത്രണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലായിരിക്കും. അവയോടു ബന്ധപ്പെടുത്തിയായിരിക്കും ചെറുകിട ജലസേചനം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

1,013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ മാസ്റ്റർ പ്ലാനുകൾ തയ്യാറായി. 15 ബ്ലോക്കുകളുടെയും 94 ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റിംഗ് തയ്യാറാക്കി. ജലബജറ്റിംഗ് നടപ്പിലാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. 2018ലെ മഹാ പ്രളയത്തിനു മുൻപാണ് നീർത്തട മാസ്റ്റർ പ്ലാനുകൾ തയാറാക്കിയിട്ടുള്ളത്. പ്രളയാനന്തരംതോടുകൾ / ചെറുനീർച്ചാലുകൾ തുടങ്ങിയ ജല സ്രോതസ്സുകൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ തയാറാക്കിയ നീർത്തട പ്ലാനുകൾ പരിഷ്കരിക്കൽ, മാസ്റ്റർപ്ലാൻ പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളിൽ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. നീർത്തട മാസ്റ്റർപ്ലാനുകൾ, നീരുറവ പദ്ധതിയുടെ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലബജറ്റിംഗ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജലകമ്മി മനസ്സിലാക്കി നീരുറവ മാസ്റ്റർ പ്ലാനിലെ ആസൂത്രണം ചെയ്തുവരുന്നു.

382. നിലവിലെ വൻകിട ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. അവ പൂർത്തീകരിച്ചശേഷമേ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയുള്ളൂ. അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട കബനി, ഭവാനി, പമ്പ, കാവേരി തടങ്ങളിലെ പദ്ധതികൾക്ക് മുൻഗണന നൽകും. ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കും. പുഴകളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന് വേണ്ടി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക്ഡാമുകളുടെയും റെഗുലേറ്റേഴ്സിന്റെയും ശൃംഖല പണിയും. ഭൂഗർഭജലം റീചാർജിംഗിന് പദ്ധതികൾ ആവിഷ്കരിക്കും. ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ കൂടുതൽ കർശനമാക്കും.

സംസ്ഥാനത്ത് ഭൂജലസുസ്ഥിരത ഉറപ്പുരുത്തുന്നതിനും ഭൂജലസ്രോതസ്സുകൾ പരിപോഷിപ്പിക്കുന്നതിനുമായി 627 ഭൂജലസംപോഷണ പദ്ധതികൾ (റീചാർജ്ജ് പിറ്റ്, ബോർ വെൽ/ ഡഗ്ഗ് വെൽ റീചാർജ്ജ്, തടയണ തുടങ്ങിയവ) 21.02 കോടി രൂപ ചെലവാക്കി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. ഇതിലൂടെ പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിലെ ഭൂജലസുസ്ഥിരത ഉറപ്പുവരുത്തുവാനും ജലഗുണനിലവാരം മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

383. ജലഗുണ നിലവാര സ്ഥാപനങ്ങളിലും അംഗീകൃത കേന്ദ്രങ്ങൾസ്ഥാപിക്കും. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ സ്കൂൾ ലാബുകളിൽ ഇതിനുള്ള പൊതു സംവിധാനം ഒരുക്കും. മൂന്നാം നീർചാലുകൾ മുതലുള്ള വലിയ നീർച്ചാലുകളിൽ മഴക്കാല നീരൊഴുക്ക് തടസ്സപ്പെടുത്താത്ത തരത്തിലുള്ള ബന്ധാര മാതൃകയിലുള്ള സംഭരണികൾ നിർമ്മിക്കും. മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പാലക്കാട്ടെ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കും.

ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ 03 ലാബുകൾ മുഖേന 18146 സാമ്പിളുകൾ പരിശോധന പൂർത്തിയാക്കി. അതോടൊപ്പം ഒരു ജില്ലയിൽ രണ്ടു വീതം, 28 സർക്കാർ ഹയർ സെക്കണ്ടറി ലാബുകൾ നവീകരിച്ച് അതിലൂടെ ജലഗുണനിലവാര പരിശോധന സംവിധാനം പൊതുജനങ്ങൾക്ക് എളുപ്പത്തിൽ സാധ്യമാക്കി. സംസ്ഥാനത്തെ ഉൾപ്രദേശങ്ങളിൽ ഉള്ള പൊതുജനങ്ങൾക്ക് ജലഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സഞ്ചരിക്കുന്ന ജലഗുണനിലവാര പരിശോധന ലാബ് , നാഷണൽ ഹൈഡ്രോളജി പ്രോജകട് മുഖേന 51.50 ലക്ഷം രൂപ ചെലവിൽ സജ്ജീകരിക്കുകയും ഇതുപയോഗിച്ച് 14 ജില്ലകളിലെ

ഗുണനിലവാരശോഷണം കൂടുതലായി കണ്ടുവരുന്ന ഒരു ബ്ലോക്കിലെ ഭൂജലസാമ്പിളുകളുടെ പരിശോധന പൂർത്തീകരിച്ചു. ലഭ്യമായ ജലം ഉപയുക്തമാണോ എന്ന് പരിശോധിച്ചറിയുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കുവാനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 5 കോർപറേഷൻ, 38 മുനിസിപ്പാലിറ്റി, 29 പഞ്ചായത്തുകളിലായി 86 ജല ഗുണനിലവാര ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. 48 ഘടകങ്ങൾ (പരാമീറ്ററുകൾ) പരിശോധന ചെയ്യുവാൻ സംവിധാനമുള്ള സംസ്ഥാന ലാബ് എറണാകുളത്ത് പ്രവർത്തിക്കുന്നു. എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബ് പ്രവർത്തിച്ചുവരുന്നു. ഈ ലാബുകളിൽ 19 പരാമീറ്ററുകൾ പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലകളിലുമായി 71 ഉപജില്ലാ ലാബുകളും സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഉപജില്ലാ ലാബുകളിൽ 12 പരാമീറ്ററുകൾ പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ നിലവിൽ 58 എണ്ണത്തിന് ദേശീയതലത്തിലുള്ള NABL അംഗീകാരം ലഭ്യമാണ്. ജനങ്ങൾക്ക് സുഗമമായി പരിശോധനകൾ നടത്തുവാനായി ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂജല വകുപ്പിനു കീഴിൽ 3 ജലഗുണനിലവാര ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ എല്ലാ പഞ്ചായത്തുകളിലും ജലഗുണനിലവാര പരിശോധന ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിക്കുവാനായി 5000-ത്തോളം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകുകയും എല്ലാ പഞ്ചായത്തുകളിലും ഇവരെ നിയോഗിച്ച ജലഗുണനിലവാര പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രാഥമിക ജലഗുണ നിലവാര പരിശോധനകൾക്കായുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലായി 319 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രാഥമിക ജല ഗുണനിലവാര പരിശോധനകൾക്കായുള്ള സംവിധാനങ്ങൾക്ക് വേണ്ടി 87 സ്കൂളുകളിലായി 510.22 ലക്ഷം രൂപ മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്ന പദ്ധതി എം.എൽ.എ/എം.പി ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. സംസ്ഥാനമൊട്ടാകെ വിവിധ സ്ഥലങ്ങളിൽ ജല ഗുണനിലവാര ലാബുകൾ പ്രവർത്തിച്ചുവരുന്നതുവഴി ജനങ്ങൾക്ക് ജലഗുണനിലവാര പരിശോധന ലളിതമായും വേഗത്തിലും ചെയ്യുവാൻ സാധിക്കും. സംസ്ഥാനമൊട്ടാകെ 2021 മുതൽ 2025 വരെ 1673286 ജല സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലഭ്യമായ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ വളരെ വേഗത്തിലും ലളിതമായും പ്രാദേശികമായി ജനങ്ങളിൽ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

പ്രാദേശിക തലത്തിൽ ജലഗുണനിലവാര പരിശോധന സൗകര്യം ലഭ്യമായതോടെ ജലഗുണനിലവാരത്തെക്കുറിച്ചും ജലശുചിത്വത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വർധിപ്പിക്കുവാൻ കഴിഞ്ഞു. ഹയർസെക്കൻഡറി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജലഗുണനിലവാര പരിശോധന സംവിധാനം ഒരുക്കിയതിലൂടെ വിദ്യാർഥികളിൽ ജലഗുണനിലവാരത്തിന്റെ പ്രസക്തിയും ജലസംരക്ഷണത്തിന്റെ ആവശ്യകതയും സംബന്ധിച്ചു കൂടുതൽ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞു. 5000-ത്തോളം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി ജലഗുണനിലവാര പരിശോധനകൾക്ക് നിയോഗിച്ചതിലൂടെ ലഭ്യമായ ജലത്തിന്റെ ഗുണനിലവാര വിവരങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താനായി. മാത്രമല്ല ഉത്തരവാദിത്തപൂർണ്ണമായി ജലം ഉപയോഗിക്കണമെന്ന സന്ദേശവും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുവാനായി കഴിഞ്ഞു.

384. കാർഷിക കലണ്ടർ അനുസരിച്ച് ജലസേചന പദ്ധതികളിലെ ജലവിതരണം കാര്യക്ഷമമാക്കും. കാഡയുടെ പ്രവർത്തനത്തെ സമഗ്രമായി പുനഃസംഘടിപ്പിക്കും. ബ്രാഞ്ച് കനാലുകൾ ഡിസ്ട്രിബ്യൂട്ടറീസ്, ഫീൽഡ്ബൂത്തുകൾ, തലക്കുളങ്ങൾ, മഴവെള്ള നിർഗമനതോടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് വലിയതോതിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിന് പ്രാദേശിക മാസ്റ്റർപ്ലാൻ ഉണ്ടാകും. ചെറുകിട ജലസേചനപദ്ധതികളും ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ്



പോലുള്ള ജലവിനിയോഗ ക്ഷമത കൂടിയ നവീന ജലസേചന പദ്ധതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെല്ലാം പുനരുദ്ധരിക്കുന്നതാണ്

കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട് എന്നി ജില്ലകളിലായി 666 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ വഴി 11300 ഹെക്ടറോളം വരുന്ന ജലസേചന സൗകര്യം കാര്യക്ഷമമാക്കുന്നതിനായി, കാർഷിക ആവശ്യങ്ങൾക്കനുസരിച്ച് സമയക്രമം പാലിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ജലവിതരണ കലണ്ടർ തയ്യാറാക്കിയാണ് ജലസേചനം നടത്തുന്നത്. കുട്ടനാട് പാക്കേജിനു കീഴിൽ വരുന്ന കാഡ ചാനലുകളുടെ നവീകരണം നടത്തി വരുന്നു. കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട് എന്നി ജില്ലകളിലായി പ്ലാൻ, നോൺ പ്ലാൻ പദ്ധതികളിലായി (AM, Monsoon ഉൾപ്പെടെ) 360 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 66 SDRF പദ്ധതികളിൽ 66 ഉം പൂർത്തീകരിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷൻ പദ്ധതികൾ വഴി 52.40 Mm3 ജലസംഭരണം സാധ്യമാകുന്നു. കാർഷിക ലക്ഷ്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി കുട്ടനാട്ടിലെ കൃഷി ഉപ്പുവെള്ളം കയറി കൃഷിനാശം ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി എല്ലാ വർഷവും നവംബർ മാസത്തിൽ തന്നെ അന്ധകാരനഴി, തണ്ണീർമുക്കം, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിലെ ഷട്ടറുകൾ താഴ്ത്തി അടച്ചിടുകയും കാർത്തികപ്പള്ളി താലൂക്കിലെ പുളിക്കീഴ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഓരുമുട്ടുകൾ സ്ഥാപിച്ച് ഉപ്പുവെള്ളം കയറാതെ കാർഷിക സംരക്ഷണം നടപ്പിലാക്കി വരുന്നു.

385. അന്തർസംസ്ഥാന നദീജല കരാറുകൾ കാലോചിതമായി പുനരവലോകനം ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾതുടരും. നദീ സംയോജന പദ്ധതിയിൽ പമ്പ, അച്ചൻകോവിൽ ആറുകളെ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരും. ജലമലിനീകരണം ഇല്ലാതാക്കി നദികളെ പുനരുദ്ധരിക്കും. പമ്പ, ചാലിയാർ ആക്ഷൻപ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. ഇതുപോലെ. ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദികൾക്കായി പുനരുജ്ജീവന പദ്ധതിതയ്യാറാക്കും.

അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യാനും കരാർ പുതുക്കുന്നതിനുമായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ വീതമുള്ള കമ്മിറ്റി രൂപീകരിച്ചു. ചർച്ചകൾ പുരോഗമിക്കുന്നു. പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകന ചെ

യ്യാനുള്ള ഉന്നതതല ചർച്ചകൾ പല ഘട്ടങ്ങളിലായി നടത്തിയിട്ടുണ്ട്. പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി- ദേശീയ ജലവികസന ഏജൻസി തയ്യാറാക്കിയ പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക്പദ്ധതി, പമ്പയിലേയും അച്ചൻകോവിലിലുമുള്ള അധികജലം തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് വഴിതിരിച്ചു വിടുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ദേശീയ ജലവികസന ഏജൻസി നദീസംയോജന പദ്ധതിക്കായി തയ്യാറാക്കിയ പെനിൻസുലാർ കമ്പോണെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ അച്ചങ്കോവിൽ വൈപ്പാർ ലിങ്ക് പദ്ധതിക്കെതിരെ, കേരളം ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്മതമില്ലാതെ പദ്ധതി നടപ്പിലാക്കില്ലെന്ന് നാഷണൽ വാട്ടർ ഡെവൽമെന്റ് ഏജൻസി ഉറപ്പുനൽകി.

മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരുകയാണ്. ഇക്കാര്യത്തിൽ തമിഴ്നാടുമായി സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല. 128 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ ആശങ്കയും, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണവും തമിഴ്നാടിന് ജലവും എന്നീ ഘടകങ്ങൾ മുൻനിർത്തി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന ആശയം പരിഗണിക്കണമെന്നതാണ് കേരളത്തിന്റെ നിലപാട്. പുതിയ ഡാമിന്റെ സ്ട്രച്ചറൽ ഡിസൈൻ പൂർത്തിയായി. ഡിപിആർ പുതുക്കൽ പുരോഗമിക്കുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്രവനം വകുപ്പിന്റെ അനുമതിയും അതോടൊപ്പം തമിഴ്നാടിന്റെ സമ്മതപത്രവും ആവശ്യമാണ്.

സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണം- ചാലിയാർ പുഴയിൽ നിന്നും റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി 2018- 19 കാലയളവ പ്രളയത്തിൽ അടിഞ്ഞുകൂടിയ 3,06,456 ക്യൂബിക് മീറ്റർ അളവ് പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്തു. നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള ഡാം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ എസ്.ഡി.എം.എ ക്ക് സമർപ്പിച്ചു. നദീതീരത സംരക്ഷണത്തിനായി ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണം നടപ്പിലാക്കി വരുന്നു.

മലിനീകരണം തടയുന്നതിനായി നദികൾ/തോടുകൾ എന്നിവയിൽ ഫെൻസിംഗ് പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മഴക്കാല മുന്നൊരുക്കങ്ങൾക്ക് മുന്നോടിയായി വെള്ളമൊഴുക്ക് സുഗമമാക്കുന്നതിന് വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. നദികളിലും തോടുകളിലും ജലമൊഴുക്ക് സുഗമമാക്കുന്നതിനും ജലമലിനീകരണം തടയുന്നതിനുമായി വിവിധ പദ്ധതികൾ വിഭാവനം ചെയ്യുകയും പ്രവൃത്തികൾ നടപ്പിലാക്കിയും വരുന്നു. പമ്പാ നദിയിൽ മാന്നാറിനും തകഴിക്കും ഇടയിലെ ജലമലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി പന്നായി പാലത്തിന്റെ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തി 50 % പൂർത്തിയായിട്ടുണ്ട്. മീനച്ചിലാർ, മണിമലയാർ, മൂവാറ്റുപുഴയാർ എന്നീ നദികളിൽ അടിഞ്ഞു കൂടിയിട്ടുള്ള അവശിഷ്ടങ്ങൾ വിവിധ പദ്ധതികൾ മുഖേന നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കി.

386. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തയാറാക്കിയിട്ടുള്ള നീർത്തട പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ മുൻഗണന ക്രമത്തിൽ ഏറ്റെടുത്ത് നടപ്പാക്കും. സംസ്ഥാനത്ത് ലഭ്യമായ ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തി സംരക്ഷിക്കുന്നതിനായി ഒരു തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഒന്ന് എന്ന നിലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ജല പരിശോധനാ ലാബുകൾ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. സംസ്ഥാനത്തെ എല്ലാ കിണറുകളിലെയും ജല ഗുണപരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ശുദ്ധീകരണ പ്രവർത്തനം നടത്തി ഉപയോഗം ഉറപ്പാക്കും.

സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസ്സുകളുടെയും ജലഗുണനിലവാരം ഉയർത്തുന്നതിനായി ജലസ്രോതസുകളിലെ മാലിന്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചു. 'തെളിനീരൊഴുകും നവകേരളം' എന്ന ക്യാമ്പയിന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളിൽ നിന്നായി ജലസാമ്പിളു

കൾ ശേഖരിച്ചു പരിശോധന നടത്തി. ജി.ഐ.എസ് അടിസ്ഥാനമാക്കി പദ്ധതികളെ നീർത്ത ടാധി ഷ്ഠിതമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ പ്രാകാരമുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിവരുന്നു.

## മൃഗപരിപാലനം

387. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് അയൽസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവിൽ ഗണ്യമായ കുറവുണ്ടായി. കേരളം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചു കൊണ്ടിരിക്കുന്നതിനാൽ പാൽപ്പൊടി നിർമ്മാണം ഉൾപ്പെടെ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി ഒരുക്കുന്നതാണ്. ഇതിനായി 'ഓപ്പറേഷൻ ഫ്ളഡ് കേരള' എന്ന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി പാലിന്റെ ഉൽപ്പാദനക്ഷമത 10.2 ലിറ്ററിൽ നിന്നും 14 ലിറ്ററായി ഉയർത്തും. 5,060 മൃഗങ്ങളുള്ള ആധുനിക ഡയറി ഫാമുകളെ പ്രോത്സാഹിപ്പിക്കും. ഇതിനുള്ള ഭരണപരമായ തടസ്സങ്ങൾ നീക്കും. പാല് സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുമുള്ള സൗകര്യങ്ങൾ വിപുലീകരിക്കും. കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കും.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പുന:സംഘടിപ്പിച്ച് പശുകുട്ടിയുടെ ജനനം മുതൽ പരിപാലിക്കുകയും വളർച്ചായ്ക്ക് ആനുപാതികമായിട്ടുള്ള ഇൻസെന്റീവ് നൽകുന്നതിനു മുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. അതിനൂതന സാങ്കേതിക വിദ്യയായ സെക്സ്സോർ ട്ടഡ് സെമെൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജദാന പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കി. വ്യാവസായിക അടിസ്ഥാനത്തിൽ ഡയറിഫാം നടത്തുന്ന ക്ഷീരകർഷകർക്കായി മിൽക്ക്ഷെഡ് വികസന പദ്ധതിയിലുൾപ്പെടുത്തി 5 ലക്ഷം രൂപവരെ ധനസഹായം നൽകിവരുന്നു. ആധുനിക ഡെയറി ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യൂണിവേഴ്സിറ്റി ഫാമുകളെ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റി. തീറ്റപ്പുൽകൃഷി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, പാൽഗുണ നിയന്ത്രണ ബോധവൽക്കരണ പദ്ധതികൾ, ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണവും അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കുന്ന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, ക്ഷീര സംഘങ്ങളുടെ മൂലധനവർദ്ധന പദ്ധതികൾ എന്നിങ്ങനെയുള്ള പ്രധാന പദ്ധതികൾ പാൽ ഉൽപ്പാദന വർദ്ധനവിനായി ക്ഷീര വികസനവകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നു.

പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ല യിലെ മൂർക്കാനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിച്ചു. റീപൊസിഷനിംഗ് മിൽമ 2023 കർമ്മ പദ്ധതിയുടെ ഭാഗമായി മറ്റു ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ വിപണി യിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായ ഡാർക്ക് ചോക്ലേറ്റുകൾ, ബട്ടർബിസ്കറ്റ്, ബട്ടർഡ്രോപ്പ്സ്, ഇൻസ്റ്റന്റ് പുളിശേരിമിക്സ് പോലുള്ള ഒട്ടന വധി നൂതന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മിൽമ വിപണിയിൽ എത്തിച്ചു. അമുലിനുശേഷം ഡാർക്ക് ചോക്ലേറ്റ് അവതരിപ്പിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ സഹകരണ സ്ഥാപനമാണ് മിൽമ. കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിൽ നിന്നായി പ്രതിദിനം 1,750 എം.റ്റി. ഗു ണമേന്മയുള്ള കാലിത്തീറ്റ ഉൽപാദിപ്പിക്കാനുള്ള ശേഷിയുണ്ട്. സംസ്ഥാനത്തിന്റെ എല്ലാ യിടങ്ങളിലും ആവശ്യാനുസരണം ഗുണമേന്മയുള്ള കാലിതീറ്റ വിതരണം ചെയ്യാൻ കേരള ഫീഡ്സിന് സാധിക്കുന്നുണ്ട്. പാലിന്റെ ഉൽപ്പാദനക്ഷമത 10.2 ലിറ്ററിൽ നിന്നും 10.77 ലിറ്ററായി ഉയർന്നു. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഫാം ലൈസൻസ് ചട്ടങ്ങൾ പരിഷ്കരിച്ചു.

388. കന്നുകാലി – കോഴി വളർത്തൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കും. ഇതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളെ ഡയറി സ്റ്റാർട്ട് അപ്പ് ഗ്രാമങ്ങളായി രൂപാന്തരപ്പെടുത്തും. കൃഷി, മൃഗപരിപാലനം, മത്സ്യം, സംയോജിത കൃഷിയിൽ നിന്ന് 'സേഫ് ടു ഈറ്റ്' ഉൽപ്പന്നങ്ങളിലേക്ക് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

യുവ കർഷകരായ സംരംഭകരെ ആകർഷിക്കുന്നതിന് സ്മാർട്ട് ഡയറി യൂണിറ്റ് ആരംഭിച്ചു.

50 കിടാരികൾ അടങ്ങുന്ന 16 യൂണിറ്റ് കിടാരി പാർക്കുകൾ സ്ഥാപിച്ചു. 136 ക്ഷീരഗ്രാമങ്ങൾ ആരംഭിച്ചു. കോഴി വളർത്തൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കെപ്കോ വിവിധ പദ്ധതികൾ ആരംഭിച്ചു.

389. മിൽമയുടെ പ്രവർത്തനങ്ങളെ യഥാർത്ഥ ആനന്ദ് മാതൃകയിൽ ശക്തിപ്പെടുത്തും. ക്ഷീരക്ഷേമസംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകും. മിച്ചപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് മലബാറിൽ ഒരു ഫാക്ടറി സ്ഥാപിക്കുന്നതാണ്.

മിൽമയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സഹകരണ നിയമത്തിൽ ഭേദഗതികൾ വരുത്തി. പശുവും തൊഴുത്തും സ്വന്തമായിയുള്ള കർഷകർ സംഘങ്ങളുടെ ഭരണ സമിതിയിൽ വരുന്നുവെന്ന് ഉറപ്പുവരുത്തി. ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. മലപ്പുറം ജില്ലയിലെ മൂർക്കാനാട് 131.3 കോടി രൂപ ചിലവിൽ 10 ടൺ ശേഷിയുള്ള  പാൽപ്പൊടി നിർമ്മാണ ഫാക്ടറി ആരംഭിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംഘങ്ങളുടെ സമുദ്ധരണത്തിനായി ഉണർവ്വ് ക്ഷീരസംഘം ശാക്തീകരണ പദ്ധതി നടപ്പിലാക്കി.

390. രാത്രികാലത്തടക്കം കൃഷിക്കാർക്ക് വെറ്ററിനറി സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ആംബുലൻസ് വാഹനസൗകര്യമടക്കമുള്ള കേന്ദ്രങ്ങൾ ബ്ലോക്കുകളിൽ സ്ഥാപിക്കും. മൃഗചികിത്സയും ക്ഷീരകർഷകർക്കുള്ള സേവനങ്ങളും വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

എല്ലാ ബ്ലോക്കുകളിലും കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര നഗരസഭയിലും രാത്രികാല അടിയന്തര മൃഗ ചികിത്സ സംവിധാനം ലഭ്യമാക്കിവരുന്നു. 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചു. 31 ഇടങ്ങളിൽ വിളക്കണയാത്ത മൃഗാശുപത്രികൾ പ്രവർത്തിച്ചുവരുന്നു. കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ടെലി വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.  63 കേന്ദ്രങ്ങളിൽ മിൽമയുടെ കേന്ദ്രീകൃത മൃഗ ചികിത്സ സംവിധാനം പ്രവർത്തിക്കുന്നു. ടെലി മെഡിസിൻ, മെഡിക്കൽ ക്യാമ്പുകൾ മുതലായ വെറ്ററിനറി സേവനങ്ങൾ ഈ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

391. കന്നുകുട്ടി പരിപാലനത്തിനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ രണ്ട് സ്കീമുകളാണുള്ളത്. രണ്ടരലക്ഷത്തോളം കന്നുകുട്ടികളെ ഈ പദ്ധതികളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ സ്കീമുകൾ വിപുലപ്പെടുത്തും. കുടുംബശ്രീ പശു, ആട് ഗ്രാമം പദ്ധതികൾ ശക്തിപ്പെടുത്തും. എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ സ്ഥാപിക്കും.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഗോവർദ്ധിനി എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കന്നുകുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ അഹെൽ കർമസേന രൂപീകരിച്ച് കന്നുകുട്ടുകളുടെ വളർച്ച പരിശോധിച്ച് മരുന്നുകളും ധാതുലവണങ്ങളും വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കൽ പുരോഗമിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ 43 ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 16 കിടാരി പാർക്കുകൾ ആരംഭിച്ചു. കുടുംബശ്രീ മുഖാന്തിരം ആട്ഗ്രാമം പദ്ധതി വഴി 8,920 യൂണിറ്റുകൾ ആരംഭിച്ചു. ക്ഷീരസാഗരം പദ്ധതി വഴി 9,997 യൂണിറ്റുകൾ ആരംഭിച്ചു.

ആടുഗ്രാമം, ക്ഷീരസാഗരം എന്നീ പദ്ധതികൾ കുടുംബശ്രീ 2023-2024 സാമ്പത്തിക വർഷം വരെ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ആടുവളർത്തൽ സഹായ സംരംഭമായ ആടുഗ്രാമം പദ്ധതി വഴി വളർത്തൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഓരോ യൂണിറ്റിനും 50,000 രൂപ മൂലധന സബ്സിഡി നൽകി. ക്ഷീരസാഗരം പദ്ധതി വഴി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് 2018 ലക്ഷം രൂപ മൂലധന സബ്സിഡി നൽകി. കന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കന്നുകുട്ടിയുടെ വളർച്ചയ്ക്ക് ആനുപാതികമായി തീറ്റ നൽകുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ



സഹായത്തോടെ ഇൻസെന്റീവ് ലഭ്യമാക്കാൻ പ്രത്യേക സോഫ്റ്റ്വെയർ തയ്യാറാക്കി.

392. ചെറുകിട യൂണിറ്റുകളിൽ പാൽ കറക്കുന്നതിനുള്ള ലഘുകറവ യന്ത്രങ്ങൾ വ്യാപകമാക്കും. ഈ യന്ത്രങ്ങൾ കുറ്റമറ്റതാക്കും. ക്ഷീരസംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കും.

700 കറവയന്ത്രങ്ങൾ ക്ഷീരകർഷകർക്ക് ലഭ്യമാക്കി. കറവയന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി തുടർന്നുവരുന്നു. വെറ്റിനററി സർവ്വകലാശാല ചെലവ് കുറഞ്ഞ കറവയന്ത്രം വികസിപ്പിച്ച് പേറ്റന്റ് നേടി. ഈ യന്ത്രം നികുതിയുൾപ്പെടെ 20,000 രൂപയ്ക്ക് വിതരണം ചെയ്തുവരുന്നു.

393. കേരളത്തിലെ കാലിത്തീറ്റ ഉൽപ്പാദന ശേഷി ഇരട്ടിയായി ഉയർത്തും. ഇതു മാത്രമാണ് ന്യായവിലയ്ക്ക് കൃഷിക്കാർക്ക് കാലിത്തീറ്റ ലഭ്യമാക്കാനുള്ള മാർഗ്ഗം. കാലിത്തീറ്റ സബ്സിഡി ഉയർത്തും. തീറ്റപ്പുല്ല് കൃഷി തൊഴിലുറപ്പ് ഉപയോഗിച്ച് വിപുലപ്പെടുത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8.5 കോടി രൂപ തീറ്റപ്പുൽ കൃഷി വികസന പദ്ധതിക്ക് അനുവദിച്ചു. 10,238 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചു. കേരള ഫീഡ്സിന്റെ പ്രതിദിന ഉൽപ്പാദനശേഷി 1,750 മെട്രിക് ടണ്ണായി ഉയർത്തി. കുടുംബശ്രീയുമായി സഹകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപനം പദ്ധതി നടപ്പിലാക്കിവരുന്നു.

394. കേരളീയരുടെ ഭക്ഷണത്തിൽ ഇറച്ചിക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇറച്ചിയുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയ്ക്ക് ഒരു മീറ്റ് സെക്ടർ സ്ട്രാറ്റജിക് പ്ലാൻ' ഉണ്ടാക്കും. കന്നുകാലി, പന്നി, കോഴി, താറാവ് തുടങ്ങി ഓരോ ഇനങ്ങൾക്കും പ്രത്യേക പ്രവർത്തന പരിപാടിയുണ്ടാവും.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിൽ കൊല്ലം ജില്ലയിലെ ഏരൂരിൽ ശാസ്ത്രീയ ഹൈടെക്ക് അറവ്ശാല പ്രവർത്തനം ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ പോത്തുകുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇടയാറിൽ ബീഫ് ഉൽപന്ന സംസ്കരണത്തിന് ബൊവൈൻ പ്ലാന്റും പോർക്ക് സംസ്കരണത്തിന് സൈ്വൻ പാന്റും സ്ഥാപിച്ചു. 2,500 കോഴികളെ സംസ്കരിക്കാവുന്ന കോഴിയിറച്ചി സംസ്കരണശാലയും ഇവിടെ പ്രവർത്തിക്കുന്നു. താറാവ്, മുയൽ, ആട് ഇറച്ചി സംസ്കരണശാലയിൽ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിലെ കോട്ടുകല്ലിൽ ശാസ്ത്രീയ സംയോജിത ഇറച്ചി സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി ആരംഭിച്ചു. മീറ്റ് സെക്ടർ സ്ട്രാറ്റജിക്ക് പ്ലാൻ രൂപീകരിച്ചു.

395. ആധുനിക അറവുശാലകൾക്ക് കിഫ്-ബി വഴി ധനസഹായം നൽകുന്നുണ്ട്. എല്ലാ നഗരവൽകൃത തദ്ദേശസ്ഥാപനങ്ങളിലും സമയബന്ധിതായി ഇവ സ്ഥാപിക്കുമെന്ന് ഉറപ്പുവരുത്തും.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 നഗരസഭ / കോർപ്പറേഷനുകളിൽ കിഫ്ബി മുഖാന്തിരം ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് 184 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണ ഏജൻസിയായ ഇമ്പാക്ട് കിഫ്ബിയിൽ സമർപ്പിച്ച ഡിപിആർ പരിശോധിച്ച് സംസ്ഥാനത്തെ 7 ആധുനിക അറവുശാലകളുടെ നിർമ്മാണത്തിന് 82.5 കോടി രൂപ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ട, കൊല്ലം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

396. കോഴിവളർത്തൽ മേഖലയിൽ അന്യസംസ്ഥാന ഹാച്ചറി ഉടമസ്ഥന്മാരുടെ നീരാളിപ്പിടുത്തം കുറയ്ക്കുന്നതിനു കേരളത്തിൽ കൂടുതൽ ഹാച്ചറികൾ ആരംഭിക്കും. രണ്ട് ബ്രീഡർ ഫാമുകൾ സ്ഥാപിക്കും. വികേന്ദ്രീകൃതമായ ചെറുകിട കോഴി വളർത്തൽ കേന്ദ്രങ്ങളോടൊപ്പം വൻകിട വാണിജ്യ അടിസ്ഥാനത്തിലുള്ള ബ്രോയിലർ ഫാമുകളും സ്ഥാപിക്കും.

കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഫാം, ഹാച്ചറി എന്നിവയ്ക്ക് പുതിയ മന്ദിരങ്ങൾ നിർമ്മിച്ചു. 1.5 ലക്ഷത്തോളം ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. പ്രതിമാസം ഏകദേശം ഒന്നര ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ കോട്ടുക്കൽ ആധുനിക രീതിയിലുള്ള പൗൾട്രി കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

397. കേരള ചിക്കൻ ബ്രാൻഡിലുള്ള ഗുണമേന്മയേറിയ ഇറച്ചിയുടെ ചില്ലറ വിൽപ്പന ശൃംഖല പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെയും കുടുംബശ്രീയുടെയും ബ്രഹ്മഗിരി സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്. 1,000 ഔട്ട്ലറ്റുകൾ സ്ഥാപിക്കും. ഇതിനായി പ്രത്യേക കോൾഡ് ചെയിൻ ശൃംഖല സൃഷ്ടിക്കും.

കേരള ചിക്കൻ പദ്ധതിയിൽ 203 ബ്രോയിലർ റിയറിംഗ് ഫാമുകൾ സ്ഥാപിച്ചു. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 137 ഔട്ട്ലെറ്റുകൾ ആരംഭിച്ചു. കുടുംബശ്രീയുടെ 139 കേരള ചിക്കൻ ഔട്ട്ലെറ്റുകൾ, 65 കെപ്കോ ചിക്കൻ ഔട്ട്ലെറ്റുകൾ, 192 മീറ്റ് പ്രോഡക്റ്റ് ഓഫ് ഇന്ത്യ ഔട്ട്ലെറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയുടെ ചിൽഡ്, ഫ്രഷ് ഇറച്ചി ഉൽപ്പാദനം നടത്തി വിപണിയിൽ എത്തിച്ചു. എം.പി.ഐ മീറ്റ്സ് ആന്റ് ബൈറ്റ്സ് ബ്രാന്റിൽ വിപണനം തുടങ്ങി. 30 ഫ്രാൻചൈസി ഔറ്റ്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 65 വിപണന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മറ്റ് ജില്ലകളിൽ വിപണന ഏജൻസികൾ ആരംഭിക്കന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

398. മുട്ടയുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കും. മുട്ട ഉൽപ്പാദനം പ്രതിദിനം 75 ലക്ഷമായി ഉയർത്തും.

കെപ്കോയുടെ വിവിധ പദ്ധതികളായ കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, 100 കോഴിയും കൂടും പദ്ധതി, കുഞ്ഞ്കൈകളിൽ കോഴികുഞ്ഞ് പദ്ധതി മുതലായവയിലൂടെ മുട്ടയുൽപാദനം ഗണ്യമായി വർധിപ്പിച്ചു. ഉൽപ്പാദനശേഷി കൂടിയ ബി.വി 380 ഇനം മുട്ടക്കോ

ഴി കുഞ്ഞുങ്ങളുടെയും ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങളുടെയും ഉൽപ്പാദനവും വിപണനവും കെപ്കോ മുഖാന്തിരം നടപ്പിലാക്കിവരുന്നു.

399. താറാവ് കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കുട്ടനാട് താറാവ് ഗവേഷണ കേന്ദ്രം സ്ഥാപിക്കും. എല്ലാ താറാവുകളുടെയും വാക്സിനേഷൻ ഉറപ്പുവരുത്തും. സർവ്വയലൻസ് സമ്പ്രദായം ശക്തിപ്പെടുത്തും. ഇൻഷ്വറൻസ് നിർബന്ധമാക്കും.

താറാവ് വസന്തക്കെതിരെ എല്ലാവർഷവും പ്രതിരോധ കുത്തിവെപ്പ് നൽകിവരുന്നു. രോഗ നിർണയം നടത്തുന്നതിന് ലബോറട്ടറി ശൃംഖലവഴിയുള്ള സർവയലൻസ് ശക്തിപ്പെടുത്തി. പക്ഷിപ്പനി മൂലം സംഭവിച്ച നഷ്ടങ്ങൾക്ക് 2023-24ൽ 3.44 കോടി രൂപയും 2024-25ൽ 3.06 കോടി രൂപയും വിതരണം ചെയ്തു.

400. പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കും. ഇതിനായി പ്രൊഡ്യൂസർ കമ്പനികളെ പ്രോത്സാഹിപ്പിക്കും.

പാലിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഫ്ളേവറുകളിൽ പേഡകൾ, ഐസ്ക്രീമുകൾ, ഫ്ളേവേർഡ്മിൽക്ക്, യോഗർട്ട്, ചോക്കോബാർ, മിൽക്ക്ലോലി, സംഭാരം, ലെസി, ചോക്ലേറ്റുകൾ, മറ്റു ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ മിൽമ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. മിൽമയുടെ പുതിയ പ്രീമിയം ചോക്ലേറ്റുകളായ മൂന്നുതരം ഡാർക്ക്ചോക്ലേറ്റുകൾ, ഡെലിസ മിൽക്ക് ചോക്ലേറ്റ്, മിൽമ ചോക്കോഫുൾ, ഒസ്മാനിയ ബട്ടർ ബിസ്ക്കറ്റ്, ബട്ടർഡ്രോപ്പ്സ് എന്നിവ 2023 നവംബർ മുതൽ വിപണിയിൽ ലഭ്യമാക്കി. ഇൻസ്റ്റന്റ് പുളിശേരി മിക്സ് ആണ് ഏറ്റവും ഒടുവിൽ വിപണിയിൽ എത്തിച്ച മിൽമ ഉൽപ്പന്നം.

401. വാക്സിനുകൾ, വിര മരുന്നുകൾ, രോഗനിർണയ കിറ്റുകൾ തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കും.

തിരുവനന്തപുരം പാലോട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കലിൽ നിന്നും ഇന്ത്യൻ വെറ്റിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ പന്നിപ്പനിക്ക് എതിരായ സെൽകൾച്ചർ വാക്സിൻ നിർമ്മാണം ആരംഭിച്ചു. 5 ബാക്റ്റീരിയൽ വാക്സിനുകളും 7 വൈറൽ വാക്സിനുകളും സ്ക്രീനിംഗ് ടെസ്റ്റുകൾക്കുള്ള റീഏജന്റും ഇവിടെ ഉൽപ്പാദിപ്പിച്ചുവരുന്നു. മൃഗങ്ങൾക്കായുള്ള ആയുർവേദമരുന്നുകൾ മിൽമ നിർമ്മിച്ചുവരുന്നു. അകിടുവീക്കം പോലുള്ള രോഗങ്ങൾക്ക് ചില വേറിയ ആന്റിബയോട്ടിക് ചികിത്സക്കുപകരം രോഗം നേരത്തെ തിരിച്ചറിഞ്ഞ് ആയൂർവേദ മരുന്ന് നൽകിയാൽ ചുരുങ്ങിയ ചെലവിൽ ചികിത്സ ഉറപ്പാക്കാനും രോഗം ഭേദമാക്കാനും സാധിക്കും. പശുക്കളിലെ അകിടുവീക്കം, ദഹനക്കേട്, അസിഡിറ്റി, വയറുപെരുപ്പം, പനി, വയറിളക്കം തുടങ്ങിയ രോഗങ്ങൾക്കുള്ള 8 ഔഷധങ്ങളാണ് മിൽമ പ്രചരിപ്പിക്കുന്നത്.

402. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ അടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പാക്കും. ഇതിനു കൂടുതൽ ലാബുകൾ സ്ഥാപിക്കും.

അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിൽ മൂന്ന് ഷിഫ്റ്റുകളായി സ്ഥിരം പാൽ പരിശോധനാ സംവിധാനം മുഴുവൻ സമയവും പ്രവർത്തിക്കുന്നു. ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ, മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ, 3 റീജീയണൽ ലാബുകൾ എന്നിവിടങ്ങളിൽ പരിശോധന സംവിധാനമുണ്ട്. മിൽമക്ക് സ്വന്തമായി എൻഎബിഎൽ അക്രിഡിറ്റേഷനുള്ള ലാബ് എറണാകുളത്ത് സ്ഥാപിച്ചു.

403. ക്ഷീര സാന്ത്വനം, ഗോ സമൃദ്ധി എന്നീ കന്നുകാലി ഇൻഷ്വറൻസ് സ്കീമുകൾ വിപുലപ്പെടുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്ക്കമായതിന്റെയും ഫലമായി കടക്കെണിയിലാവുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കും.

ഗോസമൃദ്ധി സമഗ്രകന്നുകാലി ഇൻഷ്വറൻസ് പദ്ധതി വഴി 24,350 പശുക്കൾക്കും നാഷണൽ ലൈഫ് സ്റ്റോക്ക് മിഷൻ വഴി 16,215 പശുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകി. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിയ ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ 18,000 കർഷകർ പങ്കാളികളായി. രോഗം ബാധിച്ച് മരണമടഞ്ഞ ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാതെ വന്നാൽ 15,000 രൂപ വരെ ധനസഹായം ലഭിക്കുന്ന അത്യാഹിത ധനസഹായ പദ്ധതി നടപ്പിലാക്കി.

404. സങ്കരയിനങ്ങളുടെ വ്യാപനംമൂലം തനത് കന്നുകാലി ജനുസ്സുകൾക്ക് വംശനാശം വന്നുകൊണ്ടിരിക്കുകയാണ്. സങ്കരനയം തുടരുന്നതോടൊപ്പം തന്നെ തനതു കന്നുകാലി ജനസ്സുകളെ സംരക്ഷിക്കും. എല്ലാ കന്നുകാലികൾക്കും ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കും.

കാസർഗോഡ് കുളളൻ, വെച്ചൂർ തുടങ്ങിയ തദ്ദേശീയ കന്നുകാലി ജനസ്സുകളെ സംരക്ഷിക്കുന്നതിനു പദ്ധതി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളും ഡിജിറ്റലായി സംയോജിപ്പിക്കാൻ ഇ-സമൃദ്ധ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി.

405. ഓമനപക്ഷി വളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, തുടങ്ങിയവ പ്രോത്സാഹിപ്പിക്കും. ഇവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണിക്ക് ഓൺലൈൻ വിപണന സൈറ്റുകൾ ആരംഭിക്കും.

വ്യാവസായിക അടിസ്ഥാനത്തിൽ ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും ബ്രീഡിങ്ങും പെറ്റ്ഷോപ്പുകളുടെ ലൈസൻസിങ്ങും ഏകീകരിക്കുന്നതിന് സംസ്ഥാന മൃഗക്ഷേമ ബോർഡിന്റെ വെബ്സൈറ്റും വെബ് പോർട്ടലും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പെറ്റ്ഷോപ്പ് നിയമങ്ങൾ സംബന്ധിച്ച കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്തു. കൊല്ലം ജില്ലയിലെ കുര്യോട്ട്മല ഹൈടെക്ക് ഡയറി ഫാമിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഫാം ടൂറിസം ആരംഭിച്ചു.

406. സ്കൂൾ പൗൾട്രി ക്ലബ്ബ് വിപുലപ്പെടുത്തും. കോഴി ഗ്രാമം പദ്ധതി വിപുലപ്പെടുത്തും.

സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി കെപ്കോ നടപ്പിലാക്കിവരുന്നു. കോഴി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെപ്കോ വനിതാമിത്രം, കെപ്കോ ആശ്രയ, ബ്ലോക്ക് തല 'കൂടും കോഴിയും' പദ്ധതി, 'കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ്' എന്നീ പദ്ധതികൾ ആവിഷ്കരിച്ചു.

407. കന്നുകാലി, പക്ഷി സമ്പത്തിനു പകർച്ചവ്യാധികളിൽ നിന്നും സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബയോ സെക്യൂരിറ്റി ചട്ടക്കൂടിനു രൂപം നൽകും.

ബയോ സെക്യൂരിറ്റി ചട്ടക്കൂടിന് രൂപം നൽകാൻ സാങ്കേതിക വിദഗ്ധർ ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിച്ചു. കന്നുകാലി പക്ഷി സമ്പത്തിനെ പകർച്ച വ്യാധികളിൽ നിന്ന് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് വഴി രോഗപ്രതിരോധ വാക്സിനേഷൻ ക്യാമ്പയിനുകൾ നടത്തിവരുന്നു.

408. തെരുവ് നായ്ക്കളുടെ സംരക്ഷണം ഉറപ്പുവരുത്തി, ഇവയുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

19 എബിസി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 15 എബിസി സെന്ററുകൾ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. 67,035 തെരുവ് നായ്ക്കൾക്ക് വാക്സിനേഷൻ നടത്തി. നാഷണൽ ഡയറി ഡെവലപ്പമെന്റ് ബോർഡിന്റെയും ഇന്ത്യൻ ഇമ്മ്യൂണോളജി ക്കൽസിന്റെയും മൃഗ സംരക്ഷണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ തെരുവ് നായ്കൾക്ക് പേവിഷപ്രതിരോധ കുത്തിവയ്പ് നൽകുന്നതിനുള്ള റാബീസ് ഫ്രീ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോട്ടയം പദ്ധതികൾ ആവിഷ്കരിച്ചു.

# V

# പൊതുസേവനങ്ങൾ ലോകോത്തരമാക്കും

409. കേരളത്തിന്റെ പെരുമ പൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യ സംവിധാനവുമാണ്. എന്നാൽ ഇവയുടെ ഗുണനിലവാരം പ്രതീക്ഷകൾക്ക് അനുസരിച്ച് ഉയരാത്തത് വലിയ പ്രതിസന്ധി സൃഷ്ടിച്ചു. കഴിഞ്ഞ അഞ്ചു വർഷത്തെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്, ഈ സേവനങ്ങളെ വീണ്ടും ആധുനിക കാലത്തിന് അനുയോജ്യമായ തരത്തിൽ മികവുറ്റതാക്കി എന്നുള്ളതാണ്. ഇനി അവയെ ലോകോത്തരമാക്കും.

വിദ്യാഭ്യാസ രംഗത്ത് യൂറോപ്പിൽ മികവ് പുലർത്തുന്ന ഫിൻലാന്റ് പോലുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തി ഗുണവശങ്ങൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. ഫിൻലാന്റിൽ നിന്നും കേരളത്തിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി 6 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ധാരണപത്രത്തിന്റെ കരട് തയ്യാറാക്കി.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളിൽ ഉണ്ടായ വർദ്ധനവും അക്കാദമിക് രംഗത്തുണ്ടായ മേന്മയും സ്കൂളുകളിൽ 2023-24 അദ്ധ്യയന വർഷത്തിലെ സ്കൂൾ പ്രവേശനത്തിൽ പ്രതിഫലിച്ചു. ഒന്നാം ക്ലാസ്സിൽ 2,98,067 കുട്ടികളെയും 2 മുതൽ 10 വരെ ക്ലാസ്സുകളിൽ 42,881 കുട്ടികളെയും അധികമായി എത്തിക്കാൻ കഴിഞ്ഞു. 2022-23 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ 3,03,168 കുട്ടികളെയും 2 മുതൽ 10 വരെ ക്ലാസ്സുകളിൽ 1,19,970 കുട്ടികളും അധികമായി സ്കൂൾ പ്രവേശനം നേടി. ഫസ്റ്റ് ബെൽ & ഫസ്റ്റ് ബെൽ 2.0 ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചത് കുട്ടികൾ ഇപ്പോഴും പ്രയോജനപ്പെടുത്തുന്നു. പരീക്ഷാ കാലങ്ങളിൽ റിവിഷൻ കാര്യക്ഷമമായി നടത്താൻ ഈ സംവിധാനം ഉപകരിച്ചു. 150 ലധികം വിഷയങ്ങൾക്ക് ഓൺലൈൻ സംപ്രേഷണം നടത്തി.

## സ്കൂൾ വിദ്യാഭ്യാസം

410. പൊതുവിദ്യാലയങ്ങളിൽ വന്ന ഗുണപരമായ മാറ്റത്തെ കേരളത്തിലെ രക്ഷിതാക്കൾ അംഗീകരിക്കുന്നു എന്നുള്ളതിന് തെളിവാണ് പൊതു വിദ്യാലയങ്ങളിലേയ്ക്ക് 6.8 ലക്ഷം കുട്ടികൾ പുതിയതായി കടന്നുവന്നത്. ഈ പ്രവണത ശക്തിപ്പെടുത്തും. ഇതിനായി വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൗതികസാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് മുൻ ഗവൺമെന്റ് പിന്തുടർന്ന മാതൃക നിലനിർത്തുന്നതോടൊപ്പം അക്കാദമിക മികവിന് പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മലയോര പിന്നാക്ക മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠന വിടവ് പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകി. കാഴ്ചപരിമിതരായ അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായനാ പ്രതിസന്ധിക്ക് പരിഹാരമായി ശ്രുതി പാഠം എന്ന ഓഡിയോ ലൈബ്രറി പൂർത്തിയാക്കി. ഹയർ സെക്കൻഡറിലേതുൾപ്പെടെ എല്ലാപാഠപുസ്തകങ്ങളിലും ക്യു.ആർ. കോഡ് നൽകി. പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്തി. ഹയർ സെക്കൻഡറിയിൽ ക്ലസ്റ്റർ പരിശീലനങ്ങൾ പുനരാരംഭിച്ചു. എല്ലാ മേഖലയിലെയും അധ്യാപക പരിശീലനങ്ങൾ കാര്യക്ഷമമാക്കി. ഹയർ സെക്കണ്ടറിയിലേതുപോലെ റസിഡൻഷ്യൽ പരിശീലനങ്ങൾ മറ്റു വിഭാഗങ്ങൾക്കും ആരംഭിച്ചു. എം.ആർ.എസി.ലെ വിദ്യാർത്ഥികൾക്കായി ടെക്ടാലന്റ് പദ്ധതി നടപ്പിലാക്കി.

411. 100 ലക്ഷം ചതുരശ്രയടി സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിയും. സ്കൂൾ വിദ്യാഭ്യാസ ഡിജിറ്റലൈസേഷന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജന പ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് 518 സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ഹൈടെക്വൽക്കരണത്തിന്റെ ഭാഗമായി 1,09,823 ലാപ്‌ടോപ്പുകൾ വിതരണം ചെയ്തു. ഇവയിൽ 45,710 ഡിജിറ്റൽ ഉപകരണങ്ങൾ മലയോര പിന്നാക്ക മേഖലകളിലാണ് വിതരണം ചെയ്തത്.

412. പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണിച്ചറിനുവേണ്ടിയുള്ള ഒരു സ്കീമിന് രൂപം നൽകും. പഴയ ഫർണിച്ചറുകൾ പുതുക്കി പുനരുപയോഗിക്കും. മുഴുവൻ സ്കൂളുകളിലും സൗരോർജ പാനലുകൾ സ്ഥാപിക്കും. ലാബുകൾ നവീകരിക്കും.

41 നവീകരിച്ച ലാബുകൾ ഉദ്ഘാടനം ചെയ്തു. 60 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആധുനികമായ സയൻസ് ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

413. സ്ഥലസൗകര്യം ഒട്ടുമില്ലാത്ത സ്കൂളുകളുടെ സ്ഥലവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സ്കീമുണ്ടാകും. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തും.

നിലവിലുള്ള കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

414. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകു ന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

ഐറ്റി അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അധ്യാപക പരിശീലനം, ജില്ലാ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രം പോലെ പ്രത്യേക വിഷയങ്ങൾ ക്കുള്ള പരിപാടികൾ, പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടിയുള്ള ശ്രദ്ധ പോലുള്ള പരിപാടികൾ, ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, തേൻകൂട് പോലുള്ള ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സ്കീമുകൾ, അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, സെൽഫ് റിഫ്ളക്ഷൻ കിയോസ്കുകൾ, തിങ്ക് ആന്റ് ലേൺ പ്രോജക്റ്റ്, വിവിധതരം സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനുള്ള കെഡാറ്റ് ഓൺലൈൻ അഭിരുചി പരീക്ഷ, കലാകായിക വികസനത്തിനായുള്ള പരിപാടി.

അധ്യാപകർക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടി നടത്തി. ഇതിലൂടെ 31,000 ഹയർ സെക്കണ്ടറി അധ്യാപകർക്കും 60,000 ഹൈസ്കൂൾ അധ്യാപകർക്കും പരിശീലനം ലഭിച്ചു. കമ്പ്യൂട്ടർ ഹാർഡ് വെയർ, കാര്യക്ഷമത പരിപോഷണം, വിഭവ നിർമ്മാണം, സഹായ സംവിധാനം എന്നീ പ്രധാന മേഖലകളിൽ അധ്യാപകർക്ക് പരിശീലനം നൽകി. സാങ്കേതിക മികവ് പുലർത്തുന്ന അധ്യാപകരെ ഐ.റ്റി. പഠനത്തിന് സജ്ജരാക്കുന്നുണ്ട്. സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന അധ്യാപകർക്ക് ഐ.റ്റി.



പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. ഐ.സി.റ്റി. സാധ്യതകൾ കാര്യക്ഷമമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം അധ്യാപകർക്ക് നൽകുന്നതിന് ടെക്കി ടീച്ചർ പദ്ധതി നടപ്പിലാക്കി. പ്രൈമറി മുതൽ ഹൈസ്കൂൾ തലം വരെയുള്ള അധ്യാപകർക്ക് പരിശീലനം നൽകി. മധ്യ വേനലവധിക്കാലത്ത് എൽ.പി./യു.പി/ഹൈസ്കൂൾ തലത്തിലുള്ള അധ്യാപകരുടെ പരിശീലനം നടക്കും. ഈ വർഷവും എൽ.പി./യു.പി./ഹൈസ്കൂൾ വിഭാഗത്തിലുള്ള അധ്യാപകർക്ക് റസിഡൻഷ്യൽ രീതിയിൽ പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ തയ്യാറായി. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും പിന്നാക്ക മേഖലകളിലെ അധ്യയനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.എം.സി., സമഗ്രശിക്ഷാ കേരളം തുടങ്ങിയ ഏജൻസികൾ പ്രത്യേക പഠനവും പദ്ധതികളും ആവിഷ്കരിച്ചു. ഇടുക്കി, വയനാട് ജില്ലകളിലെ ഗോത്ര വിഭാഗം കുട്ടികൾക്കും എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളികളിലെ കുട്ടികൾക്കും ഒന്നാണ് നമ്മൾ എന്ന ഓൺലൈൻ പരിപാടി നടപ്പിലാക്കി.

കാഴ്ച പരിമിതരായ അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായന പ്രതിസന്ധി പരിഹരിക്കുന്നതിന് ശ്രുതി പാഠം ഓഡിയോ ലൈബ്രറി തയ്യാറാക്കി. ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന അധ്യാപകർക്ക് 'മുദ്രികാപാഠം' പരിശീലനം സംഘടിപ്പിച്ചു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളിൽ 336 കുട്ടികൾക്ക് വെർച്വൽ ക്ലാസ് സംവിധാനം ഒരുക്കി. മുൻകാലങ്ങളിൽ ടാബ് ലഭ്യമായ 2,000 കിടപ്പിലായ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി. ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ 1500 സ്പെഷ്യൽ കെയർ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കായി കരാട്ടെ, കുങ്ഫു പോലുള്ള മാർഷൽ ആർട്സ് പഠിക്കുന്നതിന് സംവിധാനം ഒരുക്കി. ഭിന്നശേഷി കുട്ടികൾക്ക് അവരുടെ ശാരീരിക ക്ഷമതയ്ക്ക് അനുസൃതമായ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുതുവരുന്നു.

42 സ്കൂളുകളിൽ ടിങ്കറിംഗ് ലാബ് സ്ഥാപിച്ചു. അധ്യാപകർക്ക് കുസാറ്റുമായി ചേർന്ന് രണ്ടു ദിവസത്തെ പരിശീലനം നൽകി. ടിങ്കറിംഗ് ലാബ് നിലവിലുള്ള സ്കൂളുകളിൽ റൈസെറ്റ് എക്സിബിഷൻ സംഘടിപ്പിച്ചു. പാർശ്വവൽക്കൃത മേഖലയിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സെൽഫ് എമേർജിംഗ് വില്ലേജ് ബൈ അഡീഷണൽ സപ്പോർട്ട് (സേവാസ്) പദ്ധതി ആരംഭിച്ചു. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പദ്ധതിയുടെ ഭാഗമായി ഹിമാചൽ പ്രദേശ് സന്ദർശന പരിപാടിയിൽ സംസ്ഥാനത്ത് നിന്ന് 25 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു.

415. അടുത്തൊരു വർഷത്തിനുള്ളിൽ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പു വരുത്തും. ഓരോ ഘട്ടത്തിലും നേടേണ്ട പ്രാഥമികശേഷി കുട്ടി കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന് നിരന്തരമായ വിലയിരുത്തലായിരിക്കും പരീക്ഷകൾ.

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും ആർജ്ജിക്കേണ്ട അറിവുകളും ശേഷികളും അതത് ഘട്ടത്തിൽ ആർജ്ജിക്കൽ ലഭ്യമാക്കി സമഗ്ര ഗുണമേന്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ കുട്ടികൾക്ക് രസകരവും ആയാസകരവുമായ രീതിയിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിന് സഹായകമായി സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് വികസിപ്പിച്ചു. 1, 2 ക്ലാസുകളിലെ കുട്ടികൾക്ക് കളികളിലൂടെ അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കാനുള്ള ഉല്ലാസഗണിതം, 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് 'ഗണിതവിജയം' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മാത്സ് പെഡഗോജിയിൽ നൂതന ആശയ പ്രവർത്തനമായി 100 വിദ്യായലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ മഞ്ചാടി പദ്ധതി നടപ്പിലാക്കി. 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളെ മാതൃഭാഷയിൽ എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുന്നതിനായി വായനയുടെ വസന്തം, വായന ചങ്ങാത്തം എന്നിവ നടപ്പിലാക്കി. കുട്ടികളുടെ സർഗ്ഗവാസന വളർത്തുന്നതിന് കുട്ടികളുടെ 50 രചനകൾ ഉൾപ്പെടുത്തി 'എഴുത്തുപച്ച' പ്രസിദ്ധീകരിച്ചു. 1 മുതൽ 9 വരെയുള്ള കുട്ടികളുടെ പരീക്ഷാ പേപ്പറുകൾ വിലയിരുത്തി അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഠനപിന്തുണ നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകി.

416. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും. മധുരം മലയാളം, ഹലോ ഇംഗ്ലീഷ്, ഇക്യൂബ്ഡ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.

കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലെ കുട്ടികൾക്കായി അവരുടെ മാതൃഭാഷയായ മുതുവൻ ഭാഷയിൽ ഊന്നിക്കൊണ്ട് പഠിപ്പുറസി പദ്ധതി നടപ്പിലാക്കി. കുട്ടിയുടെ പരിസരം, ഭക്ഷണം, ജീവിതരീതി, ആഘോഷം, സംസ്കാരം ഇവയിൽ ഊന്നിക്കൊണ്ട് ഉള്ള പാഠങ്ങളാണ് മുതുവൻ ഭാഷയിൽ തയ്യാറാക്കിയത്.

ബന്ധഭാഷാ എന്ന നിലയിൽ ഇംഗ്ലീഷ് പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രൈമറി സ്കൂൾ കുട്ടികൾക്ക് രസകരവും ആയാസകരവുമായ രീതിയിൽ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകമായി സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് വികസിപ്പിച്ചു. ഇക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് പദ്ധതി ആവിഷ്കരിച്ചു. ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അധിക വായനയ്ക്കായി ഹലോ ഇംഗ്ലീഷ് സ്റ്റോറി പ്രസിദ്ധീകരിച്ചു. ഹിന്ദി പഠനം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സ്കൂളുകളിലും സുരീലീ ഹിന്ദി പദ്ധതി നടപ്പിലാക്കി.

417. ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്ന നടപടി തുടരും. കുട്ടികളുടെ പഠന സമയം (അധ്യാപകവിദ്യാർത്ഥി ആശയവിനിമയ സമയം) 200 പ്രവൃത്തി ദിവസം (1000 മണിക്കൂർ) ഉറപ്പുവരുത്തും.

കഴിഞ്ഞ വർഷം നടത്തിയത്: ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഖാദർ കമ്മിറ്റി ശുപാർശ ചെയ്തു റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ., ഹൈസ്കൂൾ, പ്രൈമറി എന്നിവ ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ചു. പ്രിൻസിപ്പാളിനെ സ്കൂൾ മേധാവിയായി നിയമിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഭേദഗതി ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കി. ഏകീകൃത സ്പെഷ്യൽ റൂൾസിന്റെ കരട് പരിശോധിച്ചുവരുന്നു. ഓരോ അദ്ധ്യയന വർഷവും കുറഞ്ഞത് 200 പ്രവൃത്തി ദിവസം ഉറപ്പാക്കാൻ വിദ്യാഭ്യാസ കലണ്ടറിന് രൂപം നൽകി.

418. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി കളിപ്പാട്ടം എന്ന പാഠ്യപദ്ധതി എസ്.സി.ഇ.ആർ.റ്റി തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകും. പ്രപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശു സൗഹൃദവുമാക്കും. പ്രീപ്രൈമറി സേവനവേതന നിരക്കുകൾ ഇനിയും മെച്ചപ്പെടുത്തും.

ഓരോ ജില്ലയിലും മൂന്ന് മാതൃകാ പ്രീപ്രൈമറി സ്കൂളുകൾ സജ്ജീകരിച്ചു. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് പിന്തുണ നൽകുന്നതിന് ശിശുസൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയവയ്ക്കായി 328 സ്കൂളുകൾക്ക് 1 ലക്ഷം രൂപ വീതവും സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ ആക്ടിവിറ്റി ഏരിയകൾ സജ്ജീകരിക്കുന്നതിന് 440 സ്കൂളുകൾക്ക് 10 ലക്ഷം രൂപ വീതവും സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിന് സ്കൂൾ ഒന്നിന് 15,000 രൂപ വീതവും സാങ്കേതിക വിദ്യാ സൗകര്യങ്ങൾ ഒരുക്കുന്നതിന് 11.09 കോടി രൂപ വീതവും നൽകി. കളിത്തോണി ആക്ടിവിറ്റി ബുക്കുകളുടെ രണ്ട് ഭാഗങ്ങൾ വിതരണം ചെയ്തു. 1.32 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. പ്രീസ്കൂൾ അധ്യാപകർക്ക് പ്രശിക്ഷ അധ്യാപക പരിശീലനം നൽകി. സ്കൂളുകളിൽ കുട്ടികൾക്കായി താലോലം ആക്ടിവിറ്റി കോർണർ ആരംഭിച്ചു. 2,000 പ്രീപ്രൈമറി നിപുൺ ക്ലാസ്സ് മുറികൾ പണിയുന്നതിന് നടപടി സ്വീകരിച്ചു.

419. ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയ, സഹിതം തുടങ്ങിയ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ കൂടുതൽ മെച്ചപ്പെടുത്തും. എല്ലാ കുട്ടികൾക്കും കലാകായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.

കുട്ടികളിലെ ഗവേഷണ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കുസാറ്റുമായി ചേർന്ന് സ്ട്രീം എക്കോ സിസ്റ്റം പദ്ധതിയ്ക്ക് തുടക്കംകുറിച്ചു. എം.ആർ.എസ് സ്കൂളുകളിൽ ടെക് ടാലന്റ് പ്രതിഭാ പോഷണ പരിപാടി നടപ്പാക്കി. ബയോ ഇൻഫർമേറ്റിക്സ്, നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വിഷ്വൽ ടെക്നോളജി, അറ്റ്മോസ്ഫറിക് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇതിന് തെരഞ്ഞെടുത്തത്.

ഡിജിറ്റൽ സംവിധാനത്തിലൂടെ ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലുള്ള ഓരോ കുട്ടിയ്ക്കും വ്യക്തിഗതശ്രദ്ധ നൽകാനും പഠന, പഠനാനുബന്ധ, സാമൂഹ്യ പശ്ചാത്തലവും പുരോഗതിയും വിശകലനം ചെയ്യാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡാറ്റാ അനലിറ്റിക്സും പ്രയോജനപ്പെടുത്തി 'സഹിതം' പോർട്ടൽ വികസിപ്പിച്ചു. നിർമ്മിത ബുദ്ധി ഉപയോഗിച്ച് യന്ത്രങ്ങൾ, ചെറിയ റോബോട്ടുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകാൻ സഹായിക്കുന്ന റോബോട്ടിക് കിറ്റുകൾ തിരഞ്ഞെടുത്ത സ്കൂളുകളിൽ വിതരണം ചെയ്തു. 42 ടിങ്കറിംഗ് ലാബുകളിൽ കുട്ടികളുടെ റോബോട്ടിക് എക്സിബിഷൻ സംഘടിപ്പിച്ചു.

വായന പ്രോത്സാഹാപ്പിക്കുന്നതിന് വായനയുടെ വസന്തം പരിപാടിയുടെ ഭാഗമായി 10 കോടി രൂപയുടെ പുസ്തകങ്ങൾ വിദ്യാലയങ്ങൾക്ക് വിതരണം ചെയ്തു. ഇതിന്റെ ഭാഗമായി ഒന്നു മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്കായി വ്യത്യസ്ത നിലവാര ത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. തമിഴ്, കന്നട, ഭാഷകളിലും പുസ്തകങ്ങൾ ലഭ്യമാക്കി. ഭിന്നശേഷി കുട്ടികളുടെ സാമൂഹികമായ പുരോഗതിയും ഉൾച്ചേർന്ന വിദ്യാഭ്യാസവും മുന്നിൽകണ്ട് ഏകദിന ചലച്ചിത്രോത്സവം സംഘടിപ്പിച്ചു.

420. അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടലിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഖാദർ കമ്മിറ്റി നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കും. അധ്യാപക പരിശീലനം കൂടുതൽ ഫലപ്രദമാക്കും. ഓൺലൈൻ രീതികൾ കൂടുതൽ സ്വീകരിക്കും.

അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് ഡിജിറ്റൽ വിഭവ പോർട്ടലിൽ പ്രത്യേക

ശ്രദ്ധ നൽകിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., സീമാറ്റ്, എസ്.ഐ.എം.സി. എന്നീ ഏജൻസികളുടെ കൂട്ടായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപക പരിശീലനം ഫലപ്രദമാക്കി. ഹയർ സെക്കൻഡറി അധ്യാപക പരിവർത്തന പരിപാടി (എച്ച്.എസ്.എസ്.ടി.പി) തുടർന്നുവരുന്നു. 120 ബാച്ചുകളുടെ പരിശീലനം പൂർത്തിയായി. 3,050 അദ്ധ്യാപകർ പരിശീലന പങ്കാളികളായി. വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ 389 കരിയർ മാസ്റ്റർമാർക്ക് പരിശീലനം നൽകി. ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമ അധ്യാപകർക്കും വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനം നൽകി. പുതുതായി നിയമനം ലഭിച്ച അധ്യാപകർക്ക് നവ അധ്യാപക പരിശീലനം നൽകി. എച്ച്.എസ്.എസ്.ടി.പി. മാതൃകയിൽ ഒന്നു മുതൽ പത്തു വരെയുള്ള അധ്യാപകർക്ക് റസിഡൻഷ്യൽ പരിശീലന പരിപാടിക്ക് തുടക്കംകുറിച്ചു. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 8,000 പ്രഥമ അധ്യാപകർക്ക് പരിശീലനം നൽകി. കൈറ്റ്– വിക്റ്റേഴ്സ് രണ്ടാം ചാനൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ വിദ്യാർത്ഥികളിലും ജിസ്യൂട്ട് ആപ്ലിക്കേഷൻ എത്തിച്ചു.

421. ഹൈടെക് ക്ലാസ് മുറികൾ ഉപയോഗിച്ചുള്ള പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പദ്ധതികൾ, പഠന വിഭവങ്ങൾ തയ്യാറാക്കൽ ഇവയുടെ ക്ലാസ് റൂം വിനിയോഗത്തിന് അധ്യാപകരെ പ്രാപ്തമാക്കൽ എന്നിവ ലക്ഷ്യമാക്കി അധ്യാപക ശാക്തീകരണ പരിപാടി ആവിഷ്കരിക്കും..

ജിസ്യൂട്ട് സംവിധാനം നടപ്പിലാക്കി. ഇത് ശരിയായി വിനിയോഗിക്കുന്നതിന് ആവശ്യമായ പദ്ധതികളും പഠനവിഭവങ്ങൾ സൃഷ്ടിക്കലും അദ്ധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്തി. പുതുതായി 16,500 ലാപ്ടോപ്പുകൾ ലഭ്യമാക്കി. അധ്യാപകർക്ക് എ.ഐ. അധിഷ്ഠിത പരിശീലനം ആരംഭിച്ചു.

422. പുതിയ ആവശ്യങ്ങൾക്കു അനുയോജ്യമായ തരത്തിൽ ഐ.ടി.ഐ, പോളിടെക്നിക്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനങ്ങളുടെ പൊതു ചട്ടക്കൂട് മൊത്തത്തിൽ അഴിച്ചുപണിയും. സാങ്കേതിക വിദ്യാഭ്യാസം ദേശീയ മാനദണ്ഡങ്ങ ൾക്കനുസൃതമായി സംവിധാനം ചെയ്യും.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 31 എൻ.എസ്.ക്യു.എഫ്. കോഴ്സുകൾക്ക് കാലാനുസൃതമായ മാറ്റംവരുത്തി. 6 പുതിയ ജോബ് റോളുകൾ ആരംഭിച്ചു. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ രണ്ടു തൊഴിൽ കോഴ്സുകൾ ആരംഭിച്ചു. എൻ.എസ്.ക്യു.എഫ്. ജോബ് റോളുകൾ ഡിജിറ്റലൈസ് ചെയ്തു.

423. എല്ലാ ജില്ലകളിലെയും അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പൂർത്തിയാക്കും. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും ഐ.ടി.ഐകളും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുമായി ഹബ്ബ് ആന്റ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കും.

എല്ലാ സർക്കാർ വി.എച്ച്.എസ്.ഇ. സ്കൂളുകളിലും മികച്ച വൊക്കേഷണൽ ലബോറട്ടറികൾ സ്ഥാപിച്ചു. ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി. എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളും നാഷണൽ ക്വാളിറ്റി ഫ്രെയിംവർക്കിലേക്ക് മാറി. സ്കൂളുകളിൽ 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചു. അസാപ്പിൽ കണക്റ്റ് കരിയർ ടു ക്യാമ്പസ് പദ്ധതി ആരംഭിച്ചു. ആസാപ്പിന്റെ 16 സ്കിൽ പാർക്കുകൾ പ്രവർത്തിച്ചുവരുന്നു.

424. 10 സർക്കാർ ഐ.റ്റി.ഐ.കളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കളുടെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

കിഫ്ബി ഫണ്ടുപയോഗിച്ച് ഐ.ടി.ഐ. കെട്ടിടങ്ങൾ നവീകരിച്ചുവരുന്നു. 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി. ധനുവച്ചപുരം, കൊയിലാണ്ടി, ഏറ്റുമാനൂർ, ചന്ദനത്തോപ്പ്, ഏറിയാട്, പേരാവൂർ, ചെറിയമുണ്ടം, കുറുമാത്തൂർ, ബേപ്പൂർ, കണ്ണൂർ (വനിത), ആരക്കുഴ, കൂത്തുപറമ്പ്, ചാക്ക, മണീട്, വേങ്ങൂർ, ആറ്റിങ്ങൽ, പള്ളിക്കത്തോട്, അരീക്കോട് ഐ.റ്റി.ഐ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

425. വി.എച്ച്.എസ്.ഇയിൽ കാലോചിതമായ പരിഷ്കാരങ്ങൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കും. എല്ലാ വി.എച്ച്.എസ്.ഇകളിലേയ്ക്കും എൻ.എസ്.ക്യു. എഫ് വ്യാപിപ്പിക്കും. ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്കൂൾ വർക്ക്ഷോപ്പുകൾ സാർവ്വത്രികമാക്കും. ഉന്നതവിദ്യാഭ്യാസത്തിനു പോകാത്ത കുട്ടികൾക്ക് നാട്ടിലുള്ള വിവിധ തൊഴിലുകൾ ചെയ്യാൻ ആവശ്യമായ പരിശീലനം നൽകും.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 6 പുതിയ എൻ.എസ്.ക്യു.എഫ് ജോബ് റോളുകൾ പുതുതായി ആരംഭിച്ചു. ലിംഗ വ്യത്യാസം ഇല്ലാതെ എൻ.എസ്.ക്യു.എഫ് കോഴ്സുകളിൽ പ്രവേശനം ഉറപ്പാക്കി. വി.എച്ച്.എസ്.ഇ കോഴ്സ് പാസായ വിദ്യാർത്ഥികൾക്ക് വേണ്ടി തൊഴിൽ മേളകൾ സംഘടിപ്പിച്ചു. 3,904 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചു. എൻ.എസ്. ക്യു.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജോബ് റോളുകൾ പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

426. അക്കാദമികതലത്തിൽ അധ്യാപകരിൽ, പ്രത്യേകിച്ച് ഹയർ സെക്കണ്ടറി അധ്യാപകരിൽ, ഗവേഷണതൽപരത വളർത്തുന്നതിനുള്ള കർമ്മപരിപാടികൾ ശക്തിപ്പെടുത്തും. എസ്.സി.ഇ.ആർ.റ്റി ഇതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതോടൊപ്പം സമീപത്തുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഗവേഷണബന്ധം വളർത്തിയെടുക്കും.

ഹയർസെക്കൻഡറി അധ്യാപക പരിവർത്തന പരിപാടിയുടെ ഭാഗമായി 120 ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി. 3,050 അധ്യാപകർക്ക് ഇതിലൂടെ പരിശീലനം നൽകി. അധ്യാപകരിൽ ഗവേഷണതൽപ്പരത വർദ്ധിപ്പിക്കുന്നതിന് മുന്നോടിയായി കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് 2023 സംഘടിപ്പിച്ചു. ഹയർ സെക്കന്ററി അധ്യാപകർക്ക് മിനി റിസർച്ച് പ്രോഗ്രാം ആരംഭിച്ചു.

427. അധ്യാപക നിയമനം, തസ്തിക നിർണയം, സ്ഥലംമാറ്റം, പ്രൊമോഷൻ ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങൾ 2021 മുതൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാക്കും.

അധ്യാപക നിയമനം, തസ്തിക നിർണ്ണയം, സ്ഥലം മാറ്റം, പ്രമോഷൻ എന്നിവ പൂർണ്ണതോതിൽ ഓൺലൈനായി നടന്നുവരുന്നു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിൽ നിന്നുമുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇ-തപാൽ മുഖേന നടത്തുന്നതിനായി ഇ-തപാൽ@ സ്കൂൾസ് പദ്ധതി രൂപീകരിച്ചു.

428. നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.

സ്കൂളുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സ്കൂൾ മാനുവലിന്റെ കരട് തയ്യാറാക്കി.

429. എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ ഭൗതികസൗകര്യഭാഗം വലിയൊരളവിൽ പൂർത്തിയായിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ അടുത്ത അധ്യായന വർഷത്തിൽ സമഗ്രമായി പരിഷ്കരിക്കും. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.

സ്കൂൾ മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നു. അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

430. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കാൻ സമഗ്ര ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ബി.ആർ.സികളിൽ ആരംഭിച്ചിട്ടുള്ള ഓട്ടിസം സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. കാഴ്ച പരിമിതിയുളള കുട്ടികൾക്കായി ഓഡിയോ ടെക്സ്റ്റ് വികസിപ്പിക്കും. കേൾവി പരിമിതിയുള്ള കുട്ടികൾക്കായി പ്രത്യേക പരിപാടി തയ്യാറാക്കും. ഇത്തരം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിനു വിവിധ വകുപ്പുകളുടെ കീഴിലുള്ള ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കും.

ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് സർവ്വേ സംഘടിപ്പിച്ചു. 168 ബി.ആർ.സി.കളിൽ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇവർക്ക് സ്പീച്ച് തെറാപ്പി, സെൻസസ് സ്റ്റിമുലൈസേഷൻ തെറാപ്പി എന്നിവ ഉൾപ്പെടെ വിവിധ തെറാപ്പി സേവനങ്ങൾ ഉറപ്പുവരുത്തി. ശാരീരിക അവശത മൂലം സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത 8,245 കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തി. ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ 1,500 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചു. കാഴ്ചപരിമിതരായ കുട്ടികൾക്ക് ബ്രയിൽ ലിപിയിലുള്ള പുസ്തകങ്ങൾ നൽകിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാനസിക ആരോഗ്യത്തിനും ബൗദ്ധികമായ ഉന്നമനത്തിനും ഉപകരിക്കുംവിധമുള്ള പഠനോപകരണങ്ങൾ നൽകിവരുന്നു.

431. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുമായി ഉദ്ഗ്രഥിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വില്ലേജ് എഡ്യൂക്കേഷൻ രജിസ്റ്റർ തയ്യാറാക്കിവരുന്നു. സിവിൽ വർക്കുകൾ, യൂണിഫോം, പാഠ പുസ്തകങ്ങൾ, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ, പിന്നാക്ക മേഖലയിലെ കുട്ടികൾക്കുള്ള യാത്രാ സൗകര്യം ഒരുക്കൽ തുടങ്ങി എലമെന്ററി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒട്ടുമിക്ക തലങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിവരുന്നു. സമഗ്ര ശിക്ഷ കേരളത്തിന്റെ പദ്ധതികളിൽ എലമെന്ററി എഡ്യുക്കേഷൻ എന്ന ഘടകത്തിന്റെ 40 ശതമാനം ഫണ്ട് തദ്ദേശസ്ഥാപനങ്ങളാണ് വഹിക്കുന്നത്.

432. സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പ്, എം.പി, എം.എൽ.എ തുടങ്ങിയ ഫണ്ടുകളുടെ വിനിയോഗം കഴിവതും ഈ മാസ്റ്റർ പ്ലാനിന് അനുസൃതമായിരിക്കുമെന്ന് ഉറപ്പുവരുത്തും.

എല്ലാ സ്കൂളുകളിലും സ്കൂൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുമ്പ് തയ്യാറാക്കിയിട്ടുള്ള സ്കൂൾ മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ നിർദ്ദേശം നൽകി. നിലവിലുള്ള സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ പുനർവായന നടത്തി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

433. എയ്ഡഡ് സ്കൂളുകളിലെ പാചകപ്പുര മെച്ചപ്പെടുത്തുന്നതിന് പൊതുഫണ്ടുകൾ ഉപയോഗപ്പെടുത്താൻ അനുവാദം നൽകും. പ്രാദേശിക പിന്തുണയോടെ ഉച്ചഭക്ഷ ണത്തിന്റെ ഗുണനിലവാരം ഉയർത്തും.

പാചകപ്പുര നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം ലഭ്യമാക്കി. പൂർവ്വ വിദ്യാർത്ഥികളെയും ജനപ്രതിനിധികളെയും സംഘടിപ്പിച്ച് അധികഫണ്ട് കണ്ടത്തുന്നതിന് നടപടി സ്വീകരിച്ചു. ഉച്ചഭക്ഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തി. എല്ലാ ജില്ലകളിലും സ്കൂൾ പരിസരത്ത് പച്ചക്കറിത്തോട്ടങ്ങൾ ആരംഭിച്ചു. ഇതിൽ നിന്നും വിളവെടുക്കുന്ന പച്ചക്കറികൾ അതത് സ്കൂളിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുന്നു.

434. മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തെ മാറ്റും.

മുഴുവൻ സ്കൂൾ കുട്ടികളുടെയും കായികക്ഷമത പരിശോധന നടത്തി ആവിശ്യമായ പിന്തുണ ഉറപ്പാക്കുന്നതിന് സമഗ്രമായ കായികക്ഷമത പരിശീലന പരിപാടി ആവിഷ്കരിച്ചു. 2025-26 അദ്ധ്യയന വർഷം പ്രാവർത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിൽ ആവശ്യമായ പരിഷ്കരണം വരുത്തി. സ്കൂളുകളിൽ കളിസ്ഥലങ്ങൾ ഉറപ്പു വരുത്തണമെന്ന നിർദ്ദേശം നൽകി. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ കളിസ്ഥലങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. കായിക വിദ്യാഭ്യാസത്തിനായി ലോവർ പ്രൈമറിതലത്തിൽ ഹെൽത്തി കിഡ്സ് പദ്ധതി രൂപീകരിച്ചു. കായിക യുവജനക്ഷേമ വകുപ്പിന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സ്കൂൾ ഗ്രൗണ്ടുകളുടെ നിർമ്മാണവും നവീകരണവും നടന്നുവരുന്നു.

435. പഠനസാമഗ്രികൾ, പാഠപുസ്തകം, കൈപ്പുസ്തകം എന്നിവയുടെ അച്ചടി, വിതരണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങളിലൊന്ന്. ഇത് തുടർന്നും ഉറപ്പുവരുത്തും.

പാഠപുസ്തകങ്ങളുടെ ഒന്നാം വാല്യം മദ്ധ്യവേനൽ അവധിക്കാലത്ത് വിദ്യാർത്ഥികളിൽ എത്തിച്ചുവരുന്നു.

436. സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവവൈവിദ്യോന പദ്ധതി വിപുലപ്പെടുത്തും. ജൈവ പച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോ ടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കും. എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും.

ഉച്ചഭക്ഷണ പദ്ധതി പോഷിപ്പിക്കുന്നതിനും കുട്ടികളിൽ കാർഷികസംസ്കാരം വളർത്തുന്നതിനും എല്ലാ സ്കൂളുകളിലും കിച്ചൺ ഗാർഡൻ ആരംഭിച്ചു.

437. ഒൻപതാം ക്ലാസു മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി ഹയർ സെക്കണ്ടറിക്കും അതിനു ശേഷമുള്ള ഉന്നതപഠനത്തിനുമുള്ള ഗൈഡൻസ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തും.

ഹയർ സെക്കന്ററി മേഖലയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും തുടർന്നുവരുന്ന കരിയർ ഗൈഡൻസ് പരിശീലന പരിപാടി ഒമ്പതാം ക്ലാസ് മുതൽ ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. അഭിരുചി പരിശോധനയ്ക്ക് കെ-ഡാറ്റ് അഭിരുചി ടെസ്റ്റ് വികസിപ്പിച്ചു.

438. പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.ടി, ഐടി@സ്കൂൾ എന്നിവയുടെ പ്രവർത്തനം വിദഗ്ധരുടെ പങ്കാളിത്തത്തോടെ കൂടുതൽ മെച്ചപ്പെടുത്തും.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി., സീമാറ്റ്, എസ്.ഐ.ഇ.ടി, സാക്ഷരതാ മിഷൻ, കൈറ്റ്, എസ്.ഐ.എം.സി. തുടങ്ങിയവയുടെ പ്രവർത്തനം അതത് മേഖലയിലെ വിദദ്ധരുടെ പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തിവരികയാണ്. കേരള പാഠ്യപദ്ധതി കരട് ചട്ടകൂട് വികസിപ്പിച്ചു. 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകം പരിഷ്കരിച്ചു.

439. ഐടി@സ്കൂളിനെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ അഥവാ കൈറ്റ് എന്നാക്കി സമൂലമായി പുനഃസംഘടിപ്പിച്ചു. അതിന്റെ വലിയ മാറ്റവും ഉണ്ടായിട്ടുണ്ട്. സ്കൂൾ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സൃഷ്ടി ച്ചിട്ടുള്ള പുതിയ സൗകര്യങ്ങളുടെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു കൈറ്റ് നേതൃത്വം നൽകും.

കൈറ്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഓൺലൈൻ ഡിജിറ്റൽ പഠന പ്രവർത്തനങ്ങൾ

ക്ക് നല്ല സ്വീകാര്യത ലഭിച്ചു. ജിസ്യൂട്ട്, വിക്ടേഴ്സ് ചാനലുകൾ പോലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി. വിക്ടേഴ്സിന്റെ രണ്ടാം ചാനൽ ആരംഭിച്ചു. സമഗ്ര പോർട്ടൽ കാലോചിതമായി പരിഷ്കരിച്ചു. കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രേഖപ്പെടുത്താനും രക്ഷിതാക്കളും സ്കൂളും തമ്മിലുള്ള ആശയ വിനിമയം സുഗമമാക്കാനുമുള്ള മൊബൈൽ ആപ്പ് സജ്ജമാക്കി. സഹിതം മെന്ററിംഗ് പോർട്ടൽ, സമ്പൂർണ്ണ, സമ്പൂർണ്ണ പ്ലസ്സ് ആപ്പുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി.

440. അൺ എയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നവിധം സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരും. ഇതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകും. അധ്യാപകരുടെയും അനധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും സേവന വ്യവസ്ഥകൾക്ക് മാനദണ്ഡം നിശ്ചയിക്കുന്ന ചട്ടഭേദഗതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

441. സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ കൂടുതൽ ശക്തിപ്പെടുത്തും. വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന സ്ത്രീകൾക്ക് തുടർവിദ്യാഭ്യാസം നേടിയെ ടുക്കാൻ കഴിയുന്ന സവിശേഷ പദ്ധതികൾ ആവിഷ്കരിക്കും.

ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്നതിന് ഇ-മുറ്റം ബോധവൽക്കരണ പരിപാടി ആരംഭിച്ചു. ആശാ വർക്കർമാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിലേക്ക് തുടർ വിദ്യാഭ്യാസ പദ്ധതി വ്യാപിപ്പിച്ചു. സാക്ഷരതാ മിഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ എന്നിവയ്ക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

442. സാക്ഷരതാമിഷൻ പ്രേരക്മാരെ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണ്. വർദ്ധിപ്പിച്ച അലവൻസ് ലഭിക്കുമെന്ന് ഉറപ്പുവരുത്തും. ഇവരുടെ അലവൻസ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കും.

സാക്ഷരതാ മിഷൻ പ്രേരക്മാരെ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചു. അക്കാദമിക് പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിൽ തുടരുന്നു.

443. എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇത്തരം കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും. പാചകത്തൊഴിലാളികൾ, പ്രീപ്രൈമറി അധ്യാപകർ/ആയമാർ എന്നിവരുടെ വേതനം ഉയർത്തും.

എല്ലാ സ്കൂളിലും കൗൺസിലിംഗ് സേവനം ഉറപ്പാക്കുന്നതിന് ഓരോ വിദ്യാഭ്യാസ ജില്ലയിലും പ്രാപ്തരായ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകാൻ നടപടി കൈക്കൊണ്ടു. യുണിസെഫിന്റെസഹായത്തോടെ അതിജീവനം പരിപാടി നടപ്പിലാക്കി.

## ഉന്നത വിദ്യാഭ്യാസം

444. സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് ഇനിയുള്ള ലക്ഷ്യം. നാക് അക്രെഡിറ്റേഷൻ കേരളത്തിലെ എല്ലാ സർവ്വകലാശാലകളും 3.5 ശതമാനം ഗ്രേഡ് എങ്കിലും കൈവരിക്കണം. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഡിപ്പാർട്ടുമെന്റുകളും സ്കൂളുകളും ദേശീയതലത്തിൽ അംഗീകാരം നേടും.  കൂടാതെ രാജ്യത്തെ വിദ്യാഭ്യാസ ഹബ്ബായി കേരളത്തെ മാറ്റും.

കഴിഞ്ഞ് മൂന്ന് വർഷത്തെ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി സർവ്വകലാ



ശാലകളുടെ നാക്ക്, എൻ.ഐ.ആർ.എഫ് വിലയിരുത്തലുകളിൽ മികച്ച മുന്നേറ്റമുണ്ടായി. നാഷണൽ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് 2024 റാങ്ക് പട്ടികയിൽ കേരള (21), എം.ജി (37), കുസാറ്റ് (34), കാലിക്കറ്റ് (89) സർവ്വകലാശാലകൾ ഇടംനേടി. ഐ.ഐ.ടികളും ഐ.ഐ.എമ്മുകളുമടക്കം സർവ്വകലാശാലകളുടെയും കേന്ദ്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പൊതുപട്ടികയിൽ കേരള സർവ്വകലാശാല 38ാം റാങ്കും കുസാറ്റ് 51-ാം റാങ്കും മഹാത്മാഗാന്ധി സർവ്വകലാശാല 67-ാം റാങ്കും നേടി.

മികച്ച സ്റ്റേറ്റ് പബ്ലിക്ക് യുണിവേഴ്സിറ്റികളുടെ ലിസ്റ്റൽ കേരള സർവ്വകലാശാല 9-ാം റാങ്കും കുസാറ്റ് 10-ാം റാങ്കും മഹാത്മാ ഗാന്ധി സർവ്വകലാശാല 11-ാം റാങ്കും കാലിക്കറ്റ് സർവ്വകലാശാല 43-ാം റാങ്കും കരസ്ഥമാക്കി. അഭിമാനകരമായ നേട്ടമാണിത്. കോളജുകളുടെ പട്ടികയിൽ ആദ്യ 100 കോളജുകളിൽ കേരളത്തിൽ നിന്നും 16 കോളജുകളും ആദ്യ 200 കോളജുകളിൽ കേരളത്തിൽ നിന്ന് 42 കോളജുകളും ആദ്യ 300 കോളജുകളിൽ കേരളത്തിൽ നിന്ന് 71 കോളജുകളും ഉൾപ്പെട്ടു. അതിൽ 16 എണ്ണം സർക്കാർ കോളജുകളാണ്. എഞ്ചിനീയറിംഗ് കോളജ് വിഭാഗത്തിൽ സി.ഇ.ടി തിരുവനന്തപുരം 101 മുതൽ 150 വരെയുള്ള ബാൻഡിൽ ഇടം പിടിച്ചു. ഗവ. കോളജ് തൃശ്ശൂർ 201 മുതൽ 300 വരെയുള്ള ബാൻഡിൽ ഇടം നേടി. 63 എഞ്ചിനിയറിംഗ് കോളജുകളിലെ 248 ബിരുദ്ധ പ്രോഗ്രാമുകൾക്കും 5 എഞ്ചിനിയറിംഗ് കോളജുകളിലെ 21 ബിദുദാനന്തരബിരുദ പ്രോഗ്രാമുകൾക്കും നാഷണൽ ബ്യൂറോ ഓഫ് അക്രിഡിറ്റേഷൻ അംഗീകാരം ലഭിച്ചു.

എട്ട് സർവകലാശാലകൾക്കും 359 കോളജുകൾക്കും നാക് അക്രെഡിറ്റേഷൻ ലഭിച്ചു. ഇതിൽ 82 കോളേജുകൾക്ക് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലാണ് നാക് അക്രഡിറ്റേഷൻ ലഭിച്ചത്. കേരള, എം.ജി സർവകലാശാലകൾ എ++ ഗ്രേഡ് നേടി. കോഴിക്കോട്, കൊച്ചി, ശ്രീശങ്കര സർവകലാശാലകൾ എ+ ഗ്രേഡ് നേടി. അഖിലേന്ത്യ അടിസ്ഥാനത്തിൽ 147 കോളജുകൾക്ക് എ++ ഗ്രേഡുകൾ ലഭിച്ചപ്പോൾ കേരളത്തിലെ 21 കോളജുകൾ അതിൽ ഉൾപ്പെട്ടു. 39 കോളജുകൾക്ക് എ+ ഗ്രേഡും 62 കോളജുകൾക്ക് എ ഗ്രേഡും നേടാനായി. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച നാല് വർഷ ബിരുദ പ്രോഗ്രാമുകൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ കാലോചിതമായ മാറ്റങ്ങളോടെ പാഠ്യപദ്ധതി പരിഷ്കരണം നടന്നുവരുന്നു.

വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2024-25 അക്കാദമിക വർഷം വൻ കുതിച്ച് ചാട്ടമുണ്ടായി. മുൻ വർഷത്തെ അപേക്ഷിച്ച് കേരള സർവ്വകലാശാലയിൽ 63%, മഹത്മാ ഗാന്ധി സർവ്വകലാശാലയിൽ 55% കുസാറ്റിൽ 44% വിദേശ വിദ്യാർത്ഥികളുടെ അപേക്ഷകൾ കൂടുതലായി ലഭിച്ചു. വിവിധ സർവകലാശാലകൾ വിദേശ സർവകലാശാലകളുമായി വിദ്യാർത്ഥി

വിനിമയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്സ്, എക്കണോമിക്സ്, അഗ്രികൾച്ചർ ആൻഡ് എക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ്, കൊമേഴ്സ് ആൻഡ് മാനേജ്മെൻറ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി ആൻഡ് എൻജിനീയറിങ് എന്നീ പത്ത് വൈജ്ഞാനിക മേഖലകളിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകി.

445. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തണം. അഖിലേന്ത്യാ ശരാശരി 26 ശതമാനമാണ്. ഇപ്പോൾ കേരളത്തിലെ എൻറോൾമെന്റ് 37 ശതമാനമാണ്. പക്ഷെ ഇതിൽ പുറത്തു പഠിക്കുന്ന കുട്ടികളുടെ എണ്ണം ഉൾപ്പെടില്ല. ഇതിന്റെ നിജസ്ഥിതി സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തും. ഇവരെക്കൂടി പരിഗണിക്കുകയാണെങ്കിൽ ഒരു പക്ഷെ ഏതാണ്ട് 1,617 ലക്ഷം കുട്ടികൾ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ട്. ഇത് 2022 ലക്ഷമായി ഉയർത്തും. ഇതിനായി 2021ൽ കോളജുകൾ തുറക്കുമ്പോൾ 20000 പേർക്ക് അധിക പഠനസൗകര്യം ഉണ്ടാകും. 10 ശതമാനം സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യ വർദ്ധന. 2021-22ൽ തെരഞ്ഞെടുത്ത കോളജുകളിൽ ഉച്ചകഴിഞ്ഞ് അധിക ബാച്ചുകളിലൂടെയും പരീക്ഷണാടിസ്ഥാനത്തിൽ പഠനസൗകര്യം ഒരുക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ 30,000 സീറ്റുകളുടെ വർദ്ധനവുണ്ടായി. ഓൾ ഇന്ത്യ സർവ്വെ ഓഫ് ഹയർ എഡ്യൂക്കേഷൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഗ്രോസ് ഇന്റോമെന്റ് റേഷ്യോ 41.3 ശതമാനമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി 900 ബിരുദ പ്രോഗ്രാമുകളും 204 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും പുതുതായി അനുവദിക്കപ്പെട്ടു. ഇവയിലൂടെ 30,000ലധികം വിദ്യാർത്ഥികൾക്ക് പഠന സൗകര്യം കൂടുതലായി ഉണ്ടായി. 35 സ്വകാര്യ കോളജുകളും പുതിയ ഒരു എയിഡഡ് കോളജും അനുവദിച്ചിട്ടുണ്ട്. 2023-24, 2024-25 അദ്ധ്യയന വർഷങ്ങളിൽ 76 നാല് വർഷ ബിരുദ പ്രോഗ്രാമുകൾ അനുവദിച്ചു. അഞ്ച് സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും 13 മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിച്ചുവരുന്നു. 5 വർഷ കാലാവധിയിൽ നൂതനമായ പ്രോജക്ട് മോഡ് കോഴ്സുകളും അനുവദിച്ചു. സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

446 സർവ്വകലാശാലകൾക്കുള്ളിൽ, കേരളത്തിലെ ശാസ്ത്ര പ്രതിഭകളുടെ പേരിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതന്മാരെയോ സേർച്ച് കമ്മിറ്റി വഴി ദേശീയതലത്തിൽ നിന്ന് തെരഞ്ഞെടുത്തതിനു ശേഷം മാത്രമായിരിക്കും ഈ സ്ഥാപനങ്ങളിലേൽക്കുള്ള നിയമനങ്ങൾ നടത്തുക. ഈ പ്രഗത്ഭ മേധാവികളുടെ കൂടി സജീവ പങ്കാളിത്തത്തിലായിരിക്കും സ്കൂളുകൾ രൂപാന്തരപ്പെടുക. ഇവയിൽ നല്ല പങ്കും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളോ ഇന്റർ ഡിസിപ്ലിനറി സെന്ററുകളോ ആയിരിക്കും.

7 പുതിയ അന്തർ സർവ്വകലാശാല സെന്ററുകൾ ആരംഭിക്കാനുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചു. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററായി വികസിപ്പിച്ചു.

447. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. കേരളത്തിന്റെ വിവിധ മേഖലകളുടെ വികസന ആവശ്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കെഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ച ചെയ്താണ് സെന്ററുകൾ സംബന്ധിച്ച് തീരുമാനമെടുക്കുക.

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഗവേഷണത്തിന് മികവിന്റെ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിച്ചു. കണ്ണൂർ ഇരട്ടിയിൽ സെന്റർ ഓഫ് എക്സലെൻസ് ആയുർവ്വേദിക്ക് റിസർച്ച്, മനുസ്ക്രിപ്റ്റ് മ്യൂസിയം, മെഡിസനൽ പ്ലാന്റ്സ് ഗാർഡൻ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് സർവ്വകലാശാല

യിൽ സ്കൂൾ ഓഫ് മാത്തമാറ്റിക്സിനെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററായി വികസിപ്പിച്ചു. വയനാട് ചിതലയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആന്റ് റിസർച്ചിനെ മികവിന്റെ കേന്ദ്രമാക്കുന്നത് പരിഗണിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സെലൻസ് ഇൻ ന്യൂറോ ഡി ജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ടീച്ചിംഗ്, ലേണിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ, കുസാറ്റിൽ കേരള സയൻസ്, ടെക്നോളജി ആന്റ് ഇന്നോവേഷൻ, മൂന്നാറിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കണ്ണൂർ സർവ്വകലാശാലയിൽ കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ, വയനാട്ടിൽ സെന്റർ ഫോർ ഇൻഡീജിനിയസ് പീപ്പിൾ എഡ്യൂക്കേഷൻ, കാലടിയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജൻഡർ ഇക്വാലിറ്റി, മലയാളം സർവ്വകലാശാലയിൽ കേരള ലാംഗ്വേജ് നെറ്റ് വർക്ക് എന്നീ 7 പുതിയ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചു.

448. പ്രതിമാസം 50000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പ് ഉള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കും. അധികമായി ലബോറട്ടറികളും മറ്റു സൗകര്യങ്ങളുമൊരുക്കുന്നതിന് 50000 രൂപ വരെ ആവശ്യമെങ്കിൽ ലഭ്യമാക്കും. രണ്ടു വർഷത്തേക്കായിരിക്കും ഫെലോഷിപ്പ്. രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിദഗ്ധർക്കും ഈ ഫെലോഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ദേശീയ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പ്രത്യേകം പരസ്യം ചെയ്തായിരിക്കും ആളെ തെരഞ്ഞെടുക്കുക. ഫെലോഷിപ്പുകളുടെ വിഷയങ്ങൾ കേരളത്തിന്റെ വികസന ആവശ്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് തീരുമാനിക്കുക.

2021-22 ൽ 77 പോസ്റ്റ് ഡോക്ടറൽ ഗവേഷണ ഫെലോഷിപ്പുകളും 2023-24 ൽ 95 പോസ്റ്റ് ഡോക്ടറൽ ഗവേഷണ ഫെലോഷിപ്പുകളും നൽകി. മൂന്നാംഘട്ടത്തിൽ 46 പേർക്ക് ഫെലോഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

449 കിഫ്ബി ധനസഹായത്തോടെ സർവ്വകലാശാലകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്. മേജർ സർവ്വകലാശാലകൾക്ക് പരമാവധി 125 കോടി രൂപ വീതവും മറ്റുള്ളവയ്ക്ക് 75 കോടി രൂപ വീതം അനുവദിക്കും. ലാബുകൾ, ക്ലാസ് മുറികൾ, സ്റ്റുഡന്റ് / ഫാക്കൽറ്റി ഹോസ്റ്റൽ, ഇന്റർനാഷണൽ ഹോസ്റ്റൽ എന്നിവയ്ക്കാണ് പണം അനുവദിക്കുക.

എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക, ശാസ്ത്ര സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തിരുവനന്തപുരം വിളപ്പിൽശാലയിൽ നിർമ്മാണം ആരംഭിച്ചു. 70 കോടി രൂപ ചെലവിൽ 1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ 7 നിലകളുള്ള ബ്ലോക്കാണ് ഒരുക്കുന്നത്. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ കിഫ്ബി ധനസഹായത്തോടെ 75 കോടി രൂപ ചെലവഴിച്ച് ആധുനിക ലാബ് സമുച്ചയം നിർമ്മിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം കോംപ്ലക്സ് നിർമ്മിക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല തൃക്കാക്കര ക്യാമ്പസിൽ 10.41 കോടി രൂപ മുതൽമുടക്കി 120 ആൺകുട്ടികൾക്ക് താമസിക്കാവുന്ന 2002 ച.മീ വിസ്തീർണ്ണമുള്ള ഹോസ്റ്റൽ നിർമ്മിച്ചു. കാലിക്കറ്റ് സർവ്വകാലശാലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 250 മുറികളുള്ള ഹോസ്റ്റൽ നിർമ്മിച്ചു. കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസിൽ 28.21 കോടി രൂപ കിഫ്ബി ധനസഹായത്തോടെ രാജ്യന്തര ഹോസ്റ്റലും വനിതാ ഹോസ്റ്റലും നിർമ്മിച്ചു. കണ്ണൂർ സർവ്വകലാശാലയിൽ 7.5 കോടി രൂപ ചിലവിട്ട് ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ കെട്ടിടം നിർമ്മിച്ചു. മഞ്ചേശ്വരം ക്യാമ്പസിൽ വനിതാ ഹോസ്റ്റൽ നിലേശ്വരം ക്യാമ്പസിൽ മെൻസ് ഹോസ്റ്റൽ, ധർമ്മശാല ക്യാമ്പസിൽ രാജ്യാന്തര ഹോസ്റ്റൽ എന്നിവ നിർമ്മിക്കാൻ 18.73 കോടി രൂപ അനുവദിച്ചു. സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 771 കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചത്.

450 കേരള സാങ്കേതിക സർവകലാശാലക്കും മെഡിക്കൽ സർവ്വകലാശാലക്കും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിക്കും പുതിയ ആസ്ഥാന മന്ദിരങ്ങൾ പണിയും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന് പുതിയ ആസ്ഥാന മന്ദിരം ലഭ്യമാക്കും.

സാങ്കേതിക സർവകലാശാല ആസ്ഥാന മന്ദിരത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു. ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 12 കോടി രൂപ ചിലവിട്ട് തിരുവനന്തപുരം ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന് സമീപം ആസ്ഥാനമന്ദിരം പണിയാനുള്ള നടപടികൾ പുരോഗമിക്കുന്നു.

451. ഉന്നതവിദ്യാഭ്യാസ മേഖലയുടെ പദ്ധതി അടങ്കൽ ഗണ്യമായി ഉയർത്തും.

ഉന്നത വിദ്യാഭ്യാസത്തിന് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് 20 ശതമാനം വർദ്ധനവോടെ പദ്ധതി അടങ്കൽ അനുവദിച്ചു. 2023-24 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 900 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചു. ഡിജിറ്റൽ സർവകലാശാല, കേരള നോളജ് ഇക്കോണമി മിഷൻ, കെ-ഡിസ്ക്, കെ-സ്പേസ്, ലൈഫ് സയൻസ് പാർക്കുകൾ എന്നിവയ്ക്കനുവദിച്ച തുകയ്ക്കു പുറമേയാണിത്. 2024-25 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 870 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചു. ഡിജിറ്റൽ സർവകലാശാല, കേരള നോളജ് ഇക്കോണമി മിഷൻ, കെ-ഡിസ്ക്, കെ-സ്പേസ്, ലൈഫ് സയൻസ് പാർക്കുകൾ എന്നിവയ്ക്കനുവദിച്ച തുകക്കുപുറമേയാണിത്.

452. ഐ.ഐ.ഐ.ടി.എം.കെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തിയിട്ടുണ്ട്. ഇന്നവേറ്റീവ് ഗവേഷണത്തിനും സംരംഭകത്വ പ്രോത്സാഹനത്തിനും ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർണ്ണായക പങ്ക് വഹിക്കാനാവുംവിധം വികസിപ്പിക്കും.

ഐഐഐടിഎംകെ (IIITMK) ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) ആയി ഉയർത്തപ്പെട്ടു, അക്കാദമിക പരിപാടികൾ 2021-ൽ ആരംഭിച്ചു, ഇതിനകം രണ്ട് ബാച്ചുകൾ ബിരുദം നേടിയിട്ടുണ്ട്. ആകെ 331 വിദ്യാർത്ഥികൾ ബിരുദം നേടിയിട്ടുണ്ട്, അതിൽ 65% പേർക്ക് തൊഴിൽ ലഭിച്ചു. DUK നിലവിൽ 12 പി.ജി പ്രോഗ്രാമുകൾ നടത്തുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK)ക്ക് ഇതുവരെ 16 പേറ്റന്റുകളും, 205 ഗവേഷണ പ്രസിദ്ധീകരണങ്ങളും, 84 ധാരണാപത്രങ്ങളും (MoU), 10 സ്റ്റാർട്ടപ്പുകളും ഉണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) വിവിധ വിഷയങ്ങളിലായി പി.എച്ച്.ഡി. പ്രോഗ്രാമുകൾ നൽകുന്നു, ഡിജിറ്റൽ സയൻസ്, ഇൻഫർമാറ്റിക്സ്, എ.ഐ, ഇലക്ട്രോണിക്സ്, ഹ്യുമാനിറ്റീസ് തുടങ്ങിയ മേഖലകളിൽ ആധുനിക ഗവേഷണത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടാണ് ഈ പ്രോഗ്രാമുകൾ നടത്തുന്നത്. അക്കാദമിക്, വ്യാവസായിക പശ്ചാത്തലമുള്ള ഗവേഷകർക്ക് അനുയോജ്യമായി ഫുൾ ടൈം, പാർട്ട് ടൈം പി.എച്ച്.ഡി. പ്രോഗ്രാമുകൾ ലഭ്യമാണ്.

യൂണിവേഴ്സിറ്റി ഇതിനകം നിരവധി ഉന്നത ഗവേഷണ കേന്ദ്രങ്ങൾ (Centres of Excellence - CoEs) ആരംഭിച്ചിട്ടുണ്ട്. ഇവ ഗവേഷണം, നവീകരണം, വികസനം എന്നിവയിൽ പ്രത്യേക ശ്രദ്ധ നൽകുന്നു.

454 സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ ഫലങ്ങൾ അടുത്തു മനസ്സിലാക്കാനും പ്രധാന വിദേശ ഭാഷകളിൽ നമ്മുടെ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ സജ്ജമാക്കാൻ സർവ്വകലാശാലകളിൽ സംവിധാനം ഒരുക്കും.

സർവ്വകലാശാലകളിൽ വിദേശ ഭാഷ പഠനത്തിനുള്ള സൗകര്യം ഉറപ്പാക്കി. മലയാളം സർവ്വകലാശാലയുടെ പൊന്നാനി, ഇരിഞ്ഞാലക്കുട ഉപകേന്ദ്രങ്ങളിൽ കേരള ലാംഗ്വേജ് നെറ്റ്വർക്ക് മുഖേന വിദേശ ഭാഷകളിൽ പ്രാവീണ്യം നേടാനുള്ള സൗകര്യമൊരുക്കി. അസാപ്പിന്റെ അഭിമുഖ്യത്തിൽ ജർമ്മൻ, ജാപ്പനീസ്, ഫ്രഞ്ച്, അറബിക്ക്, ഇംഗ്ലീഷ് ഭാഷപഠനത്തിന് പുതിയ കോഴ്സുകൾ ആരംഭിച്ചു. 2024-25 അദ്ധ്യയന വർഷം മുതൽ ആരംഭിച്ച നാലുവർഷ ബിരുദപ്രോഗ്രാമിന്റെ കരിക്കുലം പ്രകാരം എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകളുടെ ഭാഗമായി വിദേശഭാഷാ പഠനം ഉൾപ്പെടുത്തി. പ്രസ്തുത കോഴ്സുകൾക്ക് ലഭിക്കുന്ന ക്രെഡിറ്റ് ബന്ധപ്പെട്ട ബിരുദ പ്രോഗാമിന്റെ ക്രെഡിറ്റ് ഘടനയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതിനാവശ്യമായ റെഗുലേഷനുകൾ സർവകലാശാലകൾ നിർമിച്ചു.

455 ഓൺലൈനായുള്ള മൂക് മാതൃകയിലുള്ള കോഴ്സുകളുടെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തും. പരമ്പരാഗതമായ കോഴ്സുകളും മൂക് കോഴ്സുകളും മിശ്രമാക്കാവുന്നതാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി, കേരള സർവകലാശാലകൾ ഓൺലൈൻ കോഴ്സുകൾ നടത്തിവരുന്നു. നാലുവർഷ ബിരുദപ്രോഗ്രാമിന്റെ കരിക്കുലം ഘടനയിൽ അധ്യയനം ബ്ലെൻഡഡ് മാതൃകയിൽ ആകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി പരമ്പരാഗത കോഴ്സുകളുടെയും ഒൺലൈൻ കോഴ്സുകളുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തിവരുന്നു.

456 കേരളത്തിലെ സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായുള്ള സമ്പർക്കവും അക്കാദമിക് സഹകരണങ്ങളും പ്രോത്സാഹിപ്പിക്കും.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ, സർവകലാശാലകൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഐ.എച്ച്.ആർ.ഡി, അസാപ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിദേശ സർവകലാശാലകളും സ്ഥാപനങ്ങളുമായി കരാറുകളിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചു. കേരള സർവ്വകലാശാലയിൽ അമേരിക്കൻ പഠനകേന്ദ്രത്തിന് പ്രത്യേക ഫണ്ടായി 2 കോടി രൂപ അനുവദിച്ചു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ നേതൃത്വത്തിൽ നെതർലൻസിലെ ലേയ്ഡൻ സർവ്വകലാശാലയുമായി മുസിരിസ് പഠനത്തിന് കരാറിൽ ഏർപ്പെട്ടു. കേരള സർവ്വകലാശാലയും യൂറോപ്യൻ യൂണിയനുമായി ചേർന്ന് എക്കോ മറൈൻ പദ്ധതി നടപ്പിലാക്കിവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഐ.സി.പി.എസ്സിന് ധ്രുവ മേഖല കേന്ദ്രീകരിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളിൽ രാജ്യന്തര സഹകരണം വിപുലീകരിക്കാൻ സഹായകമാകുന്ന യൂണിവേഴ്സിറ്റി ഓഫ് ദ ആർട്ടിക് അംഗത്വം ലഭിച്ചു.സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജിയും പെട്രോ കെമിക്കൽ മേഖലയിലെ പ്രമുഖ റഷ്യൻ കമ്പനിയായ സിബുറുമായുള്ള സഹകരണ പദ്ധതി നിലവിലുണ്ട്. യുണി കോറിയ ഫൗണ്ടേഷൻ, നെതർലാൻസിലെ റാബൗണ്ട് സർവ്വകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സ്, യൂണിവേഴ്സിറ്റി ഓഫ് മലേഷ്യ, ടൈലേഴ്സ് യൂണിവേഴ്സിറ്റി ഓഫ് മലേഷ്യ തുടങ്ങിയ സ്ഥാപനങ്ങളുമായി കരാറുകളിൽ ഏർപ്പെട്ടു.

കേരളവും ക്യൂബയും തമ്മിലുള്ള സഹകരണ പദ്ധതി നവീനമായ ചുവട് വെയ്പ്പാണ്. സംസ്കൃതസർവ്വകലാശാലയും യുറോപ്യൻ യൂണിയന്റെ അദ്ധ്യാപക വിദ്യാർത്ഥി കൈമാറ്റത്തിനുള്ള സാമ്പത്തിക സഹായ പദ്ധതിയായ ഇറാസ്മസ് പ്ലസ്സിന്റെ ഭാഗമായി വിയന്ന സെൻട്രൽ യുറോപ്യൻ യുണിവേഴ്സിറ്റിയുമായി ഒപ്പ് വെച്ച കരാർ, നെതർലൻസിലെ ഗ്രോണിഞ്ചൻ സർവ്വകലാശാലയുമായി അദ്ധ്യാപക, വിദ്യാർത്ഥി കൈമാറ്റത്തിനുള്ള ധാരണ എന്നിവ നടപ്പിലാക്കി വരുന്നു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, എഡിൻബറാ യൂണിവേഴ്സിറ്റി, മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി എന്നിവയുമായി കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റി അക്കാദമിക് സഹകരണത്തിനുള്ള MoU ഒപ്പുവച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ GEMS (Global Engagement Management System) ഫണ്ടിംഗ് മുഖേന പി.എച്ച്.ഡി. സ്കോളർഷിപ്പുകളും ഡോക്ടറൽ സ്റ്റുഡന്റ്ഷിപ്പുകളും ലഭ്യമാക്കും.

457 ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ സ്പോക്കൺ അറബി കോഴ്സുകൾക്കു പ്രാധാന്യം നൽകി ഒരു പഠനകേന്ദ്രം ആരംഭിക്കും.

ചരിത്രകാരനായിരുന്ന ഷെയ്ക്ക് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ മലയാളം സർവകലാശാലയുടെ ആഭിമുഖ്യത്തിൽ പൊന്നാനിയിൽ സ്ഥാപിച്ച കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് ഉപകേന്ദ്രത്തിൽ അറബിക്, ജർമ്മൻ, സ്പാനിഷ്, ഫ്രഞ്ച്, ചൈനീസ് തുടങ്ങിയ വിവിധ വിദേശ ഭാഷകളിൽ പ്രാവീണ്യം നേടാനുള്ള സൗകര്യമൊരുക്കി.

458 ഉന്നത വിദ്യാഭ്യാസ വ്യവസായ വികസന സഹകരണം ശക്തിപ്പെടുത്തും. ട്രാൻസ്ലേഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉന്നതവിദ്യാപീഠങ്ങൾ, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, നൂതനവിദ്യാ പ്രോത്സാഹന പദ്ധതികൾ

എന്നിവയൊക്കെയായിരിക്കും ഈ സഹകരണത്തിന്റെ മുഖ്യചാലുകൾ.

കേരള സർവ്വകലാശാല, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല എന്നിവിടങ്ങളിൽ 37.6 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ട്രാൻസ്‌ലേഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. വിവിധ സർവകലാശാലകൾക്ക് കീഴിൽ 6 ട്രാൻസ്‌ലേഷണൽ റിസർച് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കിഫ്ബി ധനസഹായത്തോടു കൂടിയ പദ്ധതിക്ക് അനുമതി നൽകി. 37.59 കോടി രൂപയുടെ രണ്ടു കേന്ദ്രങ്ങൾക്ക് കിഫ്ബി ധനാനുമതി നൽകി. 96.36 കോടി രൂപയ്ക്ക് നാല് കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കുന്നതിനുള്ള നിർദേശം പരിശോധിച്ചുവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 20 പോളിടെക്നിക്ക് കോളേജുകളിലായി 40 ഇൻഡസ്ട്രി ഓൺ കാമ്പസ് യൂണിറ്റുകൾ പ്രവർത്തനസജ്ജമായി. ഇവയിൽ 11 സ്ഥാപനങ്ങളിലെ യൂണിറ്റുകൾ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷന് 75 ഇലക്ട്രിക് ഓട്ടോറിക്ഷകൾ കോഴിക്കോട് ഗവ. പോളിടെക്നിക്ക് കോളേജ് നിർമ്മിച്ചു നൽകി. ഐ.എച്ച്.ആർ.ഡിയുടെ കൊട്ടാരക്കര എഞ്ചിനിയറിംഗ് കോളേജ് ക്യാമ്പസിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പ്രവർത്തനമാരംഭിച്ചു. കൃഷി, മാലിന്യ സംസ്കരണം, ശുദ്ധജല വിതരണം, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട 12 സാങ്കേതിക വിദ്യകൾ ഗ്രാമീണ മേഖലക്ക് സഹായകമാകുന്ന തരത്തിൽ ലഭ്യമാക്കുന്നതിന് ഭാഭ ആണവ ഗവേഷണ കേന്ദ്രത്തിന്റെ അകൃതി സെന്റർ സ്ഥാപിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ധാരണയിലെത്തി.

459 അഫിലിയേറ്റഡ് കോളജുകളിലെ ക്ലാസ് മുറികൾ മുഴുവൻ ഡിജിറ്റലൈസ് ചെയ്യും. അസാപ്പിനായിരിക്കും ഇതിന്റെ ചുമതല.

അസാപ് സമർപ്പിച്ച പദ്ധതി നിർദ്ദേശം പരിശോധിച്ചുവരുന്നു.

460 സർക്കാർ കോളജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ 512 കോടി രൂപ വീതം മുടക്കി വിപുലീകരിക്കും. നാക് അക്രെഡിറ്റേഷനുവേണ്ടിയുള്ള സൗകര്യങ്ങളൊരു ക്കുന്നതിനു പ്രത്യേക ധനസഹായം നൽകും.

കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ വികസനത്തിന് 2718 കോടി രൂപ നീക്കിവെച്ചു. 1966 കോടി രൂപ വിനിയോഗിച്ചു. നടപ്പ് സാമ്പത്തിക വർഷം 884.42 കോടി രൂപ ഉന്നത വിദ്യാഭ്യാസത്തിനായി നീക്കിവെച്ചിട്ടുണ്ട്.

റൂസ / പി.എം.ഉഷ പദ്ധതികൾ മുഖേന 158 പദ്ധതികളിലായി 532 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പുരോഗമിക്കുന്നു.

462 ഉന്നത വിദ്യാഭ്യാസ മേഖലയിലെ ബിരുദബിരുദാനന്തര പഠനത്തിനുള്ള കരിക്കുലം പരിഷ്കരിക്കും. വ്യത്യസ്ത വിഷയങ്ങളിലുള്ള നിപുണത വികസിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കും.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ബിരുദ പഠനത്തിനുള്ള കരിക്കുലം പരിഷ്കരിച്ചു. 2024-25 അധ്യയന വർഷം മുതൽ പുതുക്കിയ കരിക്കുലം അടിസ്ഥാനമാക്കിയുള്ള പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നു. 4 വർഷ ബിരുദ പ്രോഗ്രാം ആരംഭിച്ചു. വിവിധ നൈപുണികൾ ആർജ്ജിക്കുന്നതിനും തെരഞ്ഞെടുത്ത മേഖലകളിൽ പഠനകാലയളവിൽ വരുമാനം നേടുന്നതിനുമുള്ള സാധ്യതകൾ പുതിയ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സുകളുടെ അവസാന സെമസ്റ്ററും എഞ്ചിനീയറിംഗ് ബിരുദ കോഴ്സുകളുടെ അവസാന വർഷവും പൂർണ്ണമായും ഇന്റേൺഷിപ്പിനായി ഉപയോഗിക്കാൻ തിരുമാനിച്ചു.

463. ഉന്നത വിദ്യാഭ്യാസത്തിന്റെ ഈ പരിവർത്തനത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സി.ഡബ്ല്യു.ഡി.ആർ.എം, കെ.എഫ്.ആർ.ഐ. നാറ്റ്പാക് തുടങ്ങിയ സ്ഥാപനങ്ങളും സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. സ്റ്റെക്കിനു കീഴിലുള്ള ഗവേഷണ



സ്ഥാപനങ്ങൾക്കു പൂർണ ഓട്ടോണമി നൽകുകയും കൗൺസിലിന്റെ ചുമതല ഏകോപനം, അവലോകനം, പൊതുദിശ നിർണയിക്കൽ എന്നിവയിൽ ഒതുക്കുകയും ചെയ്യും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ലോകോത്തര സ്ഥാപനമാക്കും.

കെ.എസ്.സി.എസ്.ടി.ഇ.യുടെ കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് സ്തുത്യർഹമായ സംഭാവനകൾ നൽകുന്നു. ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിനുള്ള അവസരങ്ങളും ബിരുദ ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്കുള്ള പരിശീലനങ്ങളും ഗവേഷണ സ്ഥാപനങ്ങൾ നൽകുന്നുണ്ട്. കഴിഞ്ഞ വർഷം 16 പിഎച്ച്.ഡി. വിദ്യാർത്ഥികൾക്ക് ബിരുദം ലഭിച്ചു. 112 ബി.ടെക്, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ഈ ഗവേഷണ വികസന സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടി. കൂടാതെ, കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ലോകോത്തര നിലവാരമുള്ള ഇൻറ്റഗ്രേറ്റഡ് എം.എസ്.സി. പ്രോഗ്രാം നടത്തിവരുന്നു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജി, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നീ സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി നൽകിക്കഴിഞ്ഞു

464 കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് ഓട്ടോണമി നൽകും. ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരമുള്ള ഇന്ത്യയിലെ ഏറ്റവും നല്ല ചലച്ചിത്ര പാഠശാലയാക്കി മാറ്റും.

കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് ഓട്ടോണമി നൽകി. പ്രശസ്ത സംവിധായകൻ സയീദ് മിർസയെ ചെയർമാനായും പുനൈ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റിയുട്ട് ഓഫ് ഇന്ത്യയിൽ ഫിലിംസ് ഡീൻ ആയിരുന്ന പി ആർ ജിജോയിയെ ഡയറക്ടറായും നിയമിച്ചു. മൂന്നു വർഷ പി.ജി ഡിപ്ലോമ കോഴ്സുകൾ പുനഃക്രമീകരിച്ചു.

465 പഠനത്തിനൊപ്പം വരുമാനം കൂടി ഉറപ്പാക്കാൻ സാധിക്കും വിധം ഏൺ ബൈ ലേൺ പദ്ധതി വിപുലീകരിക്കും.

ക്യാമ്പസുകളെ ഉൽപ്പാദന കേന്ദ്രങ്ങളാക്കി മാറ്റി പഠനത്തിനൊപ്പം വരുമാനവും കണ്ടെത്താൻ പോളിടെക്നിക്ക് കോളേജുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വെസ്റ്റ് ഹിൽ പോളിടെക്നിക്ക് കോളേജിലെ വിദ്യാർത്ഥികൾ കോഴിക്കോട് കോർപ്പറേഷൻ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കായി 30 ഇ-ഓട്ടോറിക്ഷകൾ നിർമ്മിച്ചു നൽകി. കോളേജ് ക്യാമ്പസുകളിൽ വ്യവസായ വകുപ്പുമായി ചേർന്ന് ക്യാമ്പസ് ഇൻഡട്രിയൽ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിച്ചു. പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സുകളുടെ അവസാന സെമസ്റ്ററും എഞ്ചിനീയറിംഗ് ബിരുദ കോഴ്സുകളുടെ അവസാന വർഷവും പൂർണ്ണമായും ഇന്റേൺഷിപ്പിനായി ഉപയോഗിക്കാൻ തിരുമാനിച്ചു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ കോളേജുകളിൽ സോപ്പ് നിർമ്മാണം, കൂൺ കൃഷി, ഫുഡ് പ്രോസസ്സിംഗ് വിവിധ ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലൂടേയും വിപണനത്തിലൂടെയും വിദ്യാർത്ഥികൾ പഠനത്തോടൊപ്പം വരുമാനവും കണ്ടെത്തിവരുന്നു. ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇലക്ട്രോണിക് സ്റ്റെബിലൈസർ, എൽഇഡി ബൾബുകൾ, അലങ്കാര വിളക്കുകൾ മുതലായവയുടെ നിർമാണ-വിപണനത്തിലൂടെ വരുമാനം ആർജിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ പഠനത്തോടൊപ്പം വരുമാനവും കണ്ടെത്തുന്നുണ്ട്.

466 പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 60 ഇൻക്യുബേറ്റുകളുള്ള രണ്ട് ഇൻക്യുബേഷൻ സെന്ററുകളും, 160 സ്റ്റാർട്ടപ്പുകളും ഇൻക്യുബേറ്റ് ചെയ്തു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഐ.എച്ച്.ആർ.ഡി യുടെ കൊട്ടാരക്കര എൻജിനീയറിങ് കോളേജിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ടെക്നോളജി ഇൻക്യൂബേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ എൻജിനീയറിങ് കോളേജുകളിലും വിവിധ പോളിടെക്നിക് കോളേജുകളിലും ടെക്നോളോജിക്കൽ ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

467 വിവിധ സർവ്വകലാശാല ലൈബ്രറികളിലെ ഇ-റിസോഴ്സ് മറ്റിതര സർവ്വകലാശാലകളിലടക്കമുള്ള സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇ-ജേർണൽ കൺസോർഷ്യം നടപ്പാക്കും. സർവ്വകലാശാലകളിലെയും അഫിലേറ്റഡ് കോളേജു കളിലെയും ഡിപ്പാർട്ട്മെന്റുകളെ ഗ്രേഡ് ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കും. മികച്ച ഗ്രേഡ് ലഭിക്കുന്ന ഡിപ്പാർട്ട്മെന്റുകൾക്ക് പ്രത്യേക ധനസഹായം നല്കും.

ഇ-ജേർണൽ കൺസോർഷ്യം നിലവിൽ വന്നു. സർവ്വകലാശാലകളിലെയും അഫിലേറ്റഡ് കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളെ ഗ്രേഡ് ചെയ്യുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സാക് നിലവിൽവന്നു. സാക്ന്റെ നേതൃത്വത്തിൽ സർവകലാശാലാ ഡിപ്പാർട്ടമെന്റുകളെയും കോളേജുകളെയും ഗ്രേഡ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

468 ജ്ഞാനസമൂഹമായുള്ള കേരളത്തിന്റെ പരിവർത്തനത്തിന്റെ പശ്ചാത്തലത്തിൽ ഒട്ടേറെ ബഹുവിഷയ സ്പർശിയായ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. കല, സാംസ്ക്കാരിക മേഖലയിൽ ഇത്തരത്തിലുള്ള സ്ഥാപനമായിരിക്കും സ്കോപ്. ഇത് കേരളത്തിലും ഇന്ത്യയിലും അന്യരാജ്യങ്ങളിലുമുള്ള വിവിധ ശാസ്ത്ര, കലാ, സാഹിത്യ, വൈജ്ഞാനിക മേഖലകളിലെ പ്രഗത്ഭർക്ക് ഒത്തുകൂടി പ്രവർത്തിക്കാനുള്ള സംവിധാനമൊരുക്കും.

സ്കോപ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവരുന്നു.

469 സ്വാശ്രയ സ്ഥാപനങ്ങളിലെ അക്കാദമിക ഗുണമേന്മ ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള അക്രെഡിറ്റേഷൻ സംവിധാനം ആരംഭിക്കും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ഭാവിയിൽ പുതിയ കോഴ്സുകൾ അനുവദിക്കുക. ഇത്തരം സ്ഥാപനങ്ങളിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അവ ഫലപ്രദമാക്കും.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിലുള്ള സാക് സ്വാശ്രയ സ്ഥാപനങ്ങളെ അക്രഡിറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരള ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെംവർക്ക് അടിസ്ഥാനമാക്കി റാങ്കിംഗ് ആരംഭിച്ചു. 10 സർവ്വകലാശാലകൾ, 216 ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ, 72 എഞ്ചിനിയറിംഗ് കോളേജുകൾ, 7 മാനേജ്മെന്റ് പഠന കോളേജുകൽ, 8 ഡെന്റൽ കോളേജുകൾ, 6 ഫാർമസി കോളേജുകൽ, 3 ലോ കോളേജുകൾ, 20 നേഴ്സിംഗ് കോളേജുകൾ, 12 കാർഷിക കോളേജുകൾ എന്നിങ്ങനെ 449 സ്ഥാപനങ്ങളുടെ റാങ്കിംഗ് പൂർത്തീകരിച്ചു.

470 സർവ്വകലാശാലകളിലെ സിലബസ് കാലോചിതമായി പരിഷ്കരിക്കും. പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ഓരോ സർവ്വകലാശാലയും അവരവരുടെ സിലബസ് നിർമ്മാണം പൂർത്തീകരിക്കും.

ബിരുദതല കരിക്കുലം പരിഷ്കരണ നടപടികൾ പൂർത്തിയായി. ഇതിന്റെ തുടർച്ചയായി 2024-25 അക്കാദമിക വർഷം മുതൽ ബിരുദ പ്രോഗ്രാമുകൾ നാല് വർഷ ബിരുദ പ്രോഗ്രാമുകളായി മാറി. ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനിച്ചു.

471 കൂടുതൽ ഡോക്ടറൽ സീറ്റുകളും സ്കോളർഷിപ്പുകളും അനുവദിക്കും. ജ്ഞാനോൽപ്പാദനത്തിന് ശേഷിയും യോഗ്യതയുമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനു ബിരുദബിരുദാനന്തര കാലത്ത് വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കും. ഗവേഷണ മെത്തഡോളജിയിൽ പാർട്ട്ടൈം കോഴ്സുകൾ ആരംഭിക്കും.

631 പുതിയ ഗൈഡുകളുടെ കീഴിൽ 3,786 ഗവേഷണ സീറ്റുകൾ കൂടി അനുവദിച്ചു. വിവിധ സർവകലാശാലകളിൽ കരിക്കുലം പരിഷ്കരണ നടപടികൾ പൂർത്തിയായി. ഇതിന്റെ ഭാഗമായി സർവകലാശാലകൾ ഗവേഷണ രീതിശാസ്ത്രത്തിൽ പുതിയ കോഴ്സുകൾ തയ്യാറാക്കി. ഗവേഷകവിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുള്ള സ്കോളർഷിപ്പുകൾക്ക് പത്തു കോടി രൂപ അനുവദിച്ചു. അന്താരാഷ്ട്ര തലത്തിൽ അക്കാദമികമായി മുന്നിൽ നിൽക്കുന്ന മികച്ച 200 സർവ്വകലാശാലകളിൽ ഹ്രസ്വകാല ഗവേഷണം നടത്തുന്നതിന് ഗവേഷക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകിവരുന്നു.

472 472 കേരളത്തിലെ അക്കാദമിക ജേണലുകൾക്ക് ഉദാരമായ സാമ്പത്തിക പിന്തുണ നൽകും. ഈ ജേണലുകൾ റഫറീഡ് പ്രസിദ്ധീകരണങ്ങളാണെന്ന് ഉറപ്പുവരുത്തും.

വിവിധ സർവ്വകലാശാലകളും കോളേജുകളും അക്കാദമിക ജേണലുകളും പ്രസിദ്ധീകരിച്ചുവരുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഹയർ എഡ്യൂക്കേഷൻ മാറ്റേഴ്സ് ജേണൽ നിലവിലുണ്ട്. ഐ.എച്ച്.ആർ.ഡി ഇന്റർനാഷണൽ ജേണൽ ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നോവേഷൻ എന്ന അക്കാദമിക്ക് ജേണൽ ആരംഭിച്ചു.

473 അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനു ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള നടപടികൾ കൂടുതൽ ലളിതമാക്കും. ഉദാരമായ സാമ്പത്തിക പിന്തുണയോടെ വിവിധ മേഖലകളിൽ ഗവേഷണ പ്രോജക്ടുകളെടുക്കാൻ ഈ സ്ഥാപനങ്ങളെ പ്രേരിപ്പിക്കും. ഷിഫ്റ്റ് അടിസ്ഥാനത്തിലോ അല്ലാതെയോ കോഴ്സുകൾ നടത്തുന്നതിന് കോളേജുകളുടെ ഗ്രേഡ് കണക്കിലെടുത്തുകൊണ്ടായിരിക്കും.

ബിരുദാനന്തര ബിരുദ കോഴ്സുകളുടെ കരിക്കുലം പരിഷ്കരണത്തിന്റെ തുടർച്ചയായി സ്ഥാപനങ്ങളുടെ ഗ്രേഡ് അനുസരിച്ച് ഷിഫ്റ്റ് അടിസ്ഥാനത്തിൽ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണിക്കും.

474 എല്ലാ കോളേജ് അധ്യാപകർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിനു മുമ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്‍ഡക്ഷൻ കോഴ്സുകൾ സംഘടിപ്പിക്കും. അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾക്കു വേണ്ടിയുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തും. മാനദണ്ഡങ്ങൾക്കനുസരിച്ച് പൂർണ്ണമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കും.

അധ്യാപകരുടെയും അനധ്യാപകരുടെയും സമഗ്ര പരിശീലനത്തിനായി വിഭാവനം ചെയ്തിട്ടുള്ള സെന്റർ ഓഫ് എക്സലെൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് സ്ഥാപിച്ചു.

475 സർവ്വകലാശാലാ കേന്ദ്രങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ പൂർണമായും നികത്തും. പുതിയ വകുപ്പുകളും അതിന് ആവശ്യമായ പിന്തുണാസംവിധാനങ്ങളും സൃഷ്ടിക്കും.

കണ്ണൂർ സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഇവ ഉൾപ്പെടെ വിവിധ സർവ്വകലാശാലകളിലായി 246 അധ്യാപക തസ്തികകളിലും 562 അനധ്യാപക തസ്തികകളിലും നിയമനം നടത്തി.

476 സർവകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളായി മാറ്റും. പഴയ പുസ്തകങ്ങളും രേഖകളുമെല്ലാം ഡിജിറ്റലൈസ് ചെയ്യും. ലൈബ്രറി, പുസ്തകമെടുക്കുന്നതിനു മാത്രമല്ല, കുട്ടികൾക്കുള്ള ഒരു പഠനകേന്ദ്രം കൂടിയാക്കി മാറ്റും. നൂറുകണക്കിന് കുട്ടികൾക്ക് ഒരുമിച്ചിരിക്കുന്നതിന് ആവശ്യമായ വിശാലമായ ഹാളുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലൈബ്രറികളിൽ ലഭ്യമാക്കും. സർവ്വകലാശാല, കോളേജ് ലൈബ്രറികളെ ഓൺലൈനായി ബന്ധിപ്പിക്കും.

കാൾനെറ്റിന്റെ രണ്ടാം ഘട്ടം പുരോഗമിക്കുന്നു. കോളേജ് ലൈബ്രറികളെ പൊതുവായ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ സർവകലാശാലകളുടെ സഹായത്തോടെ പുരോഗമിക്കുന്നു. മലയാളം സർവ്വകലാശാലാ, സേറ്റ് സെൻട്രൽ ലൈബ്രറി എന്നീ സ്ഥാപനങ്ങൾ പുസ്തക ശേഖരം ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനം ആരംഭിച്ചു.

477 സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് സർക്കാർ ഗ്രാന്റിന് പുറമേ സംഭാവനകളും എൻഡോവ്മെന്റുകളും ചേർത്ത് വിപുലീകരിക്കും. സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കും.

എല്ലാ ഗവേഷകർക്കും 10,000 രൂപ വീതം റിസർച്ച് ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതി പ്രഖ്യാപിച്ചു. വിവിധ സർവ്വകലാശാലകളിൽ നിന്ന് പഠിച്ചിറങ്ങുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള 1000 പ്രതിഭാധനരായ ബിരുദ വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നൽകിവരുന്നു. നൂതന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാലാ 100 ഗവേഷണ വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ ഫെല്ലോഷിപ്പുകൾ നൽകി. എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്ക് ഗവേഷണത്തിനായി എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലാ പരമാവധി 2 ലക്ഷം രൂപവരെ ഗ്രാന്റ് നൽകുന്നു. ഗവേഷക വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആവാൻ സ്കോളർഷിപ്പുകൾക്ക് 10 കോടി രൂപ അനുവദിച്ചു.

478 സർവ്വകലാശാല നിയമങ്ങൾ പുനരവലോകനം ചെയ്യുകയും അക്കാദമിക മികവിനു മുൻതൂക്കം നല്കിക്കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യും.

നിയമ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിയമ നിർമാണ /

പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചു. നിയമസഭാ നടപടിക്രമങ്ങൾ നടന്നുവരുന്നു.

479 പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസിനെ ആധുനീകരിച്ചുകൊണ്ട് അലോട്ട്മെന്റ് പ്രക്രിയ ലളിതമാക്കും. ഇതുപോലെ വിവിധ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിക്കുമ്പോൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ, പ്രത്യേകിച്ച് എസ്.സി/ എസ്.ടി വിഭാഗത്തിലുള്ളവരുടെയും മിശ്രവിവാഹത്തിലുള്ള വരുടെയും നടപടി ക്രമങ്ങൾ ലളിതമാക്കും.

പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസ് ആധുനീകരിച്ച പുതിയ ഓഫീസിലേക്ക് മാറ്റി. 2024-25 വർഷം മുതൽ എൻജിനീയറിങ് പ്രവേശന പരീക്ഷ പൂർണമായും ഓൺലൈനിലായി.

480 ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉറപ്പ് വരുത്തും. വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പ് വരുത്തും.

നിയമ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയാറാക്കി വരുന്ന സർവ്വകലാശാലാ നിയമഭേദഗതിയിൽ വിദ്യാർത്ഥികൾക്കുള്ള അവകാശ രേഖ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

481 കോളേജ് ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കും. അവയ്ക്ക് പ്രത്യേക ധനസഹായം അനുവദിക്കും.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോളേജ് ക്ലസ്റ്ററുകളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗവേഷണ സൗകര്യങ്ങൾ പങ്കുവയ്ക്കുന്നത് സാധ്യമാക്കുന്നതിന് കേരള നെറ്റ്വർക്ക് ഫോർ റിസേർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ എന്ന പേരിൽ ഒരു മികവിന്റെ കേന്ദ്രം ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ പ്രവർത്തനമാരംഭിച്ചു.

482 സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. സ്വാശ്രയ കോളേജുകളിൽ മിനിമം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും നിയമനങ്ങളിൽ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

നിയമ നിർമാണം പൂർത്തിയായി. കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ പരിശോധനയിലാണ്.

483 കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾക്കെല്ലാം അക്രെഡിറ്റേഷൻ ലഭിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. തെരഞ്ഞെടുത്ത കോളേജുകളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസ് ആയി ഉയർത്തും.

എല്ലാ സർക്കാർ എൻജിനീയറിങ് കോളേജുകളിലെയും ആറു സർക്കാർ പോളിടെക്നിക് കോളേജുകളിലെയും ഭൂരിഭാഗം സർക്കാർ കോസ്റ്റ് ഷെയറിങ് കോളേജുകളിലെയും വിവിധ വകുപ്പുകൾ എൻബിഎ അക്രെഡിറ്റേഷൻ നേടിയിട്ടുണ്ട്. വട്ടിയൂർക്കാവ് സർക്കാർ പോളിടെക്നിക് കോളേജിലെയും പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനീയറിങ് കോളേജിലെയും എല്ലാ വകുപ്പുകളും എൻബിഎ അക്രെഡിറ്റേഷൻ നേടി. ഇവ ഉൾപ്പെടെ കേരളത്തിലെ 63 എൻജിനീയറിങ് കോളേജുകളിലെ 283 ബിരുദ പ്രോഗ്രാമുകൾക്കും എട്ടു കോളേജുകളിലെ 12 ബിരുദാനന്തര പ്രോഗ്രാമുകൾക്കും എൻബിഎ അക്രെഡിറ്റേഷൻ ലഭിച്ചു.

## പൊതുജനാരോഗ്യം

485. പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടംമൂലമുണ്ടാകുന്ന മരണവും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗാതുരത കുറയ്ക്കുന്നതിനായുള്ള പദ്ധതി മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും.

രോഗാതുരത കുറയ്ക്കുന്നതിലൂടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്താനും ആരോഗ്യ ചെലവ് കുറച്ചുകൊണ്ടുവരാനുമാണ് ശ്രമിക്കുന്നത്.

ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും:- സംസ്ഥാനത്തെ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ കേരള ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠനഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക മുതലായ ലക്ഷ്യങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റസിലിയൻസ് സ്ഥാപിക്കാൻ തത്വത്തിൽ അനുമതി നൽകി. നോഡൽ ഓഫീസറെ നിയമിച്ചു.

ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതിന് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർസ് സെന്റർ കേരളയും എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു. 36 ഗവേഷണങ്ങൾ നടന്നുവരുന്നു. കൂടാതെ ഐ.സി.എം.ആർന്റെ ധനസഹായത്തോടെ 4 പദ്ധതികളും കെഎസ്എസിഎസ്/നാകോയുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നുവരുന്നു.

എസ്എച്ച്എസ്ആർസിയുടെ നേതൃത്വത്തിൽ ജീവിതശൈലീരോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയുർവേദത്തിലെ അറിവുകളെ നൂതന ജൈവ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

486. ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യും. രോഗികൾക്ക് കൃത്യമായി സബ്സെന്ററുകൾ വഴി മരുന്ന് ലഭ്യമാക്കും. തുടർച്ചയായ ജനകീയ മെഡിക്കൽ സർവ്വയലൻസും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പുവരുത്തിക്കൊണ്ട് രോഗാതുരത കുറയ്ക്കാനാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മുൻകൈയിൽ വിപുലമായൊരു ജനകീയ ആരോഗ്യ ക്യാമ്പയിനായി ഇതു വളർത്തിയെടുക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.

വാർഷികാരോഗ്യ പരിശോധന :- ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വാർഷികാരോഗ്യ പരിശോധനയെന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗനിർണ്ണയ പദ്ധതി മുഖാന്തിരം 30 വയസ്സിനു മുകളിലുള്ള എല്ലാ വ്യക്തികളെയും ജീവിത ശൈലി രോഗങ്ങൾ സ്ക്രീൻ ചെയ്ത് രോഗ നിർണ്ണയം നടത്തിവരുന്നു. ഒന്നാംഘട്ടത്തിൽ 1,54,26,178 പേരുടെ സ്ക്രീനിംഗ് പൂർത്തീകരിച്ചു. രണ്ടാംഘട്ട സ്ക്രീനിംഗ് പുരോഗമിക്കുന്നു. 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' ക്യാമ്പയിനിന്റെ ഭാഗമായി 'ശൈലി' ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാ പ്രവർത്തകരാണ് സർവേ നടത്തുന്നത്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ:- പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുവാൻ ലക്ഷ്യമിട്ടാണ് എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തത്. പുതിയ പകർച്ച വ്യാധികൾ, വർദ്ധിച്ചുവരുന്ന രോഗാതുരത, അതിവേഗം വർദ്ധിക്കുന്ന ജീവിത ശൈലീരോഗങ്ങൾ തുടങ്ങി പുതിയ കാലഘട്ടത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് ജനകീയ ആരോഗ്യ കേന്ദ്രങ്ങളോട



നുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിച്ചു. ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനമാർഗരേഖ, ക്ലിനിക്കൽ മാർഗരേഖ എന്നിവ പുറത്തിറക്കി.

നിർണ്ണയ ലാബ് നെറ്റ്‌വർക്കിംഗ് :- ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച് നെറ്റ്‌വർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചു.

ഏകാരോഗ്യ സമീപനം :- ജന്തുജന്യ രോഗങ്ങൾക്ക് കാരണമാകുന്ന അസാധാരണ സാഹചര്യങ്ങളും അതുമായി ബന്ധപ്പെട്ട ഘടകങ്ങളും മുൻകൂട്ടി കണ്ടെത്തി പങ്കാളിത്ത ഇടപെടൽ വഴി രോഗപകർച്ച തടയാനുള്ള പദ്ധതി ആവിഷ്കരിച്ചു. രാജ്യത്ത് ആദ്യമായി ആന്റി ബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം തടയാൻ ജില്ലാ, ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മറ്റികൾക്കുള്ള മാർഗ്ഗരേഖ പുറത്തിറക്കി. കോഴിക്കോട് ജില്ലയിലെ കക്കോടി, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ പദവി ലഭിച്ചു.

487. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതോടെ പ്രാഥമികാരോഗ്യതലത്തിലെ പരിവർത്തനം പൂർത്തിയാക്കും. എല്ലായിടത്തും ഉച്ചകഴിഞ്ഞും ഒ.പിയും ലാബും ഫാർമസിയുമുണ്ടാകുമെന്ന് ഉറപ്പുവരുത്തും. ബഹുഭൂരിപക്ഷം സ്ഥാപനങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ട 886 സ്ഥാപനങ്ങളിൽ 711 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തിപ്പിച്ചു. 5,415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 264 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. 8 മെഡിക്കൽ കോളേജുകളിലും 17 ജില്ലാ / ജനറൽ ആശുപത്രികളിലും 19 താലൂക്ക് ആശുപത്രികളിലും ഒ.പി പരിവർത്തനത്തിലായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 91 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. 136 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണനിലവാര സൂചികയായ എൻക്യൂഎഎസ് സർട്ടിഫിക്കേഷൻ ലഭിച്ചു. കോഴിക്കോട് ജില്ലയിലെ കക്കോടി, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ പദവി ലഭിച്ചു.

488. ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ നടപ്പിലാക്കും. ആരോഗ്യ വകുപ്പിനെ മെഡിസിൻ, ആയുഷ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. മോഡേൺ മെഡിസിന് പബ്ലിക് ഹെൽത്ത്, ക്ലിനിക്കൽ സർവ്വീസസ്, മെഡിക്കൽ എഡ്യുക്കേഷൻ എന്നിങ്ങനെ മൂന്നു ഉപവിഭാഗങ്ങളുണ്ടാവും. പ്രാഥമിക, സാമൂഹിക, ആരോഗ്യ കേന്ദ്രങ്ങളിലെ

ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ലാ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ, വിവിധ പൊതുജനാരോഗ്യ പരിപാടികളുടെ ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽപ്പെടും. ക്ലിനിക്കൽ സർവ്വീസിൽ സ്പെഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണനിർവ്വഹണ തസ്തികകളും പെടും. മെഡിക്കൽ കോളേജുകളിലുള്ളവരാവും മെഡിക്കൽ എഡ്യുക്കേഷൻ കേഡറിലുണ്ടാവുക.

ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിക്കുന്നത് സംബന്ധിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ചർച്ച ചെയ്ത് അന്തിമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

489. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളം ആരോഗ്യ ഇൻഷ്വറൻസിൽ നിന്ന് ആരോഗ്യ അഷ്വറൻസ് സമ്പ്രദായത്തിലേയ്ക്ക് മാറി. വ്യത്യസ്ത ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളെ ഏകോപിപ്പിച്ച് ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയായിരിക്കും ഇത് നടപ്പാക്കുന്നത്.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം 42 ലക്ഷം കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവെലന്റ്സ് ഫണ്ട്, കുട്ടികൾക്ക് സർക്കാർ ആശുപത്രിയിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനുള്ള ആരോഗ്യ കിരണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പിലാക്കിവന്നിരുന്ന താലോലം, കുട്ടികളുടെ ക്യാൻസർ സുരക്ഷ, ശ്രുതി തരംഗം എന്നീ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കി വരുന്നു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 'ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക പുരസ്കാരം, കൂടുതൽ തുക വിനിയോഗം, ഓരോ 1,000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, ഗുണഭോക്തൃ പരിധിയിൽപ്പെട്ട 90% കുടുംബങ്ങൾക്കും ഒരു ആയുഷ്മാൻ കാർഡ് എങ്കിലും ഉറപ്പാക്കിയ സംസ്ഥാനം'എന്നീ വിഭാഗങ്ങളിൽ നാഷണൽ ഹെൽത്ത് അതോറിറ്റി നൽകുന്ന 5 ദേശീയ പുരസ്കാരങ്ങളും ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ വിഭാഗത്തിന് കീഴിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് 'അധികാരി ബ്രദേഴ്സ് ഗവേണൻസ് നൗ 2023' പുരസ്കാരവും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ലഭിച്ചു.

490. ഈ സ്കീമിൽ റോഡ് അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യമായി ചികിത്സ നൽകുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തും. ഡാറ്റാ ബെയ്സിൽ ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായവരെ ഉൾപ്പെടുത്തി സ്കീം വിപുലീകരിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ അല്ലാത്ത അർഹരായ കുടുംബങ്ങൾക്കുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി തുടരും.

റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിനുള്ളിൽ സൗജന്യ ചികിത്സ നൽകുന്നതിനായി (ഗോൾഡൻ അവർ) വിവിധ സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ പരിശോധിച്ച് വിശദമായി പ്രൊപ്പോസൽ തയ്യാറാക്കി.

491. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടത്തിപ്പ് കാലതാമസം കൂടാതെ പൂർത്തിയാക്കും. ആക്ട് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ചെറുകിട, ഇടത്തരം ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കും. വിവിധ ചികിത്സയ്ക്കായി ചുമത്താവുന്ന ഫീസുകൂടി ഉൾപ്പെടുത്തും.

2018 ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. 13,321 സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നേടി. 3,889 സർക്കാർ സ്ഥാപനങ്ങളും, 9,432 സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിര രജിസ്ട്രേഷന് വേണ്ടിയുള്ള മോഡേൺ മെഡിസിൻ, ഡെന്റൽ, മെഡിക്കൽ ലബോറട്ടറി, ഡയഗ്നോസ്റ്റിക് സെന്റർ, ആയുർവ്വേദ, സിദ്ധ, യുനാനി,

ഹോമിയോപ്പതി, യോഗ പ്രകൃതിചികിത്സ എന്നീ വിഭാഗങ്ങളുടെ മിനിമം സ്റ്റാൻഡേർഡ്സ് റിപ്പോർട്ട് അംഗീകരിച്ച് വിജ്ഞാപനം ചെയ്തു. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിര രജിസ്ട്രേഷൻ ആരംഭിച്ചു.

പൊതുജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും പരാതി പരിഹാര സമിതി രൂപീകരിക്കുകയും ചെയ്തു.

492. സ്കൂൾ ആരോഗ്യ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതാണ്.

സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കാനുള്ള കരട് മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

493. വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് സമഗ്രമായ ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കും. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കാനുള്ള നിയമം പാസ്സാക്കി.

494. വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് സവിശേഷ പരിഗണന നൽകും.

എല്ലാ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന സൗഹൃദ ആശുപത്രികളാക്കാൻ നടപടി സ്വീകരിച്ചു. പരിഷ്കരിച്ച സാന്ത്വന നയം അടിസ്ഥാനപ്പെടുത്തി സമഗ്രമായ പാലിയേറ്റിവ് ആക്ഷൻ പ്ലാൻ തയ്യാറാക്കി. ഇതിന്റെ ഭാഗമായി അരികെ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. 16 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചു. ആന്റിസ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചത്.

എല്ലാ പ്രധാന ആശുപത്രികളിലും ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. സ്ത്രികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ തലങ്ങളിലുമുള്ള ആശുപത്രികളിൽ വെൽവുമൺ ക്ലിനിക്കുകൾ സജ്ജമാക്കനുള്ള പ്രവർത്തനം നടന്നുവരുന്നു. 227 സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിന് സ്റ്റാഫ് നഴ്സിന്റെയും, ഫിസിയോ തെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കി.

ജില്ലാ ആശുപത്രികളിൽ പാലിയേറ്റിവ് കെയർ രോഗികൾക്കും, വയോജനങ്ങൾക്കുമായി ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

716 വൃദ്ധസദനങ്ങളിലെ വയോജനങ്ങൾക്കായി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്ന മെഡിക്കൽ ക്യാമ്പുകൾ വർഷത്തിൽ മൂന്നുതവണ നടപ്പിലാക്കിവരുന്നു.

495. വയോജനങ്ങൾക്കുള്ള ഫ്ളൂ, ന്യൂമോകോക്കൽ വാക്സിൻ പദ്ധതി നടപ്പാക്കുന്നതാണ്.

വാക്സിൻ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുന്നതിനായി ഡോ: ബി ഇക്ബാൽ അധ്യക്ഷനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

496. പൊതു ആശുപത്രികളിൽ കേരളത്തിലെ ക്യാൻസർ രോഗികളിൽ മഹാഭൂരിപക്ഷം പേർക്കും ചികിത്സാ സൗകര്യം ഉറപ്പാക്കും. ക്യാൻസർ പോലുള്ള ഗുരുതര രോഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. ബി.പി.എൽ കുടുംബങ്ങൾക്കു സൗജന്യ ചികിത്സ ഉറപ്പുവരുത്തും.

ശൈലി ആപ്പ് വഴി കണ്ടെത്തിയ ക്യാൻസർ സാധ്യതയുള്ളവരെ ക്യാൻസർ പരിശോധനക്കായി റഫർ ചെയ്തുവരുന്നു. 11,40,347 പേരെ പ്രാഥമിക ക്യാൻസർ പരിശോധനക്ക് വിധേയമാക്കി. ക്യാൻസർ പ്രതിരോധത്തിനും ചികിത്സക്കുമായി 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' എന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ജനകീയ ക്യാൻസർ പ്രതിരോധ ക്യാമ്പയിൻ നടപ്പിലാക്കി. ക്യാൻസർ രോഗ സാധ്യത കണ്ടെത്തുന്നവരുടെ ക്ലിനിക്കൽ പരിശോധന നടത്താനുള്ള സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. കൂടുതൽ പരിശോധന വേണ്ട വ്യക്തികളുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള ലാബ് ശൃംഖല എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചു. ക്യാൻസർ രോഗ നിർണയവും ചികിത്സയും ഏകോപിപ്പിക്കാൻ ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമായിവരുന്നു. മലബാർ ക്യാൻസർ സെന്ററിലും റീജിയണൽ ക്യാൻസർ സെന്ററിലും ഡിജിറ്റൽ പത്തോളജി കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുവാനുള്ള  പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആർ.സി.സിയിൽ റോബോട്ടിക് സർജറി സംവിധാനം നടപ്പിലാക്കി.

497. പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കും. സ്തനാർബുദവും തൈറോയ്ഡ് ക്യാൻസറും കേരളത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ രണ്ട് ക്യാൻസറുകളെ സംബന്ധിച്ചും വിശദമായ ഗവേഷണം നടത്തുന്നതാണ്. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് ഗർഭാശയ ക്യാൻസർ തടയുന്നതിനുള്ള ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ നൽകുന്നതാണ്.

സെർവിക്കൽ (ഗർഭാശയഗള) ക്യാൻസർ നിർമാർജ്ജനത്തിനായി വയനാട്, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി വിദ്യാർത്ഥിനികൾക്ക് സ്കൂളുകൾ മുഖേന വാക്സിനേഷൻ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ക്യാൻസർ കെയർ സ്യൂട്ട് പൂർണ്ണതോതിൽ വികസിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ക്യാൻസർ ചികിത്സയ്ക്കായി തദ്ദേശീയമായി നൂതന ചികിത്സാ മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന് ക്യൂബയിലെ സെന്റർ ഫോർ ജനറ്റിക്ക് എഞ്ചിനീയറിംഗ് ആൻഡ് ബയോടെക്നോളജിയുമായി ചേർന്ന് ക്യാൻസർ വാക്സിനുകൾക്കായുള്ള ഗവേഷണം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

498. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് ഇൻഷുറൻസ് പദ്ധതിയിലെ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നു. ആരോഗ്യ ഇൻഷുറൻസിനോടൊപ്പം 2,00,000 രൂപയുടെ അപകട ഇൻഷുറൻസ് ഉറപ്പുവരുത്തുന്നുണ്ട്. ചികിത്സ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

499. കേരളത്തിൽ കാണുന്ന രോഗങ്ങൾക്കു വ്യക്തമായ ചികിത്സാ മാനദണ്ഡങ്ങളും നിർദ്ദേശകതത്വങ്ങളും തയ്യാറാക്കേണ്ടതുണ്ട്. പ്രൊഫഷണൽ സംഘടനകളുമായി ആലോചിച്ച് വിവിധ രംഗങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ് ലൈൻസ് തയ്യാറാക്കി നടപ്പാക്കുന്നതാണ്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സാധാരണയായി കാണപ്പെടുന്ന 52 രോഗങ്ങൾക്കുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷാ ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങളും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾക്കായുള്ള ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങളും സർ



ക്കാർ പുറത്തിറക്കി. സാന്ത്വന പരിചരണത്തിനായുള്ള മാർഗ്ഗരേഖയും മാനസിക രോഗങ്ങളുടെ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള പദ്ധതികളായ ആശ്വാസം, സമ്പൂർണ്ണ മാനസികാരോഗ്യം, അമ്മ മനസ്സ് മുതലായ പദ്ധതികളുടെ മാർഗ്ഗരേഖകളും പ്രസിദ്ധീകരിച്ചു.

ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം എന്നിവയ്ക്കുള്ള ക്ലിനിക്കൽ പ്രോട്ടോക്കോൾ പ്രസിദ്ധീകരിച്ചു. ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ, ചെള്ള്പനി, എച്ച്1 എൻ1, കോവിഡ്, സിക്ക, നിപ്പ, മങ്കിപോക്സ്, ഹെപ്പറ്റൈറ്റിസ്, വയറിളക്ക രോഗങ്ങൾ, വേനൽ ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ മുതലായവയ്ക്കുള്ള ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു. ആശുപത്രികൾക്കും ജീവനകാർക്കും നേരെയുള്ള ആക്രമണങ്ങൾ തടയാനും സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ പ്രസിദ്ധീകരിച്ചു.

500. കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെലിമെഡിസിൻ സംവിധാനം ഒരുക്കും. ഡോക്ടർമാർക്ക് കെഹെൽത്ത് ആപ്ലിക്കേഷനിലൂടെ നിസാര രോഗങ്ങൾക്ക് വീഡിയോ കോളിലൂടെ കൺസൽട്ടേഷൻ നൽകാനും എല്ലാ രേഖകളും വൈദ്യനിർദ്ദേശങ്ങളും സ്വയമേവ രേഖപ്പെടുത്താനും വേണ്ട സംവിധാനം ഒരുക്കും.

ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ മികച്ച രീതിയിൽ നൽകിവരുന്നു. ഇ-സഞ്ജീവനി പ്ലാറ്റ്ഫോമിലൂടെ രോഗികൾക്ക് നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന ഇ-സഞ്ജീവനി ഒ.പി.ഡിയും ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനവും ഉറപ്പാക്കുന്നു. പ്രതിദിനം ശരാശരി 2,500 മുതൽ 3000 പേർ വരെ ഇ-സഞ്ജീവനി സേവനം പ്രയോജനപ്പെടുത്തുന്നു.

ഇ-സഞ്ജീവനി കൺസൾട്ടേഷന് ശേഷം രോഗിക്ക് ലഭിക്കുന്ന ഇ-പ്രിസ്ക്രിപ്ഷൻ വഴി സർക്കാർ ആശുപത്രികളിൽ നിന്നും മരുന്ന് വാങ്ങാനും, ലാബ് പരിശോധനകൾ ചെയ്യാനും സാധിക്കും. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ്കെയർ സ്റ്റാഫ്, ആശവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർ ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം രോഗികൾക്ക് നൽകിവരുന്നു. കിടപ്പ് രോഗികളുടെ പരിചരണത്തിന് വേണ്ടിയും ഇ-സഞ്ജീവനി ഉപയോഗിച്ചു.

501. ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയായി ഉയർത്തും.

ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയാക്കി ഉയർത്തി. ആരോഗ്യ വകുപ്പിന് കീഴിലെ 684 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കി. മുഴുവൻ ആശുപത്രികളിലേക്കും ഇ-ഹെൽത്ത് സംവിധാനം വ്യാപിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

502. കൊവിഡ് ചികിത്സ കേരളത്തിൽ പൂർണ്ണമായും സൗജന്യമായിരുന്നു. കൊവിഡ് വാക്സിനും അതുപോലെ തന്നെ സൗജന്യമായിരിക്കും.

ചികിത്സയും കോവിഡ് വാക്സിനും കേരളത്തിൽ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സൗജന്യമായി നൽകി.

503. മെഡിക്കൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റായ പാലക്കാട്ടെ ഇമേജിന്റെ മാതൃകയിൽ ആവശ്യാനുസൃതം കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. അതിനു പുറമേ മെഡിക്കൽ കോളേജുകളിലും വലിയ സർക്കാർ ആശുപത്രികളിലും മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ആരോഗ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന സർക്കാർ, സർക്കാരിതര ആശുപത്രികളിൽ നിന്നുമുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ പാലക്കാട്ടെ ഇമേജുമായി ചേർന്നാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽനിന്നുള്ള ബയോമെഡിക്കൽ മാലിന്യം കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉത്തരവ് പ്രകാരം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ശേഖരിക്കുകയും നിർമ്മാർജ്ജനം ചെയ്യുകയും ചെയ്തുവരുന്നു. മറ്റ് ഖര മാലിന്യങ്ങൾ സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറും. ദ്രവ മാലിന്യങ്ങൾ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരിക്കുന്നു.

504. പുതിയ കേരള പൊതുജനാരോഗ്യ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമ നിർമ്മാണ നടപടി സ്വീകരിക്കുന്നതാണ്. ഇന്നു നിലവിലിരിക്കുന്ന രണ്ടു പൊതുജനാരോഗ്യ നിയമങ്ങളിലെ (തിരുവിതാംകൂർ, കൊച്ചിയും മലബാറും) പ്രസക്തമായ വകുപ്പുകൾകൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ നിയമം വരുന്നതോടെ പഴയ രണ്ട് നിയമങ്ങളും ഇല്ലാതാകും.

2023ലെ പൊതുജനാരോഗ്യ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ട്.

505. കേരളത്തിൽ ഡോക്ടർമാരുടെ രജിസ്ട്രേഷൻ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ തിരുവിതാംകൂർ കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് 1953 ഉം മലബാർ പ്രദേശത്തുള്ളവരുടേത് മദ്രാസ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് 1914 ഉം പ്രകാരമാണ് നടത്തുന്നത്. തിരുവിതാംകൂർ കൊച്ചി ആക്ട് എല്ലാ വൈദ്യ വിഭാഗങ്ങളുടെയും രജിസ്ട്രേഷൻ നടത്തുമ്പോൾ മദ്രാസ് ആക്ട് ആധുനിക ചികിത്സകരുടേത് മാത്രമാണ് നടത്തുന്നത്. ഇതെല്ലാം പരിഗണിച്ചാണ് ഒരു ഏകീകൃത മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് തയ്യാറാക്കി നടപ്പിലാക്കുന്നത്.

2021ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നടപ്പിൽ വരുത്തിയിട്ടുണ്ട്.

506. ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഐക്യരാഷ്ട്രസഭയുടെ ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആരോഗ്യവും ക്ഷേമവുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് നീതി ആയോഗിന്റെ ആരോഗ്യ സൂചകങ്ങളിൽ തുടർച്ചയായി ലഭിക്കുന്ന ഒന്നാം സ്ഥാനം. ആർദ്രം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും എല്ലാ വ്യക്തികൾക്കും താങ്ങാവുന്നതും പ്രാപ്യമായതുമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സർക്കാരിന്റെ കാലത്ത് 169 സർക്കാർ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് അംഗീകാരവും 9 ആശുപത്രികൾക്ക് ലക്ഷ്യാ സർട്ടിഫിക്കേഷനും കോഴിക്കോട്, വയനാട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകൾക്ക് മുസ്ക്കാൻ സർട്ടിഫിക്കേഷനും ലഭിച്ചു. ആരോഗ്യവുമായി ബന്ധപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മാതൃമരണനിരക്ക് 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിലെ മരണനിരക്ക് ആയൂർദൈർഘ്യം 10,000 ജനസംഖ്യയ്ക്ക് ആവിശ്യമായ ആരോഗ്യപ്രവർത്തകർ എന്നീ ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിച്ചു.

507. ആരോഗ്യ മേഖലയിലെ ജനകീയ ഇടപെടലിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പാലിയേറ്റീവ് നെറ്റുവർക്ക്. ഇവയുടെ ഏകോപന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിദഗ്ധ ചികിത്സാ പിന്തുണ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമാണ്. ഇപ്പോൾ സെക്കണ്ടറിതല പരിചരണം സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്. പാലിയേറ്റീവ് മേഖലയിൽ കൂടുതൽ നേഴ്സുമാരെയും ഫിസിയോ തെറാപ്പിസ്റ്റുമാരെയും നിയോഗിക്കും. കിടപ്പുരോഗികൾക്ക് പരിചരണവും മരുന്നും ആവശ്യമുള്ളിടങ്ങളിൽ ജനകീയ ഹോട്ടലുകളിൽ നിന്ന് ഭക്ഷണവും ഉറപ്പുവരുത്തും.

പരിഷ്കരിച്ച സാന്ത്വന നയം അടിസ്ഥാനപ്പെടുത്തി സമഗ്രമായ പാലീയേറ്റിവ് ആക്ഷൻ പ്ലാൻ തയ്യാറാക്കി. ഇതിന്റെ ഭാഗമായി അരികെ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി നടപ്പിലാക്കിവരുന്നു. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപുലമായ ക്യാമ്പയിൻ പ്രവർത്തനം ആരംഭിച്ചു. 20,000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോം കെയർ യൂണിറ്റ് ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,56,078 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 26,867 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ ഡിപാർട്ട്മെന്റിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു. 8 മെഡിക്കൽ കോളേജുകളിലും റീജനൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

സാന്ത്വന പരിചരണം ശാസ്ത്രീയമായി ചിട്ടപെടുത്തുന്നതിന് ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ് ആരംഭിച്ചു. സ്കോൾ കേരളയാണ് കോഴ്സ് നടത്തുന്നത്. ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി. പാലിയേറ്റിവ് ദിനത്തോട് അനുബന്ധിച്ച് ഒരാഴ്ചത്തെ ഞാനും ഉണ്ട് പരിചരണത്തിന് ക്യാമ്പയിൻ സംഘടിപ്പിച്ചു. പാലിയേറ്റീവ് കെയർ ലഭിക്കുന്ന രോഗികളിൽ തൊഴിൽപരമായി പുനരധിവാസിപ്പിക്കുവാൻ കഴിയുന്നവർക്ക് വേണ്ടി കുടുംബശ്രീയുമായി സഹകരിച്ച് പ്രത്യേക പദ്ധതി ആരംഭിച്ചു. വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കക്കുന്നതിന് സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ പദ്ധതി ആവിഷ്കരിച്ചു.

508. ഇ.എസ്.ഐ ആശുപത്രികളുമായി സഹകരിച്ച് തൊഴിൽജന്യ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഉചിതമായ പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തും. പരമ്പരാഗത മേഖലയിലെ തൊഴിൽജന്യ രോഗങ്ങൾ നിർണ്ണയിച്ച് അതിന് ആവശ്യമായ ചികിത്സാ പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക പ്രാധാന്യം നൽകും.

തൊഴിൽജന്യ രോഗങ്ങൾ വരാനുള്ള സാധ്യതയും അതിനെതിരെ സ്വീകരിക്കേണ്ട പരിരക്ഷയെക്കുറിച്ചും അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പരിശീലനം നൽകുകയും സംവിധാനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

509. എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സ്കീം ഉണ്ടാക്കും. അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സഹായം നൽകും.

വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ഏഴും (തൃശൂർ, പാലക്കാട്, ആലുവ, കോട്ടയം, പത്തനാപുരം, പിരപ്പൻകോട്, തിരുവനന്തപുരം), കോഴിക്കോട് ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെ സഹായത്തോടുകൂടി ഒരു കേന്ദ്രത്തിലും എച്ച്.ഐ.വി അണുബാധിതർക്കായി പുനരധിവാസ കേന്ദ്രങ്ങൾ നടപ്പിലാക്കിവരുന്നു.

510. താലൂക്ക് ആശുപത്രിവരെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഒരുക്കും. കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഇരട്ടിയാക്കും. എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കും. എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വിഭാഗമുണ്ടാവും. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സംവിധാനമുണ്ടാക്കും. ഇപ്രകാരം ഓരോ തലത്തിലും വേണ്ടുന്ന മിനിമം സൗകര്യങ്ങൾ എന്തെന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആ സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ ഉപകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രികൾ വരെ എല്ലാ ആശുപത്രികൾക്കും വേണ്ട മിനിമം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ഡയാലിസിസ് യൂണിറ്റുകളും ലേബർറൂമുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കാത്ത്‌ലാബ് സൗകര്യവും ഒരുക്കി. ആദ്യ ഘട്ടത്തിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളാണ് ജില്ലാതല ആശുപത്രികളിൽ ഘട്ടം ഘട്ടമായി നൽകിവരുന്നത്. ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചു. 110 സർക്കാർ ആശുപത്രികളിലായി 1,289 ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചുവരുന്നു. പ്രതിമാസം 55,000 ഡയാലിസിസ് സെഷനുകൾ നടത്തിവരുന്നു. വീട്ടിൽ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ സാധിക്കുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചു. ആരോഗ്യ വകുപ്പിന് കീഴിൽ 12 ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നു.

511. സ്വകാര്യമേഖലയിലെ എല്ലാ നേഴ്സുമാർക്കും ന്യായമായ മിനിമം വേതനവും മറ്റ് സേവന വ്യവസ്ഥകളും നടപ്പിലാക്കും. തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

ഈ വിഷയത്തിൽ കോടതി കേസുകൾ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്റ്റേ നീക്കം ചെയ്യാനായി നടപടികൾ സ്വീകരിച്ചുവരുന്നു.

512. കേരളത്തിലെ മൂവായിരത്തോളം വരുന്ന ക്ലിനിക്കുകളും ചെറുകിട ആശുപത്രികളും നേരിടുന്ന സവിശേഷമായ പ്രശ്നങ്ങളെ പഠിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കും.

ക്ലിനിക്കുകളും ചെറുകിട ആശുപത്രികളും നേരിടുന്ന പ്രശ്നങ്ങൾ കേരള അസോസിയേഷൻ ഓഫ് സ്മോൾ ഹോസ്പിറ്റൽസ് ആൻഡ് ക്ലിനിക്സിന്റെ പ്രതിനിധികളുമായി ചർച്ച നടത്തി. കൺസൾട്ടേഷൻ സേവനങ്ങൾ 2018ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി.

## മെഡിക്കൽ കോളേജ്

513. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി മെഡിക്കൽ കോളേജ്, ജില്ലാതാലൂക്ക് ആശുപത്രികളുടെ നവീകരണം പൂർത്തിയാക്കും. പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കൂടുതൽ സ്പെഷ്യാലിറ്റി സർവ്വീസുകളും ആവശ്യമായ ആരോഗ്യ ജീവനക്കാരെയും നിയോഗിക്കും.

ആരോഗ്യ മേഖലയിൽ സംസ്ഥാനത്ത് പ്രാഥമികതലം മുതൽ തൃതീയതലം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് അത്ഭുതപൂർവ്വമായ വികസന മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്/ജില്ലാ/ജനറൽ ആശുപത്രികൾ, ക്യാൻസർ ചികിത്സ കേ




ന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായം ഉപയോഗപ്പെടുത്തി 15,000 കോടിയിലധികം രൂപയുടെ നിർമ്മാണപ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നുണ്ട്. സംസ്ഥാന പദ്ധതി വിഹിതം, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം ലഭ്യമാകുന്ന ഫണ്ട്, എം.എൽ.എ, എം.പിമാരുടെ ആസ്തി വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ, എൻ.എച്ച്.എം വഴി ലഭിച്ച ഫണ്ട്. സി.എസ്.ആർ, നബാർഡ് തുടങ്ങി വിവിധങ്ങളായ ധന സ്രോതസ്സ് വഴി ലഭ്യമായ ഫണ്ട് ഉപയോഗിച്ചും സംസ്ഥാനത്തുടനീളമുള്ള ഉപകേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രി വരെയും, ക്യാൻസർ കെയർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള 30 ആശുപത്രികൾക്കായി 435 കോടി രൂപയും, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ 2 പ്രോജക്റ്റുകൾക്കായി 47 കോടി രൂപയും ഉൾപ്പെടെ മൊത്തം 32 പ്രോജക്റ്റുകൾക്കായി 482 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ നബാർഡ് ധനസഹായം ഉപയോഗപ്പെടുത്തി നടന്നുവരുന്നു.

സംസ്ഥാനത്തെ ക്യാൻസർ കെയർ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി വിഹിതം, കിഫ്ബി ധനസഹായം തുടങ്ങിയവ ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നുണ്ട്. തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററിന്റെ 3 പ്രൊജക്റ്റുകൾക്കായി മൊത്തം 644 കോടി രൂപയുടെയും, എറണാകുളത്തുള്ള കൊച്ചിൻ ക്യാൻസർ കെയർ റിസർച്ച് സെന്ററിനായി 384.34 കോടി രൂപയുടെയും കിഫ്ബി ധനസഹായത്തോടു കൂടിയുള്ള നിർമ്മാണ പ്രവർത്തി കൾക്ക് ഭരണാനുമതി നൽകി. മലബാർ ക്യാൻസർ സെന്ററിനായി മൊത്തം 530 കോടി രൂപയുടെയും, കൊച്ചിൻ ക്യാൻസർ കെയർ റിസർച്ച് സെന്ററിനായി 450 കോടി രൂപയുടെയും (ഉപകരണങ്ങളുൾപ്പെടെ) സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കി. നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. തിരുവനന്തപുരത്തുള്ള ആർ.സി.സിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 187.22 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ടുള്ള 14 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ഉടൻ പൂർത്തിയായി പ്രവർത്തനം ആരംഭിക്കാൻ കഴിയും. ആരോഗ്യമേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ 1,663 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു.

മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഇത് നടപ്പിലാക്കുന്നതിന്റെ

ഭാഗമായി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ടീമിനെ നിയോഗിച്ചു. പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ഗവ. മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. അപകടങ്ങളാലും രോഗം ബാധിച്ചും അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് സമയബന്ധിതമായി വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസന വും പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തികൾ നടന്നു വരുന്നുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിന്റെ അറ്റകുറ്റപ്പണികൾക്കായി കിഫ്ബി വഴി 29.77 കോടി രൂപയുടെ അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മികച്ച ട്രോമാകെയർ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കിഫ്ബി വഴി 124.95 കോടിയുടെ ഭരണാനുമതി നൽകുകയും ഇതിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 51.29 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 50 കോടി രൂപ മുതൽ മുടക്കി വി ദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകി യിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ ഐ.പി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കി. ഇടുക്കി മെഡി ക്കൽ കോളേജിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭ നടപടി കൾ ആരംഭിച്ചു. 92 കോടി രൂപ മുതൽമുടക്കി റെസിഡൻഷ്യൽ ഫെസിലിറ്റി ഒരുക്കുന്നതി ന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഹോസ്റ്റൽ കെട്ടിടവും, അധ്യാപക ക്വാർട്ടേഴ്സും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി.

തൃശൂർ മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 277.76 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർ ത്തനങ്ങൾ ആരംഭിച്ചു. അമ്മയും കുഞ്ഞും ബ്ലോക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കി നിർമ്മിക്കു ന്നതിന് 285.5 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 195 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒ.പി ബ്ലോക്ക് പുതിയത് നിർമ്മിക്കുന്നതിന് 187.5 കോടി രൂപ കിഫ്ബി വഴി ലഭ്യമാക്കി നിർമ്മിക്കു ന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണം നടത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 218 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി വഴി ലഭ്യമായതിന്റെ ഭാഗമായി മെഡിക്കൽ കോളേജിന് ആവശ്യമായ ക്വാർട്ടേഴ്സ്, ആശുപത്രി ബ്ലോക്കിന്റെ രണ്ടാം ഘട്ടം, വിദ്യാർത്ഥി കളുടെ ഹോസ്റ്റലുകൾ മുതലായവ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി വിദ്യാർത്ഥികൾക്ക് താമസത്തിനായി വിട്ടു നൽകിയിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തന ങ്ങൾ പൂർത്തിയാക്കുന്നതിനും ഉപകരണങ്ങളും, ഓപ്പറേഷൻ തീയറ്ററുകൾ സജ്ജീകരിക്കു ന്നതിനുമായി 19.5 കോടി രൂപ കിഫ്ബി വഴി അനുവദിക്കുകയും, ടി നിർമ്മാണ / വാങ്ങൽ നടപടികൾ പുരോഗമിച്ചു വരുന്നതിന്റെ ഭാഗമായി 3 ഓപ്പറേഷൻ തീയേറ്റർ പൂർത്തിയാക്കു കയും, ബ്ലഡ് ബാങ്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുകയും ചെ യ്തിട്ടുണ്ട്, ഇത് കൂടാതെ വിദ്യാർത്ഥികൾക്കാവശ്യമായ ഫർണിച്ചറും, ലാബ് ഉപകരണങ്ങ ളും ലഭ്യമാക്കിയിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിന്റെ പുരോഗതിയ്ക്കായി 368.74 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മി ച്ചു വരുന്നു. നിർമ്മാണം അവസാനഘട്ടത്തിലാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി 717 കോടി രൂപയുടെ അനുമതി നല്കുകയും, ഇതിൽ 58 കോടി രൂപയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ കോളേജിലെ 6 പ്രധാന റോഡുകളും, യാത്രാക്കാർക്ക് പരിഹരിക്കുന്നതിനായി നിർമ്മിച്ച മേൽപ്പാലത്തിന്റെയും നിർമ്മാണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 194.32 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ എം.എൽ.റ്റി ബ്ലോക്ക്, ഓപ്പറേഷൻ തീയറ്റർ കം സർജിക്കൽ വാർഡ് എ, എസ്.എ.റ്റിയിൽ പുതിയ പീഡിയാട്രിക് ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇമേജിയോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് 43.75 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ട് വഴി നിർമ്മിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു 12.38 കോടി രൂപ കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ സർജിക്കൽ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി 228 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി ധനാനുമതി നൽകി. നിർമ്മാണം പൂർത്തിയായി വരുന്നു. ഇവിടെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 268.60 കോടി രൂപയുടെ അനുമതി കിഫ്ബി വഴി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ച് വരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 36 കോടി രൂപ (നബാർഡ്) അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 10 കോടി രൂപ നബാർഡ് വഴി അനുമതി ലഭ്യമാക്കി ഇൻഫിതഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മി ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തനസജ്ജമായി. 30 കോടി രൂപ (നബാർഡ്) മുതൽ മുടക്കി നിർമ്മിക്കുന്ന ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമായി വരുന്നു. 14.81 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന അഡ്മിനിട്രേറ്റീവ് കം ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. 29.47 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു.

പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ 103.86 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിരുന്നു, ഇതിൽ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് മുതലായവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്, ഓഡിറ്റോറിയത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിന് 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് 38 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കുള്ള താമസ സൗകര്യം ഒരുക്കുന്നതിനായി 29 കോടി രൂപ മുതൽ മുടക്കി ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായി വരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിൽ 25 കോടി രൂപ മുതൽ മുടക്കി നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക് ബ്ലോക്കിൽ ഒ.പി ചികിത്സ ആരംഭിച്ചിട്ടുണ്ട്. ന്യൂറോ വിഭാഗത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

മാനന്തവാടി താലൂക്ക് തവിഞ്ഞാൽ പഞ്ചായത്ത് പരിധിയിലുള്ള ബോയ്സ് ടൗണിലെ ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മി

ക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം യാഥാർഥ്യമാക്കി ടി ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് കഴിഞ്ഞ വർഷം നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭ്യമാക്കി ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആദ്യവർഷ ക്ലാസുകൾ ആരംഭിക്കുന്നതിനായി സൃഷ്ടിച്ച തസ്തികകളിൽ സ്പെഷ്യാലിറ്റി വിഭാഗം അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി യഥാക്രമം 34.74 കോടി, 34.92 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

514. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വയംഭരണം നൽകുന്നതിനെ സംബന്ധിച്ച് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കി നടപ്പാക്കും. ആരോഗ്യ ഗവേഷണത്തെയും അതുമായി ബന്ധപ്പെട്ട അക്കാദമിക് പ്രസിദ്ധീകരണങ്ങളെയും പ്രോത്സാഹിപ്പിക്കും.

മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിന് അക്കാദമിക് പ്രസിദ്ധീകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യ ഗവേഷണത്തെയും അതുമായി ബന്ധപ്പെട്ട അക്കാദമിക് പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിച്ച്വരുന്നു. ഇതിനായി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ചിന് സംസ്ഥാനതല ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

515. എല്ലാ മെഡിക്കൽ കോളേജുകളും മെഡിക്കൽ, ഡെന്റൽ, നേഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ എന്നിങ്ങനെ 5 സ്ഥാപനങ്ങളുള്ള സമുച്ചയങ്ങളാക്കി മാറ്റുന്നതാണ്.

എല്ലാ മെഡിക്കൽ കോളേജുകളും മെഡിക്കൽ, ഡെന്റൽ, നേഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ എന്നിങ്ങനെ 5 സ്ഥാപനങ്ങളുള്ള സമുച്ചയങ്ങളാക്കി മാറ്റാനുള്ള നടപടികൾ പുരോഗമിക്കുന്നു. കൊല്ലം, മഞ്ചേരി, ഇടുക്കി, വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകൾക്കൊപ്പം സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഫാർമസി കോളേജിനും ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഡെന്റൽ കോളേജിനും കെട്ടിടം നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി.

516. പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കും. നേഴ്സിംഗ് പാസ്സായവർക്ക് വിദേശഭാഷാ നൈപുണിയിലടക്കം ഫിനിഷിംഗ് കോഴ്സുകൾ വിപുലപ്പെടുത്തും. വിദേശ ആശുപത്രികളുമായി ഇക്കാര്യത്തിൽ സഹകരിക്കും.

പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ 60 സീറ്റുകൾ വീതമുള്ള നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. നിലവിലുണ്ടായിരുന്ന നഴ്സിംഗ് കോളേജുകളിൽ 92 ബി.എസ്.സി നഴ്സിംഗ് സീറ്റ് വർദ്ധിപ്പിച്ചു. ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ 60 സീറ്റോടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിച്ചു. തിരുവനന്തപുരം ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ ഭാഗമായി 100 വിദ്യാർത്ഥികളടങ്ങുന്ന പുതിയ ബാച്ച് ജനറൽ ആശുപത്രി ക്യാമ്പസ്സിൽ ആരംഭിച്ചു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സിമെറ്റ്ന്റെ കീഴിൽ നെയ്യാറ്റിൻകര, വർക്കല, കോന്നി, നൂറനാട്, താനൂർ, തളിപ്പറമ്പ്, ധർമ്മടം എന്നിവിടങ്ങളിൽ 60 വിദ്യാർത്ഥികളടങ്ങുന്ന നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ എം.എസ്.സി മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സ് ആരംഭിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിച്ചു. അന്തർദേശീയതലത്തിൽ ജോലി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നേഴ്സുമാർക്ക് പരിശീലനം നൽകിവരുന്നു.



517. മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക്, ഫാമിലി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്പോർട്സ് മെഡിസിൻ, ക്ലിനിക്കൽ എംബ്രോയോളജി, റേഡിയേഷൻ ഫിസിക്സ്, ജെനറ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. ഫാർമസി കോളേജുകളിൽ ഡി.ഫാം, എം.ഫാം എന്നിവയും പി.എച്ച്.ഡി പ്രോഗ്രാമും ആരംഭിക്കും.

കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം ഇൻഫെക്ഷ്യസ് ഡിസീസസ്സ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജെൻസി മെഡിസിൻ പി.ജി കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെനെറ്റിക്സ്, ജെറിയാട്രിക്സ്, ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കുന്നതിനുള്ള അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. അതി നൂതനമായ ചികിത്സാരീതി നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷണൽ റേഡിയോളജി ആരംഭിക്കുന്നതിന് അധ്യാപകതസ്തികകൾ സൃഷ്ടിച്ചു.

മെഡിക്കൽ കോഴ്സുകൾ നടന്നുവരുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും പുതിയ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എമർജൻസി മെഡിസിൻ വിഭാഗത്തിനും നിയോനെറ്റോളജി വിഭാഗത്തിനും അധ്യാപക തസ്തിക സൃഷ്ടിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിച്ചു.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ റൂമറ്റോളജി വിഭാഗത്തിനായി അധ്യാപക തസ്തിക സൃഷ്ടിച്ചു. കൊല്ലം മെഡിക്കൽ കോളേജിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോസർജറി, പ്ലാസ്റ്റിക് സർജറി, എന്നീ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ വിഭാഗങ്ങൾ പുതിയതായി ആരംഭിക്കുന്നതിനു അധ്യാപക തസ്തിക സൃഷ്ടിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ കാർഡിയോളജി, കാർഡിയോ തൊറാസിക്, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ വിഭാഗങ്ങൾ പുതിയതായി ആരംഭിക്കുന്നതിനു അധ്യാപക തസ്തിക സൃഷ്ടിച്ചു. ആലപ്പുഴ, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിൽ പ്ലാസ്റ്റിക് സർജറി വിഭാഗം പുതുതായി ആരംഭിച്ചു. ഇതിനായി ആവശ്യമായ അധ്യാപക തസ്തിക സൃഷ്ടിച്ചു, നിയമനം നടത്തി. മഞ്ചേരി, കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജുകളിൽ പി.ജി കോഴ്സുകൾ ആരംഭിച്ചു.

മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിനും അംഗീകാരം നിലനിർത്തുന്നതിനും പുതിയ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുന്നതിനുമായി 262 അധ്യാപകതസ്തിക

കൾ സൃഷ്ടിച്ചു. ഈ സർക്കാർ കാലയളവിൽ 80 മെഡിക്കൽ, പി.ജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി. തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി നടപ്പാക്കി.

സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ എസ്.എം.എ ക്ലിനിക് ആരംഭിച്ചു. തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.

518. ക്യാൻസർ സെന്ററുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പാക്കും.

സംസ്ഥാനത്ത് മൂന്ന് അപെക്സ് കാൻസർ സെന്ററുകൾ ആണ് ഉള്ളത്. ഈ സ്ഥാപനങ്ങളുടെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾക്കു ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ 'കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-2030' എന്ന മാർഗ്ഗ നിർദ്ദേശരേഖ പുറത്തിറക്കി. ഈ സ്ട്രാറ്റജി അനുസരിച്ചു കേരളത്തിലെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു അപെക്സ് ബോഡി രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മൂന്നു കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ അംഗങ്ങൾ ആയി ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയും രൂപീകരിച്ചു. കൂടാതെ മൂന്നു ക്യാൻസർ സെന്ററുകളും തമ്മിൽ കൂടുതൽ ഏകോപനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി മൂന്നു ക്യാൻസർ സെന്ററുകളിലെയും ഡയറക്ടർമാരെ മൂന്നു സെന്ററുകളിലെയും ഗവേർണിംഗ് ബോഡിയിലും എക്സിക്യൂട്ടിവ് കമ്മിറ്റിയിലും അംഗങ്ങളാക്കി.

519. മെഡിക്കൽ കോളേജുകളും അവ സേവിക്കുന്ന ജില്ലകളും ഒരു യൂണിറ്റായി പരിഗണിച്ച് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ഡി.എം.ഒ, ജനപ്രതിനിധികൾ എന്നിവരടങ്ങിയ സമിതി രൂപീകരിക്കും.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡി.എം.ഒ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളിൽ ആശുപത്രി വികസന സമിതികൾ പ്രവർത്തിച്ചുവരുന്നു.

520. മെഡിക്കൽ കോളേജുകളിലെ സാമൂഹ്യ ആരോഗ്യ വിഭാഗങ്ങൾ (കമ്മ്യൂണിറ്റി മെഡിസിൻ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ആരോഗ്യ പദ്ധതികളുടെ നടത്തിപ്പിനും ആരോഗ്യ പഠനങ്ങൾ നടത്തുന്നതിനും സഹായിക്കുന്നതിനുള്ള നോഡൽ ഏജൻസികളായി പ്രവർത്തിക്കും.

നടപടി സ്വീകരിച്ചു.

521. പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്. പത്തോളജി, മൈക്രോ ബയോളജി, ഇമ്മ്യൂണോളജി ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ സൗകര്യം ഈ ലാബുകളിൽ ഉണ്ടായിരിക്കും.

കാസർഗോഡ് ജില്ലയിൽ പുതിയ ഡിസ്ട്രിക് ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആരംഭിച്ചു. ഇതോടെ സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് ലാബുകളുടെ എണ്ണം 10 ആയി. കോട്ടയം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പബ്ലിക് ഹെൽത്ത് ലാബിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഹബ്ബ് ആൻഡ് സ്പോക്ക് ലാബ് മാപ്പിംഗ് പൂർത്തീകരിച്ചു. അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

522. ലബോറട്ടറി, ഇമേജിംഗ് ഫിസിഷ്യൻമാരും സാങ്കേതിക വിദഗ്ധരുമുൾപ്പെട്ട ഒരു ക്ലിനിക്കൽ ഡയഗ്നോസ്റ്റിക് ടെക്നോളജി കൗൺസിൽ രൂപീകരിക്കുന്നതാണ്. രോഗനിർണ്ണയ സേവനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെയും നിലവാര സൂചകങ്ങളുടെയും പാലനം ഈ കൗൺസിൽ കാലാകാലങ്ങളിൽ വിലയിരുത്തും.

അലൈഡ് ഹെൽത്ത് കെയർ മേഖലയിലെ വിദ്യാഭ്യാസത്തിന്റെയും സേവനങ്ങളുടേയും നിലവാരം നിയന്ത്രിക്കുന്നതിനും, സ്ഥാപനങ്ങളുടെ വിലയിരുത്തലിനും, ഒരു കേന്ദ്ര രജിസ്റ്ററിന്റെയും സംസ്ഥാന രജിസ്റ്ററിന്റെയും പരിപാലനത്തിനുമായി വന്നിട്ടുള്ള ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫെഷൻസ് ആക്ട് 2021 എന്ന കേന്ദ്ര ആക്ട് പ്രകാരം സംസ്ഥാന അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ച് ഉത്തരവാകുകയും കൗൺസിലിലേക്കുള്ള സെക്രട്ടറി ഉൾപ്പടെയുള്ള തസ്തികകൾ സൃഷ്ടിച്ചും കൗൺസിലിന്റെ ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. സംസ്ഥാന അലൈഡ് ഹെൽത്ത് കൗൺസിലിന്റെ സെക്രട്ടറിയേയും സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥനേയും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഭൂരിഭാഗം അംഗങ്ങളെയും നിയമിച്ചു കഴിഞ്ഞു. ബാക്കിയുള്ള അംഗങ്ങളുടെ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും പ്രവർത്തനനിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

523. കേരള സ്റ്റേറ്റ് ഡ്രഗ് ഫോർമുലറി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ഡ്രഗ് ഫോർമുലറി സമിതിയെ നിയോഗിക്കുന്നതാണ്. സർക്കാർ ഫാർമസ്യൂട്ടിക്കൽ സയൻസസ് കോളേജുകളെ ഫോർമുലറി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ചുമതലപ്പെടുത്തുന്നതാണ്. ഇതിനു പുറമേ ഔഷധങ്ങളെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ന്യൂസ് ലെറ്ററുകളും പ്രസിദ്ധീകരിക്കും

കേരള സ്റ്റേറ്റ് ഡ്രഗ് ഫോർമുലറി 2023 തയ്യാറാക്കി.

524. ആരോഗ്യ ബോധവൽക്കരണം, ജനകീയ ആരോഗ്യ ഇടപെടലുകൾ, സൈക്കിളിംഗ് പോലുള്ള ആരോഗ്യ കായിക പ്രവർത്തനങ്ങൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ സർവ്വകലാശാലയുടെ നേതൃത്വത്തിൽ ആരംഭിക്കും.

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ എൻഎസ്എസ് യൂണിറ്റുകൾ 58 ഗ്രാമങ്ങൾ ദത്തെടുത്ത് ആരോഗ്യ ബോധവൽകരണ പ്രവർത്തനങ്ങളും സൗജന്യ രോഗനിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, കോഴിക്കോട് പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പൊതുജനങ്ങളുടെ അറിവിലേക്കായി ഗവേഷണത്തിന്റെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു വിതരണം ചെയ്തിട്ടുണ്ട്.

## ആയുഷ്

525. രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കും. ആയുർവേദ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സി.സി.ഐ.എം നിബന്ധനകൾ അനുസരിച്ച് മെച്ചപ്പെടുത്തും.

സംസ്ഥാനത്തെ 2,328 ആയുഷ് സ്ഥാപനങ്ങളിലൂടെ കോവിഡ് വ്യാപനം ചെറുക്കുന്നതിന് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. 1206 ആയുർരക്ഷാ ക്ലിനിക്കുകളിലൂടെ കോവിഡ് പ്രതിരോധത്തിന് ആയുർവേദ ഔഷധങ്ങൾ 42.5 ലക്ഷം പേർക്ക് വിതരണം ചെയ്തു. കോവിഡ് ബാധിതരായ 6.5 ലക്ഷം പേർക്കും കോവിഡാനന്തര ക്ലേശങ്ങളുള്ള 9.3 ലക്ഷം പേർക്കും ചികിത്സ ലഭ്യമാക്കി.

കോവിഡ് വ്യാപനത്തെ ചെറുക്കുന്നതിന് ഏകദേശം 2 കോടി പേർക്ക് ഹോമിയോപ്പതി മരുന്നുകൾ ലഭ്യമാക്കി. 'കരുതലോടെ മുന്നോട്ട്' എന്ന പ്രത്യേക പദ്ധതിയിലുടെ സ്കൂളുകളിലൂടെ വിദ്യാർത്ഥികൾക്ക് ഹോമിയോപ്പതിയിലെ പ്രതിരോധ ഔഷധങ്ങൾ വിതരണം ചെയ്തു.

40 ഓളം വരുന്ന പ്രത്യേക യോഗ പദ്ധതികളിലുടെയും യോഗ – നാച്ചുറോപ്പതി ചികിത്സാ സ്ഥാപനങ്ങളിലൂടെയും കോവിഡ് കോവിഡാനന്തര പാർശ്വഫലങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേക യോഗപരിശീലനം ലഭ്യമാക്കി. ജീവിത ശൈലിരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആയുഷ് വകുപ്പ് 1,000 ആയുഷ് യോഗ ക്ലബുകൾ ആരംഭിച്ചു.

250 സർക്കാർ ആയുഷ് സ്ഥാപനങ്ങൾക്ക് എൻഎബിഎച്ച് അംഗീകാരം ലഭ്യമാക്കി. 6 ജില്ലകളിൽ നടത്തി വന്നിരുന്ന ആയുർവേദ സാന്ത്വന ചികിത്സ പദ്ധതിയായ 'സ്നേഹധാര'മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ആയുർവേദ ചികിത്സ രംഗം ശക്തിപ്പെടുത്തുന്നതിന് 116 തസ്തികകൾ സൃഷ്ടിച്ചു. 610 ആയുഷ് ഡിസ്പെൻസറികളെ കൂടി ഹെൽത്ത് & വെൽനെസ് സെന്ററുകൾ ആക്കി മാറ്റി ഇതോടെ ഹെൽത്ത് & വെൽനെസ് സെന്ററുകളായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 700 ആയി. ഈ സ്ഥാപനങ്ങളിൽ എല്ലാം യോഗ ഡെമോൺസ്ട്രേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അട്ടപ്പാടി, കൊട്ടാരക്കര, അടൂർ എന്നിവിടങ്ങളിൽ ആയുഷ് ഇന്റഗ്രേറ്റഡ് ആശുപത്രികൾ ആരംഭിക്കുന്നതിനു അനുമതി നൽകി.

ഹോമിയോപ്പതി വകുപ്പിൽ പുതുതായി 40 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു.

വർക്കല ഗവൺമെന്റ് പ്രകൃതി ചികിത്സ ആശുപത്രിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 16.65 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. 29 യോഗ വെൽനെസ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വെൽനസ്സിനും ചികിത്സക്കും ഒരുപോലെ പ്രാധാന്യം നൽകി 25 പുതിയ ഒ.പി പഞ്ചകർമ്മ സെന്ററുകൾ ആരംഭിച്ചു. 'ആയുർ വിദ്യ' എന്ന ആയുഷ് മേഖലയിലെ ദേശീയ സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നു. ആയുർ വിദ്യ അടക്കം 7 ദേശീയ ആയുഷ് ആരോഗ്യ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിനു കീഴിൽ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ സി.സി.ഐ.എം മാനദണ്ഡമനുസരിച്ചു പുതിയ അനിമൽ ഹൗസ് ഒന്നാം നിലയുടെ പ്രവർത്തികൾ പൂർത്തിയാക്കി. രണ്ടാം നിലയുടെ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 20.82 ഏക്കർ സ്ഥലം കൈമാറി.

526. കണ്ണൂരിലെ ആയുർവേദ ഗവേഷണ ഇൻസിസ്റ്റിറ്റിയൂട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ആയുർവേദത്തെ തെളിവധിഷ്ഠിതമായും ശാസ്ത്രീയമായും വികസിപ്പിക്കും.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തങ്ങൾ 70% പണി പൂർത്തിയായി. ഈ പദ്ധതിക്കായി കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രി കെട്ടിടത്തിൽ 'പ്രോജക്ട് ഫെസിലിറ്റേഷൻ സെന്റർ & പെരിഫെറൽ മാനുസ്ക്രിപ്റ്റ് യൂണിറ്റ് സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

527. കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അയൽക്കൂട്ട കൃഷി ആരംഭിക്കും. കാടുകളിൽ നിന്നും മറ്റും ഔഷധങ്ങൾ ശേഖരിക്കുന്നവരുടെ സ്വയംസഹായ സംഘങ്ങൾക്കു രൂപം നൽകും. സമാനമായ രീതിയിൽ ഹോമിയോപതി ഔഷധികൾക്ക് ആവശ്യമായ ഔഷധ കൃഷിയും പ്രോത്സാഹിപ്പിക്കും.

ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ, കർഷകർ, കർഷക സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവരിലൂടെ ഔഷധ നിർമ്മാ താക്കളുമായി മുൻകൂട്ടി തയ്യാറാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 900 ഹെക്ടറിൽ ഔഷധസസ്യ കൃഷി വ്യാപിപ്പിച്ചു. 800 കർഷകർ ഇതിന്റെ ഗുണഭോക്താക്കൾ ആണ്. ഇതിലേക്കായി 1.90 കോടി രൂപ ധനസഹായമായി നൽകി. കൂടാതെ ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധ സസ്യങ്ങൾ വാങ്ങുന്നതിനായി 35 ധാരണാപത്രങ്ങൾ ഒപ്പ് വച്ചു. കണ്ണൂരിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം 80 ഏക്കറിൽ കുറുന്തോട്ടി കൃഷി വിജയപ്രദമായി നടപ്പിലാക്കി. 20 ടൺ കു

റുന്തോട്ടിയും 350 കിലോഗ്രാം വിത്തും സംഭരിച്ചു. ഇതിലൂടെ കുടുംബശ്രീ അംഗങ്ങൾക്കും കർഷകർക്കുമായി ഏകദേശം 22 ലക്ഷം രൂപ ലഭ്യമായി. തൃശ്ശൂർ മറ്റത്തൂർ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി 3 കോടി രൂപയുടെ അസംസ്കൃത വസ്തുക്കൾ ഔഷധി, കോട്ടയ്ക്കൽ തുടങ്ങിയ ആയുർവ്വേദ ഔഷധ നിർമ്മാതാക്കൾക്ക് നൽകി. തൃശ്ശൂർ ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലും ആലപ്പുഴ ജില്ലയിലെ 8 ഗ്രാമപഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ 13 ഗ്രാമപഞ്ചായത്തുകളിലുമായി ഏതാണ്ട് 150 ഏക്കർ കുറുന്തോട്ടി കൃഷി നടപ്പിലാക്കി.

ഹോമിയോപ്പതി മരുന്നുകൾക്ക് ആവശ്യമായ ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള ഹോമിയോപ്പതി ഔഷധ നിർമ്മാതാക്കളായ ഹോമ്കോയും സംസ്ഥാന മെഡിസിനൽ പ്ലാന്റ് ബോർഡും സഹകരിച്ച് ഹോമ്കോയിലെ ഔഷധ സസ്യതോട്ടത്തിന്റെ പുനരുജ്ജീവനത്തിന് 29.6 ലക്ഷം രൂപയുടെ പദ്ധതി ആരംഭിച്ചു. ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആയുഷ് ആരോഗ്യസ്ഥാപനങ്ങളിൽ 300 ഔഷധത്തോട്ടങ്ങൾ നിർമ്മിച്ചു.

ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 5 മോഡൽ നഴ്സറികളും, 5 ചെറുകിട നഴ്സറികളും പ്രവർത്തിച്ചുവരുന്നു. ഒരു വർഷം 15 ലക്ഷം ഗുണമേന്മയുള്ള തൈകൾ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാൻ സാധിക്കും.

പൊതുജനങ്ങൾക്കും കർഷകർക്കും വിദ്യാർത്ഥികൾക്കും ഔഷധസസ്യങ്ങളെ നേരിൽ കണ്ടുപഠിക്കുന്നതിനും അടുത്തറിയുന്നതിനുമായി 4 മാതൃകാ ഔഷധ തോട്ടങ്ങൾക്ക് അംഗീകാരം നൽകി. (ഔഷധി സബ് സെന്റർ പരിയാരം, കണ്ണൂർ സർവകലാശാല, കാർഷിക സർവ്വകലാശാല അമ്പലവയൽ, ഫോറസ്ട്രി കോളേജ് തൃശ്ശൂർ) അശ്വഗന്ധ (അമുക്കുരം) യുടെ കൃഷിയും ഉപയോഗവും പ്രോത്സാഹിപ്പി ക്കുന്നതിന്റെ ഭാഗമായി ദേശീയ അശ്വഗന്ധ ക്യാമ്പയിൻ നടപ്പിലാക്കി.പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട അശ്വഗന്ധയുടെ കൃഷിയും നഴ്സറിയും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

കർഷകർ ഉൽപാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി ഇടുക്കി, കോഴിക്കോട്, തൃശൂർ ജില്ലകളായി 4 സംഭരണ കേന്ദ്രങ്ങളും, 4 ഉണക്കുപുരകളും 3 കളക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു

വിദ്യാർത്ഥികളെ ഔഷധസസ്യങ്ങളെ കുറിച്ച് ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി 35 സ്കൂളുകളിൽ ഔഷധ ഉദ്യാനങ്ങൾ തയ്യാറാക്കി. 2023-24 സാമ്പത്തിക വർഷം 100 സ്കൂളുകൾക്ക് ഔഷധ ഉദ്യാനം നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകി.

528. ആയുർവേദ ഔഷധനിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കും. മരുന്നുകൾ സ്റ്റാൻഡേർഡൈസ് ചെയ്ത് രാസചേരുവ കൃത്യമായി രേഖപ്പെടുത്തി വിപണനം ചെയ്യാൻ നടപടിയെടുക്കും. അശാസ്ത്രീയ ഔഷധ ഉപയോഗം തടയും.

ശാസ്ത്രീയമായ കൃഷിയും സംഭരണവും വിപണനവും സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചു. പഠന റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്.

529. ഔഷധനിർമ്മാണ ടെക്നീഷ്യൻ കോഴ്സ്, ഔഷധ സംഭരണ പരിശീലനം, ഫാർമസിസ്റ്റ്, പഞ്ചകർമ്മ ടെക്നീഷ്യൻ, എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കും. ഇതിൽ പരമ്പരാഗത വൈദ്യമേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന നൽകും.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ആയുർവേദ ഫാർമസിസ്റ്റ്, നേഴ്സ്, തെറാപ്പിസ്റ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയുർവ്വേദ, പാരാമെഡിക്കൽ കോഴ്സുകളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ കമ്മിറ്റി രൂപീകരിച്ചു.

530. എല്ലാ പഞ്ചായത്തുകളിലും സർക്കാർ ആയുർവേദഹോമിയോ ഡിസ്പെൻസറികൾ ഉറപ്പുവരുത്തും.

എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ/ആശുപത്രികൾ ഉണ്ട്. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാതിരുന്ന 35 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലും നാഷണൽ ആയുഷ്മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിച്ചു. ഇതോടെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം യാഥാർഥ്യമായി.

531. ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കും.

ഹോമിയോപ്പതി വകുപ്പിന് കീഴിൽ വിവിധ ശാസ്ത്രീയ ഗവേഷണങ്ങൾ ആരംഭിക്കുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കും മാത്രമായി ഡോക്ടർമാരുടെ പ്രത്യേക സംഘം രൂപീകരിച്ച് ഹോമിയോപതിക് എവിഡെൻസ് ബേസ്ഡ് അഡ്വാൻസ്ഡ് റിസേർച്ച് ആൻഡ് ട്രയിനിംഗ് പദ്ധതിയ്ക്ക് തുടക്കമിട്ടു. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ഹോമിയോപ്പതി ഗവേഷണ സ്ഥാപനമായ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയും സംസ്ഥാന ഹോമിയോപ്പതി വകുപ്പുമായി സഹകരിച്ച് ആർ.സി.റ്റി പഠനം നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടു. ഹോമിയോപ്പതിയിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി 1.35 കോടി രൂപ ഹോമിയോപ്പതി മെഡിക്കൽ കോളേജ് വകുപ്പിന് അനുവദിച്ചു.

532. സിദ്ധ യുനാനി സമ്പ്രദായങ്ങൾക്ക് പ്രചാരമുള്ള സ്ഥലങ്ങളിൽ അവയുടെ സേവനം ആയുഷ് മിഷൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

6 കേന്ദ്രങ്ങളിൽ 10 മുതൽ 50 വയസുവരെയുള്ള സ്ത്രീകളുടെ പരിപൂർണ്ണ ആരോഗ്യത്തിന് വേണ്ടിയുള്ള സിദ്ധ ചികിത്സാ പദ്ധതിയായ 'മഗളിർ ജ്യോതി' ആരംഭിച്ചു. കാസർഗോഡ് ചീമേനി ഗവ. ആയുർവേദ ആശുപത്രിയിൽ പ്രത്യേക സിദ്ധ യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കി. കാസർഗോഡ് യുനാനി ഗവ. ഡിസ്പെൻസറിയിൽ 20.16 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി. 45 സിദ്ധ സ്ഥാപനങ്ങളിലൂടെ കോവിഡ് പ്രതിരോധത്തിന് കബാസുര കുടിനീർ വിതരണം ചെയ്തു. കോവിഡിനും കോവിഡാനന്തര പ്രശ്നങ്ങൾക്കുമുള്ള സിദ്ധ ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കി. 4 സിദ്ധ ഡോക്ടർമാരുടെയും 2 യുനാനി ഡോക്ടർമാരുടെയും താത്കാലിക തസ്തികകൾ സൃഷ്ടിച്ചു. സിദ്ധ യുനാനി ചികിത്സ സമ്പ്രദായങ്ങളിലൂടെ ജീവിത ശൈലി രോഗങ്ങളുടെ സങ്കീർണത തടയുന്നതിനും കൈകാര്യ ചെയ്യുന്നതിനും ഫലപ്രദവും സമഗ്രവും കുറഞ്ഞ പാർശ്വഫലങ്ങളുള്ളതുമായ ചികിത്സകൾ നൽകുന്നതിന് തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലായി 2 യുനാനി ചികിത്സ കേന്ദ്രങ്ങളും പാലക്കാട് ഇടുക്കി ജില്ലകളിലായി 2 സിദ്ധ ചികിത്സാ കേന്ദ്രങ്ങളും അനുവദിച്ചു. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലായി 3 സിദ്ധ തെറാപ്പി യൂണിറ്റുകളും കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിലായി 3 യുനാനി തെറാപ്പി യൂണിറ്റുകളും അനുവദിച്ചു. മലപ്പുറം ജില്ലയിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രി ചേലമ്പ്രയിൽ 1 യുനാനി മെഡിക്കൽ ഓഫിസറുടെയും മൾട്ടിപർപ്പസ് വർക്കറുടെയും സേവനം ലഭ്യമാക്കി.

# കുടിവെള്ളം

533. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തും. ജൽജീവൻ മിഷൻ വഴി 21 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കും. മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഗ്രാമതലത്തിൽ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയായിരിക്കും ഈ പദ്ധതി നടപ്പാക്കുക

സംസ്ഥാനത്ത് 38 ലക്ഷം ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി. 4 വർഷം കൊണ്ട് 20 ലക്ഷം കണക്ഷനുകൾ നൽകി. 115 ഗ്രാമപഞ്ചായത്തുകളിൽ 100% കുടിവെള്ള ലഭ്യത ഉറപ്പാക്കി. 9 നിയമസഭ മണ്ഡലങ്ങൾ സമ്പൂർണ്ണ കുടിവെള്ള ലഭ്യത കൈവരിച്ച മണ്ഡലങ്ങളായി. ഈ പദ്ധതിയുടെ ഭാഗമായി, എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാ



ടികളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കി. പദ്ധതി പുരോഗതി സംബന്ധിച്ച പഞ്ചായത്തുതല വിശദാംശങ്ങൾ വാട്ടർ അതോറിട്ടിയുടെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ജലഗുണനിലവാര പരിശോധനക്കായി സ്ഥാപിച്ച ലാബുകളിൽ 83 ലാബുകൾക്ക് എൻഎബിഎൽ അംഗീകാരം ലഭിച്ചു.

534. ജലവിതരണ പദ്ധതികളുടെ സമ്പൂർണ്ണ കണക്കെടുപ്പ് ജലനിധി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് എത്രയും വേഗം പൂർത്തിയാക്കും. സ്രോതസിന്റെ ശേഷി, ലഭ്യത,യഥാർത്ഥ്യത്തിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, നിലവിലുള്ള ജലവിതരണക്ഷമത, പൈപ്പ്, ടാങ്ക്, ടാപ്പുകൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥിതി, ജലഗുണനിലവാരം, ശുദ്ധീകരണ സംവിധാനത്തിന്റെ കാര്യക്ഷമത, നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവ വിലയിരുത്തുന്നതിന് സംസ്ഥാനവ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തും

**സുസ്ഥിരതാപദ്ധതി:** കെ.ആർ.ഡബ്ല്യു.എസ്.എ, ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട 227 ഗ്രാമപഞ്ചായത്തുകളിൽ 5,884 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി. മറ്റു നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ കണക്കെടുപ്പും സോഷ്യൽ ഓഡിറ്റിങ്ങും പുരോഗമിക്കുന്നു. 400 ഗ്രാമപഞ്ചയത്തുകളിലായി 8,185 കുടിവെള്ള പദ്ധതികളുടെ ആസ്തി വിവര ശേഖരണം പൂർത്തിയായി.

535. നഗരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ബ്രഹത് പദ്ധതികൾ അനിവാര്യമാണ്. പഴയ പദ്ധതികൾ പലതും കിഫ്ബി വഴി പുനരുദ്ധരിക്കുന്നുണ്ട്. ജലജീവൻ മിഷൻ സ്കീമും ഇതിനായി ഉപയോഗപ്പെടുത്തും

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്തപദ്ധതിയായ അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി കുടിവെള്ള വിതരണ പ്രവൃത്തികൾ വിഭാവനം

ചെയ്തു. 1081 കോടി രൂപയുടെ 184 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചു. മറ്റുള്ളവ പുരോഗമിക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ വൻകിട പദ്ധതികളിൽ പ്രധാന നഗരങ്ങളിലെ ബദൽ കുടിവെള്ള സംവിധാനം, കുടിവെള്ള പദ്ധതിയുടെ വിപുലീകരണം, വിതരണശൃംഖലകളുടെ ശാക്തീകരണം എന്നിവ ഉൾപ്പെടുന്നു. 5,399.608 കോടി രൂപയുടെ 77 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകി. 894.45 കോടി രൂപയുടെ 26 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി. പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 121 പ്രവൃത്തികളിൽ 214.86 കോടി രൂപ ചിലവഴിച്ച് 51 പ്രവൃത്തികൾ പൂർത്തീകരിച്ചു.

അമൃത് 2.0 പദ്ധതിയിൽ 157 കുടിവെള്ള വിതരണ പ്രവൃത്തികളും 1674.80 കോടി രൂപയുടെ 157 കുടിവെള്ള വിതരണ പ്രവൃത്തികളും 457.80 കോടി രൂപയുടെ 14 സീവറേജ് പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമായി. 38 എണ്ണം പൂർത്തീകരിച്ചു. 2021 മുതൽ സ്റ്റേറ്റ് പ്ലാനിൽ നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് 140.87 കോടി രൂപയുടെ 102 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. 25 പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റുള്ളവ പുരോഗമിക്കുന്നു.

## 536. കേരള വാട്ടർ അതോറിറ്റിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾക്കൊപ്പം വിതരണനഷ്ടം കുറയ്ക്കുന്നതിനും നടപടികൾ ഉണ്ടാവും. സർക്കാർ ധനസഹായം വർദ്ധിപ്പിക്കും

2021-22 സാമ്പത്തിക വർഷത്തിൽ നോൺപ്ലാൻ (പദ്ധതിയേതര വിഹിതം) ഇനത്തിൽ 321.06 കോടി രൂപയും 2022-23ൽ 353.16 കോടി രൂപയും 2023-24, 2024-25ൽ സാമ്പത്തിക വർഷങ്ങളിൽ 357.28 കോടി രൂപയും 2025-26 സാമ്പത്തിക വർഷം 332.28 കോടി രൂപയും വകയിരുത്തി. കേരള വാട്ടർ അതോറിറ്റി കെഎസ്ഇബിക്കു 31.10.2023 വരെ നൽകുവാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയും പലിശയും ഉൾപ്പെടെ 2068.00 കോടി രൂപയും 2024-25ൽ 458.54 കോടിരൂപയും നിബന്ധനകൾക്കു വിധേയമായി സർക്കാർ ഏറ്റെടുത്തു. ദീർഘകാല കുടിശികകൾ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. 107.95 കോടി രൂപ പിരിച്ചെടുത്തു.

## 537. ജലനിധി പദ്ധതികളിൽ ഒരു ഭാഗം പല കാരണങ്ങൾകൊണ്ടും നിർജ്ജീവമായിട്ടുണ്ട്. അവ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കും

സുസ്ഥിരതാ പദ്ധതി കെ.ആർ.ഡബ്ല്യു.എസ്സ്.എ., ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പിലാക്കി. കൈമാറിയ പദ്ധതികളിൽ 30% ശതമാനത്തോളം കുടിവെള്ള പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഇതുവരെ ഏറ്റെടുത്ത പ്രവൃത്തികളെല്ലാം 2026 മാർച്ച് 31നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## 538. കേരളത്തിലെ 60 ശതമാനത്തിലേറെ ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസെന്ന നിലയ്ക്ക് കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും. നാല് മാസത്തിലൊരിക്കൽ കിണറുകൾ ശുദ്ധീകരിക്കുകയും ഗുണനിലവാരത്തെക്കുറിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും

മഴവെള്ളകൊയ്ത്ത്, ഭൂഗർഭജല റീച്ചാർജ് എന്നിവയ്ക്കായി ഗാർഹിക കിണറുകളുടെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്കരിച്ചു. ജല ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ജല ജീവൻ മിഷൻ ജനകീയ പങ്കാളിത്തത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽ കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധന നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 8090 കിണറുകൾ റീച്ചാർജ്ജ് ചെയ്തു. 15,931 കിണറുകൾ നിർമ്മിച്ചു. ഗ്രാമീണ മേഖലയിലെ 11,446 വ്യക്തിഗത കുടുംബങ്ങൾക്കുവേണ്ടി നിർമ്മിച്ച മഴവെള്ള സംഭരണികളിൽ നിന്നും അധികമായി പുറത്തേക്ക് ഒഴുകുന്ന ജലം കിണറുകളുടെ ജല പരിപോഷണത്തിനും ഭൂജല സംവർദ്ധനത്തിനും ഉപയോഗപ്പെടുത്തുന്നു.

3,464 വ്യക്തിഗത കിണറുകൾ മഴവെള്ളം ശേഖരിച്ച് ജലപരിപോഷണം (കിണർ റീചാർജ്ജിങ്) നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കിവരുന്നു. 383 ഗാർഹിക കിണറുകൾക്ക് ആൾമറ, പ്ലാറ്റ് ഫോം, മഴ വെള്ളം ശേഖരിച്ചുള്ള റീ ചാർജിംഗ് സംവിധാനങ്ങൾ തുടങ്ങിയവ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

539. കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് കുടിവെള്ളം വാണിജ്യാടിസ്ഥാനത്തിൽ ഇറക്കും.

കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് കുടിവെള്ള പദ്ധതി അരുവിക്കരയിൽ പൂർത്തീകരിച്ചു. പെരുവണ്ണാമൂഴി ജലശുദ്ധീകരണശാലയുടെ സമീപം കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കു ന്നതിന് 25 കോടി രൂപയുടെ പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

540. പകുതി വഴിയിൽ നിർമ്മാണം നിലച്ചിരിക്കുന്ന സ്വീവേജ് പ്രധാന നഗരങ്ങളിലെ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. വികേന്ദ്രീകൃതമായ സ്വീവേജ് സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കും. മലിനജലം ഓടകൾ വഴി ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നത്. ഇതുവഴി തടയാനാകും.

ഗുരുവായൂർ അഴുക്ക്ചാൽ പദ്ധതി പൂർത്തീകരിച്ചു. 107 എംഎൽഡി ശേഷിയുള്ള മുട്ടത്തറ സീവറേജ് ട്രീറ്റ്മെന്റ്പ്ലാന്റ്, 5 എംഎൽഡി ശേഷിയുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സീവറേജ് പ്ലാന്റ്, കൊച്ചി ഏലംകുളത്തെ 5 എംഎൽഡി പ്ലാന്റ്, ഗുരുവായൂർ ചക്കുംകണ്ടത്തു പ്രവർത്തിക്കുന്ന 3 എംഎൽഡി പ്ലാന്റ് എന്നിങ്ങനെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 4 സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷനിൽ 27 എംഎൽഡി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും സീവറേജ് നെറ്റ്വർക്കിനുമായി 172.9 കോടി രൂപയുടെ അമൃത് 2.0 പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പാർപ്പിടം

541. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കും. ലൈഫ് മിഷൻ 2021-22ൽ 1.5 ലക്ഷം വീടുകൾ നിർമ്മിക്കും. ഇതിൽ 60,000ത്തോളം വീടുകൾ പട്ടികവിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കുമായിരിക്കും. പുതിയതായി ലൈഫ് മിഷൻ വീടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അനുബന്ധ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അവർക്കും വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള വീടുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ലൈഫ്. മുമ്പ് ഭവനനിർമ്മാണ ധനസഹായം ലഭിക്കുന്നതിനായി കരാറിൽ ഏർപ്പെട്ട് നിർമ്മാണം പൂർത്തികരിക്കാത്ത 54,116 കുടുംബങ്ങൾ ഉൾപ്പെടെ ലൈഫ് പദ്ധതിയുടെ പരിധിയിൽ വരുന്നു. ലൈഫ് ധനസഹായമായി 4 ലക്ഷം രൂപയും ദുർഘട പ്രദേശങ്ങളിലെ പട്ടിക വർഗ്ഗക്കാർക്ക് 6 ലക്ഷം വീതവും നൽകുന്നു. ആദ്യ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനായി 2020 ൽ ക്ഷണിച്ച അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കി ഗ്രാമ / വാർഡ് സഭകളുടെ അംഗീകാരത്തോടെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് മിഷന്റെ നേതൃത്വത്തിൽ പട്ടിക പ്രസിദ്ധീകരിച്ചു. 2017 ൽ തയ്യാറാക്കിയ ലൈഫ് പട്ടികയിലെ എല്ലാ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കളെയും പരിഗണിച്ച ശേഷം 2020 ലെ അപേക്ഷകളുടെ അടിസ്ഥാനത്തിലുള്ള പട്ടികയിൽ നിന്നും ധനസഹായം നൽകി തുടങ്ങി. 31.03.2025 വരെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി 5,47,553 പേർക്ക് വീട് അനുവദിക്കുകയും അതിൽ 4,51,631 പേർ വീട് നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തു.

542. ലൈഫ് മിഷന്റെ അടുത്ത ഘട്ടത്തിലെ പ്രത്യേകത ഭൂരഹിതർക്കു വീട് നൽകലാണ്. അവർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകും. അതോടൊപ്പം സ്വന്തമായി സ്ഥലം വാങ്ങി വീട് വയ്ക്കാൻ തയ്യാറുള്ളവർക്ക് 10 ലക്ഷം രൂപ വീതം നൽകും.

ലൈഫ് പദ്ധതിയുടെ ഭാഗമായി 4 ലക്ഷം രൂപ (പട്ടിക വർഗ്ഗക്കാർക്ക് 6 ലക്ഷം രൂപ) ധനസഹായം നൽകുന്നത് കൂടാതെ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് അടച്ചുറപ്പുള്ള ഭവനം ലഭ്യമാക്കുന്നതിനായി ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകി. പുനലൂർ (കൊല്ലം), വിജയപുരം (കോട്ടയം), അടിമാലി (ഇടുക്കി), കരിമണ്ണൂർ (ഇടുക്കി), കടമ്പൂർ (കണ്ണൂർ) എന്നിവിടങ്ങളിൽ ലൈഫ് മിഷൻ നേരിട്ടും മണ്ണന്തലയിൽ തിരുവനന്തപുരം നഗരസഭ സ്പോൺസർഷിപ്പിലൂടെയും എറണാകുളം ജില്ലയിൽ കീഴ്മാട് ഗ്രാമപഞ്ചായത്ത്, അങ്കമാലി നഗരസഭ, ജി സി ഡി എ, കൊച്ചിൻ കോർപ്പറേഷൻ, ലൈഫ് മിഷൻ എന്നിവർ ചേർന്നും മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ നഗരസഭയും ലൈഫ്മിഷനും ചേർന്നും തൃശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തും ഭവന സമുച്ചയങ്ങളിൽ 960 പേർക്ക് പുനരധിവാസം നൽകി. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

543. ലൈഫിനു വേണ്ടിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തിരിച്ചടവു ഭാരം വികസന ഫണ്ടിന്റെ 20 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പരിധിയിൽ എത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധിക തിരിച്ചടവ് സർക്കാർ വഹിക്കും.

20% അധികരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുതൽ തിരിച്ചടവ് ഭാരം സർക്കാർ ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.

## ഋണബാധ്യതകൾക്കു സമാശ്വാസം

544. കർശനമായ ധനകാര്യ നിയമങ്ങളുടെ പേരിൽ നിരവധി ആളുകൾ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുന്നു. കേരളത്തിൽ, 'കിടപ്പാടം അവകാശം' എന്ന നിയമം നടപ്പാക്കും. അതിന്റെ അടിസ്ഥാനത്തിൽ ബദൽ സംവിധാനങ്ങളില്ലാതെ ആരെയും വീടുകളിൽനിന്ന് പുറത്താക്കാനാവില്ല.

നിയമ നിർമ്മാണത്തിന്റെ കരട് നിയമവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനയിലാണ്.

546. കാർഷിക കടാശ്വാസ കമ്മീഷൻ, മത്സ്യമേഖല കടാശ്വാസ കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ തുടരും. ഇന്ത്യാ രാജ്യത്തു വിദ്യാഭ്യാസ വായ്പകൾക്കു സമാശ്വാസം പ്രഖ്യാപിച്ച ഏക സംസ്ഥാനമാണ് കേരളം. തുടർന്നും ഈ സ്കീം എങ്ങനെ വിപുലപ്പെടുത്താമെന്നത് ബാങ്കുകളോടു ചർച്ച ചെയ്തു തീരുമാനമെടുക്കും. സംസ്ഥാനത്തെ വിവിധ വികസന ഏജൻസികളിൽ ദീർഘനാളായി കുടിശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കും.

കേരള കർഷക കടാശ്വാസ കമ്മീഷൻ 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ 12 ജില്ലകളിലുമായി 46 സിറ്റിങ്ങുകൾ നടത്തി. 10776 അപേക്ഷകൾ കടാശ്വാസം നൽകുന്നതിനായി സമർപ്പിച്ചതിൽ 5345 അപേക്ഷകൾക്ക് കടാശ്വാസം അനുവദിച്ചു. 2024-25 വർഷം 12.03 കോടി രൂപ കടാശ്വാസ തുകയായി സർക്കാർ അനുവദിച്ചു. മത്സ്യ മേഖല കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം 2026 മാർച്ച് 31 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചു. 2021-2025 കാലഘട്ടത്തിൽ 3,18,31,000 രൂപയാണ് മത്സ്യ മേഖല കടാശ്വാസ കമ്മീഷൻ കടശ്വാസം അനുവദിച്ചത്. കെ.എസ്.എഫ്.ഇ, കെ.എഫ്.സി എന്നീ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## കായികരംഗം

547. കിഫ്ബി പിന്തുണയോടു കൂടി എല്ലാ ജില്ലകളിലും 450 കോടി ചെലവിൽ ബഹു ഉദ്ദേശ്യ ജില്ലാ സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കും. കിഫ്ബി വഴി എൺപതോളം ചെറുകിട സ്റ്റേഡിയങ്ങൾ നിർമ്മിക്കും. മൂന്നാറിലെ സാഹസിക അക്കാദമി വികസിപ്പിക്കും. ഇടുക്കിയിലെ ഹൈ ആൾട്ടിറ്റിയൂഡ് ട്രെയിനിംഗ് സെൻററും സ്റ്റേഡിയവും പൂർത്തീകരിക്കും. തിരുവനന്തപുരത്തും കൊച്ചിയിലും ഉള്ളതുപോലെ കോഴിക്കോട് ഒരു



### ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കും

എല്ലാ ജില്ലകളിലും സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചു. വയനാട് ജില്ലാ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിച്ചു. കൊല്ലം, കാസർഗോഡ്, തൃശ്ശൂർ, ഇടുക്കി ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ ഫണ്ടും ഉൾപ്പെടെ 1,900 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം കായിക മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കിഫ്ബി ധനസഹായത്തോടെ 100 കോടി ചെലവിൽ 19 സ്റ്റേഡിയങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 355 കോടി രൂപയുടെ 26 പ്രവൃത്തികൾ പുരോഗമിക്കുന്നു. 153 കോടി രൂപയ്ക്ക് സാങ്കേതികാനുമതി ലഭ്യമായ 9 പ്രവൃത്തികളിൽ 5 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ചാലക്കുടി, കൊടുമൺ, നീലേശ്വരം, തൃത്താല, തലശ്ശേരി, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ, പ്രീതികുളങ്ങര, കൽപ്പറ്റ, താനൂർ, പുനലൂർ, വടകര, മേപ്പയ്യൂർ, നടുവണ്ണൂർ, നെടുങ്കണ്ടം എന്നിവിടങ്ങളിൽ കായികസമുച്ചയങ്ങൾ പൂർത്തിയായി. ഇടുക്കിയിലെ ഹൈ ആൾട്ടിറ്റിയൂഡ് ട്രെയിനിംഗ് സെന്റർ പദ്ധതിക്കായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി.

### 548. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ജനങ്ങൾക്ക് ഒത്തു കൂടുന്നതിനും ലഘുവ്യായാമം ചെയ്യുന്നതിനും പാർക്ക് പോലെയുള്ള പൊതുയിടങ്ങൾ ഉണ്ടാക്കും. സ്കൂളുകളിലും പൊതു ഇടങ്ങളിലും ലഭ്യമായ സ്ഥലം നവീകരിച്ച് മൽസര യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കും

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 124 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായി. 10 ഇടങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചു. 48 കളിക്കളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 38 സ്കൂളുകളിൽ കളിക്കളങ്ങളൊരുക്കി. 36 സ്കൂളുകളിൽ കളിക്കള നിർമ്മാണം പുരോഗമിക്കുന്നു. 132 കോടി രൂപ സ്കൂൾ കളിക്കളങ്ങൾ നിർമ്മിക്കാൻ ചിലവഴിച്ചു. തിരുവനന്തപുരത്തെ ജി.വി രാജ സ്പോർട്സ് സ്കൂളിൽ 30 കോടി രൂപയും കണ്ണൂർ, തൃശ്ശൂർ സ്പോർട്ട്സ് ഡിവിഷൻ സ്കൂളുകളിൽ 15 കോടി രൂപ വീതവും വിനിയോഗിച്ച് കളിക്കളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കി.

549. സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 108 വിവിധതരം സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 12 ജില്ലാ അക്കാദമികളിൽ ഖേലോ ഇന്ത്യ ഡിസ്ട്രിക് സെന്റർ ഓഫ് എക്സലെൻസ് ആരംഭിച്ചു. കാസർഗോഡ് ജില്ലാ അക്കാദമിക്ക് പുതിയ കെട്ടിടം നിർമ്മിച്ചു. കൊല്ലം ജില്ലാ അക്കാദമിയുടെ ഹോസ്റ്റൽ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കോളേജ് ഹോസ്റ്റലുകളിൽ വോളീബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, ഹാൻഡ്ബോൾ, നെറ്റ്ബോൾ, ഹോക്കി കായികയിനങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ച വച്ച കായിക താരങ്ങളെ ഉൾപ്പെടുത്തി. ഉന്നത നിലവാരം പുലർത്തുന്ന കായിക താരങ്ങളെ കണ്ടെത്തുന്നതിന്റെ ഭാഗമായി ഗ്രാസ്റൂട്ട് ലെവലിൽ കുട്ടികളെ തിരഞ്ഞെടുത്ത് അത്‌ലറ്റിക്സ്, നീന്തൽ, ഹോക്കി, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, അണ്ടർ 14 വനിതാ ഫുട്ബോൾ, വോളിബോൾ പരിശീലനം നൽകിവരുന്നു.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിനായി സ്പോർട്സ് സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തി. ഹോസ്റ്റലുകളിലേക്കുള്ള വിദ്യാർത്ഥികളുടെ സെലക്ഷൻ ശാസ്ത്രീയവും സുതാര്യവുമാക്കി. 8 സ്ഥാപനങ്ങൾക്ക് പുതിയ ഇനങ്ങളിൽ ഹോസ്റ്റൽ അനുവദിച്ചു. എൻ.ഐ.എസ് പൂർത്തിയാക്കിയവരും അന്താരാഷ്ട്ര പരിശീലന മികവ് തെളിച്ചവരുമായ പരിശീലകരെ വിവിധ അക്കാദമികളിൽ നിയമിച്ചു. അക്കാദമികളിലെ പരിശീലകരെ ആധുനിക പരിശീലന സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്നതിനായി റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിച്ചു.

550. കായിക ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടി കേരളത്തിലെ എല്ലാ വിഭാഗങ്ങൾക്കും കായികക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിന് കേരള കായികക്ഷമതാ മിഷൻ വിദ്യാഭ്യാസ തദ്ദേശ സ്വയംഭരണ ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ ആരംഭിക്കും.

കായികക്ഷമതാ മിഷന് ഭരണാനുമതി നൽകി. എൽ.പിതലം മുതൽ സ്പോർട്സ് കരിക്കുലം നടപ്പിലാക്കി. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ കായിക പാഠപുസ്തകം പരിഷ്കരിച്ചു.

551. സ്പോർട്സ് ശാസ്ത്ര ശാഖകളിലെ കണ്ടുപിടുത്തങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് യുണിവേഴ്സിറ്റികളുമായി സ്പോർട്സ് കൗൺസിൽ സഹകരിക്കും. സ്പോർട്സ് മെഡിസിന് മെഡിക്കൽ കോളേജുകളിൽ പ്രത്യേക സംവിധാനം സൃഷ്ടിക്കും

കായിക ശാസ്ത്ര ശാഖകളുമായി ബന്ധപ്പെട്ട കോഴ്സുകളും ഗവേഷണവും നടത്താൻ കാലിക്കറ്റ് സർവ്വകലാശാലയും കായിക വകുപ്പും ചേർന്ന് സ്പോർട്സ് ഇൻസ്റ്റിറ്റിയൂറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചു. ആസ്ട്രേലിയയിലെ വിക്ടോറിയ യുണിവേഴ്സിറ്റിയുമായി ചേർന്ന് സ്പോർട്സ് ശാസ്ത്രശാഖകളും പരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സഹകരണാത്മക പ്രവർത്തനങ്ങൾ ആരംഭിച്ചു. ചെന്നൈയിലെ ശ്രീ രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ ശാരീരിക, കായികശേഷികൾ ശാസ്ത്രീയമായി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തി.

കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്പോർട്സ് മെഡിസിൻ ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്പോർട്സ് മെഡിസിൻ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് ശാസ്ത്രീയവും കൃത്യവുമായ വൈദ്യസഹായം ലഭ്യമാക്കുന്നതിനു വേണ്ടി കണ്ണൂർ, തൃശൂർ ജില്ലകളിൽ ഓരോ സ്പോർട്സ് സയൻസ് സെന്റർ ആരംഭിച്ചു. 2019ൽ തൃശ്ശൂരിൽ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ ആയുർവ്വേദ സ്പോർട്സ് ആശുപത്രിയുടെ പ്രവർത്തനം സജീവമാക്കി.

552. എല്ലാ പ്രധാന കളികളിലും ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കും. സംയുക്ത സർവകലാശാല ടീമിനെ തെരഞ്ഞെടുക്കുകയും അവരെ ഇതിൽ പങ്കാളികളാക്കുകയും ചെയ്യും. ഫുട്ബോളിൽ അന്തർദേശീയ ടീമുകൾ പങ്കെടുക്കുന്ന ടൂർണമെന്റ് സംഘടിപ്പിക്കും.

കൊവിഡാനന്തരം സംസ്ഥാനത്ത് കൂടുതൽ ദേശീയ, അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിച്ചു. ഇന്ത്യ ആദ്യമായി വേദിയായ ഏഷ്യൻ മൗണ്ടൻ ബൈക്കിങ്ങ് ചാമ്പ്യൻഷിപ്പ് പൊന്മുടിയിൽ സംഘടിപ്പിച്ചു. ഇരുപതോളം രാജ്യങ്ങൾ പങ്കെടുത്തു. ഫെഡറേഷൻ കപ്പ് ദേശീയ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ്, ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് എന്നിവ ആദ്യമായി കേരളത്തിൽ നടത്തി. സന്തോഷ് ട്രോഫി ഫൈനൽ റൗണ്ട് മത്സരങ്ങൾ ഗംഭീരമായി സംഘടിപ്പിച്ചു. അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച രണ്ട് ഇന്ത്യ ഗ്രാന്റ്പ്രീ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പുകളും ആദ്യ ദേശീയ ജമ്പ്സ് ചാമ്പ്യൻഷിപ്പും ദേശീയ ഷൂട്ടിങ്ങ് ചാമ്പ്യൻഷിപ്പും തിരുവനന്തപുരത്ത് നടന്നു. ഫുട്ബോൾ ലീഗുകൾ കേരളത്തിൽ ആരംഭിച്ചു. രാജ്യത്ത് ആദ്യമായി കോളേജ് ലീഗുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിനായി കോളേജ് തല സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിച്ചു തുടങ്ങി. ഓരോ ജില്ലയിലെയും മികച്ച അണ്ടർ 17 ടീമുകളെ പങ്കെടുപ്പിച്ച് സി എം ഗോൾഡ്കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചു. സ്പോട്സ് കൗൺസിൽ നേതൃത്വത്തിൽ കോളേജ് ഗെയിംസ് സംഘടിപ്പിച്ചു.

553. കായികപ്രതിഭകളെ കുട്ടിക്കാലത്തേ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ശക്തിപ്പെടുത്തും. കുട്ടികളുടെ കായികാഭിരുചി വളർത്തിയെടുക്കുന്നതിനുള്ള പ്ലേ ഫോർ ഹെൽത്ത്, ഫുട്ബോൾ ടാലൻറുകളെ കണ്ടെത്താനുള്ള കിക്കോഫ്, നീന്തലിനുള്ള സ്പ്ലാഷ്, ടെന്നീസിനുള്ള എയ്സ് തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്തും

ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. 25 കുട്ടികൾ വീതമുള്ള 33 സെന്ററുകളിലായി പരിശീലനം നടന്നുവരുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് ഗോൾ എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഫുട്ബോൾ പരിശീലന പദ്ധതിയായ ഗോളിന്റെ അടുത്ത ഘട്ടം നടപ്പാക്കുന്നതിനുള്ള 140 നിയമസഭാ മണ്ഡലങ്ങളിലെ പരിശീലന കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പ്, പരിശീലകർക്കുള്ള പരിശീലനം എന്നിവ പൂർത്തിയാക്കി. ഒരു ലക്ഷം പേർക്ക് പരിശീലനം നൽകി. പ്രാഥമിക പരിശീലനത്തിൽ നിന്ന് തെരഞ്ഞെടുത്ത 30 വീതം കുട്ടികൾക്ക് 140 നിയമസഭ മണ്ഡലങ്ങളിലായി പരിശീലനം നൽകിവരുന്നു.

**ഹെൽത്തി കിഡ്സ് പ്രോഗ്രാം:** കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായിക യുവജന കാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്ക്കൂളുകളിലായി കായിക യുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് നടപ്പിലാക്കി. കൂടുതൽ സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജൂഡോക്ക:** അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ 10 കേന്ദ്രങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കുക. 8 മുതൽ 11 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകാനുദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകും. തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് , ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി കുട്ടികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. കുട്ടികളെ തെരെഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

**പഞ്ച്:** വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനും ബോക്സിംഗിനായി ഗ്രാസ്റൂട്ട് പരിശീലന പരിപാടി പഞ്ച് 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. സംസ്ഥാന സ്പോർട്സ് സ്കൂളുകളിലും പദ്ധതിയിലെ കുട്ടികൾ സെലക്ഷൻ കരസ്ഥമാക്കി സെലക്ഷൻ ട്രയൽ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

**കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം:** കായികതാരങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഒളിമ്പിക്സ് പോലുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയിക്കാനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകാനാണ് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ഓരോ സാമ്പത്തിക വർഷത്തിലും കുറഞ്ഞത് 10 എലൈറ്റ് കായിക താരങ്ങൾക്കെങ്കിലും സാമ്പത്തിക സഹായം നൽകും. അന്താരാഷ്ട്ര ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിവുള്ള യുവപ്രതിഭകളെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിന് പ്രമുഖ കായികതാരങ്ങളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ടാലന്റ് സെർച്ച് കമ്മിറ്റിയും സെലക്ഷൻ കമ്മിറ്റിയും രൂപീകരിക്കും.

## 554. സ്പോർട്സ് കൗൺസിലിന്റെ പുനഃസംഘടന പൂർത്തീകരിക്കും. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ ഘടകങ്ങൾ രൂപീകരിക്കും

സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. ഇതുവരെ 802 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിൽ നിലവിൽവന്നു.

## 555. കേരളത്തിലെ പൊതുമേഖലാ/സർക്കാർ സ്ഥാപനങ്ങളിൽ സ്പോർട്സ് ടീമുകൾ രൂപീകരിക്കും

കെഎസ്ഇബിയുടെ  വോളിബോൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ ടീമുകളും കേരള പോലീസിന്റെ ഫുട്ബോൾ, ബാസ്ക്റ്റ്ബോൾ ടീമുകളും സജീവമാണ്. പൊതുമേഖല സ്ഥാപനങ്ങൾ ചേർന്ന് ടീം രൂപീകരിക്കൽ ചർച്ച പുരോഗമിക്കുന്നു.

## 556. കേരളത്തിലെ സ്പോർട്സ് ക്ലബ്ബുകൾക്ക്  രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കും. ഗ്രേഡ് തിരിച്ച് ലൈബ്രറികൾക്ക് എന്നപോലെ ധനസഹായം നൽകും.

തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർസ് കൗൺസിൽ തെരഞ്ഞെടുപ്പുകളുടെ ഭാഗമായി പ്രാദേശിക സ്പോർട്സ് ക്ലബുകൾ രജിസ്റ്റർ ചെയ്തുവരുന്നു.

## 557. കളരിപ്പയറ്റ്, വുഷു, തായ്ക്കോണ്ടോ, കരാട്ടെ എന്നീ ആയോധനകലകൾ പ്രോൽസാഹിപ്പിക്കും

കളരിപ്പയറ്റിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തി തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ സഹകരണത്തോടെ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 14 ജില്ലകളിൽ നിന്നുമുള്ള കളരി പരിശീലനവുമായി ബന്ധപ്പെട്ട സമ്പ്രദായങ്ങൾ, ശൈലികൾ, കളരി ചികിൽസയുമായി ബന്ധപ്പെട്ട പ്രാഥമികവിവരങ്ങൾ, കളരി ആയുധങ്ങളുടെ ചിത്രങ്ങൾ, പരിശീലകരുടെ ഡയറക്ടറി, കളരിപ്പയറ്റുമായി ബന്ധപ്പെട്ട പദങ്ങളുടെ ഡയറക്ടറി തുടങ്ങിയവ ഉൾപ്പെടുത്തി 11 അധ്യായങ്ങൾ ഉൾപ്പെടുന്ന 611 പേജുകളുള്ള ഗ്രന്ഥമാണ് പ്രസിദ്ധീകരിച്ചത്.

വുഷു, ജൂഡോ, തായകോണ്ടോ എന്നീ ഇനങ്ങൾ സ്പോർട്സ് കൗൺസിലിന്റെ അക്കാദമികളിലും സ്പോർട്സ് സ്കൂളുകളിലും പരിശീലിപ്പിച്ച് വരുന്നു. കുടുംബശ്രീയുമായി ചേർന്ന കരാട്ടെ ട്രെയിനർമാരെ പരിശീലിപ്പിച്ചു. പരിശീലനം സിദ്ധിച്ച ട്രെയിനർമാരുടെ നേതൃത്വത്തിൽ വനിതകൾക്കായുള്ള കരാട്ടെ പരിശീലനം നടന്നുവരുന്നു. കോമ്പാറ്റ് സ്പോർട്സ് സെന്ററുകൾ ആരംഭിക്കാൻ 2025-26 ബജറ്റിൽ തുക വകയിരുത്തി.

## 558. സ്പോർട്സ് ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഇവയേയും വിവിധ അസോസിയേഷനുകളെയും ഒരു കുടക്കീഴിലാക്കാൻ കായികഭവൻ സ്ഥാപിക്കും.

കായികഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സ്പോർട്സ് കൗൺസിലിന്റെയും കായിക ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കായിക ഡയറക്ടറും സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയും ഒരാളായിരിക്കണമെന്ന്

നിഷ്കർഷിച്ച് ഉത്തരവിറക്കി. കേരള സ്പോർട്സ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി.

559. നിലവിലുള്ള കായികവിദ്യാഭ്യാസ പാഠ്യപദ്ധതി പുന:ക്രമീകരിക്കുകയും പഠനനിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

കായികവിദ്യാഭ്യാസ പാഠ്യപദ്ധതി സംബന്ധിച്ച സമീപന രേഖ തയ്യാറാക്കി. നിലവിലെ പാഠ്യപദ്ധതി പരിഷ്കരിച്ചു. എൽ.പി മുതൽ മുഴുവൻ ക്ലാസ്സുകളിലും കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രത്യേക സിലബസും പുസ്തകവും വികസിപ്പിച്ചു. സ്പോർട്സ് സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കായിക യുവജനകാര്യ വകുപ്പ് വിവിധ കർമ്മ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനു പുറമെ പഠന നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കി.

560. ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കും. കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ രണ്ട് സ്പോർട്സ് ഡിവിഷനുകൾ കൂടി ആരംഭിക്കും

ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളും കായിക ഉപകരണങ്ങളും ഓരോ കായിക ഇനത്തിനും വിദഗ്ധരായ പരിശീലകരെയും ലഭ്യമാക്കി. ജി. വി രാജ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്, ഹോക്കി ടർഫ്, ബാസ്കറ്റ്ബോൾ കോർട്ട്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, ജൂഡോ മാറ്റ്, ബോക്സിങ് റിങ്, ഇവക്കെല്ലാം ആവശ്യമായ കായിക ഉപകരണങ്ങൾ, സ്കൂൾ ഹോസ്റ്റൽ ലാബുകൾ, മെസ് എന്നിവ മെച്ചപ്പെടുത്തി. ജി.വി രാജാ സ്പോർട്സ് സ്കൂളിൽ കായിക വകുപ്പ് ഏർപ്പെടുത്തിയ സൗകര്യങ്ങൾ പരിഗണിച്ച് കേന്ദ്ര സർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തു. ഈ പദ്ധതിയുടെ ഭാഗമായി അത്‌ലറ്റിക്സ്, ജൂഡോ, ബോക്സിങ് എന്നീ ഇനങ്ങൾക്ക് പ്രത്യേക പരിഗണനന നൽകി കേന്ദ്ര ഫണ്ടും അനുവദിച്ചു.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ പെൺകുട്ടികൾക്കുമാത്രമുള്ള സ്പോർട്സ് സ്കൂൾ ആയി ഉയർത്തി. വോളീബോൾ കോർട്ട്, ബാസ്കറ്റ്ബാൾ കോർട്ട് എന്നിവ ഒരുക്കി. പുതിയ ഹോസ്റ്റൽ നിർമ്മിച്ചു. കായിക ഉപകരണങ്ങളും സ്പോർട്സ് കിറ്റും വർഷാവർഷം അനുവദിക്കുന്നുണ്ട്. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ് കുന്നംകുളത്ത് കായിക താരങ്ങളെ പ്രവേശിപ്പിക്കുന്നതിന് ഏഴാം തരത്തിലും എട്ടാം തരത്തിലും 30 വിദ്യാർത്ഥികളെ വീതം ഉൾപ്പെടുത്തി തൃശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു. കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്കൂളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്പോർട്സ് സ്കൂൾ ആയി ഉയർത്തുന്നതിന് കിഫ്ബി 25 കോടി രൂപ അനുവദിച്ചു.

561. സ്പോർട്സ് ക്വാട്ടയിൽ 2010 മുതൽ 2014 വരെയുള്ള നിയമനങ്ങൾ ഇപ്പോഴാണ് കുടിശിക തീർത്ത് നിയമനം നടത്തിയത്. അതുപോലെ തന്നെ ദേശീയ ഗെയിംസിൽ വിജയികളായിട്ടുള്ളവർക്ക് നിയമനം നൽകി. സ്പോർടസ് ക്വാട്ട വർദ്ധിപ്പിക്കുന്നതാണ്.

കഴിഞ്ഞ 8 വർഷത്തനിടെ സ്പോട്സ് ക്വാട്ടയിൽ റെക്കോഡ് നിയമനം നടന്നു. ഈ കാലയളവിൽ 960 കായികതാരങ്ങൾക്ക് നിയമനം നൽകി. ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ 5 താരങ്ങൾക്ക് എ.ഇ.ഒയ്ക്ക് സമാനമായ അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസർ തസ്തികയിൽ നിയമനം നൽകി.

562. സ്പോർട്സ് ക്വാട്ടയിൽ നിയമിതരായ സ്പോർട്സ് താരങ്ങളുടെ പരിശീലന മികവും സേവനവും ബഹുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ ജോലി സമയം ക്രമീകരിക്കുന്നതിന് സബോർഡിനേറ്റ് റൂൾസ് ഭേദഗതി ചെയ്യുന്നതിന്റെ സാധ്യതകൾ പരിഗണിക്കും

സ്പോർട്സ് ക്വാട്ട നിയമനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുഭരണ വകുപ്പ് സെക്രട്ടറിയും കായികവകുപ്പ് സെക്രട്ടറിയും ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു. സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും മറ്റും സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നു.

## ഭാഷ, കല, സംസ്കാരം, മാധ്യമം

563. എല്ലാ ജില്ലകളിലും കിഫ്ബി സഹായത്തോടെ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും. ഇവിടെ ഗാലറി, സംഗീതശാല, നാടകശാല എന്നിവ നിർബന്ധമായും ഉണ്ടാവും. കലാകാരന്മാർക്ക് ഒത്തുചേരുന്നതിനും റിഹേഴ്സലുകൾ നടത്തുന്നതിനും മറ്റും ഇടമുണ്ടാവണം. ഓരോ ജില്ലയിലെയും സവിശേഷതകൾ കണക്കിലെടുത്തായിരിക്കും ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുക. ഇക്കാര്യത്തിൽ കലാകാരന്മാരുടെ അഭിപ്രായം കൂടി ആരായും. അവർക്ക് സാംസ്കാരിക സമുച്ചയത്തിന്റെ നടത്തിപ്പിലും പങ്കാളിത്തമുണ്ടായിരിക്കും.

കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം പണി പൂർത്തിയായി ഉദ്ഘാടനം ചെയ്തു പ്രവർത്തിച്ചു വരുന്നു. കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്. കോട്ടയം, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ സ്ഥലം ലഭ്യമാക്കി.

564. നവ വനിതാ സംവിധായകരുടെയും പട്ടികവിഭാഗ സംവിധായകരുടെയും പ്രോത്സാഹനത്തിനുള്ള ധനസഹായം തുടരും. അമച്വർ നാടക സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കീം തുടരും. ഓരോ വർഷാരംഭത്തിലും അപേക്ഷ ക്ഷണിക്കുകയും, കലാസംഘത്തിന്റെ മുൻപരിചയത്തിന്റെയും സ്ക്രിപ്റ്റിന്റെയും അടിസ്ഥാനത്തിലായിരിക്കും ധനസഹായം നൽകുക. യുവ കലാകാരന്മാർക്കുള്ള 1000 ഫെലോഷിപ്പ് തുടരും.

വനിതാ, പട്ടിക വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ പ്രോത്സാഹനത്തിനായി സഹായം നൽകി വരുന്നുണ്ട്. നാളിതുവരെ വനിതാ പട്ടികവിഭാഗങ്ങളിൽ 8 ചിത്രങ്ങൾ പൂർത്തീകരിച്ചു. 7 ചിത്രങ്ങൾ തീയറ്ററിൽ റിലീസ് ചെയ്തു. 1 എണ്ണം 2025 മാർച്ച് മാസത്തിൽ റിലീസ് ചെയ്യും. ഒരു ചിത്രം പോസ്റ്റ് പ്രൊഡക്ഷൻ സ്റ്റേജിലാണ്. ഒരു ചിത്രത്തിന്റെ ഷൂട്ടിംഗ് നടന്നുവരുന്നു. പുതിയ 4 ചിത്രങ്ങൾ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

കോവിഡാനന്തരം അമച്വർ നാടകങ്ങളെ സഹായിക്കുന്നതിനും പുതിയ നാടകങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി 2022-23 ൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരം ഒന്നാംഘട്ടത്തിൽ 24 സംഘങ്ങൾക്കും രണ്ടാംഘട്ടത്തിൽ 19 നാടകസംഘങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്. യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി പദ്ധതിയിൽ 1000 കലാകാരന്മാർക്ക് ഫെല്ലോഷിപ്പ് നൽകി വരുന്നു. കലാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഒരു ജില്ലയിൽ ഒരു ജില്ലാ കോഓർഡിനേറ്ററെ വീതവും ഒരു സംസ്ഥാന കോ-ഓർഡിനേറ്ററെയും നിയമിച്ചിട്ടുണ്ട്.

565. കലാകാരന്മാരുടെ വാസനയും നൈപുണിയും പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാകമ്പോളവുമായി ബന്ധിപ്പിക്കുന്നതിനും റൂറൽ ആർട് ഹബുകൾ തുടങ്ങും. സാംസ്കാരികത്തെരുവ്/പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിന് സ്കീം ആരംഭിക്കും.

കലാകാരന്മാരുടെ വാസനയും നൈപുണിയും പ്രോത്സാഹിപ്പിക്കുന്നതിന് അന്തർ ദേശീയ കലാകമ്പോളവുമായി ബന്ധിപ്പിക്കുന്നതിനും റൂറൽ ആർട്ട് ഹബ്ബുകൾ ആരംഭിച്ചു. സാംസ്കാരിക വകുപ്പിന്റെ സ്ഥാപനമായ വാസ്തുവിദ്യാഗുരുകുലം മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതുവരെ 54 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 758 കലാകാരന്മാർ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. 2023-24 സാമ്പത്തിക വർഷം 32 ലക്ഷം രൂപയും 2024-25-ൽ 72 ലക്ഷം രൂപയും കലാകാരന്മാർക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.



കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുഇടങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വളളിക്കുന്ന്, ചെങ്ങന്നൂർ, ആലങ്ങാട് എന്നിവിടങ്ങളിൽ പദ്ധതി പൂർത്തിയായി. തൃശ്ശൂർ അന്നമനടയിൽ നിർമ്മാണം അവസാനഘട്ടത്തിലാണ്.

566. സ്കൂൾ ലൈബ്രറികളെല്ലാം വിപുലീകരിക്കും. ഇതോടൊപ്പം ക്ലാസ് റൂം ലൈബ്രറികളും സൃഷ്ടിക്കും. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാൻ ഇതു സഹായിക്കും. ഇതിനായുള്ള വായനയുടെ വസന്തം ക്യാമ്പയിൻ ശക്തിപ്പെടുത്തും.

വായനയുടെ വസന്തം ക്യാമ്പയിനിന്റെ ഭാഗമായി ക്ലാസ്സ് തല വായനാപ്രോത്സാഹന പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്കൂൾ ലൈബ്രറികൾ വിപുലീകരിക്കുന്നതിനായി 6,54,133 പുസ്തകങ്ങൾ ലഭ്യമാക്കി. പുസ്തകങ്ങൾ സൂക്ഷിക്കാൻ റാക്ക് ഇല്ലാത്ത 203 വിദ്യാലയങ്ങൾക്ക് റാക്ക് ലഭ്യമാക്കി.

567. വിവരസാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി ഗ്രന്ഥശാലകൾ നവീകരിക്കുന്ന പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ട്. അത് പൂർത്തീകരിക്കും. ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് ഇൻ എയ്ഡ് ഇരട്ടിയാക്കും. ലൈബ്രേറിയൻമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കും. അപൂർവ്വ ഗ്രന്ഥങ്ങൾ ജില്ലയിൽ ഏതെങ്കിലും ഒരു ലൈബ്രറിയിൽ കേന്ദ്രീകരിക്കുന്നതിന് ഒരു സ്കീം ആരംഭിക്കും.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റു ചെയ്ത പ്രവർത്തിക്കുന്ന എണ്ണായിരത്തോളം ലൈബ്രറികളെ ഒറ്റ ശ്രേണിയിൽ കൊണ്ടു വരത്തക്കവിധം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ PUBLIC എന്ന സോഫ്ട്വെയർ നിർമ്മിച്ചിട്ടുണ്ട്. ലൈബ്രറികളിലെ പുസ്തകം വിതരണം, പരിപാടികൾ എന്നിവ ഓൺ ലൈനായി സേവനം ലഭ്യമാക്കുന്ന രീതിയിലാണ്

സോഫ്ട്‌വെയർ നിർമ്മിച്ചിട്ടുള്ളത്. ഇതിൻമേൽ ലൈബ്രറി പ്രവർത്തകർക്കുള്ള പരിശീലനം നടക്കുന്നു. പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സോഫ്ട്‌വെയറിലൂടെ ലൈബ്രറി അംഗങ്ങൾക്കു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലൈബ്രേറിയൻമാരുടെ അലവൻസിൽ പ്രതിമാസം 1,000/രൂപയുടെ വർദ്ധനവ് വരുത്തി. അപൂർവ്വ ഗ്രന്ഥങ്ങൾ ജില്ലയിലെ ഒരു ലൈബ്രറിയിൽ കേന്ദ്രീകരിക്കുന്ന പ്രവർത്തനം ആരംഭിക്കുന്നതാണ്.

569. സാഹിത്യ അക്കാദമി വഴി പ്രാദേശിക സാഹിത്യസമിതികൾ, കലാ സാംസ്കാരിക സംഘടനകൾ എന്നിവയ്ക്ക് സർക്കാർ ധനസഹായം നൽകും. ഇതിനുള്ള മാനദണ്ഡങ്ങൾക്ക് അടിയന്തരമായി രൂപം നൽകും. സാമ്പ്രദായരീതികളിൽ നിന്ന് വ്യത്യസ്തമായി ലിറ്ററി ഫെസ്റ്റിവലുകൾ കേരളത്തിൽ സംഘടിപ്പിക്കും. മലയാള ഭാഷയിലെ ഗ്രന്ഥങ്ങൾ വിവിധ ഇന്ത്യൻ ഭാഷകളിലേയ്ക്കും ലോകഭാഷകളിലേയ്ക്കും തർജ്ജിമ ചെയ്യാൻ പരിപാടി തയ്യാറാക്കും.

കലാ സാംസ്കാരിക സംഘടനകൾക്ക് ആവർത്തന, ആവർത്തനേതര ധന സഹായം നൽകുന്ന പദ്ധതി സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി 2024 ജനുവരി 28 മുതൽ ഫെബ്രുവരി 3 വരെ പ്രഥമ സാർവ്വദേശീയ സാഹിത്യോത്സവം തൃശ്ശൂരിൽ വച്ച് സംഘടിപ്പിച്ചു. വിവിധ മലയാള കവിതകളുടെയും മറ്റ് പുസ്തകങ്ങളുടെയും ഇംഗ്ലീഷ് വിവർത്തനങ്ങൾ സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചു.

570. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ ലോകത്തെ നാടൻ കലകളെയും കലാകാരന്മാരെയും ഉൾപ്പെടുത്തി അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവൽ സംഘടിപ്പിക്കും. തെരഞ്ഞെടുത്ത നാടൻപാട്ടു സംഘങ്ങൾക്കും നാടൻകലാ സംഘങ്ങൾക്കും ധനസഹായം ലഭ്യമാക്കും.

നാടൻപാട്ടു സംഘങ്ങൾക്കും നാടൻ കലാ സംഘങ്ങൾക്കും നാടൻ കലാ അക്കാദമി വഴി പരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകുകയും അതുവഴി അവർക്ക് പ്രതിഫലം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഫോക്ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2025 മേയ് മാസത്തിൽ അന്താരാഷ്ട്ര ഫോക് ഫെസ്റ്റ് നടത്തുന്നതാണ്.

571. തിരുവനന്തപുരം ഫിലിം ഫെസ്റ്റിവെലിനു സ്ഥിരം വേദിയുണ്ടാക്കും. ഫിലിം സൊസൈറ്റികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും, പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് സർക്കാർ ധനസഹായം നൽകും.

തിരുവനന്തപുരം നഗരത്തെ സ്ഥിരം വേദിയായി കണ്ട് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ നഗരത്തിലെ വിവിധ തീയറ്ററുകളിലായി കൃത്യമായി നടത്തിവരുന്നു. ചലച്ചിത്ര- അക്കാദമി മുഖേന ഫിലിം സൊസൈറ്റികൾക്ക് ധനസഹായം നൽകി വരുന്നു. പ്രാദേശിക ചലച്ചിത്രോത്സവങ്ങൾ ചലച്ചിത്ര അക്കാദമി മുഖേന സംഘടിപ്പിച്ചു വരുന്നു. പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ലളിതകലാ അക്കാദമി മുഖേന ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷന് ധനസഹായം നൽകുന്നുണ്ട്. കൊച്ചി ബിനാലേക്കുള്ള ധന സഹായം തുടരുന്നു. ആലപ്പുഴയിൽ ലോകമേ തറവാട് സംഘടിപ്പിച്ചു.

572. ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷനുള്ള ധനസഹായം ലഭ്യമാക്കും. കൊച്ചി ബിനാലേയ്ക്കുള്ള ധനസഹായം തുടരും. ആലപ്പുഴയിൽ ലോകമേ തറവാട് ചിത്രോത്സവം സംഘടിപ്പിക്കും.

ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷനും കൊച്ചി ബിനാലേക്കും ധനസഹായം ലഭ്യമാക്കിവരുന്നു.

573. കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും, അനുബന്ധ ക്യാമ്പസ് ആരംഭിക്കും.

കലാമണ്ഡലത്തിൽ 11.5 കോടി രൂപ ചെലവിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തി



യാക്കി ഉദ്ഘാടനം ചെയ്തു. അതിൽ 34 ക്ലാസ് മുറികളും 2 സെമിനാർ ഹാളുകളും 3 ഗസ്റ്റ് ഹൗസുകളും 2 ഡോർമിറ്ററികളും ഉൾപ്പെടുന്നു. 10.5 കോടി ചെലവിൽ 3 ഘട്ടങ്ങളിലായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വള്ളത്തോൾ സ്മൃതി ഉദ്യാനത്തിന്റെ ആദ്യഘട്ടം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. 1.26 കോടി രൂപ ചെലവിൽ വിസിറ്റേഴ്സ് ലോഞ്ച് നിർമ്മിച്ച് ഉദ്ഘാടനം ചെയ്തു. അന്തർ ദേശീയ തലത്തിൽ കലാമണ്ഡലത്തിന് കൂടുതൽ അംഗീകാരം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കൊച്ചിയിൽ കൾച്ചറൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഒരു ഇന്റർനാഷണൽ പെർഫോമൻസ് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കഥകളി പഠനത്തിന് ആദ്യമായി പെൺകുട്ടികൾക്കുകൂടി പ്രവേശനം നൽകി. അക്കാദമിക് പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിദേശ വിദ്യാർത്ഥികൾക്ക് ക്രഡിറ്റ് ട്രാൻസ്ഫർ സംവിധാനം അടക്കം ഒരുക്കികൊണ്ട് പ്രവേശനം നൽകുന്നതിന് സ്റ്റഡി ഇൻ കേരള കലാമണ്ഡലം (എസ് ഐ കെ) എന്ന പദ്ധതിക്ക് രൂപം നൽകി. കല്പിത സർവ്വകലാശാലയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കലാമണ്ഡലത്തെ കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ കലാ സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

574. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനിടയിൽ ഒട്ടേറെ മ്യൂസിയങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നിരവധി എണ്ണം തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇവയെ അവലോകനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മ്യൂസിയം കമ്മീഷനെ നിയോഗിക്കും.

മ്യൂസിയങ്ങളെ അവലോകനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മ്യൂസിയം കമ്മീഷൻ രൂപീകരിച്ച് 05.12.2024ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ എ.കെ.ജി. മ്യൂസിയം നിർമ്മാണ പ്രവർത്തികൾ പുരോഗമി

ക്കുന്നു. തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടം ഉദ്ഘാടനം ചെയ്തു. ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൊട്ടാരത്തിന്റെ മുഖമണ്ഡപം, നാലുകെട്ട്, മറ്റ് കെട്ടിടങ്ങൾ എന്നിവ പുനർനിർമ്മിച്ചു. ഇതിനായി 1.94 കോടി രൂപ ചെലവഴിച്ചു.

ട്രാംവെ മ്യൂസിയം സജ്ജീകരണം പശ്ചിമഘട്ട മലനിരകളിൽ നിന്ന് മരങ്ങളുൾപ്പെടുന്ന വന ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിന് ബ്രിട്ടീഷുകാർ സ്ഥാപിച്ച ട്രാംവെയുടെ അവശിഷ്ടങ്ങൾ ചാലക്കുടിയിൽ ശേഷിക്കുന്നുണ്ട്. ഇവയെ സംരക്ഷിച്ച് മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. സ്ഥലം ജലസേചന വകുപ്പിൽ നിന്ന് പുരാവസ്തുവകുപ്പിന് കൈമാറി. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾ പൂർത്തീകരിച്ചു. മണ്ണടി വേലുത്തമ്പി ദളവ പഠനഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഭാഗമായി മലപ്പുറം തിരൂരങ്ങാടിയിലുള്ള ചരിത്ര പ്രസിദ്ധമായ ഹജൂർ കച്ചേരി മന്ദിരം 54 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു. ഈ വർഷത്തെ ബജറ്റിൽ പൈതൃക മ്യൂസിയങ്ങളുടെ വികസനത്തിന് 5.5 കോടി രൂപ വകയിരുത്തി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം 2 കോടി രൂപ ചെലവിൽ സജ്ജീകരിച്ച് നാടിന് സമർപ്പിച്ചു. കോഴിക്കോടിന്റെ ചരിത്രം പറയുന്ന മ്യൂസിയം കോർപ്പറേഷൻ പൈതൃക മന്ദിരത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കോഴിക്കോട് കോർപ്പറേഷൻ ഓഫീസായി പ്രവർത്തിച്ചിരുന്ന പൈതൃക മന്ദിരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പുരാവസ്തുവകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചു. കോർപ്പറേഷന്റെ പൈതൃക മന്ദിരത്തിൽ കോഴിക്കോട് നഗരത്തിന്റെ ചരിത്രം ദൃശ്യവൽക്കരിക്കുന്ന മ്യൂസിയം കോർപ്പറേഷന്റെ സഹകരണത്തോടെ സജ്ജീകരിക്കുന്നത് സംബന്ധിച്ച ചർച്ചകൾ പരോഗമിക്കുന്നു.

തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരം കൊട്ടാരത്തിൽ തിരുവിതാംകൂറിന്റെയും കേരള സംസ്ഥാനത്തിന്റെയും ചരിത്രം പ്രതിപാദിക്കുന്ന മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നുനൽകി.

ഫറോക്ക് കോട്ടയിലെ രണ്ടാം ഘട്ട ഉത്ഖനനം പൂർത്തിയാക്കി. മലബാർ ടിപ്പുവിന്റെ അധീനതയിലായിരുന്ന കാലത്തെക്കുറിച്ചുള്ള തെളിവുകൾ ശേഖരിക്കാൻ ഈ ഉത്ഖനനത്തിലൂടെ കഴിഞ്ഞു. ശേഷിക്കുന്ന പ്രദേശത്ത് മൂന്നാം ഘട്ടമായി ഉത്ഖനനം നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഫറോക്ക് കോട്ടയിൽ മൂന്നാം ഘട്ട ഉത്ഖനന പ്രവൃത്തികൾ നിർവഹിക്കും. വൈദേശിക വാണിജ്യബന്ധങ്ങളുടെ തെളിവുകൾ അവശേഷിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായിയിൽ പ്രാഥമിക പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. ഈ അന്വേഷണത്തിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതിക്ക് വിധേയമായി മാടായിയിലെ ഉത്ഖനന പ്രവൃത്തികൾ നിർവ്വഹിക്കും. മ്യൂസിയം കമ്മീഷൻ രൂപീകരിക്കാൻ നടപടി ആരംഭിച്ചു. മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനും സന്ദർശകരെ കൂടുതൽ ആകർഷിക്കുന്നതിനും പ്രാദേശിക സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമാക്കി മാറ്റുന്നതിനും വകുപ്പുകളുടെ പൂർണ്ണ നിയന്ത്രണത്തിൽ മ്യൂസിയം സൗഹൃദസമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### 577. കെ-ഫോൺ പദ്ധതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബർ ശൃംഖലയെ പ്രാദേശിക വിവരവിനിമയ പദ്ധതികൾക്കു ഉപയോഗപ്പെടുത്തും.

കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബർ ശൃംഖലയെ പ്രാദേശിക വിവരവിനിമയ പദ്ധതികൾക്കു ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

579. ജനപങ്കാളിത്തത്തോടുകൂടി പുരാവസ്തുരേഖകൾ ഡിജിറ്റലൈസ് ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യും.

നിരണം പള്ളിയിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള രേഖകളിൽ 8,138 പേജുകളുടെയും കണ്ണൂർ ഇംഗ്ലീഷ് പള്ളിയിലെ രേഖകളിൽ 10,277 പേജുകളുടെയും ശാസ്ത്രീയ സംരക്ഷണം നടത്തിയിട്ടുണ്ട്. ഈ പദ്ധതികൾക്കായി 27,50,271 രൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ണൂർ ഇംഗ്ലീഷ് പള്ളിയിലെ 10,277 പേജുകളുള്ള പുരാരേഖകൾ ശാസ്ത്രീയമായി സംരക്ഷിച്ചുവരുന്നു. കാസർഗോഡ് തൃക്കരിപ്പൂർ ചക്രപാണി ക്ഷേത്രത്തിലെ താളിയോല രേഖകളുടെ ശാസ്ത്രീയ സംരക്ഷണം നടപ്പാക്കിവരുന്നു. സംസ്ഥാന പുരാരേഖാ വകുപ്പും കേരള സർവ്വകലാശാലയും സംയുക്തമായി കാര്യവട്ടം ക്യാമ്പസിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള താളിയോല ശേഖരങ്ങളുടെ സംരക്ഷണ കേന്ദ്രം, പഠന ഗവേഷണ കേന്ദ്രം എന്നിവയുടെ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

580. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും. കേരളത്തിനു പുറത്തുള്ള മലയാളികൾക്ക് മലയാളം പഠിക്കാനുള്ള വിപുലമായ സംവിധാനങ്ങൾ മലയാളം മിഷൻ വഴി ഏർപ്പെടുത്തും. അതിഥിതൊഴിലാളികളെ മലയാളം പഠിപ്പിക്കുന്ന പദ്ധതി ഊർജ്ജിതമാക്കും.

മലയാളം മിഷൻ വിപുലീകരണത്തിന്റെ ഭാഗമായി 60-ൽ നിന്ന് 100 ചാപ്റ്ററുകളായി ഉയർത്തി. പഠന കേന്ദ്രങ്ങൾ 2500 ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് മലയാള പഠനത്തിനായുള്ള 'അനന്യ മലയാളം' പദ്ധതി നടപ്പാക്കി വരുന്നു.

583. കേരളത്തിലെ ആദിവാസി പശ്ചാത്തലമുള്ള സ്കൂളുകളിൽ പ്രീപ്രൈമറി തലത്തിലും പ്രൈമറി തലത്തിലും ഗോത്ര ഭാഷകളെ പഠനവിഷയമെന്ന നിലയിലും പഠന മാധ്യമം എന്ന നിലയിലും വികസിപ്പിക്കാൻ ശ്രമിക്കും. കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭാഷാ അവകാശം സംരക്ഷിക്കും.

പഠന മാധ്യമമായി ഗോത്ര ഭാഷകളെ പരിഗണിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ചോലനായ്ക്ക ഭാഷയിൽ വായന കാർഡ് വികസിപ്പിച്ചു. ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ഗോത്ര ഭാഷയിൽ ആരംഭിച്ച് മലയാളത്തിലേക്ക് ഭാഷാ പരിവർത്തനം നടത്താൻ സഹായിക്കുന്ന പഠിപ്പുറസി പദ്ധതി നടപ്പിലാക്കി. ചെമ്പകത്തൊഴു കുടിയിൽ ഗോത്ര ഭാഷയിൽ പഠനം നടത്താൻ അവസരമൊരുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

585. എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിക്കാനും ഗവേഷണം നടത്താനും ഉതകുന്ന സ്ഥാപനമെന്ന നിലയിൽ മലയാള സർവ്വകലാശാലയെ വികസിപ്പിക്കുന്നതിന് ശ്രമിക്കും. ഇതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം എന്നിവയുമായി ചേർന്നുകൊണ്ടുള്ള പ്രസിദ്ധീകരണ സംവിധാനം ഏർപ്പെടുത്തും.

വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ലഘു വിജ്ഞാന കോശങ്ങൾ സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്' പ്രസിദ്ധീകരിച്ചു. വിജ്ഞാന വിനിമയം ലക്ഷ്യമിട്ടു കൊണ്ട് സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയുമായി സഹകരിച്ച് അക്കാദമിക പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിന് ധാരണാപത്രം ഒപ്പുവച്ചു. വിവിധ വിഷയങ്ങളിലായി 13 ലഘു വിജ്ഞാന കോശങ്ങൾ മലയാളം സർവ്വകലാശാലയുടെ സഹായത്തോടു കൂടി പ്രസിദ്ധീകരിക്കാൻ സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോശങ്ങൾ അച്ചടിച്ച് 5 ലഘുവിജ്ഞാന തയ്യാറാക്കിയിട്ടുണ്ട്. അവ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

# VI രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യങ്ങളുള്ള സംസ്ഥാനമായി കേരളത്തെ ഉയർത്തും

586. കഴിഞ്ഞ അഞ്ചു വർഷക്കാലം അവലോകനം ചെയ്യുമ്പോൾ ഏറ്റവും നിർണ്ണായകമായ വഴിമാറ്റം ഉണ്ടായിട്ടുള്ളത് പശ്ചാത്തലസൗകര്യ സൃഷ്ടിയിലാണെന്നു കാണാം. ഈ അഭൂതപൂർവ്വമായ വർദ്ധന ബജറ്റിലെ വകയിരുത്തലിനേക്കാൾ ബജറ്റിനു പുറത്താണ് ഉണ്ടായിട്ടുള്ളത്. കിഫ്ബിയാണ് ഇതിന് സഹായിച്ചത്. യു.ഡി.എഫും കേന്ദ്ര ഏജൻസികളും ചേർന്ന് കിഫ്ബിയെ അട്ടിമറിക്കുന്നതിനു ശ്രമിക്കുകയാണ്. കിഫ്ബിയെ സംരക്ഷിക്കും. കിഫ്ബി മുന്നോട്ടു വച്ചിട്ടുള്ള 63000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ പ്രോജക്ടുകൾ തുടരണമെന്നുണ്ടെങ്കിൽ ഇടതുപക്ഷം വിജയിച്ചേതീരൂ.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, ഐ. ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ 68,070 കോടി രൂപയുടെ 1149 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും 20000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് സ്ഥലമേറ്റെടുപ്പ് പദ്ധതികൾക്കുമാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. 31.03.2025 വരെ ഇത്തരത്തിൽ 88,070 കോടി രൂപയുടെ 1156 പദ്ധതികൾക്കാണ് കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയിട്ടുള്ളത്. പലവിധത്തിലുള്ള ബാഹ്യ ഇടപെടലുകളും പ്രതിരോധങ്ങളും കിഫ്ബിയ്ക്ക് നേരിടേണ്ടി വന്ന സാഹചര്യത്തിലും അംഗീകാരം നൽകിയ പദ്ധതികളിൽ 19,787 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ കിഫ്ബിയ്ക്ക് സാധിച്ചിട്ടുണ്ട്. 2025 ഡിസംബറിനകം 12,500 കോടി രൂപയുടെ പദ്ധതികൾ കൂടി പൂർത്തീകരിക്കുവാനും കിഫ്ബി ലക്ഷ്യമിടുന്നു. അതോടെ ഏകദേശം 32,000 കോടി രൂപയുടെ പദ്ധതി പൂർത്തീകരണം കിഫ്ബി മുഖേന സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

587. ഇത്രയേറെ തുകയ്ക്കുള്ള ഭീമൻ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ള അനുഭവം നമുക്ക് ഇല്ലാത്തതുകൊണ്ട് ചില പ്രോജക്ടുകളിൽ കാലതാമസം വരുന്നുണ്ട്. ഇതുപരിഹരിക്കാനായി പ്രോജക്ടുകൾ നടത്തിപ്പിനായുള്ള എസ്.പി.വികളെ ശക്തിപ്പെടുത്തും. വിശദവും കൃത്യവുമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് അവയെ പ്രാപ്തമാക്കും.

കിഫ്ബിയുടെ ആദ്യഘട്ടങ്ങളിൽ, വലിയതോതിലുള്ള പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന

തിൽ കിഫ്ബിയുടെ പല പദ്ധതി നിർവഹണ ഏജൻസികൾക്കും (SPVs) പരിചയക്കുറവ് നേരിടുകയും അതിനാൽ പദ്ധതികളുടെ നടപ്പാക്കൽ വൈകുകയുണ്ടായി. വിശദമായ പദ്ധതി റിപ്പോർട്ടുകളും (DPR), പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്സുകളും (PED) തയ്യാറാക്കുന്നതിലും ഇതിലൂടെ ബുദ്ധിമുട്ടുകൾ നേരിട്ടു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, പദ്ധതികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വമുള്ള പദ്ധതി നിർവഹണ ഏജൻസികളെ (SPVs) ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിക്കുകയും. ഇതിന്റെ ഭാഗമായി കിഫ്ബിയുടെ കീഴിൽ ടെക്നിക്കൽ റിസോഴ്സ് സെന്റർ (TRC) ആരംഭിക്കുകയും ചെയ്തു. പദ്ധതി നിർവഹണ ഏജൻസികൾക്ക് TRC സാങ്കേതിക മാർഗനിർദ്ദേശങ്ങളും സഹായവുമൊരുക്കുകയും, അതിലൂടെ അവർക്ക് കൂടുതൽ സങ്കീർണ്ണവും കൃത്യതയുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകളും (DPR), പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ്സുകളും (PED) തയ്യാറാക്കാൻ കഴിയുകയും ചെയ്യുന്നു. ഈ സാങ്കേതിക സഹായം SPVമാരെ കൂടുതൽ ശക്തിപ്പെടുത്തുകയും പദ്ധതികളുടെ ഗുണനിലവാരവും സമയബന്ധിതമായ പദ്ധതി പൂർത്തീകരണവും ഉറപ്പാക്കുകയും ചെയ്യുന്നതിലാണ് ലക്ഷ്യമിടുന്നത്.

588. ഭാവിയിലെ രണ്ടു ദശാബ്ദത്തെയെങ്കിലും വർഷംതോറുമുള്ള വരുമാനവും (സർക്കാരിന്റെ നികുതി വിഹിതവും ആദായദാന പ്രോജക്റ്റുകളുടെ തിരിച്ചടവും) ബാധ്യതകളും (വായ്പകളുടെ തിരിച്ചടവും കരാറുകാരുടെ ബില്ലുകൾക്കു നൽകാനുള്ള തുകയും) നിരന്തരം താരതമ്യപ്പെടുത്തികൊണ്ടാണ് കിഫ്ബി പ്രോജക്റ്റുകൾ അനുവദിക്കുന്നത്. ഒരുവർഷംപോലും ബാധ്യതകൾ വരുമാനത്തേക്കാൾ അധികരിക്കില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. അതുകൊണ്ട് പലരും ഭയപ്പെടുന്നതുപോലെ കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിനുമേൽ വന്നു പതിക്കില്ല. ഈ നിതാന്തജാഗ്രത തുടരും.

നിലവിൽ 88,070 കോടിയിൽപരം രൂപയുടെ 1156 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 21642.49 കോടി രൂപയുടെ പദ്ധതികൾ വരുമാനദായകമാണ്. സർക്കാരിൽ നിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വരുമാനദായകമായ പദ്ധതികളിൽ നിന്നും തിരിച്ചടവായി ഇതിനോടകം 2000 കോടിയിലധികം രൂപ കിഫ്ബിയ്ക്ക് ലഭിച്ചിട്ടുണ്ട്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിനു കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിനു നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കുമാത്രമെ നിലവിൽ അംഗീകാരം നൽകിയിട്ടുള്ളു.

വരുമാനത്തിന്റെ നിശ്ചിത പങ്ക് വർഷം തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ടും കിഫ്ബി തനതായി വിഭവസമാഹരണം നടത്തിക്കൊണ്ടും പശ്ചാത്തല സൗകര്യ വികസനം ദ്രുതഗതിയിൽ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് കേരളം കൈവരിച്ചത്. കേരള ധനഉത്തരവാദിത്ത നിയമത്തിന് വിരുദ്ധമായി കേന്ദ്ര സർക്കാർ ഏകപക്ഷീയമായി മുൻകാല പ്രാബല്യത്തോടെ അവലംബിച്ച നയവ്യതിയാനത്തിന്റെ ഫലമായിട്ടാണ് സംസ്ഥാനത്തിന്റെ ന്യായമായ പ്രതീക്ഷകൾക്ക് വിരുദ്ധമായി കിഫ്ബിയെയും സമാന സ്ഥാപനങ്ങളെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയത്. ധനഉത്തരവാദിത്തത്തിന്റെ കാര്യത്തിൽ മികച്ച ജാഗ്രത പുലർത്തുന്ന രീതിയാണ് കേരളത്തിനുള്ളത് എന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ നടപടിയാണ് സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിക്കാൻ കാരണമായത്.

589. ഡയറക്ടർ ബോർഡിന്റെയും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മിറ്റിയുടെയും അവലോകനത്തിന്റെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ കിഫ്ബിയുടെ പ്രവർത്തനത്തെ ഇനിയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ഒരു ധനകാര്യസ്ഥാപനമെന്ന നിലയിൽ കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് സുപ്രധാനമായ പങ്കാണ് ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) വഹിക്കുന്നത്. കിഫ്ബിയുടെ ധനസമാഹരണ പ്രവർത്തനങ്ങളും നിക്ഷേപങ്ങളും പദ്ധതികളുടെ ആകെ പുരോഗതിയും

അവയിൽ കാലതാമസങ്ങൾ നേരിടുന്നുണ്ടോ എന്നതും മറ്റും FTAC വിശദമായി പരിശോധിക്കാറുണ്ട്. ഈ വിഷയങ്ങളിൽ ഉചിതമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും കിഫ്ബിയ്ക്ക് നൽകുന്നതിനോടൊപ്പം നിക്ഷേപകരുടെയും പൊതുജനത്തിന്റെ താൽപര്യങ്ങൾ കിഫ്ബി സംരക്ഷിക്കുന്നുണ്ട് എന്നും FTAC ഉറപ്പുവരുത്തുന്നു. 6 മാസക്കാലയളവിൽ FTAC പുറപ്പെടുവിക്കുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് അതീവ പ്രാധാന്യത്തോടെയാണ് നിക്ഷേപകർ കാണുന്നത്.

## വൈദ്യുതി

590. മികച്ച പ്രവർത്തനങ്ങളിലൂടെ രാജ്യത്ത് എ റേറ്റിങ്ങ് ലഭിച്ച ഒരു വൈദ്യുതി യൂട്ടിലിറ്റിയായി മാറാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബിയെ പൊതുമേഖലയിൽ നിലനിർത്തി ഇന്ത്യയിലെ ഏറ്റവും മികച്ച വൈദ്യുതി യൂട്ടിലിറ്റി ആക്കി മാറ്റും. സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും ചെലവ് ചുരുക്കിയും മാനവവിഭവ ശേഷി പരമാവധി കാര്യക്ഷമമാക്കിയും എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി ലഭ്യമാക്കും. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ച നില നിർത്തും .

വൈദ്യുതി നിയമ ഭേദഗതിയുടെ വെളിച്ചത്തിൽ വിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ ഉള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലയിൽ ഒറ്റ കമ്പനിയായി തുടർന്നുപോകുന്ന കെഎസ്ഇബിഎൽ സാമ്പത്തികമായും പ്രവർത്തന മികവിലും മത്സര രംഗത്ത് കിടപിടിക്കുന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തു വരുന്നത്. പ്രസരണ-വിതരണ നഷ്ടം രാജ്യത്ത് ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞു. 2016ന് ശേഷം ഇതുവരെ പവർകട്ട് പോലെയുള്ള വൈദ്യുതി നിയന്ത്രണങ്ങൾ പൂർണ്ണമായി ഒഴിവാക്കി. 10,000 കോടി രൂപയുടെ ട്രാൻഗ്രിഡ് പദ്ധതി വിതരണ മേഖലയുടെ നവീകരണത്തിനും ശാക്തീകരണത്തിനുമായുള്ള ദ്യുതി പദ്ധതി എന്നിവയിലൂടെ ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ലഭ്യമാക്കിവരുന്നു.

വൈദ്യുതി വിതരണ, ഉപപ്രസരണ മേഖലകളുടെ നവീകരണവും ശാക്തീകരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2880.10 കോടി രൂപയുടെ റീവാബ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്റ്റർ സ്കീം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആദ്യഘട്ട ഫീഡർ / ബോർഡർ മീറ്ററുകൾ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ സർക്കാർ ഉപഭോക്താക്കൾ, എച്ച്.ടി ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ ക്യാപ്പക്സ് മോഡലിൽ സ്ഥാപിക്കൽ പുരോഗമിക്കുന്നു.

2022ൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് എനർജി ആന്റ് ക്ലൈമറ്റ് ഇൻഡക്സ് പ്രകാരം ഏറ്റവും മികച്ച രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച് രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി കേരളം മാറി. 2017ൽ കൈവരിച്ച ഈ നേട്ടം നിലനിർത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 79.45 കോടി രൂപ ചെലവഴിച്ച് 68,732 ബിപിഎൽ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകി. 2022 -23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപ വകയിരുത്തി.

വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ സങ്കേതങ്ങളുണ്ട് ഇവയിൽ 29 ഇടങ്ങളിൽ വൈദ്യുതീകരണം നടത്തി. 14 സങ്കേതങ്ങളിൽ വൈദ്യുതീകരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചു. ഗ്രിഡ് വൈദ്യുതീകരണം സാധ്യമല്ലാത്ത സങ്കേതങ്ങളിൽ സോളാർ വൈദ്യുതീകരണം നടപ്പിലാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തി. വയനാട് ജില്ലയിലെ വേലപ്പൻകണ്ടി, പാലക്കാട് ജില്ലയിലെ സൈലന്റ് വാലി റിസർവ്വ് ഫോറസ്റ്റിലെ താഴെത്തുടുക്കി, മേലേത്തുടുക്കി, താഴെഗലസി, മേലേഗലസി, ഊരടം എന്നീ സങ്കേതങ്ങളിൽ സോളാർ, വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ച് 114 വീടുകൾ വൈദ്യുതീകരിച്ചു.



591. ആഭ്യന്തര വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കും. വൈദ്യുതി ഉൽപ്പാദന മേഖലയിൽ 780 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ടം രണ്ടു വർഷത്തിനുള്ളിൽ ആരംഭിക്കും. 3000 കോടി രൂപയാണ് ഇതിനു ചെലവു വരിക. നിർമ്മാണത്തിലിരിക്കുന്ന 156 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ ഉടനടി പൂർത്തിയാക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉൽപാദനം 1,368.75മെഗാവാട്ട് വർദ്ധിപ്പിച്ചു. അതിൽ 148.55 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളും (അപ്പർ കല്ലാർ, പൊരിങ്ങൽ കുത്ത്, പെരുവണ്ണാമൂഴി, ആനക്കാംപോയിൽ,അരിപ്പാറ, മുക്കുടം, ദേവിയാർ) 1,219 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളും 1.25 മെഗാവാട്ട് വിൻഡ് വൈദ്യുതി പദ്ധതികളും ഉൾപ്പെടുന്നു. 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ 40 മെഗാവാട്ട് ശേഷിയുള്ള തോട്ടിയാർ എന്നീ ജലവൈദ്യുത പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കും. 127.54 മെഗാവാട്ട് ശേഷിയുള്ള 9 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

800 മെഗാവാട്ടിന്റെ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി, 240 മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി എന്നിവയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറായിവരുന്നു. മൂഴിയാർ ജലവൈദ്യുത പദ്ധതിയുടെ സെക്കൻഡ് സ്റ്റേജ് എന്ന നിലയ്ക്ക് 300 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയുടെ പ്രൊജക്റ്റ് ഫീസിബിലിറ്റി റിപ്പോർട്ട് പൂർത്തിയായി. 1935 മെഗാവാട്ട് ശേഷിയുള്ള 38 പദ്ധതികൾ പര്യവേക്ഷണം / നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എനർജി മാനേജ്മെന്റ് സെന്റർ എസ്എച്ച്പി സെൽ മുഖേന 3 ചെറുകിട ജലവൈദ്യുത പദ്ധതികൾ (ആനക്കാംപൊയിൽ, അരിപ്പാറ, മുക്കുടം) വഴി 16.5 മെഗാവാട്ട് സ്ഥാപിത ശേഷി ഗ്രിഡിൽ യോജിപ്പിക്കുകയും വൈദ്യുതി

ഉത്പാദിപ്പിക്കുകയും ചെയ്തു. ഇഎംസിയുടെ നേതൃത്വത്തിൽ 12.5 മെഗാവാട്ടിന്റെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കരാറിൽ ഏർപ്പെട്ടു. ഫ്ളോട്ടിംഗ് സോളാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു. പൊതു സ്വകാര്യ പങ്കാളിത്വത്തോടെ ഇവ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

592. 2040 വരെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് ട്രാൻസ്ഗ്രി ഡ്. 2000 മെഗാവാട്ടിന്റെ സ്ഥാപിതശേഷിക്കുള്ള വൈദ്യുതി കൊച്ചി-ഇടമൺ ഇടനാഴിയിലൂടെ കൊണ്ടുവരാനാകും. എന്നാൽ ഇത് കേരളത്തിലുടനീളം എത്തിക്കണമെങ്കിൽ 400 കെവിയുടെ ട്രാൻസ്മിഷൻ ലൈൻ പൂർത്തീകരിക്കണം. ഇതാണ് 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി. ഇതിന്റെ ആദ്യഘട്ടമായി 400 കെ.വി പവർഹൈവേ കോഴിക്കോട് വരെ പൂർത്തീകരിച്ചിട്ടുണ്ട്. വയനാട്, കാസർഗോഡ് 400 കെ.വി സബ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ച് പവർ ഹൈവേ കർണാടകയിലെ ഉഡുപ്പിയിലേയ്ക്ക് ദീർഘിപ്പിക്കും. സംസ്ഥാനത്തു പുതുതായി ഏഴ് 400 കെ.വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കും. 220 കെ.വി ശൃംഖല ശക്തിപ്പെടുത്തും. ഘട്ടംഘട്ടമായി സബ്സ്റ്റേഷനുകൾ ഓട്ടോമേറ്റ് ചെയ്തു നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യും. ഇത്തരം നടപടികളിലൂടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്തും. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കും. ഇതോടെ പവർകട്ട് പഴങ്കഥയാകും.

ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 400 കെവിയുടെ മൂന്നു സബ്സ്റ്റേഷനുകളും, 220 കെവിയുടെ 22 സബ്സ്റ്റേഷനുകളും, 3,670 കെഎം ഹൈ വോൾട്ടേജ് ലൈനുകളും ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതുവരെ ഒരു 400 കെ.വി സബ് സ്റ്റേഷൻ, 11 220 കെ.വി സബ് സ്റ്റേഷനുകൾ, 1,855 സർക്യൂറ്റ് കിലോമീറ്റർ ഇ.എച്ച്.ടി ലൈനുകൾ എന്നിവ പൂർത്തീകരിച്ചു.

കോട്ടയം സബ്സ്റ്റേഷൻ പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതിയുടെ ഭാഗമായ 400 കെ.വി വയനാട്- കാസർഗോഡ് ലൈൻ നിർമ്മാണം പുരോഗമിക്കുന്നു. ഈ ലൈനിനോട് അനുബന്ധിച്ച വയനാട് 400 കെ വി സബ്സ്റ്റേഷനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് (കരിന്തളം) 400 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം യുകെറ്റിഎൽ കമ്പനി കേന്ദ്ര സർക്കാരിന്റെ റ്റിബിസിബി വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ കോട്ടയം 400 കെ വി സബ്സ്റ്റേഷനു, പതിനൊന്നു 220 കെ.വി സബ്സ്റ്റേഷനുകളും(കോതമംഗലം, മഞ്ചേരി, ചാലക്കുടി, കലൂർ, ആലുവാ, കുന്നമംഗലം, പള്ളിവാസൽ, ഏറ്റുമാനൂർ, വിഴിഞ്ഞം, തലശ്ശേരി, കുന്നംകുളം), 1855 സർക്യൂട്ട് കി. മി (ഫേസ് 1 - 1789 സർക്യൂട്ട് കി മി , ഫേസ് 2 - 12 സർക്യൂട്ട് കി മി 110 കെ വി ഭൂഗർഭ കേബിൾ ഉൾപ്പെടെ 66 സർക്യൂട്ട് കി മി) എച്ച്റ്റി ലൈനുകൾ എന്നിവ പൂർത്തിയാക്കി.

593. സൗരോർജ്ജത്തിൽ നിന്നും 1000 മെഗാവാട്ട് ലഭ്യമാക്കാനുള്ള പദ്ധതി ലക്ഷ്യത്തിലേക്കെത്തുകയാണ്. അടുത്ത ഘട്ടമായി പുനരുപയോഗ ഊർജ്ജ സ്രോതസുകളായ ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ് മുതലായവയിൽ നിന്നുമായി 3000 മെഗാവാട്ട് അധികമായി ലഭ്യമാക്കും. ഒരു ലക്ഷം പുരപ്പുറങ്ങളിൽ സൗരോജ്ജ ഉൽപാദനം സാധ്യമാക്കും. 2025 ആകുമ്പോഴേയ്ക്കും കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 40 ശതമാനം പുനരുപയോഗ ഊർജ്ജത സ്രോതസുകളിൽ നിന്ന് ലഭ്യമാക്കും.

സംസ്ഥാനത്തെ സൗരോജ്ജ സ്ഥാപിത ശേഷി 1,517 മെഗാവാട്ടാണ്. 2 ലക്ഷത്തിലധികം പുരപ്പുറങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിച്ച് രാജ്യത്തിന് മാതൃകയായി. ഈ സർക്കാരിന്റെ കാലയളവിൽ 1,219 മെഗാവാട്ട് സൗരോർജ്ജം ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. കാസർഗോഡ് സോളാർ പാർക്കിന് 100 മെഗാവാട്ട് ഉത്പാദിപ്പിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കി. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. കാറ്റിൽ നിന്നും 70.2 മെഗാവാട്ട് വൈദ്യുതിയാണ്

ലഭിക്കുന്നത്. അഗളി, കഞ്ചിക്കോട്, ഒഴലപ്പതി, രാമക്കൽമേട് എന്നീ സ്ഥലങ്ങളിൽ നിന്ന് 102 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

594. വൈദ്യുതി വിതരണ മേഖല ആധുനികവൽക്കരിക്കുന്ന ദ്യുതി പദ്ധതിയിലൂടെ വൈദ്യുതി തടസ്സങ്ങൾ ഗണ്യമായി കുറക്കാനും വിതരണ നഷ്ടം 8 ശതമാനത്തിലേയ്ക്ക് താഴ്ത്താനുമായി. ഇത് രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്. വിതരണ നഷ്ടം അന്തർദ്ദേശീയ നിലവാരത്തിലേക്ക് കുറയ്ക്കാനും വൈദ്യുതി തടസ്സങ്ങൾ അളക്കുന്ന സയ്ദി/സയ്ഫി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 10,000 കോടി രൂപ മുതൽ മുടക്കിൽ ദ്യുതി രണ്ടാം ഘട്ടം ആരംഭിക്കും. വിതരണ ശൃംഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഗ്രാമങ്ങളിൽ അടക്കം റിംഗ് സംവിധാനം നടപ്പാക്കും. സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ, കേബിളുകൾ എന്നിവ കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കും. കെ-ഫോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് ഗ്രിഡ് പദ്ധതി നടപ്പാക്കും. ഘട്ടം ഘട്ടമായി സ്മാർട്ട് മീറ്ററുകളിലേക്ക് മാറും.

ദ്യുതി 1 ൽ 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ദ്യുതി 2ൽ ഇതുവരെ 1,620 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇവയിൽ 746.76 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ ദ്യുതി 1, 2 ഉൾപ്പെടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 5,463 കി മി 11 കെ വി ലൈനും 14,589 കി മി എൽ ടി ലൈനും പുതുതായി നിർമിച്ചു. അപ്ഗ്രഡേഷൻ ഉൾപ്പെടെ 8,545 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 42,026 കി മി എൽ.ടി ലൈനും 2,083 കി മി 11 കെ വി ഒ എച്ച് ലൈനും റി കണ്ടക്ടറിങ് നടത്തി. 4,916 കി മി എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റി. ആദ്യഘട്ടത്തിൽ 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ ക്യാപെക്സ് മോഡലിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

595. വൈദ്യുതി അപകടങ്ങൾ കുറക്കുന്നതിന് നടപടി സ്വീകരിക്കും. പുതുതായി നിർമ്മിക്കുന്ന വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കും.

ദ്യുതി പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള 977 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ദ്യുതി 2 ൽ ഉൾപ്പെടുത്തി സുരക്ഷയ്ക്കായി 2,131 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 217 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയതായി നിർമിക്കുന്ന എല്ലാ ലൈനുകളും കവചിത ലൈനുകൾ ഉപയോഗിച്ച് മാത്രമേ നിർമ്മിക്കാവൂ എന്ന് നിർദേശം നൽകി. കെ.എസ്.ഇ.ബി ജനങ്ങളിലേയ്ക്ക് എന്ന പദ്ധതിയിലൂടെ വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് വാർഡ് തലത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹരിക്കാനുമായി വാർഡ് മെമ്പർ ചെയർമാനായുള്ള വാർഡ്തല സുരക്ഷാ ഉപദേശക സമിതി രൂപീകരിച്ചു.

596. ഊർജ്ജസംരക്ഷണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ നടത്തും. ഫിലമെന്റ്രഹിത കേരളം പദ്ധതിയുടെ തുടർച്ചയായി ഊർജ്ജക്ഷമതയുള്ള പമ്പുകൾ, ട്യൂബ് ലൈറ്റുകൾ, ബി.എൽ.ഡി.സി ഫാനുകൾ മുതലായവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും. സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കും.

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ജനകീയ ബോധവൽക്കരണ ക്യാമ്പയിൻ ഇഎംസിയുടെ സഹായത്തോടെ നടത്തിവരുന്നു. 4,225 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ 19.98 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു. 115.54 ലക്ഷം എൽഇഡി ബൾബുകൾ 14.80 ലക്ഷം ഉപഭോക്താക്കൾക്കായി വിതരണം ചെയ്തു. നിലാവ് പദ്ധതിയിൽ 3,62,787 സ്ട്രീറ്റ് ലൈറ്റുകൾ എൽഇഡിയിലേക്ക് മാറ്റി.

597. വൈദ്യുതി സംബന്ധിച്ച വിവിധ സേവനങ്ങൾ ഒരു ഫോൺ വിളിയിൽ വാതിൽപ്പടിയിൽ എത്തിക്കുന്ന പദ്ധതി നടപ്പിലായി. ഇതിന്റെ തുടർച്ചയായി എല്ലാ സേവനങ്ങളും ഓൺലൈൻ വഴിയും മൊബൈൽ ആപ്പുകൾ വഴിയും ഉപയോക്താക്കളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കും.

"സേവനങ്ങൾ വാതിൽപ്പടിയിൽ" പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ തുടക്കമിട്ടു. പുതിയ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടു പോയി രേഖകൾ കൈപ്പറ്റും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കാവുന്നതാണ്. പുതിയ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ തുടങ്ങി ഏത് സേവനങ്ങൾ ലഭിക്കുന്നതിനും 9496001912 എന്ന മൊബൈൽ നമ്പറിൽ വിളിച്ചും വാട്സ്അപ്പ് സന്ദേശമയച്ചും രജിസ്റ്റർ ചെയ്യാം. 1912 എന്ന ടോൾ ഫ്രീ കസ്റ്റമർ കെയർ നമ്പറും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

598. കെ.എസ്.ഇ.ബിയുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള വിപുലവും ആകർഷകവുമായ പദ്ധതികൾ ആരംഭിക്കും.

കേരളാ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള ഭൂമിയെ സംബന്ധിച്ചുള്ള വ്യക്തത വരുത്തുന്നതിലേക്കായി വനം, റവന്യു, വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത സമിതിയെ നിയോഗിച്ചു. കേരളാ ഹൈഡൽ ടൂറിസം സെന്ററിനെ കെ.എസ്.ഇ.ബി.എൽന്റെ ഉപകമ്പനി ആക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരള ഹൈഡൽ ടൂറിസം സെന്ററിൽ വിവിധ വികസന പ്രവർത്തനങ്ങളുടെ ഫലമായി മുൻ വർഷങ്ങളെ അപേക്ഷിച്ച് വലിയ തോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനായി. 2021-22 സാമ്പത്തിക വർഷം 13 കോടി രൂപ സാമ്പത്തിക ബാധ്യതയുണ്ടായിരുന്ന കേരള ഹൈഡൽ ടൂറിസം സെന്റർ ലാഭം ആർജ്ജിക്കുന്ന സംവിധാനമായി മാറി. ഇടുക്കി ജില്ലയിലെ വടക്കേപ്പുഴ റിസർവോയറിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് സാധ്യത പഠനം നടത്തി. ഇടുക്കി ലേസർ ഷോ പദ്ധതിയുടെ ഡി.പി.ആർ തയ്യാറായിവരുന്നു. ബാണാസുര സാഗർ ഹൈഡൽ ടൂറിസം വികസനത്തിന് 4.5 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

599. കേരളത്തിലെ എല്ലാ പ്രധാന റോഡുകളിലും വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യാനുള്ള സംവിധാനം വ്യാപകമാക്കും. ഇ-ഓട്ടോറിക്ഷകൾ, ടാക്സി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മൈക്രോ ചാർജിങ്ങ് സ്റ്റേഷനുകൾ നടപ്പാക്കും.

വൈദ്യുതി വാഹനങ്ങൾക്കായി എല്ലാ ജില്ലകളിലും സംസ്ഥാന ഗതാഗത വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും ഫണ്ടുപയോഗിച്ച് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എല്ലും 35 എണ്ണം സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് അനർട്ടും സ്ഥാപിച്ചു. ഇതിനു പുറമേ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലുമായി 1,169 പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകളും കെ.എസ്.ഇ.ബി.എൽ തയ്യാറാക്കി. അനെർട്ടും, ഇ.ഇ.എസ്.എൽഉം സംയുക്തമായി ചേർന്ന് ഗവ. ഓഫീസുകളിലായി 13 ചാർജിംഗ് സ്റ്റേഷനുകളും അനെർട്ട് 7 സോളാർ ഇവി ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചു.

സംസ്ഥാന സർക്കാർ പബ്ലിക് ഇ.വി ചാർജിംഗ് സ്റ്റേഷൻ സൗരോർജ്ജവൽകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നു. ഒരു കിലോ വാട്ടിന് 20,000 രൂപ മുതൽ, 50 കിലോവാട്ട് ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിന് 10 ലക്ഷം രൂപ വരെ ഇ വി ചാർജിംഗ് സ്റ്റേഷനുകൾ സൗരോർജ്ജവൽകരിക്കുന്നതിന് സബ്സിഡി നൽകുന്നു. ഇതിന്റെ ഭാഗമായി 14 സ്വകാര്യ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകി. 23 സ്വകാര്യ സ്ഥാപനങ്ങൾക്ക് / വ്യക്തികൾക്ക് മെഷീൻ സബ്സിഡി നൽകി. തിരുവനന്തപുരത്തെ സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗര പരിധിയിലെ പൊതു സ്ഥലങ്ങളിൽ 13 ഫാസ്റ്റ് പബ്ലിക് ഇവി ചാർജിംഗ് സ്റ്റേഷനുകൾ നടപ്പിലാക്കാൻ അനെർട്ട് പദ്ധതി തയ്യാറാക്കി. 7 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമാണം പുരോഗമിക്കുന്നു. അനെർട്ടും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്മെന്റും ചേർന്ന് എംവിഡി ഓഫീസുകളിൽ 15 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. 3 ചാർജിംഗ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. 12 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമാണം പുരോഗമിക്കുന്നു.

600. അക്ഷയ ഊർജ്ജ വികസനത്തിന് അക്ഷയ ഊർജ്ജക്കമ്പനി രൂപീകരിക്കും. ഈ കമ്പനിയുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ



സ്ഥാപനങ്ങൾ എന്നിവയെല്ലാം കൂട്ടിയിണക്കി അക്ഷയ ഊർജ്ജ വികസനത്തിന് കൂട്ടായ സംരംഭങ്ങൾ ആരംഭിക്കും.

അക്ഷയ ഊർജ്ജ വികസനത്തിന് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 100 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിച്ച കാസർഗോട്ടെ ആർ.പി.സി.കെ.എല്ലിനെ അക്ഷയ ഊർജ്ജ കമ്പനിയായി മാറ്റിയെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

601. ഊർജ്ജ ഓഡിറ്റിംഗ് വ്യാപകമാക്കി ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കും. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഒരു കമ്പനി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.

എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ നേതൃത്വത്തിൽ 631 സർക്കാർ കെട്ടിടങ്ങളുടെയും 34 വ്യവസായശാലകളുടെയും ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചു.

602. പ്രസരണ നഷ്ടം 3.7 ശതമാനമായും വിതരണ നഷ്ടം 8.7 ശതമാനമായും ഇതിനകം താഴ്ന്നു കഴിഞ്ഞു. ഇത് ഇനിയും കുറയ്ക്കും. രാജ്യത്തെ ഏറ്റവും കുറവ് വിതരണ-പ്രസരണ നഷ്ടമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റും.

പ്രസരണ-വിതരണ നഷ്ടം കുറച്ച് കൊണ്ടുവരാൻ സാധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിലെ പ്രസരണ നഷ്ടം 2.61 ശതമാനമാണ്. വിതരണ നഷ്ടം 7.28 ശതമാനമാണ്. ആർഡിഎസ്എസ്, ദ്യുതി, ട്രാൻസ്ഗ്രിഡ് 2.0 എന്നീ പദ്ധതികളുടെ പൂർത്തീകരണത്തോടെ വൈദ്യുത പ്രസരണ വിതരണ നഷ്ടം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി മാറാൻ കഴിയും.

603. തെരുവു വിളക്കുകളെല്ലാം എൽ.ഇ.ഡിയിലേയ്ക്കു മാറ്റുന്നതിനുള്ള നിലാവ് പദ്ധതി രണ്ടു വർഷംകൊണ്ടു പൂർത്തീകരിക്കും. ഫിലമന്റ് ഫ്രീ പദ്ധതി പൂർത്തീകരിക്കും.

ഇതിനോടകം 3,62,787 സ്ട്രീറ്റ് ലൈറ്റുകൾ എൽഇഡിയിലേക്ക് മാറ്റി. ഫിലമെന്റ് ഫ്രീ കേരള

പദ്ധതിയിൽ 115.54 ലക്ഷം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു.

## പൊതുമരാമത്ത്

604. പൊതുമരാമത്തിൽ കിഫ്ബി, റീബിൽഡ്, കെ.എസ്.റ്റി.പി, ആന്വിറ്റി സ്കീമുകൾ അടക്കം ഏതാണ്ട് 25,000 കോടി രൂപയുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത അഞ്ചു വർഷം മറ്റൊരു 20,000 കോടി രൂപയുടെ റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതി നൽകും.

**പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കെ.എസ്.റ്റി.പി, ആന്വിറ്റി സ്കീമുകൾ അടക്കം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 17,668.661 കോടി റോഡ്, പാലം പ്രവൃത്തികൾക്ക് ഭരണാനുമതി / കിഫ്ബി ധനസഹായത്തിൽ സാമ്പത്തികാനുമതി നൽകി. 88.4 ശതമാനം പണി പൂർത്തീകരിച്ചു.**

605. എൽ.ഡി.എഫ് സർക്കാർ 2016-21 കാലഘട്ടത്തിൽ 7,700 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകൾ ബി.എം & ബി.സി നിലവാരത്തിൽ നവീകരിച്ചു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 15,000 കിലോമീറ്റർ റോഡുകൂടി ബി.എം & ബി.സി നിലവാരത്തിൽ നവീകരിക്കും.

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11,665.95 കി.മീ റോഡുകൾ ബി.എം & ബി.സി നിലവാരത്തിലേക്ക് ഉയർത്തി.**

606. മലയോര ഹൈവേ മുഴുവൻ ജില്ലകളിലൂടെയുള്ള കണക്ടിവിറ്റി പൂർത്തിയാക്കും. മലയോര മേഖലയുടെ വികസനത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മലയോര ഹൈവേ പദ്ധതി പൂർത്തീകരിക്കുന്നതാണ്. കാസർഗോഡ്, കൊല്ലം ജില്ലകളിലെ രണ്ട് റീച്ചുകൾ 71.10 കിലോമീറ്റർ 256.43 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. 805.33 കോടിയുടെ 212.37 കിലോമീറ്റർ വരുന്ന 13 റീച്ചുകൾ മറ്റു ജില്ലകളിൽ നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികൾ കൂടി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കും.

**മലയോര ഹൈവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. ഇതുവരെ 3,593 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. 1,288 കോടി രൂപ ചിലവഴിച്ചു. മലയോര ഹൈവേയുടെ 793.68 കി.മീ. പ്രവൃത്തിയാണ് കെ.ആർ. എഫ്.ബി മുഖാന്തരം നടപ്പിലാക്കുന്നത്. 738.20 കി.മീ റോഡിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. 166.08 കി.മീ പൂർത്തീകരിച്ചു. 315.05 കി.മീ പ്രവൃത്തി പുരോഗമിക്കുന്നു.**

607. റോഡു പ്രവൃത്തികളിൽ പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിക്കുന്നത് ഇരട്ടിയാക്കും. 503 കിലോമീറ്റർ റോഡിൽ പ്ലാസ്റ്റിക് മാലിന്യവും 2,646 കിലോമീറ്റർ റോഡിൽ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമെനും 50.400 കിലോമീറ്റർ റോഡിൽ ജിയോ ടെക്സ്റ്റയിലും ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇവയുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കും.

**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3,061.831 കി.മീ റോഡ് നിർമാണത്തിൽ പ്ലാസ്റ്റിക്, 4,758.95 കി.മീ റോഡ് നിർമാണത്തിൽ സ്വാഭാവിക റബ്ബർ, 138.568 കി.മീ റോഡ് നിർമാണത്തിൽ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ചിട്ടുണ്ട്.**

608. ഇതോടൊപ്പം ആധുനിക സാങ്കേതികവിദ്യകളായ കോൾഡ് ഇൻ പ്ലേസ് റീസൈക്കിളിംഗ് (മില്ലിംഗ്), സോയിൽ സ്റ്റെബിലൈസേഷൻ രീതികളിലുള്ള നിർമ്മാണം 107.70 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലം ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡുകൾ തിരുവനന്തപുരത്തും ആലപ്പുഴയിലും പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുകയാണ്. ഇത്തരം ആധുനിക സാങ്കേതികവിദ്യകൾ എല്ലാ ജില്ലകളിലും ചെയ്യും.

**ആലപ്പുഴ ജില്ലയിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവി**



ദ്യ ഉപയോഗിച്ചു. കോൾഡ് ഇംപ്ലൈസ് റീസൈക്ലിംഗ്, സോയിൽ സ്റ്റെബിലൈസേഷൻ രീതി അനുയോജ്യമായ റോഡുകളിൽ നടപ്പിലാക്കി. 160 കി.മീറ്ററിൽ സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജിയും 10.24 കി.മീറ്ററിൽ ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് സാങ്കേതികവിദ്യയും 10 കി.മീറ്ററിൽ കോൾ ഇൻ പ്ലേസ് റീസൈക്ലിംഗ് സാങ്കേതികവിദ്യയും 535 കി.മീറ്ററിൽ ജിയോ സെൽ സാങ്കേതികവിദ്യയും 12.17 കി.മീറ്ററിൽ പി.ക്യൂ.സി സാങ്കേതികവിദ്യയും 28.95 കി.മീറ്ററിൽ എഫ്.ഡി.ആർ സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി.

609. ദേശീയപാത 66 ന്റെ വികസനം - ആറുവരിപ്പാത വികസനം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ നിന്നും 2016-21 കാലഘട്ടത്തിൽ സർക്കാർ നടത്തിയ ക്രിയാത്മക ഇടപെടലുകൾ വഴി ഇപ്പോൾ യാഥാർത്ഥ്യമാവുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയുടെ 25 ശതമാനം സംസ്ഥാനം നൽകാമെന്നു സമ്മതിച്ചതുകൊണ്ടാണ് ഇപ്പോൾ ദേശീയപാത വികസനം നടക്കുന്നത്. തലശ്ശേരി-മാഹി ബൈപ്പാസ്, നീലേശ്വരം റെയിൽവേ മേൽപ്പാലം, കഴക്കൂട്ടം മേൽപ്പാലം, പാലൊളി-മൂരാട് പാലങ്ങൾ എന്നിവ പ്രവൃത്തി നടക്കുന്നത്. കോഴിക്കോട് ബൈപ്പാസ്, തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം, പേരോൾ-തളിപ്പറമ്പ്, തളിപ്പറമ്പ്-മുഴപ്പിലങ്ങാട്, അഴിയൂർ-വെങ്ങളം, രാമനാട്ടുകര-കുറ്റിപ്പുറം, കുറ്റിപ്പുറം-കാപ്പിരിക്കാട്, കൊറ്റൻകുളങ്ങര-കൊല്ലം ബൈപ്പാസ്, കൊല്ലം ബൈപ്പാസ്-കടമ്പാട്ടുകോണം എന്നിവ ടെണ്ടർ നടപടി അന്തിമഘട്ടത്തിലാണ്. ബാക്കി മൂന്നു ഭാഗങ്ങൾകൂടി ഭൂമിയെടുപ്പ് പൂർത്തിയാക്കി തുടർ നടപടിയുണ്ടാകും. പ്രസ്തുത പ്രോജക്ട് പൂർത്തീകരണത്തിനുള്ള ഇടപെടലുകൾ നടത്തും.

ദേശീയ പാത 66 ന്റെ പ്രവൃത്തി അതിവേഗം പുരോഗമിക്കുന്നു. എല്ലാ റീച്ചുകളിലും കരാറുകാരെ നിശ്ചയിച്ച് പ്രവർത്തനങ്ങളിലേക്ക് കടന്നു. 7 സ്ട്രെച്ചുകളിൽ പ്രവൃത്തി പൂർത്തിയായി. 19 സ്ട്രെച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ദേശീയ പാത അതോറിറ്റിക്ക് ഇതുവരെ 5,580.74 കോടി രൂപ സംസ്ഥാന വിഹിതമായി കൈമാറി. നീലേശ്വരം റെയിൽവേ മേൽപ്പാലം, തലശ്ശേരി-മാഹി ബൈപ്പാസ്, കഴക്കൂട്ടം മേൽപ്പാലം എന്നിവ പൂർത്തീകരിച്ചു. തിരുവനന്തപുരം-കാരോട് ബൈപ്പാസ് തമിഴ്നാട് അതിർത്തി വരെ ഗതാഗതത്തിന് തുറന്നുകൊടുത്തു. തിരുവനന്തപുരം-വിഴിഞ്ഞം-പാരിപ്പള്ളി ഔട്ടർ റിംഗ് റോഡിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുമതി നൽകി. ദേശീയപാതാ അതോറിറ്റിയാണ് നിർമ്മാണം നടത്തുക. കുതിരാനിലെ രണ്ട് ടണലുകൾ ഗതാഗതത്തിന് തുറന്നുകൊടുത്തു.

610. തേനി-മൂന്നാർ-കൊച്ചി (എൻ.എച്ച് 85), വാളയാർ-വടക്കഞ്ചേരി (എൻ.എച്ച് 54), തൃശ്ശൂർ-ഇടപ്പള്ളി (എൻ.എച്ച് 544), കോഴിക്കോട്-മലപ്പുറം-പാലക്കാട് (എൻ.എച്ച് 966), തിരുവനന്തപുരം-കൊട്ടാരക്കര-കോട്ടയം-അങ്കമാലി, കൊല്ലം-ചെങ്കോട്ട (എൻ.എച്ച് 744), എന്നിവ നാലുവരിപ്പാത ആക്കാനുള്ള നടപടികൾ സ്വീകരിക്കും.

തേനി-മൂന്നാർ-കൊച്ചി 124.636 കി.മീ നീളത്തിലുള്ള ദേശീയപാത 85ന്റെ വികസന പ്രവൃത്തി പുരോഗമിക്കുന്നു. കോഴിക്കോട്, മലപ്പുറം, പാലക്കാട്, നാഷണൽ ഹൈവേ 966, കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫിൽഡ് ഹൈവേ എന്നിവയുടെ ഭൂമിയെറ്റെടുക്കൽ പുരോഗമിക്കുന്നു. ഈ ഹൈവേയെ ഹൈ സ്പീഡ് കോറിഡോറായി വികസിപ്പിക്കാനുള്ള വിശദ പദ്ധതി രേഖ തയ്യാറായിവരുന്നു.

ദേശീയ പാത-544ൽ ബ്ലാക്ക് സ്പോർട്ട് റെക്റ്റിഫിക്കേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൊല്ലം-ചെങ്കോട്ട ദേശീയ പാത 744 ന്റെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന സേവന നികുതി വിഹിതം ദേശീയ പാത അതോറിറ്റിക്ക് ഗ്രാന്റായി നൽകുന്നതിനും നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം വേണ്ടെന്നുവെയ്ക്കാനും തീരുമാനിച്ചു. അകെ 317.35 കോടി രൂപയുടെ വരുമാനമാണ് വേണ്ടെന്ന് വെച്ചത്.

തിരുവനന്തപുരം-കൊട്ടാരക്കര-കോട്ടയം-അങ്കമാലി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വാളയാർ-വടക്കഞ്ചേരി, തൃശ്ശൂർ-ഇടപ്പള്ളി 6 വരിയാക്കുന്നതിന്റെയും തിരുവനന്തപുരം - കൊട്ടാരക്കര - കോട്ടയം - അങ്കമാലി 205.12 കിമീ നീളമുള്ള ഗ്രീൻ ഫീൽഡ് പാതയുടെയും കൊല്ലം-ചെങ്കോട്ട എടമൺ സ്ട്രെച്ചിന്റെയും വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പുരോഗമിക്കുന്നു.

611. ദേശീയപാത പ്രവൃത്തികളെല്ലാം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകൃത പദ്ധതിയിൽ ഉള്ളതാണ്. പക്ഷെ, ഇവയുടെ സ്ഥലമെടുപ്പിനു വേണ്ടിവരുന്ന ചെലവിൽ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധനയാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഇത്തരമൊരു ദുർവ്വഹമായ ഭാരം വഹിക്കേണ്ടി വന്നാലും ദേശീയപാതാ വികസനം മുന്നോട്ട് കൊണ്ടുപോകും.

ദേശീയപാത 66 ന്റെ ഭൂമി ഏറ്റടുക്കൽ ചിലവിന്റെ 25% സംസ്ഥാന സർക്കാർ വഹിച്ചു. ഇതിനായി 5,580.73 കോടി രൂപ ദേശീയപാതാ അതോറിറ്റിക്ക് കൈമാറി. വിഴിഞ്ഞം- നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള 50% തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം, റോയൽറ്റി എന്നിവ വേണ്ടെന്ന് വെയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷികരാർ ഒപ്പുവെയ്ക്കാൻ സംസ്ഥാനം അനുമതി നൽകി. ഇതിനായി ഏതാണ്ട് 1629.24 കോടി രൂപ ബാധ്യത പ്രതീക്ഷിക്കുന്നു.

കൊല്ലം-ചെങ്കോട്ട ദേശീയപാത 744 ന്റെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കൽ ചിലവിന്റെ 25% തുക നൽകുന്നതിന് പകരമായി നിർമ്മാണ വസ്തുക്കളുടെ സംസ്ഥാന ചരക്കുസേവന നികുതി / റോയൽറ്റി എന്നിവ ഒഴിവാക്കണം എന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടു. ഈ ആവശ്യം സംസ്ഥാന സർക്കാർ അംഗീകരിച്ചു. 317.35 കോടി രൂപയുടെ വരുമാനമാണ് വേണ്ടെന്നുവെയ്ക്കുന്നത്. എറണാകുളം ബൈപാസ് ദേശീയപാത 544 നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ വസ്തുക്കളുടെ സംസ്ഥാന ചരക്കുസേവന നികുതി / റോയൽറ്റി എന്നിവ ഒഴിവാക്കണം എന്ന് ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടു. ഈ ആവശ്യം സംസ്ഥാന സർക്കാർ അംഗീകരിച്ചു. 424 കോടി രൂപയുടെ വരുമാനമാണ് വേണ്ടെന്നുവെയ്ക്കുന്നത്.

612. കിഫ്ബി വഴി 72 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ആർ.ബി.ഡി.സി.കെയെ എസ്.പി.വി ആയി തീരുമാനിച്ചിട്ടുണ്ട്. 10 എണ്ണം ടെണ്ടർ കഴിഞ്ഞു. കരാർ വച്ചു. 27 എണ്ണം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനേയും ഏൽപ്പിച്ചിരിക്കുന്നു. പ്രധാന വീഥികളിൽ ലെവൽ ക്രോസുകളില്ലാത്ത കേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കും.



കിഫ്ബി വഴി ആർ.ബി.ഡി.സി.കെ.എൽ മുഖേന നടപ്പിലാക്കുന്ന 72 റെയിൽവേ മേൽപ്പാല നിർമാണ പ്രവൃത്തിയിൽ തൃശ്ശൂർ ജില്ലയിലെ 2 റെയിവേ മേൽപ്പാലവും കൊല്ലം, എറണാകുളം, കോട്ടയം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ ഒരോ റെയിവേ മേൽപ്പാലവും ഉൾപ്പെടെ 7 എണ്ണം പൂർത്തീകരിച്ചു. 7 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. ബാക്കിയുള്ളവയുടെ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഒരു പ്രവൃത്തി ഒഴിവാക്കിയിട്ടുണ്ട്. കെ.ആർ.ഡി.സി.എൽ മുഖേന നടപ്പിലാക്കുന്ന 27 റെയിൽവേ മേൽപ്പാല നിർമാണ പ്രവൃത്തിയിൽ 6 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. ബാക്കിയുള്ളവയുടെ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

613. ഗ്രീൻ പ്രോട്ടോക്കോൾ രീതി സർക്കാരിന്റെ കെട്ടിട നിർമ്മാണത്തിൽ വ്യാപകമാക്കും.

എസ്.റ്റി.പി, റെയ്ൻ വാട്ടർ ഹാർവെസ്റ്റിംഗ് ടാങ്ക്, ഇന്റർലോക്ക്, പി.പി.സി, വുഡ് വേസ്റ്റ്സ്, കോൺക്രീറ്റ് വേസ്റ്റ് എന്നിവ ഉൾപ്പെടുത്തി മലീനികരണം കുറയ്ക്കുന്നതിനും പ്രകൃതി വിഭവങ്ങളുടെ ഒപ്റ്റിമൈസേഷൻ ചെയ്യുന്നതിനും വേണ്ടിയുള്ള ഗ്രീൻ പ്രോട്ടോകോൾ രീതി സർക്കാരിന്റെ കെട്ടിട നിർമ്മാണത്തിൽ വ്യാപകമാക്കിവരുന്നു. ഗ്രീൻ ബിൽഡിങ് പ്രകാരം നടപ്പിലാക്കിയ പൊതുമരാമത്തിന്റെ ആദ്യ പദ്ധതിയാണ് പത്തനംതിട്ട ജില്ലാ കളക്ടറുടെ ഔദ്യോഗിക വസതി നിർമ്മാണം. പി.ഡബ്ല്യു.ഡിയ്ക്ക് മാത്രമായുള്ള ഗ്രീൻ ബിൽഡിംഗ് പോളിസിയുടെ കരട് തയ്യാറാക്കി. പരിഷ്കരിച്ച ഹരിത നിർമ്മാണ നയം 2025 ഉടൻ പുറത്തിറക്കും. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന രജിസ്ട്രേഷൻ വകുപ്പിന്റെയും നിയമസഭ സാമാജികർക്കുള്ള ഫ്ളാറ്റിന്റെയും നിർമ്മാണം ഹരിത നിർമ്മാണ തത്വങ്ങൾക്കനുസരിച്ചാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

614. പൊതുമരാമത്തു വകുപ്പിന് കീഴിലെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് എൻ.എബി.എൽ അക്രെഡിറ്റേഷൻ 2021 ഫെബ്രുവരിയിൽ ലഭിച്ചു. ഇന്ത്യയിൽ ഒരു സർക്കാർ സ്ഥാപനത്തിന് ആദ്യമായാണ് ഈ അംഗീകാരം. പ്രസ്തുത കെ.എച്ച്.ആർ.ഐയെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനു നടപടി സ്വീകരിക്കും. ഇന്ത്യയിലെ ഉന്നത സാങ്കേതിക / അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് സർവ്വീസിലുള്ളവർക്കും പുറത്തുള്ളവർക്കും പരിശീലന പരിപാടികൾ നടപ്പാക്കും.

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് നൂതന ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. 144 ടെസ്റ്റുകൾക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചു. ഐ.ഐ.ടി മദ്രാസുമായി ചേർന്ന് കാഥോഡിക് സംരക്ഷണം ഉപയോഗിച്ച് തീരദേശ പാലങ്ങളുടെ പുനരുദ്ധാരണത്തിന് അറ്റകുറ്റപ്പണി തന്ത്രങ്ങൾ വികസിപ്പിക്കാൻ കടലുണ്ടി പാലത്തിൽ പഠനം നടത്തി. എഞ്ചിനീയറിംഗ് പ്രശ്നങ്ങളിൽ ഫീൽഡ് എഞ്ചിനീയർമാരെ പിന്തുണയ്ക്കുന്നതിനായി കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾക്കും ഏജൻസികൾക്കും കൺസൾട്ടൻസി സേവനങ്ങൾ ചെയ്തുവരുന്നു. 2021-23 കാലയളവിൽ 109 സേവനങ്ങൾ പൂർത്തീകരിച്ചു. ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡാറ്റ ശേഖരണം നടപ്പിലാക്കാൻ തുടങ്ങി. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഐ.ടി തിരുപ്പതി, ഐ.ഐ.ടി മദ്രാസ്, എൻ.ഐ.ടി കോഴിക്കോട് മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി

615. കെ.എസ്.ആർ.ടി.സി നിലനിർത്തുന്നതിന് പ്ലാൻ ഫണ്ട് അടക്കം കഴിഞ്ഞ അഞ്ചുവർഷം 6,000 ത്തോളം കോടി രൂപ ചെലവഴിച്ചു. കെ.എസ്.ആർ.ടി.സിയെ ഒരു മിനിമം സബ്സിഡിയുടെ അടിസ്ഥാനത്തിൽ സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തമാകും വിധം പുനഃസംഘടിപ്പിക്കും. ദൗർഭാഗ്യവശാൽ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം സ്വകാര്യവൽക്കരിക്കണമെന്നും, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെല്ലാം ഇല്ലാതാക്കുന്നതിനുള്ള മോട്ടോർ വാഹന നിയമ ഭേദഗതി അനുകൂലിക്കുകയും ചെയ്യുന്ന ബി.ജെ.പി, യു.ഡി.എഫിനോടൊപ്പം ചേർന്ന് പാക്കേജിന് തുരങ്കം വയ്ക്കുകയാണ്.

2016-21 കാലയളവിൽ ശമ്പളം, പെൻഷൻ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കായി സർക്കാർ 4,923.58 കോടി രൂപ അനുവദിച്ചു. 2021-25 വരെ 7,037.31 കോടി രൂപ അനുവദിച്ചു. ഇതിനുപുറമെ 2016-21 കാലയളവിൽ പദ്ധതി വിഹിതമായി 48.95 കോടി രൂപയും 2021-25 വരെ 197.49 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2021-25 കാലയളവിൽ വായ്പ ധനസഹായം, പദ്ധതിവിഹിതം എന്നീ ഇനങ്ങളിലായി കെ.എസ്.ആർ.ടി.സി.യ്ക്ക് 7,037.31 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

616. ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ ഉറപ്പുവരുത്തും. കുടിശികകളെല്ലാം തീർക്കും. കെ.എസ്.ആർ.ടി.സി സ്വയം പര്യാപ്തമാകും വരെ ബാങ്ക് കൺസോർഷ്യം വായ്പകൾ സർക്കാർ തിരിച്ചടയ്ക്കും. മുടങ്ങിക്കിടക്കുന്ന ശമ്പള പരിഷ്കരണം നടപ്പാക്കും. കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ ശമ്പളം ഒറ്റത്തവണയായി കൃത്യമായി വിതരണം ചെയ്തു വരുകയാണ്. പ്രതിമാസ സാമ്പത്തിക സഹായമായി സർക്കാരിൽ നിന്നും രണ്ടു ഗഡുക്കളായി നൽകുന്ന 50 കോടി രൂപ ധനസഹായവും SBI യിൽ നിന്നും ഓവർ ഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയുമാണ് ജീവനക്കാരുടെ ശമ്പളം കൃത്യമായി വിതരണം ചെയ്തു വരുന്നത്. ഇപ്രകാരം കെ.എസ്.ആർ.ടി.സിയ്ക്കുള്ള പ്രതിമാസ സാമ്പത്തിക സഹായമായി സർക്കാർ 50 കോടി രൂപ അനുവദിച്ചു നൽകി വരുന്നതിനാൽ കൺസോർഷ്യം വായ്പ തിരിച്ചടവിൽ യാതൊരു മുടക്കവും വരുത്താതെ പ്രതിദിന വരുമാനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി ഒടുക്കി വരികയാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചാണ് 2018 ഫെബ്രുവരി മാസം മുതൽ കെ.എസ്.ആർ.ടി.സി പെൻഷൻകാരുടെ പെൻഷൻ തുക വിതരണം ചെയ്തു വരുന്നത്. സർക്കാരും കെ.എസ്.ആർ.ടി.സി യും കേരള സംസ്ഥാന സഹകരണ ബാങ്ക് ലിമിറ്റഡും ഓരോ വർഷവും MOUൽ ഏർപ്പെട്ടാണ് ഇപ്രകാരം പെൻഷൻ വിതരണം ചെയ്തു വരുന്നത്. നിലവിൽ ഒപ്പിട്ട MOUന് 2025 നവംബർ മാസം വരെ കാലവാധി ഉണ്ട്. ഇതിൻ പ്രകാരം 2025 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുകയുടെ പലിശയുൾപ്പെടെയുള്ള തിരിച്ചടവ് തുക സർക്കാർ നേരിട്ട് സഹകരണ വിഹിതമായി ബഡ്ജറ്റ് സംഘം രജിസ്ട്രാറിന് നിശ്ചിത ഇടവേളകളിലായി അനുവദിച്ചു നൽകി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി യ്ക്ക് പ്രതിവർ




ഷം (വായ്പ) വകയിരുത്തുന്ന തുകയിൽ നിന്നാണ് തിരിച്ചടവ് തുക സർക്കാർ അനുവദിച്ചു നൽകുന്നത്.

617. കിഫ്ബിയുടെ ധനസഹായം ലഭിക്കുന്നതിനാവശ്യമായ വിധത്തിൽ പുതിയൊരു കമ്പനി സ്വിഫ്റ്റിന് രൂപം നൽകി. കെ.എസ്.ആർ.ടി.സി പുതിയ കമ്പനി നൽകുന്ന എല്ലാ സേവനങ്ങൾക്കും ഫീസ് ഈടാക്കുന്നതാണ്. ആദായത്തിൽ ഒരു വിഹിതവും നൽകും. 10 വർഷത്തിനുള്ളിൽ മുഴുവൻ ആസ്തികളും കെ.എസ്.ആർ.ടി.സിയിൽ ലയിപ്പിക്കും.

സ്വിഫ്റ്റിലൂടെ 447 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. ഇതിൽ 165 എണ്ണം ഇലക്ട്രിക് ബസ്സുകളാണ്. ഇലക്ട്രിക് ബസ്സുകളിൽ 2 ഡബിൾ ഡക്കർ ഉൾപ്പെടെ 115 എണ്ണം സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമാക്കിയവയും 50 എണ്ണം കിഫ്ബി ധനസഹായത്തോടെ വാങ്ങിവയുമാണ്. സ്വിഫ്റ്റിൽ 1,789 പേരെ ഡ്രൈവർ കം കണ്ടക്ടർമാർ, ഡ്രൈവർ, കണ്ടക്ടർ തസ്തികകളിൽ നിയമിച്ചു.

618. 3000 ബസ്സുകൾ പ്രകൃതി സൗഹൃദമായ സി.എൻ.ജി/എൽ.എൻ.ജി എഞ്ചിനുകളിലേയ്ക്ക് മാറ്റുന്നതുവഴി പ്രതിമാസം 25 കോടി രൂപ ഇന്ധനച്ചെലവ് ലാഭിക്കും. കിഫ്ബിയിൽ നിന്ന് 1000 പുതിയ ബസുകൾ അനുവദിക്കും.

310 സിഎൻജി ബസുകൾ വാങ്ങുന്നതിനും 400 ഡീസൽ ബസുകളെ എൽഎൻജിയിലേക്ക് മാറ്റുന്നതിനുമായി കിഫ്ബി 360.91 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

619. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചിട്ട് വക മാറ്റിയ തുകയും മെഡിക്കൽ ആനുകൂല്യം തുടങ്ങിയവയുടെ കുടിശ്ശികകളും പുതിയ ധനകാര്യ വർഷാരംഭം കൊടുത്തുതീർക്കും. ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം നടപ്പാക്കും.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ എൽ.ഐ.സി, എസ്.എൽ.ഐ, ജി.ഐ.എസ് തുകകൾ ഒടുക്കി. 59.83 കോടി രൂപ എൻ.ഡി.ആർ ഇനത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുണ്ട്.

620. കെ.എസ്.ആർ.ടി.സിയുടെ ബസ് സ്റ്റാൻഡിനോടൊപ്പമോ അല്ലാതെയുള്ള ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സമുച്ചയങ്ങൾ പണിയും.

ഹരിപ്പാട് ബസ് ടെർമിലനൽ കം ഷോപ്പിംഗ് കോംപ്ലക്സ്, കോട്ടയം – ബസ് ടെർമിനൽ ആന്റ് ടോയിലറ്റ് ബ്ലോക്ക്, പാലക്കാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്, ചാത്തന്നൂർ ഡിപ്പോ യാർഡ്, കരുനാഗപ്പള്ളി ഡിപ്പോ ഓഫീസ് കെട്ടിടം (ഒന്നാംനില), ആലുവ ഡിപ്പോ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ ഉദ്ഘാടനം ചെയ്തു. പൊന്നാനി ഡിപ്പോയിലെ യാർഡ്, പാപ്പനംകോട് ബസ് ഡിപ്പോയിലെ ഇലക്ട്രിക് ബസുകളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചു. പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

622. ഗ്യാരേജുകളും, വർക്ഷോപ്പുകളും നവീകരിക്കും.

അടിസ്ഥാനസൗകര്യ വികസനത്തിനും ഗ്യാരേജുകളും വർക്ഷോപ്പുകളും നവീകരിക്കുന്നതിനുമായി 39.99 കോടി രൂപ അനുവദിച്ചു.

623. കെ.എസ്.ആർ.ടി.സിയുടെ മാനേജ്മെന്റ് സമൂലം പുനഃസംഘടിപ്പിക്കും. ബസ്സുകളുടെ മൈലേജ്, ഫ്ളീറ്റ് യൂട്ടിലൈസേഷൻ, റിപ്പയർ ചെയ്ത് പുറത്ത് ഇറക്കാനുള്ള സമയം, അപകടനിരക്ക് തുടങ്ങിയവയെല്ലാം ദേശീയ ശരാശരിയിലേക്ക് ഉയർത്തും.

കെ.എസ്.ആർ.റ്റി.സി.യുടെ മാനേജ്മെന്റ് പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഭരണപരവും സാമ്പത്തികപരവുമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ച് പരിചയമുള്ള ഉദ്യോഗസ്ഥരെ ഭരണ, വിജിലൻസ്, ഫിനാൻസ് വിഭാഗം മേധാവികളായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ഇതിനുപുറമെ വിവിധ സുപ്രധാന തസ്തികകളിൽ ഉയർന്ന യോഗ്യതയും, പരിചയസമ്പത്തുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നിയമനങ്ങളിലൂടെ കോർപ്പറേഷന്റെ മാനേജീരിയൽ നടപടികൾ മെച്ചപ്പെടുന്നുണ്ട്.

624. കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ ബസ് റൂട്ടുകളും ഓട്ടവും ക്രമീകരിക്കും.

അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചു. കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് അടിസ്ഥാനത്തിലുള്ള വരുമാനം പരിശോധിച്ച് ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ നടപടികൾ സ്വീകരിച്ചു. സിറ്റി സർവ്വീസുകൾ പുനഃക്രമീകരിച്ചു. ഈ നടപടികളിലൂടെ പ്രതികിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കാനായി. അപകടങ്ങൾ ഒഴിവാക്കുന്നതിനായി സമഗ്രമായ പദ്ധതി തയ്യാറാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരും ഗതാഗതരംഗത്തെ വിദഗ്ദ്ധരും ഉൾപ്പെടുന്ന സമിതി രൂപീകരിച്ചു. യൂണിറ്റ് തല സമിതി രൂപീകരിച്ച് കർമ്മ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

625. കെ.എസ്.ആർ.ടി.സിയുടെ വായ്പ മുഴുവൻ ഓഹരി മൂലധനമായി മാറ്റും. പലിശ എഴുതിത്തള്ളും.

2008-09 മുതൽ 2013-14 വരെ കെ.എസ്.ആർ.ടി.സി സർക്കാരിലേക്ക് തിരിച്ചടക്കേണ്ട 1090,75,97,833 രൂപയുടെ വായ്പാ കുടിശ്ശിക സർക്കാർ ഓഹരിയാക്കി മാറ്റി. പലിശയും, പിഴപ്പലിശയും ഉൾപ്പെടെയുള്ള തുകകൾ എഴുതിത്തള്ളാൻ തത്വത്തിൽ തീരുമാനിച്ചു.



## തുറമുഖം

626. ഒരു പുതിയ വൻകിട ഹാർബറിന്റെ നിർമ്മാണത്തിനു തുടക്കം കുറിക്കും. അഴീക്കൽ ഒരു നദീമുഖ ഹാർബറാണ്. ഇതിന് 14.5 മീറ്റർ ആഴത്തിൽ 3,698 കോടി രൂപ ചെലവിൽ ഒരു ഔട്ടർ ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടി മലബാർ ഇന്റർനാഷണൽ പോർട്ട് എന്നൊരു കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ പുതിയ ഗ്രീൻഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനും തുറമുഖാധിഷ്ഠിത വ്യവസായ മേഖലയും പ്രത്യേക സാമ്പത്തിക മേഖലയും വികസിപ്പിക്കുന്നതിനുമായി മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചു. തുറമുഖത്തിന്റെ നിർമ്മാണം 2026 നകം ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. കമ്പനിയുടെ സാങ്കേതിക കൺസൾട്ടന്റ് നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുറമുഖ നിർമ്മാണത്തിന് ഏകദേശം 48 മാസം വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. പദ്ധതിയുടെ സാങ്കേതിക കൺസൾറ്റന്റ് തയ്യാറാക്കിയ തുറമുഖത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ടിന് (ഡി പി ആർ) 22-08-2024 ലെ ജി.ഒ (എം.എസ്) നമ്പർ 17/2024/ എഫ് & പി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

627. വിഴിഞ്ഞം ഇന്റർനാഷണൽ സീ-പോർട്ട് നിർമ്മാണത്തെ കോവിഡും പ്രകൃതിദുരന്തങ്ങളും ബാധിച്ചിട്ടുണ്ട്. എങ്കിലും ബ്രേക്ക് വാട്ടർ നിർമ്മാണവും ലാന്റ് റിക്ലമേഷനും ഒഴികെ ബാക്കിയെല്ലാ ഘടകങ്ങളും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വിഴിഞ്ഞം കാർഗോ ടെർമിനൽ പ്രധാന ക്രൂ ചെയ്ഞ്ച് കേന്ദ്രമായി മാറിക്കഴിഞ്ഞു. രണ്ടു വർഷത്തിനുള്ളിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീ-പോർട്ട് നിർമ്മാണം പൂർത്തീകരിക്കും.

വിഴിഞ്ഞം ഇന്റർനാഷണൽ സീ-പോർട്ട് യാഥാർത്ഥ്യമായി. 2024 ഡിസംബർ 3ന് തുറമുഖ പദ്ധതിയുടെ കൺസഷറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന് ഐ.ഐ.ടി മദ്രാസ് പ്രൊവിഷണൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് കൈമാറി. ഒന്നാംഘടത്തിൽ പ്രതിവർഷം

10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട്. 2024 ജുലൈ 11ന് ആദ്യ കപ്പൽ തുറമുഖത്തിനടുത്തു. ഇതുവരെ 189 കപ്പലുകൾ എത്തിച്ചേർന്നു.

628. കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയെ ഉപയോഗപ്പെടുത്തി കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിക്കും.

ബേപ്പൂർ തുറമുഖത്തിന്റെ ആഴം 5.5 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പാരിസ്ഥിതിക ആഘാതപഠനം പുരോഗമിക്കുന്നു. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇതിനായി 82.80 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വാർഫിന്റെ നീളം 150 മീറ്റർ മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗത്തേക്ക് വർദ്ധിപ്പിക്കുന്നതിന്റെ പാരിസ്ഥിതിക ആഘാതപഠനം പുരോഗമിക്കുന്നുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ഇതിനായി 92 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വാർഫിന്റെ നീളം, പുലിമുട്ടിന്റെ ഭാഗത്തേക്ക് 150 മീറ്റർ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതിക ആഘാതപഠനം പുരോഗമിക്കുന്നു. ചെന്നൈ ഐ. ഐ. ടി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട്, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ 67 കോടി രൂപയുടെ എസ്റ്റിമേറ്റ് എന്നിവ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്രത്തിന്റെ സാഗർമാല പദ്ധതിയിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഉൾനാടൻ ജലഗതാഗതം

629. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് പുതിയ ബോട്ടുകൾ വാങ്ങുകയും പഴയവ നവീകരിക്കുകയും ചെയ്യും.

100,75 പാക്സ് കാറ്റാ മറൈൻ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ 2024- 5 സാമ്പത്തിക വർഷത്തിൽ നീറ്റിലിറക്കി. 26 ബോട്ടുകൾ നിർമ്മാണത്തിലുമാണ്.

630. പശ്ചിമ കനാൽ ശൃംഖലയുടെ ഒന്നാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയ്ക്കുള്ള 26 കിലോമീറ്റർ കനാലുകൾ പുതുതായി കുഴിച്ചുകൊണ്ടിരിക്കുകയാണ്. ഇവയും കനാലുകളുടെ വീതി കൂട്ടുന്ന പ്രവർത്തനങ്ങളും 2022 ൽ പൂർത്തീകരിക്കും.

616 കി.മീ ദൈർഘ്യം വരുന്ന പശ്ചിമതീര ജലപാത ഒന്നാം ഘട്ടം നിലവിലുള്ള കനാലുകൾ ലഭ്യമായ വീതിയിൽ ആഴം കൂട്ടി ശുചീകരിച്ച് യോഗ്യമാക്കുകയെന്നുള്ളതാണ്. പ്രസ്തുത പ്രവൃത്തികൾ 2021 ഫെബ്രുവരിയിൽ ഏകദേശം 520 കി.മീ ദൈർഘ്യം വരുന്ന ഭാഗത്ത് പൂർത്തിയാക്കി. 2-ാംഘട്ടം ആയി വിഭാവനം ചെയ്തിരുന്നത് ജലപാത മാനദണ്ഡ പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് വീതിയും ആഴവും കൂട്ടി അതോടൊപ്പം മാനദണ്ഡ പ്രകാരം കനാലിന് കുറുകെ വരുന്ന നിർമ്മിതികൾ നിർമ്മിക്കുന്നതിനുമാണ്. പ്രസ്തുത പ്രവൃത്തി ഇപ്പോൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. മാഹി വളപട്ടണം റീച്ചിൻറെ 58.51 കി.മി ദൈർഘ്യം വരുന്ന ഭാഗത്ത് ഏകദേശം 26 കി.മീ. കനാൽ പുതുതായി നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുകയാണ്.

631. മെയിൻ കനാലിനു പുറമെ ആയിരത്തിൽപ്പരം കിലോമീറ്റർ ഫീഡർ കനാലുകളുടെ നവീകരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും.

വടകര-മാഹി കനാൽ 17.6 കി.മീ ദൈർഘ്യം വരുന്ന വടകര-മാഹി ജലപാതയുടെ വികസനം അതിവേഗം നടന്നു വരുകയാണ്. അതിൽ മൂഴിക്കൽ ലോക്കിന്റെയും അപ്രോച്ച് റോഡി



ന്റെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 95% പ്രവൃത്തികൾ പൂർത്തീകരിച്ചു. 2025 മെയ് മാസം 31-ഓടു കൂടി മേൽ പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. വെങ്ങോലി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തീകരിച്ചു. കരിങ്ങാലി മുക്ക് ലോക്ക് കം ബ്രിഡ്ജിന്റെയും പ്രവൃത്തികൾ 75% പൂർത്തീകരിച്ചു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

632. കൊച്ചിയിലെ വാട്ടർ മെട്രോയുടെ 19 ബോട്ട് ജെട്ടികളുടെ ഒന്നാംഘട്ടം പൂർത്തിയായി. രണ്ടാംഘട്ടമായി 19 എണ്ണം 2022 ൽ പൂർത്തീകരിക്കും.

കൊച്ചി വാട്ടർ മെട്രോ 2023 ഏപ്രിൽ 25നാണ് ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ വാട്ടർ മെട്രോ അഞ്ചു പ്രധാന റൂട്ടുകളിൽ സേവനം നടത്തുകയാണ്. ഹൈക്കോടതി-വൈപ്പിൻ, വൈറ്റില-കാക്കനാട് തുടങ്ങിയ പ്രധാന റൂട്ടുകളിലാണ് നിലവിൽ ബോട്ടുകൾ ഓടുന്നത്. പത്ത് ടെർമിനലുകളാണ് നിലവിൽ പ്രവർത്തനക്ഷമമായത്, കൂടാതെ 18 ഇലക്ട്രിക് ഹൈബ്രിഡ് ബോട്ടുകൾ ഇപ്പോൾ സർവീസ് നടത്തുന്നു. ഏകദേശം 24 കിലോമീറ്റർ ദൂരമുള്ള റൂട്ടുകൾ ഇതിനകം സേവനത്തിലേക്ക് ഉൾപ്പെടുത്തി കഴിഞ്ഞു. വാട്ടർ മെട്രോയിലൂടെ ഇതിനകം നാൽപതു ലക്ഷം യാത്രക്കാർ യാത്രചെയ്തിട്ടുണ്ട്. അടുത്ത രണ്ട് മുതൽ മൂന്ന് മാസത്തിനുള്ളിൽ അഞ്ചു പുതിയ ടെർമിനലുകൾ കൂടി പ്രവർത്തനത്തിന് തയ്യാറാവും. ബാക്കിയുള്ള ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## റെയിൽവേ

633. കൊച്ചി മെട്രോയുടെ പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള എക്സ്റ്റൻഷനും കലൂർ സ്റ്റേഡിയം മുതൽ കാക്കനാട് ഐ.ടി സിറ്റി വരെയുള്ള റെയിൽപ്പാതയുടെ നിർമ്മാണവും 2022 ൽ തീരും. കൊച്ചി മെട്രോ പദ്ധതി പൂർത്തീകരിക്കും.

കൊച്ചി മെട്രോയിലെ ശരാശരി പ്രതിദിന യാത്രക്കാരുടെ എണ്ണം ഒരു ലക്ഷം കടന്നിരിക്കുകയാണ്. എസ്എൻ ജങ്ക്ഷൻ - തൃപ്പൂണിത്തുറ സ്ട്രെച്ച് ജനങ്ങൾക്ക് തുറന്നു കൊടുത്തു. കൊച്ചി മെട്രോയുടെ പാലാരിവട്ടത്തു നിന്ന് ഇൻഫോപാർക്കിലേക്കുള്ള രണ്ടാം ഘട്ട നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. 307 പൈലുകൾ സ്ഥാപിച്ചുകഴിഞ്ഞു. കള

മഞ്ചേരിയിലെ 8.85 ഹെക്ടർ സ്ഥലത്തെ കാസ്റ്റിംഗ് യാർഡിൽ പിയർകാപ് മുതലുള്ള സൂപ്പർ സ്ട്രക്ചർ ഘടക ഭാഗങ്ങളുടെ നിർമാണവും പുരോഗമിക്കുന്നു. നാല് പിയർകാപുകളുടെയും 4 യു ഗർഡറുകളുടെയും കാസ്റ്റിംഗ് പൂർത്തിയായി. ഒന്നാം ഘട്ടത്തിലെ നിർമാണ രീതിയിൽ നിന്ന് വ്യത്യസ്തമായി പിയറിനു മുകളിലുള്ള മെട്രോ സ്റ്റേഷൻ ഘടകഭാഗങ്ങളെല്ലാം കാസ്റ്റിംഗ് യാർഡിൽ നിർമിക്കുകയാണ്. പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ ഇത് സഹായകമാവും. പദ്ധതിയുടെ ഭാഗമായി വൈഡക്ട് നിർമാണത്തിനായി 500 യു ഗർഡറുകളും 580 ഐ ഗർഡറുകളും 354 പിയർ കാപുകളുമാണ് നിർമിക്കുന്നത്. സ്റ്റേഷൻ നിർമാണത്തിനായി 100 യു ഗർഡറുകളും 120 പിയർ ആമുകളും 400 റ്റി ഗർഡറുകളും 200 എൽ ഗർഡറുകളും നിർമിക്കുന്നു.

അഞ്ചു സ്റ്റേഷനുകളുടെ എൻട്രി-എക്സിറ്റ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വയഡക്ടും സ്റ്റേഷനുകളുടെയും നിർമ്മാണ കരാർ 1141.32 കോടി രൂപയ്ക്ക് നൽകി. നിലവിൽ വയഡക്ട് നിർമാണവും സ്റ്റേഷനുകളുടെ ഘടനാ നിർമാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. 2026 നവംബർ ഓടെ ഈ ഘട്ടത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. കൊച്ചി മെട്രോയിൽ മാർച്ച് 2025 വരെ ആകെ 14.70 കോടി യാത്രക്കാർ യാത്ര ചെയ്യുകയുണ്ടായി. കൊച്ചി മെട്രോ മൂന്നാം ഘട്ടത്തിൽ ആലുവ മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വഴി അങ്കമാലി വരെ മെട്രോ നീട്ടുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

634. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ പുതുക്കിയ ഡി.പി.ആർ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. കേന്ദ്രാനുമതി ലഭിച്ചാൽ നടപ്പാക്കും.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചുമതലപ്പെടുത്തിയത് പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മെട്രോറെയിൽ പദ്ധതിയുടെ വിശദ പദ്ധതിരേഖ 2017-ലെ പുതിയ മെട്രോ നയത്തിന് അനുസൃതമായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിവരികയാണ്. പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലേക്കായി കോമ്പ്രിഹെൻസീവ് മൊബിലിറ്റി പ്ലാനും ആൾട്ടർനേറ്റ അനാലിസിസ് റിപ്പോർട്ടും തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ അംഗീകാരം തേടി സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം, തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾ സജീവമായി പുരോഗമിക്കുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലം പ്രവൃത്തി ആരംഭിച്ചു.

635. ശബരിമല എയർപോർട്ടിന്റെയും ഇടുക്കി, വയനാട്, കാസർകോട് ജില്ലകളിലെ എയർ സ്ട്രിപ്പുകളുടെയും ഡി.പി.ആർ തയ്യാറാക്കികൊണ്ടിരിക്കുന്നു. ഇവ ഏറ്റെടുക്കും.

ശബരിമല എയർപോർട്ടിന്റെയും ഇടുക്കി, വയനാട്, കാസർകോട് ജില്ലകളിലെ എയർ സ്ട്രിപ്പുകളുടെയും ഡി.പി.ആർ തയ്യാറാക്കികൊണ്ടിരിക്കുന്നു. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്.

636. 60,000 കോടി രൂപയുടെ സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽ പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭം വഴിയാണ് നടപ്പാക്കുന്നത്. പരിസ്ഥിതി പഠനവും ആവശ്യമായ അനുമതികളും വാങ്ങി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും.

സിൽവർ ലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ അവലോകന ഘട്ടത്തിലാണ്. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം അധിക വിവരങ്ങൾ ആവശ്യപ്പെടുകയും, ആയതിന് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർ ലൈൻ പദ്ധതിയുടെ കേന്ദ്രാനുമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതലത്തിൽ




ഉൾപ്പെടെ ഉന്നതതലയോഗങ്ങളും ചർച്ചകളും മന്ത്രാലയവുമായി നടത്തിവരുന്നുണ്ട്. റെയിൽവേയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർനടപടിക്രമങ്ങളുമായി മുന്നോട്ടുപോകും. 16.10.2024-ന് ബഹു. മുഖ്യമന്ത്രി റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയോടൊപ്പം കേന്ദ്ര റെയിൽവേ മന്ത്രിയെ സന്ദർശിച്ചപ്പോഴും ഈ പദ്ധതിയെ സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു.

637. കെ.ആർ.ഡി.സി മുൻകൈയിൽ തലശേരി മൈസൂർ, നിലമ്പൂർ നാഞ്ചങ്കോട് റെയിൽ ലൈനുകൾ നിർമ്മിക്കും.

ഈ പദ്ധതി വിവിധ തലങ്ങളിലായി അവലോകന ഘട്ടത്തിലാണ്. പദ്ധതിയുടെ കർണ്ണാടക ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട് എതിർപ്പ് നിലനിലനിൽക്കുന്നുണ്ട്. നിലമ്പൂർ -നഞ്ചൻകോട് ലൈനിന്റെ സർവേ (എഫ്.എൽ.എസ്) നടത്താൻ റെയിൽവേ മന്ത്രാലയം ഇപ്പോൾ തീരുമാനിച്ചതിനാൽ ഈ സർവ്വേ വേഗത്തിൽ പൂർത്തീകരിക്കുവാനാകും. തലശ്ശേരി-മൈസൂർ പാത നിലമ്പൂർ-നഞ്ചൻകോട് ലൈനുമായി കണക്റ്റ് ചെയ്തുകൊണ്ട് കർണാടക മേഖലയിൽ രണ്ട് പദ്ധതികൾക്കുമായി പൊതുവായ അലൈൻമെന്റ് ആവിഷ്കരിക്കുവാൻ ഇതുവഴി സാധിക്കും. ഈ പ്രവൃത്തി ദ്രുതഗതിയിലാക്കുന്നതിനു ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്കു കത്ത് നൽകിയിട്ടുണ്ട്. 16.10.2024-ന് ബഹു. മുഖ്യമന്ത്രി റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയോടൊപ്പം കേന്ദ്ര റെയിൽവേ മന്ത്രിയെ സന്ദർശിച്ചപ്പോഴും ഈ പദ്ധതിയെ സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു.

638. ശബരിമലയുടെ ദേശീയ പ്രാധാന്യം പരിഗണിച്ച് റെയിൽവേയുടെ ചെലവിൽ ശബരിപാത നിർമ്മിക്കണമെന്ന നമ്മുടെ ആവശ്യം ചെവികൊള്ളാൻ കേന്ദ്ര സർക്കാർ തയ്യാറല്ല. ഈ പശ്ചാത്തലത്തിൽ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഏതാണ്ട് 2000 കോടി രൂപയിലധികം വരുന്ന തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കും.

അങ്കമാലി മുതൽ എരുമേലി വരെ 110 കിലോമീറ്റർ ദൈർഘ്യമുള്ള ശബരി റെയിൽവേ ലൈൻ 1997-98 ലെ റെയിൽവേ ബജറ്റിലാണ് ആദ്യമായി നിർദ്ദേശിച്ചത്. ശബരിമല ദർശ

നത്തിനെത്തുന്ന തീർഥാടകർക്ക് സൗകര്യാർത്ഥം വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയ്ക്കായി 8 കിലോമീറ്ററോളം സ്ഥലമെടുപ്പ് പൂർത്തിയായിരുന്നു. പദ്ധതി ശബരിമല തീർഥാടകർക്കും കോട്ടയം, ഇടുക്കി നിവാസികൾക്കും പ്രയോജനമുള്ളതാണ്. പെരുമ്പാവൂർ, മൂവാറ്റുപുഴ, തൊടുപുഴ, പാലാ എന്നീ പട്ടണങ്ങളിലൂടെയാണ് പുതിയ ലൈൻ കടന്നുപോകുന്നത്. അങ്കമാലിക്കും കാലടിക്കും ഇടയിലുള്ള 90% നിർമ്മാണവും (7 കിലോമീറ്റർ) വളരെ മുമ്പുതന്നെ പൂർത്തിയായി. മേൽപ്പറഞ്ഞ കാലയളവിൽ തന്നെ അടുത്ത 70 കിലോമീറ്റർ സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൂർണ്ണമായും റെയിൽവേ ഫണ്ടിങ്ങിൽ തുടങ്ങിയ ടി പദ്ധതി പിന്നീട് 50% സംസ്ഥാന വിഹിതം കൂടി വേണമെന്ന് കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന്മേൽ, 2815 കോടി രൂപ ചിലവ് കണക്കാക്കിയ പദ്ധതിയുടെ 50% ചിലവ് വഹിക്കാൻ കേരള സർക്കാർ തയ്യാറാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ഈ തുക 3,800.93 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. അതിനുള്ള സംസ്ഥാന വിഹിതം നൽകുന്ന വിഷയത്തിൽ കിഫ്ബി വഴി കണ്ടെത്താമെന്നാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇങ്ങനെ കിഫ്ബി വഴി പദ്ധതിയ്ക്കായി എടുക്കുവാൻ ഉദ്ദേശിക്കുന്ന കടം സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ മാത്രം ചിലവ് പങ്കിടാമെന്ന് കേരള സർക്കാർ റെയിൽവേയെ അറിയിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും റെയിൽവെയുടെ ചുമതലയുള്ള മന്ത്രിയും 16/10/2024ന് കേന്ദ്ര റെയിൽവെ മന്ത്രിയെ സന്ദർശിച്ച് ഇക്കാര്യം ചർച്ച ചെയ്തിരുന്നു.

എന്നാൽ ഈ നിർദ്ദേശം അംഗീകരിക്കാതെ മഹാരാഷ്ട്ര സർക്കാർ സ്വീകരിച്ചെന്ന് പറയപ്പെടുന്ന മാതൃകയിൽ RBIയുമായി ചേർന്നുള്ള ഒരു ചിലവ് പങ്കിടൽ കരാർ( Payment Security Mechanism) ആണ് റെയിൽവേ മുന്നോട്ട് വെക്കുന്നത്.

06/02/2025ന് മുഖ്യമന്ത്രി കേന്ദ്രമന്ത്രിയ്ക്ക് അയച്ച കത്തിൽ തുക പങ്കിടുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വീണ്ടും അറിയിക്കുകയുണ്ടായി. കൂടാതെ, പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്നും ആദ്യ ഘട്ടമായി അങ്കമാലി-എരുമേലി-നെല്ലിക്കൽ സിംഗിൾ ലൈനായി നിർമിക്കാവുന്നതാണെന്നും, അടുത്ത ഘട്ടങ്ങളിൽ ഭാവി വികസനം മുൻനിർത്തി ഇരട്ടപ്പാത സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി.

639. കേരള പുനർനിർമ്മാണ പദ്ധതിയിൽ 7,192 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3,909 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കുകളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുക.

2018 ഓഗസ്റ്റിൽ ഉണ്ടായ കനത്ത മഴയെയും പ്രളയത്തെയും തുടർന്ന് കേരളത്തെ ഫലപ്രദമായി പുനർനിർമ്മിക്കാനായി കേരള സർക്കാരിന്റെ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിന് കീഴിൽ സ്ഥാപിതമായ സംരംഭമാണ് കേരള പുനർനിർമ്മാണ പദ്ധതി. ഇതുവരെ വിവിധ വകുപ്പുകളിലായി 117 പദ്ധതികളിൽ 1,003 പ്രവൃത്തികൾ നടപ്പാക്കാൻ 8,763.39 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 709 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 294 പ്രവൃത്തികളിൽ ഭൂരിഭാഗവും പൂർത്തീകരണഘട്ടത്തിലാണ്. 2024-25 സാമ്പത്തിക വർഷത്തിൽ കേരള പുനർനിർമ്മാണ പദ്ധതി മുഖേനെ വിവിധ പദ്ധതികളിലായി 1,036.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുൾപ്പെടെ വിവിധ പദ്ധതികൾക്കായി കേരള പുനർനിർമ്മാണ പദ്ധതിയിൻകീഴിൽ ആകെ 5,396.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## വ്യോമഗതാഗതം

640. കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. വിദേശരാജ്യങ്ങളിൽ നിന്നും നേരിട്ടുള്ള കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കും. ശബരി എയർപോർട്ടിന്റെ നിർമ്മാണം ഊർജ്ജിതപ്പെടുത്തും.

കോവിഡിന് ശേഷം, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (സിയാൽ) ഗണ്യമായ വളർച്ച

കൈവരിച്ചു. 2023-24 ൽ 1.05 കോടി യാത്രക്കാരെ കൈകാര്യം ചെയ്തുകൊണ്ട് ഒരു നാഴിക ക്കല്ല് പിന്നിടുവാൻ കഴിഞ്ഞു. ഇത് മുൻവർഷത്തേക്കാൾ 18% വർദ്ധനവുമാണ്. ഈ കുതി ച്ചുചാട്ടം കേരളത്തിലെ ഏറ്റവും തിരക്കേറിയ വിമാനത്താവളം എന്ന നിലയിലും യാത്രക്കാ രുടെ എണ്ണത്തിൽ ഇന്ത്യയിലെ തിരക്കേറിയ വിമാനത്താവളങ്ങളുടെ കൂട്ടത്തിൽ സ്ഥാനം ഉറപ്പിക്കുവാൻ കഴിഞ്ഞു. ഈ കാലയളവിൽ കൊൽക്കത്ത, ചണ്ഡീഗഡ്, റാഞ്ചി തുടങ്ങിയ നഗരങ്ങളിലേക്ക് പുതിയ ഫ്ളൈറ്റുകൾ ഉപയോഗിച്ച് ആഭ്യന്തര ശൃംഖല വിപുലീകരിച്ചു കൂടാതെ ബാങ്കോക്ക്, ക്വലാലംപൂർ, ലണ്ടൻ എന്നിവയുൾപ്പെടെയുള്ള ലക്ഷ്യസ്ഥാനങ്ങളി ലേക്ക് അന്താരാഷ്ട്ര കണക്റ്റിവിറ്റി ശക്തിപ്പെടുത്തി. 2025 ഏപ്രിലിലെ കണക്കനുസരിച്ച്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (സിയാൽ) 25-ലധികം ആഭ്യന്തര ലക്ഷ്യസ്ഥാനങ്ങ ളിലേക്കും 30 ലധികം അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളിലേക്കും സർവീസ് നടത്തുന്നു.

സംസ്ഥാന സർക്കാർ നിരന്തരമായി ശ്രമിച്ചിട്ടും, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് (കിയാൽ) ഇന്ത്യാ ഗവൺമെന്റിന്റെ പോയിന്റ് ഓഫ് കോൾ അംഗീകാരം ഇതുവരെ ലഭിച്ചിട്ടി ല്ല. ഇത് എയർപോർട്ടിന്റെ അന്താരാഷ്ട്ര പ്രവർത്തനങ്ങളെ ബാധിക്കുന്നു. തൽഫലമായി, കിയാൽ 2023-24 ൽ യാത്രക്കാരുടെ എണ്ണത്തിൽ 6.7% ഇടിവ് രേഖപ്പെടുത്തി. മുൻ വർഷം 12.57 ലക്ഷം യാത്രക്കാരായിരുന്നത് 11.77 ലക്ഷം യാത്രക്കാരായി. ആഭ്യന്തര യാത്രികരുടെ നേരിയ വർധന രേഖപ്പെടുത്തിയെങ്കിലും അന്താരാഷ്ട്ര വിമാന യാത്രകൾ 19% കുറഞ്ഞു. ഈ വെല്ലുവിളികൾക്ക് മറുപടിയായി, കിയാൽ റാസൽ ഖൈമയിലേക്കും ദമാമിലേക്കും പുതിയ റൂട്ടുകൾ അവതരിപ്പിച്ചു. ഇത് അന്താരാഷ്ട്ര ശൃംഖല ശക്തിപ്പെടുത്തുന്നതിന് സഹാ യകമായി.

641. നിരന്തരമായ ശ്രമങ്ങൾ നടത്തിയിട്ടും കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനം നിശ്ചലമാണ്. വിമാനത്താവളത്തിന്റെ ശേഷി ഇരട്ടിയാക്കാൻ ആവശ്യമെങ്കിൽ സർക്കാർ അതിനെ ഏറ്റെടുക്കുകയോ പങ്കാളിയാവുകയോ ചെയ്യും.

വിമാനത്താവളത്തിലെ റൺവേ എൻഡ് സേഫ്റ്റി ഏരിയയ്ക്ക് (ആർഇഎസ്എ) 12.54 ഏക്കർ ഏറ്റെടുക്കൽ സംസ്ഥാന സർക്കാർ പൂർത്തിയാക്കി. 2023 ഒക്ടോബറിൽ സ്ഥലം എയർപോർ ട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറി. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം സമീപ വർഷങ്ങളിൽ ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ, എയർ പോർട്ട് ഏകദേശം 3.7 ദശലക്ഷം യാത്രക്കാരെ കൈകാര്യം ചെയ്തു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 11.3% വർദ്ധനവ് ആണ്. കൂടാതെ ആകെ സർവീസുകളുടെ എണ്ണം 8% ഉയർന്ന് 26,381 ആയി. ചരക്ക് കൈകാര്യം ചെയ്യുന്നത് 16.3% വർധിച്ച് 21,246 ടണ്ണായി. കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി, തായ്ലൻഡ്, മലേഷ്യ, ശ്രീലങ്ക തുടങ്ങിയ ലക്ഷ്യസ്ഥാനങ്ങളിലേക്ക് പുതിയ അന്താരാഷ്ട്ര റൂട്ടുകൾ അവതരിപ്പിച്ചു. കൂടാതെ ന്യൂഡൽഹി, തിരുവനന്തപുരം തുട ങ്ങിയ നഗരങ്ങളിലേക്ക് ആഭ്യന്തര സർവീസുകൾ വിപുലീകരിച്ചു.

## ഇടനാഴികളും ഹബ്ബുകളും

642. കൊച്ചി പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോർ പൂർത്തീകരിക്കും. ചെന്നൈ ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി ഇതിനെ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതം പങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് കമ്പനിയാണ് ഈ പ്രോജക്ട് നടപ്പാക്കുക. 10,000 കോടി നിക്ഷേപവും 22,000 പേർക്ക് നേരിട്ട് ജോലിയും ലഭ്യമാകും. കിഫ്ബി സഹായത്തോടെ പാലക്കാടും കൊച്ചിയിലും 2321 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ആദ്യ ഘട്ടത്തിൽ തന്നെ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി (ഗിഫ്റ്റ് സിറ്റി)' എന്ന ഹൈടെക് സർവ്വീസുകളുടെയും ഫിനാൻസിന്റെയും ഹബ്ബ് അയ്യമ്പുഴയിൽ 220 ഹെക്ടറിൽ സ്ഥാപിക്കും.

സംയോജിത മാനുഫാക്ചറിംഗ് ക്ലസ്റ്റർ വികസിപ്പിക്കുന്നതിനായുള്ള പാലക്കാട് നോഡിനായി 1,267.37 ഏക്കർ ഭൂമി ഏറ്റെടുത്തു. വിശദ പദ്ധതി റിപ്പോർട്ടും മാസ്റ്റർ പ്ലാനും അംഗീകരിച്ചു. 2024 ആഗസ്റ്റ് 28ന് കേന്ദ്ര കാബിനറ്റ് അംഗീകാരം ലഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗ മിക്കുന്നു. കൊച്ചിയെ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളുള്ള കേന്ദ്രമാക്കാൻ ലക്ഷ്യ

മിട്ടാണ് കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേയ്ഡ് സിറ്റി (ഗ്ലോബൽ സിറ്റി) വിഭാവനം ചെയ്തത്. ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരത്തിനുള്ള ശ്രമങ്ങൾ തുടരുന്നു.

643. മലബാറിന്റെ വികസനം ലക്ഷ്യമിട്ട് നമ്മുടെ മുൻകൈയിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത് കൊച്ചി-മംഗലാപുരം വ്യവസായ ഇടനാഴിയാണ്. ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. അതിനിടയിൽ കണ്ണൂർ വിമാനത്താവളത്തിന്റെ സമീപത്ത് 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 12,000 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ വിമാനത്താവളത്തിന്റെ സമീപ പ്രദേശത്ത് കിൻഫ്രാ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് 11 പാർസലുകളിൽ ആയി ഏകദേശം 5,000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി രണ്ട് പാർസലുകളിൽ പെട്ട 59 ഏക്കർ ഭൂമി ഏറ്റെടുത്തു. മറ്റൊരു പാർസലിൽപ്പെട്ട 500 ഏക്കർ ഭൂമി റവന്യു വകുപ്പ് ഏറ്റെടുത്ത് കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടിയിലാണ്. നാലാമത്തെ പാർസലിൽപ്പെട്ട 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ചു. ഭൂമി ഏറ്റെടുക്കാനാവശ്യമായ 1,076 കോടി രൂപ കിൻഫ്രാ സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറി. ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ബാക്കിയുള്ള 7 പാർസലുകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

644. ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കും. വിഴിഞ്ഞം തുറമുഖത്തോടു ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിനു കിഴക്കു ഭാഗത്തുകൂടെ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 78 കിലോമീറ്റർ ദൈർഘ്യമുള്ള ആറുവരി പാതയും അതിന്റെ ഇരുവശങ്ങളിലുമായി 10,000 ഏക്കറിൽ നോളഡ്ജ് ഹബ്ബുകൾ, വ്യവസായ പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ, ടൗൺഷിപ്പുകൾ എന്നിവയുടെ ഒരു വമ്പൻ ശൃംഖലയും സ്ഥാപിക്കാനാണ് പദ്ധതി. ഇതിനായുള്ള കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ നിർദ്ദിഷ്ട മേഖലയിൽ ആര് ഭൂമി വിൽക്കുന്നതിനു തയ്യാറായാലും കമ്പോളവിലയ്ക്ക് വാങ്ങാൻ കമ്പനി സന്നദ്ധമാകും. വില ലാന്റ് ബോണ്ടായി നൽകാം. റെഡി ക്യാഷ് വേണ്ടവർക്ക് അതും നൽകും. ഭൂമി വിൽക്കാൻ താൽപ്പര്യമില്ലാത്തവർക്ക് ലാന്റ് പൂളിംഗ് പദ്ധതിയിൽ പങ്കാളികളാവാം. കൈവശം വയ്ക്കുന്ന ഭൂമിയ്ക്ക് 10 വർഷംകൊണ്ട് നാലിരട്ടി വില വർദ്ധന ഉറപ്പുനൽകും. അല്ലെങ്കിൽ നാലിരട്ടി വിലയ്ക്ക് കമ്പനി വാങ്ങാൻ തയ്യാറാകും. കമ്പനി ഏറ്റെടുക്കുന്ന ഭൂപ്രദേശത്ത് പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പുവരുത്തി ഇൻവെസ്റ്റേഴ്സിനു കൈമാറും. 25000 കോടി രൂപയുടെ നിക്ഷേപവും 2.5 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖത്തോടു ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിനു കിഴക്കു ഭാഗത്തുകൂടെ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 65 കിലോമീറ്റർ ദൈർഘ്യമുള്ള ആറുവരി പാതയും അതിന്റെ ഇരുവശങ്ങളിലുമായി 10,000 ഏക്കറിൽ നോളഡ്ജ് ഹബ്ബുകൾ, വ്യവസായ പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ, ടൗൺഷിപ്പുകൾ എന്നിവയുടെ ഒരു വമ്പൻ ശൃംഖലയും സ്ഥാപിക്കാനാണ് പദ്ധതി. ഇതിനായുള്ള കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ നിർദ്ദിഷ്ട മേഖലയിൽ ആര് ഭൂമി വിൽക്കുന്നതിനു തയ്യാറായാലും കമ്പോളവിലയ്ക്ക് വാങ്ങാൻ കമ്പനി സന്നദ്ധമാകും. വില ലാന്റ് ബോണ്ടായി നൽകാം. റെഡി ക്യാഷ് വേണ്ടവർക്ക് അതും നൽകും. ഭൂമി വിൽക്കാൻ താൽപ്പര്യമില്ലാത്തവർക്ക് ലാന്റ് പൂളിംഗ് പദ്ധതിയിൽ പങ്കാളികളാവാം. കൈവശം വയ്ക്കുന്ന ഭൂമിയ്ക്ക് 10 വർഷംകൊണ്ട് നാലിരട്ടി വില വർദ്ധന ഉറപ്പുനൽകും. അല്ലെങ്കിൽ നാലിരട്ടി വിലയ്ക്ക് വാങ്ങാൻ കമ്പനി തയ്യാറാകും. കമ്പനി ഏറ്റെടുക്കുന്ന ഭൂപ്രദേശത്ത് പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പുവരുത്തി ഇൻവെസ്റ്റേഴ്സിനു കൈമാറും. 25000 കോടി രൂപയുടെ നിക്ഷേപവും 2.5 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

വളർച്ചാഇടനാഴിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ സുഗമമാക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു പ്രത്യേക വ്യാവസായിക മേഖലാ ആക്ട് (SIR) പരിഗണിക്കുന്നു. എസ്ഐആർ ആക്ട് നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. തിരുവനന്തപുരം ഔട്ടർ റിംഗ്

റോഡ്: ദേശീയ പാത അതോറിറ്റിയും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പാക്കുന്ന വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെ 65 കി.മീ ദൈർഘ്യത്തിലുള്ള തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് എൻ.എച്ച്.എയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇരുവശത്തും സർവ്വീസ് റോഡുകൾ, മീഡിയൻ എന്നിവ ഉൾപ്പെടെ 45 മീറ്റർ വീതിയിലാണ് ഈ പാത നിർമ്മിക്കുന്നത്. പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. റോഡിന്റെ അതിരുകൾ നിശ്ചയിച്ചു. ഏറ്റെടുക്കേണ്ട ഭൂമി തിരിച്ചറിഞ്ഞു. എന്നാൽ കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ നഷ്ടപരിഹാര തുക നിശ്ചയിച്ചു ഭൂമി ഏറ്റെടുക്കലിലേക്ക് നീങ്ങുവാൻ കഴിഞ്ഞിട്ടില്ല.

645. കൊച്ചിയെ ഒരു സൈബർവാലി ആക്കും. വായു, കടൽ, ഉൾനാടൻ ജല, റെയിൽ, റോഡ് ഗതാഗത സൗകര്യങ്ങളുള്ള ഇന്ത്യയുടെ സൂപ്പർ ഐ.ടി നഗരമായി കൊച്ചി മാറും. ജി.സി.ഡി.എ, ജി.ഐ.ഡി.എ, കാക്കനാട് പ്രദേശം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് കൊച്ചിയെ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവും സുസ്ഥിര വികസനവുമുള്ള നഗരമാക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കൃഷി, മെഷീൻ ലേണിംഗ്, സ്പേസ് തുടങ്ങിയ ഭാവി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പദ്ധതികൾക്കു പ്രാധാന്യം നൽകും.

കൊച്ചി ഒരു സൈബർ വാലിയായി മാറുകയാണ്. കൊച്ചി മെട്രോയും വാട്ടർ മെട്രോയും യാഥാർത്ഥ്യമായി. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള 11.2 കിലോമീറ്റർ ദൂരം ഉൾക്കൊള്ളുന്ന കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ അടുത്ത ഘട്ടം പുരോഗമിക്കുന്നു. 2026 നവംബർ മാസത്തോടെ ഈ ഘട്ടത്തിന്റെ നിർമ്മാണം പൂർണ്ണമായി പൂർത്തിയാക്കാൻ ലക്ഷ്യമിടുകയാണ്.

കൊച്ചി വാട്ടർ മെട്രോ നിലവിൽ അഞ്ചു പ്രധാന റൂട്ടുകളിൽ സേവനം നടത്തുന്നു. പത്ത് ടെർമിനലുകളാണ് നിലവിൽ പ്രവർത്തനക്ഷമമായത്. 18 ഇലക്ട്രിക് ഹൈബ്രിഡ് ബോട്ടുകൾ ഇപ്പോൾ സർവീസ് നടത്തുന്നു. ഏകദേശം 24 കിലോമീറ്റർ ദൂരമുള്ള റൂട്ടുകൾ ഇതിനകം സേവനത്തിലേക്ക് ഉൾപ്പെടുത്തി കഴിഞ്ഞു. വാട്ടർ മെട്രോയിലൂടെ ഇതിനകം നാൽപതു ലക്ഷം യാത്രക്കാർ യാത്രചെയ്തിട്ടുണ്ട്. കാക്കനാട് കിൻഫ്ര പാർക്കിൽ എക്സിബിഷൻ സെന്റർ പൂർത്തിയായി. രാജ്യത്തെ ആദ്യത്തെ ഗ്രഫിൻ സെന്റർ കൊച്ചിയിൽ യാഥാർത്ഥ്യമാവുന്നു. പെട്രോ കെമിക്കൽ പാർക്ക് നിർമ്മാണ ഘട്ടത്തിലാണ്. ഐബിഎം കൊച്ചിയിൽ രണ്ടാം ഘട്ട വിപുലീകരണത്തിലേക്ക് കടക്കുന്നു. എലൂരിൽ സയൻസ് പാർക്കും അങ്കമാലിയിൽ ഗ്ലോബൽ സിറ്റിയും യാഥാർത്ഥ്യമാവാൻ ഒരുങ്ങുകയാണ്. കൊച്ചി മാരിടൈം ക്ലസ്റ്റർ, കാക്കനാട്ടെ ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ എന്നിവ ഒരുങ്ങുകയാണ്. ഇൻഫോപാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായി ലാന്റ് പൂളിംഗ് വഴി ഭൂമി ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചു. ടീകോമുമായുള്ള പിന്മാറ്റ കരാർ തയ്യാറാവുന്നതനുസരിച്ച് സ്മാർട്ട് സിറ്റിയിൽ ലഭ്യമാവുന്ന 246 ഏക്കർ ഭൂമിയിൽ കൂടുതൽ ഐടി വികസനം സാധ്യമാവും.

647. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി എല്ലാ പ്രമുഖ നഗരങ്ങളിലേയ്ക്കും വ്യാപിപ്പിക്കും.

2016ൽ അധികാരത്തിൽവന്ന സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാനത്ത് ഗെയിൽ പൈപ്പ്ലൈൻ (KKBMPL) വാതക നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗെയിൽ (ഇന്ത്യ) യ്ക്ക് പൈപ്പ്ലൈൻ വിന്യസിക്കാനായി അനുമതി ലഭിച്ച മൊത്തം 566.3 കിലോമീറ്ററിലും 2020-2021 കാലയളവിൽ പൈപ്പ്ലൈൻ വിന്യസിച്ച് പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയായതോടെ, BPCL, FACT മുതലായ വ്യവസായശാലകളുടെ പ്രവർത്തനം പ്രകൃതി വാതകത്തിലേക്ക് പരിവർത്തനം ചെയ്യുവാൻ സാധിച്ചു. ഒപ്പം ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി സിറ്റി ഗ്യാസ് ഡിസ്ട്രിബൂഷൻ പദ്ധതി നടപ്പിലാക്കി. വാഹനങ്ങൾക്ക് വേണ്ട സി. എൻ. ജി. പദ്ധതിയും പ്രാവർത്തികമാക്കുവാൻ ഇതുമൂലം സാധിച്ചു. ഇതുമൂലം VAT/GST ഇനത്തിൽ സംസ്ഥാനത്തിന് വരുമാന വർദ്ധനവും ഉണ്ടായിട്ടുണ്ട്.

ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനമാണ് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബൂഷൻ പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം ജില്ലയിൽ 2016 മുതലും പാല

ക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 2022മുതലും ഗാർഹികകണക്ഷനുകൾ നൽകി തുടങ്ങി. തൃശ്ശൂർ ജില്ലയിൽ 2023 മുതൽ ഗാർഹിക കണക്ഷനുകൾ നൽകി തുടങ്ങി. എറണാകുളം ജില്ലയിൽ 2018 മുതലും, പാലക്കാട് ജില്ലയിൽ 2022 മുതലും, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ 2023 മുതലും, മലപ്പുറം ജില്ലയിൽ 2024 മുതലും പ്രകൃതി വാതകവും നൽകി തുടങ്ങിയിട്ടുണ്ട്.

എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നത്. വാണിജ്യ, ഗാർഹിക ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ആവശ്യത്തിന് നൽകുന്നുമുണ്ട്. കൂടാതെ വ്യാവസായിക ദ്രവീകൃത പ്രകൃതിവാതകം നേരിട്ട് നൽകുന്നുമുണ്ട്.

പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നത് ഷോളഗാസ്കോ ലിമിറ്റഡാണ്. കോട്ടയം ജില്ലയിൽ 2024 മുതൽ സി.എൻ.ജി വിതരണം ആരംഭിച്ചിട്ടുണ്ട്. 2030 നോട് കൂടി പരമാവധി ഉപഭോക്താക്കൾക്ക് പ്രകൃതി വാതകം എത്തിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് കമ്പനികൾ നടത്തി വരുന്നത്.

## പ്രധാന കിഫ്ബി പദ്ധതികൾ

648. കിഫ്ബി 43,250 കോടി രൂപയുടെ 889 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേ വ്യവസായ പാർക്കുകൾക്കും മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 20,601 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 21,081 കോടി രൂപയുടെ 484 പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 18994 കോടി രൂപയുടെ 435 പ്രോജക്ടുകൾ പണി തുടങ്ങുകയോ അവാർഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ മുഴുവൻ അടുത്ത അഞ്ചു വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കും. ഭൂമിയും ഏറ്റെടുക്കും. ഇത് കേരളത്തിലെ പശ്ചാത്തലസൗകര്യങ്ങളെ ഇന്ത്യയിലെ ഏറ്റവും മികച്ചതാക്കി മാറ്റും.

കിഫ്ബി 88,070.26 കോടി രൂപയുടെ 11,156 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 38,671.40 കോടി രൂപയുടെ 706 പദ്ധതികൾ ടെണ്ടർ ചെയ്തു. 34,640.11 കോടി രൂപയടെ 659 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയോ കരാർ നൽകുകയോ ചെയ്തു. 19,249.24 കോടി രൂപയുടെ പദ്ധതി / സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള പദ്ധതി ഘടകങ്ങൾ പൂർത്തീകരിച്ചു.

649. ഇവയിൽ ഏറ്റവും പ്രധാനം പൊതുമരാമത്ത് മേഖലയിലെ 389 റോഡ്, പാലം, ഓവർബ്രിഡ്ജുകൾ, കെട്ടിടങ്ങൾ തുടങ്ങിയ 18,043 കോടി രൂപയുടെ പ്രോജക്ടുകളാണ്. 67 റെയിൽ ഓവർ ബ്രിഡ്ജുകളുണ്ട്. ഇവ വേഗത്തിൽ തീർക്കാൻ 1,215 പാലങ്ങൾ പാക്കേജായിട്ടാണ് ടെണ്ടർ വിളിക്കുന്നത്. പ്രീഫാബ്രിക്കേറ്റഡ് വിദ്യകൾ ഉപയോഗിച്ച് വേഗത്തിൽ പണി തീർക്കുന്നതിന് ഇത് സഹായിക്കും. റോഡുകൾ നവീനനിർമ്മാണ രീതികൾ ഉപയോഗിച്ചുകൊണ്ടുള്ളവയാണ്. അതുപോലെ പാലങ്ങൾ, വാസ്തുശിൽപ്പ ചാതുരിയോടു കൂടിയുള്ളവയാണ്. റോഡുകളിൽ ഏറ്റവും പ്രധാനം മലയോര ഹൈവേയും തീരദേശ ഹൈവേയുമാണ്.

പൊതുമരാമത്ത് മേഖലയിൽ റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ, റെയിൽ ഓവർ ബ്രിഡ്ജുകൾ, ജംഗ്ഷൻ വികസനം, ടണൽ, അടിപ്പാത എന്നീ സെക്ടറുകളിലായി 513 പദ്ധതികളിലായി 33,409.7 കോടി രൂപയ്ക്കുള്ള ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ 91 പ്രവൃത്തികൾ പൂർത്തീകരച്ചു. 146 പ്രവൃത്തികൾ പുരോഗമിക്കുന്നു. 21 പ്രവൃത്തികൾക്ക് കരാർ നൽകി. 3 എണ്ണത്തിന് സാങ്കേതികാനുമതി നൽകി. 16 പ്രവൃത്തികൾക്കുള്ള ഭൂമി ഏറ്റെടുത്തു. 150 എണ്ണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മുതൽ കാസർഗോഡ് ജില്ലയിലെ നന്ദാർപ്പടവ് വരെ നീണ്ടുകിടക്കുന്ന മലയോര ഹൈവേയ്ക്ക് 1166 കി.മീ ദൈർഘ്യമുണ്ട്. ഇതിൽ 793.63 കി.മീറ്ററിന് 3,538 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകി. 157.88 കി.മീ പണി പൂർത്തീകരിച്ചു.



323.25 കി.മീ റോഡിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 1,452.5 കോടി രൂപ ചിലവഴിച്ചു. തീരദേശ ഹൈവേയ്ക്ക് ആകെ നീളം 600 കി.മീറ്റർ. 454 കി.മീ ഭൂമി ഏറ്റെടുക്കാനും 42 കി.മീ ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തി ചെയ്യാനുമായി 3,201.62 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകി. മലപ്പുറം, കോഴിക്കോട് ജില്ലകളിലായി 10 കി.മീ റോഡും, കോരപ്പുഴ പാലവും പൂർത്തീകരിച്ചു.

എടപ്പാൾ, കുണ്ടന്നൂർ ജംഗ്ഷൻ, വൈറ്റില മേൽപ്പാലങ്ങൾ പൂർത്തിയാക്കി. കിഫ്ബി വഴി നിർവ്വഹണം നടത്തുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട 10 എണ്ണത്തിൽ 9 എണ്ണത്തിന്റെ നിർമ്മാണം നടന്നുവരുന്നു. ഗുരുവായൂർ ഓവർബ്രിഡ്ജ് നിർമ്മാണം പൂർത്തീകരിച്ചു.

650. ആരോഗ്യ മേഖലയിൽ 4240 കോടി രൂപയുടെ 57 പ്രോജക്ടുകളുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാതാലൂക്ക് ആശുപത്രികൾ എന്നിവയാണ് ഇതിൽ മുഖ്യപങ്ക്. 44 ഡയാലിസിസ് യൂണിറ്റുകളും 5 കാത്ത് ലാബുകളും പൂർത്തിയായിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടു കൂടിയുള്ള ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി മെഡിക്കൽ കോളേജുകൾ, ജനറൽ - ജില്ലാ - താലൂക്ക് ആശുപത്രികൾ ഉൾപ്പെടുന്ന 95 പദ്ധതികൾക്കായി 6,333.95 കോടി രൂപയുടെ ധനാനുമതി നൽകി. 6 ആശുപത്രികൾ, 9 കാത്ത് ലാബുകൾ, 46 ഡയാലിസിസ് യൂണിറ്റുകൾ, 51 ഐസോലേഷൻ വാർഡുകൾ എന്നിവ പൂർത്തീകരിച്ചു. 31 ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനവും പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രവൃത്തികളും നടന്നു വരുന്നു.

651. പൊതു വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നവീകരിക്കുന്നതിനു 2350 കോടി രൂപയും, ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 793.5 കോടി രൂപയും കിഫ്ബിയിൽ നിന്നു ചെലവഴിക്കുന്നു. മോഡൽ റെസിഡന്റ്ഷ്യൽ സ്കൂളുകൾക്കും മറ്റും വേണ്ടി 182 കോടി രൂപയുടെ 10 പ്രോജക്ടുകളും അംഗീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നവീകരിക്കുന്നതിന് 2,350 കോടി രൂപയും, ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 786 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 901 സ്കൂളുകളാണ് കിഫ്ബി മികവിന്റെ കേന്ദ്രങ്ങളാക്കാൻ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. അതിൽ 521 സ്കൂളുകളുടെ നിർമാണം ഇതിനകം പൂർത്തിയായി കഴിഞ്ഞു. 380 കെട്ടിടങ്ങൾ നിർമാണത്തിന്റെയും ടെണ്ടർ നടപടികളുടെയും വിവിധ ഘട്ടങ്ങളിലാണ്. 44,705 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി. 11,257 ഹൈടെക്ക് ലാബുകൾ സജ്ജീകരിച്ചു.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലായി മൊഡൽ റെസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയ്ക്കായി 182 കോടി രൂപയുടെ 10 പദ്ധതികൾ അംഗീകരിച്ചു. 99.76 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു.

652. ഉന്നതവിദ്യാഭ്യാസ മേഖലയിൽ 1906 കോടി രൂപയുടെ 50 പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. 51 ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും, 6 എഞ്ചിനീയറിംഗ് കോളേജുകളുടെയും, 8 പോളിടെക്നിക്കുകളുടെയും, 5 ഹെറിറ്റേജ് കോളേജുകളുടെയും, 5 യൂണിവേഴ്സിറ്റികളുടെയും നവീകരണം ഇതിൽ ഉൾപ്പെടുന്നു.

ഉന്നതവിദ്യാഭ്യാസം ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 52 ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും 6 എഞ്ചിനീയറിംഗ് കോളേജുകൾക്കും 5 യൂണിവേഴ്സിറ്റികൾക്കും 8 പോളിടെക്നിക് കോളേജുകൾക്കും 5 ഹെറിറ്റേജ് കോളേജുകൾക്കും യൂണിവേഴ്സിറ്റി/ കോളേജുകളിൽ ഹോസ്റ്റൽ/ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ തുടങ്ങിയ പദ്ധതികൾക്കുമായി ആകെ 1,906 കോടി രൂപയുടെ 50 പദ്ധതികൾക്ക് അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ 516 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു. 948 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. റൂസാ, പി.എം.ഉഷ പദ്ധതികൾ മുഖേന 158 പദ്ധതികളിലായി 532 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടന്നുവരുന്നു. ഇവയിൽ 102 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു.

653. വിവരവിനിമയ മേഖലയിൽ 5.5 ലക്ഷം ചതുരശ്രയടി പാർക്കുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. മൊത്തം 351 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ട് 1061 കോടി രൂപയുടെ കെഫോൺ ആണ്.

31153 കിലോ മീറ്ററുകൾ ഫൈബർ ഒപ്റ്റിക് കേബിൾ പൂർത്തീകരിച്ച് കെഫോൺ നിലവിൽ പൂർണസജ്ജമാണ്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ നെറ്റ്‌വർക്ക് സജ്ജീകരണത്തിൽ ചെറിയൊരു വേഗതക്കുറവുണ്ടെങ്കിൽപ്പോലും ഇതിനോടകം 23,960 സർക്കാർ ഓഫീസുകളിൽ കെഫോൺ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ഇനിയും ബാക്കിയുള്ള സർക്കാർ സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഫൈബർ ടു ഓഫീസ് കണക്ഷനുകൾ 2275 ആണ്. കൊമേഴ്സ്യൽ എഫ്.ടി.ടി.എച്ച് കണക്ഷനുകൾ 53,906 എണ്ണവും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന 5,237 കുടുംബങ്ങളിൽ സൗജന്യ കണക്ഷനുകളും ലൈവായി ഉപയോഗിക്കുന്നുണ്ട്. ഡാർക്ക് ഫൈബർ, ഫൈബർ ടു ദ ഹോം, ഇന്റർനെറ്റ് ലീസ് ലൈൻ എന്നിങ്ങനെയുള്ള മോണിറ്റൈസേഷൻ പ്രവർത്തനങ്ങളും കെ ഫോൺ പ്രൊജക്ടിൽ ഉൾപ്പെടുന്നു. ഇതിന് പുറമേ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും, സ്മോൾ & മീഡിയം എന്റർപ്രൈസസുകൾക്കുമായി 212 ഇന്റർനെറ്റ് ലീസ് ലൈൻ കണക്ഷനുകളും 263 എസ്.എം.ഇ ബ്രോഡ്ബാൻഡ് കണക്ഷനുകളും നിലവിലുണ്ട്. 6307 കിലോമീറ്റർ ഡാർക്ക് ഫൈബർ വാണിജ്യ അടിസ്ഥാനത്തിൽ ഏഴ് ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ആകെ 85,853 സബ്സ്ക്രൈബേഴ്സാണ് കെഫോണിന് ഉള്ളത്. 3,748 ലോക്കൽ നെറ്റുവർക്ക് പ്രൊവൈഡർമാരാണ് കെഫോണുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ഒന്നര വർഷത്തോളമായി സെക്രട്ടറിയേറ്റിലെ എല്ലാ ഓഫീസുകളിലും, 2024 ജൂൺ മുതൽ നിയമസഭയിലും കെഫോൺ കണക്ഷനാണ് ഉപയോഗിക്കുന്നത്. വിവിധ സർക്കാർ വകുപ്പ് ഓഫീസുകൾക്ക് പുറമേ സംസ്ഥാനത്തെ ആരോഗ്യ, വിദ്യാഭ്യാസ, വ്യവസായ, ധനകാര്യ മേഖലകളിലെ വിവിധ മുൻനിര സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ മികച്ച സേവനം

കെ ഫോൺ നൽകി വരുന്നു. 2025 ഓടെ രണ്ടര ലക്ഷത്തിലധികം കണക്ഷനുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യം. സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ ഇന്റർനെറ്റ് കണക്ഷനുകൾ കെഫോൺ മുഖേന നൽകി വരുന്നുണ്ട്. അതിന് പുറമേ കമ്പനികളുടെ സിഎസ്ആർ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ട്രൈബൽ മേഖലയിലെ കുടുംബങ്ങൾക്കായി സൗജന്യ ഇന്റർനെറ്റ് നൽകുന്ന 'കണക്ടിംഗ് ദി അൺകണക്ടഡ്' പദ്ധതിയും കെ ഫോണിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. നിലവിൽ ഈ പദ്ധതി മുഖേന കോട്ടൂരിൽ 103 കുടുംബങ്ങളിലും അട്ടപ്പാടിയിൽ 300 കുടുംബങ്ങളിലും കണക്ടിവിറ്റി നൽകിക്കഴിഞ്ഞു. സംസ്ഥാനത്തെ മറ്റ് ആദിവാസി മേഖലകളിലും ഇത്തരത്തിൽ കണക്ഷനുകൾ ലഭ്യമാക്കി എല്ലാവർക്കും ഇന്റർനെറ്റ് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

654. വൈദ്യുതി മേഖലയിൽ ട്രാൻസ്ഗ്രിഡ്2.0യുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിക്കുന്നു. 5200 കോടി രൂപയാണ് കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നത്.

ഊർജ്ജ മേഖലയിൽ കിഫ്ബി മുഖാന്തിരം ട്രാൻസ്ട്രിഡ് 2.0 പദ്ധതികൾക്കായി 5200 കോടി രൂപയാണ് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. ഇവയിൽ ആകെ 2916 കോടി രൂപയുടെ ട്രാൻസിഡ് പദ്ധതികൾക്ക് കിഫ്ബി അന്തിമ അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ പൂർത്തീകരണം അതിവേഗം പുരോഗമിച്ചു വരുന്നു. നാളിതുവരെ 1708.83 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

655. സ്പോർട്സ് മേഖലയിൽ 773 കോടി രൂപയുടെ 38 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 44 സ്റ്റേഡിയങ്ങളും 2 സ്പോർട്സ് അക്കാദമികളും ഒരു നീന്തൽ കോംപ്ലക്സ് സമുച്ചയവും ഉൾപ്പെടും.

സ്പോർട്സ് മേഖലയിൽ 791.73 കോടി രൂപയുടെ 49 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 46 സ്റ്റേഡിയങ്ങളും 2 സ്പോർട്സ് അക്കാദമികളും ഒരു നീന്തൽ കോംപ്ലക്സ് സമുച്ചയവും ഉൾപ്പെടും. ഇതിൽ 19 സ്റ്റേഡിയങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. 17 സ്റ്റേഡിയങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി ഉള്ള 13 എണ്ണത്തിന്റെ Tendering,TS,DPR Revision എന്നിവയുടെ വിവിധ ഘട്ടങ്ങളിലാണ്.

656. കുടിവെള്ള പദ്ധതികൾക്കും മറ്റു ജലവിഭവ പ്രൊജക്ടുകൾക്കുമാണ് വലിയ തുക വകയിരുത്തിയിട്ടുള്ള മറ്റൊരു മേഖല. 87 പ്രൊജക്ടുകളിലായി 5222 കോടി രൂപയാണ് കിഫ്ബി നിന്നും ചെലവഴിക്കുന്നത് .

പ്രധാന നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ കിഫ്ബി ധനസഹായത്തോടെ 5,399.608 കോടി രൂപയുടെ 77 പദ്ധതികൾക്ക് അനുമതി നൽകി. പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

657. ബജറ്റിൽ പ്രഖ്യാപിച്ചതും ഇപ്പോൾ പ്രോജക്ട് അപ്രൈസൽ ഘട്ടങ്ങളിലോ ഇരിക്കുന്നതുമായ പ്രോജക്ടുകൾ ആകെ എടുത്താൽ 60007000 കോടി രൂപകൂടി വരും. കൂടുതൽ പ്രോജക്ടുകൾ കിഫ്ബിയിൽ ഏറ്റെടുക്കുന്നത് ഗൗരവമായ ധനവിശകലനത്തിന്റെ അടിസ്ഥാനത്തിലേ നടത്തൂ. ഒരു ഘട്ടത്തിലും കിഫ്ബിയുടെ ആസ്തികളേക്കാൾ ബാധ്യതകൾ അധികരിക്കില്ലായെന്ന് ഉറപ്പുവരുത്തും. ബി.ജെ.പി കേന്ദ്രസർക്കാരും യു.ഡി.എഫും ഒരുപോലെ കിഫ്ബിയെ എതിർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഭരണത്തുടർച്ച ഉണ്ടെങ്കിൽ മാത്രമേ കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാനാകൂ. കിഫ്ബിയെ സംരക്ഷിക്കുമെന്നും വിപുലപ്പെടുത്തുമെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി വോട്ടർമാർക്ക് ഉറപ്പുനൽകുന്നു.

കിഫ്ബി പദ്ധതികളായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും മന്ത്രിസഭാ അംഗീകാരം നേടിയതുമായ പദ്ധതികളിൽ നിലവിൽ 12,060.83 കോടി രൂപയുടെ വിവിധ പദ്ധതികൾ കിഫ്ബിയുടെ അവലോകനത്തിലാണ്.

# VII തദ്ദേശഭരണം പുതിയ വിതാനത്തിലേയ്ക്ക് ഉയർത്തും

658. ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള കർമ്മപദ്ധതി മുന്നോട്ടു വയ്ക്കുകയാണ്. തദ്ദേശഭരണവുമായി ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുവന്ന യു.ഡി.എഫ് സർക്കാർ ഇല്ലാതാക്കിയ അനുഭവമാണുള്ളത്. ഇതിനു വിരാമമിട്ടുകൊണ്ട് എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുക മാത്രമല്ല ജീവനക്കാർക്ക് ഏകീകൃത കേഡർ സൃഷ്ടിച്ചിരിക്കുകയാണ്. ഈ പരിവർത്തനം പൂർത്തിയാക്കും, സ്ഥായിയാക്കും.

ഏകീകൃത വകുപ്പിലെ ജീവനക്കാർക്കായുള്ള വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളും നഗരസഭകളും വെവ്വേറെ വകുപ്പുകളാൽ വിഭജിക്കപ്പെട്ടിരുന്ന അവസ്ഥ ഇല്ലാതായി. വിവിധ മുൻ വിഭാഗങ്ങളിലെ ജീവനക്കാരെ വിന്യസിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടറേറ്റുകൾ എന്നിവ രൂപീകരിച്ചു. ഏകീകൃത ഓഫീസ് സംവിധാനം നിലവിൽ വന്നു. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ ഇ-ഓഫീസ് സംവിധാനമായ ഇ-എൽ.എസ്.ജി.ഡി വികസിപ്പിച്ചു. വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തതുപ്രകാരം ഒരേ കേഡറിലെ ജീവനക്കാരുടെ ഇന്റർ ട്രാൻസ്ഫറബിലിറ്റി നടപ്പിലാക്കി. സ്ഥലംമാറ്റം നടപടികൾ സുതാര്യമാക്കുന്നതിന് ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കി. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ഇൻകുമ്പൻസി ഡീറ്റെയ്ൽസ് ഡിജിറ്റൈസ് ചെയ്തു.

## പതിനാലാം പഞ്ചവത്സര പദ്ധതി

659. പതിനാലാം പഞ്ചവത്സര പദ്ധതി രേഖ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ ഇതിനു പ്രാരംഭമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ തങ്ങളുടെ പ്രദേശത്ത് ഉണ്ടായ മാറ്റങ്ങളെയും വികസന നേട്ടങ്ങളെയും പരിഹരിക്കേണ്ട പ്രശ്നങ്ങളെയുംകുറിച്ച് സമഗ്രമായ ഒരു അവലോകനം തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും അടുത്ത പഞ്ചവത്സര പദ്ധതിക്കു രൂപം നൽകുക.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേക്കുള്ള പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കുന്നതിനും കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശദമായ മാർഗരേഖ പുറപ്പെടുവിച്ചു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാർഗ്ഗരേഖ പ്രകാരം പുതുക്കിയ വികസന രേഖ തയ്യാറാക്കി.

660. ഏറ്റവും മികച്ച പ്രകടനവും റിപ്പോർട്ടുകളും തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പങ്കാളിത്ത പഠനപരമ്പരയ്ക്ക് രൂപം നൽകുന്നതാണ്.

പഞ്ചായത്ത് ലേർണിംഗ് സെന്റർ എന്ന പേരിൽ 42 ഗ്രാമ പഞ്ചായത്തുകളിൽ പങ്കാളിത്ത പഠന പരമ്പര ആരംഭിച്ചു.

661. ഡി.പി.സി ശക്തിപ്പെടുത്തുകയും പദ്ധതികളുടെ മോണിറ്ററിംഗിന് അധികാരപ്പെടുത്തുകയും ചെയ്യും. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭമായി ജില്ലാ പദ്ധതികൾ പരിഷ്കരിക്കും. മാർച്ച് മാസം ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് വാർഷിക പദ്ധതികൾ തയ്യാറാകുമെന്ന് ഉറപ്പുവരുത്തും.

ഡി.പി.സികൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. പദ്ധതികളുടെ മോണിറ്ററിങ്ചുമതല ഡി.പി.സികൾക്ക് നൽകി. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ജില്ലാ പദ്ധതികൾ പരിഷ്കരിച്ചു.

662. കോവിഡിന്റെ പശ്ചാത്തലത്തിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനും ഗ്രാമസഭയും വികസന സെമിനാറും നടത്തുന്നതിനും നൂതന ഐ.റ്റി സംവിധാനങ്ങളെ ഉപയോഗപ്പെടുത്തും.

കോവിഡിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗങ്ങളും ഗ്രാമസഭകളും വാർഡ് സഭകളും വാർഡ് കമ്മിറ്റികളും വികസന സെമിനാറുകളും മറ്റ് യോഗങ്ങളും ഓൺലൈനിൽ ചേർന്നു. ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ അവശതയനുഭവിക്കുന്നവർ, സ്ഥലത്തില്ലാത്തവർ, പ്രവാസികൾ (മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നവരടക്കം) തുടങ്ങിയവരുമായി ഓൺലൈൻ കൂടിയാലോചനകൾ നടത്തി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് തുടങ്ങിയവ നിർവഹിക്കുന്നതിന് കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി. കെ-സ്മാർട്ടിൽ ഓൺലൈൻ ഗ്രാമസഭ ചേരുന്നതിന് സംവിധാനമൊരുക്കി.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഭവ വിന്യാസം

663. ആറാം ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്ന ഡെവലപ്മെന്റ് ഗ്രാന്റിലും മെയിന്റനൻസ് ഗ്രാന്റിലും ജനറൽ പർപ്പസ് ഗ്രാന്റിലുമുള്ള വർദ്ധന സർക്കാർ ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. ഇനി തുടർന്നുള്ള റിപ്പോർട്ടുകളിൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും ക്രിയാത്മകമായി നടപ്പാക്കും.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്ന്, രണ്ട് റിപ്പോർട്ടുകൾ പരിശോധിച്ച് സർക്കാർ തീരുമാനം എടുത്തു. നടപടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6.50 ശതമാനമായും ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 4.00 ശതമാനമായും വർദ്ധിപ്പിച്ചു. സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വിഹിതം 1 ശതമാനം വർദ്ധിപ്പിച്ച് സംസ്ഥാന പദ്ധതി അടങ്കലിന്റെ 26 ശതമാനമായി ഉയർത്തി. തുടർന്ന് ഓരോ വർഷവും, കമ്മീഷൻ ശുപാർശ ചെയ്തതുപോലെ, 0.5 ശതമാനം വീതം വർദ്ധിപ്പിക്കുന്നുണ്ട്. ഇപ്പോൾ ഇത് (2024-25ൽ) 28.9 ശതമാനമായി വർദ്ധിപ്പിച്ചു. മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിച്ചു. 7-ാം ധനകാര്യ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

664. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ജി.എസ്.ടി നടപ്പാക്കിയതിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ വിനോദ നികുതി നഷ്ടം സർക്കാർ നികത്തും.

01.04.2023 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വസ്തുനികുതി പ്രതിവർഷം അഞ്ച് ശതമാനം വർദ്ധനവ് വരുത്തി പരിഷ്കരിക്കുന്നതിന് ഉത്തരവ് നൽകി. പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിനുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു. കെട്ടിട നിർമ്മാണ അനുമതിക്കുള്ള ഫീസ് നിരക്ക് കാലാനുസൃതമായി പരിഷ്കരിച്ചു. ജി.എസ്.റ്റി നിലവിൽ വന്നതോടെ പിൻവലിച്ചിരുന്ന വിനോദനികുതി പുനസ്ഥാപിച്ചു.

665. എല്ലാ പഞ്ചായത്തുകളിലും എഞ്ചിനീയർമാരെ വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ ഓവർസിയർമാരുടെ തസ്തികകളും സൃഷ്ടിച്ചു. പുനർവിന്യാസത്തിലൂടെയോ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെയോ രണ്ട് തസ്തികകൾ വീതം അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്നതാണ്.

പുനർവിന്യാസത്തിലൂടെ തസ്തിക സൃഷ്ടിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ജനകീയതയും സുതാര്യതയും

667. ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കും. അയൽക്കൂട്ടങ്ങളെയും റെസിഡന്റ്സ് അസോസിയേഷനുകളെയും അതുപോലെ കീഴ്ത്തല സാമൂഹ്യ കൂട്ടായ്മകളെയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്തുകയാണ് ഇതിനുള്ള മാർഗ്ഗം.

അയൽക്കൂട്ടങ്ങളെയും റസിഡന്റ്സ് അസോസിയേഷനുകളെയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്തി. ഗ്രാമസഭയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സംവാദാത്മകത ഉറപ്പുവരുത്തുന്നതിനുമായി 'ഗ്രാമസഭാ പോർട്ടൽ' വികസിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗരേഖയിൽ ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദേശം നൽകി. പ്രവാസി ഗ്രാമസഭ, യുവജന ഗ്രാമസഭ, ഓൺലൈൻ ഗ്രാമസഭ തുടങ്ങിയ വിവിധ മാതൃകാ പ്രവർത്തനങ്ങൾ നടന്നുവരുന്നു. റസിഡൻസ് അസോസിയേഷനുകളുടെ പ്രത്യേക യോഗം ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്തു. മാലിന്യ സംസ്കരണം, ലഹരി വിരുദ്ധ ക്യാമ്പയിൽ മുതലായവയിൽ അയൽക്കൂട്ടം, റസിഡൻസ് അസോസിയേഷൻ എന്നിവയുടെ സഹകരണം ഉറപ്പാക്കി.

668. വാർഡിലെ ഏതെങ്കിലുമൊരു പൊതുസ്ഥാപനത്തെ ഗ്രാമസേവാ കേന്ദ്രമായി പ്രവർത്തിപ്പിക്കും.

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകി. വാതിൽപടി സേവനം നടപ്പാക്കി.

669. പി.റ്റി.എ, എസ്.എം.സി, ആശുപത്രി വികസന സമിതി തുടങ്ങിയ ജനകീയ സംവിധാനങ്ങളെ ശക്തിപ്പെടുത്തും. വാർഡ് വികസനസമിതികൾ ശക്തിപ്പെടുത്തും.

ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. വിവിധ തലങ്ങളിൽ പരിശീലനം നൽകി. മൃഗാശുപത്രികളിലും എച്ച്.എം.സികൾ രൂപീകരിച്ചു.

670. ആസൂത്രണത്തിലും നിർവ്വഹണത്തിലും സന്നദ്ധാടിസ്ഥാനത്തിലുള്ള വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പുവരുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടാകും.



തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി രൂപംകൊടുത്തിട്ടുള്ള തദ്ദേശസ്ഥാപനതല ആസൂത്രണ സമിതിയിൽ വിദഗ്ധരെ ഉൾപ്പെടുത്തുന്നുണ്ട്. ആസൂത്രണ സമിതിയിൽ അദ്ധ്യക്ഷനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും കൺവീനറും ഒഴികെ ബാക്കി എല്ലാ അംഗങ്ങളും ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ധരാണ്. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ അതത് വിഷയ മേഖലയിലെ വിദഗ്ധർ ഉൾപ്പെടുന്നു. വിദഗ്ധരിൽ ഒരാളായിരിക്കും വർക്കിംഗ് ഗ്രൂപ്പ് ഉപാദ്ധ്യക്ഷൻ. ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുള്ള വിഷയ വിദഗ്ധർ അടങ്ങിയ ജില്ലാ റിസോഴ്സ് സെന്ററുകളുടെ സേവനം പ്രാദേശിക പദ്ധതികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്.

671. എല്ലാ സേവനങ്ങളും പൗരന്റെ അവകാശമെന്നത് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. പൗരവകാശരേഖ പ്രസിദ്ധീകരിക്കുക മാത്രമല്ല അതു നടപ്പാക്കിയതു സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ സമർപ്പിക്കുമെന്ന് ഉറപ്പുവരുത്തും.

എല്ലാ ഗ്രാമ പഞ്ചായത്തുകളും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു. പൗരാവകാശ രേഖയും സ്റ്റാറ്റിയൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകളും ഗ്രാമസഭ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. ഐ.എൽ.ജി.എം.എസ് സംവിധാനത്തിന്റെ ഭാഗമായി അപേക്ഷകളും നിവേദനങ്ങളും നൽകുന്നതിന് ഏർപ്പെടുത്തിയ സിറ്റിസൺ പോർട്ടലിൽ ഓരോ സേവനത്തിനും ആവശ്യമായ രേഖകൾ ഉൾച്ചേർത്തിട്ടുണ്ട്. നിശ്ചിത സേവനത്തിന് സർക്കാർ നിശ്ചയിച്ചതിൽ കുറഞ്ഞ സമയമാണ് പൗരാവകാശ രേഖയിൽ പ്രഖ്യാപിച്ചതെങ്കിൽ ആയത് ചേർക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. ഈ സേവനങ്ങൾ നഗരങ്ങളിൽ കെ-സ്മാർട്ട് വഴി ലഭ്യമാക്കിവരുന്നു.

672. സമഗ്ര അക്കൗണ്ടബിലിറ്റി (ഉത്തരവാദിത്വ) നിയമം പാസ്സാക്കും.

സേവനാവകാശ നിയമം പരിഷ്ക്കരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഭരണനിർവ്വഹണം

673. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ ലഭ്യമാണോ എന്നതു സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തും.

സർവയലൻസ് ഓഡിറ്റ്, റീ സർട്ടിഫിക്കേഷൻ പ്രോസസ് എന്നിവ നടന്നുവരുന്നു.

674. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്കൂൾ, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളുടെ സൗകര്യങ്ങളും വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതുപോലുള്ള ഓരോ മേഖലയ്ക്കും ഗുണമേന്മ സൂചികകൾ നിജപ്പെടുത്തുകയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവ നേടുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന ഉപാധിയായി നടപ്പിലാക്കിവരുകയാണ്. ഇതിനായി 17 സുസ്ഥിര വികസന ലക്ഷ്യങ്ങളെയും 9 തീമുകളായി സംഗ്രഹിച്ച് ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രാദേശിക വിലയിരുത്തൽ സൂചകങ്ങളും തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് വിവര ശേഖരണം നടത്തി പഞ്ചായത്ത് വികസന സൂചിക തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതു സംബന്ധിച്ച് വിശദമായ പ്രവർത്തന മാർഗരേഖകൾ കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കി പരിശീലനം നല്കി വരുന്നുണ്ട്.

675. കൈമാറിക്കിട്ടിയ കീഴ്ത്തട്ട് സ്ഥാപനങ്ങളും തദ്ദേശഭരണവും തമ്മിലുള്ള ഇതുവരെയുള്ള അനുഭവങ്ങളെ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ പരിശോധിച്ച് കൂടുതൽ ഏകോപനവും പ്രാദേശിക മുൻകൈയ്യും ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും.

കൂടുതൽ ഏകോപനം ഏർപ്പെടുത്തുന്നതിനുള്ള മാർഗരേഖ ചീഫ് സെക്രട്ടറി പുറപ്പെടുവിച്ചു. ഏകോപനം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കൂടി ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

676. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റോഡ് അടക്കമുള്ള ആസ്തി രജിസ്റ്റർ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കും. മുനിസിപ്പിലാറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും നിക്ഷിപ്തമായിട്ടുള്ള ആറ്, തോട്, റോഡ് പുറംപോക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ ഭൂരജിസ്റ്റർ തയ്യാറാക്കും. തരിശു നിലത്തിന്റെ രജിസ്റ്റർ കൃഷിഭവന്റെ സഹായത്തോടെ തയ്യാറാക്കും.

റോഡുകളുടെ ജി.ഐ.എസ് അധിഷ്ഠിത വിവരശേഖരം തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ചു. മറ്റ് ആസ്തികളുടെ വിവരശേഖരണം നടത്തിവരുന്നു.

## ഇ-ഗവേണൻസ്

677. ഇ-ഗവേണൻസിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. ഇന്റർനെറ്റ് കണക്റ്റിവിറ്റി വഴി എല്ലാ പഞ്ചായത്തുകളെയും ബന്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള വിവിധ സേവനങ്ങളുടെ സോഫ്ടുവെയറുകളെല്ലാം ഏകോപിപ്പിച്ച് ഒറ്റവിവരവ്യൂഹമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കും. എല്ലാ സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയെല്ലാം സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന

തിന് കെ-സ്മാർട്ട് വികസിപ്പിച്ചു. ആദ്യഘട്ടമെന്ന നിലയിൽ നഗരസഭകളുടെ സേവനങ്ങളാണ് കെ-സ്മാർട്ടിൽ ലഭ്യമാകുക. നഗരസഭകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും കെ-സ്മാർട്ട് വഴി ഓൺലൈനിൽ ലഭ്യമാണ്. ഇതിനകം കെ-സ്മാർട്ടിൽ 13.36 ലക്ഷം വ്യക്തികളും 18,469 സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തു. 6,10,992 ജനന സർട്ടിഫിക്കറ്റും 1,40,418 മരണ സർട്ടിഫിക്കറ്റും 60,402 വിവാഹ രജിസ്ട്രേഷനും കെ-സ്മാർട്ട് വഴി പൂർത്തീകരിച്ചു.

## നീർത്തടാധിഷ്ഠിത ആസൂത്രണം

678. ജനകീയാസൂത്രണകാലം മുതൽ പറഞ്ഞുവരുന്നതാണെങ്കിലും നീർത്തടാധിഷ്ഠിത ആസൂത്രണം ഇതുവരെ നടപ്പാക്കാനായിട്ടില്ല. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഈ അലംഭാവത്തിനു നൽകേണ്ടി വരുന്ന വിലയെക്കുറിച്ച് സദാ ഓർമ്മിപ്പിക്കുന്നു. കാട്ടാക്കട തളിപ്പറമ്പ് മാതൃകയിൽ നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിപുലമായ കാമ്പയിൻ സംഘടിപ്പിക്കും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും സംയുക്ത സംരംഭമായി നീരുരവ് പദ്ധതിയിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമ പഞ്ചായത്തുകളിലും സമഗ്ര നീർത്തട പ്ലാൻ തയാറാക്കിയിട്ടുണ്ട്. 24 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടിക്കണ്ടുള്ള വികസന പ്രവർത്തികൾ ആസൂത്രണം ചെയ്യാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

679. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നീരുറവ് പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിട്ടുണ്ട് .

ജലസുരക്ഷ എന്ന ലക്ഷ്യത്തോടെ 354 ഗ്രാമപഞ്ചായത്തുകളിൽ 'ജലബജറ്റ്' പദ്ധതി, 230 ഗ്രാമപഞ്ചായത്തുകളിൽ ഉരുൾപൊട്ടൽ സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി 'മാപത്തോൺ' എന്നീ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി. ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ ഈ പഞ്ചായത്തുകളിൽ 1,42,596 ജല സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഈ പദ്ധതി പ്രവർത്തനങ്ങളിൽ നിന്നുള്ള ഫീൽഡ്തല കണ്ടെത്തലുകൾ നീരുറവ് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളും ജല സംരക്ഷണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

680. വിവിധവകുപ്പുകളുടെയും ഏജൻസികളുടെയും നീർത്തട സ്കീമുകൾ ഭാവിയിൽ ഈ അടിസ്ഥാനരേഖയെ ആസ്പദമാക്കിവേണം. ഇതിന് ഉതകുന്ന രീതിയിൽ എല്ലാവരും പങ്കാളികളായിക്കൊണ്ടുവേണം ഈ നീർത്തട രേഖകൾ തയ്യാറാക്കാൻ.

വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്വത്തോടെ നീർത്തട രേഖകൾ തയാറാക്കി.

681. കൊവിഡ് കടന്നുവന്നതുമൂലം പ്രാദേശിക ദുരന്തനിവാരണ റിപ്പോർട്ടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നീർത്തട വികസന രേഖയ്ക്കു വേണ്ടി ശേഖരിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്തി സമഗ്രമാക്കുന്നതിന് ഒരു കർമ്മസമിതിയെ നിയോഗിക്കേണ്ടതാണ്.

പ്രാദേശിക ദുരന്ത നിവാരണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തിവരുന്നു.

682. 50,000 കിലോമീറ്റർ തോടുകളും 2,000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കും. ഇതിനായി തൊഴിലുറപ്പു പദ്ധതിയെ ഉപയോഗപ്പെടുത്തും.

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 42780.47 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 3866 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, 5689 കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു. മുൻ സർക്കാരിന്റെ കാലയളവിൽ പുനരുജ്ജീവിപ്പിച്ച 45736 കിമീ ഉൾപ്പെടെ 88516.47 കിമീ നീർച്ചാലുകൾ സംസ്ഥാനത്തു വീണ്ടെടുത്തിട്ടുണ്ട്. 798 തടയണകളും നിർമിച്ചു. അമൃത് പദ്ധതി പ്രകാരം നഗരങ്ങളിൽ 75 വലിയ കുളങ്ങൾ നവീകരിച്ച് ജലസമ്പത്ത് വർധിപ്പിച്ചു. പുഴകളുടെയും കായലുകളുടെയും മാലിന്യത്തോത് കുറയ്ക്കാനും ജലസംരക്ഷണം ഉറപ്പുവരുത്താനുമുള്ള പദ്ധതികൾ ആരംഭിച്ചു.

683. പച്ചത്തുരുത്തുകളുടെ വിസ്തൃതി 529 ഏക്കറിൽ നിന്നും 5,000 ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കും

കേരളത്തിൽ നിലവിൽ 1174.07 ഏക്കർ വിസ്തൃതിയിൽ 3661 പച്ചതുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. പച്ചതുരുത്തുകളുടെ വിസ്തൃതി വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

684. 5000 ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കും,

കേരളത്തിൽ 1133 ഹരിതസമൃദ്ധി വാർഡുകൾ സ്ഥാപിച്ചു. ആരാധനാലയങ്ങളിലെ തരിശു ഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി 59 ദേവാലയങ്ങളിൽ നടന്നു വരുന്നു. കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു. തരിശുരഹിത ഗ്രാമം പദ്ധതി 164 ഗ്രാമപഞ്ചായത്തുകളിൽ നടന്നു വരുന്നു. 13 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിതമായി പ്രഖ്യാപിച്ചിട്ടുണ്ട്..

685. എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കും.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി. 321 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചു. ഇവിടുത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി.

686. മാതൃകാ ബ്ലോക്കുകളിൽ ജല ബജറ്റിനു രൂപം നൽകും. എല്ലാ വലിയ കുളങ്ങളും മാതൃകാപരമായി വെട്ടി വൃത്തിയാക്കി പുനരുജ്ജീവിപ്പിക്കും.

ജലസുരക്ഷ എന്ന ലക്ഷ്യത്തോടെ 40 ബ്ലോക്കുകളിൽ ഉൾപ്പെട്ട 354 ഗ്രാമപഞ്ചായത്തുകളിൽ 'ജലബജറ്റ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ശുചിത്വ കേരളം

687. 2021-22ൽ വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ ശുചിത്വ പദവിയിലേയ്ക്കു നീങ്ങാൻ കഴിയണം.

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം ഊർജ്ജിതമാക്കി. 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി പാഴ്വസ്തു ശേഖരണത്തിന് ഹരിത കർമ്മസേന രൂപീകരിച്ചു. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മുടക്കം കൂടാതെ ഇവരുടെ സേവനം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. 59,589 ബയോഗ്യാസ് പ്ലാന്റുകൾ, 6,29,009 ബയോബിന്നുകൾ,



71,787 ബോക്കാഷി ബക്കറ്റുകൾ, 2,74,433 ബക്കറ്റ് കമ്പോസ്റ്റുകൾ, 5,70,566 കിച്ചൻ ബിന്നുകൾ, 1,95,118 പൈപ്പ് കമ്പോസ്റ്റുകൾ, 6,75,039 റിങ് കമ്പോസ്റ്റുകൾ എന്നിവ വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 271 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ, 1,303 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 42,290 സ്ഥാപനതല കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ, 2,305 സ്ഥാപനതല കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിന് 19,602 മിനി എം.സി.എഫ്കൾ, തരംതിരിച്ച് സൂക്ഷിക്കുന്നതിന് 1,327 എം.സി.എഫുകൾ എന്നിവ സജ്ജമാക്കി. അജൈവ മാലിന്യങ്ങളിൽ നിന്ന് വിഭവങ്ങൾ വീണ്ടെടുക്കാനായി 191 റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിച്ചു.

688. 501 പഞ്ചായത്തുകളും 55 നഗരസഭകളും ഖരമാലിന്യ സംസ്ക്കരണത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വ മാനദണ്ഡ പദവിയിൽ എത്തിക്കും.

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമ്പൂർണ്ണ ഖര മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനമായി മാറാനുള്ള നടപടികൾ പുരോഗമിക്കുന്നു.

689. വടകര, കുന്നംകുളം, തളിപ്പറമ്പ് മാതൃകയിൽ സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യസംഭരണവും വേർതിരിക്കലും സംസ്ക്കരിച്ച് വിപണനം നടത്തലുമാണ് ലക്ഷ്യം. അപ്

സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50 ശതമാനം ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങളുടെ സംഭരണവും വേർതികരിക്കലും സംസ്‌ക്കരിക്കലും വിപണനത്തിന്റെ ഭാഗമായി ഹരിതകർമ്മസസേനയുടെ പ്രവർത്തനത്തെ ബിസിനസ് മോഡൽ ആക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. ആഘോഷങ്ങൾ, പൊതുപരിപാടികൾ, വിവിധ യോഗങ്ങൾ തുടങ്ങിയവ നടത്തുമ്പോൾ ഉപയോഗിക്കുന്ന വസ്തുക്കൾ പരമാവധി അപ് സൈക്കിൾ, റീസൈക്കിൾ ചെയ്യുന്നവയാണെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. ഇതിന്റെ തുടർച്ചയായി അപ് സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങളുടെ പ്രദർശനം ജില്ലകളിൽ സംഘടിപ്പിച്ചു. ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ പത്തനംതിട്ട കുന്നംതാനത്ത് സംയോജിത പ്ലാസ്റ്റിക്ക് പാഴ് വസ്തു സംസ്കരണ കേന്ദ്രം ആരംഭിച്ചു. സ്റ്റാർട്ടപ്പുകളുടെയും സ്വകാര്യ മേഖലയുടെയും ഭാഗമായി 150 സംരംഭങ്ങൾ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

690. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പാക്കും.

മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനായി വലിച്ചെറിയൽമുക്ത കേരളം ക്യാമ്പയിനിന് തുടക്കം കുറിച്ചു. 'മാലിന്യമുക്തം നവകേരളം' മുദ്രാവാക്യം ഉയർത്തി മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമ്പൂർണ്ണ ഖര മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനമായി മാറാനുള്ള നടപടികൾ പുരോഗമിക്കുന്നു.

691. 2025 ഓടെ സെപ്റ്റേജ് മാലിന്യം ഉൾപ്പടെ ദ്രവമാലിന്യ സംസ്ക്കരണം എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും നടപ്പാക്കും.

ദ്രവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള ആശുപത്രികൾ, മാർക്കറ്റുകൾ, ഹോസ്റ്റലുകൾ, ആഡിറ്റോറിയം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനതലത്തിലും സാമൂഹ്യതലത്തിലുമായി വികേന്ദ്രീകൃത പദ്ധതികൾക്ക് തുടക്കം കുറിച്ചു. അതിന്റെ ഭാഗമായി 6 സീവേജ് , എഫ്ലൂവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പൂർത്തീകരിച്ചു. 12 എണ്ണത്തിന്റെ പ്രവർത്തനം നടന്നുവരുന്നു. 36 സ്ഥാപനതല ദ്രവമാലിന്യ സംസ്കരണ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. കക്കൂസ് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഒരു ജില്ലയിൽ കുറഞ്ഞത് 2 വീതം ദ്രവമാലിന്യ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രാമ പ്രദേശങ്ങളിൽ 25 പദ്ധതികൾക്കും നഗരപ്രദേശങ്ങളിൽ 9 പദ്ധതികൾക്കും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായി. ഇടുക്കി മൂന്നാർ ഗ്രാമപഞ്ചായത്തിലെ ദേവികുളം കല്ലാറിൽ 50 കെ.എൽ.ഡി ശേഷിയുള്ള കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം ആരംഭിച്ചു. കക്കൂസ് മാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കാനുള്ള മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് 7 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

692. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ലോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കും.

50 സ്ലോട്ടർ വേസ്റ്റ് സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റുകളും 35 ചിക്കൻ റെൻഡറിംഗ് യൂണിറ്റുകളും പ്രവർത്തിക്കന്നു.

693. സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരും.

മാലിന്യ സംസ്കരണം, ജലസുരക്ഷ, ഊർജ്ജ കാര്യക്ഷമത, ജൈവവൈവിധ്യ സംരക്ഷണം എന്നിവയിൽ മികവ് പ്രകടിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് പരിസ്ഥിതി സുസ്ഥിരതയോടുള്ള പ്രതിബദ്ധതയെ അംഗീകരിച്ചുകൊണ്ട് ഗ്രീൻ സർട്ടിഫിക്കേഷനുകൾ കേരള സർക്കാർ നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ ക്യാമ്പസുകളിൽ സംസ്ഥാനത്തെ പാരിസ്ഥിതിക സാഹചര്യങ്ങൾക്കനുസൃതമായ രീതിയിൽ പ്രത്യക്യം രൂപകൽപ്പനചെയ്ത രീതിശാസ്ത്രത്തിൽ



ഗ്രീൻ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

694. ദേശീയ, സംസ്ഥാന പാതയ്ക്ക് അരികിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകൾ പോലുള്ള കേന്ദ്രങ്ങളുടെ സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കും. വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ 2022 ഓടെ സമ്പൂർണമാക്കും. ഇവ സ്ത്രീ സൗഹൃദപരവും പരിസ്ഥിതി സൗഹൃദപരവുമാണെന്ന് ഉറപ്പു വരുത്തും.

ഉന്നത ശുചിത്വ നിലവാരവും വിശ്രമസൗകര്യങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുന്ന വിശ്രമ സങ്കേതങ്ങളായി ടേക്ക് എ ബ്രേക്ക് പദ്ധതി ആവിഷ്കരിച്ചു. 1,285 ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിച്ചു. 143 ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

695. ഹരിതകർമ്മ സേനകൾക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് തുടർന്നും നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടാകം. ജൈവവളം ഹരിതമിത്രം ബ്രാൻഡിൽ വിപണിയിലിറക്കും.

ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം 1,0000 രൂപ മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രസ്തുത വേതനം ലഭിച്ചില്ലെങ്കിൽ വേതന വിടവ് നികത്താൻ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി നൽകി. 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൈവ മാലിന്യത്തിൽ നിന്നുള്ള ജൈവ വളം ബ്രാന്റ് ചെയ്തു വിൽപ്പന നടത്തിവരുന്നു.

696. റീജിയണൽ ലാന്റ് ഫില്ലുകളുടെ എണ്ണം വർദ്ധിപ്പിക്കും. മെഡിക്കൽ കോളേജ്, ജില്ലാതാലൂക്ക് ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.

കെ.എസ്.ഡബ്ലു.എം.പി പദ്ധതിയുടെ ഭാഗമായി സയന്റിഫിക് ലാന്റ്ഫിൽ കേന്ദ്രങ്ങളും

ബയോ മെഡിക്കൽ വേസ്റ്റ് പരിപാലന സംവിധാനങ്ങളും കൂടുതൽ സജ്ജമാക്കുന്നതിനുള്ള ആസൂത്രണം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി 5 സ്ഥലങ്ങളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1 സാനിറ്ററി ലാന്റ് ഫിൽ പ്രവർത്തിച്ചുവരുന്നു.

697. മോഡൽ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കും.

കൺസ്ട്രഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ് നിർമ്മാർജ്ജനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു.

698. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുശ്മശാനം ഉറപ്പാക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്ലും പൊതു ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

699. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റിംഗ് സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങൾക്ക് ഗ്രീൻ സർട്ടിഫിക്കേഷൻ. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്തുകൾ 2000 ഏക്കറിലേക്ക് വ്യാപിപ്പിക്കും.

ഗ്രീൻ ഓഡിറ്റിംഗിനുള്ള കരട് മാർഗരേഖ തയ്യാറായിട്ടുണ്ട്. സർക്കാർ ഓഫിസുകൾക്കു ഗ്രീൻ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രോട്ടോകോൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗ്രീൻ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി. പാലക്കാട് ജില്ലയിലെ ചിറ്റൂർ ഗവണ്മെന്റ് കോളേജ്, സർ സയിദ് കോളേജ്, കണ്ണൂർ എന്നിവിടങ്ങളിൽ ഗ്രീൻ ക്യാമ്പസ് ഓഡിറ്റിംഗ് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ  ഗ്രീൻ ഓഡിറ്റിംഗ് നടത്തുന്നതിന്റെ പ്രാരംഭ ഘട്ടമായി, പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 12 സ്കൂളുകളിൽ ഗ്രീൻ ഓഡിറ്റിംഗ് പൂർത്തീകരിച്ചു.

## നഗരവികസനം

700. അതിവേഗത്തിൽ നഗരവൽകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ അതനുസരിച്ചുള്ള ആസൂത്രിതമായ പരിഗണന നഗരവികസന മേഖലയ്ക്ക് ലഭിച്ചിട്ടില്ല. അമൃത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. നഗരങ്ങൾക്കുള്ള ലോകബാങ്കിന്റെ ശുചിത്വപരിപാടി, ഫിനാൻസ് കമ്മിഷന്റെ പ്രത്യേക ധനസഹായം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തും. മുൻസിപ്പിലാറ്റിയുടെ പെൻഷൻ പ്രതിസന്ധിയ്ക്ക് പരിഹാരം കാണും. എല്ലാ നഗരങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.

കേരളത്തിൽ നഗരവൽക്കരണത്തിന്റെ സവിശേഷത ഉൾക്കൊണ്ടുള്ള നഗരനയം രൂപീകരിക്കാൻ കമ്മീഷൻ രൂപീകരിച്ചു. ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു.  അമൃത് (ഒന്ന്) പദ്ധതിയിൽ ഒൻപത് നഗരങ്ങളിലായി 2,033 കോടി രൂപ അടങ്കലുള്ള 1,012 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.  ഇതിൽ 998 പദ്ധതികൾ പൂർത്തീകരിച്ചു. ലോകബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ നഗരസഭകളിൽ നടപ്പാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി. 2,400 കോടി രൂപയാണ് അടങ്കൽ. നഗരസഭകളിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. 23 മാസ്റ്റർപ്ലാനുകൾ പ്രസിദ്ധീകരിച്ചു. 22 മാസ്റ്റർ പ്ലാനുകൾ തയാറായിവരുന്നു.

# VIII കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കും

**701. നീർത്തട അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും സമഗ്രമായ പദ്ധതികൾ ജനകീയ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ രൂപം നൽകലാണ് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 13-ാം പഞ്ചവത്സര പദ്ധതി തയ്യാറെടുപ്പിന്റെ മുഖ്യ പ്രവർത്തനം. ഇതിന്റെ അടിസ്ഥാനത്തിൽ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും വൃഷ്ടി പ്രദേശത്തെ ഖരജല മാലിന്യ സംസ്കരണത്തിനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കും.**

ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ വനം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. പുഴയോര ആവാസവ്യവസ്ഥകളുടെ പുനരുജ്ജീവനത്തിനായുള്ള പുഴയോര സംരക്ഷണ മാതൃകാ പദ്ധതികൾ 4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കളുടെ നേതൃത്വത്തിൽ നടന്നു വരുന്നു. കൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി പമ്പാ നദിയുടെ ജൈവവൈവിധ്യ പുനരുജ്ജീവനത്തിനായുള്ള പദ്ധതി പത്തനംതിട്ട ജില്ലയിലെ 14 ഗ്രാമപഞ്ചായത്ത് ബി.എം.സി. കളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി. ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി 2 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു.

**702. പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുകയും അടുത്ത അഞ്ച് വർഷം കൊണ്ടു നേടേണ്ട വൈവിധ്യ പോഷണത്തിനുള്ള പ്രാദേശിക പരിപാടി തയ്യാറാക്കുകയും ചെയ്യും.**

ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചിട്ടുണ്ട്. 2022-23, 2023-24, 2024-25 കാലയളവിലായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും, നഗരസഭകൾക്കും ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്ക്കരിക്കുന്നതിനുള്ള പരിശീലനം നൽകി. സംസ്ഥാനത്തെ 74 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രാദേശിക ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി (LBSAP) തയ്യാറാക്കി വരുന്നു. അവയിൽ 16 എണ്ണം പൂർത്തിയായി.

703. നഗരങ്ങളിലെ കനാലുകളും പുഴകളും മാലിന്യ വാഹിനികളായി മാറിയിരിക്കുകയാണ്. നഗരസാഹചര്യത്തിൽ ജനപങ്കാളിത്തത്തോടൊപ്പം നൂതന സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തും. കോർപ്പറേഷനുകളിലെ പ്രധാന കനാലുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനായി പ്രത്യേക സ്കീമിനു രൂപം നൽകും.

നഗരങ്ങളിലെ കനാലുകളും പുഴകളും മാലിന്യവാഹികളാകുന്നതിനുള്ള കാരണം മലിന ജലവും മറ്റു മാലിന്യങ്ങളും ഇതിലേക്ക് എത്തിച്ചേരുന്നതുകൊണ്ടാണ്. ഇതു പരിഹരിക്കുന്നതിന് രണ്ടു സമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ഒന്നാമത്തേത് മാലിന്യത്തിന്റെ അളവു കുറയ്ക്കുക എന്നതാണ്. ഇതിനായി വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങളും പൗര വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. പുനരുപയോഗ യോഗ്യമല്ലാത്ത വസ്തുക്കളുടെ നിർമ്മാണവും വ്യാപനവും നിയന്ത്രിച്ചിട്ടുണ്ട്. രണ്ടാമതായി ദ്രവ മാലിന്യ സംസ്ക്കരണം വ്യാപകമാക്കുക എന്നതാണ്. നഗരങ്ങളിലെ റസ്റ്റോറന്റുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയിലെ മലിനജലം സംസ്ക്കരിക്കു ന്നതിനുള്ള ചെലവു കുറഞ്ഞ സംവിധാനങ്ങൾ ഇപ്പോൾ ലഭ്യമാണ്. ഇവയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. കൂടാതെ മൊബൈൽ യൂണിറ്റുകൾ വഴി മലിനജലം സംസ്കരിക്കുന്ന രീതിയും നഗരങ്ങളിൽ ഉപയോഗിക്കുന്നു. നഗരങ്ങളിലെ പൊതു ഡ്രയിനേജ് സംവിധാനം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ആധുനിക വികേന്ദ്രീകൃത സംവിധാനം കക്കൂസ് മാലിന്യം ഉൾപ്പടെ സംസ്ക്കരിക്കുന്നതിന് സ്ഥാപിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശിക സാഹചര്യം വിലയിരുത്തിയാണ് നടത്തുക. ഇതോടൊപ്പം ജല പരിശോധനയും കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. മാലിന്യം ജല സ്രോതസുകളിൽ എത്തുന്നത് തടയുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ചിലയിടങ്ങളിൽ കനാലുകളിലേക്ക് മാലിന്യം വലിച്ചെറിയാതിരിക്കുന്നതിനായി ഫെൻസിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

704. സംസ്ഥാന നെൽവയൽ നീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരം ഉപഗ്രഹ ഭൂപടത്തിന്റെ സഹായത്തോടെ ഡേറ്റാ ബാങ്കുകൾ 250 കൃഷി ഭവനുകൾ ഇനിയും പൂർത്തിയാക്കണം. ഇവകൂടി പൂർത്തീകരിച്ച് ആറുമാസത്തിനകം പ്രസിദ്ധീകരിക്കുകയും ജനകീയ പരിശോധനയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ അന്തിമരൂപം നൽകുകയും ചെയ്യും.

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പ്രസിദ്ധീകരിച്ച ഡേറ്റാ ബാങ്കിന്റെ സാധൂകരണം ഉപഗ്രഹ ഭൂപടത്തിന്റെ സഹായത്തോടെയാണ് നിർവഹിക്കേണ്ടത്. ഇതിനായി സംസ്ഥാന സർക്കാർ KSREC നെയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഈ പ്രക്രിയ 490 കൃഷിഭവനുകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള കൃഷിഭവനുകളിൽ ഈ പ്രക്രിയ പൂർത്തീകരിക്കുവാൻ ആവശ്യമായ സാമ്പത്തിക ചെലവ് ഉൾക്കൊള്ളുന്ന പ്രൊപ്പോസൽ KSREC റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആവശ്യമായ തുക കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും കണ്ടെത്തി നൽകുവാനുള്ള ശുപാർശ ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

705. നിയമവിരുദ്ധ നിലം നികത്തലുകൾക്ക് നേരെ കർശന നടപടിയെടുക്കും. ഭൂപരിധി നിയമം ബിനാമി ഇടപാടുകളിലൂടെ ലംഘിക്കുന്നതിന് തടയിടും.

നിയമവിരുദ്ധ നിലം നികത്തലിനെതിരെ കർശന നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നു. ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വയ്ക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ച ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുമായി യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി. ആധാർ നമ്പരുമായി ബന്ധിപ്പിച്ചിട്ടുള്ള ഈ സംവിധാനത്തിലുടെ ഒരാളിന്റെ പേരിൽ കേരളത്തിൽ എവിടെ ഭൂമി ഉണ്ടായിരുന്നാലും അതെല്ലാം ഒറ്റ തണ്ടപ്പേരിൽ ലഭ്യമാകും.

706. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ പശ്ചിമഘട്ടത്തിനു സുപ്രധാന സ്ഥാനമുണ്ട്. പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ പദ്ധതിക്ക് രൂപം നൽകും. ഇതിനൊരു മാതൃകയാവും ഇടുക്കി, വയനാട് പാക്കേജുകൾ.



കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും ജൈവവൈവിധ്യ സംരക്ഷണത്തിനുമായി ഹരിത ഇടങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പച്ചത്തുരുത്ത് സംരംഭം സംസ്ഥാനസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനവാസകേന്ദ്രങ്ങളിലുണ്ടാകുന്ന മാലിന്യങ്ങളിൽ ഏറിയപങ്കും വനപാതയോരങ്ങളിൽ നിക്ഷേപിക്കുന്നതായും ഇത് ജലസ്രോതസ്സുകളുടെയും വന്യജീവികളുടെയും നാശമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നതായും ശ്രദ്ധയിൽ പെട്ടതിനെതുടർന്ന് വനം വകുപ്പ് നടത്തിയ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വനപ്രദേശങ്ങളേയും ഇക്കോ ടൂറിസം സെന്ററുകളേയും മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഗ്രീൻഗ്രാസ് പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ പശ്ചിമഘട്ടം ഉൾപ്പെടെയുള്ള കേരളത്തിന്റെ ജൈവവൈവിധ്യ സംരക്ഷണത്തിനായി കേരള സർക്കാർ 'Kerala State Biodiversity Strategy and Action Plan' തയ്യാറാക്കുകയും അതിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

707. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

ബോർഡിന്റെ നിയമന ചട്ടങ്ങൾ രൂപീകരിച്ച് ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു. നിലവിലെ ഒഴിവുകൾ നികത്തി ബോർഡ് പുനഃസംഘടിപ്പിച്ചു. ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

## ഇ-വാഹന നയം

709. കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോറിക്ഷകൾ ഉൽപ്പാദിപ്പിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്തു തുടങ്ങി. ഇ-ഓട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കും.

സർക്കാരിന്റെ ഇലക്ട്രിക് നയത്തിന്റെ ഭാഗമായി ഇലക്ട്രിക് ഓട്ടോ റിക്ഷകൾക്ക് വിലയുടെ 25% തുക (പരമാവധി 30,000 രൂപ വരെ) സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. 10,000 ഓട്ടോറിക്ഷകൾക്കാണ് സബ്സിഡി നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. സർക്കാർ പദ്ധതി



കളുടെ ഭാഗമായി കേരള ഓട്ടോമൊബൈൽസ് 90 ഇ-ഓട്ടോയും 40 ഇ-കാർട്ടും നൽകി. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഇ-ടൂ വീലർ ഉൽപ്പാദിപ്പിക്കുന്നതിന് ലോട്ട്സ് ഓട്ടോമോട്ടീവ് പ്രൈവറ്റ് ലിമിറ്റഡുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടു.

710. വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിലുടനീളം കെ.എസ്.ഇ.ബി സ്ഥാപിക്കും.

കേരളത്തിൽ ഇ-മൊബൈലിറ്റി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 63 ചാർജിങ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബിയും 35 എണ്ണം അനർട്ടും സ്ഥാപിച്ചു. 1,169 പോൾ മൗണ്ടഡ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചു.

711. സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി.യിലേയ്ക്ക് പൂർണ്ണമായി കിഫ്ബി ധനസഹായത്തോടെ മാറ്റും. വൈദ്യുതി ചെലവിൽ വരുന്ന ലാഭത്തിൽ നിന്ന് ഏതാനും വർഷങ്ങൾകൊണ്ട് തുക കിഫ്ബിക്ക് തിരിച്ചടയ്ക്കും.

'നിലാവ്' പദ്ധതിയിൽ ഉൾപ്പെടുത്തി 3,62,787 തെരുവ് വിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റി.

712. ഇതേ മാതൃകയിൽ പുരപ്പുറം ചെറുകിട സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കിഫ്ബി സഹായത്തെ ആസ്പദമാക്കി സ്കീമിനു രൂപം നൽകും.

പുരപ്പുറ സോളാർ പദ്ധതി നടപ്പിലാക്കിവരുന്നു. ലൈഫ്, പുനർഗേഹം, ആദിവാസികൾക്കുള്ള ഭവനങ്ങൾ എന്നിവയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികളും സ്വീകരിക്കും.

713. ഇലക്ട്രിക് കാറുകൾ, വാങ്ങുന്നതിനും ഡീസൽ ബസുകൾ എൽ.എൻ.ജി/ സി.എൻ.ജി യിലേക്ക് മാറ്റുന്നതിനും പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിക്കും.

22.10.2021 ലെ ഉത്തരവ് നം. TRA008-01/APR-1/2021/KIIFB പ്രകാരം 310 സി എൻ ജി ബസ്സുകൾ വാങ്ങുന്നതിനും 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനും 400 ഡീസൽ ബസ്സുകളെ എൽ എൻ ജി യിലേക്ക് മാറ്റുന്നതിനുമായി 360.9125 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇലക്ട്രിക് ബസ്സുകളുടെ പ്രൊക്യൂവർമെന്റ് പൂർത്തികരിച്ചിട്ടുണ്ട്.

714. നിലവിലുള്ള ഓട്ടോറിക്ഷകൾ, ടാക്സികൾ എന്നിവ ഗ്യാസിലേയ്ക്കു മാറ്റുന്നതിന് ഉദാരമായ വായ്പ ലഭ്യമാക്കും. സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി പമ്പുകളിൽ ഗ്യാസ് ലഭ്യമാക്കും.

എല്ലാ ജില്ലകളിലും സി.എൻ.ജി സ്റ്റേഷൻ വഴി ഗ്യാസ് ലഭ്യമാക്കി.

715. സൈക്കിൾ ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. റോഡുകളിൽ സൈക്കിൾ ട്രാക്കുകൾ സ്ഥാപിക്കും. ഒഴിവു ദിവസങ്ങളിൽ ചില റോഡുകൾ സൈക്കിളിനും കാൽനട യാത്രക്കാർക്കും മാത്രമായി റിസർവ്വ് ചെയ്യും. സൈക്കിൾ വാങ്ങുന്നതിന് ഉദാരമായ വായ്പ ലഭ്യമാക്കും. സൈക്കിൾ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കും. വർഷത്തിൽ ഒരു ദിവസം സൈക്കിളിംഗ് ദിനമായി ആചരിക്കുകയും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ വിപുലമായ റിലേ സൈക്കിളിംഗ് സംഘടിപ്പിക്കുകയും ചെയ്യും.

തീരദേശ ഹൈവേയുടെ ഭാഗമായി സൈക്കിൾ ട്രാക്കുകൾ നിർമ്മിച്ചുവരുന്നു. ഏഷ്യൻ മൗണ്ടെൻ സൈക്കിളിംഗ് ചാമ്പ്യൻഷിപ്പ് പൊന്മുടിയിൽ സംഘടിപ്പിച്ചു. അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റിന്റെ ഭാഗമായി കാസർഗോഡു മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി സംഘടിപ്പിച്ചു.

## നിർമ്മാണ പ്രവൃത്തികൾ

716. സംസ്ഥാനത്തെ എല്ലാ നിർമ്മാണ വസ്തുക്കളുടെയും ആവശ്യവും ലഭ്യതയും കണക്കിലെടുക്കുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. നിർമ്മാണ വസ്തുക്കൾ കഴിയുന്നിടത്തോളം പുനരുപയോഗിക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കും

സംസ്ഥാനത്തെ ഓരോ ജില്ലയിലും ലഭ്യമായ ധാതുക്കളുടെ വിവരങ്ങളടങ്ങിയ കരട് ഡിസ്ട്രിക്ട് സർവേ റിപ്പോർട്ടുകൾ (ഡി.എസ്.ആർ) 14 എണ്ണം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസിദ്ധപ്പെടുത്തുന്നതാണ്.

717. പരിസ്ഥിതി സൗഹൃദമായ കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം രൂപീകരിക്കും. ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിനും ജലസംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദമായ നിർമ്മാണരീതികൾ അവലംബിക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾക്കു രൂപം നൽകും.

കൃത്യമായ മാനദണ്ഡങ്ങൾക്ക് രൂപം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

718. പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് നികുതിയിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും പ്രാദേശിക കെട്ടിട നികുതിയിലും വൈദ്യുതി താരിഫിലും ഇളവുകൾ നൽകും.

പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് ഗ്രീൻ റിബേറ്റ് നൽകാനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

719. പാറഖനനമടക്കം കേരളത്തിന്റെ ഖനിജങ്ങൾ പൊതു ഉടമസ്ഥതയിലാക്കുകയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനം കൊണ്ടുവരികയും ചെയ്യും.

സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഖനനത്തിനു അനുയോജ്യമായ സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ സ്ഥലങ്ങൾ സർക്കാർ പൊതുമേഖല സ്ഥാപനമായ കെ.ഇ.എം.ഡി.ഇ.എൽന് പരീക്ഷണാടിസ്ഥാനത്തിൽ ഖനനത്തിനായി നൽകുവാൻ തീരുമാനമായിട്ടുള്ളതാണ്.

720. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി, പൊതുമേഖലയുടെ മുൻകൈയിൽ മൂല്യവർദ്ധിത ഉൽപാദനത്തിനുവേണ്ടി കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

കെ.എം.എം.എൽ, ഐ.ആർ.ഇ.എൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് കരിമണൽ ഖനനം നടത്തുന്നത്.

## വനം

721. വനം കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്നതിനുമുള്ള പദ്ധതി ഊർജ്ജിതമായി നടപ്പാക്കി. അടുത്ത അഞ്ചു വർഷംകൊണ്ട് മുഴുവൻ ജണ്ടകളും കെട്ടിത്തീർക്കും. ഇതോടെ അതിർത്തിത്തർക്കങ്ങൾ ഒഴിവാക്കാനും സ്വകാര്യ ഭൂമിക്ക് എൻ.ഒ.സി നൽകാനും കഴിയും. വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്ത് രേഖപ്പെടുത്തും.

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിനും സ്വകാര്യ ഭൂമികൾക്ക് എൻ.ഒ.സി. നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഇല്ലാത്തതാക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി വനാതിർത്തി മേഖലകളുടെ സർവ്വേ പുരോഗമിച്ചുവരുന്നു. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം 10,718.49 കി.മീ ദൂരത്തിലായി 9,441 ജണ്ടകൾ നിർമ്മിച്ചു.

722. വനമേഖലയിലെ കാമ്പ് മേഖലകൾ അസ്പർശിത ഉൾവനങ്ങളായി നിലനിർത്തും.

വന്യജീവി സങ്കേതങ്ങൾ, നാഷണൽ പാർക്കുകൾ, ടൈഗർ റിസർവുകൾ എന്നിവയുടെ കാമ്പ് മേഖല സ്വാഭാവിക അസ്പർശിത ഉൾവനങ്ങളായി നിലനിർത്തിയിട്ടുണ്ട്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി നയരേഖ അംഗീകരിച്ചു. 1,583.85 ഹെക്ടർ വനപ്രദേശം പുനഃസ്ഥാപിച്ചു. അധിനിവേശ സസ്യങ്ങൾ വ്യാപകമാകുന്നത് സ്വാഭാവിക വനത്തിന് ദോഷകരമാണ് എന്ന് കണ്ടെത്തിയതിനാലും വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നതു മൂലവും അത്തരം സസ്യങ്ങൾ നീക്കം ചെയ്തുവരുന്നു. ശോഷിത വനപ്രദേശങ്ങളിൽ തദ്ദേശീയ ഇനങ്ങളായ സസ്യങ്ങൾ മാത്രം നട്ടുപിടിപ്പിക്കുകയും തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ച് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

723. തടി ആവശ്യം നിറേവറ്റാൻ കാടിനു പുറത്ത് കാർഷിക വനവൽക്കരണം നടപ്പിലാക്കും. വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുകയും ചെയ്യും.

നല്ലയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വനേതര പ്രദേശങ്ങളിൽ വെച്ചുപിടിപ്പിക്കുന്നതിനും പരിപാലനത്തിനുമായി വനം, തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷ സമൃദ്ധി പദ്ധതി നടപ്പിലാക്കി. 28.37 ലക്ഷം തൈകൾ പൊതു, സ്വകാര്യ ഭൂമിയിൽ നട്ടുപിടിപ്പിച്ചു. സ്വകാര്യ ഭൂമിയിൽ തടിയുൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 68 പേർക്ക് 5,54,725 രൂപ നൽകി.

കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിക്കും വനങ്ങൾക്കും ഉണ്ടാകാവുന്ന ദോഷങ്ങൾ പരിഹരിക്കാൻ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി (ഹരിതഭാരത ദൗത്യം) നടത്തിപ്പിനായി 2,697.554 ലക്ഷം രൂപ ചെലവഴിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാശ്രിതരായ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം 38,754.98 ഏക്കർ വനഭൂമി വിതരണം ചെയ്തു. 29,199 ടൈറ്റിലുകൾ നൽകി. സാമൂഹികാവകാശങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ 261 ടൈറ്റിലുകൾ വിതരണം ചെയ്തു. ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സംസ്കരിച്ച് വനശ്രീ വഴി വിപണനം ചെയ്യുന്നു. രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ സൊസൈറ്റികൾക്ക് വനവിഭവ ശേഖരണത്തിന് വനം റേഞ്ചുകൾ അനുവദിച്ചുവരുന്നു.



724. വനങ്ങൾക്ക് പുറമേ കണ്ടൽക്കാടുകൾ, കാവുകൾ, നദീതീര സ്വാഭാവിക സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹകപ്രദേശങ്ങൾ തുടങ്ങിയവയുമൊക്കെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

നിലവിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനോടൊപ്പം പുതിയതായി കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ ജില്ലയിലെ പെരുമ്പളം ദ്വീപിൽ 20,000 കണ്ടൽ തൈകളും കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ,എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ അഴിമുഖ പ്രദേശങ്ങളിലെ 1,877 കണ്ടൽ തൈകളും നട്ടുപിടിപ്പിച്ചു.

കാവുകളുടെ സംരക്ഷണത്തിനായി 2021-22 ൽ 63 കാവുകൾക്കായി 15.75 ലക്ഷം രൂപയും 2022-23 ൽ 54 കാവുകൾക്കായി 13.50 ലക്ഷം രൂപയും ധനസഹായമായി നൽകി. 2023-24 ൽ 51 കാവുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2024-25ൽ 5,76,400 രൂപയുടെ പ്രോത്സാഹന ധനസഹായം നൽകി. കോഴിക്കോട് ജില്ലയിലെ മണിയൂർ, കായക്കോടി, മരുതോംകര പുഴത്തീരങ്ങളിലും കാസർഗോഡ് കുമ്പള, ഷിറിയ പുഴയോരങ്ങളിലുമായി 4,330 മുള തൈകൾ നട്ടുപിടിപ്പിച്ചു.

കണ്ടൽസംരക്ഷണ പദ്ധതികൾ 2 തദ്ദേശഭരണ സ്ഥാപനങ്ങളിലും, ചതുപ്പ് സംരക്ഷണ പദ്ധതി ഒരു ഗ്രാമപഞ്ചായത്തിലും, കാവുസംരക്ഷണ പദ്ധതികൾ 4 തദ്ദേശഭരണ സ്ഥാപനങ്ങളിലും, പുഴയോര സംരക്ഷണ / ജലാശയ സംരക്ഷണ പദ്ധതികൾ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. കളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്ലാൻ പദ്ധതിയുടെ ഭാഗമായി 'കുളം നവീകരിക്കൽ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിൽ നിന്നും 13 ബി.എം.സി. കൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിക്കുന്നു.

725. മൃഗങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് അലർട്ട് സിസ്റ്റം വ്യാപകമാക്കും. ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. കൂടുതൽ ഫോറസ്റ്റ് മിനി ടെണ്ടർ വാഹനങ്ങൾ ലഭ്യമാക്കും.

കാട്ടുതീ സംബന്ധിച്ച മുന്നറിയിപ്പ് ലഭിക്കുന്നതിന് ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ വനം വകുപ്പ് ജീവനക്കാരും താൽക്കാലിക വാച്ചർമാരുമായി 6,128 പേർ രജി

സ്റ്റർ ചെയ്തിട്ടുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ, മുന്നറിയിപ്പുകൾ എന്നിവ യഥാസമയം അറിയിക്കുന്നതിനായി സർക്കിൾ, ഡിവിഷൻ, റെയ്ഞ്ച്, സ്റ്റേഷൻ തലത്തിൽ ഫയർ കണ്ട്രോൾ റൂമുകൾ സജ്ജമാക്കി. സർക്കിൾതല പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അസിസ്റ്റന്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചു. അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ സജ്ജമാക്കി.

726. വന്യജീവി ആക്രമണങ്ങൾ കൃഷിക്കും ജനങ്ങളുടെ ജീവനും വലിയ ഭീഷണിയായിട്ടുണ്ട്. ഈ സംഘർഷം ലഘൂകരിക്കുന്നതിനു യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ജനവാസ പ്രദേശങ്ങളിലെ ശല്യക്കാരായ കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാനത്തെ വന്യജീവി ആക്രമണം സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു. കേരളം, കർണ്ണാടകം, തമിഴ്നാട് സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു.

ജനവാസ മേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന് നിർമ്മിത ബുദ്ധിയധിഷ്ഠിതമായ ഡിജിറ്റൽ സെൻസർ വാളുകൾ, ക്യാമറ ട്രാപ്പ്, അനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം, ആധുനിക അലാറം മുതലായവ പ്രയോജനപ്പെടുത്തി.

പ്രവർത്തക്ഷമമല്ലാത്ത സോളാർ ഫെൻസിംഗുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് മിഷൻ സോളാർ ഫെൻസിംഗ് 2024 ആവിഷ്കരിച്ചു. 848 കി.മീ പ്രവർത്തനയോഗ്യമാക്കി. 1051.53 കി.മീ സോളാർ വേലി, 120.37 കി.മീ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ്, 10 കി.മീ റെയിൽ ഫെൻസിംഗ്, 69.07 കി.മീ ആനക്കിടങ്ങ്, 1.92 കി.മീ ആനപ്രതിരോധ മതിൽ, 1.58 കി.മീ കരിങ്കൽ ഭിത്തി, 2.09 കി.മീ കൈയ്യാല എന്നിവ നിർമ്മിച്ചു. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ആകർഷിക്കപ്പെടാതിരിക്കാൻ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ ഉറപ്പുവരുത്തുന്നതിന് മിഷൻ ഫുഡ്, ഫോഡർ ആന്റ് വാട്ടർ പദ്ധതി ആരംഭിച്ചു.

വന്യജീവി സംഘർഷ നിവാരണത്തിനായി 28 റാപ്പിഡ് റെസ്പോൺസ് ടീമുകളെ വിന്യസിച്ചു. 273 ഗ്രാമപഞ്ചായത്തുകൾ വന്യജീവി സംഘർഷബാധിത പ്രദേശങ്ങളായി കണ്ടെത്തി. അവയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ മനുഷ്യ വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. ഈ പ്രദേശങ്ങളെ ഹോട്ട് സ്പോർട്ടുകളായി തിരിച്ചറിഞ്ഞ് ഓരോ പ്രദേശത്തിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ തയ്യാറാക്കിവരുന്നു.

പാമ്പുകടി മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് സർപ്പ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകട സാധ്യത ഒഴിവാക്കുന്നതിന് പരിശീലനം സിദ്ധിച്ച സന്നദ്ധ സേവകരുടെ സംഘം നിലവിലുണ്ട്. 2024ൽ 16,453 പാമ്പുകളെ ജനവാസ മേഖലകളിൽ നിന്ന് പിടികൂടി ഉൾവനങ്ങളിലേക്ക് മാറ്റി.

വന്യജീവി ആക്രമണ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങി. വിവിധ സർക്കിളുകളിലായി 891 താൽക്കാലിക വാച്ചർമാരെ നിയമിച്ചു. പഞ്ചായത്ത് അടിസ്ഥാനത്തിൽ 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. ഇവയെ ശക്തിപ്പെടുത്താനും കൂടുതൽ ജനജാഗ്രതാ സമിതി രൂപീകരിക്കാനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വനമേഖലകളിൽ 1,434 കുളങ്ങളും 574 വയലുകളും 308 ഇതര ജലസ്രോതസ്സുകളും സംരക്ഷിച്ചുവരുന്നുണ്ട്.

727. മതിൽ, കിടങ്ങ്, ഇലക്ട്രിക് ഫെൻസിംഗ് തുടങ്ങിയവയോടൊപ്പം ചില ആഫ്രിക്കൻ രാജ്യങ്ങളിലെല്ലാം വിജയകരമായി പരീക്ഷിച്ചുവരുന്ന തേനീച്ച കൂടുകളുടെ ശൃംഖലയും കാട്ടാനയുടെ ശല്യം കുറയ്ക്കാനായി ഉപയോഗിക്കും. ഇത് കൃഷിക്കാരുടെ വരുമാനവും വർദ്ധിപ്പിക്കും.



ഇടുക്കി ജില്ലയിലെ ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറിയിൽ ഈച്ചൻ പെട്ടിക്കുടി, ചമ്പക്കാട് കുടി, തായണ്ണൻകുടി എന്നിവടങ്ങളിൽ 40 വീതം തേനീച്ചക്കൂട് സ്ഥാപിച്ചു. മുത്തങ്ങ വൈൽഡ് ലൈഫ് സാങ്ച്വറിയിൽ പൂമുറ്റം, ആനപ്പുര മേഖലകളിൽ 8 തേനീച്ച കൂടുകൾ സ്ഥാപിച്ചു.

728. വനഭൂമിയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഗ്രാന്റീസ് തുടങ്ങിയ പുറം മരങ്ങൾ പിഴുതുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും. ഇതുപോലെ പ്രകൃത്യാ സസ്യജാലങ്ങൾക്ക് ഭീഷണിയായി പെരുകുന്ന പുറംകളകൾ ഇല്ലാതാക്കും. ഉൾക്കാട്ടിൽ താമസിക്കുന്നവർ സന്നദ്ധരെങ്കിൽ അവരെ പുനരധിവസിപ്പിക്കും.

സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി വിദേശയിനം സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 5,031 ഹെക്ടർ സ്ഥലത്ത് പ്രവൃത്തികൾ പുരോഗമിക്കുന്നു. 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ നീക്കം ചെയ്തു. തെരഞ്ഞെടുത്ത വനമേഖലകൾ സ്വാഭാവിക വനങ്ങളാക്കി. അടുത്ത 8 വർഷത്തിനുള്ളിൽ 14,000 ഹെക്ടർ സ്ഥലത്ത് ഇക്കോ റെസ്റ്റോറേഷൻ നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. 2023-24ൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് 748 ഹൈക്ടർ സ്ഥലത്ത് അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുമതി നൽകി. 5,585.57 ഹെക്ടർ സ്ഥലത്ത് ഈ പ്രവർത്തികൾ നടന്നുവരുന്നു. വയനാട് ജില്ലയിൽ ജൈവവൈവിദ്ധ്യത്തിന് ഭീഷണിയായി മാറിയ സെന്ന ഉൾപ്പെടെയുള്ള അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്തുവരുന്നു. 400 ഹെക്ടർ ഭൂമിയിലെ സെന്ന നിർമ്മാർജ്ജനം ചെയ്തു.

ഉൾക്കാട്ടിൽ താമസിക്കുന്നവർ സ്വയം സന്നദ്ധരാണെങ്കിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 'നവകിരണം' പദ്ധതി 2019 നവംബർ 14ന് ആരംഭിച്ചു. പദ്ധതി പ്രകാരം 15 ലക്ഷം രൂപ പുനരധിവാസത്തിനായി അനുവദിക്കും. ഇതുവരെ 1,135 പേരെ പുനരധിവസിപ്പിച്ചു. 136.6841 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തു.

# കുട്ടനാട് പരിസ്ഥിതി പുനഃസ്ഥാപന പാക്കേജ്

729. പരിസ്ഥിതി പുനഃസ്ഥാപനത്തിനും സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള 2500 കോടി രൂപയുടെ സമഗ്ര വികസന പാക്കേജ് കുട്ടനാട്ടിൽ നടപ്പാക്കും.

രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 27,797.5 ലക്ഷം രൂപയുടെ 294 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കി. 11,433.138 ഹെക്ടർ പാടശേഖരങ്ങൾക്ക് പ്രയോജനം ലഭിച്ചു.

730. ജനകീയ ക്യാമ്പയിനിലൂടെ കായൽ ശുചീകരിക്കും. യന്ത്രസഹായത്തോടെ കായൽ ചതുപ്പുകളിലെ ചെളി കട്ടകുത്തി ഉപയോഗപ്പെടുത്തി പുറം ബണ്ടുകൾക്കു വീതി കൂട്ടി സംരക്ഷിക്കുന്നതിനുള്ള ബൃഹത് പദ്ധതി ആവിഷ്കരിക്കും. തോടുകളുടെയും കാനാലുകളുടെയും പുനരുദ്ധാരണത്തിനു തൊഴിലുറപ്പ് പദ്ധതിയും വലിയ തോതിൽ ഉപയോഗപ്പെടുത്തും.

ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം, ബ്യൂട്ടിഫിക്കേഷൻ എന്നീ പദ്ധതികൾക്കായി 96.509 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകി. കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് 54.15 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവൃത്തികളിൽ ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണവും പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലെ പ്രവൃത്തികളിൽപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും ചേർത്തല കനാലിലെ 3 കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം ഉൾപ്പടെ 41 കോടി രൂപയുടെ നിർമ്മാണം പുരോഗമിക്കുന്നു.

രണ്ടാം കുട്ടനാട് പാക്കേജ് 2019 ൽ പ്രഖ്യാപിച്ചതിനു ശേഷം ആലപ്പുഴ, കോട്ടയം ജില്ലകളിലായി 2019-23 കാലയളവിൽ 3,021.71 ലക്ഷം രൂപയുടെ 91 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി. ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ കരിപ്പയിൽ ചാലിന്റെ പുനരുജ്ജീവനം, വെള്ളായണി കായൽ സംരക്ഷണ പ്രവൃത്തികൾ, കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ കോട്ടുകാൽ വലിയതോട് നവീകരണം, പൂത്തലം മുതൽ കാരിച്ചാൽ കായൽ വരെ തോട് ശുചീകരണം എന്നീ പ്രവൃത്തികളാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

731. കായലിന്റെയും തോടുകളുടെയും ആവാഹശേഷി വർദ്ധിക്കുന്നതു വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും അരൂർ പോലുള്ള പ്രദേശങ്ങളിലെ വേലിയേറ്റ സമയത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും സഹായിക്കും.

പെരിയാറിലേക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി പ്രധാന കൈവഴികൾ, തോടുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ എക്കൽ, ചെളി, മറ്റു വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നതിന് ഓപ്പറേഷൻ വാഹിനി 2023 പദ്ധതിയിൽ ഉൾപ്പെടുത്തിയ 38 പ്രവൃത്തികളിൽ ആലുവ, അങ്കമാലി, പറവൂർ, കളമശ്ശേരി, തൃപ്പൂണിത്തുറ, കൊച്ചി, വൈപ്പിൻ, തൃക്കാക്കര എന്നീ മണ്ഡലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു. വേമ്പനാട് കായലിന്റെ ആഴം കൂട്ടി സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിനുള്ള പഠനം പുരോഗമിക്കുന്നു. അരൂർ മണ്ഡലത്തിലെ വേലിയേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 875.70 ലക്ഷം രൂപയുടെ പദ്ധതി തയ്യാറായിവരുന്നു.

732. പമ്പ - അച്ചൻകോവിൽ നദികളിലെ ഒഴുക്ക് സുഗമമാക്കുന്നതിനായി ലീഡിംഗ് ചാനലിന് ആഴം കൂട്ടും. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്തും. ഏസി കനാലിന്റെ പുനരുദ്ധാരണം പൂർത്തീകരിക്കും.

പമ്പ, അച്ചൻകോവിൽ നദികളിലെ നീരൊഴ്ക്ക് സുഗമമാക്കുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനുമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 36 കോടി രൂപയുടെ 4



പ്രവൃത്തികൾ പുരോഗമിക്കുന്നു. പുറക്കാട് പഞ്ചായത്തിൽ തോട്ടപ്പള്ളി പൊഴിമുഖത്തിന് താഴ് ഭാഗത്തായി കുറിച്ചിയ്ക്കൽ മുതൽ തൊട്ടപ്പള്ളി സ്പിൽവേ വരെയുള്ള ഭാഗത്ത് പമ്പാ നദിയുടെ ഇരുകരകളുടെയും സംരക്ഷണത്തിന് 37 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു. വിയ്യപുരം, ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലെ വിയ്യപുരം മുതൽ കുറിച്ചിയ്ക്കൽ വരെയുള്ള തോട്ടപ്പള്ളി പൊഴിയുടെ ഭാഗത്ത് പമ്പാ നദിയും ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടലും നടപ്പിലാക്കിവരുന്നു. 33 കോടി രൂപയുടെ സംരക്ഷണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. വിയ്യപുരം പഞ്ചായത്തിൽ വിയ്യപുരം ബ്രിഡ്ജ് മുതൽ പ്രൈയത്തേരി പാടശേഖരം വരെ പമ്പാ നദിയുടെ തീരസംരക്ഷണത്തിന് 2.5 കോടി രൂപയുടെ രണ്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു.

733. കുട്ടനാട് ശുചിയായി തുടരണമെങ്കിൽ ചുറ്റുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കണം. സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. സ്വീവേജ് സംസ്കരിക്കാതെ ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നതു തടയണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനൊരു ബൃഹത് പദ്ധതി തയ്യാറാക്കണം.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി പ്ലാൻ, നോൺ പ്ലാൻ, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ 112.4 കോടി രൂപയുടെ 166 പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത്. 113 എണ്ണം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലാണ്.

734. കുട്ടനാട് കുടിവെള്ള പദ്ധതിയും താലൂക്ക് ആശുപത്രി വികസനവും ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് പുനരുദ്ധാരണവുമെല്ലാം ഈ പാക്കേജിന്റെ ഭാഗമാണ്. കുട്ടനാട് താറാവ് ഹാച്ചറി ആരംഭിക്കും. താറാവ് കൃഷിക്കാർക്ക് പകർച്ചവ്യാധി ഇൻഷ്വറൻസ് ഏർപ്പെടുത്തും.

കുട്ടനാട് കുടിവെള്ള പദ്ധതിയിൽ ഒന്നാം ഘട്ടമായി 70 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയിരുന്നത്. മൂന്ന് പാക്കേജിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതിക്കായി റെയിൽവേ ലൈൻ ക്രോസിങ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചവരുന്നു. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് 385.01 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകി. തുടർനടപടികൾ പുരോഗമിക്കുന്നു.

735. പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ അടച്ചിടുന്നത് പരമാവധി കുറയ്ക്കും. കുട്ടനാട് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചശേഷം ഒരു വർഷമെങ്കിലും തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും തുറന്നുവച്ച് കുട്ടനാടിനെ ശുദ്ധീകരിക്കും. കൃഷിക്കാർക്ക് ഉണ്ടാകുന്ന വിളനഷ്ടത്തിനു നഷ്ടപരിഹാരം നൽകും.

കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കുട്ടനാട്ടിലെ 13 പഞ്ചായത്തുകൾക്ക് ശുദ്ധജലം വിതരണം ചെയ്യാനുള്ള നീരേറ്റുപുറം കുടിവെള്ള പദ്ധതിയുടെ നിർമ്മാണം കിഫ്ബിയുടെ 291 കോടി രൂപ സഹായത്തോടെ പുരോഗമിച്ചുവരുന്നു.

## വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക്

736. കൃഷിക്കാരുടെ വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് മുഖ്യവിളയായ കാപ്പി ബ്രാൻഡ് ചെയ്തു വിൽക്കുന്നതിന് വിപുലമായൊരു പദ്ധതി ആവിഷ്കരിക്കും. ഇതിനായി കോഫി പാർക്ക് സ്ഥാപിക്കും. ഇത്തരത്തിൽ സംസ്കരണത്തിനായി സംഭരിക്കുന്ന കാപ്പി 90 രൂപ വിലയ്ക്കു സംഭരിക്കും. ജൈവ സാങ്കേതിക നേട്ടങ്ങളെ ഉപയോഗപ്പെടുത്തി ഈ മേഖലയിലെ സാധ്യതകളെ വിപുലപ്പെടുത്തും.

കാർബൺ ന്യൂട്രൽ കോഫീ പാർക്ക് സ്ഥാപിക്കുന്നതിനായി ഹബ് & സ്പോക്ക് മോഡലിൽ പദ്ധതി നടപ്പിലാക്കാൻ 20 ഏക്കർ ഭൂമി വൈത്തിരി താലൂക്കിൽ കല്പറ്റ വില്ലേജിൽ കണ്ടെത്തി. എസ്.പി.വി. ആയ കേരള കോഫി ലിമിറ്റഡിന്റെ പേരിൽ ഭൂമി വാങ്ങാനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കേരള കോഫി ലിമിറ്റഡ് കമ്പനിയുടെ ആഭിമുഖ്യത്തിൽ കാപ്പി കർഷകരെ സംഘടിപ്പിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. കാപ്പി വിള വിസ്തൃതി വ്യാപനം, കണിക ജലസേചനം, കാപ്പി തോട്ടങ്ങളുടെ പുനരുദ്ധാരണം, ഇടവിള കൃഷിയിലൂടെ കാപ്പി തോട്ടങ്ങളുടെ പുനരുദ്ധാരണം, കാപ്പി സംഭരണവും വിപണനവും പ്രോത്സാഹിപ്പിക്കൾ മുതലായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

737. മരം നടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്കിംഗ് നടപ്പിലാക്കും. മരം വച്ചുപിടിപ്പിക്കുന്ന കൃഷിക്കാർക്ക് മരം വെട്ടുമ്പോൾ വായ്പ തിരിച്ചടച്ചാൽ മതിയെന്ന അടിസ്ഥാനത്തിൽ ആന്വിറ്റി വായ്പയായി നൽകുന്നതാണ് പദ്ധതി.

ട്രീ ബാങ്കിംഗ് നടപ്പിലാക്കുന്നതിനായി സർപ്പിച്ച 7 കോടി രൂപയുടെ പ്രൊപ്പോസലിന്മേലുള്ള പരിശോധന പുരോഗമിക്കുന്നു.

738. ഇതുപോലെ മറ്റു പഴവർഗ്ഗങ്ങളും സുഗന്ധദ്രവ്യങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റും. ഇക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കും. ഇതോടൊപ്പം ജില്ലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭൗതിക സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി പ്രഖ്യാപിച്ച 7,000 കോടി രൂപയുടെ വയനാട് സമഗ്ര വികസന പാക്കേജ് നടപ്പിലാക്കും.

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനം വകുപ്പ് 'ഇക്കോടൂറിസം' നടപ്പാക്കി വരുന്നു. 80 അംഗീകൃത ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവിടങ്ങളിൽ



ആദിവാസി വിഭാഗങ്ങളിൽപ്പെട്ട 505 പുരുഷന്മാരും 226 സ്ത്രീകളും ആദിവാസിയിതര വിഭാഗങ്ങളിൽപ്പെട്ട 734 പുരുഷന്മാരും 707 സ്ത്രീകളുടെ ഉൾപ്പെടെ 2,172 പേർ ജോലി ചെയ്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാശ്രിത സമൂഹങ്ങൾക്ക് 4,15,551 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്തു. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡവലപ്മെന്റ് അതോറിറ്റി രൂപീകരണത്തിനുള്ള കരട് ബില്ല് മന്ത്രിസഭയുടെ അംഗീകാരത്തിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനുമായി വയനാട് വികസന പാക്കേജ് പ്രഖ്യാപിച്ചു. 2022-23ൽ 7,500 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി. 2023-24 ൽ 6,073.48 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. 2024-25ൽ 3,976.58 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. പ്രവർത്തികൾ വിവിധ നിർവ്വഹണഘട്ടങ്ങളിലാണ്.

## ഹൈറേഞ്ച്

739. ഇടുക്കി നേരിടുന്ന പാരിസ്ഥിതിക തകർച്ച തടയാനൊരു അജണ്ട കീഴ്ത്തട്ടിൽ നിന്നുതന്നെ രൂപം നൽകും. ഓരോ പഞ്ചായത്തും നീർത്തട അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും സമഗ്രമായ പദ്ധതികൾ ജനകീയ കാമ്പയിന്റെ അടിസ്ഥാനത്തിൽ രൂപം നൽകും. ജലസേചന വകുപ്പും മണ്ണുജലസംരക്ഷണ വകുപ്പും ഇതിനു പൂർണ്ണ പിന്തുണ നൽകും. ഓരോ പ്രദേശത്തും ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തുമായ പ്രവർത്തനങ്ങൾ പ്രാദേശിക കൂട്ടായിത്തന്നെ തീരുമാനിക്കുന്ന ബൃഹത്തായ ഒരു പരിസ്ഥിതി പുനഃസ്ഥാപന ക്യാമ്പയിനായിരിക്കും ഈ പ്രവർത്തനങ്ങൾ.

ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തി പാരിസ്ഥിതിക പുനഃസ്ഥാപനത്തിന് മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. മണ്ണ് സംരക്ഷണ, ജലസേചന, കൃഷി വകുപ്പു

കൾ മുഖാന്തിരമാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

740. തേയില, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളുടെയും ചക്ക പോലുള്ള പഴവർഗ്ഗങ്ങളുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുക, ഇവയുടെ അടിസ്ഥാനത്തിലുള്ള കാർഷിക സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുക, ഇവ രണ്ടും ചെയ്യുമ്പോൾ പ്രകൃതി സന്തുലനാവസ്ഥ സംരക്ഷിക്കുക എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കിയുടെ പശ്ചാത്തല സാമൂഹ്യ സൗകര്യങ്ങളടക്കമുള്ള മുഖ്യമന്ത്രി പ്രഖ്യാപിച്ച 12,000 കോടി രൂപയുടെ സമഗ്ര പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കും. മുട്ടത്ത് സ്പൈസസ് പാർക്കും, ഹൈറേഞ്ചിൽ മെഗാ ഫുഡ് പാർക്കും സ്ഥാപിക്കും. പ്രകൃതിസൗഹൃദമായ രീതിയിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര മേഖല വിപുലപ്പെടുത്തുന്നതിനും ഈ പാക്കേജ് ലക്ഷ്യമിടുന്നുണ്ട്. സ്ഥായിയായ വികസനത്തിന് പുതിയൊരു മാതൃക ഇടുക്കിയിൽ സൃഷ്ടിക്കും.

തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 21 കോടി രൂപ ചെലവിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുള്ള 9 കമ്പനികൾ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇടുക്കി ജില്ലയുടെ സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിര വികസനം ലക്ഷമാക്കി പ്രത്യേക ഏരിയ ഡവലപ്‌മെന്റ് സ്കീം ആവിഷ്കരിച്ചു. 2022-23 സാമ്പത്തിക വർഷം മുതൽ ഇടുക്കി വികസന പാക്കേജ് നടപ്പിലാക്കിവരുന്നു. കൃഷി, മൃഗസംരക്ഷണം. ടൂറിസം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം മുതലായവ ഈ പദ്ധതിയുടെ ഭാഗമാണ്.

741. ഇടുക്കിയിലെ കൃഷിക്കാരുടെ ഉപാധിരഹിതമെന്ന പട്ടയമെന്ന ദീർഘകാല ആവശ്യം അംഗീകരിച്ചുകൊണ്ട് 1964 ലെ ഭൂമി പതിവുചട്ടങ്ങൾ ഭേദഗതി ചെയ്തു. കൈവശത്തിലുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി. കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്നതിൽ കൈമാറ്റത്തിനുള്ള കാലാവധി 25 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറവു ചെയ്തു. കൈവശ ഭൂമി പതിച്ചു കിട്ടുകയാണെങ്കിൽ ഈ ഭൂമികൾ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണ്. ഈ ഭൂമികൾ സർക്കാരിലും ധനകാര്യസ്ഥാപനങ്ങളിലും റബർ, ടീ ബോർഡുകളിലും ഈടുവച്ച് വായ്പ എടുക്കുന്നതിനു സൗകര്യമൊരുക്കി. പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കു നൽകി. പട്ടയം ലഭിച്ച ഭൂമികൾ വനം വകുപ്പിന്റെ നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കി.

പട്ടയ ഭൂമിയിലെ വനങ്ങളുടെ അവകാശം കർഷകർക്ക് തന്നെ നൽകുന്നത് സംബന്ധച്ച ചട്ട ഭേദഗതി അന്തിമഘട്ടത്തിലാണ്.

742. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഇടുക്കി ജില്ലയിൽ 37,815 പട്ടയങ്ങൾ വിതരണം ചെയ്തു. മറ്റൊരു 15,000 പട്ടയങ്ങൾ കൂടി വിതരണത്തിനു തയ്യാറായിട്ടുണ്ട്. പട്ടയം ലഭിക്കാത്ത കൈവശഭൂമിയുള്ള കൃഷിക്കാർക്ക് വായ്പയടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സഹകരണ മേഖല വഴി സ്വീകരിക്കും. അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി ഊർജ്ജിതമാക്കും.

ഇടുക്കി ജില്ലയിൽ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി ഊർജ്ജിതമാക്കി. ഇതുവരെ 50,000 പട്ടയങ്ങൾ വിതരണം ചെയ്തു. കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ 4,000 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചില്ല.

743. കേരളത്തിലെ പരിസ്ഥിതി, ജൈവവൈവിധ്യം, കാലാവസ്ഥാവ്യതിയാന പ്രതികരണം, എസ്.ഡി.ജി ലക്ഷ്യങ്ങളുടെ സ്ഥിതി എന്നിങ്ങനെ അഞ്ച് റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കും. ഇതിന് തെരഞ്ഞെടുത്ത ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ചുമതല നൽകും.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സ്റ്റേറ്റ് ഇൻഡിക്കേറ്റേഴ്സ് ഫ്രെയിംവർക്ക്, സ്ഥിതി വിവരം ഉൾക്കൊള്ളുന്ന സുസ്ഥിര കേരളം എന്നിവ പ്രസിദ്ധീകരിച്ചു. കേരളത്തിലെ പരിസ്ഥിതി -കാലാവസ്ഥ വ്യതിയാന പ്രതികരണം സംബന്ധിച്ച സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട സമഗ്രമായ Kerala State Biodiversity Strategy and Action Plan (KBSAP) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ആയത് KMGBF and NBSAP എന്നിവയ്ക്കനുസൃതമായി പരിഷ്ക്കരിച്ചു.

## മലബാറിന്റെ പിന്നാക്കാവസ്ഥ

744. 1957 ലെ സർക്കാരിന്റെ കാലത്താണ് മലബാറിലെ വിദ്യാഭ്യാസ, ആരോഗ്യ, വ്യവസായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടികൾ ആരംഭിക്കുന്നത്. പിന്നീട് നടപ്പാക്കിയ ഭൂപരിഷ്കരണം മലബാറിലെ സാമൂഹ്യ ജീവിതത്തെ മുന്നോട്ടുനയിക്കുന്നതിന് ഇടയാക്കി. വർത്തമാനകാലത്ത് കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവൃത്തികളിലൂടെ മലബാർ മേഖലയിൽ വലിയ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ തുടരും. ടൂറിസം വികസനത്തിൽ മലബാറിനു പ്രത്യേകം പ്രാമുഖ്യം നൽകും.

എൻ.എച്ച് 66 ന്റെ വികസനം മലബാർ മേഖലയുടെ വികസനത്തിന് ആക്കം കൂട്ടുന്നതാണ്. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. മലബാറിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി വയനാട് ടൂറിസം ക്യാമ്പയിൻ നടത്തി. ബേപ്പൂർ മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മലനാട് മലബാർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. മുഴപ്പിലങ്ങാട് ആധുനിക സൗകര്യങ്ങളുള്ള കെ.റ്റി.ഡി.സി ഹോട്ടലിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

745. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് മലബാറിലുള്ള വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കാൻ ഉതകുന്ന വിധം സൗകര്യങ്ങൾ വർദ്ധിപ്പിക്കും. നിലവിലുള്ള സ്ഥാപനങ്ങൾക്കു കൂടുതൽ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കും. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള ഇടങ്ങളിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കുന്നതാണ്.

മലബാർ ജില്ലകളിൽ വേണ്ടത്ര ഹയർ സെക്കന്ററി ബാച്ചുകളില്ലെന്ന പരാതി പരിഗണിച്ച് 38 സ്ഥിരംബാച്ചുകളും 316 പുതിയ താൽക്കാലിക ബാച്ചുകളും അനുവദിച്ചു. വിവിധ കോളജുകളിലായി 483 പുതിയ കോഴ്സുകൾ അനുവദിച്ചു. പിണറായി എഡ്യൂക്കേഷൻ ഹബ്ബിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

# IX കേരളത്തെ സ്ത്രീ സൗഹൃദമാക്കും

746. 2016 ലെ പ്രകടനപത്രികയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 18 ശതമാനമായി ഉയർത്തുമെന്നു പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 20 ശതമാനത്തിനു മുകളിലാണ്. അഭൂതപൂർവ്വമായ തൊഴിലവസര സൃഷ്ടി വാഗ്ദാനത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ കേരളത്തിലെ സ്ത്രീകളായിരിക്കും. തൊഴിൽ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന്റെ ഫലമായി സ്ത്രീകളുടെ തൊഴിലില്ലായ്മ ഗണ്യമായി കുറയ്ക്കുന്നതിനും തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനും സാധിക്കും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 24 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തും.

ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും, സംസ്ഥാന സർക്കാരിന്റെയും ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 850.73 കോടി രൂപ വിതരണം ചെയ്തു. 57575 വനിതകൾക്ക് നേരിട്ടും 84387 പേർക്ക് പരോക്ഷമായും തൊഴിലവസരം സൃഷ്ടിച്ചു. സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ASAP, KASE മുഖേന തൊഴിൽ പരിശീലനം നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പിന് കഴിഞ്ഞ സാമ്പത്തികവർഷം 77,07715 രൂപ അനുവദിക്കുകയും 627 ഗുണഭോക്താക്കൾ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യുകയും ഇതിനകം 167 പേരുടെ പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 30 പേർ അവസാനഘട്ട പരിശീലനം പൂർത്തീകരിക്കുകയും 8 പേർക്ക് പ്ളേസ്മെന്റ് ലഭിക്കുകയും ചെയ്തു.

747. ജെൻഡർ ബജറ്റിംഗ് വികസന പ്രവർത്തനങ്ങളിലെ സ്ത്രീ പരിഗണന ഗണ്യമായി ഉയർത്താൻ സഹായിച്ചു. 2016-17 ൽ പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയും പദ്ധതി അടങ്കലിന്റെ 4 ശതമാനവുമായിരുന്നു. 2021-22 ലെ ബജറ്റിൽ ഈ തുക 1,347 കോടി രൂപയാണ്. പദ്ധതി വിഹിതം 6.54 ശതമാനമായി ഉയർന്നു. അഞ്ചു വർഷംകൊണ്ട് വനിതാവിഹിതം 10 ശതമാനമായി ഉയർത്തും. പൊതുസ്കീമുകളിൽ സ്ത്രീകൾക്കുള്ള പ്രത്യേക വിഹിതം കൂടി കണക്കിലെടുക്കുകയാണെങ്കിൽ സ്ത്രീകളുടെ വിഹിതം ഇപ്പോൾ 19 ശതമാനമായിരിക്കുന്നത് 25 ശതമാനമായെങ്കിലും ഉയർത്തും.

ജെൻഡർ ബഡ്ജറ്ററിംഗിന്റെ ഭാഗമായി 2024-25 ജെൻഡർ ബഡ്ജറ്റിൽ സ്ത്രീകളുടെ വിവിധ പദ്ധതികൾക്കായി 21.12 % തുക നീക്കി വച്ചിട്ടുണ്ട്.



748. കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലയിലും നൈപുണ്യ വികസനത്തിൽ ഗൗരവമായ ജെൻഡർ ഗ്യാപ് നിലനിൽക്കുന്നു. ഇത് കുറയ്ക്കാൻ സ്ത്രീകളുടെ നൈപുണ്യ വികസനത്തിലൂന്നും. പരിശീലന കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കും. ജെൻഡർ വാർപ്പ് മാതൃകയ്ക്കപ്പുറമുള്ള നൈപുണി പ്രോത്സാഹിപ്പിക്കും.

നോഡ്ജ് ഇക്കോണമി മിഷൻ കുടുംബശ്രീയുമായി ചേർന്ന് നടത്തിയ സർവ്വേയിൽ 53 ലക്ഷം തൊഴിൽ അന്വേഷകരുണ്ടെന്ന് കണ്ടെത്തി. ഇതിൽ 58 ശതമാനം സ്ത്രീകളാണ്. പല കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ടവരും തൊഴിൽ അഗ്രഹിക്കുന്നവരുമായ തൊഴിൽ പരിചയമുള്ള 5 ലക്ഷം സ്ത്രീകൾ ഇക്കൂട്ടത്തിലുണ്ട്. ഇവർക്ക് തൊഴിലേയ്ക്ക് തിരിച്ചുവരുന്നതിനും അപ്സ്കില്ലിംഗിനും പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. സ്ത്രീകളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് അസാപ്, കെയ്സ്, കുടുംബശ്രീ മുതലായ ഏജൻസികളിലൂടെ പരിശീലനം നൽകിവരുന്നു.

കേരളത്തിലെ സ്ത്രീകളുടെ നൈപുണ്യ വികസനം വർദ്ധിപ്പിക്കുന്നതിനായി. സ്ത്രീകളുടെ സ്കിൽ ഡെവലപ്മെന്റ്മായി ബന്ധപ്പെട്ട പ്രൊജക്റ്റ് ജൻഡർ പാർക്ക് മുഖേന നടപ്പാക്കുന്ന

തിനായി സർക്കാർ അനുമതി ലഭിക്കുകയും ജൻഡർ പാർക്കുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 75 കുട്ടികൾക്കും വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനങ്ങളിലെ 25 താമസക്കാർക്കും പരിശീലനം നൽകി കഴിഞ്ഞു. വനിതാ വികസന കോർപറേഷൻ മുഖേന 4682 സ്ത്രീകൾക്ക് നൈപുണ്യ പരിശീലനവും, 677 നഴ്സുമാർക്ക് അപ്പ് സ്കില്ലിങ് പ്രോഗ്രാം പരിശീലനവും, 113 പേർക്ക് ഇംഗ്ലീഷ് ഭാഷ പരിശീലനവും നൽകിയിട്ടുണ്ട്.

749. എല്ലാ ഹൈസ്കൂളുകളിലും റെസ്റ്റ് റൂം ഒരുക്കും. പാഠപുസ്തകങ്ങളിലെ ജെൻഡർ പ്രതിപാദനത്തെക്കുറിച്ച് വിലയിരുത്തും.

ടൈപ്പ് വൺ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്ക് ഇൻസുലിൻ എടുക്കുന്നതിന് സ്വകാര്യത ഉറപ്പുവരുത്താൻ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ റസ്റ്റ് റൂമുകൾ ഒരുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇത്തരം റസ്റ്റ് റൂമുകൾ ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. നിലവിൽ ഉണ്ടായിരുന്ന പാഠപുസ്തകങ്ങളിൽ ജൻഡർ ഓഡിറ്റിംഗ് നടത്തി. കരിക്കുലം പരിഷ്ക്കരണത്തിന്റെ ഭാഗമായി 2024-ൽ 1, 3, 5, 7, 9 പാഠപുസ്തകങ്ങളും 2025-ൽ 2, 4, 6, 8, 10 പാഠപുസ്തകങ്ങളും പരിഷ്ക്കരിച്ചു. ഇത് പൂർണ്ണമായും ലിംഗസമത്വം അനുസരിച്ചുള്ളതാണ്. ദേശീയതലത്തിൽപ്പോലും ഈ പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളിലെ ലിംഗസമത്വം സംബന്ധിച്ച ആശയങ്ങളും ചിത്രങ്ങളും ചർച്ച ചെയ്യപ്പെട്ടു. അങ്കണവാടി പ്രീ - സ്കൂൾ എഡ്യൂക്കേഷൻ ഉള്ള പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിംഗ് പൂർത്തീകരിച്ചു.

750. കൊവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ അന്തർദേശീയമായി തന്നെ കെയർ ഇക്കോണമിയിൽ വിപുലമായ ജോലി സാധ്യതകൾ ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിനു നഴ്സിംഗ്, വയോജന പരിചരണം, ഭിന്നശേഷി പരിചരണം തുടങ്ങിയ തൊഴിലുകളിൽ വിപുലമായ തോതിൽ സ്ത്രീകൾക്ക് പരിശീലനം നൽകും.

അന്തർദേശീയ തലത്തിൽ ജോലി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാന വനിതാ വികസന കോർപറേഷന്റെ കീഴിൽ 488 നഴ്സുമാർക്ക് Advanced Nursing Skill പരിശീലനം നൽകിയിട്ടുണ്ട്.

751. 9 കെ.എസ്.ഐ.ഡി.സി കിൻഫ്രാ പാർക്കുകളിലും വിമൻ ഫെസിലിറ്റേഴ്സ് സെന്റർ സ്ഥാപിക്കും. കെ.എസ്.ഐ.ഡി.സിയിൽ പ്രത്യേക വിമൻ എന്റർപ്രണർ മിഷൻ ഉണ്ടാകും.

9 കെ.എസ്.ഐ.ഡി.സി കിൻഫ്രാ പാർക്കുകളിലും വിമൻ ഫെസിലിറ്റേഴ്സ് സെന്റർ സ്ഥാപിക്കും. കെ.എസ്.ഐ.ഡി.സിയിൽ പ്രത്യേക വിമൻ എന്റർപ്രണർ മിഷൻ ഉണ്ടാകും. കിൻഫ്ര പാർക്കുകളിൽ സ്ഥാപിക്കുന്ന വിമൺ ഫെസിലിറ്റേറ്റ് സെന്ററിന്റെ ആദ്യ പദ്ധതി തിരുവനന്തപുരത്തെ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ പൂർത്തീകരിച്ചു. കെ.എസ്.ഐ- .സി യുടെ ചേർത്തലയിലേയും കണ്ണൂരിലേയും ഐ.സി.ജി കളിൽ വനിതാ ജീവനക്കാർക്ക് സഹായകരമായി ക്രഷുകൾ ഒരുക്കി.

സംസ്ഥാനത്തെ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി വനിതാ സംരംഭകത്വ മിഷൻ (We-Mission) പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി 50 ലക്ഷം രൂപ വരെ ഈടില്ലാതെ ലോൺ നൽകി വരുന്നു. 2021 -മുതൽ 2025 മാർച്ച് 15 വരെ പ്രസ്തുത പദ്ധതിപ്രകാരം 32 യൂണിറ്റുകൾക്കായി 667.85 ലക്ഷം രുപ നല്കിയിട്ടുണ്ട്.

752. സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കും. സ്ത്രീകളുടെ വീട്ടുജോലി ഭാരം ലഘൂകരിക്കുകയാണ് ലക്ഷ്യം. ഇതിനായി, എല്ലാ വീടുകളിലും ആദ്യം വാഷിംഗ് മെഷീനും പിന്നീട് ഗ്രൈൻഡറും പിന്നെ റഫ്രിജറേറ്ററും ഉള്ള ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.എഫ്.ഇ സ്മാർട്ട് കിച്ചൺ ചിട്ടികൾ ആരംഭിക്കുന്നതാണ്.

യന്ത്രഗാർഹികോപകരണങ്ങളുടെ പാക്കേജുകളുടെ വില തവണകളായി ഏതാനും വർഷംകൊണ്ട് അടച്ചു തീർത്താൽ മതി. പലിശ മൂന്നിലൊന്നു വീതം ഗുണഭോക്താവ്, തദ്ദേശഭരണ സ്ഥാപനം, സർക്കാർ എന്നിവർ പങ്കിട്ടെടുക്കും. കുടുംബശ്രീ വഴിയാണെങ്കിൽ മറ്റ് ഈടുകളുടെ ആവശ്യമില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എസ്.എഫ്.ഇ, കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിവിധ വകുപ്പകളുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനം നടന്നു വരുന്നു.

753. വനിതാ വകുപ്പിന്റെ രൂപീകരണം ഒരു നാഴികക്കല്ലായിരുന്നു. വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു ജെൻഡർ കൗൺസിൽ രൂപീകരിക്കുന്നതാണ്. വനിതാ വകുപ്പ് ജില്ലാതലത്തിൽ വിപുലീകരിക്കും.

വിവിധ വകുപ്പുകളിലെ ജൻഡർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ വകുപ്പ് മന്ത്രി അധ്യക്ഷയും, പ്രിൻസിപ്പൽ സെക്രട്ടറി കൺവീനർ ആയും, ഡയറക്ടർ ജോയിന്റ് കൺവീനർ ആയും, കൂടാതെ 11 പേർ അനൗദ്യോഗിക അംഗങ്ങൾ ആയും ജെൻഡർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ സേവനം വനിതാ ശിശു വികസന വകുപ്പിന്റെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കും പുതിയ പദ്ധതികളുടെ നയ രൂപീകരത്തിനുള്ള ശുപാർശകൾ പമർപ്പിക്കുന്നതിനായും വിനിയോഗിക്കുന്നു. കൗൺസിൽ ഇതിനകം തന്നെ സംസ്ഥാന വനിതാ നയം കാലോചിതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ നിരവധി വർക് ഷോപ്പുകൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവ നടത്തുകയും കരട് നയം സർക്കാർ പരിശോധിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ നേതൃത്വത്തിൽ 3 കൺസൾട്ടേറ്റീവ് മീറ്റിംഗുകൾ സംഘടിപ്പിച്ച് കരട് അന്തിമ രൂപീകരണത്തിലെത്തിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കി നയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു.

754. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചതാണ് ജെൻഡർ പാർക്ക്. ഇപ്പോൾ ഒരു പതിറ്റാണ്ടു പിന്നിടുമ്പോൾ ജെൻഡർ പാർക്കിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണത്തോടുകൂടി ഒരു പുതിയ മാനം കൈവരിക്കുകയാണ്. ജെൻഡർ പാർക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

കേരളത്തിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പുതിയ മാനം കൈവരിക്കുന്നതിന് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ ഇതര വകുപ്പ് / ഏജൻസികൾ എന്നിവയുമായി സഹകരിച്ച് നടപ്പാക്കും. ഇതിൻറെ ഭാഗമായിത്തന്നെ നഗരങ്ങൾ സ്ത്രീ സൗഹാർദ്ദം ആക്കുന്നതിനുള്ള ഒരു സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നതിനായി യു.എൻ വുമൻസിന്റെയും, ജെൻഡർ പാർക്കിന്റെയും യു.കെ-യിലുള്ള കാർഡിഫ് യൂണിവേഴ്സിറ്റിയുടെയും സഹകരണത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ലൈബ്രറി, ജെൻഡർ മ്യൂസിയം എന്നിവയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞു.

ജൻഡർ പാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷം നിരവധി പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. POSH ആക്ടിനെ കുറിച്ച് ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് വിവിധ ഘട്ടങ്ങളിലായി UN women-ന്റെയും, വനിതാ ശിശു വികസന വകുപ്പിന്റെയും സഹകരണത്തോടെ നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

സമൂഹത്തിൽ വിവര സാങ്കേതിക വിദ്യ പരിജ്ഞാനം ഇല്ലാത്ത വനിതകൾക്ക് അതിൽ പരിശീലനം നൽകി അവരെ നവ മാധ്യമങ്ങൾ, ഇന്റെനെറ്റ് ബാങ്കിംഗ് തുടങ്ങിയവ അടക്കം ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഡിജിറ്റൽ പാഠശാല പദ്ധതിയിൽ ToT -മാരായി വകുപ്പിലെ സി.ഡി.പി.ഒ സൂപ്പർ വൈസർ വിഭാഗത്തിൽ നിന്ന് 341 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. Common Gender Module framework തയ്യാറാക്കുന്നതിനായി ഇതിനകം രണ്ട് ശില്പശാലകൾ സംഘടിപ്പിച്ചു.

ചിന്തകളുടെ വിത്ത് പാകി ആശയങ്ങൾ വളർത്തുന്നതിനുള്ള നിലമൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ജെൻഡർ പാർക്കിന്റെ നേതൃത്വത്തിൽ 'ആർപ്പോ' 'വരയും വരിയും പിന്നിലല്പം മൊഹബത്തും' എന്ന പരിപാടി സംഘടിപ്പിക്കുന്നു. സ്ത്രീകൾക്ക് യാതൊരുവിധ മുൻവിധികളും അതിരുകളും കൂടാതെ ഒത്തു കൂടാനൊരിടം രൂപപ്പെടുത്തുക എന്നതാണ് ഈ ആശയം കൊണ്ട് ലക്ഷ്യം വക്കുന്നത്. എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച സ്ത്രീകളുടെയും മറ്റ് ലിംഗ ന്യൂനപക്ഷങ്ങളുടെയും ഒരു കൂട്ടായ്മ ജെൻഡർ പാർക്കിൽ നടത്തി വരുന്നു.

755. വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭ പദ്ധതി, പൊതുയിടങ്ങൾ സ്ത്രീ സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ കൂടുതൽ ശക്തമാക്കും.

സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭ പദ്ധതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനിത വികസന കോർപ്പേഷൻ മുഖേന കൂടുതൽ വായ്പകൾ നൽകാൻ കഴിഞ്ഞു. കഴിഞ്ഞ ഒരു വർഷം 339.98 കോടി രൂപ വായ്പയായി 35015 പേർക്ക് വിതരണം ചെയ്തു. പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ ഷീടോയ്‌ലറ്റുകൾ, ഹ്രസ്വ കാല താമസത്തിന് സെയ്ഫ് സ്റ്റേ പദ്ധതി പ്രകാരം 27 നഗരങ്ങളിലായി 137 ബഡ്സുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

756. വനിതാ കമ്മീഷനെ ശക്തിപ്പെടുത്തും. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യും.

വനിതാ കമ്മീഷന്റെയും ജാഗ്രതാ സമിതിയുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 142 പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കഴിഞ്ഞു. ഒപ്പം മികച്ച പ്രകടനം കാഴ്ചവച്ച 4 തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 50000 രൂപയുടെ കാഷ് അവാർഡ് വിതരണം നടത്തുകയും ചെയ്തു.

തീരദേശ മേഖല, പട്ടിക വർഗ്ഗ മേഖല എന്നിവിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ നേരിട് മനസിലാക്കുന്നതിനായി അവരുടെ വാസ സ്ഥലലങ്ങളിൽ 20 ക്യാമ്പുകൾ സംഘടിപ്പിച്ചു. കൂടാതെ 11 വിഭാഗങ്ങളിൽപ്പെടുന്ന വനിതകളുടെ (കരാർ ജീവനക്കാർ, മീഡിയ പ്രവർത്തകർ, ടീച്ചർമാർ, ഹോം നഴ്സുമാർ തുടങ്ങിയവർ) പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കുന്നതിനായി അവർക്കിടയിൽ 'പബ്ലിക് ഹിയറിംഗ്' സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നടത്തി. വനിതകൾ അനുഭവിക്കുന്ന വിവിധ പ്രയാസങ്ങൾ സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്ന മാധ്യമ പ്രവർത്തകരെ അംഗീകരിക്കുന്നതിന്റെ ഭാഗമായി 6 മാധ്യമ പ്രവർത്തകർക്ക് മാധ്യമ അവാർഡ് നൽകി. POSH ആക്ടിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഐ. ടി പാർക്കുകളിലെയും, ഷോപ്പിംഗ് മാളുകളിലെയും ജീവനക്കാർക്കും തൊഴിൽദാതാക്കൾക്കും അവബോധ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ മേഖലകളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ ആഴത്തിൽ മനസിലാക്കുന്നതിനായി ഏഴു ഗവേഷണ പഠനങ്ങൾ നടത്തുന്നതിനായി ഗവഷേകരെ തെരഞ്ഞെടുത്തത് എഗ്രിമെന്റ് വച്ച് പഠനം ആരംഭിച്ചു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 8 ലക്ഷം രൂപ ചെലവഴിച്ചു.

757. സ്ത്രീകൾക്കെതിരായ സൈബർ ആക്രമണത്തിനെതിരെ കർശനമായ നടപടികൾ കൈക്കൊള്ളും.

സൈബർ ആക്രമണങ്ങൾക്കെതിരെ ശക്തമായ നടപടിയാണ് ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്നത്. ആക്രമണങ്ങൾക്ക് ഇരയായവർക്ക് ആവശ്യമായ സൗജന്യ നിയമ സഹായം വനിതാ ശിശുക്ഷേമ വകുപ്പ് മുഖാന്തിരം നൽകുന്നു. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി GO. (MS)No.4/2024/Home Dated 05.01.2024 പ്രകാരം സൈബർ ഡിവിഷൻ രൂപീകരിച്ചു. സൈബർ ഡിവിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സൈബർ ഓപ്പറേഷൻ വിഭാഗത്തിൽ ലഭിക്കുന്ന വനിതകൾക്കെതിരെയുള്ള സൈബർ ആക്രമണവുമായി ബന്ധപ്പെട്ട പരാതികളിൽ ഉൾപ്പെട്ട സോഷ്യൽമീഡിയ അക്കൗണ്ടുകളും പോസ്റ്റുകളും



സത്വരമായി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, കൂടാതെ ഇത്തരത്തിലുള്ള സോഷ്യൽ മീഡിയ അക്കൗണ്ടുകൾക്കും പോസ്റ്റുകൾക്കും എതിരെ നിയമനടപടി സ്വീകരിക്കുന്നതിനു ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകി വരുന്നു.

NCRP പോർട്ടൽ വഴി ലഭിക്കുന്ന സ്ത്രീകൾക്കെതിരായുള്ള സൈബർ ആക്രമണങ്ങൾ സംബന്ധിച്ചുള്ള പരാതികൾ യഥാസമയം പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ, സ്ത്രീകളുടെയും കുട്ടികളുടെയും ആയിട്ടുള്ള അശ്ലീല ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ നിന്നും നീക്കം ചെയുകയും ചെയ്തു വരുന്നു.

സൈബർ ഓപ്പറേഷൻസ് വിഭാഗത്തിനു കീഴിൽ പേരൂർക്കട സ്ഥിതി ചെയ്യുന്ന Counter Child Sexual Exploitation Centre (CCSE ) ഓൺലൈൻ വഴി കുട്ടികളുടെ അശ്ലീലചിത്രങ്ങൾ പ്രചരിപ്പിക്കുന്നവർക്ക് എതിരെ ഓപ്പറേഷൻ PHunt വഴി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ നാലു വർഷത്തിൽ 12 Phunt ഓപ്പറേഷൻസിലൂടെ 5419 സെർച് നടത്തുകയും 992 കേസ് രജിസ്റ്റർ ചെയുകയും 132 പേരെ അറസ്റ്റ് ചെയുകയും 2528 മൊബൈൽ ഫോൺ NCRP പോർട്ടലിനു കീഴിൽ വരുന്ന Cyber Crime Prevention Against Women and Children (CCPWC) എന്ന വെബ്പോർട്ടൽ വഴി വരുന്ന കുട്ടികൾക്കും സ്ത്രീകൾക്കും എതിരായി വരുന്ന സൈബർ പരാതികൾ CCSE സെന്റർ മോണിറ്റർ ചെയുകയും അശ്ലീല ഉള്ളടക്കങ്ങൾ ബന്ധപ്പെട്ട സർവീസ് പ്രൊവിഡർമാരുടെ സഹായത്തോടെ നീക്കം ചെയുകയും ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. നാളിതുവരെ CCPWC പോർട്ടൽ വഴി സ്ത്രീകളുടെ 2507 പരാതികൾ ലഭിച്ചതിൽ മേൽനടപടികൾ സ്വീകരിച്ചിട്ടുള്ളതും ആണ്.

### 758. സ്ത്രീപീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനും പൊലീസ് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകും

പോക്സോ ആക്ട് 2012 പ്രകാരം, പോക്സോ കേസുകളുടെ അന്വേഷണം സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും പോക്സോ കേസുകൾ

അന്വേഷിക്കുന്നതിനായി ഒരു പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിന്റെ കാര്യക്ഷമമായ അന്വേഷണത്തിനായി 304 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്.

സ്ത്രീ പീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. ജെൻഡർ അവയർനസ്, പോക്സോ കേസിലെ അന്വേഷണം എന്നിവയ്ക്ക് പ്രത്യേക ട്രെയിനിങ് KEPA, PTC, Dist. Training Centre തുടങ്ങിയ ഇടങ്ങളിൽ നടന്നു വരുന്നു.

സ്ത്രീ പീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനുമായി വനിത വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 8410 പോലീസ് ഉദ്യോഗസ്ഥർക്ക് ഇതുവരെ പരിശീലനം നൽകിക്കഴിഞ്ഞു.

## കുടുംബശ്രീ

759. കുടുംബശ്രീ വഴിയുള്ള വായ്പ 12,000 കോടി രൂപയിൽ നിന്ന് 20,000 കോടി രൂപയായി ഉയർത്തും.

ലിങ്കേജ്, ബൾക്ക് ലോണുകൾ എന്നിവ ഉൾപ്പെടെ കുടുംബശ്രീ വഴിയുള്ള വായ്പ 30,611 കോടി രൂപയായി ഉയർത്തി.

760. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കും. ഇതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളുടെ മാപ്പിങ് നടത്തും. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ഉപയോഗപ്പെടുത്തി സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരശേഖരണം നടത്തും. ഇതു സംബന്ധിച്ച പൂരിപ്പിച്ച് നൽകുന്ന ചോദ്യാവലിയുടെ രഹസ്യസ്വഭാവം പൂർണ്ണമായും ഉറപ്പുവരുത്തും.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ക്രൈം മാപ്പിങ് നടത്തി. 320 റൂറൽ സി.ഡി.എസ്സുകളിൽ ക്രൈം മാപ്പിങ് നടത്തി. എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ആറ് സി.ഡി.എസ്സുകളിൽ പ്രത്യേക പ്രതിരോധ ക്യാമ്പയിൻ നടത്തി.

761. ക്രൈം മാപ്പിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ നിർബന്ധമായും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തും. പൊതു പ്രോജക്ടുകളിലും സ്ത്രീ പരിഗണന ഉറപ്പുവരുത്തും.

പ്രോജക്ടുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ജില്ലാതല ക്രൈം മാപ്പിങ് കോൺക്ലേവ് സംഘടിപ്പിച്ചുവരുന്നു.

762. ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തും.

19,326 വാർഡുകളിൽ ജാഗ്രതാസമിതികൾ പ്രവർത്തിച്ചുവരുന്നു. 1,39,271 പേർ ഈ സമിതികളിൽ അംഗങ്ങളാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാനുള്ള വാർഡ്തല സംരക്ഷണസേനയായാണ് ജാഗ്രതാസമിതി പ്രവർത്തിക്കുന്നത്.

763. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കുള്ള രണ്ട് സുപ്രധാന പിന്തുണാ സംവിധാനങ്ങളാണ് നിർഭയ ഷോർട്ട്-സ്റ്റേ ഹോമുകളും കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കും. ഇവ രണ്ടിന്റെയും പ്രവർത്തനം വിപുലീകരിക്കും.

എല്ലാ ജില്ലകളിലും അട്ടപ്പാടി ബ്ലോക്കിലും 'സ്നേഹിത' പ്രവർത്തനങ്ങൾ മികച്ച രീതിയിൽ




നടന്നുവരുന്നു. 6,749 കേസുകൾ കൈകാര്യം ചെയ്തു. 1,292 സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകി. ആഭ്യന്തര വകുപ്പുമായി ചേർന്ന് എല്ലാ എ.സി.പി, ഡി.വൈ.എസ്.പി ഓഫീസുകളിലും സനേഹിത എക്സ്റ്റൻഷൻ സെന്ററുകൾ സ്ഥാപിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിങ് സേവനങ്ങൾ നൽകിവരുന്നു. അതിക്രമങ്ങൾ കുറയ്ക്കുന്നതിന് പ്രാദേശികതലത്തിൽ സ്നേഹിതയുടെ നേതൃത്വത്തിൽ കാമ്പയിനുകൾ നടത്തിവരുന്നു.

764. 45 ലക്ഷം അംഗങ്ങളാണ് ഇന്നു കുടുംബശ്രീയിലുള്ളത്. എന്നാൽ ഇവരുടെ വീടുകളിലെ യുവതികൾക്ക് വേണ്ടത്ര പ്രാതിനിധ്യമില്ലായെന്ന ഒരു പ്രശ്നം ഗൗരവമായി ഉയർന്നുവരുന്നുണ്ട്. യുവതികൾക്കുവേണ്ടി ഓക്സിലറി യൂണിറ്റുകൾ ആരംഭിക്കും. ഇത് കുടുംബശ്രീയുടെ അംഗത്വത്തിൽ ഒരു കുതിച്ചുചാട്ടം 2021-22ൽ സൃഷ്ടിക്കും.

18 വയസ് മുതൽ 40 വയസ് വരെയുള്ള യുവതികളെ ഉൾപ്പെടുത്തി 23,015 ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചു. ഇതുവഴി 3,03,749 യുവതികൾ കുടുംബശ്രീയുടെ ഭാഗമായി. 532 ഷീ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിച്ചു.

765. 2015-16 ൽ കുടുംബശ്രീക്ക് സർക്കാർ നൽകിയത് 75 കോടി രൂപയാണ്. 2021-22 ൽ അത് 260 കോടി രൂപയായി ഉയർന്നു. കുടുംബശ്രീയുടെ ബജറ്റ് വിഹിതം 500 കോടി രൂപയായി ഉയർത്തും.

2024-25 സാമ്പത്തിക വർഷം ബജറ്റ് വിഹിതം 265 കോടി രൂപയായും 2025-26ൽ 270 കോടി രൂപയായും ഉയർത്തി.

766. എ.ഡി.എസ് പ്രസിഡന്റുമാർക്കും ഹോണറേറിയം നൽകും.

കുടുംബശ്രീ എ.ഡി.എസ് പ്രസിഡന്റുമാർ, സി.ഡി.എസ് അംഗങ്ങൾ എന്നിവർക്ക് പ്രതിമാസം 500 രൂപ യാത്രാബത്തയായി അനുവദിച്ചു.

# ശിശു ക്ഷേമം

767. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള സ്മാർട്ട് അങ്കണവാടികൾ വിപുലീകരിക്കും. തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സൗകര്യമൊരുക്കും.

123 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. 30 പുതിയ അങ്കണവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്മാർട്ട് അങ്കണവാടികളാക്കി പരിവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി 54 അങ്കണവാടികളിൽ പ്രത്യേക സൗകര്യം ഒരുക്കി. ഭിന്നശേഷിക്കാരായ കുട്ടികളെ തുടക്കത്തിലേ തിരിച്ചറിയുന്നതിനായി സി.ഡി.പി.ഒമാർക്കും സൂപ്പർവൈസർമാർക്കും പരിശീലനം നൽകിവരുന്നു.

768. അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കും.

അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടി, പ്രീസ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും 2 ദിവസം പാലും മെനുവിൽ ഉൾപ്പെടുത്തി പോഷക ബാല്യം പദ്ധതി ആവിഷ്കരിച്ചു. 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ 'വർണ്ണക്കൂട്ട്' എന്ന് പുനർനാമകരണം ചെയ്ത് കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും ശാരീരികവും മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൗമാരക്കാർക്കും സ്ത്രീകൾക്കും പഠനാവശ്യത്തിനും മറ്റ് വിജ്ഞാന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിന് തിരഞ്ഞെടുത്ത 1,230 അങ്കണവാടികൾക്കു വൈഫൈ കണക്ഷൻ നൽകി. അങ്കണവാടി കെട്ടിടത്തെ പഠനോപകരണമാക്കുന്നതിനും ശിശു സൗഹൃദ ഫർണിച്ചർ, ടോയിലറ്റ് മുതലായവ ഒരുക്കുന്നതിനും അടുക്കള ആധുനികവൽക്കരിക്കുന്നതിനുമായി ആവിഷ്കരിച്ച ചായം പദ്ധതി 256 അങ്കണവാടികളിൽ നടപ്പിലാക്കി.

769. ശിശുസൗഹൃദ മാതൃകാ ഗ്രാമപഞ്ചായത്തുകൾക്കു പ്രോത്സാഹനം നൽകും. ഇതിനു വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കും.

ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കുട്ടികളുടെ ബാലസുരക്ഷാ സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കുന്നതിനും മാനദണ്ഡങ്ങൾ ആവിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ശിശുസൗഹൃദ ഗ്രാമപഞ്ചായത്ത് സംബന്ധിച്ച് ബാല സുരക്ഷാ സമിതികളുടെ കൺവീനർമാരായ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കും സി.ഡി.പി.ഒമാർക്കും പരിശീലനം നൽകി.

770. കുട്ടികൾക്കു നേരെയുള്ള ആക്രമണങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിക്കും. ബോധവൽക്കരണം ശക്തിപ്പെടുത്തും. പോക്സോ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തും.

കുട്ടികൾക്കുനേരേയുള്ള ആക്രമണങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. കൗമാരക്കാരായ കുട്ടികളെ അതിക്രമങ്ങൾ പ്രതിരോധിക്കാനും സ്വാഭിമാനം വർദ്ധിപ്പിക്കാനും സ്വയം ശാക്തീകരിക്കുന്നതിനുമായി ആയോധന പരിശീലനം നൽകുന്ന 'ധീര പദ്ധതി' നടപ്പാക്കി. എല്ലാ ജില്ലകളിലും മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീതം തെരഞ്ഞെടുത്ത് 10-15 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്ക് ആയോധന പരിശീലനം നൽകുന്ന പദ്ധതിയാണിത്.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായും ലൈംഗികാതിക്രമണങ്ങൾ, സൈബർ ആക്രമണങ്ങൾ, ചൂഷണം, അപകടകരമായ തൊഴിൽ, കടത്തൽ തുടങ്ങിയ കുട്ടികൾ അഭിമുഖീകരിക്കുന്ന അപകടസാധ്യതകൾ സംബന്ധിച്ച് 'കുഞ്ഞാപ്പ്' മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിൽ ബാല



സംരക്ഷണ സമിതികളുടെ ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 55 പോക്സോ കോടതികൾ പ്രവർത്തിച്ചുവരുന്നു.

771. ജനനം മുതൽ 18 വയസ്സുവരെ കുട്ടികൾ നേരിടുന്ന എല്ലാ തീവ്രരോഗങ്ങൾക്കും രോഗങ്ങളുടെ തോത് അനുസരിച്ച് പ്രതിവിധി നൽകുന്നതിനുള്ള ഹൃദ്യം, മിഠായി, ധ്വനി തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്തും.

ജനനം മുതൽ 18 വയസ്സുവരെ കുട്ടികളുടെ ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് സൗജന്യചികിത്സ ഉറപ്പാക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 4,526 ഗുണഭോക്താക്കൾക്ക് 53.22 കോടി രൂപ ചിലവിൽ സൗജന്യചികിത്സ ലഭ്യമാക്കി. മിഠായി, ധ്വനി തുടങ്ങിയ പദ്ധതികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്നു.

772. ഒരു ഹെൽപ്പ് ലൈനിലൂടെ ചൈൽഡ് മാനേജുമെന്റ് ശക്തിപ്പെടുത്തും. പീഡിയാട്രിക് സേവനങ്ങൾ, വാക്സിനുമായി ബന്ധപ്പെട്ട സംശയങ്ങൾ, എന്നിവയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കഴിയുന്ന ആരോഗ്യ വിദഗ്ധർ ഹെൽപ്പ് ലൈനിന്റെ ഭാഗമായിരിക്കും.

കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അടിയന്തിര ഇടപെടൽ ലഭ്യമാക്കുന്നതിന് സംസ്ഥാന, ജില്ലാ തലങ്ങളിൽ ചൈൽഡ് ഹെൽപ്പ്ലൈൻ ഒരുക്കി. ഇതിനായുള്ള കൺട്രോൾ റൂം 24 X 7 സമയവും പ്രവർത്തിക്കുന്നു. ദിശ കാൾ സെന്റർ വഴി കുട്ടികൾക്കുള്ള ആരോഗ്യ സേവനങ്ങളും പദ്ധതികളും പരിചയപ്പെടുത്തുകയും സംശയദൂരീകരണം നടത്തിവരുകയും ചെയ്യുന്നു. ചൈൽഡ് മാനേജ്മെന്റ് പീഡിയാട്രിക് സേവനങ്ങൾ, വാക്സിനുകളുമായി ബന്ധപ്പെട്ട സംശയങ്ങൾ മുതലായവ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ വിദഗ്ധരുടെ സഹായത്തോടെ പരിശീലന മൊഡ്യൂൾ തയ്യാറാക്കി.

773. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹ്യവും ആയ ആരോഗ്യം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി നേതൃത്വത്തിൽ 'കുട്ടികളുടെ കേരളം' പദ്ധതി ജനകീയ ക്യാമ്പയിനായി നടപ്പാക്കും.

കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബാലസൗ

ഹൃദ കേരളം പദ്ധതിയുടെ 4 ഘട്ടങ്ങൾ പൂർത്തിയാക്കി. നാലാം ഘട്ടത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മറ്റുമായി 2,500 പേർക്ക് പരിശീലനം നൽകി. കുടുംബങ്ങളിൽ പോലും കുട്ടികൾ സുരക്ഷിതരല്ലെന്ന നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ ബാല സൗഹൃദ രക്ഷാകർതൃത്വം, സുരക്ഷിത ബാല്യം സുന്ദര ഭവനമെന്ന വിപുലമായ അവബോധ പരിപാടി സംഘടിപ്പിച്ചു. കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർക്ക് വിദഗ്ധ പരിശീലനം നൽകി റിസോഴ്സ് പേഴ്സൺസ് പൂൾ രൂപീകരിച്ചു. ഇവരുടെ സേവനം പ്രയോജനപ്പെടുത്തി പ്രാദേശികതല പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സമഗ്ര ശിക്ഷാ കേരളം, എസ്.സി.ഇ.ആർ.ടി എന്നിവയുമായി സഹകരിച്ച് സ്കൂൾ അധ്യാപകർക്ക് ആദ്യഘട്ട പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഏഴ് നിയമസഭാ മണ്ഡലങ്ങൾ ബാലസൗഹൃദമാക്കാൻ പരിശീലന പരിപാടികളും സെമിനാറുകളും നടത്തി.

## ട്രാൻസ്ജെൻഡർ

### 774. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ ട്രാൻസ്ജെൻഡറിന് പ്രത്യേക പരിഗണന നൽകാനുതകുന്ന നിലയിലുള്ള ട്രാൻസ്ജെൻഡർ പോളിസിക്കു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കും.

ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മഴവില്ല് എന്ന സമഗ്ര പദ്ധതി ഈ മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾ ഉൾപ്പെടെയുള്ള ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ വിദഗ്ധരെ സൃഷ്ടിച്ചെടുക്കുന്നതിന് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രായോഗിക പരിശീലന പരിപാടികൾ ആരംഭിച്ചു.

സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ട്രാൻസ് ജെൻഡർ വ്യക്തികൾക്കായി നടപ്പിലാക്കിവരുന്ന 'മഴവില്ല്' എന്ന സമഗ്ര പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിരവധി പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിദൂര വിദ്യാഭ്യാസത്തിലൂടെ ഡിഗ്രി/പിജി കോഴ്സുകൾ പഠിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒരുവർഷം 24,000 രൂപവരെ ധനസഹായമായി അനുവദിക്കുന്ന വർണ്ണം പദ്ധതി ഇതിൽ ഒന്നാണ്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ടു ആത്മഹത്യാ പ്രവണത, വിഷാദം, അമിത ഉത്കണ്ഠ എന്നിവ പ്രതിരോധിക്കുന്നതിന് ട്രാൻസ്ജെൻഡർ വ്യക്തികളെ തന്നെ കൗൺസിലിംഗ് പരിശീലനം നൽകി പിയർ കൗൺസിലർമാരാക്കി ജില്ലകളിൽ പ്രവർത്തന നിരതരാക്കിയ പ്രത്യേക പരിശീലന പരിപാടിയാണ് പിയർ സപ്പോർട്ട് പ്രാക്ടിസ്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാഭിരുചിയും സർഗ്ഗ വാസനയും പരിപോഷിപ്പിക്കുന്നതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ കലോൽത്സവവും മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം നൽകുന്ന യത്നം പദ്ധതിയും സർക്കാരിന്റെ പ്രധാന ഇടപെടലുകളാണ്. യത്നം പദ്ധതിയിൽ പി.എസ്.സി/യു.പി.എസ്.സി/ബാങ്കിംഗ് ഉന്നത വിദ്യാഭ്യാസ യോഗ്യത പരീക്ഷകൾ എന്നിവയ്ക്ക് പരമാവധി 40,000 രൂപവരെ നൽകുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര ധനസഹായം നൽകുന്ന പദ്ധതിയായ കരുതൽ, കേരളാ ദുരന്തനിവാരണ അതോറിറ്റിയും സാമൂഹ്യനീതി വകുപ്പും ചേർന്ന് ട്രാൻസ്ജെൻഡർ/ക്വിയർ വ്യക്തികൾക്കായി സംസ്ഥാനതലത്തിൽ നടത്തുന്ന ദുരന്ത നിവാരണ പരിശീലന പരിപാടി, ജെൻഡർ ബോധവൽക്കരണത്തിനായി ജില്ലകളിൽ റിസോഴ്സ് പൂൾ, സംരംഭകത്വ വികസന പരിപാടി എന്നിവ മറ്റു ചില ഉദാഹരണങ്ങളാണ്.

ആദം ഹാരി എന്ന ട്രാൻസ്ജെൻഡർ വ്യക്തിക്ക് പൈലറ്റ് കോഴ്സ് പൂർത്തീകരിക്കുന്നതിനായി 25,43,062 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ തുടർന്ന് പോരുന്നതിന് പുറമെ "സാകല്യം" പദ്ധതിയും ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ അഭിരുചി, സർഗ്ഗാത്മകത, പ്രായോഗിക ശേഷി എന്നിവ വിലയിരുത്തി ആവശ്യമായ പരിശീലനവും



പിന്തുണയും നൽകി കലാ ടീം രൂപീകരിച്ച് ടൂറിസം കേന്ദ്രങ്ങളിലടക്കം കലാപ്രദർശനം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്താൻ ഉതകുന്ന തരത്തിൽ "അനന്യം" എന്ന പദ്ധതിയും നടപ്പിലാക്കി. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹ്രസ്വകാല താമസത്തിനായി ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്ന പദ്ധതിക്കും തുടക്കം കുറിച്ചു.

ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം 4.98 കോടി രൂപ അനുവദിച്ചിരുന്നു. 2025-26 വർഷം തുക 5.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സാകല്യം പദ്ധതിയുടെ ഭാഗമായി നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് ട്രാൻസ് ജെൻഡർ വ്യക്തികൾക്കായി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വനിതാ വികസന കോർപ്പഷനുമായി ചേർന്ന് വായ്പ നൽകുന്ന പദ്ധതിയിലൂടെ 50 -ഓളം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനു സാധിച്ചിട്ടുണ്ട്. വ്യക്തിഗത വായ്പയായി പരമാവധി മൂന്ന് ലക്ഷം രൂപയും, ഗ്രൂപ്പ് ആയി അപേക്ഷിക്കുന്നവർക്ക് പരമാവധി അഞ്ച് ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. ഇതിനായി 80 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷൻ കൈമാറിയിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കലാകായിക മേഖലകളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ആവശ്യമായ പരിശീലനം നൽകുന്നതിനായി "പ്രതിഭ" പദ്ധതി നടപ്പാക്കി. സൗന്ദര്യ മത്സരങ്ങൾ, ബോഡി ബിൽഡിങ് മത്സരങ്ങൾ തുടങ്ങിയവയിൽ ട്രാൻസ് ജെൻഡർ വ്യക്തികളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് ഇതു സഹായകമാവും.

ട്രാൻസ്ജെൻഡർ വ്യക്തികൾ സാമൂഹികമായി നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ആധുനിക വിവര സാങ്കേതിക സജ്ജീകരണങ്ങളുള്ള ഒരു ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ എറണാകുളത്ത് കാക്കനാട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന വകുപ്പ് നടത്തിയ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക-സാമ്പത്തിക സർവ്വേയിൽ കണ്ടെത്തിയ 1,629 ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഇന്റിവിജുവൽ കെയർ പ്ലാൻ രൂപീകരിക്കുന്നതിനും, അതുവഴി ഓരോ വ്യക്തിയ്ക്കും പ്രയോജനപ്രദമായ രീതിയിൽ സഹായം എത്തിക്കുന്നതിനും ക്രൈസിസ് ഇന്റർവെൻഷൻ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. 2025-26 വർഷത്തിൽ തന്നെ സെന്ററിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ, ട്രാൻസ്ജെൻഡർ പോളിസി കാലോചിതമായി പരിഷ്കരിക്കുന്നതിനും, സംസ്ഥാന ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്ത് ആരോഗ്യവകുപ്പ് മുഖേന കോട്ടയം മെഡിക്കൽകോളേജിൽ പ്രവർത്തിക്കുന്ന ഒരേയൊരു ട്രാൻസ്ജെൻഡർ ക്ലിനിക്കിനെ 'സെന്റർ ഓഫ് എക്സെലൻസ്' ആയി ഉയർത്തുന്ന പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

775. ട്രാൻസ്ജെൻഡർമാർക്ക് സ്വയംതൊഴിലിന് പലിശ, സബ്സിഡിയോടുകൂടിയ വായ്പകൾ, എല്ലാ ജില്ലകളിലും ഹ്രസ്വകാല താമസത്തിനായി ട്രാൻസ്ജെൻഡർ ഹോമുകൾ, പ്രത്യേക ഭവനവായ്പ, പഠനത്തിനു കൂടുതൽ സ്കോളർഷിപ്പുകൾ എന്നിവ അനുവദിക്കും.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം വായ്പ അനുവദിച്ചു വരുന്നു.

സർജറി കഴിഞ്ഞവർക്കും, ക്രൈസിസിൽപ്പെടുന്നവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ട്രാൻസ്മെൻ, ട്രാൻസ് വുമൺ വെവ്വേറെ) ഹ്രസ്വകാല താമസ സൗകര്യം ഒരുക്കുന്ന ഷോർട്ട് സ്റ്റേ ഹോം പദ്ധതി പ്രകാരം ട്രാൻസ്മെന്നിനായി തിരുവനന്തപുരത്തും വിമണിനായി എറണാകുളത്തും ട്രാൻസ്ജെൻഡർ കെയർഹോമുകൾ പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ ട്രാൻസ് ജെൻഡർ വ്യക്തികൾ ലൈഫ് മിഷന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭവനനിർമ്മാണത്തിന്റെ അടിയന്തിര പ്രശ്നം പരിഹരിക്കുന്നതിനായി ട്രാൻസ് ജെൻഡർ ഭവനപദ്ധതി 2025-26 വർഷം ആരംഭിക്കുവാൻ തീരുമാനിച്ചു.

1. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന 4 ലക്ഷം രൂപക്ക് പുറമേ സാമൂഹ്യനീതി വകുപ്പിൽ നിന്നും 2 ലക്ഷം രൂപ വീതം പദ്ധതി മുഖേന അനുവദിക്കുന്നതാണ്.

2. സ്വന്തമായി ഭൂമിയുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭവനനിർമ്മാണത്തിന് 6 ലക്ഷം രൂപ വീതം അനുവദിക്കുന്നതാണ്.

3. സ്വന്തമായി ഭൂമിയോ, ഭവനമോ ഇല്ലാത്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭൂമി വാങ്ങുവാനും ഭവനനിർമ്മാണത്തിനുമായി പരമാവധി 15 ലക്ഷം രൂപ വരെ സർക്കാർ കണ്ടെത്തുന്ന ഒരു ധനകാര്യ സ്ഥാപനം മുഖേന വായ്പ അനുവദിക്കുന്നതും വായ്പയുടെ പലിശ വകുപ്പ് വഹിക്കുന്നതുമാണ്.

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി നിരവധി വിദ്യാഭ്യാസ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഏഴാം ക്ലാസ് മുതൽ പിജി തലം വരെ പഠനസഹായം അനുവദിക്കുന്ന

സ്കോളർഷിപ്പ് പദ്ധതി, ഉന്നത വിദ്യാഭ്യാസത്തിനു സഹായിക്കുന്ന സഫലം പദ്ധതി, വിദൂര വിദ്യാഭ്യാസത്തിനു സഹായിക്കുന്ന വർണ്ണം പദ്ധതി എന്നിവ കൂടാതെ, മത്സരപരീക്ഷകൾക്ക് പങ്കെടുക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി, വിദേശവിദ്യാഭ്യാസത്തിനു സഹായിക്കുന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി എന്നിവ വകുപ്പ് പുതുതായി ആവിഷ്കരിച്ച പദ്ധതികളാണ്.

776. വിദഗ്ദ്ധ സേവനം നൽകാനുള്ള സൗകര്യമൊരുക്കുന്നതാണ്.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട വിദഗ്ധ സേവനങ്ങൾ നൽകുന്നതിനായി ഒരു മാർഗ്ഗരേഖ രൂപീകരിയ്ക്കുന്നതിന് തീരുമാനിക്കുകയും, ഇതിനായി സർക്കാർ തലത്തിൽ ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യപടിയായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഒരു ദ്വിദിന ശില്പശാല തിരുവനന്തപുരം ഐ.എം.ജിൽ വച്ചു സംഘടിപ്പിക്കുകയും കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് അന്തിമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് ലിംഗമാറ്റ ശസ്ത്രക്രിയ്ക്കും തുടർചികിത്സയ്ക്കും തുക അനുവദിക്കുന്നുണ്ട്. ട്രാൻസ്മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപയും, ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി 2.50 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. അടിയന്തിര ആരോഗ്യപ്രശ്നങ്ങൾക്ക് (സർജറി ഉൾപ്പെടെ) സഹായം നൽകുന്നതിനായി "കരുതൽ" എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ സമഗ്ര ആരോഗ്യപരിപാലനവും, സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു ഹെൽത്ത് പ്രോട്ടോക്കാൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നടന്നു വരികയാണ്.

# X

# ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും

777. ബജറ്റിൽ ധനദൃഢീകരണ നയങ്ങൾ പിന്തുടരും. റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കും. ധനക്കമ്മി 2022-23 മുതൽ മൂന്നു ശതമാനത്തിൽ നിലനിർത്തും. ഇതു സാധിക്കണമെങ്കിൽ റവന്യൂ വരുമാനം പ്രതിവർഷം 15 ശതമാനമെങ്കിലും ഉയരേണ്ടിവരും. 2006-2011 ഇടതുപക്ഷ സർക്കാരിന്റെ കാലത്തെന്ന പോലെ 20 ശതമാനം വർദ്ധനയാണ് ലക്ഷ്യമിടുക.

അക്കൗണ്ടന്റ് ജനറലിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണ്. ധനക്കമ്മി 2024-25 ൽ 3.40 ശതമാനമാണ്. റവന്യൂ കമ്മി 2.29 ശതമാനമാണ്. തനത് നികുതി വരുമാനം 2020-21 ൽ 47,000 കോടി രൂപയായിരുന്നു. 2021-22 ൽ 58,340 കോടി രൂപയായും 2023-24 ൽ 71,968 കോടി രൂപയായും 2024-25ൽ 81,627 കോടി രൂപയായും ഉയർന്നു.

778. ബജറ്റിനുള്ളിലെ മൂലധനച്ചെലവ് ഗണ്യമായി ഉയർത്തും. റവന്യൂ കമ്മി കുറയ്ക്കുന്നതിന്റെ ലക്ഷ്യം ഇതാണ്. സംസ്ഥാന വരുമാനത്തിന്റെ രണ്ടു ശതമാനമായി മൂലധനച്ചെലവ് ഉയർത്തുകയാണ് ലക്ഷ്യം.

സംസ്ഥാനത്തിന്റെ മൂലധന ചിലവ് 2022-23 സാമ്പത്തിക വർഷം 16,787.49 കോടി രൂപയായിരുന്നത് 2023-24ൽ 16,880.17 കോടി രൂപയായി വർദ്ധിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ 2025 ജനുവരി വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം മൂലധന ചിലവ് 13,579 കോടി രൂപയാണ്. മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 732 കോടി രൂപയുടെ വർദ്ധനവുണ്ടായി. ഈ സർക്കാരിന്റെ കാലത്ത് മൂലധന ചിലവ് 26,845 കോടി രൂപയിലേക്ക് ഉയരുകയാണ്.

## നികുതി ഭരണം

779. ജി.എസ്.ടി സംസ്ഥാനങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമാണെന്നു മാത്രമല്ല, വരുമാനം പ്രതീക്ഷയ്ക്കനുസരിച്ച് ഉയരുകയുമുണ്ടായില്ല. ജി.എസ്.ടിയിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ പരിഷ്കാരങ്ങൾക്കു വേണ്ടി കേരളം ശക്തമായ നിലപാടുകൾ സ്വീകരിക്കും.

ജി.എസ്.ടിയിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ പരിഷ്ക്കാരങ്ങൾക്ക് വേണ്ടി ശക്തമായ നിലപാടുകൾ ജി.എസ്.ടി കൗൺസിലിൽ കേരളം സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖല,

വെളിച്ചെണ്ണയുടെ നികുതി വർദ്ധനവ്, ജി.എസ്.ടി അപ്പലേറ്റ് ട്രിബ്യൂണലിന്റെ രൂപീകരണം, ഓൺലൈൻ ഗെയിമുകൾ ഉൾപ്പെടെയുള്ള ചൂതാട്ടങ്ങൾക്ക് 28% നികുതി, ചൂതാട്ടത്തിന്റെ മുഖവിലയ്ക്ക് ജി.എസ്.ടി തുടങ്ങിയ വിഷയങ്ങളിൽ കേരളം ശക്തമായി ഇടപെട്ടു. കേരളത്തിന്റെ ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തിന്റെ താൽപര്യം മുൻനിർത്തിയുള്ള തീരുമാനങ്ങൾ ജി.എസ്.ടി കൗൺസിലിലുണ്ടായി.

ജി.എസ്.ടിയുടെ സംസ്ഥാന വിഹിതം 60 ശതമാനമാക്കണമെന്ന ആവശ്യം ജി.എസ്.ടി കൗൺസിലിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും കേന്ദ്ര സർക്കാരോ ജി.എസ്.ടി കൗൺസിലോ എടുത്തിട്ടില്ല.

ജി.എസ്.ടി നിരക്കുകൾ പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്തു. തുടർ ചർച്ചകൾക്കും നടപടികൾക്കുമായി സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഉൾപ്പെട്ട മന്ത്രിതല സമിതി ജി.എസ്.ടി കൗൺസിൽ രൂപീകരിച്ചു. സമിതിയുടെ ഇടക്കാല റിപ്പോർട്ട് ജി.എസ്.ടി കൗൺസിലിൽ സമർപ്പിച്ചു.

780. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ കാര്യക്ഷമത ഉയർത്തും : നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഓഫീസുകൾ നവീകരിക്കും. തേർഡ് പാർട്ടി വിവരങ്ങളും ഡാറ്റ അനാലിസിസും ഉപയോഗപ്പെടുത്തും.

ജി.എസ്.ടി സംവിധാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി ഉദ്യോഗസ്ഥരുടെ പ്രവർത്തനരീതിയും നികുതിപിരിവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുനഃസംഘടന പൂർത്തീകരിച്ചു.

പൊതുജനങ്ങളിലും നികുതിദായകരിലും ജി.എസ്.ടി അവബോധം വളർത്താൻ വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ, പത്രക്കുറിപ്പുകൾ, പത്രപ്പരസ്യങ്ങൾ, എഫ്.എം റേഡിയോ പരസ്യങ്ങൾ, ടി.വി പരസ്യങ്ങൾ, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ എന്നിവ നടത്തിവരുന്നു. ബില്ല് ചോദിച്ച് വാങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പരസ്യങ്ങളും ബോധവൽക്കരണ ക്യാമ്പയിനുകളുടെയും ഫലമായി ബില്ല് ചോദിച്ച് വാങ്ങാൻ പൊതുജനങ്ങളെ പ്രേരിപ്പിച്ചു.

ബ്രാൻഡിങിന്റെ ഭാഗമായി ജി.എസ്.ടി വകുപ്പിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിന് പുതിയ ടാഗ്‌ലൈനും ലോഗോയും വികസിപ്പിച്ചു. വകുപ്പിന്റെ എല്ലാ ബോധവൽക്കരണ ക്യാമ്പയിനുകളിലും നവീകരിച്ച ലോഗോയും ടാഗ്‌ലൈനും ഉപയോഗിച്ചുവരുന്നു.

കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ വികസിപ്പിച്ച ലക്കി ബിൽ മൊബൈൽ ആപ്പ് വഴി ബഹുജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകൾ നേരിട്ട് വകുപ്പിന് ലഭ്യമാകും. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നത്. ലക്കി ബിൽ ആപ്പിൽ അപ്‌ലോഡ് ചെയ്യപ്പെടുന്ന ബില്ലുകൾക്ക് നറുക്കെടുപ്പിലൂടെ പ്രതിദിന, പ്രതിവാര, പ്രതിമാസ സമ്മാനങ്ങളും ബമ്പർ സമ്മാനവും നൽകും.

എല്ലാ ജില്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കി. 80,000 തേർഡ് പാർട്ടി വിവരങ്ങൾ പരിശോധിച്ച് ജി.എസ്.ടി രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചു. നികുതി നിർണ്ണയത്തിൽ ഡേറ്റാ അനാലിസിസ് സംവിധാനം നടപ്പാക്കി.

ചരക്കുസേവന നികുതി നിയമം നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന നികുതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ കുടിശ്ശികയായ നികുതി അടച്ചുതീർക്കൽ ലക്ഷ്യമിട്ട് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി.

781. വാഹനപരിശോധന ശക്തിപ്പെടുത്തും. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് സംവിധാനം നടപ്പിലാക്കും. ഉദ്യോഗസ്ഥർക്കു വേണ്ടി മൊബൈൽ ആപ്പുകൾ രൂപകൽപന ചെയ്യും. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ വാഹനങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും.

ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

782. ഇ-ഇൻവോയ്സ് നടപ്പാക്കും. ചരക്കുസേവന നികുതി വകുപ്പിന്റെ കാര്യക്ഷമത ഉയർത്തും, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് സമ്പ്രദായം നടപ്പാക്കും. ഉദ്യോഗസ്ഥർക്കായി മൊബൈൽ ആപ്പുകൾ രൂപകൽപ്പന ചെയ്യും. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ വാഹന നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും.

അഞ്ച് കോടിയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ളവർക്ക് ബി-ടു-ബി ഇൻവോയ്സ് നിർബന്ധമാക്കി. സംസ്ഥാന അതിർത്തികളിൽ 23 ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.

783. നികുതിദായകരോട് സൗഹൃദപരമായ സമീപനം സ്വീകരിക്കും. അപ്പീലുകളുടെ കോർട്ട് ഫീ കുറയ്ക്കും. നികുതിദായക റിപ്പോർട്ട് കാർഡ് നടപ്പാക്കും. ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളടക്കം കാര്യക്ഷമമാക്കാൻ കഴിയും. അപ്പലേറ്റ് ട്രിബ്യൂണൽ ആരംഭിക്കും. ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചത് വഴി വകുപ്പിലെ ജീവനക്കാർക്ക് നികുതിദായകരോട് കൂടുതൽ സൗഹൃദപരമായി ഇടപെടാനുള്ള അവസരം സൃഷ്ടിച്ചു. 2021 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം ജി.എസ്.ടിയുമായി ബന്ധപ്പെട്ട അപ്പീലുകളിന്മേലുള്ള കോർട്ട് ഫീസ് പരമാവധി ഇരുപതിനായിരം രൂപയായി കുറച്ചു. 2023 ലെ കേരള ഫിനാൻസ് ബിൽ പ്രകാരം കേരള പൊതുവിൽപന നികുതിനിയമം, കേരള മൂല്യവർധിത നികുതി നിയമം, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം എന്നിവ പ്രകാരമുള്ള അപ്പീലുകൾക്ക് പരമാവധി കോർട്ട് ഫീസ് ഇരുപതിനായിരം രൂപയാക്കി കുറച്ചിട്ടുണ്ട്. കൃത്യമായി നികുതി അടയ്ക്കുന്ന നികുതിദായകർക്ക് ടാക്സ് പേയർ റേറ്റിംഗ് കാർഡ് നൽകിവരുന്നു.

784. ഇൻഫോർമർ സ്കീം നടപ്പിലാക്കും.

നടപ്പിലാക്കി

785. 2021 ൽ വാറ്റിന്റെ ലഗസി കുടിശ്ശികകൾ തീർക്കും. നികുതി വകുപ്പ് പൂർണ്ണമായും ജി.എസ്.ടിക്കുവേണ്ടി പുനഃസംഘടിപ്പിക്കും.

വാറ്റ് ലെഗസി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക തീർപ്പാക്കലിന് ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി. കേരള ഫിനാൻസ് ബില്ല് അപ്പീൽ നടപടികൾ ലളിതമാക്കി.

786. വാറ്റ് നികുതി കുടിശികക്കാർക്കായി സമഗ്രമായ ആംനസ്റ്റി പദ്ധതി ഒരു വർഷം കൂടി ഉദാരമായി തുടരും. 2022 ൽ വാറ്റ് സംബന്ധിച്ചിട്ടുള്ള പുതിയ പരിശോധനകളെല്ലാം അവസാനിപ്പിക്കും.

ആംനസ്റ്റി പദ്ധതി 2022 ലും തുടർന്നു. വാറ്റ് സംബന്ധിച്ച പുതിയ പരിശോധനകൾ അവസാനിച്ചു.

787. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനുമായി സഹകരിച്ച് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകും.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനുമായി സഹകരിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

788. എൽ.എൻ.ജി / സി.എൻ.ജിയുടെ മേലുള്ള വാറ്റ് നികുതി തമിഴ്നാടിന് തുല്യമായി 5 ശതമാനമായി കുറയ്ക്കും.

എൽഎൻജി / സിഎൻജി എന്നിവയിന്മേലുള്ള വാറ്റ് നികുതി 5% ആയി കുറച്ചിട്ടുണ്ട്.

789. എഫ്.എ.സി.റ്റി പോലുള്ള സ്ഥാപനങ്ങൾക്കും സിറ്റി ഗ്യാസ് പ്രോജക്ടിനും ഗാർഹികോപഭോക്താക്കൾക്കും ഈ നികുതിയിളവ് ബാധകമാക്കും.

ബാധകമാക്കിയിട്ടുണ്ട്.

## കേരള മണി ലെൻഡേഴ്സ് ആക്ട്

790. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, മൊബൈൽ ആപ്പുകൾ വഴി പണം വായ്പ കൊടുക്കുന്നതായും അമിത പലിശ ഈടാക്കുന്നതായും പരാതികൾ ഉയരുന്നുണ്ട്. ഇത്തരം നിയമവിരുദ്ധ പ്രവണതകൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കും.

നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനായി കേരള മണി ലെന്റിംഗ് ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

791. നിയമവകുപ്പുമായി ആലോചിച്ച് കേരള മണി ലെൻഡിങ് ആക്ടിൽ യുക്തമായ ഭേദഗതികൾ വരുത്തും.

കേരള മണി ലെൻഡിങ് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കേരള ബാങ്ക്

792. സംസ്ഥാനത്തിന്റെ വികസനത്തിന് ബജറ്റിലൂടെയുള്ള വിഭവ സമാഹരണം അപര്യാപ്തമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നൂതനങ്ങളായ നടപടികൾ സംസ്ഥാനത്ത് അഞ്ചു വർഷത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾക്ക് വികസനത്തിൽ നിർണായകമായ പങ്കു വഹിക്കാൻ കഴിയും. ഇതിലേറ്റവും പ്രധാനം കിഫ്ബിയാണ്. കിഫ്ബി പശ്ചാത്തല സൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപത്തിനാണെങ്കിൽ കേരള ബാങ്കാവട്ടെ കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തന മൂലധനമടക്കം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ളതാണ്.

വായ്പ ബാക്കിനിൽപ്പ് 50,000 കോടി രൂപ പിന്നിടുന്ന ഇന്ത്യയിലെ ആദ്യ സഹകരണ ബാങ്കെന്ന ചരിത്ര നേട്ടം കേരള ബാങ്ക് കൈവരിച്ചു. കേരള ബാങ്കിന്റെ വായ്പയിൽ 25 ശതമാനം കാർഷിക മേഖലയിലാണ്. കാർഷിക വായ്പകൾക്ക് പുറമേ വ്യവസായ സംരംഭങ്ങൾക്കും റീട്ടെയിൽ സ്ഥാപനങ്ങൾക്കുമായി കെ.ബി മിത്ര, കെ.ബി ജി.എസ്.ടി മിത്ര, കെ.ബി പ്രവാസി ഭദ്രത, കെ.ബി സുവിധ പ്ലസ്, കെ.ബി യുവമിത്ര, കെ.ബി സുവിധ കിരൺ തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കി. ക്ഷീര കർഷകരുടെ ഉന്നമനത്തിനായി ക്ഷീര മിത്ര വായ്പാ പദ്ധതി ക്ഷീര സംഘടനയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. വനിത സംരംഭകർക്കും തൊഴിലാളികൾക്കും ഷീ ടൂവീലർ എന്ന പേരിൽ ഇരുചക്ര വാഹന വായ്പ നടപ്പിലാക്കിയിട്ടുണ്ട്.

793. ബാങ്കിന്റെ എൻ.പി.എ റിസർവ്വ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കുറയ്ക്കും.

കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന നിലവാരത്തിലേയ്ക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. എൻ.പി.എ റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്ന 5%ത്തിൽ എത്തിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. 31.03.2020ൽ 6,127 കോടി രൂപ (15.26%) ആയിരുന്നു എൻ.പി.എ. 31.03.2024ൽ ഇത് 5,564 കോടി രൂപ(11.45%) ആയി കുറയ്ക്കാൻ കഴിഞ്ഞു.

794. എൻ.ആർ.ഐ ഡെപ്പോസിറ്റിനുള്ള അനുമതി ആർ.ബി.ഐയിൽ നിന്നും വാങ്ങും.

എൻ.ആർ.ഐ ഡെപ്പോസിറ്റിനുള്ള അനുമതിക്കായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന എൻ.പി.എ ശതമാനം കൈവരിക്കാനും മാനദണ്ഡങ്ങൾക്കനുസൃതമായി എൻ.ആർ.ഐ ബാങ്കിംഗ് ലൈസൻസ് നേടുന്നതിനും പരിശ്രമങ്ങൾ നടത്തിവരുന്നു. ബാങ്കിന്റെ സ്ഥിതി വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ കത്ത് ആർ.ബി.ഐയ്ക്ക് കൈമാറിയിട്ടുണ്ട്.

795. കൃഷിക്കും കാർഷിക വ്യവസായ സംരംഭങ്ങൾക്കുമുള്ള വായ്പ വർദ്ധിപ്പിക്കും.

31.03.2025 ലെ കണക്ക് പ്രകാരം കേരള ബാങ്കിന്റെ കാർഷിക വായ്പാ ബാക്കി നിൽപ്പ് 13,137




കോടി രൂപയാണ്. ഇത് മൊത്തം വായ്പയുടെ 26% വരും. മറ്റു ബാങ്കുകളിൽ കാർഷിക വായ്പ ശരാശരി 18% ആണ്. 2024- 25 സാമ്പത്തിക വർഷം 1,30,774 കർഷകർക്കായി 3,340 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി 1,112 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്. 2025 വർഷം ഐക്യരാഷ്ട്ര സംഘടന അന്തർദേശീയ സഹകരണ വർഷമായി ആചരിക്കുകയാണ്. സുസ്ഥിര വികസനത്തിനായി "സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം" എന്നതാണ് പ്രധാന അജണ്ട. ഈ ലക്ഷ്യത്തെ പിന്തുടർന്നു കൊണ്ട് സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന് കേരള ബാങ്ക് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കും. ആദ്യപടിയായി കേരളത്തിലെ ക്ഷീര കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രം മിൽമയുമായി ഒപ്പുവച്ചു. ധാരണ പ്രകാരം 2025-26 സാമ്പത്തിക വർഷം 500 കോടി രൂപ ക്ഷീര കർഷകർക്ക് വായ്പ നൽകാൻ ലക്ഷ്യമിടുന്നു.

കേരള ബാങ്കിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 100 കർഷക ഉൽപ്പാദക സംഘങ്ങൾ (FPOs) രൂപീകരിക്കുന്നതിനായി 10 കോടി രൂപ സർക്കാർ അനുവദിക്കുകയും ഇതുവരെ 36 FPO കൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 2025-26 സാമ്പത്തിക വർഷം ഇത് 100 കർഷക ഉൽപ്പാദക സംഘങ്ങളായി ഉയർത്തും. പ്രാഥമിക സംഘങ്ങൾ വഴി 216 പ്രോജെക്ട് വായ്പകളിലായി 467 കോടി രൂപ അനുവദിച്ചു നൽകി. ഇതിൽ 75 ലധികം യൂണിറ്റുകൾ പ്രവർത്തിച്ചു തുടങ്ങി. തൻവർഷം 150 പ്രൊജെക്ടുകൾ പ്രവർത്തനക്ഷമമാകും.

## സഹകരണം

### 796. പ്രാഥമിക സഹകരണ ബാങ്കുകളെ അട്ടിമറിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ജനകീയ പ്രതിരോധം ഉയർത്തും.

കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടി ചേർത്ത് 194 എൻ എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി

ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകി. നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകി. കേന്ദ്ര സർക്കാർ നടപടികൾ കൈക്കൊണ്ടില്ല. നികുതി വകുപ്പ് നിലപാടിനെതിരെ വിവിധ സംഘങ്ങൾ ബഹു. ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചു. 194 എ പ്രകാരം റ്റി.ഡി.എസ് ഈടാക്കണമെന്ന വ്യവസ്ഥ ആദായ നികുതി വകുപ്പ് നടപ്പാക്കുന്നു. ഇതിനെതിരെയും സ്റ്റേ നേടിയിട്ടുണ്ട്.

797. അപ്പെക്സ് ബാങ്കു വഴി കോർ ബാങ്കിംഗ് സംവിധാനത്തിൽ ഇടപാടുകാരെ പങ്കാളിയാക്കും. എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്കു ലഭ്യമാക്കും.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് 1,636 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും 3,800 ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

798. കോർ ബാങ്കിംഗിന്റെ ഭാഗമാകുന്നതോടെ സഹകരണ ബാങ്കുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാങ്കറാക്കി ഉയർത്തും.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് 1,636 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും 3,800 ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക സഹകരണ ബാങ്കുകൾക്കായി തയ്യാറാക്കുന്ന പൊതു സോഫ്റ്റ്വെയർ കേരള ബാങ്കിന്റെ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് പ്രാഥമിക സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിങ് സംവിധാനങ്ങളായ എ.റ്റി.എം സൗകര്യം, നെഫ്റ്റ്, ആർ.റ്റി.ജി.എസ് ബാങ്കുകൾ തമ്മിലുള്ള ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

799. പച്ചക്കറി തറവില നടപ്പിലാക്കുന്നതിനുള്ള കോപ്മാർട്ടുകൾ അതിവേഗത്തിൽ സാർവ്വത്രികമാക്കും.

പച്ചക്കറി തറവില നടപ്പാക്കുന്നതിന് കോപ്മാർട്ടുകൾ സാർവത്രികമാക്കുന്നതിനായി 251 പ്രാഥമിക സഹകരണ സംഘങ്ങളെ തിരഞ്ഞെടുത്തു. കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാന വിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് സംഭരണ ഏജൻസികളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തിരഞ്ഞെടുത്ത് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

800. നാളികേര സംഭരണ സംസ്കരണത്തിലേക്ക് പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കും.

കൊപ്രയുടെ താങ്ങുവില പദ്ധതി പ്രകാരം കർഷകരിൽ നിന്നും കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി. 30 സഹകരണ സംഘങ്ങൾ തനതായി നാളീകേരം സംഭരിച്ചും അല്ലാതെയും വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ചുവരുന്നു.

## കെ.എഫ്.സി

801. കെ.എഫ്.സി 1951ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ടിനു കീഴിലാണ് പ്രവർത്തിക്കുന്നത്. ഇതിനു പകരം സംസ്ഥാന സർക്കാരിന്റെ നിയമത്തിനു കീഴിൽ പ്രവർത്തിക്കുന്ന കമ്പനിയായി പുനഃസംഘടിപ്പിക്കും.

കെ.എഫ്.സി നിലവിൽ എസ്.എഫ്.സി ആക്ട്, 1951 പ്രകാരം പ്രധാനമായും എം.എസ്.എം.ഇ-കൾക്കും മറ്റ് സേവന മേഖലകൾക്കും വായ്പ നൽകുന്ന ഒരു സംസ്ഥാന ധനകാര്യ കോർപ്പറേഷനാണ്. കെ.എഫ്.സിയെ ഒരു കമ്പനിയായി പുനഃസംഘടിപ്പിക്കാൻ കമ്പനീസ് ആക്ട് 2013 പ്രകാരമുള്ള ഒരു നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി (എൻ.ബി.എഫ്.സി) ആയി രൂപപ്പെടുത്തണം. ഇതിന് സെബി/ആർ.ബി.ഐ അനുമതികൾ വേണം.

802. റിസർവ് ബാങ്കിന്റെ അനുമതിയോടെ ഡെപ്പോസിറ്റ് സമാഹരിക്കുന്ന ധനകാര്യ സ്ഥാപനമാക്കും. ഇത് കൂടുതൽ വിഭവങ്ങൾ സമാഹരിക്കുന്നതിനും സംരംഭകർക്ക് കൂടുതൽ സഹായകരമായ വായ്പ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സഹായിക്കും.

കെ.എഫ്.സിയെ ആർ.ബി.ഐ അംഗീകാരത്തോടെ ഡെപ്പോസിറ്റ് സ്വീകരിക്കുന്ന ധനകാര്യ സ്ഥാപനമാക്കി മാറ്റാൻ, അതിനെ ഒരു ഡെപ്പോസിറ്റ് ടേക്കിംഗ് എൻ.ബി.എഫ്.സി (എൻ.ബി.എഫ്.സി.ഡി) ആയി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനായി ആർ.ബി.ഐ അനുമതി ആവശ്യമാണ്.

# കെ.എസ്.എഫ്.ഇ

803. 2015-16 ൽ കെ.എസ്.എഫ്.ഇയുടെ ടേണോവർ 28,960 കോടി രൂപയായിരുന്നത് 2020-21 ൽ 51,000 കോടി രൂപയായി. ഇത് ഒരു ലക്ഷം കോടി രൂപയായി ഉയർത്തും.

2020-21 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ എത്തിച്ചേർന്നിരുന്ന 52,762 കോടി രൂപയുടെ ആകെ ബിസിനസ്സ് ക്രമാനുഗതമായി പുരോഗമിച്ച് ഇക്കഴിഞ്ഞ 2024-25 സാമ്പത്തിക വർഷം 94,553 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ചിട്ടി വാർഷിക ബിസിനസ്സ് 44,287 കോടി രൂപയായും നിക്ഷേപം 31,193 കോടി രൂപയായും വായ്പ 19,073 കോടി രൂപയായും ഉയർന്നതിന്റെ ഫലമായാണ് ആകെ ബിസിനസ്സിൽ ഈ നിലയിലുള്ള വർദ്ധനവ് ഉണ്ടായത്. ഈ 2025 കലണ്ടർ വർഷം പൂർത്തിയാകുന്നതിന് മുൻപായി ടേണോവർ 1 ലക്ഷം കോടി രൂപ മറികടക്കുമെന്ന് കണക്കാക്കാവുന്നതാണ്.

804. പുതിയ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കും. മടങ്ങിയെത്തിയ പ്രവാസികൾക്ക് പരിഗണന നൽകി 3,000 ബിസിനസ് പ്രമോട്ടർമാരെ നിയമിക്കും.

കെ.എസ്.എഫ്.ഇ.യുടെ മാർക്കറ്റിംഗ് വിഭാഗം വികേന്ദ്രീകരിച്ച് വിപുലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിങ്ങ് വിഭാഗത്തിൽ വിപണന രംഗം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പഠനങ്ങളും വിശകലനങ്ങളും നടത്തി വരുന്നുണ്ട്. ശാഖകളിലും മേഖലാ ഓഫിസുകളിലും തനത് വിപണന രീതികൾ നടപ്പാക്കുന്നതിനും ഡിജിറ്റൽ മാർക്കറ്റിംഗ് പോലുള്ള നൂതന സമ്പ്രദായങ്ങൾക്ക് പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയിട്ടുണ്ട്. ഈ വിധം റീജിയണൽ ലെവൽ മാർക്കറ്റിങ്ങ് (ആർ.എൽ.എം) രൂപീകരിച്ച് വിപണന വിഭാഗം വികേന്ദ്രീകരണത്തിലൂടെ ശക്തിപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. അനുയോജ്യമായ യോഗ്യതയുള്ള മടങ്ങിയെത്തിയ പ്രവാസികൾ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും 700 ലധികം പേരെയാണ് ബിസിനസ്സ് പ്രൊമോട്ടർമാരായി നിയോഗിച്ചിട്ടുള്ളത്. കൂടാതെ ഗൾഫ് മേഖലയിൽ നിന്നും പ്രവാസി മലയാളികളായിട്ടുള്ള 40 ലധികം പേരും പ്രവാസി ചിട്ടികൾ മാർക്കറ്റിംഗ് ചെയ്യുന്നതിന് ബിസിനസ്സ് പ്രൊമോട്ടർമാരായി പ്രവർത്തിക്കുന്നുണ്ട്. കമ്മിഷൻ വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിലാണ് ബിസിനസ്സ് പ്രൊമോട്ടർമാരെ ഏർപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ ബിസിനസ്സ് പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

805. കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകും.

കെ.എസ്.എഫ്.ഇ. ചിട്ടികളിലെ വരിക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

806. പ്രവാസി ചിട്ടി ടേണോവർ 25,000 കോടി രൂപയായി ഉയർത്തും. ഓൺലൈൻ അധിഷ്ഠിത നിവാസി ചിട്ടികൾ തുടങ്ങും.




പ്രവാസി ചിട്ടി ടേണോവർ 25,000 കോടി രൂപയായി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. എന്നാൽ പ്രവാസ ലോകത്തിന്റെ സാമ്പത്തിക വിപണി വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ടേണോവർ 2,146 കോടി രൂപയും കിഫ്ബി നിക്ഷേപം 1,071 കോടി രൂപയുമാണ്. നിവാസി ചിട്ടികൾ ഓൺലൈൻ ആക്കുന്നതിനുള്ള പദ്ധതികൾ ക്രമാനുഗതമായി പുരോഗമിക്കുന്നു.

807. കുടിശ്ശിക നിവാരണ പദ്ധതി തുടരും.

പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതിയായി 'ആശ്വാസ് 2024-25' നടപ്പിലാക്കുകയും ഇതിലൂടെ 96.28 കോടി രൂപ ഇളവ് അനുവദിച്ചു കൊണ്ട് ഇടപാടുകാർക്ക് ആശ്വാസം നൽകി. അതോടൊപ്പം ആർ.ആർ, നോൺ-ആർ.ആർ വിഭാഗത്തിലായി 722.71 കോടി രൂപ കുടിശ്ശിക നിവാരണം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിലും അനുയോജ്യമായ കുടിശ്ശിക നിവാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

808. ചിട്ടിയേതര ബിസിനസുകൾ നടത്തുന്നതിന് കെ.എസ്.എഫ്.ഇയ്ക്ക് ഒരു പുതിയ സബ്സിഡിയറി കമ്പനി ആരംഭിക്കും.

പ്രകടന പത്രിക രൂപീകരിച്ച സമയത്ത് കെ.എസ്.എഫ്.ഇ, അതർ ലൈൻസ് ഓഫ് ബിസിനസ്സ് നടത്തുന്നതിന് തുടർച്ചയായ അനുമതി ലഭ്യമാക്കണമെന്ന കാര്യം പരിഗണിച്ചിരുന്നു. ആയതിനാൽ ചിട്ടി ഒഴികെയുള്ള ബിസിനസ്സുകൾ ചെയ്യുന്നതിന് മാത്രമായി ഒരു സബ്സിഡിയറി കമ്പനി തുടങ്ങുന്നതാണ് അഭികാമ്യം എന്ന ആലോചന ഉണ്ടായിരുന്നു. അതാണ് പ്രകടനപത്രികയുടെ ഭാഗമായത്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ കെ.എസ്.എഫ്.ഇയ്ക്ക് അതർ ലൈൻസ് ഓഫ് ബിസിനസ്സ് നിർബാധം തുടരാം. സർക്കാർ അനുമതിയോടെ ഒരു സബ്സിഡിയറി കമ്പനി രൂപീകരിക്കുന്ന കാര്യം ഡയറക്ടർ ബോർഡിന്റെ പരിഗണനയിലാണ്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## സ്റ്റേറ്റ് ഇൻഷ്വറൻസ്

809. സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിനെ പുനഃസംഘടിപ്പിക്കും. സമൂലമായ ആധുനികവൽക്കരണവും ബിസിനസ് വിപുലപ്പെടുത്താനുള്ള ഊർജ്ജിത നടപടികളും സ്വീകരിക്കും.

വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ നടപടികൾക്ക് തുടക്കം കുറിച്ചു. സർക്കാർ ജീവനക്കാർ എയ്ഡഡ് മേഖലയിലെ അധ്യാപക അനധ്യാപക ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വകലാശാലകളിലെ ജീവനക്കാർ, ഗ്രാന്റ് ഇൻ എയ്ഡുള്ള കമ്പനി/കോർപ്പറേഷൻ/ ബോർഡ് / സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ സഹകരണ ജീവനക്കാർ എന്നിവർക്കായി ഇൻഷുറൻസ് വകുപ്പ് നടപ്പാക്കി വന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി ജീവൻ രക്ഷാ പദ്ധതി എന്ന പേരിൽ വിപുലീകരിച്ചു. ആധുനികവൽക്കരിക്കുന്നതിനും വകുപ്പിന്റെ ബിസിനസ് വർദ്ധിപ്പിക്കുന്നതിനുമായി മികവുറ്റ സോഫ്റ്റ്വെയർ തയ്യാറാക്കി നൽകുന്നതിനുള്ള കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. ഇതിനായി സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## 810. കുടുംബശ്രീ, സഹകരണസംഘങ്ങൾ, തൊഴിലുറപ്പ്, ക്ഷേമനിധികൾ തുടങ്ങി സർക്കാരുമായി ബന്ധപ്പെട്ട മേഖലകളിൽ ഇൻഷ്വറൻസ് പ്രവർത്തനം വ്യാപിപ്പിക്കും.

**1) കുടുംബശ്രീ അംഗങ്ങളുടെ ഒരുമ ഇൻഷ്വറൻസ് പദ്ധതി:** കുടുംബശ്രീ അംഗങ്ങളുടെ സുരക്ഷക്കും കുടുംബങ്ങളുടെ ക്ഷേമത്തിനുമായി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് എൽ.ഐ.സിയുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരുമ. 2025 വർഷത്തെ പുതുക്കിയ പദ്ധതി പ്രകാരം 200/ രൂപ പ്രീമിയത്തിൽ സ്വാഭാവിക മരണത്തിനു നൽകുന്ന രണ്ട് ലക്ഷം രൂപയുടെ പരിരക്ഷയോടൊപ്പം അപകട മരണം / അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്കു നൽകുന്ന മുപ്പതിനായിരം രൂപയുടെ അധികം ആനുകൂല്യം കൂടി ലഭ്യമാകുന്നതാണ്. 1/4/2025 മുതൽ ഒരുമ പദ്ധതിയുടെ രണ്ടാം ഘട്ടം 25 ലക്ഷം അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടു വിപുലീകരിച്ചു നടപ്പിലാക്കിയതു വഴി കൂടുതൽ പേർക്ക് മെച്ചപ്പെട്ട പരിരക്ഷ നൽകുവാനും അതോടൊപ്പം വകുപ്പിനു 25 കോടി അധികം വരുമാനം നേടുവാൻ സാധിക്കുന്നതാണ്. 2023-24 വർഷത്തിൽ 11.25 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും 1619 പേരുടെ ആശ്രിതർക്ക് ആനുകൂല്യം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. ഏകദേശം ഒൻപത് കോടി രൂപ സാമാഹരിക്കുകയും ക്ലെയിം ഇനത്തിൽ നാലുകോടി രൂപ ആശ്രിതർക്ക് വിതരണം ചെയ്യുകയും ചെയ്തു.

**2) ഗോ സമൃദ്ധി:** മൃഗസംരക്ഷണ വകുപ്പിനായി, യുണൈറ്റ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയും ഇൻഷ്വറൻസ് വകുപ്പും ചേർന്ന് കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഗോസമൃദ്ധി. ഒരു വർഷവും മൂന്നു വർഷവും പോളിസി കാലയളവു നൽകുന്നു. കന്നുകാലികൾക്ക് പരമാവധി 65,000/ രൂപയുടെ പരിരക്ഷ ലഭിക്കുന്ന പദ്ധതിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡറി പ്രകാരം തുച്ഛമായ തുക കർഷകരിൽ നിന്നും ഈടാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കന്നുകാലിയുടെ ഉടമയ്ക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി വകുപ്പു നേരിട്ടു നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിനു കീഴിൽ വരുന്ന മുപ്പതിനായിരത്തിലധികം കന്നുകാലികൾക്കുള്ള (പശു/എരുമ) പരിരക്ഷയാണ് പദ്ധതി ഉറപ്പുവരുത്തുന്നത്.

**3) കരുതൽ (കാർഷികോദയം):** ഇൻഷ്വറൻസ് വകുപ്പ് കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് കാർഷിക കർമ്മ സേന അംഗങ്ങൾക്കുവേണ്ടി നടപ്പിലാക്കി നടപടികൾ സ്വീകരിച്ചു വരുന്ന പദ്ധതിയാണ് കരുതൽ. പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം, അപകട മരണം / അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യത്തിന് നാലു ലക്ഷം രൂപയുടെ പരിരക്ഷയും സ്വാഭാവിക മരണത്തിന് 50,000/രൂപയുടെ പരിരക്ഷയും ഈ പദ്ധതി ഉറപ്പു വരുത്തുന്നു. ഈ പദ്ധതി പ്രകാരം 15 ലക്ഷം രൂപ സമാഹരിച്ചിട്ടുണ്ട്.

**4) അന്നപൂർണ്ണ:** പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പാചക തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതിയാണ് അന്നപൂർണ്ണ. പ്രസ്തുത പദ്ധതിയിൽ പാചക തൊഴിലാളികളുടെ അപകടമരണം / സാധാരണ മരണം എന്നിവയ്ക്കും സ്ഥിരമായ അംഗവൈകല്യം /ഭാഗിക അംഗവൈകല്യം എന്നിവയ്ക്കും പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.

# XI അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും ഭരണപരിഷ്കാരം

## ഭരണപരിഷ്കാരം

813. വി.എസ്. അച്യുതാനന്ദൻ അധ്യക്ഷനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രത്യേക സംവിധാനമുണ്ടാക്കും.

കമ്മീഷൻ സമർപ്പിച്ച 13 റിപ്പോർട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിതല സമിതിയെ നിയോഗിച്ചിരുന്നു. പരിശോധന പൂർത്തിയാക്കിയ 2,4,5,7,9 റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 1, 3, 13 റിപ്പോർട്ടുകളിൽ സമിതി നിർദ്ദേശിച്ച പ്രകാരം വിവിധ വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് തേടിയിട്ടുണ്ട്. 6, 8, 10, 11 റിപ്പോർട്ടുകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്മിറ്റി പരിശോധിക്കുന്നതാണ്. 12-ാമത് റിപ്പോർട്ടിന്റെ പരിശോധന ചീഫ് സെക്രട്ടറിതല കമ്മിറ്റിയുടെ പരിഗണനയിലാണ്.

814. ജനസൗഹാർദ്ദപരമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ അനുഭവം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്താതെ ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും. പങ്കാളിത്ത പെൻഷൻ അവലോകന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. കോവിഡ്19 പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ സർക്കാർ ഓഫീസുകളിലെ ഫയൽ തീർപ്പാക്കൽ പുനരവലോകനം ചെയ്യും. തീർപ്പാക്കാൻ നിലവിലുള്ള ഫയലുകൾ കുറഞ്ഞത് 40 ശതമാനം ആറുമാസത്തിനുള്ളിൽ തീർപ്പാക്കാനായി തീവ്രയജ്ഞ ഫയൽ തീർപ്പാക്കൽ പദ്ധതി 2021 ൽ ആരംഭിച്ച് നടപ്പിലാക്കും.

ജീവനക്കാരുടെ പുനർവിന്യാസത്തിന്റെ കാര്യത്തിൽ സെക്രട്ടറിയേറ്റ് തലത്തിൽ നടപടി സ്വീകരിച്ചു. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരികയും വിശദമായി പരിശോധിക്കുന്നതിനായി ഉന്നതതല സമിതിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിൽ പങ്കാളിത്ത

പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ഒരു Assured പെൻഷൻ സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച യൂണിഫൈഡ് പെൻഷൻ സ്കീം മറ്റു ചില സംസ്ഥാനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള സമാന പദ്ധതികളും പരിശോധിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ യജ്ഞം മിഷൻ മോഡിൽ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

815. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കാസ്) രൂപീകരണം അവസാനഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. കേരളത്തിന്റെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയിൽ ഗുണകരമായ മാറ്റം ഇതു വരുത്തുമെന്നു തീർച്ചയാണ്. 2021ൽ തന്നെ കാസിന്റെ ഭാഗമായുള്ള നിയമനം നടക്കും.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ 104 പേർ ഉൾപ്പെട്ട പ്രഥമ ബാച്ച് ഒന്നര വർഷത്തെ പരിശീലനം പൂർത്തിയാക്കി വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചു വരികയാണ്. കെ.എ.എസ് രണ്ടാംഘട്ട നിയമനത്തിനുള്ള വിജ്ഞാപനം പി.എസ്.സി പുറപ്പെടുവിച്ചിട്ടുണ്ട്.

816. ഭരണനിർവ്വഹണ മാനുവലുകളും സർവ്വീസ് ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കും. ഭരണപരിഷ്കാര കമ്മീഷൻ ഇതുസംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് നടപടി സ്വീകരിക്കും.

ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി സ്വീകരിച്ചുവരികയാണ്.

817. എല്ലാ വകുപ്പുകളിലും ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർ ഓഫീസ്, ഇമെയിൽ സംവിധാനം നടപ്പാക്കി. ഓൺലൈൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കും. ഇ-ഗവേർണൻസ്, എം-ഗവേർണൻസ് മുൻനിർത്തിയുള്ള ചട്ട പരിഷ്കരണം കൊണ്ടുവരും.

നടപടികൾ സ്വീകരിച്ചുവരുന്നു.

818. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ജനങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തും. ജനങ്ങളുടെ സൗകര്യത്തിനായി സേവനകേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും ശക്തിപ്പെടുത്തും. എല്ലാ വീടുകളിലും ലാപ്ടോപ്പും ഇന്റർനെറ്റും എത്തുന്നതോടെ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിലാകും. സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കുന്നത് പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാകും.

സർക്കാർ സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കി. ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള കെ-ഫോൺ പദ്ധതി പുരോഗമിച്ചുവരുന്നു. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ ഓൺലൈൻ സേവനം ഉറപ്പാക്കി. റവന്യു വകുപ്പിൽ ഇ.ഡബ്ല്യു.എസ് സർട്ടിഫിക്കറ്റ് ഒഴികെയുള്ള എല്ലാ സാക്ഷ്യപത്രങ്ങളും മറ്റെല്ലാ സേവനങ്ങളും ഓൺലൈനിലാക്കി. കെ-സ്മാർട്ട് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സേവനം ഓൺലൈനായി നടപ്പാക്കി.

819. പി.ടി.ഡി (പ്രൊപ്പോസൽ ടു ഡിസ്പോസൽ) സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. സോഫ്ടുവെയറുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പുകളുടെയും വിവിധയിനം ഫയലുകളുടെയും നീക്കത്തിനു വേണ്ടിവരുന്ന സമയം തുടർച്ചയായി അവലോകനം ചെയ്യും.

ഫയൽ തട്ടുകൾ കുറച്ചുകൊണ്ടുവരാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നുണ്ട്.

820. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കും, മറ്റുള്ളവ പരിഷ്കരിക്കും. ഇതിനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി പരിശോധിച്ച് നയപരമായി

അംഗീകരിക്കാവുന്നവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കും. ഇതിനുള്ള ഒരു അഞ്ചുവർഷ കാര്യപരിപാടി നിയമമന്ത്രാലയം തയ്യാറാക്കും.

കാലഹരണപ്പെട്ട 105 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2021ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 23.08.2022ൽ നിയമസഭ പാസ്സാക്കുകയും 13.09.2022ൽ കേരള റദ്ദാക്കലും ഒഴിവാക്കലും നിയമം പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. ജ.കെ.റ്റി തോമസ് അദ്ധ്യക്ഷനായ കേരള നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 110 ഭേദഗതി ആക്ടുകൾ 2024ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്ട് മുഖേന റദ്ദാക്കി.

822. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം ഫലപ്രദമായിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇതുപോലെ പരാതികളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നടപടിക്രമം രൂപപ്പെടുത്തും. കുടിശ്ശിക വരുന്ന പരാതികൾ അദാലത്തു വഴി തീർപ്പുണ്ടാക്കും.

ഓൺലൈൻ പരാതി പരിഹാര സംവിധാനം എല്ലാ വകുപ്പുകളിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ജില്ലാ തലത്തിൽ അദാലത്തുകൾ നടത്തുകയും പരാതി പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

823. എല്ലാ പരാതികളിലും പ്രശ്നങ്ങളിലും 30 ദിവസത്തിനുള്ളിൽ സർക്കാർ തലത്തിൽ തീർപ്പുണ്ടാക്കുന്നതിന് സംവിധാനമൊരുക്കും. ഏതെങ്കിലും പരാതികളോ ആവശ്യങ്ങളോ നിരസിക്കപ്പെട്ടാൽ നീതിനിഷ്ഠമായ തീർപ്പ് ഉറപ്പാക്കാനും വ്യക്തത വരുത്താനും ജനപ്രതിനിധികൾ ഉൾപ്പെടുന്ന ജില്ലാതല സമിതികൾ രൂപീകരിക്കും. 30 ദിവസത്തെ കാലയളവിനപ്പുറത്തേക്ക് പോകുന്ന ഏത് പ്രശ്നവും പരിഹാരത്തിനായി ജനപ്രതിനിധി ഉൾപ്പെടുന്ന സമിതിയിലേക്ക് റഫർ ചെയ്യപ്പെടും.

പരാതി പരിഹാരം സമയബന്ധിതമായി നടപ്പാക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.

824. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുകയും ഫലപ്രദമായ പൊതു പരിഹാര സംവിധാനം യാഥാർത്ഥ്യമാക്കുകയും കോൺടാക്റ്റ് പോയിന്റുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യും. സ്വയം ഉടമസ്ഥതയിലുള്ള 2,500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ സമിതി തലത്തിൽ അംഗീകാരം ലഭിക്കും. 10 സെന്റ് വരെയുള്ള ഭൂമിയുടെ പരിവർത്തനം ആർ.ഡി.ഒ തലത്തിൽ നടന്നത് വില്ലേജ് ഓഫീസ് തലത്തിൽ നടത്താൻ കഴിയും. മലിനീകരണം ഇല്ലാത്ത എല്ലാ സ്വയം തൊഴിൽ സ്ഥാപനങ്ങൾക്കും/ കമ്പനികൾക്കും സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും.

അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെയും, നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കിയും സർക്കാർ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. അഴിമതിക്കെതിരെ സീറോ ടോളറൻസ് എന്ന നയമാണ് സർക്കാരിനുള്ളത്. അഴിമതി കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വിജിലൻസ് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

## അഴിമതിവിമുക്ത കേരളം

825. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും എല്ലാ തലത്തിലുമുള്ള അഴിമതിയും ഇല്ലാതാക്കുന്നതിനു വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. ഇഗവേണൻസ് ഇതിനു സഹായിക്കും. അഴിമതിക്കെതിരെ ബഹുജന ക്യാമ്പയിൻ നടത്തും.

ഇ-ഗവേണൻസ്, ഇ-ടെണ്ടറിംഗ്, സോഷ്യൽ ഓഡിറ്റ്, നിയമാവബോധം, കർശന വിജിലൻസ് സംവിധാനം എന്നിവയുടെ ഫലപ്രദമായ വിനിയോഗങ്ങളിലൂടെ അഴിമിത നിർമ്മാർജ്ജനം യഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് വിജയകരമായി നടന്നുവരുന്നു.

826. വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ അഴിമതിയുടെ ഉറവിടം കണ്ടെത്തി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 'സീറോ ടോളറൻസ് ടു കറപ്ഷൻ' നയത്തിന്റെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പൊതുജന പങ്കാളത്തത്തോടെ നടത്തിവരുന്ന അഴിമതി മുക്ത കേരളം ക്യാമ്പയിൻ വലിയ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. സർക്കാർ ആവിഷ്കൃത പദ്ധതികളുടെ നടത്തിപ്പും വികസന പ്രവർത്തനങ്ങളും ദൈനംദിന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സുതാര്യമായും കാര്യക്ഷമതയോടെയും ജനങ്ങൾക്ക് ഇതിലൂടെ സാധ്യമാക്കി. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ സ്പോട്ട് എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി എല്ലാ ഓഫീസുകളിലും വിവരദാതാക്കളുടെ ശൃംഖല വികസിപ്പിച്ചെടുക്കുകയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നതിനെക്കുറിച്ച് പരാതി നൽകാൻ സാധാരാണക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

വിജിലൻസ് നടപടികളുടെ ഫലമായി മോട്ടോർ വാഹന വകുപ്പിന്റെ ബോർഡർ ചെക്ക് പോസ്റ്റ് രാത്രി കാലങ്ങളിൽ നിർത്തലാക്കി. വിജിലൻസ് മിന്നൽ പരിശോധനകളെത്തുടർന്ന് മോട്ടോർവാഹന, മൈനിംഗ് & ജിയോളജി, ജിഎസ്ടി തുടങ്ങിയ വകുപ്പുകളിൽ നിന്ന് അധിക പിഴ, റോയൽറ്റി, പെനാൽറ്റി, നികുതി തുടങ്ങിയ വകയിൽ സർക്കാരിന് 500 കോടി രൂപയുടെ അധികവരുമാനം ഉണ്ടായിട്ടുണ്ട്.

വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരികയും അതിന്റെ ഫലമായി അഴിമതി കേസുകൾ കൂടുതൽ ആഴത്തിൽ അന്വേഷിക്കുന്നതിനും അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജന്റുമാരെ പിടികൂടുന്നതിനും കഴിഞ്ഞിട്ടുണ്ട്. മിന്നൽ പരിശോധനകളിലൂടെ അഴിമതിയുടെ ശൃംഖല തകർക്കുന്നതിനും ഉദ്യോഗസ്ഥരുടെ ബന്ധങ്ങൾ വെളിപ്പെടുകയും ഉയർന്ന ഉദ്യോഗസ്ഥരെ അടക്കം അറസ്റ്റ് ചെയ്യുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് നടപടിയെടുത്തുവരുന്നുണ്ട്. ഓപ്പറേഷൻ സ്പോട്ട് ട്രാപ്പിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ കൈക്കൂലിക്കാരായ 700 ഓളം സർക്കാർ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് വിജിലൻസ് തയ്യാറാക്കിയിട്ടുണ്ട്. അഴിമതിക്കാരായ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരും വിജിലൻസ് നിരീക്ഷണത്തിലുണ്ട്. അഴിമതി സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന പരാതികൾ പരിശോധിച്ചും ഇത്തരക്കാരുടെ പട്ടിക തയ്യാറാക്കി നിരീക്ഷിച്ചു വരുന്നുണ്ട്. പട്ടികയിലുള്ള ചില ഉദ്യോഗസ്ഥർ ഇതിനകം വിജിലൻസിന്റെ പിടിയിലായിട്ടുമുണ്ട്. അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിനു വ്യത്യസ്തമായി അതിന് അവസരം നൽകാതെ ആരംഭത്തിൽ തന്നെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

827. മന്ത്രിമാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിന്റേയും മറ്റു പൊതുപ്രവർത്തകരുടെയും സ്വത്തു വിവരങ്ങളെക്കുറിച്ച് ജനങ്ങൾക്കു സുതാര്യവും വിശ്വാസയോഗ്യവുമായ രീതിയിൽ വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

സ്വത്ത് വിവരങ്ങൾ അറിയിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

828. ഇ-ടെണ്ടറും ഈപ്രൊക്യവയർമെന്റും നിർബന്ധമാക്കിക്കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ ജെമ്മിനെയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവ എല്ലാ സർക്കാർ, അർദ്ധസർക്കാർ ഏജൻസികൾക്കും നിർബന്ധമാക്കും.

ഇ-ടെണ്ടർ പ്രാവർത്തികമാക്കിയിട്ടുണ്ട്.

829. പദ്ധതി പുരോഗതി രേഖപ്പെടുത്തുന്ന പ്ലാൻ സ്പെയ്സ് എന്ന വെബ്സൈറ്റ് പൊതുജനങ്ങൾക്കു തുറന്നുകൊടുക്കും. പ്ലാൻ സ്പെയ്സിൽ ജിയോ ടാഗിംങും ഫോട്ടോയും




ലഭ്യമാക്കും. മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

2023 ജനുവരിയിൽ പ്ലാൻസ്പെയ്സിന്റെ നൂതന പതിപ്പായ പ്ലാൻ സ്പെയ്സ് 2.0 വികസിപ്പിക്കുകയും ഉപയോഗത്തിൽ വരുത്തുകയും ചെയ്തു. ഈ സംവിധാനത്തിലൂടെ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി പുരോഗതി മേഖലാടിസ്ഥാനത്തിലും വിവിധ വകുപ്പുകളുടെ പദ്ധതി തിരിച്ചുള്ള നടപ്പാക്കൽ പുരോഗതിയെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. ജിയോടാഗ് ചെയ്ത ചിത്രങ്ങൾ അപ്ലോഡ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പുതിയ പതിപ്പിലുണ്ട്. പദ്ധതികളുടെ ഭൗതിക പുരോഗതി കാണിക്കുന്ന ജിയോടാഗ് ചെയ്ത ചിത്രങ്ങൾ അപ്ലോഡ് ചെയ്യുന്നതിനായി ഒരു മൊബൈൽ ആപ്പും ഇതിനോടൊപ്പം വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ പദ്ധതി നിർവഹണ വിലയിരുത്തൽ ശക്തിപ്പെടുത്തുന്നതിന് പ്ലാൻസ്പെയ്സ് 2.0 സഹായകമാണ്.

830. എല്ലാ വകുപ്പുകളും പ്രാദേശികാടിസ്ഥാനത്തിൽ പൗരവാകാശരേഖ തയ്യാറാക്കും. എല്ലാ വർഷവും ഏതാനും ചില സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കും. അഞ്ചു വർഷംകൊണ്ട് എല്ലാ വകുപ്പുകളുടെയും സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കും.

സർക്കാർ സേവനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റുകൾ നിർത്തലാക്കി. 79 സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയിട്ടുണ്ട് (കെ-സ്മാർട്ട് ഉൾപ്പെടെ). സേവന ലഭ്യത സംബന്ധിച്ച പരാതികൾക്ക് സമയബന്ധിതമായ പരിഹാരം ഓൺലൈനിലൂടെ ലഭ്യമാക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

## യൂണിഫോംഡ് ഫോഴ്സസ്

831. ഏറ്റവും നല്ല ക്രമസമാധാനനിലയുള്ള സംസ്ഥാനമായിട്ട് കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷം സ്വീകരിച്ച നടപടികളുടെ ഫലമാണിത്. പ്രളയകാലത്തും കോവിഡ് പ്രതിരോധ പ്രവർത്തനത്തിലും ഉൾപ്പെടെ ജനകീയസേന എന്ന നിലയിൽ പ്രവർത്തിക്കുവാൻ ഈ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും.

ആധുനികകാലത്തിന്റെ ഏതു വെല്ലുവിളിയെയും ഏറ്റെടുക്കാൻ കഴിവുള്ള ജനകീയസേനയായി കേരള പൊലീസ് ഇന്ന് മാറിയിട്ടുണ്ട്. കുറ്റാന്വേഷണത്തിന്റെ കാര്യത്തിൽ മികവു തെളിയിച്ച ഒട്ടേറെ ഇടപെടലുകളുണ്ടായി. ഒരിക്കലും തെളിയിക്കപ്പെടില്ലായെന്ന് കരുതിയ കുറ്റകൃത്യങ്ങൾ വരെ തെളിയിക്കാൻ കഴിഞ്ഞു. അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലും പോയി പ്രതികളെ പിടികൂടുന്ന നിലയുണ്ടായി. ഒരുതരത്തിലുള്ള ബാഹ്യ ഇടപെടലുകളും ഇന്ന് കേസന്വേഷണത്തിൽ പൊലീസിന് വിലങ്ങുതടിയാകുന്നില്ല.

ലഹരി മയക്കുമരുന്ന് റാക്കറ്റുകളെ ഇല്ലായ്മ ചെയ്യാൻ പ്രത്യേകമായ ഇടപെടലുകൾ തന്നെ നടത്തി. ഏതുതരം പ്രതിസന്ധിഘട്ടത്തിലും ആശ്രയിക്കാൻ കഴിയുന്ന ജനകീയ സംവിധാനമായി കേരള പൊലീസ് ഇന്ന് മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പൊലീസ് സ്റ്റേഷനുകളിൽ പരാതിയുമായി എത്തുന്നവർക്ക് നീതി ലഭിക്കുമെന്ന ഉറച്ച വിശ്വാസം ഇപ്പോൾ പൊതുസമൂഹത്തിലാകെയുണ്ട്.

ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും പങ്കാളിത്തത്തോടെ വിശദമായ കർമ്മപദ്ധതി ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കോവിഡ് സമയത്തും പ്രളയങ്ങളിലും ചൂരൽമലയിലെ ദുരന്തസമയത്തും പൊലീസ് നടത്തിയ ജനകീയ ഇടപെടലുകളാണ് അതിന് കാരണം. ചൂരൽമലയിൽ രക്ഷാപ്രവർത്തനത്തോടൊപ്പം അവിടെയുള്ള ജനങ്ങൾക്ക് സാന്ത്വനമേകാനും അവരെ ചേർത്തുപിടിക്കാനും പൊലീസ് സേനയ്ക്ക് കഴിഞ്ഞു. ഏതാപത്തിലും നിർഭയം ആശ്രയിക്കാൻ കഴിയുന്ന സുഹൃത്തെന്ന നിലയിലെ പൊലീസിന്റെ മാറ്റം അതിന്റെ ജനകീയമുഖമാണ് വ്യക്തമാക്കുന്നത്.

കേരളത്തിലെ പൊലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദവും സ്ത്രീ സൗഹൃദവുമാണ്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വനിതകളേയും നിയമിച്ചു. പിങ്ക് പൊലീസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കി സ്ത്രീസുരക്ഷ ഉറപ്പുവരുത്തി. അയൽക്കൂട്ടങ്ങളിലെ സുരക്ഷ ഉറപ്പാക്കാൻ റെസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് പ്രത്യേക നിരീക്ഷണ, ജാഗ്രതാ സംവിധാനങ്ങൾ ആവിഷ്കരിച്ചു.

ഈ വിധത്തിൽ ജനങ്ങളുമായി കൈകോർത്തു പ്രവർത്തിക്കുന്ന ഒന്നായി കേരളത്തിലെ ക്രമസമാധാന സംവിധാനങ്ങൾ മാറുകയാണ്.

832. വർഗീയ പ്രചരണങ്ങളേയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുള്ള ശ്രമങ്ങളേയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യ-മയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സൈ്വര്യജീവിതം ഉറപ്പാക്കും.

സംഘർഷസാധ്യതാപ്രദേശങ്ങളും ഗുണ്ടാ സംഘാംഗങ്ങളുടെ നീക്കങ്ങളും പോലീസ് നിരന്തരമായി നിരീക്ഷിച്ചുവരുന്നു. സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷങ്ങൾ സൃഷ്ടിക്കാൻ നടത്തിയ നീക്കങ്ങൾ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഇടപെടൽ വഴി മുൻകൂട്ടി കണ്ടെത്തി തടയാൻ സാധിച്ചു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

നിരോധിത മയക്കുമരുന്നുകളുടെ സംഭരണം വിപണനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പിടികൂടാൻ ഓപ്പറേഷൻ ആഗ്, ഡി-ഹണ്ട് തുടങ്ങിയ സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു. മയക്കുമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്നവർക്ക് കൂടുതൽ ശിക്ഷ ഉറപ്പാക്കുന്നതിനും ഇവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും PIT NDPS ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മയക്കുമരുന്ന് ഭീഷണിയെ ചെറുക്കുന്നതിന് ജില്ലാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (DANSAF) ഉൾപ്പെടെയുള്ള സംഘങ്ങൾ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സങ്കേതങ്ങളും പൊലീസ് വിനിയോഗിച്ചുവരുന്നു.



കുട്ടികൾക്കെതിരെ സൈബർ കുറ്റകൃത്യം നടത്തുന്നവരെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തുടനീളം ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിൽ പ്രത്യേക റെയ്ഡുകൾ നടത്തിവരുന്നു.

ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

833. ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതു പൂർണ്ണതയിൽ എത്തിക്കും. എല്ലാ പൊലീസ് സ്റ്റേഷനുകളിലും രണ്ടിനും പ്രത്യേക സംവിധാനങ്ങൾ ഉണ്ടാകും.

ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെയുള്ള 484 പൊലീസ് സ്റ്റേഷനുകളിൽ 479 പൊലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർ എസ്.എച്ച്.ഒ സിസ്റ്റം നടപ്പിലാക്കി. ഇതുവഴി പൊലീസ് സ്റ്റേഷനുകളുടെ ഭരണപരമായ കാര്യങ്ങളും മറ്റും കൂടുതൽ കാര്യക്ഷമമായി. പൊതുജനങ്ങളുടെ ആവലാതികൾ എസ്.എച്ച്.ഒ.മാർ തന്നെ കേൾക്കുന്നതിനും തുടർനടപടികൾ അതിവേഗം സ്വീകരിക്കുന്നതിനും ഇത് വഴിയൊരുക്കി.

രണ്ടോ അതിലധികമോ എസ്.ഐ.മാർ ഉള്ള എല്ലാ പൊലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. ഇതുവഴി കേസന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ കാര്യക്ഷമമായി.

ക്രൈം ബ്രാഞ്ചിന് കീഴിൽ സാമ്പത്തിക തട്ടിപ്പ് കേസുകൾ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയവരെ ഉൾപ്പെടുത്തി സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം പ്രവർത്തിക്കുന്നു. ഒരു ഐ.ജി.പി.യും, 4 എസ്.പി.യും, 11 ഡി.വൈ.എസ്.പിമാരും ഉൾപ്പെടെ 233 പേരടങ്ങുന്നതാണ് ഈ വിഭാഗം.

സൈബർ സാമ്പത്തിക തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പർ 1930 പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യാനും കേസുകളിൽ ആവശ്യമായ സഹായം നൽകാനുമായി ഐ.ജി.പി സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ സൈബർ പൊലീസ് ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. 466 തസ്തികകൾ

സൈബർ ഡിവിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

പോക്സോ കേസുകളിൽ കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനായി 304 തസ്തികകൾ സൃഷ്ടിച്ചു.

സൈബർ ഡിവിഷന്റെ കീഴിൽ സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും കാര്യക്ഷമമായി അന്വേഷണം നടത്തുന്നതിനുമായി സൈബർ വഞ്ചന /സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗവും, സൈബർ സുരക്ഷാവിഭാഗവും പരിശീലനവും കാര്യശേഷി വിഭാഗവും റിസർച്ച് & അനാലിസിസ് വിഭാഗവും പ്രവർത്തിക്കുന്നു.

ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ സോഷ്യൽ മീഡിയയിലൂടെ ബോധവൽക്കരണ വീഡിയോകളും സന്ദേശങ്ങളും നൽകുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികളെ പിടികൂടാൻ ഇന്ത്യൻ സൈബർ കോഡിനേഷൻ സെന്റർ (I4C)മായി സഹകരിച്ച് പ്രവർത്തിക്കുന്നു.

834. സോഷ്യൽ പൊലീസിങ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ജനമൈത്രി പൊലീസ്, സ്റ്റുഡന്റ് പൊലീസ് തുടങ്ങിയ സംവിധാനങ്ങളെ ഇതിനു കീഴിൽ കൊണ്ടുവന്ന് വിപുലപ്പെടുത്തും. ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ പൊലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. എല്ലായിടത്തും ജനമൈത്രിയുടെ ജനകീയതയും ശൈലിയും ഉറപ്പുവരുത്തും. പൊലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കും.

സോഷ്യൽ പൊലീസിംഗ് ഡയറക്ടറേറ്റിന്റെ കീഴിൽ ജനമൈത്രി, സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ്, ശിശുസൗഹൃദ പൊലീസ് സ്റ്റേഷൻ, ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്റർ, ചിരി, പ്രശാന്തി തുടങ്ങിയ പദ്ധതികൾ മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്നു.

ജനമൈത്രി പൊലീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ ബറ്റാലിയൻ ആസ്ഥാനങ്ങളിലും ജനമൈത്രി കേന്ദ്രങ്ങൾ ആരംഭിച്ചു. ഇവയ്ക്ക് ജനങ്ങൾക്കിടയിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്.

ആദിവാസി ദുർബലവിഭാഗങ്ങളുടെ സംരക്ഷണത്തിനായി ട്രൈബൽ ജനമൈത്രി പ്രോജക്ട്, അതിഥിതൊഴിലാളികളുടെ നിരീക്ഷണത്തിനായി മൈഗ്രന്റ് ജനമൈത്രി സ്കീം, വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, ഗാർഹിക-ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകുന്നതിനായി പൊലീസ് ഫെസിലിറ്റേഷൻ ഓഫീസർ, സമൂഹത്തിലെ വിവിധ മേഖലകളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനായി മൊബൈൽ ബീറ്റ് സിസ്റ്റം (M-Beat System), സ്ത്രീശാക്തീകരണത്തിനായി വനിത സ്വയംപ്രതിരോധ പരിശീലനം, ലഘുതർക്ക പരിഹാരത്തിനായി കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ, കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് സ്പെഷ്യൽ ജുവനൈൽ പൊലീസ് യൂണിറ്റുകൾ, റെയിൽവെ ജനമൈത്രി പദ്ധതി, ജനമൈത്രി ഡ്രാമാ ഓർക്കസ്ട്ര ടീം തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്ന പ്രവർത്തനങ്ങൾ 'സുരക്ഷയ്ക്കായ് ജനങ്ങൾക്കൊപ്പം' എന്ന ആപ്തവാക്യം മുൻനിർത്തി നടത്തിവരുന്നു.

835. ക്രമസമാധാനപാലനം തങ്ങളുടെ കൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ സഹകരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കും. പൊലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശധ്വംസനം നടക്കില്ല എന്നും ഉറപ്പുവരുത്തും. പിരിച്ചുവിടൽ അടക്കമുള്ള കർശന നടപടികൾ ലോക്കപ്പ് അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കും.

ലോക്കപ്പുകളിൽ മനുഷ്യാവകാശധ്വംസനം നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി ബഹു. സുപ്രീം കോടതി നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ 520 പൊലീസ് സ്റ്റേഷനുകളിൽ CCTV സ്ഥാപിച്ചു. മേലുദ്യോഗസ്ഥർക്ക് സ്റ്റേഷനുകളെ നിരീക്ഷിക്കുന്നതിനും അവിടങ്ങളിലെ

പ്രവർത്തനങ്ങൾ നിയമവിധേയമാണെന്ന് ഉറപ്പുവരുത്തുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്. സമകാലിക സാമൂഹിക വിഷയങ്ങൾ, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം, ഗാർഹിക വൈവാഹിക പീഡനങ്ങൾ, റോഡ് സുരക്ഷ, റെയിൽവെ സുരക്ഷ, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ജനമൈത്രി സുരക്ഷാപദ്ധതിയുടെ കീഴിലുള്ള ജനമൈത്രി ഡ്രാമാ-ഓർക്കസ്ട്ര ടീമിന്റെ നേതൃത്വത്തിൽ ലഘുനാടകങ്ങളും അവബോധ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഈ വിഷയങ്ങളിൽ ഷോർട്ട് വീഡിയോകൾ, റീൽസുകൾ എന്നിവ നിർമ്മിച്ച് സംസ്ഥാന പൊലീസ് മീഡിയാ സെന്ററിന്റെ സോഷ്യൽ മീഡിയ പേജിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

836. പൊലീസ് സേനാംഗങ്ങളുടെ കായികപരവും കലാപരവുമായ ശേഷികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ മേളകൾ സംഘടിപ്പിക്കും. പൊലീസ് ബാന്റ് സംവിധാനത്തിനോടൊപ്പം ഓർക്കസ്ട്രയും രൂപീകരിക്കും പൊലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഫുട്ബോൾ അക്കാദമി ശക്തിപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

പൊലീസ് സേനാംഗങ്ങളുടെ കായികപരമായ ശേഷികളെ പ്രോത്സാഹിപ്പിക്കുന്നതിനായി യൂണിറ്റ്തലങ്ങളിൽ ആനുവൽ സ്പോർട്സ് ഗെയിംസ് & അത്‌ലറ്റിക് മീറ്റ് എല്ലാ വർഷവും നടത്തിവരുന്നു. ആൾ ഇന്ത്യ പൊലീസ് കൺട്രോൾ ബോർഡ് വർഷംതോറും നടത്തിവരുന്ന സ്പോർട്സ് മീറ്റിലും കേരള പൊലീസിന്റെ പങ്കാളിത്തമുണ്ട്. മറ്റ് സംസ്ഥാന/നാഷണൽ/ഇന്റർനാഷണൽ സ്പോർട്സ് മത്സരങ്ങളിലും കേരള പൊലീസ് അംഗങ്ങൾ പങ്കെടുത്തുവരുന്നു.

837. കേരള സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി കൂടുതൽ വ്യാപകമായി നടപ്പാക്കും. നല്ലൊരു പങ്ക് സ്കൂളുകൾ ഇന്ന് സ്വന്തം ചെലവിലാണ് പൊലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നത്. മൂന്നു വർഷം ഇങ്ങനെ പ്രവർത്തിച്ച എല്ലാ സ്കൂളുകൾക്കും ധനസഹായം ഉറപ്പുവരുത്തും.

സ്റ്റുഡന്റ്റ് പൊലീസ് കേഡറ്റ് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 2025-26 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

യൂണിഫോം തസ്തികകളിലെ പി.എസ്.സി നിയമനങ്ങളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററിതലങ്ങളിൽ 4 വർഷത്തെ ട്രെയിനിംഗ് പൂർത്തിയാക്കിയ A+ ഗ്രേഡ് ലഭിച്ച കേഡറ്റുകൾക്ക് 5 ശതമാനവും, A/A+ ഗ്രേഡുകൾ ലഭിച്ചവർക്ക് 4 ശതമാനവും രണ്ട് വർഷത്തെ ട്രെയിനിംഗ് പൂർത്തിയാക്കി A+ ഗ്രേഡ് ലഭിച്ചവർക്ക് 3 ശതമാനവും A ഗ്രേഡ് ലഭിച്ചവർക്ക് 2 ശതമാനവും വെയ്റ്റേജ് അനുവദിച്ചിട്ടുണ്ട്.

നിലവിൽ എസ്.പി.സി പദ്ധതി പ്രവർത്തിക്കുന്ന 979 സ്കൂളുകളിൽ 930 സ്കൂളുകളിലും പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് ലഭ്യമാക്കുന്നത്. കൂടാതെ 28 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.പി.സി പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് വഴിയും നൽകിവരുന്നു. ഇതിനു പുറമെ അടുത്ത അധ്യയന വർഷം (2025-26) മുതൽ 70 പുതിയ സ്കൂളുകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതാണ്.

SPC Against Addictionൽ ഉൾപ്പെടുത്തി കേഡറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനും അക്രമവാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

സ്കൂൾ വിദ്യാർത്ഥികളിൽ നിയമത്തോടുള്ള ബഹുമാനം, അച്ചടക്കം, പൗരബോധം, ദുർബലജനവിഭാഗങ്ങളോടുള്ള ദയാവായ്പ്, സാമൂഹ്യ വിപത്തുകൾ ചെറുക്കാനുള്ള കഴിവ് എന്നീ ഗുണങ്ങൾ പരിപോഷിപ്പിച്ച് സമൂഹത്തെ മാതൃകാപരമായി നയിക്കാൻ കഴിയുംവിധം ആവശ്യമായ പരിശീലനം എസ്.പി.സി കേഡറ്റുകൾക്ക് നൽകിവരുന്നു. വിദ്യാർത്ഥികളുടെ നൈസർഗികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനു പുറമെ ലഹരി ഉപയോഗം, അക്രമം, അസഹിഷ്ണുത, അച്ചടക്കമില്ലായ്മ തുടങ്ങിയ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാനും സമൂഹം, പരിസ്ഥിതി, കുടുംബം എന്നിവയോട് പ്രതിബദ്ധത വളർത്തുവാനും

ഉതകുംവിധമാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

നിലവിൽ 82 സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.പി.സി. പദ്ധതി സജീവമായി പ്രവർത്തിക്കുന്നു. കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

838. സംസ്ഥാനത്ത് വനിതാ ബറ്റാലിയൻ സ്ഥാപിച്ചു. മൊത്തം പൊലീസ് സേനയുടെ 15 ശതമാനം എന്ന നിരക്കിലേയ്ക്ക് വനിതാ പൊലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും. സ്ത്രീസുരക്ഷയുടെ ഭാഗമായി സ്വയംപ്രതിരോധ പരിശീലനം, സൈബർ പ്രതിരോധത്തിന് ടച്ച് സ്ക്രീൻ കിയോസ്കുകൾ, കൂടുതൽ പിങ്ക് കൺട്രോൾ റൂമുകൾ, തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും.

പൊലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഓരോ ജില്ലയിലും വരുന്ന ഒഴിവുകളിലെ നിശ്ചിത എണ്ണം (9:1) വനിതകൾക്കായി മാറ്റിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്. സ്ത്രീസുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി Women Self Defense Training Program, Women Expo എന്നിവ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 10 വനിതാ പൊലീസ് സ്റ്റേഷനുകൾക്ക് പുറമേ  പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ  പുതിയ വനിതാ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. സ്ത്രീകൾക്ക് കേരളാ പൊലീസിന്റെ സഹായം പെട്ടെന്ന് ലഭിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ സംവിധാനമായ പോൽ (POL APP) ആപ്പ്, നിർഭയ ആപ്പ് എന്നിവ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

ട്രെയിനുകളിൽ സഹായത്തിനായി ടോൾ ഫ്രീ നമ്പറായ 9846200100, നാഷണൽ ഹൈവേകളിൽ 9846100100 നമ്പറും ERSS ടോൾഫ്രീ നമ്പറായ 112 എന്നിവയും നിലവിലുണ്ട്. സൈബർ ലോകത്ത് വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കുന്നതിനായി 'ബച്പൻ ബച്ചാവോ ആന്തോളൻ' എന്ന സംഘടനയുമായി കൈകോർത്ത് 'കൂട്ട്' എന്ന പേരിൽ ഒരു സമഗ്ര ബോധവൽക്കരണ നിയമസഹായ പദ്ധതി നടത്തിവരുന്നു. രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് സുരക്ഷിത  താമസത്തിനായി 'സഖി', 'വൺ സ്റ്റോപ്പ് സെന്റർ', 'സ്നേഹിത' എന്നീ ഷെൽട്ടർ ഹോം സംവിധാനങ്ങൾ നിലവിലുണ്ട്. ഗാർഹികപീഡനം, സ്ത്രീധനം, എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി 'അപരാജിത' പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പരാതികൾ 9497996992 എന്ന ഫോൺ നമ്പർ മുഖേനയും aparajitha.pol@kerala.gov.in എന്ന Email മുഖേനയും അറിയിക്കാവുന്നതാണ്. പരാതികൾ വീടുകളിൽ ചെന്ന് അന്വേഷിച്ച് തീർപ്പാക്കുന്നതിന് പിങ്ക് ബീറ്റ് പട്രോളിംഗും പ്രവർത്തിച്ചുവരുന്നു. മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കായി നടപ്പിലാക്കിയ 'ചിരി-പദ്ധതി' മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ചിരി ഹെൽപ്പ് ലൈൻ നമ്പർ: 9497900200. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ഏത് സമയത്തും ഭയം കൂടാതെ കടന്നുചെല്ലാവുന്ന രീതിയിൽ പൊലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിന് എല്ലാ പൊലീസ് സ്റ്റേഷനുകളിലും PRO സംവിധാനം, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക് സംവിധാനം, ചൈൽഡ് ഫ്രണ്ട്‌ലി പൊലീസ് സ്റ്റേഷൻ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

839 സംസ്ഥാനത്ത് വ്യവസായ സംരക്ഷണസേന രൂപീകരിച്ചിട്ടുണ്ട്. ആവശ്യം കണക്കിലെടുത്ത് കൂടുതൽ തസ്തിക സൃഷ്ടിക്കും.

ഉപഭോക്തൃ സ്ഥാപനങ്ങൾ ആവശ്യകത അറിയിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തു കഴിഞ്ഞാൽ താമസം കൂടാതെ തന്നെ സെക്യൂരിറ്റി സേനാംഗങ്ങളെ വിന്യസിക്കുന്നതിനായി 2000 പോസ്റ്റുകൾ SISF-Â മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും കേരള ഹൈക്കോടതി, ഗവൺമെൻറ് സെക്രട്ടറിയേറ്റ്, കൊച്ചി മെട്രോ റെയിൽ, സ്പെഷ്യൽ ബ്യൂറോ എന്നിവിടങ്ങളിലേക്ക് സേനാംഗങ്ങളെ വിന്യസിച്ചു. കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിലും, കടലിൽ 12.5 നോട്ടിക്കൽ മൈൽ അകലെ സ്ഥിതി ചെയ്യുന്ന BPCL-ന്റെ സിങ്കിൾ പോയിന്റ് മൂറിംഗ് (SPM) സംവിധാനത്തിലും SISFൽ നിന്നും സുരക്ഷാസേനാംഗങ്ങളെ വിന്യസിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന സർക്കാർ ആശുപത്രികളിലും, തീരദേശ

ത്തെ ധാതുമണൽ ഖനനപ്രദേശങ്ങളിലും സുരക്ഷയ്ക്കായി SISF സേനാംഗങ്ങളെ വിന്യസിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നുണ്ട്.

840. ട്രാഫിക് അപകടം കുറയ്ക്കുന്നതിന് ട്രാഫിക് പൊലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. പരിശീലനം ശക്തിപ്പെടുത്തും. ട്രാഫിക് ഫൈൻ ഈടാക്കുന്നത് ഇലക്ട്രോണിക് സംവിധാനത്തെ കൂടുതലായി ഉപയോഗപ്പെടുത്തും. ഇതുവഴി അഴിമതിക്കുള്ള സാധ്യത കുറയ്ക്കാനാകും.

കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ മന്ത്രാലയത്തിന്റെ വാഹൻ, സാരഥി ഡാറ്റ ബേസുകളുമായി ലിങ്ക് ചെയ്തിട്ടുള്ള ഇ-ചെല്ലാൻ സംവിധാനം പൊലീസ് വകുപ്പിലും നടപ്പാക്കി. TR-5 രസീതുകളും ചെക്ക് റിപ്പോർട്ടുകളും എഴുതിനൽകുന്ന സമ്പ്രദായം പൂർണമായും അവസാനിപ്പിച്ചു. ഇത് വാഹനപരിശോധന കൂടുതൽ സുതാര്യമാക്കി. വേഗപരിധിലംഘനം മൂലം സംഭവിക്കുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് 50 പ്രധാന റോഡ് സ്ട്രെച്ചുകളിലെങ്കിലും എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. പെട്ടെന്ന് തീ പിടിക്കാനും പൊട്ടിത്തെറിക്കാനും സാധ്യത കൂടിയ വസ്തുക്കൾ വഹിച്ചു കൊണ്ടുപോകുന്ന ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച പരിശീലനത്തിനായി കേരള പൊലീസ് അക്കാദമിക്ക് ഫണ്ട് കൈമാറിയിട്ടുണ്ട്.

സേഫ് കേരള പ്രോജക്ട്, സേഫ് കോറിഡോർ പ്രോജക്ട്, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികളിൽ എ.ഐ ക്യാമറ ഉൾപ്പെടുത്തി ട്രാഫിക് സിഗ്നലുകളുടെ ആധുനികവൽക്കരണം നടത്തിവരുന്നു. തിരുവനന്തപുരത്ത് TRAFFIC SAFETY COMMAND CONTROL ROOM പ്രവർത്തനം ആരംഭിച്ചു.

ലാന്റിംഗ് പോയിന്റുകളിലും ജില്ലാ അതിർത്തികളിലും മുഖം തിരിച്ചറിയാൻ സൗകര്യമുള്ള ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകൾ (ANPR) സ്ഥാപിച്ചു. ഇതിലൂടെ അന്തർ സംസ്ഥാന ബന്ധങ്ങളുള്ള കുറ്റവാളികളെയും കുറ്റകൃത്യത്തിനു സഹായിക്കുന്ന വാഹനങ്ങളെയും തിരിച്ചറിയുന്നതിനും വേഗത്തിൽ പിടികൂടുന്നതിനും സാധിക്കുന്നു. കൂടാതെ 'Operation Road Safety' എന്ന പേരിൽ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയാണ്.

841. ഓൺലൈനായി പൊലീസിന് പരാതിയും അപേക്ഷയും നൽകാനുള്ള സംവിധാനം വിപുലീകരിക്കും. സ്വീകരിച്ച നടപടിയും പൊലീസ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യുവാൻ കഴിയുന്ന സംവിധാനം ഒരുക്കും.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്ത് ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് നിരവധി ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. പൊലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരാകാതെ തന്നെ ഓൺലൈനായി പരാതി നൽകാൻ പൊതുജനങ്ങൾക്കായി 'തുണ' (THUNA/Pol-APP) പോർട്ടൽ ലഭ്യമാണ്. ഈ പോർട്ടലിലൂടെ മൈക്ക് ഉപയോഗത്തിനുള്ള അനുമതി, എഫ്.ഐ.ആർ. പകർപ്പ് ഡൗൺലോഡ് ചെയ്യൽ, ജനറൽ ഡയറി (ജി.ഡി.) അപേക്ഷ തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്. 2021 നവംബർ മുതൽ 2025 മാർച്ച് 6 വരെ 'തുണ' പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത 14,36,174 സേവനങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

പാസ്പോർട്ട് വെരിഫിക്കേഷന്റെ എല്ലാ നടപടിക്രമങ്ങളും  പൂർണ്ണമായും ഓൺലൈനിലാണ് നിർവ്വഹിക്കുന്നത്. പരാതിക്കാർക്ക് സ്വദേശത്തു നിന്നും വിദേശത്തു നിന്നും പരാതികൾ സമർപ്പിക്കുന്നതിനും അവയിൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനും ഒരു Online/ Virtual Policing സംവിധാനം നിലവിലുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ മൊഴി രേഖപ്പെടുത്തുന്നതിനും സാധിക്കും.

എല്ലാ സ്റ്റേഷനുകളിലും CCTV ക്യാമറ റെക്കോഡിംഗ് സംവിധാനം ആരംഭിച്ചതുവഴി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞു. സാമ്പത്തിക കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരംഭിച്ച ഡിജിറ്റൽ സാങ്കേതികവിദ്യ

യിലധിഷ്ഠിതമായ Face Recognition System (i-COPS) മികച്ച ഫലമാണ് ഉളവാക്കുന്നത്.

842. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്യാമറകൾ, ഓൺലൈൻ പരാതി പരിഹാര സംവിധാനങ്ങൾ, സ്മാർട്ട് പൊലീസ് സ്റ്റേഷനുകൾ എന്നിവയൊക്കെ ഉൾപ്പെടുന്ന പ്രത്യേക ഡിജിറ്റൽ പൊലീസിങ് വിങ് ഉണ്ടാക്കും.

പൊലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക AI Wing രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുടെയും (CERT-K) കേരള പൊലീസിന്റെ ഡിസ്ട്രിക് കമ്പ്യൂട്ടർ മെയിന്റനൻസ് യൂണിറ്റിന്റെയും (DCMU) പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇൻസിഡന്റ് റസ്പോൺസ് ടീമായി പ്രവർത്തിക്കുന്ന "സൈബർ സെക്യൂരിറ്റി ഡെസ്ക്" സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികളെ പിടികൂടാൻ ഇന്ത്യൻ സൈബർ കോർഡിനേഷൻ സെന്റർ(I4C)മായി സഹകരിച്ച് പ്രവർത്തിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മൊബൈൽ ഫോണുകൾ കണ്ടെത്താനും പ്രവർത്തനരഹിതമാക്കാനും കേന്ദ്ര സർക്കാരിന്റെ സെൻട്രൽ എക്വിപ്മെന്റ് ഐഡന്റിറ്റി രജിസ്റ്റർ (CEIR) പോർട്ടൽ ഉപയോഗിക്കുന്നു. ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയായവർക്ക് പരാതി നൽകാനായി 1930 എന്ന ടോൾഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

843. എല്ലാ പഞ്ചായത്തിനോടും ചേർന്ന് ഒരു സ്മാർട്ട് പൊലീസ് സ്റ്റേഷൻ ഉണ്ടാക്കും. ചെറിയ മോഷണങ്ങൾ, ഗാർഹികപീഡനം, പൊതുവായ പരാതികളുടെ രജിസ്ട്രേഷൻ തുടങ്ങി സാധാരണ വിഷയങ്ങൾ എല്ലാം സ്മാർട്ട് പൊലീസ് സ്റ്റേഷനുകൾക്ക് കൈകാര്യം ചെയ്യാൻ കഴിയും. പൊലീസ് മേഖലയിലെ സർവ്വീസ് പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചുകഴിഞ്ഞു. സംസ്ഥാന സർവ്വീസിൽ നിന്നു ഓൾ ഇന്ത്യാ സർവ്വീസിലേക്കുള്ള നിയമനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

പൊലീസ് ആധുനികവൽകരണത്തിന്റെ ഭാഗമായി 20 പൊലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായിട്ടുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018 മുതൽ 2022 വരെ സംസ്ഥാന പൊലീസ് സർവീസിൽ നിന്ന് ഓൾ ഇന്ത്യ സർവീസിലേക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർണയിച്ചു നൽകിയ 50 ഒഴിവുകളിലേക്ക് നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

844. ജയിലുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കും. തവനൂർ സെൻട്രൽ ജയിൽ പൂർണ്ണമായും തുറന്നു പ്രവർത്തിപ്പിക്കും. ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സാർവ്വത്രികമാക്കും.

പരമ്പരാഗതമായി അടഞ്ഞ ഇടങ്ങളായി കരുതപ്പെടുന്ന ജയിലുകളെ ക്രിയാത്മകമാക്കി മാറ്റി എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. കേരളത്തിലെ ജയിലുകൾ ഇന്ന് കേവലം കുറ്റകൃത്യങ്ങൾ ചെയ്തവരെ പാർപ്പിക്കുന്ന ഇടങ്ങൾ മാത്രമല്ല. ജയിൽ അന്തേവാസികളുടെ സംശുദ്ധീകരണവും സന്മാർഗ്ഗീകരണവും ഇവിടെ നടക്കുന്നുണ്ട്. ഒപ്പം ശിക്ഷാകാലാവധിക്ക് ശേഷം അവർക്ക് മാന്യമായ ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള തൊഴിൽപരിശീലനങ്ങളും വിവിധ വിദ്യാഭ്യാസ പരിപാടികളും ജയിലുകളിൽ നടന്നുവരുന്നുണ്ട്.

ജില്ലാ ജയിൽ, പത്തനംതിട്ട (പുനഃനിർമ്മാണം) സബ് ജയിൽ, തളിപ്പറമ്പ് നിർമ്മാണം, എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആലപ്പുഴ ജില്ലാ ജയിലിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനായി ജയിലിലെ പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളുടെ പ്രവൃത്തി പുരോഗമിക്കുന്നു. മാവേലിക്കര സ്പെഷ്യൽ സബ് ജയിലിലെ പുതിയ ബ്ലോക്ക് നിർമ്മാണ പ്രവൃത്തി, വനിതാ ബ്ലോക്കിൽ പുതിയ സിംഗിൾ സെല്ലുകൾ നിർമ്മാണ നടപടികൾ ആരംഭിച്ചു.

സംസ്ഥാനത്ത് ആകെയുള്ള 57 ജയിലുകളിൽ 53 ഇടത്ത് വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ചീമേനി, നെട്ടുകാൽത്തേരി തുറന്ന ജയിലുകളിലും കൂത്തുപറ

മ്പ് സ്പെഷ്യൽ സബ് ജയിലിലും ഈ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

845. **ജയിലിലെ ഭക്ഷണനിർമ്മാണ യൂണിറ്റ് വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി വിപുലപ്പെടുത്തും. ഇതിലൂടെ നേടുന്ന അധികവരുമാനം ജയിൽ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തും.**

ഭക്ഷണ നിർമ്മാണ യൂണിറ്റുകൾക്കു പുറമെ പെട്രോൾ പമ്പ്, ഫാഷൻ ഡിസൈനിംഗ് യൂണിറ്റ്, ബ്യൂട്ടി പാർലർ, വീവിംഗ് ആൻഡ് ടെയിലറിംഗ്, കല്ലുവെട്ട് യൂണിറ്റ്, ജൈവ പച്ചക്കറി കൃഷി, റബ്ബർ പ്ലാന്റേഷൻ, കശുമാവ് പ്ലാന്റേഷൻ, പശു, ആട്, കോഴി, മുയൽ ഫാമുകൾ, വനിതാ അന്തേവാസികൾക്കായി സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് തുടങ്ങിയവയും ജയിലുകൾക്കുള്ളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അന്തേവാസികളെ സാമൂഹ്യജീവിതത്തിന് അനുയോജ്യരാക്കി മാറ്റുന്നതിന് ഇവയൊക്കെ സഹായകരമാണ്. സംസ്ഥാനത്ത് 11 ജയിലുകളിൽ ഭക്ഷ്യനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഉൽപ്പാദിപ്പിക്കുന്ന ഭക്ഷണ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. ഇതുവഴി ലഭിക്കുന്ന ലാഭവിഹിതത്തിന്റെ 50% പ്രിസൺ ഡെവലപ്മെന്റ് ഫണ്ടായി വിനിയോഗിക്കുന്നതിന് അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. 11-09-2024 ലെ സർക്കാർ ഉത്തരവ് നം.207/2024/Home




പ്രകാരം പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

846. **ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിനു ആധുനിക സൗകര്യങ്ങളുള്ള വാഹനങ്ങളും ഉപകരണങ്ങളും കൂടുതൽ ലഭ്യമാക്കും. നിലവിലുള്ള ഫയർസ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കും. ഫയർ ആൻഡ് റെസ്ക്യൂ ട്രെയിനിങ്ങിനെ വന്യജീവി ആക്രമണങ്ങൾ ഉൾപ്പടെയുള്ളവയെ കൈകാര്യം ചെയ്യാവുന്ന വിധത്തിൽ കുറെക്കൂടി വിപുലമാക്കും.**

ഏത് ദുരന്തസാഹചര്യത്തെയും അവസരോചിതമായി നേരിടുന്നതിന് കേരള ഫയർ ആൻഡ് റസ്ക്യൂ സേന ഇന്ന് സജ്ജമാണ്. കാലാനുസൃതമായി ഈ സേനയെ ശാക്തീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന നടപടികളുടെ ഫലമാണിത്. കഴിഞ്ഞ എൽ ഡി എഫ് സർക്കാരിന്റെ കാലത്ത് തുടക്കമിട്ട അഗ്നിരക്ഷാ സേനയുടെ ആധുനികവത്ക്കരണത്തെ കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നത്.

നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലേയുമുള്ള ഇടുങ്ങിയ റോഡുകളിലൂടെ അനായാസം യാത്രയ്ക്കായി 35 എണ്ണം ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ, 2 റോബോട്ടിക് ഫയർ ഫൈറ്റിംഗ് എക്യുപ്മെന്റ് വിത്ത് കാരീയിംഗ് വെഹിക്കിളുകൾ, 6 ഡി.സി.പി ടെണ്ടറുകൾ, 25 വാട്ടർ ടെണ്ടർ വാഹനങ്ങൾ, 20 വാട്ടർ ലോറികൾ തുടങ്ങിയവയും രക്ഷാ പ്രവർത്തനങ്ങൾ നടത്തുവാൻ 120 സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ടുകൾ ഉൾപ്പെടെ വിവിധ ഇനത്തിലുള്ള വിവിധ അഗ്നിശമന രക്ഷാ പകരണങ്ങൾ വാങ്ങുകയുണ്ടായി.

വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ നടക്കുന്ന വിവിധ അടിസ്ഥാന പരിശീലനങ്ങൾക്കു പുറമെ വന്യജീവി ആക്രമണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകി വരുന്നു. വയനാട് തൊണ്ടർനാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകി. ഇതിനു പുറമേ പെരിങ്ങോം, കരുനാഗപ്പള്ളി, കാട്ടാക്കട, മട്ടന്നൂർ, കൊല്ലങ്കോട്, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ ഫയർസ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകി.

847. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന സിവിൽ ഡിഫൻസ് വോളന്റിയർമാരെ സജ്ജമാക്കും. ഓരോ സ്റ്റേഷനിലും 50 പേരുടെ യൂണിറ്റാണ് രൂപീകരിക്കുന്നത്.

അപകടരക്ഷാ പ്രതിരോധ പ്രവർത്തനങ്ങളെ ജനകീയമാക്കുന്നതിനായി അഗ്നിരക്ഷാ വകുപ്പിനു കീഴിൽ ആരംഭിച്ച സിവിൽ ഡിഫൻസ് ഫോഴ്സ് മാതൃകാപരമായ ഒരു പദ്ധതിയാണ്. അടുത്തിടെ കേരളത്തിൽ സംഭവിച്ച ദുരന്തങ്ങളുടെ മേഖലകളിൽ, പ്രത്യേകിച്ചും മുണ്ടക്കൈ-ചൂരൽമല ദുരന്തഘട്ടത്തിൽ, സിവിൽ ഡിഫൻസ് വോളന്റിയർമാരുടെ പ്രവർത്തനം തികച്ചും മാതൃകാപരമായിരുന്നു. അതുകൊണ്ടുതന്നെ കൂടുതൽ പേരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 6,200 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കി സേവനസജ്ജരായിട്ടുണ്ട്. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 1,000 പേർക്ക് പ്രത്യേക റിഫ്രെഷർ പരിശീലനം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ട്. രണ്ടാം ഘട്ടമായി തെരഞ്ഞെടുത്ത 3,300 പേരുടെ പരിശീലന പരിപാടികൾ നടന്നുവരികയാണ്. അതുകൂടി പൂർത്തിയാകുന്നതോടെ അപകട മേഖലകളിൽ അഗ്നിരക്ഷാ സേനയ്ക്ക് സഹായം നൽകാൻ കഴിയുന്ന പതിനായിരത്തോളം പേർ നമ്മുടെ നാട്ടിൽ ഉണ്ടാകും. സിവിൽ ഡിഫൻസ് അംഗങ്ങൾക്ക് ഗം ബൂട്ട്, ഹെൽമെറ്റ് തുടങ്ങിയ വ്യക്തിസുരക്ഷാ ഉപകരണങ്ങളും ആംബുലൻസ്, എം യു വി പോലെയുള്ള വാഹനങ്ങളും, കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

848. അർദ്ധ സൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹോം ഗാർഡുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടും.

ഹോം ഗാർഡുകൾക്ക് ഏറെ പ്രോത്സാഹനജനകമായ സമീപനം തന്നെയാണ് എൽ ഡി എഫ് സർക്കാർ പൊതുവെ സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ 9 വർഷക്കാലത്തിനിടയിൽ പലതവണ ഹോം ഗാർഡുകളുടെ വേതനം വർദ്ധിപ്പിച്ചു. യൂണിഫോം അലവൻസ് 1,000 രൂപയിൽ നിന്നും 1,500 ആക്കി ഉയർത്തി. അപകടമരണ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി. തിരിച്ചറിയൽ കാർഡ് നൽകി. ഹോം ഗാർഡ് റിക്രൂട്ട്മെന്റിൽ വനിതകൾക്കായി 30 ശതമാനം ഒഴിവുകൾ സംവരണം ചെയ്യുകയും ചെയ്തു. ഹോംഗാർഡുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പു തലത്തിൽ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

849. വ്യാജവാറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയെല്ലാം തടയാനുതകുന്ന രീതിയിൽ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തും.

ലഹരി ഉപഭോഗവും വ്യാപനവും തടയുന്നതിന് 2022 ഒക്ടോബർ 2 മുതൽ നോ ടു ഡ്രഗ്സ് ലഹരി വിരുദ്ധ ക്യാമ്പയിൽ ആരംഭിച്ചു. ക്യാമ്പയിൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് 72,785 അബ്കാരി കേസുകളും, 26,454 എൻ ഡി പി എസ് കേസുകളും എടുത്തിട്ടുണ്ട്. ഈ കേസുകളിൽ 78,604 ലിറ്റർ സ്പിരിറ്റ്, 23,887 ലിറ്റർ ചാരായം,12,44,220 ലിറ്റർ കോട,14,453 കിലോഗ്രാം കഞ്ചാവ്, 24.8 കിലോഗ്രാം എം ഡി എം എ, 71,824 ലിറ്റർ വ്യാജമദ്യം, 61 കിലോഗ്രാം ഹാഷിഷ് ഓയിൽ 91,630 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. 8,797 കഞ്ചാവ് ചെടികൾ നശിപ്പിക്കുകയും ചെയ്തു.

നല്ല രീതിയിൽ കേസുകൾ നടത്തി, 2023ൽ 4,998 പേരെയും 2024ൽ 4,474 പേരെയും ശിക്ഷിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഊടുവഴികളിലൂടെയുള്ള മദ്യത്തിന്റെയും, മയക്കുമരു

ന്നിന്റെയും കടത്ത് തടയുന്നതിന് കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ എണ്ണം നാലായി വർദ്ധിപ്പിച്ചു.

850. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വാഹന പരിശോധനയും ട്രാഫിക് നിയന്ത്രണങ്ങളും അനിവാര്യമാണ്. മോട്ടോർ വാഹന വകുപ്പ് ഈ ലക്ഷ്യത്തോടെ ഒരു പരിധിവരെ വിപുലീകരിച്ചിട്ടുണ്ട്. ഇത് പൂർത്തീകരിക്കും.

ട്രാഫിക് നിയമ പരിപാലന മേൽനോട്ടത്തിന് എഐ ക്യാമറകൾ ഫലപ്രദമായി വിനിയോഗിച്ചുവരുന്നു. നിരവധി 'Special Drive' കൾ കഴിഞ്ഞ വർഷങ്ങളിൽ നടത്തുകയും ആയതുമായി ബന്ധപ്പെട്ട് റോഡുപയോക്താക്കൾക്ക് പ്രയോജനപ്രദമാകുംവിധം ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി കഴിഞ്ഞു.

ആക്സിഡന്റ് ക്ലസ്റ്ററുകൾ ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തുന്നതിനും മൊബൈൽ നാവിഗേഷൻ ആപ്പ് വഴി ബ്ലാക്ക് സ്പോട്ടുകളെക്കുറിച്ചുള്ള വിവരം മുൻകൂറായി റോഡ് ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. റോഡ് നിയമങ്ങളെ കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും അഭിലക്ഷണീയമായ റോഡ് ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജനങ്ങൾക്കിടയിൽ റോഡ് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്ക്കരണ പ്രവർത്തനങ്ങളും വീഡിയോ പ്രദർശനങ്ങളും നടത്തിവരുന്നു.

## മറ്റു റെഗുലേറ്ററി വകുപ്പുകൾ

851. കോർബാങ്കിംഗ് സംവിധാനത്തെ അടിസ്ഥാനമാക്കി ട്രഷറി ഇടപാടുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. സമഗ്രമായ സെക്യൂരിറ്റി ഫംങ്ഷൻ ഓഡിറ്റ് പൂർത്തീകരിക്കും. ഐ.റ്റി വിഭാഗത്തെ ശക്തിപ്പെടുത്തും.

ട്രഷറികളിൽ ഉപയോഗിക്കുന്ന 19 ഇൻട്രാനെറ്റ് ആപ്ലിക്കേഷനുകളുടെയും സെക്യൂരിറ്റി ഓഡിറ്റ് (എസ്.ടി.ക്യു.സി) മുഖാന്തിരം പൂർത്തിയാക്കിയിട്ടുണ്ട്. വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഐ.എസ്.ഒ 27001-2013 നടപ്പിലാക്കുന്നതിന്റെ പ്രാഥമിക പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ജീവനക്കാർക്ക് സി.ഐ.എസ്.ഒ (ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ) പരിശീലനം ലഭ്യമാക്കിയിട്ടുള്ളതും ആകുന്നു. ട്രഷറി ആസ്ഥാനത്തും മുഴുവൻ ട്രഷറികൾക്കും ആവശ്യമായ സാങ്കേതിക സപ്പോർട്ട് നൽകുന്നതിന് വിദഗ്ധരായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വകുപ്പിൽ ഉപയോഗിക്കുന്ന ഡാറ്റാബേസ് പരിപാലിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 7 ജീവനക്കാർക്ക് ഐ.ബി.എം. മുഖാന്തിരം പരിശീലനം നൽകിയിട്ടുണ്ട്.

852. വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ട് വില്ലേജുകളാക്കി മാറ്റും. ഭൂരേഖകളെല്ലാം അഞ്ചു വർഷംകൊണ്ട് ഡിജിറ്റലൈസ് ചെയ്യുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതി തയ്യാറാക്കും.

സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളും സ്മാർട്ട് വില്ലേജുകളാക്കുന്നതിന്റെ ഭാഗമായി 538 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി. 198 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതിന്റെ പണി പുരോഗമിക്കുന്നു. എല്ലാ ഭൂരേഖകളും ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചു.

853. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 1.64 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു. 30,000 ത്തോളം പട്ടയങ്ങൾ വിതരണത്തിനു തയ്യാറാണ്. മലയോരങ്ങളിലും കടലോരങ്ങളിലും മറ്റു പുറംപോക്കുകളിലും താമസിക്കുന്നവർക്ക് നിയമചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് മുഴുവൻ സാധ്യമായ പട്ടയങ്ങളും വിതരണം ചെയ്യും.

അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനായി പട്ടയമിഷൻ പ്രഖ്യാപിച്ച് നടപടി

കളുമായി സർക്കാർ മുന്നോട്ടുപോകുന്നു. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 4,00,956 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2,23,945 പട്ടയങ്ങൾ 2021 ന് ശേഷം വിതരണം ചെയ്യപ്പെട്ടവയാണ്.

### 854. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുകയും ആധുനീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട ദുരന്ത വിശകലനവും പ്രവചനവും സാധ്യമാക്കുന്ന രീതിയിൽ സാങ്കേതിക കഴിവ് ഉയർത്തും.

ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണം ഏറ്റവും മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം കൊണ്ട് സാധ്യമായി. 'നമ്മൾ നമുക്കായി' എന്ന വിപുലമായ പദ്ധതിയിലൂടെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ദുരന്തലഘൂകരണപദ്ധതി തയ്യാറാക്കുകയും കേരളത്തിലെ ഏറ്റവും താഴെത്തട്ടിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിലുള്ള ദുരന്തനിവാരണ ഏകോപനസംവിധാനം എന്ന നിലയിൽ തദ്ദേശസ്ഥാപനങ്ങളിൽ ദുരന്തലഘൂകരണ മേൽനോട്ടക്കമ്മിറ്റികൾ രൂപവത്ക്കരിക്കുകയും തദ്ദേശസ്ഥാപനങ്ങളിലെ സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീമുകൾ സജ്ജീകരിക്കുകയും ചെയ്തു. ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ സൂക്ഷ്മമായ കാലാവസ്ഥാവ്യതിയാന അവലോകനം നടത്തി, അവയോടനുബന്ധിച്ച് ദുരന്തസാധ്യതകൾ സൂക്ഷ്മതലത്തിൽ കണ്ടെത്തി, തദ്ദേശതലത്തിൽ ലഭ്യമാക്കാൻ ഡച്ച് സർക്കാരുമായി സഹകരിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും കിലയും വിപുലമായ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ 9 തീരദേശ ജില്ലകളിൽ 17 താല്കാലിക പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇവ കൂടാതെ ഇടുക്കി ജില്ലയിൽ 6 ഷെൽറ്ററുകൾ കൂടി സ്ഥാപിച്ച് വരുന്നു. കണ്ണൂർ ജില്ലയിൽ കണിച്ചാർ ഗ്രാമ പഞ്ചായത്തിനെ ഉരുൾ പൊട്ടൽ തീവ്രമായി ബാധിച്ചത് പരിഗണിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലിവിങ് ലാബ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു റെസിലിയൻസ് സെന്റർ സ്ഥാപിക്കുവാൻ അനുമതി ആയി. പ്രസ്തുത ഗ്രാമ പഞ്ചായത്തിനെ ദുരന്ത പ്രതിരോധ ശേഷി ഉള്ളതും, കാലാവസ്ഥാ വ്യതിയാന അതിജീവന ശേഷി ഉള്ളതും ആക്കുക എന്നതാണ് ലക്ഷ്യം.

ആപത മിത്ര പദ്ധതി ഉപയോഗിച്ച് 4500 സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിക്കുകയും, ഇൻഷുറൻസ്, പ്രതികരണ കിറ്റ് എന്നിവ നൽകുകയും ചെയ്തു. കേരളത്തിലെ എല്ലാ അഗ്നി രക്ഷാ സ്റ്റേഷനുകളും കേന്ദ്രീകരിച്ചാണ് ഇവരെ സംഘടിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെകൂടി ശ്രമഫലമായി കേരളം മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. നിലവിൽ പരിശീലനം സിദ്ധിച്ച 15,000 സന്നദ്ധ പ്രവർത്തകർ 128 ഫയർ സ്റ്റേഷനുകളുമായി ചേർന്നു പ്രവർത്തിക്കുന്നു. ഇവരുടെ പരിശീലനത്തിന് സാമ്പത്തികസഹായവും, സാങ്കേതികസഹായവും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നൽകി വരുന്നു.

### 855. ലോക്കൽ ഫണ്ട് ഓഡിറ്റിനെ ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് ഓഡിറ്റ് കമ്മീഷൻനായി പുനഃസംഘടിപ്പിക്കുന്നതാണ്.

ചീഫ് സെക്രട്ടറി അധ്യക്ഷനായ സെക്രട്ടറി തല സമിതി ഭരണപരിഷ്കാര കമ്മീഷന്റെ ഇത് സംബന്ധിച്ച ശിപാർശ പരിശോധിക്കുകയും നിലവിലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് സംവിധാനം കൂടുതൽ പ്രൊഫഷണലൈസ് ചെയ്യുകയും ശാക്തീകരിക്കുകയും ചെയ്താൽ മതിയെന്നാണ് ശിപാർശ ചെയ്തതത്. ഇതനുസരിച്ച് ഓൺലൈൻ, കൺകറന്റ് ഓഡിറ്റ് സഹിതം ഉൾപ്പെടുത്തിക്കൊണ്ട് ലോക്കൽഫണ്ട് ഓഡിറ്റിനെ ശാക്തീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

### 856. രജിസ്ട്രേഷൻ കെട്ടിട നവീകരണം പൂർത്തിയാക്കും. പഴയ ലെഗസി റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്തു സംരക്ഷിക്കും.

വിവിധ ജില്ലകളിലായുള്ള മലയിൻകീഴ്, ചിറയിൻകീഴ്, വർക്കല, തിരുവല്ലം, കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ്, കടുത്തുരുത്തി, കോതമംഗലം, തൃപ്രയാർ, മുണ്ടൂർ, അണ്ടത്തോട്,

മലപ്പുറം, തേഞ്ഞിപ്പലം, അഴിയൂർ, തിരുവള്ളൂർ,വില്യാപ്പള്ളി, കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ്, ചാത്തമംഗലം, മാനന്തവാടി, ഉളിയിൽ(ഇരിട്ടി), ഉദുമ, തൃക്കരിപ്പൂർ, അന്നമനട, വാടാനപ്പള്ളി പുളിങ്കുന്ന്, കൂവപ്പള്ളി, കൊടക്കൽ, മട്ടന്നൂർ, മാള എന്നീ 28 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടം പണി കിഫ്ബി, പൊതുമരാമത്ത് ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ച് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. 89 ഓഫീസുകൾ നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നു. അതിൽ 9 ഓഫീസുകളുടെ കെട്ടിടം പണി നടന്നു വരുന്നു. ബാക്കി 80 ഓഫീസുകളിൽ 15 ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തി. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിലെ 1968 മുതലുള്ള ആധാരങ്ങളും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലെ 1988 മുതലുള്ള ആധാരങ്ങളും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ 1998 മുതലുള്ള ആധാരങ്ങളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. 1998 മുൻപുള്ള റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്തു വരുന്നു. ഒരു വർഷം കൊണ്ട് ഡിജിറ്റൈസേഷൻ പൂർത്തീകരിക്കാനുള്ള പ്രവൃത്തി നടന്നു വരുന്നു.

### 857. ലീഗൽ മെട്രോളജി വകുപ്പിലെ ലബോറട്ടറി കാലിബറേഷൻ സൗകര്യങ്ങൾ ശക്തിപ്പെടുത്തും.

എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ നിർമ്മിച്ച തെർമ്മോമീറ്റർ കാലിബറേഷൻ ലബോറട്ടറി 25.5.2023 ലും ഫ്ലോമീറ്റർ കാലിബറേഷൻ ലബോറട്ടറി 29/4/2022 ലും സ്പിഗ്മോമാനോമീറ്റർ കാലിബറേഷൻ ലബോറട്ടറി 25/5/2023 ലും വാട്ടർ മീറ്റർ കാലിബറേഷൻ ലബോറട്ടറി 10/2/21 ലും പ്രവർത്തനം ആരംഭിച്ച് പ്രകടന പത്രികയിലെ വാഗ്ദാനം സർക്കാർ പാലിച്ചിട്ടുണ്ട്. എറണാകുളത്ത് പ്രവർത്തിക്കുന്ന ഗോൾഡ് അസ്സെയിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്ന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇത് സഹായമാകും. എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ANERT മുഖേനസ്ഥാപിച്ച സോളാർ പവർ പ്ലാന്റ് 15/5/23 ൽ വകുപ്പിന് സമർപ്പിച്ചു. ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിലേക്കായി സുതാര്യം എന്ന മൊബൈൽ ആപ്ലിക്കേഷന്റെ നവീകരിച്ച പതിപ്പ് പുറത്തിറക്കി. ഇതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസ് സെലക്ട് ചെയ്ത് പരാതി അയക്കുവാനും നടപടി വിവരങ്ങൾ ആപ്പിലൂടെ തന്നെ അറിയുവാനും കഴിയും. വ്യാപാരികളുടെ അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യുന്നതിനുള്ള അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനും മുദ്ര ചെയ്ത് കഴിഞ്ഞാൽ ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്യുന്നതിനും സഹായകമായ സോഫ്റ്റവെയർ മോഡ്യൂൾ (LMOMS VERIFICATION MODULE) ആരംഭിച്ചു. ഇതിലൂടെ വ്യാപാരികൾക്ക് അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യുന്നതിനായി അപേക്ഷിക്കുന്നതിനും ഫീസ് അടക്കുന്നതിനും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഓഫീസിൽ പോകാതെ തന്നെ സാധിക്കുന്നതാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്വന്തം കെട്ടിടത്തിലാണ് ലീഗൽ മെട്രോളജി ഓഫീസ് പ്രവർത്തിക്കുന്നത്. കോട്ടയം, പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം ഈ വർഷം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് ജില്ലകളിൽ ഓഫീസ് / ലബോറട്ടറി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ വകുപ്പിൽ നടന്നു വരുന്നു.

### 858. സർക്കാർ പ്രസ്സുകൾ ആധുനീകരിക്കും.

ഇതിനായുള്ള പദ്ധതി രൂപരേഖ അന്തിമഘട്ടത്തിലാണ്.

### 859. കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പ്രവർത്തനക്ഷമമാക്കും.

കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഫലപ്രദമായി പ്രവർത്തിച്ചുവരികയാണ്.

### 860. കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒറ്റ കേന്ദ്രത്തിൽ സേവനം ഉണ്ടായിരിക്കും. ഇത് സർക്കാർ സേവനങ്ങളെ സുസംഘടിതമാക്കുന്നതിന് സഹായിക്കും. വൈദ്യുതി, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സിവിൽ സപ്ലൈസ് ഓഫീസ്, ആർ.ടി.ഒ, രജിസ്ട്രേഷൻ, നികുതി അടവ്, പോലീസും ഫൈനും എന്നിങ്ങനെ എല്ലാം ഒറ്റ കേന്ദ്രത്തിൽ

പ്രവർത്തിക്കും. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ വിവിധ ഓഫീസുകൾ കയറി ഇറങ്ങുന്ന സാഹചര്യം ഇതുമൂലം ഒഴിവാകും.

കെ- സ്മാർട്ട് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കിവരുന്നു.

861. എല്ലാ സർക്കാർ സേവനങ്ങളും സാധ്യമാകുന്നിടത്തെല്ലാം ഹോം ഡെലിവറി വഴി നൽകും. മുതിർന്ന പൗരന്മാർക്കും രോഗികൾക്കും വികലാംഗർക്കും ഇത് സൗജന്യമായിരിക്കും.

മസ്റ്ററിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വാതിൽപ്പടി സേവനം പ്രാവർത്തികമാക്കിയിട്ടുണ്ട്.

## ഭരണഘടനാ സ്ഥാപനങ്ങൾ

862. ജില്ലാ കോടതി വരെയുള്ള വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം കൂടി കണക്കിലെടുത്ത് ഇനിയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കും.

കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ചീഫ് ജസ്റ്റിസ് മൂന്ന് ജഡ്ജിമാർ അടങ്ങുന്ന ഒരു കമ്മിറ്റി ഹൈക്കോടതി രൂപീകരിച്ചിട്ടുണ്ട്. മലയാളത്തിൽ വിധി എഴുതാൻ തയ്യാറുള്ള ജുഡീഷ്യൽ ഓഫീസർമാരുടെ എണ്ണവും ഇക്കാര്യത്തിൽ പരിശീലനം ആവശ്യമുള്ള ജുഡീഷ്യൽ ഓഫീസർമാരുടെ എണ്ണവും ഹൈക്കോടതി തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലയാളത്തിൽ വിധിന്യായങ്ങൾ എഴുതാനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഹൈക്കോടതി ഓഫീഷ്യൽ മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി വിധി മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ അനുയോജ്യമായ സോഫ്റ്റ് വെയർ ആപ്പുകൾ/ ടൂളുകൾ ഉപയോഗിക്കാമെന്ന് ഹൈക്കോടതിയുടെ ഉന്നതതല ഐടി സംഘം ശിപാർശ ചെയ്തിട്ടുണ്ട്.

863. കേസുകൾ വേഗത്തിൽ തീർക്കാൻ ജുഡീഷ്യറിയിലുള്ള ഒഴിവ് നികത്തും. ആവശ്യമെങ്കിൽ കൂടുതൽ കോടതികൾ അനുവദിക്കും.

2016 മെയ് മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് ആകെ 120 കോടതികൾ സ്ഥാപിച്ചു. 2968 തസ്തികകൾ അനുവദിച്ചു. (സബോർഡിനേറ്റ് ജുഡീഷ്യറിയിൽ 2340, ഹൈക്കോടതിയിൽ 628 തസ്തികകൾ) കൂടാതെ 6 താൽക്കാലിക കോടതികൾ സ്ഥിരം കോടതികളാക്കുന്ന വിഷയവും, സംസ്ഥാനത്ത് എസ്.സി/ എസ്.ടി പ്രത്യേക കോടതികൾ ഇല്ലാത്ത ഏഴ് ജില്ലകളിൽ പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള ശിപാർശയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

864. 10 കോടതി സമുച്ചയങ്ങൾ നിർമ്മാണം പൂർത്തിയാക്കി. 20 കോടതി സമുച്ചയങ്ങൾ കൂടി നിർമ്മാണം പൂർത്തിയാക്കും. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി വർദ്ധിപ്പിക്കും.

വിവിധ കോടതി കെട്ടിടസമുച്ചയങ്ങളുടെ നിർമ്മാണങ്ങൾക്കായും അറ്റകുറ്റപണികൾക്കുമായും 13.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർമ്മാണ ഘട്ടത്തിലാണ്. കൊല്ലം, തിരുവല്ല, അടൂർ, മാവേലിക്കര, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, ഇരിഞ്ഞാലക്കുട, ചാലക്കുടി, ചാവക്കാട്, മഞ്ചേരി, പരപ്പനങ്ങാടി, വടകര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ കോടതി സമുച്ചയ / മന്ദിര നിർമ്മാണം പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ കോടതികളിലെ തീർപ്പാക്കാൻ ശേഷിക്കുന്ന ജോലികളുടെ തുല്യമായ വിതരണം ഉറപ്പാക്കുന്നതിനുള്ള കോടതികളുടെ ഡിജിറ്റലൈസേഷൻ പദ്ധതിയ്ക്ക് സർക്കാർ അനുകൂല നടപടി സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഗൂഗിൾ ട്രാൻസ്ലേറ്റ്, ഗൂഗിൾ ഡോക്യുമെന്റുകൾ, ഡ്രാഗൺ ഡിക്റ്റേറ്റ് തുടങ്ങിയ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഉൾപ്പെടെയുള്ള മറ്റ് സോഫ്റ്റ്വെയർ സൗകര്യങ്ങൾ ഉപയോഗിച്ചും കോടതികൾക്ക് പേപ്പർലെസ് ഫിസിക്കൽ കോടതികളുടെ സംയോജിത സവിശേഷതകൾ ഉണ്ടായിരിക്കും. കൂടാതെ, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനായി e-Court Phase

-III ഉൾപ്പെടുത്തി virtual court room, വീഡിയോ കോൺഫറൻസിംഗ്, കോടതി രേഖകളുടെ ഡിജിറ്റലൈസേഷൻ, കോടതി നപടികളുടെ തൽസമയ പ്രേഷണം എന്നിവയ്ക്കായുള്ള ഭൗതിക സാഹചര്യങ്ങൾ അനുവദിയ്ക്കുന്ന നടപടിയുടെ ഭാഗമായി കേന്ദ്ര സർക്കാരുമായി MoU ഒപ്പ് വച്ചിട്ടുണ്ട്.

865. പബ്ലിക് സർവ്വീസ് കമ്മീഷൻ ഓൺലൈൻ പരീക്ഷാ സൗകര്യം വിപുലപ്പെടുത്തും.

ആസ്ഥാന ഓഫീസിന് പുറമെ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ പി.എസ്.സിക്ക് സ്വന്തമായി ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ നിലവിലുണ്ട്. കോട്ടയത്ത് രണ്ടാമത്തെ ഓൺലൈൻ സെന്ററിന്റെ പ്രവർത്തനത്തിന്റെ ജോലികൾ അന്തിമഘട്ടത്തിലാണ്. ഉടൻ പ്രവർത്തനമാരംഭിക്കും.

## സംസ്ഥാന ഭാഗ്യക്കുറി

866. പി.എസ്.സി പരീക്ഷ, മൂല്യനിർണ്ണയം, നിയമനം എന്നിവ നടത്തുവാൻ ചലനാത്മകവും പൂർണ്ണതോതിൽ യന്ത്രവത്കൃതവുമായ 'ഡൈനാമിക് ഫുള്ളി ഓട്ടോമേറ്റഡ്' സംവിധാനം സൃഷ്ടിക്കും. ഏറ്റവും കുറഞ്ഞ മനുഷ്യ ഇടപെടലോടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുകയും മൂല്യനിർണ്ണയം നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമനം നടത്തുകയും ചെയ്യും. ചലനാത്മകമായ ഈ പി.എസ്.സി സംവിധാനം തടസ്സമില്ലാതെ കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യും.

21.05.2021 ന് ശേഷം ഇതുവരെ 1,18,747 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴി അഡൈ്വസ് നൽകിയിട്ടുണ്ട്. ഈ കാലയളവിൽ 3859 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി.എസ്.സിയിൽ വാർഷിക പരീക്ഷാ കലണ്ടർ നടപ്പിലാക്കി. യൂണിഫോംഡ് തസ്തികകളുടെ തെരഞ്ഞെടുപ്പ് വാർഷികമാക്കി. സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

867 സർക്കാർ, അർദ്ധ സർക്കാർ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകൾക്ക് രൂപം നൽകുകയും നിയമനങ്ങൾ പി.എസ്.സിക്കു വിടുകയും ചെയ്യും.

ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് എന്നിവയ്ക്ക് പുറമെ സി-ആപ്റ്റിലും സ്പെഷ്യൽ റൂളുകൾ നിലവിൽ വന്നിട്ടുണ്ട്.

869. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ അന്യസംസ്ഥാന ഭാഗ്യക്കുറികൾക്ക് പ്രവർത്തിക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടില്ല. എന്നാൽ ജി.എസ്.ടി നിയമത്തിൽ വരുത്തിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേയ്ക്ക് കടന്നുവരാൻ ഭാഗ്യക്കുറി മാഫിയ പരിശ്രമിക്കുകയാണ്. ഇവർക്കെതിരെ നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും സ്വീകരിക്കും. ഭാഗ്യക്കുറി തൊഴിലാളികളെയും ജനങ്ങളെയും അണിനിരത്തി ലോട്ടറി മാഫിയയെ ചെറുക്കും.

ജി.എസ്.റ്റി നടപ്പാക്കിയതിനുശേഷം നിയമവിരുദ്ധ ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുവരവ് തടയാൻ കർശനമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ നിയമഭേദഗതി നടപ്പിലാക്കായിട്ടുണ്ട്. ഇത്തരം ടിക്കറ്റുകൾ വിൽക്കുന്നതിൽ നിന്നും കേരള ലോട്ടറി ഏജന്റുമാരെ സർക്കാർ വിലക്കിയിട്ടുമുണ്ട്.

870. ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് നൽകിക്കൊണ്ട് കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഉറപ്പാക്കണമെന്ന ആവശ്യം ജി.എസ്.ടി കൗൺസിലിൽ കേരളം മുന്നോട്ടുവെച്ചു. ഈ നിലപാടിന് പൊതു അംഗീകാരം നേടിയെടുക്കാനും സാധിച്ചു.

871. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾക്കുള്ള വിഹിതം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 40 ശതമാനമായിരുന്നു. അത് ഇപ്പോൾ 60 ശതമാനമായി ഉയർത്തിയിട്ടുണ്ട്. കൂടുതൽ സമ്മാനങ്ങൾ നൽകുകയും കമ്മീഷൻ ഉയർത്തുകയും ചെയ്യും.

ഭാഗ്യക്കുറികളുടെ സമ്മാനങ്ങളുടെ എണ്ണം കൂട്ടുന്നത് നടപ്പാക്കിവരികയാണ്. സമ്മാനങ്ങളുടെ എണ്ണത്തിൽ 65% വർദ്ധനവ് വരുത്തി. 2024 ക്രിസ്മസ്, പുതവത്സര ബംബർ ഭാഗ്യക്കുറിയിൽ മാത്രം സമ്മാനങ്ങളുടെ എണ്ണത്തിൽ 3 ലക്ഷം വർദ്ധനവ് വരുത്തി. 2024ൽ തിരുവോണ ബംബറിൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഒന്നാം സമ്മാന തുക അവതരിപ്പിച്ചു. ഇതിലൂടെ 9.20 ലക്ഷം ടിക്കറ്റുകൾ അധികമായി വിറ്റഴിച്ചു. മൺസൂൺ ബംബറിൽ 25 ലക്ഷം ടിക്കറ്റുകളും പൂജ ബംബറിൽ 39 ലക്ഷം ടിക്കറ്റുകളും വിറ്റഴിച്ചു. വിൽപ്പന ഡിസ്കൗണ്ട് അര ശതമാനം വീതവും സമ്മാന തുകയിന്മേലുള്ള കമ്മീഷൻ 100 വരെയുള്ള ടിക്കറ്റുകൾക്ക് 20 ശതമാനവും 100 രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് 12 ശതമാനവുമായി വർദ്ധിപ്പിച്ചു.

872. ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനായി 'ലൈഫ് ബംബർ ഭാഗ്യക്കുറി' നടത്തും. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

ലോട്ടറി വെൽഫെയർ അംഗങ്ങൾക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിലേക്കായി 2021 ലെ വിഷു ബമ്പർ ലൈഫ് ബമ്പറായാണ് നടത്തിയിരുന്നത്. പ്രസ്തുത ലോട്ടറി നടത്തിപ്പിൽ നിന്നും മറ്റു ചെലവുകളെല്ലാം കുറവ് ചെയ്ത് ഭവന നിർമ്മാണ സഹായത്തിനുള്ള ലാഭവിഹിതം അനുവദിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ 31.41 കോടി രൂപയുടെയും 2023-24ൽ 32 കോടി രൂപയുടെയും 2024-25ൽ 41.7 കോടി രൂപയുടെയും ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

സ്വന്തമായി കടയോ കച്ചവട സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വിൽപ്പനയ്ക്കായി ബീച്ച് അംബ്രലകൾ വിതരണം ചെയ്യുന്നു. അംഗപരിമിതരായ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ട്രൈ സ്കൂട്ടർ വിതരണം, തൊഴിലാളികൾക്ക് യൂണിഫോം വിതരണം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ്, അംഗങ്ങൾ മരണപ്പെട്ടാൽ അവകാശിക്ക് മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, പ്രത്യേക ചികിത്സാ പദ്ധതി, വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം, പ്രസവ ധനസഹായം തുടങ്ങിയവ നൽകിവരുന്നു.

873. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകും. ഇതിന് ആവശ്യമായ ചട്ടഭേദഗതികൾ കൊണ്ടുവരും.

ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ ടിയാരുടെ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകാൻ സർക്കാർ ഉത്തരവ് നൽകി. ഇതിൻ പ്രകാരം സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ മോഡിഫിക്കേഷൻ നടത്തി.

## ദേവസ്വം

874. ദേവസ്വം ബോർഡുകൾ കോവിഡിനെ തുടർന്ന് വലിയ പ്രതിസന്ധിയിലാണ്. വരുമാനം സാധാരണഗതിയിൽ ആകുന്നതുവരെ കമ്മി സർക്കാർ ഖജനാവിൽ നിന്നും നികത്തും.

ദേവസ്വം ബോർഡുകൾക്കും പത്മനാഭ സ്വാമി ക്ഷേത്രത്തിനും സർക്കാർ ഖജനാവിൽ നിന്നും ഈ കാലയളവിൽ 325.53 കോടി രൂപ നൽകി.



875. ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങൾ, മാസ്റ്റർപ്ലാൻ തുടങ്ങിയവ പൂർത്തിയാക്കുന്നതിന് സമയബന്ധിത പരിപാടി നടപ്പാക്കും.

ശബരിമല മാസ്റ്റർ പ്ലാനിന് അനുസൃതമായി തയ്യാറാക്കിയ സന്നിധാനത്തിന്റെയും പമ്പ ആന്റ് ട്രക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനിന് 08-01-2025 ന്റെ മന്ത്രിസഭായോഗം അംഗീകാരം നൽകി. സന്നിധാനത്തിന്റെ വികസനത്തിനായി ആദ്യഘട്ടത്തിന് 600.47 കോടി രൂപയും 2028-33 വരെയുള്ള രണ്ടാം ഘട്ടത്തിന് 100.02 കോടിരൂപയും 2034-39 വരയുള്ള മൂന്നാം ഘട്ട ത്തിന് 77.68 കോടി രൂപയും ഉൾപ്പെടെ ആകെ 778.17 കോടി രൂപയാണ് ലേഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.

സന്നിധാനം മേഖലയെ എട്ട് സോണുകളായി തിരിച്ചാണ് ലേഔട്ട് പ്ലാൻ തയ്യാറാക്കിയിരിക്കു ന്നത്. മകരവിളക്കിന്റെ കാഴ്ചകൾ സംരക്ഷിക്കുന്നതിനൊപ്പം ക്രൗഡ് മാനേജ്മെന്റിനെ പിന്തുണയ്ക്കുന്നതിനായി രണ്ട് ഓപ്പൺ പ്ലാസകളും ലേഔട്ട് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാനനപാതയിലൂടെയുള്ള തീർത്ഥാടകരുടെ സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രയ്ക്ക് ഉതകുന്ന വിവിധ സങ്കേതങ്ങളുടെയും വിശ്രമ സ്ഥലങ്ങളുടെയും ആവശ്യക തയിലൂന്നിയാണ് ട്രക്ക്റൂട്ട് ലേഔട്ട് പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇതോടൊപ്പം ഒരു എമർജൻസി വാഹന പാതയും ഉൾപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതിക പുനസ്ഥാപനത്തെ പിൻതുണയ്ക്കുന്നതിനായി ട്രക്ക്റൂട്ടിന്റെ ഇരുവശത്തും ബഫർസോണും പ്ലാൻ പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

പമ്പയുടെ വികസനത്തിനായി ആദ്യഘട്ടത്തിന് 184.75 കോടി രൂപയും 2028-33 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടി രൂപയും ഉൾപ്പെടെ ആകെ 207.48 കോടി രൂപയാണ് ചിലവ് കണക്കാക്കുന്നത്. ട്രക്ക്റൂട്ടിന്റെ വികസനത്തിനായി ആദ്യ ഘട്ടത്തിന് 32.88 കോടി രൂപയും രണ്ടാം ഘട്ടത്തിന് 15.50 കോടിരൂപയും ഉൾപ്പെടെ ആകെ 47.97 കോടി രൂപയാണ് ചിലവ് കണ ക്കാക്കുന്നത്. പമ്പയുടെയും ട്രക്ക്റൂട്ടിന്റെയും വികസനത്തിനായി ലേഔട്ട് പ്രകാരം ആകെ ചിലവ് കണക്കാക്കിയിരിക്കുന്നത് 255.45 കോടി രൂപയാണ്.

ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കുവേണ്ടി 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ 27.6 കോടി രൂപയാണ് വകയിരുത്തിയത്. ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി 2025-2030 കാ

ലയളവിൽ 31496 ലക്ഷം രൂപയുടെ പദ്ധതികളാണ് ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ളത്.

പമ്പ ഗണപതിക്ഷേത്രം മുതൽ പമ്പ ഹിൽടോപ് വരെ നദിക്കു കുറുകെ പാലം നിർമ്മാണം, നിലയ്ക്കൽ കോർ ഏരിയ വികസനം, കുന്നാർ സന്നിധാനം ശുദ്ധജല പൈപ്പ്ലൈൻ, നിലയ്ക്കൽ ഇടത്താവള റോഡുകളുടെയും പാലങ്ങളുടെയും നിർമാണം, സന്നിധാനത്തെ തീർഥാടന സൗകര്യകേന്ദ്രം, തന്ത്രിമഠം, പ്രസാദ നിർമാണ-വിതരണ സമുച്ചയം, സന്നിധാനത്തെ അഗ്നിശമന സംവിധാനം, തീർഥാടക നിർഗമന പാലം, നിലയ്ക്കലിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയാണ് മാസ്റ്റർ പ്ലാനിൽ ഉള്ളത്.

ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള റോപ് വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ, നടത്തിപ്പ് എന്നിവ M/s EIGHTEENTH STEP DAMODAR CABLE CARS PRIVATE LIMITED എന്ന കമ്പനിക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ നൽകി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ശബരിമല ഇടത്താവളം പദ്ധതിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി ചെയ്യുന്നതിനും നിർമ്മാണത്തിന്റെ നിർമ്മാണ അവലോകനം വേഗത വർദ്ധിപ്പിക്കുന്നതിലേക്കുമായി ദേവസ്വം വകുപ്പ് മന്ത്രിയുടെയും റവന്യൂ(ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ 75% ത്തോളം പൂർത്തിയായി.

876. പൈതൃക മൂല്യമുള്ള പ്രധാനപ്പെട്ട അമ്പലങ്ങൾ പഴമയിൽ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കും.

പൈതൃക മൂല്യമുള്ള ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിന് പുരാവസ്തു, ടൂറിസം വകുപ്പുകളുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മലബാർ ദേവസ്വം ബോർഡ് ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. ഗുരുവായൂർ ദേവസത്തിലെ പുന്നത്തൂർ കോവിലകം നവീകരണവും വേട്ടയ്ക്കൊരുമകൻ ക്ഷേത്ര നവീകരണവും പുരോഗമിക്കുന്നു.

877. ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അവിടുത്തെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കുന്നതിനുള്ള വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്കീമിന് രൂപം നൽകും. ഇവർക്കായി പ്രത്യേക ക്ഷേമനിധിയും ഏർപ്പെടുത്തും.

സ്വകാര്യ ക്ഷേത്രങ്ങളിലെ വിവിധ തസ്തികകളിലെ ജീവനക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായി. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും അംഗമാകാവുന്നതാണ്. സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കുമായി ദേവസ്വം വകുപ്പിന്റെ പരിധിയിൽ പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്നതിനായുള്ള വിവര ശേഖരണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

## സംസ്ഥാന ആസൂത്രണ ബോർഡ്

878. പഞ്ചവത്സര പദ്ധതി ആസൂത്രണം മുന്നോട്ട് കൊണ്ടുപോകുന്ന ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാനതല ആസൂത്രണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

2025-26 ലെ വാർഷിക സംസ്ഥാന പദ്ധതി വിഹിതമായ 32,500 കോടി രൂപ ബജറ്റ് വകയിരുത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 30370 കോടി രൂപ ആയിരുന്നു.

879. പതിനാലാം പഞ്ചവത്സര പദ്ധതി ആഗോളതലത്തിൽ വിദഗ്ധരുടെയും കേരളത്തിലെ ജനവിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കും

14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനായി വ്യത്യസ്ത മേഖലകളിലെ പ്രത്യേക പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന 44 വർക്കിംഗ് ഗ്രൂപ്പുകൾ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിക്കുകയുണ്ടായി. ഓരോ വർക്കിംഗ് ഗ്രൂപ്പിലും ആ മേഖലയിലെ ഒരു വിദഗ്ദ്ധനും ബന്ധപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറിയോ സെക്രട്ടറിയോ ഉപാധ്യക്ഷന്മാരായിരുന്നു. പണ്ഡിതന്മാർ, ഭരണാധികാരികൾ, സാമൂഹിക, രാഷ്ട്രീയ പ്രവർത്തകർ, മറ്റ് വിദഗ്ധർ എന്നിവർ ഉൾപ്പെടെ ആകെ 1,200 ഓളം പേരാണ് വർക്കിംഗ് ഗ്രൂപ്പുകളിൽ ഉണ്ടായിരുന്നത്. 14-ാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനായുള്ള വിലപ്പെട്ട സൂചകങ്ങളാണ് ഇത്തരം വർക്കിംഗ് ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ.

## സംവരണനയം

880. പട്ടികജാതി - പട്ടികവർഗ്ഗകാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണം. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കുതന്നെ കിട്ടുമെന്ന് ഉറപ്പുവരുത്താനും കഴിയണം. അതോടൊപ്പം മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10% സംവരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സർക്കാർ തുടരും. നാലു പതിറ്റാണ്ടിലേറെയായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചുവരുന്ന ഈ സംവരണനയത്തെ ഉയർത്തിപ്പിടിക്കും.

നിലവിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള സംവരണം അതേപടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

881. പട്ടികജാതി - പട്ടികവർഗ്ഗ സംവരണം സ്വകാര്യ മേഖലയിലേയ്ക്കു കൂടി വ്യാപിപ്പിക്കാൻ പരിശ്രമിക്കും.

ദേവസ്വം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക – അനധ്യാപക നിയമനങ്ങളിൽ പി.എസ്.സി. മാതൃകയിൽ സംവരണം നടപ്പാക്കി. സ്വകാര്യ മേഖലയിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നത് പരിശോധിച്ചുവരുന്നു.

882. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെന്നത് ന്യായമാണ്. പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഇത് നടപ്പിലാക്കാനാവണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായസമന്വയം ഉണ്ടാക്കാനുള്ള ഇടപെടൽ നടത്തും.

ഇത് സംബന്ധിച്ച് പ്രത്യേകമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി റിട്ട. ചീഫ് ജസ്റ്റിസ് ശ്രീ. കെ.ജി ബാലകൃഷ്ണൻ അധ്യക്ഷനായുള്ള ഒരു കമ്മീഷനെ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളും.

## മദ്യനയം

883. മദ്യാസക്തിക്കെതിരെ ശക്തമായ പ്രചാരണവും നിയന്ത്രണവും കൊണ്ടുവരും. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക.

മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിനിന്റെ മൂന്ന് ഘട്ടം പൂർത്തിയായി. നാലാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വസ്തുക്കൾ സംബന്ധിച്ച പരാതികൾ അറിയിക്കുവാനുള്ള നമ്പരുകൾ അടങ്ങിയ പോസ്റ്ററുകളും ബോർഡുകളും വിദ്യാലയങ്ങൾ, പൊതുസ്ഥലങ്ങൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാ

പിച്ച് രഹസ്യ വിവരശേഖരണം ശക്തിപ്പെടുത്തി.

മയക്കുമരുന്ന് കുറ്റകൃത്യത്തിനെതിരെ നിയമ നടപടികൾ കൂടുതൽ കർശനമാക്കി. മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. ആവർത്തിച്ച് മയക്കുമരുന്ന് കേസ്സുകളിൽ പ്രതികളാകുന്നവർക്ക് ഉയർന്ന ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്ഥിരമായി മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

884. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി വിമുക്തി മിഷനു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. മദ്യവർജ്ജനസമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും.

ലഹരിവസ്തുക്കൾ വർജ്ജിക്കുന്നതിനായി പൊതുസമൂഹത്തിൽ ബോധവൽക്കരണം നടത്താനുള്ള പരിപാടികൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. 2022 ഒക്ടോബർ 2 മുതൽ സംസ്ഥാനത്ത് നോ ടു ഡ്രഗ്സ് (NO TO DRUGS) എന്ന പേരിൽ ലഹരിക്കെതിരെ വ്യാപകമായി പ്രചരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയം ഭരണം, എക്സൈസ്, പോലീസ്, ഐ&പി.ആർ.ഡി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളെയും, എല്ലാ രാഷ്ട്രീയ പാർട്ടികളെയും, ജാതി-മത-സാമൂഹിക-സാംസ്കാരിക സംഘടനകളെയും കുടുംബശ്രീ, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡ്സ് എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിച്ചാണ് പ്രചാരണം സംഘടിപ്പിച്ചത്.

885. 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മേഖലാ കൗൺസിലിംഗ് സെന്ററുകൾക്കും രൂപം നൽകും.

വിമുക്തിമിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പതിനാല് ജില്ലകളിലും സർക്കാർ ജില്ലാ / താലൂക്കാശുപത്രികളോടനുബന്ധിച്ച് 14 വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു. വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന 2018 നവംബർ മുതൽ 2025 മാർച്ച് വരെ 1,40,479 പേർക്ക് ഒ.പിയിലും 11,227 പേർക്ക് ഐ.പിയിലും ചികിത്സ നൽകി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ മേഖലാ കൗൺസിലിംഗ് സെന്ററുകൾ വഴി നേരിട്ടും ടെലഫോൺ മുഖാന്തിരവും സൗജന്യ കൗൺസിലിംഗ് ലഭ്യമാണ്. മേഖലാ കൗൺസിലിംഗ് സെന്ററുകൾ മുഖേന 23,356 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. എൻ.ഡി.പി.എസ് കേസ്സുകളിൽ ഉൾപ്പെട്ട 25 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസലിംഗും ചികിത്സയും നൽകിവരുന്നു.

886. മദ്യം പോലെ സാമൂഹ്യഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും. സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം 8 മുതൽ 12 വരെ ക്ലാസ്സുകളിൽ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടുതൽ ശക്തമാക്കും.

നോ ടു ഡ്രഗ്സ് ക്യാമ്പയിൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. ലഹരിവിരുദ്ധ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി തെളിവാനം വരയ്ക്കുന്നവർ കൈപ്പുസ്തകം തയ്യാറാക്കി. ഈ കൈപ്പുസ്തകത്തെ ആസ്പദമാക്കി വിവിധ ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 30 സ്കൂളുകളിൽ ഉണർവ്വ് പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കായിക ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്തു. 1,000 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളോടനുബന്ധിച്ച് 'ടീം വിമുക്തി' എന്ന പേരിൽ



ഖോ ഖോ, ഹാൻഡ് ബോൾ, വോളിബോൾ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിൽ കായിക ടീമുകൾ രൂപീകരിച്ച് മത്സരങ്ങൾ സംഘടിപ്പിച്ചു.

സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന 'നേർവഴി' പദ്ധതി വഴി 180 വിദ്യാർത്ഥികൾക്ക് കൗൺസലിങ്ങ് നൽകി. അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി 'കരുതൽ', 'കവചം' എന്നീ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തു. ലഹരിവിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചു. എസ്.സി.ഇ.ആർ.ടിയുമായി ചേർന്ന് തെളിവാനം വരയ്ക്കുന്നവർ പ്രവർത്തന പുസ്തകം തയ്യാറാക്കി. കോളേജ് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിന് കാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ' പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

## ജീവനക്കാർ

887. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയും കോവിഡുകാലത്ത് മാറ്റിവച്ച ശമ്പളവും ഡി.എ കുടിശികയും കാശായി 2021-22ൽ നൽകും. മെഡിസെപ് 2021-22ൽ നടപ്പാക്കും.

ഈ കുടിശ്ശികകൾ ഘട്ടം ഘട്ടമായി നൽകിവരുന്നു. പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. മെഡിസെപ്പ് നിലവിൽ വന്നിട്ടുണ്ട്.

888. ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ അനോമലി സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം പരിശോധിക്കുന്നതിന് അനോമലി കമ്മിറ്റിയെ നിയോഗിക്കും. ക്യാബിനറ്റു തലത്തിൽ തന്നെ ചർച്ച ചെയ്ത് പരാതികൾക്കു പരിഹാരം കാണും.

സാധ്യമായ അനോമലികൾ എല്ലാം പരിഹരിച്ചിട്ടുണ്ട്.

889. പങ്കാളിത്ത പെൻഷൻ റിപ്പോർട്ട് സമർപ്പിച്ചയുടനെ തന്നെ പരിശോധിച്ച് ജീവനക്കാരുടെ താത്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കും.

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരികയും വിശദമായി പരിശോധിക്കുന്നതിനായി ഉന്നതതല സമിതിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിൽ പങ്കാളിത്ത പെൻഷൻ പദ്ധതി

യുടെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ഒരു Assured പെൻഷൻ സ്കീം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച യൂണിഫൈഡ് പെൻഷൻ സ്കീം മറ്റു ചില സംസ്ഥാനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള സമാന പദ്ധതികളും പരിശോധിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## തൊഴിൽ നയം

890. മിനിമം കൂലി 700 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സ്ത്രീപുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

1948 ലെ മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തി 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചു. ഇതിൽ മീഡിയാ സെക്ടർ, റ്റി.എം.റ്റി സ്റ്റീൽ ബാർസ് എന്നീ രണ്ട് മേഖലകളുടെ മിനിമം വേതനം ആദ്യമായി നിശ്ചയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് വേതനം നിശ്ചയിക്കുമ്പോൾ ലിംഗസമത്വം ഉറപ്പാക്കുന്നുണ്ട്.

മിനിമം വേതനം നിശ്ചയിക്കുന്നതിനും കാലോചിതമായി അവ പുതുക്കുന്നതിനുമായി മിനിമം വേജസ് അഡ്വൈസറി ബോർഡ് നിലവിലുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള നിർമ്മാണ മേഖല, ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൈവറ്റ് ഹോസ്പിറ്റൽസ്, മൈനർ പോർട്ട്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രോഡക്ട്സ്, ഫോറസ്റ്റ്, കേബിൾ ടി.വി തുടങ്ങിയ മേഖലകളിൽ നിലവിലെ പ്രതിദിന വേതനം 700 രൂപയ്ക്ക് മുകളിലാണ്. നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിലെ വേതനം മറ്റ് സംസ്ഥാനങ്ങളിലെ വേതനത്തെ അപേക്ഷിച്ച് മൂന്നിരട്ടിയാണ്. 2023 മുതൽ മിനിമം കൂലി പുതുക്കി നിശ്ചയിച്ച ഹോസ്റ്റൽ മേഖല, ആനകളുടെ പരിപാലനവും സംരക്ഷണവും മേഖല, ടിംബർ കട്ടിങ് മേഖല, ടിംബർ & പ്ലൈവുഡ് വ്യവസായ മേഖല, മോട്ടോർ ബോട്ട് ഒഴികെയുള്ള ജലഗതാഗത മേഖല തുടങ്ങിയ ഒട്ടുമിക്ക എല്ലാ മേഖലകളിലും പ്രതിദിന വേതനം 700 രൂപ വരത്തക്ക രീതിയിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രതിമാസ സ്ഥാപന പരിശോധനകളിലൂടെ തൊഴിലാളികൾക്ക് തുല്യജോലിയ്ക്ക് തുല്യവേതനം ലഭിക്കുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു.

891. അംഗൻവാടി ജീവനക്കാർ, ആശാ വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ തുടങ്ങിയ സ്കീം വർക്കേഴ്സിന്റെയും പഞ്ചായത്തുകളിലെ പാലിയേറ്റീവ് നേഴ്സുമാരുടെയും കുടുംബശ്രീ ജീവനക്കാരുടെയും സ്കൂളുകളിലെയും പഞ്ചായത്തുകളിലെയും കൗൺസിലേഴ്സ്, റിസോഴ്സ് പേഴ്സൺസ്, പ്രീപ്രൈമറി ടീച്ചേഴ്സ് എന്നിവരുടെ ഹോണറേറിയം ഇടതുപക്ഷ സർക്കാർ ഗണ്യമായി ഉയർത്തുകയുണ്ടായി. ഈ സമീപനം ശക്തിപ്പെടുത്തും.

മേൽ വിഭാഗത്തിൽപ്പെട്ട സ്കീം വർക്കേഴ്സിനുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വളരെ കുറഞ്ഞ തോതിലുള്ള സഹായ വിഹിതമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നത്. എന്നിട്ടും രാജ്യത്തെ എറ്റവും മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് ഈ വിഭാഗങ്ങൾക്ക് ഘട്ടം ഘട്ടമായ വർദ്ധനവിലൂടെ കേരളത്തിൽ ലഭ്യമാക്കുന്നത്. കേന്ദ്ര വിഹിതം വർദ്ധിപ്പിക്കാനുള്ള സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഇത് തുടരും.

892. അതിഥി തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. അവർക്ക് റേഷൻ കാർഡ്, ആരോഗ്യ കാർഡ്, ഇൻഷ്വറൻസ് തുടങ്ങിയവ ഉറപ്പുവരുത്തും. അവരുടെ താമസ കേന്ദ്രങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതു സൗകര്യങ്ങൾ സൃഷ്ടിക്കും.

ആവാസ് പദ്ധതി വഴി അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യിച്ച് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി. 5,16,320 അതിഥി തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി വഴി മരണാനന്തര ആനുകൂല്യം, അപകട മരണ

ആനുകൂല്യം, ആശ്വാസ ധനസഹായം, ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാ ആനുകൂല്യം, ചികിത്സാ ആനുകൂല്യം, ടെർമിനൽ ആനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, പ്രസവാനുകൂല്യം, മൃതദേഹങ്ങൾ അവരുടെ നാട്ടിലേക്ക് കൊണ്ടുപോകുന്നതിനുള്ള ധന സഹായം എന്നിവ നൽകിവരുന്നു. അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിന് അതിഥി പോർട്ടൽ നിലവിലുണ്ട്. അതിഥി തൊഴിലാളികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

കേരളത്തിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഹോസ്റ്റൽ സൗകര്യം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് അപ്നാ ഘർ. പാലക്കാട്, കിനാലൂർ എന്നിവിടങ്ങളിൽ അപ്നാ ഘർ ആരംഭിച്ചു. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ പുതുതായി അപ്നാ ഘർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും വൃത്തിയും സുരക്ഷിതത്വവുമുള്ള താമസസൗകര്യം ഉറപ്പാക്കുന്നതിന് ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള പ്രോജക്റ്റ് (ആലയ്) ആവിഷ്ക്കരിച്ചു.

893. എൻ.ബി.എഫ്.സികളിലെ ജീവനക്കാരുടെ തൊഴിലും മിനിമം വേതനവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.

സംസ്ഥാനത്തെ നോൺ ബാങ്കിംഗ് സെക്ടറിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. തൊഴിൽപരമായ പരാതികളിന്മേൽ ജില്ലാ ലേബർ ഓഫീസർമാർ ഇടപെട്ട് പരാതി പരിഹരിച്ചുവരുന്നു.

894. ലേബർ കമ്മിഷണറേറ്റ് വിപുലീകരിച്ചു പുനഃസംഘടിപ്പിക്കും.

കേന്ദ്രസർക്കാർ പുതിയ ലേബർ കോഡുകൾ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ ഘടനയിൽ വ്യത്യാസമുണ്ടാകാനിടയുണ്ട്. ഈ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ലേബർ കമ്മീഷണറേറ്റ് പുനഃസംഘടിപ്പിക്കാനാണ് തീരുമാനം.

895. ക്ഷേമനിധികളുടെ ഭരണച്ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് സമാനമായവയുടെ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരും.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ 11 ബോർഡുകളാക്കി മാറ്റാനുള്ള നിയമനിർമ്മാണം നടത്താൻ ഉത്തരവുപുറപ്പെടുവിച്ചു. ബോർഡുകളുടെ സംയോജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

896. ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കും. നിലവിലുള്ള സാമൂഹ്യസുരക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തും.

സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരെയുള്ള ദുർവിനിയോഗം, ഉപദ്രവം, ആക്രമണം, സാമ്പത്തിക ചൂഷണം എന്നിവയിൽ നിന്നും സംരക്ഷണത്തിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുമായി ദേശീയ പട്ടികവർഗ്ഗ കമ്മീഷന്റെ നിർദ്ദേശാനുസരണം കേരള ഡൊമിസ്റ്റിക് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ബില്ല് 2020 (കരട്) തയ്യാറാക്കി. കരട് ബില്ല് ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്തു. തുടർ നടപടികൾ പുരോഗമിക്കുന്നു.

897. ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ വളർത്തിയെടുക്കും. നോക്കുകൂലി തുടങ്ങിയ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കും.

നോക്കുകൂലി ആവശ്യപ്പെട്ടാൽ അവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചുമട്ടു തൊഴിലാളി നിയമത്തിലെ ആക്ടിലും റൂളിലും ഭേദഗതി വരുത്തുന്നതിന്

തീരുമാനിച്ചു. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് കീഴിലെ പദ്ധതി പ്രദേശങ്ങളിലെ രജിസ്റ്റേഡ് തൊഴിലാളികൾ നോക്കുകൂലി സംബന്ധിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടതായി അറിഞ്ഞാൽ അടിയന്തിരമായി ഇടപ്പെട്ട് പ്രശ്നത്തിന് പരിഹാരം കാണാൻ ജില്ലാ കമ്മിറ്റി ചെയർമാൻമാരെ ചുമതലപ്പെടുത്തി. ചുമട്ടുതൊഴിലാളി സമൂഹത്തിന്റെ പ്ര തിബദ്ധതയെ ചോദ്യം ചെയ്യുന്ന നോക്കുകൂലി എന്ന ദുഷ് പ്രവണതക്കെതിരെ 'നോ നോക്കു കൂലി 2021' ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

'നവശക്തി 2023' പരിപാടിയിലൂടെ സൂക്ഷ്മതയും സ്കില്ലും ആവശ്യമുള്ള ഇലക്ട്രോണിക്, മെഡിക്കൽ സാമഗ്രികളുടെ കയറ്റിറക്കിന് തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീല നം നൽകിവരുന്നു. ചുമട്ടുതൊഴിലാളികളുടെ ഇടയിൽ ലഹരി ഉപയോഗത്തിനെതിരെ അവ ബോധമുണ്ടാക്കുന്നതിന് ഒരു മാസക്കാലം നീണ്ടുനിന്ന 'അവബോധന 2022' സംഘടിപ്പിച്ചു.

899. വിവിധ വ്യവസായങ്ങളിലും തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും നടപടി സ്വീകരിക്കും.

2015 വർഷം മുതൽ കോവിഡ് കാലഘട്ടമൊഴികെ കൊല്ലത്ത് പ്രവർത്തിച്ചുവരുന്ന തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കയർ, കശുവണ്ടി, മത്സ്യസം സ്കരണം, പാക്കിങ്, ചുമട്ടുതൊഴിലാ ളികൽ, ടെക്സ്റ്റൈൽ, പ്ലൈവുഡ്, തുടങ്ങിയ മേഖ ലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗനിർണ്ണയ സർവേകൾ നടത്തിവരുന്നു. തൊഴിൽ ദാതാക്കൾ മുഖേന തുടർ ചികിത്സ ഉറപ്പാക്കുന്നു.

ഹസാർഡ്സ് ഫാക്ടറികളിലും അപകടകരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഫാക്ടറികളി ലും വകുപ്പിലെ മെഡിക്കൽ ഓഫിസർമാർ സമയബന്ധിതമായി പരിശോ ധനകളും ചികി ത്സയും നടത്തിവരുന്നത്തിനു പുറമെ ഫാക്ടറി മാനേജ്മെന്റിന്റെ ആവശ്യാനുസരണം എല്ലാ വിഭാഗങ്ങളിലുമുള്ള ഫാക്ടറികളിലും പ്രീഎംപ്ലോയ്മെന്റ്, പിരിയോഡിക്കൽ, ആനുവൽ പരിശോധനകളും നടത്തുന്നുണ്ട്. ഇ-സഞ്ജീവനി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് തൊ ഴിൽജന്യ രോഗങ്ങൾ സംബന്ധിച്ച സംശയനിവാരണം നടത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

900. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾക്കെതിരായുള്ള സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊള്ളുക. തൊഴിൽ വകുപ്പിനെ ശക്തിപ്പെടുത്തും. നിയമങ്ങൾ പരിഷ്കരിച്ച് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പു വരുത്തും.

നാല് നിയമാവലികൾ സംബന്ധിച്ച് സംസ്ഥാനം തയ്യാറാക്കിയ ചട്ടങ്ങളുടെ പ്രാഥമിക വിജ്ഞാ പനം പുറപ്പെടുവിച്ചു. ട്രേഡ് യൂണിയൻ നേതാക്കളുമായി ചട്ടങ്ങൾ സംബന്ധിച്ച് ചർച്ച നടത്തി. ട്രേഡ് യൂണിയനുകൾ തൊഴിലുടമ പ്രതിനിധികൾ മാനേജ്മെന്റ് വിദഗ്ധർ മുതലായവരെ പങ്കെടുപ്പിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലേ) സെമിനാർ സംഘടിപ്പിച്ചു. ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉൾച്ചേർത്ത് കോഡുകൾ വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പ്രോഗ്രസ് റിപ്പോർട്ടിന്റെ പൂർണ്ണരൂപം www.keralacm.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രോഗ്രസ് റിപ്പോർട്ടിനെ കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓൺലൈൻ ആയി അറിയിക്കുന്നതിന് പുറമെ താഴെ പറയുന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അറിയിക്കാവുന്നതാണ്.

**മുഖ്യമന്ത്രി, മൂന്നാം നില, നോർത്ത് ബ്ലോക്ക്**
**ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001**

# പ്രകടനപത്രികയ്ക്ക് പുറമെ നടപ്പാക്കിയ കാര്യങ്ങൾ

## കേരള ജീനോം ഡാറ്റാ സെൻററർ (കെ.ജി.ഡി.സി)

കേരളത്തിലെ ജൈവവൈവിധ്യം ഉപയോഗപ്പെടുത്തി കേരളത്തിലെ ജീവജന്തുജാലങ്ങളുടെ ജനിതകവിവരങ്ങളുടെ ഒരു ശേഖരം സൃഷ്ടിച്ച് അവ ഉപയോഗപ്പെടുത്തി കൃഷി, മൃഗപരിപാലനം, മത്സ്യബന്ധനം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഫലപ്രദമായിട്ടുള്ള ഇടപെടൽ നടത്തുന്നതിന് കേരള ജീനോം ഡാറ്റ സെൻറർ എന്ന മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു.

## സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി (ആർ.ജി.സി.ബി) സഹകരിച്ച്, മനുഷ്യർ, മൃഗങ്ങൾ, മത്സ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സവിശേഷമായ മൈക്രോബയോമുകളെ അഥവാ സൂക്ഷ്മജീവികളുടെ പഠനം ലക്ഷ്യമാക്കി മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.

## സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ്

കേരളത്തിലെ ആരോഗ്യപൈതൃകവും ജൈവവൈവിധ്യവും ഉപയോഗപ്പെടുത്തി ഫാർമസ്യൂട്ടിക്കൽ മേഖലയിൽ ആരോഗ്യത്തിനും സുഖകരമായ ജീവിതത്തിനും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ന്യൂട്രാസ്യൂട്ടിക്കൽസ് തയ്യാറാക്കുന്നതിനുള്ള മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം

കേരളത്തിലെ മെച്ചപ്പെട്ട ഐടി സാങ്കേതികമേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട ഗവേഷണശൃംഖല, ഫലപ്രദമായ സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ച്, മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചു. ഇതിനകം തന്നെ ബയോ 360 പാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് വ്യവസായ സംരംഭങ്ങളെ കണ്ടെത്താൻ കെഎംടിസിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## എഥനോൾ നിർമാണം

കേരളത്തിൽ വ്യാപകമായി കായൽ പ്രദേശങ്ങളിലും മറ്റും കണ്ടുവരുന്ന കുളവാഴ ഉപയോഗപ്പെടുത്തി എൻ.ഐ.എസ്.ടി വികസിപ്പിച്ചെടുത്ത ത്വരകങ്ങളും എൻസൈമുകളും ഉപയോഗിച്ച്

സെല്ലുലോസും സെമിസെല്ലുലോസും സംസ്കരിച്ച് എഥനോൾ നിർമ്മിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം (വൈ.ഐ.പി)

13 മുതൽ 37 വയസ് വരെയുള്ള വിദ്യാർത്ഥികളിൽ നൂതനാശയ രൂപീകരണ സംസ്കാരം വളർത്തുന്നതിനായി കെ-ഡിസ്കിന്റെ നേതൃത്വത്തിൽ യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം ആരംഭിച്ചു.

## എമെർജിങ് ടെക്നോളജി സൊല്യൂഷൻസ്

മെഷീൻ ലേണിങ്ങ്, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, വിർച്ച്വൽ റിയാലിറ്റി, ഡേറ്റാ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ എന്നീ പുത്തൻ സാങ്കേതിക വിദ്യകൾ സർക്കാർ വകുപ്പുകളിൽ സമന്വയിപ്പിക്കുന്നതിനായി കെ ഡിസ്ക് നേതൃത്വത്തിൽ Accelerating Adoption of Emerging Technology Solutions in Government പദ്ധതി നടപ്പാക്കി.

## സമ്പൂർണ്ണ ഗ്രിഡ് ബന്ധിത സൗരോർജ്ജവത്കരണം

രാജ്യത്ത് സമ്പൂർണ്ണ ഗ്രിഡ്ബന്ധിത സൗരോർജ്ജവത്കരണം നടപ്പിലാക്കുന്ന ആദ്യ ആദിവാസി കോളനിയായി പാലക്കാട് ജില്ലയിലെ നടുപ്പതി മാറി.

## ഗ്രീൻ ഹൈഡ്രജൻ

ഹരിത ഹൈഡ്രജന്റെ പ്രോത്സാഹനത്തിനും വ്യാപനത്തിനും രാജ്യത്ത് ആദ്യമായി തുക വകയിരുത്തുന്ന സംസ്ഥാനമായി കേരളം മാറി. 2023-ലെ സംസ്ഥാന ബജറ്റിൽ ഇത്തരം പദ്ധതികൾക്കായി 200 കോടി രൂപ പ്രഖ്യപിച്ചു.

## ക്രൂയിസ് ടൂറിസം പോളിസി

വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊച്ചി, അഴീക്കൽ, ബേപ്പൂർ എന്നീ പോർട്ടുകളുടെ ശൃംഖലയിലൂടെ സംസ്ഥാനത്ത് ക്രൂയിസ് ടൂറിസം നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ക്രൂയിസ് ടൂറിസം പോളിസി രൂപികരിക്കാൻ ഡ്രാഫ്റ്റ് കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

## ജൈവവൈവിദ്ധ്യ സർക്യൂട്ട്

കൊല്ലം ജില്ലയിലെ അഷ്ടമുടി- മൺറോതുരുത്ത്- കൊട്ടാരക്കര- മീൻപിടി പ്പാറ-മുട്ടറ-മരുതുമല -ജഡായുപ്പാറ-തെന്മല-അച്ചൻകോവിൽ മേഖലകൾ ഉൾപ്പെടുത്തി കൊല്ലം ജൈവവൈവിദ്ധ്യ വിനോദസഞ്ചാര സർക്യൂട്ട് പ്രഖ്യാപിച്ചു.

## ഡിജിറ്റൽ സർവെ

കേരളം പൂർണ്ണമായും ശാസ്ത്രീയമായ രീതിയിൽ ഡിജിറ്റലായി അളക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'എന്റെ ഭൂമി' ഡിജിറ്റൽ ലാൻഡ് സർവ്വേ പദ്ധതിയുടെ രണ്ടു ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കി. മൂന്നാം ഘട്ടം പുരോഗമിക്കുന്നു.

## എന്റെ ഭൂമി സംയോജിത പോർട്ടൽ

എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം സാധ്യമാക്കുന്നതിനായി 'ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം' (ILIMS) ആരംഭിച്ചു. റവന്യു, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്.



## പട്ടയമിഷൻ

സംസ്ഥാനത്തെ എല്ലാ ഭൂരഹിതരേയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യത്തോടെ പട്ടയ മിഷൻ രൂപീകരിച്ചു. മലയോര ആദിവാസി മേഖലകളിലെ പട്ടയവിതരണത്തിന് മുൻഗണന നൽകിക്കൊണ്ട് രൂപീകരിച്ച പട്ടയ മിഷനിൽ വില്ലേജ്തലം മുതൽ സെക്രട്ടറിയേറ്റ് തലം വരെയുള്ള ഉദ്യോഗസ്ഥരും പഞ്ചായത്ത് അംഗം മുതൽ നിയമസഭാസാമാജികർ വരെയുള്ള ജനപ്രതിനിധികളും ഉൾപ്പെടുന്നു.

## യൂണിക് തണ്ടപ്പേർ

ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ യൂണിക് തണ്ടപ്പേർ സംവിധാനത്തിന് സംസ്ഥാനത്ത് രൂപം നൽകി.

## നിയമഭേദഗതി

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുളള തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനുളള അധികാരം ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി നൽകി.

## ക്ഷീരവികസനം

തെരഞ്ഞെടുക്കപ്പെട്ട 80 കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കി ദാരിദ്ര്യനിർമ്മാർജനം സാധ്യമാക്കുന്നതിനായി ഒരു പശു ഡയറി യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചു. ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

മത്സ്യ-കയർ-ക്ഷീര തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക ഡയറി പാക്കേജ് നടപ്പിലാക്കി.

ക്ഷീരസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവും മികവുറ്റതുമാക്കി മാറ്റുന്നതിനായി ക്ഷീരശ്രീ പോർട്ടൽ ആരംഭിച്ചു.

ക്ഷീരമേഖലയ്ക്കുളള സാധ്യതകളും സ്രോതസ്സുകളും കണക്കിലെടുത്ത്

വയനാട് ജില്ലയ്ക്ക് 50 ലക്ഷം രൂപയും ഇടുക്കി ജില്ലയ്ക്ക് 25 ലക്ഷം രൂപയും അനുവദിച്ച് പ്രത്യേക ക്ഷീരവികസന പദ്ധതി നടപ്പിലാക്കും.

ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനായി 10 കോടി രൂപ 2025-26 വർഷത്തെ ബജറ്റിൽ വകയിരുത്തി.

## മൃഗസംരക്ഷണം

മുന്തിയ ഇനത്തിൽപ്പെട്ട പശുക്കുട്ടികൾ കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനും അതുവഴി പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ABIP-SS പദ്ധതി നടപ്പിലാക്കി.

## കർഷക ഉൽപ്പാദക സംഘങ്ങൾ

ക്ഷീരകർഷകരുടേയും, കാർഷിക മേഖലയിലെ കർഷകരുടേയും കൂട്ടായ്മയായ ഫോഡർ പ്ലസ് എഫ്.പി.ഒകളുടെ രൂപീകരണത്തിലൂടെ, ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വരുമാന വർദ്ധനവിനും സാധിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ, 'കൊല്ലം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് പ്രൊഡ്യൂസർ കമ്പനി', ഇടുക്കി ജില്ലയിൽ 'മലനാട് ക്ഷീരവികസന ഫാർമർ പ്രൊഡ്യൂസർ കമ്പനി', തൃശ്ശൂർ ജില്ലയിൽ, 'കയ്പമംഗലം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് പ്രൊഡ്യൂസർ കമ്പനി', പാലക്കാട് ജില്ലയിൽ, അട്ടപ്പാടിയിൽ 'പാലക്കാട് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് പ്രൊഡ്യൂസർ കമ്പനി' എന്നിവ രൂപീകൃതമായി.

മൃഗങ്ങളുടെ അറവ് മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിച്ച് ഉപോല്പന്നങ്ങളായ മീറ്റ്-കം-ബോൺ മീൽ, ടാലോ എന്നിവ ഉൽപാദിപ്പിക്കുന്നതിനായി കൂത്താട്ടുകുളത്ത് റെൻഡെറിംഗ് പ്ലാന്റ് സ്ഥാപിച്ചു.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ (SIAD) പേവിഷ പ്രതിരോധ ആന്റിബോഡി നിർണ്ണയ സംവിധാനം ഏർപ്പെടുത്തി.

## ഇന്റർനാഷണൽ ആർക്കൈവ്സ് & ഹെരിറ്റേജ് സെന്റർ

സംസ്ഥാന ആർക്കൈവ്സ് വകുപ്പും കേരള സർവ്വകലാശാലയും സംയുക്തമായി കാര്യവട്ടം ക്യാമ്പസിൽ നിർമ്മിക്കുന്ന ഇന്റർനാഷണൽആർക്കൈവ്സ് & ഹെരിറ്റേജ് സെന്ററിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

## താളിയോലരേഖാ മ്യൂസിയം സജ്ജമാക്കൽ

ഇന്ത്യയിലെ ആദ്യ താളിയോല രേഖാ മ്യൂസിയം തിരുവനന്തപുരത്ത് ആരംഭിച്ചു. താളിയോല രേഖകളിലൂടെ വെളിവാകുന്ന കേരള ചരിത്രത്തേയും സാംസ്കാരിക പൈതൃകത്തേയും സന്ദർശകരിൽ എത്തിക്കുന്നതിന് ഇത് സഹായകരമാണ്.

ജില്ലകൾതോറും ഹെരിറ്റേജ് സെൻററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇടുക്കി പൈനാവിൽ ഹെരിറ്റേജ് സെൻറർ നിർമ്മിച്ചു.

ഒരു ലക്ഷംതാളിയോലരേഖകളുടെയും 59,30,191 പേപ്പർ രേഖകളുടെയും ഡിജിറ്റൈസേഷൻ സംസ്ഥാനത്ത് പൂർത്തിയായി.

## വജ്രജൂബിലി ഫെലോഷിപ്പ്

യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെല്ലോഷിപ്പ് തുക 17500 രൂപയായി വർദ്ധിപ്പിച്ചു.



## നാട്ടരങ്ങ് പദ്ധതി

പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി 'നാട്ടരങ്ങ്' പദ്ധതി നടപ്പിലാക്കി.

## അഭയകേന്ദ്രം

ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ കലാകാരന്മാർക്കും അവശത അനുഭവിക്കുന്നവർക്കുമായി സുസ്ഥിരമായ ഉപജീവന മാർഗ്ഗവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി അഭയകേന്ദ്രം നിർമ്മിക്കുന്നതിന് മാവേലിക്കരയിൽ സ്ഥലം കണ്ടെത്തി.

കണ്ണൂർ പിണറായിയിൽ ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി.

തെക്കൻ കേരളത്തിലും മദ്ധ്യ കേരളത്തിലും വടക്കൻ കേരളത്തിലും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജീവത്യാഗം ചെയ്ത ധീരദേശാഭിമാനികളെ അനുസ്മരിപ്പിക്കുന്ന പാർക്കുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ആദ്യ പാർക്ക് ചെങ്ങന്നൂരിൽ ആരംഭിച്ചു.

## സമം

ലിംഗപദവി സമത്വത്തിനായി 'സമം' പദ്ധതി ആവിഷ്കരിച്ചു. ഭാരത് ഭവൻ, ചലച്ചിത്ര അക്കാദമി, KSFDC, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം മിഷൻ തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

സംസ്ഥാനത്ത് ആദ്യമായി എല്ലാ ജില്ലകളിലും ജില്ലാ കൾച്ചറൽ പ്രൊമോഷൻ കൗൺസിലുകൾ (ഡി.സി.പി.സി) സ്ഥാപിക്കുവാൻ തീരുമാനിച്ചു.

കലാകാരന്മാരുടെയും കരകൗശല കൈത്തൊഴിലുകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമീണ കലാകേന്ദ്രം പദ്ധതി ആരംഭിച്ചു.

കേരളത്തിലെ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ഡിജിറ്റൽ ആർട്സ് സ്കൂൾ കേരള പ്രഖ്യാപിച്ചു. സാംസ്കാരിക വകുപ്പിന്റെയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും നേതൃത്വത്തിൽ ലോകത്തെവിടെയുമുള്ള മലയാളികൾക്ക് നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി കലാപഠനത്തിന് അവസരമൊരുക്കുന്നതാ

ണ് പദ്ധതി.

ഇന്ത്യയിലാദ്യമായി സർക്കാർ ഉടമസ്ഥതയിൽ 'സി-സ്പെയ്സ്' എന്ന പേരിൽ OTT പ്ലാറ്റ്ഫോം ആരംഭിച്ചു.

മലയാള സിനിമാ മ്യൂസിയം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക ക്ഷേമനിധി ബോർഡ്

ക്ഷേമനിധി ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റി.

## ആർട്ട് ഗാലറി

പ്രശസ്ത ചിത്രകാരനായ എ രാമചന്ദ്രന്റെ ചിത്രങ്ങൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനായി എ രാമചന്ദ്രന്റെ കുടുംബവുമായി ധാരണാപത്രം ഒപ്പുവച്ചു. കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ ചിത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ആർട്ട് ഗ്യാലറി പൂർത്തിയായി വരുന്നു.

കിളിമാനൂർ രാജാരവിവർമ സാംസ്കാരിക നിലയത്തിൽ ആധുനിക ആർട്ടിസ്റ്റിക് റസിഡൻസി സ്റ്റുഡിയോ നിർമ്മിച്ചു.

അതിഥിതൊഴിലാളികൾക്കായി അനന്യ മലയാളം പദ്ധതി ആവിഷ്കരിച്ചു.

## ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രം

ഇന്ത്യൻ സംസ്ഥാനങ്ങളിലെ സവിശേഷ നൃത്തരൂപങ്ങളുടെ ശിൽപ സാന്നിദ്ധ്യങ്ങളാൽ ഭാരത് ഭവൻ മണ്ണരങ്ങ് നിർമ്മിച്ചു.

മഹാകവി കുമാരനാശാന്റെ കവിതകളെ ആസ്പദമാക്കി കാനായി കുഞ്ഞിരാമൻ നിർമ്മിച്ച ആശാൻ കാവ്യശില്പം നാടിന് സമർപ്പിച്ചു. 11 കോടിയിൽപരം രൂപ ചെലവിൽ നിർമ്മിക്കുന്ന ആശാൻ സൗധം, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം ആരംഭിച്ചു. മഹാകവി കുമാരനാശാന്റെ കൈയ്യെഴുത്ത് പ്രതികൾ, പഴയ കാല ഫോട്ടോകൾ തുടങ്ങിയവ സംരക്ഷിച്ചിട്ടുള്ള മാനുസ്ക്രിപ്റ്റ് മ്യൂസിയം നവീകരിച്ചു.

## 'കതിർ' ക്ലബ്ബുകൾ

യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി എല്ലാ ജില്ലയിലും കതിർ എന്ന പേരിൽ 10 കാർഷിക ക്ലബ്ബുവീതം അനുവദിച്ചു.

## 'അവളിടം' ക്ലബ്ബുകൾ

യുവതീശാക്തീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലായി 'അവളിടം' എന്ന പേരിൽ 1040 യുവതീ ക്ലബ്ബുകൾ രൂപീകരിച്ചു.

## 'YES'

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി 'YES' എന്ന പേരിൽ സംസ്ഥാനത്ത് ആകെ 14 ക്ലബ്ബുകൾ രൂപീകരിക്കുന്ന നടപടി പുരോഗമിക്കുന്നു.



## 'മാരിവില്ല്' ക്ലബ്ബ്

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ജില്ലകളിൽ 'മാരിവില്ല്' എന്ന പേരിൽ ട്രാൻസ്ജെൻഡർ ക്ലബ്ബ് രൂപീകരിച്ചു.

## ടീം കേരള

യുവജനങ്ങളുടെ ചിന്തയും കർമ്മശേഷിയും സമൂഹത്തിന് ഉപയോഗപ്പെടുത്തുക, യുവാക്കളെ സന്നദ്ധസേവന രംഗത്തേയ്ക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ ടീം കേരള പദ്ധതി അംഗീകരിച്ചു.

## സപ്ലൈകോ

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു സപ്ലൈകോ വിൽപ്പനശാല പോലും ഇല്ലാത്ത 38 പഞ്ചായത്തുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. അവയിൽ 24 പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിച്ചു. ഈ സർക്കാരിന്റെ കാലത്ത് 42 മാവേലി സ്റ്റോറുകളും 11 സൂപ്പർ മാർക്കറ്റുകളും 15 മാവേലി സൂപ്പർ സ്റ്റോറുകളും പുതുതായി ആരംഭിച്ചു. 64 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 26 എണ്ണം മാവേലി സൂപ്പർ സ്റ്റോറുകളായും ഒരെണ്ണം പീപ്പിൾസ് ബസാറായും ഉയർത്തുകയും ചെയ്തു. ഇതിനു പുറമെ, 4 സൂപ്പർ മാർക്കറ്റുകൾ കൂടി പീപ്പിൾസ് ബസാറായി ഉയർത്തിയിട്ടുണ്ട്.

## വിദ്യാവനം

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള ചെറുവനങ്ങൾ സൃഷ്ടിക്കുന്ന വിദ്യാവനം പദ്ധതി 75 ഇടത്ത് സൃഷ്ടിച്ചു.

## നഗരവനം

നഗരങ്ങളിൽ ചെറുപച്ചത്തുരുത്തുകൾ കൃത്രിമമായി വളർത്തിയെടുക്കുന്ന നഗരവനം പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട. എറണാകുളം, കണ്ണൂർ ജില്ലകളിലായി 15 ഇടങ്ങളിൽ സൃഷ്ടിച്ചു.

## തീരവനം

സുനാമി, കടൽക്ഷോഭം, ചുഴലിക്കാറ്റ് മുതലായ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് സംസ്ഥാനത്തിന്റെ തീരപ്രദേശത്തെ സംരക്ഷിക്കുക, തീരത്ത് സാധ്യമാകുന്നിടത്തെല്ലാം മരങ്ങളുടെയും കുറ്റിച്ചെടികളുടെയും ജൈവകവചം സ്ഥാപിക്കുക എന്നിവ ലക്ഷ്യമിട്ട് തീരവനം പദ്ധതി നടപ്പിലാക്കി.

## സൗജന്യ എൻട്രൻസ് പരിശീലനം

കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സൗജന്യ മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു.

ടൈപ്പ് 2 ഡയബറ്റീസ് ഉള്ള കുട്ടികൾക്ക് നിശ്ചിത ഇടവേളകളിൽ ഇൻസുലിൻ എടുക്കുന്നതിന് സ്കൂളുകളിൽ പ്രത്യേക സൗകര്യമൊരുക്കി.

## വാട്ടർ ബെൽ

സ്കൂൾ സമയങ്ങളിൽ ആവശ്യത്തിന് ദാഹജലം കുടിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർഥികളുടെ ആരോഗ്യ പരിരക്ഷ മുൻനിർത്തിയും പൊതുവിദ്യാലയങ്ങളിൽ വാട്ടർ ബെൽ സംവിധാനം ആരംഭിച്ചു. വേനൽ ചൂട് കൂടുന്ന സാഹചര്യത്തിൽ അഞ്ച് മിനിറ്റ് ഇടവേളയാണ് വാട്ടർ ബെല്ലിനായി അനുവദിക്കുന്നത്.

## കർമ്മചാരി

പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയം ലക്ഷ്യമിട്ട് കർമ്മചാരി പദ്ധതി നടപ്പിലാക്കി.

## സഹജ

തൊഴിലിടത്തെ സ്ത്രീ സുരക്ഷയ്ക്കായി സഹജ എന്ന ടോൾ ഫ്രീ നമ്പർ ആരംഭിച്ചു.

## തൊഴിൽജന്യ രോഗനിർണ്ണയ സർവ്വെ

ഇന്ത്യയിൽ ആദ്യമായി കൊല്ലത്ത് ആരംഭിച്ച ഒക്യുപ്പേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിന്റെ സഹായത്തോടെ കയർ, കശുവണ്ടി, മത്സ്യ സംസ്കരണം, ക്രഷർ, പാക്കിംഗ്, ടെക്സ്റ്റൈൽ തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വെ പൂർത്തീകരിച്ചു.

## ചുമട് ഭാരം കുറച്ചു

പുരുഷന്മാർക്ക് പരമാവധി ചുമട് ഭാരം 75ൽ നിന്ന് 55 കിലോഗ്രാമാക്കിയപ്പോൾ സ്ത്രീകൾക്കും കൗമാരക്കാർക്കും 35 കിലോഗ്രാമാക്കി കുറച്ചു.

## നൈപുണ്യവികസന കേന്ദ്രങ്ങൾ

നാലുവർഷ ബിരുദപ്രോഗ്രാമിനോട് അനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യവികസന കേന്ദ്രങ്ങൾ (Centre for Skill Development Courses & Career Planning) ആരംഭിക്കാൻ അനുമതി നൽകി.




## IEDC

സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ Innovation & Entrepreneurship Development Centres സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ആയിരത്തിലധികം കേന്ദ്രങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

## പിണറായി എജ്യൂക്കേഷൻ ഹബ്ബ്

കേരളത്തിന്റെ വൈജ്ഞാനിക മുന്നേറ്റത്തിൽ നാഴികക്കല്ലായി മാറാൻ പോകുന്ന പിണറായി എജ്യൂക്കേഷൻ ഹബ്ബിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. 13 ഏക്കറിൽ 285 കോടി രൂപ മുടക്കിയാണ് വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമുച്ചയമായ എജ്യൂക്കേഷൻ ഹബ്ബ് ഒരുങ്ങുന്നത്.

## ഭിന്നശേഷിക്കാർക്ക് സംവരണം

സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പുവരുത്തി.

## സമത്വ പദ്ധതി

സാങ്കേതികവിദ്യാഭ്യാസരംഗത്തെ ഡിജിറ്റൽ അന്തരം പരിഹരിക്കുന്നതിനായി തിരഞ്ഞെടുത്ത എഞ്ചിനിയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സമത്വ പദ്ധതി പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്രസർവ്വകലാശാല ലാപ്ടോപ് വിതരണം ചെയ്തു.

## ബിരുദപഠനത്തിന് പ്രായപരിധി ഒഴിവാക്കി

കേരള സർവകലാശാലയിൽ ബിരുദപഠനത്തിന് ചേരാനുള്ള പ്രായപരിധി ഒഴിവാക്കാൻ തീരുമാനിച്ചു. നിലവിൽ ഇത് 26 വയസായിരുന്നു

## ആസാദ് സേന

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി കലാലയങ്ങളിലെ NCC, NSS സന്നദ്ധസേവകരെ ഉൾപ്പെടുത്തി ആസാദ് സേന രൂപീകരിച്ചു.

## പഠനവൈകല്യമുള്ളവർക്ക് പ്രത്യേക സീറ്റ്

ഓട്ടിസം, പഠനവൈകല്യം, മാനസിക വെല്ലുവിളി തുടങ്ങിയ പഠനവൈകല്യമുള്ളവർക്ക് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രത്യേക സീറ്റ് അനുവദിച്ചു.

## 'ഷീ' പദ്ധതി

സാങ്കേതികവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തവും താൽപ്പര്യവും ഗവേഷണാഭിമുഖ്യവും വർധിപ്പിക്കുന്നതിനായി 'ഷീ (SHE)' പദ്ധതി നടപ്പിലാക്കിവരുന്നു.

## ജയിൽ നവീകരണം

കണ്ണൂർ ജില്ലയിലെ ജയിലുകളിലെ ഓവർക്രൗഡിംഗ് കുറയ്ക്കുന്നതിന്റെ ഭാഗമായി പണികഴിപ്പിച്ച കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ ക്യാന്റീൻ ബ്ലോക്ക് സ്ഥാപിയ്ക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ വിയ്യൂർ സെൻട്രൽ ജയിലിലെ പ്രവൃത്തി പൂർത്തീകരിച്ചു. എറണാകുളം ജില്ലാ ജയിലിലും തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും ട്രാൻസ്ജൻഡർ തടവുകാർക്കായി പ്രത്യേകം ബ്ലോക്ക് നിർമ്മിച്ചു. കണ്ണൂർ, വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ മാനസികരോഗികളായ തടവുകാരെ പ്രത്യേകം പാർപ്പിയ്ക്കുന്നതിനുള്ള മെന്റൽ ഹെൽത്ത് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി.

## വനിതാ അഗ്നിരക്ഷാ ഉദ്യോഗസ്ഥർ

സംസ്ഥാനത്ത് ആദ്യമായി അഗ്നിരക്ഷാ വകുപ്പിന് കീഴിൽ 100 വനിത ഫയർ & റെസ്ക്യൂ ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചു. പരിശീലനം പൂർത്തിയാക്കിയ വനിത ഫയർ & റെസ്ക്യൂ ഓഫീസർമാർ അഗ്നിശമനരക്ഷാ പ്രവർത്തനങ്ങളിലും ജലാശയ അപകടങ്ങളിലും സജീവമായി പ്രവർത്തിച്ചു വരുന്നു.

## ഗാനെറ്റ്സ്

ചരിത്രത്തിൽ തന്നെ ആദ്യമായി അഗ്നിരക്ഷാ വകുപ്പിൽ 17 വനിതാ ഓഫീസർമാർക്ക് ജലസുരക്ഷാ വിദഗ്ധ പരിശീലകേന്ദ്രത്തിൽ വച്ച് സ്കൂബാ ഡൈവിംഗിൽ പരിശീലനം നൽകി.

## സ്പെഷ്യൽ ടാസ്ക് ഫോഴ്സ്

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ അഗ്നിശമനരക്ഷാ പ്രവർത്തനത്തിന് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, നിലവിൽ ലഭ്യമായ മനുഷ്യശേഷി ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനും വേണ്ടി 30 തസ്തികകൾ ഉൾപ്പെടുത്തി ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് അക്കാദമി കേന്ദ്രമാക്കി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.



## ജലസുരക്ഷാ പദ്ധതി

അഗ്നിരക്ഷാ വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/നാട്ടുകാർ എന്നിവരുമായി ചേർന്ന് ജല സുരക്ഷാ പദ്ധതി നടപ്പാക്കി.

## ആപ്താമിത്ര

ഓരോ അഗ്നിരക്ഷാ നിലയത്തിന്റെയും കീഴിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകദേശം 30 പേർ വീതമുള്ള വോളന്റിയർമാർക്ക് അഗ്നിശമന പ്രവർത്തനങ്ങളിലും, രക്ഷാ പ്രവർത്തന ങ്ങളിലും പരിശീലനം നൽകുന്നതിനായി ആപ്തമിത്ര പദ്ധതിക്ക് രൂപം നൽകി.

## Ease of Doing Business കേരളം ഒന്നാമത്

കേന്ദ്രസർക്കാരിന്റെ Ease of Doing Business സൂചികയിൽ കേരളം ഒന്നാം സ്ഥാനം നേടി. ഇന്ത്യയിലെ ഏറ്റവും വ്യവസായസഹൃദ സംസ്ഥാനമായി മാറാൻ ഇതുവഴി സംസ്ഥാനത്തിന് സാധിച്ചു.

## സംരംഭകവർഷം പദ്ധതി

സംരംഭകവർഷം പദ്ധതിയിലൂടെ 3.4 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 21,000ൽ അധികം കോടി രൂപയുടെ നിക്ഷേപം സാധ്യമാക്കാനും, ഏഴുലക്ഷത്തിലധികം തൊഴിലവ സരം സൃഷ്ടിക്കാനും സാധിച്ചു. ഈ പദ്ധതിയുടെ ഭരണപരവും സേവനപരവുമായ മികവിന് അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ (ASPA) 'Innovation in Public Administration' ബഹുമതിക്ക് സംസ്ഥാനത്തെ അർഹമാക്കി.

## ഡെവലപ്പർ പെർമിറ്റ്

ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കാൻ ആവിഷ്കരിച്ച സ്വകാര്യ വ്യവസായപാർക്ക് പദ്ധതി പ്രകാരം നിലവിൽ 31 സ്വകാര്യ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി.

## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്

വ്യവസായ ആവശ്യത്തിനായുള്ള സ്ഥലത്തിന്റെ ലഭ്യതയിലുള്ള കുറവ് പരിഹരിക്കാനും, വിദ്യാർത്ഥിസമൂഹത്തിൽ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗശൂന്യമായ ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആരംഭിച്ചു.

## എം.എസ്.എം.ഇ ONDC പ്ലാറ്റ്ഫോമിൽ

കേരളത്തിലെ എം.എസ്.എം.ഇ മേഖലയിലെ ഉത്പന്നങ്ങൾ Open Network for Digital Commerce പ്ലാറ്റ്ഫോമിൽ എൻറോൾ ചെയ്തു.

## മിഷൻ 1000 സ്കെയിൽ അപ്പ്

സൂക്ഷ്മവ്യവസായങ്ങളെ ചെറുകിട വ്യവസായങ്ങളായും ചെറുകിട വ്യവസായങ്ങളെ ഇടത്തരം വ്യവസായങ്ങളായും ഉയർത്തി 100 കോടി വിറ്റുവരവുള്ള 1000 സംരംഭങ്ങൾ കേരളത്തിൽ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മിഷൻ 1000 സ്കെയിൽ അപ്പ് പദ്ധതി പ്രകാരം 260 സ്ഥാപങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.

## ലൈഫ്സയൻസസ് പാർക്ക്

**ലൈഫ് സയൻസസ് പാർക്ക് ഘട്ടം I**

5.27 ഏക്കർ സ്ഥലം - നാല് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 185 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഏകദേശം 80 കോടി രൂപ നിക്ഷേപത്തിനുമായി അനുവദിച്ചു.

**ലൈഫ്സയൻസസ് പാർക്ക് ഘട്ടം II**

80,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിൻ & ബയോടെക് ലാബ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. IAV രണ്ടാം ഘട്ടം വികസിപ്പിക്കുന്നതിനായി കെട്ടിടം കൈമാറി.

## മെഗാഫുഡ് പാർക്ക്

100% ഭൂമി അലോട്ട്മെന്റും 70% ബിൽറ്റ്അപ്പ് സ്പേസ് അലോട്ട്മെന്റും പൂർത്തിയായി.

## കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി

വ്യവസായവൽക്കരണവും വ്യാവസായിക വികസനവും കൈവരിക്കുന്നതിനായി സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി നടപ്പാക്കുകയാണ്. 10,000 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 22,000 നേരിട്ടും 80,000 പരോക്ഷ തൊഴിലവസരങ്ങളും പാലക്കാട് നോഡിൽ പ്രതീക്ഷിക്കുന്നു. സംസ്ഥാന ഖജനാവിന് പ്രതിവർഷം 600 കോടിയോളം വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്പിവിക്ക് കൈമാറി.

## അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര

1.2ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി ടു മൂവ് ഇൻ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ചു.




## കിൻഫ്ര സ്പൈസസ് പാർക്ക്

സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. 80% ഭൂമിയും അനുവദിച്ചുകഴിഞ്ഞു. സ്പൈസസ് പാർക്കിന്റെ രണ്ടാം ഘട്ടം 21.17 ഏക്കർ സ്ഥലത്ത് പുരോഗമിക്കുകയാണ്.

കിൻഫ്ര ഫിലിം & വിഡിയോ പാർക്കിലെSEZൽ ഏകദേശം രണ്ട് ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒമ്പത് നിലകളിലുള്ള അത്യാധുനിക ഐ.ടി കെട്ടിടം (ഘട്ടം-I) പൂർത്തീകരിച്ചു. പ്രമുഖ MNC കമ്പനിയായ ടാറ്റ എലക്സിക്ക് കെട്ടിടം അനുവദിച്ചു.

## കയർ

ഇന്ത്യയിലെ തന്നെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളും, ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളും ചേർന്ന് കയർ ഉൽപ്പന്ന മേഖലകളിലെ വൈവിധ്യവത്കരണത്തിനായി പദ്ധതി ആവിഷ്ക്കരിച്ചു. ചെന്നൈ ക്രിക്കറ്റ് അസോസിയേഷൻ, അമൃതസറിലെ സുവർണ ക്ഷേത്രം എന്നിവിടങ്ങളിലേക്ക് കയർ ഉൽപ്പന്നങ്ങളുടെ ഓർഡർ ലഭിച്ചു.

കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ബഹുരാഷ്ട്ര ഓൺലൈൻ വ്യാപാര കമ്പനിയായ വാൾമാർട്ടുമായി ധാരണയിൽ എത്തിയിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഒരു പൊതുമേഖലാ സ്ഥാപനം വാൾമാർട്ടുമായി ധാരണയിൽ എത്തുന്നത്.

## ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം

കേരളത്തിലെ കൈത്തറി മേഖലയെ ആധുനികവൽക്കരിക്കുന്നതിനും ടെക്സ്റ്റയിൽസ് ഡിസൈനർമാരുടെ സേവനത്തിലൂടെ പുതിയ തലമുറകളുടെ അഭിരുചിക്ക് അനുസരിച്ചുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത്15 ചെറുകിട ക്ലസ്റ്ററുകൾ രൂപീകരിച്ചു.ഇതിൽ2ക്ലസ്റ്ററുകൾ കാലാവധി പൂർത്തിയാക്കി.

## ന്യൂനപക്ഷക്ഷേമം

2024-25 സാമ്പത്തികവർഷം 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗ്ഗദീപം എന്ന പേരിൽ പ്രീമെട്രിക് സ്കോളർഷിപ്പ് ആരംഭിച്ചു. (കേന്ദ്രസർക്കാർ

നിർത്തലാക്കിയ സ്കോളർഷിപ്പാണിത്). സംസ്ഥാന സർക്കാർ ഇതിനായി 20 കോടി ചിലവഴിച്ചിട്ടുണ്ട്.

വിധവകളും വിവാഹമോചിതരുമായ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി തൊഴിൽ സംരംഭം ആരംഭിക്കാൻ ഒരു ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന പുതിയ പദ്ധതി ആരംഭിച്ചു.

ന്യൂനപക്ഷവിഭാഗത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്ന 'സമന്വയം' പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി ഡി.ഡബ്ള്യു.എം.എസ് (digital workforce management system) പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള 150 ഓളം വിവിധ നൈപുണ്യ കോഴ്സുകൾക്ക് സൗജന്യ പരിശീലനം നൽകി, സർക്കാരിതര മേഖലകളിൽ തൊഴിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള നാഷണൽ ഫെല്ലോഷിപ്പ് കേന്ദ്രസർക്കാർ 2022-23 സാമ്പത്തികവർഷം മുതൽ നിർത്തലാക്കിയിരുന്നു. ഇതിന് പരിഹാരമായി ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഗവേഷണ പ്രോഗ്രാമുകളെ പിന്തുണയ്ക്കുന്നതിന് മൂന്നു വർഷത്തേക്ക് സാമ്പത്തികസഹായം നൽകുന്ന റിസർച്ച് ഫെല്ലോഷിപ്പ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചു.

കണ്ണൂർ ഹജ്ജ് എംബാർക്കേഷൻ പോയിന്റിൽ ഒരു സ്ഥിരം ഹജ്ജ് ടെർമിനൽ നിർമ്മിക്കുന്നതിന് 2025-26 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തി.

## സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി ബസ്സുകൾ

ട്രെയിൻ ടിക്കറ്റ് നിരക്കുകളോട് ചേർന്നുനിൽക്കുന്നതും ആധുനികസൗകര്യങ്ങളോടു കൂടിയതുമായ പ്രീമിയം സൂപ്പർഫാസ്റ്റ് ബസ്സുകൾ ആരംഭിച്ചു.

## ഇലക്ട്രിക് ഡബിൾ ഡക്കർ

തിരുവനന്തപുരം നഗരത്തിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് നഗരം ചുറ്റികാണാൻ ഓപ്പൺ ഡബിൾ ഡക്കർ ബസ് സർവീസ് ആരംഭിച്ചു.

## ഗ്രാമവണ്ടി

ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചു.

## സമുദ്ര

പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിയിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ 3 സ്പെഷ്യൽ ബസ്സുകൾ ഫിഷറീസ് വകുപ്പിന് നൽകി.

## ട്രഷറിവകുപ്പ്

മുതിർന്ന പൗരന്മാർക്ക് മസ്റ്ററിംഗിനായി ട്രഷറികൾ സന്ദർശിക്കേണ്ടി വരുന്നതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിനായി വാതിൽപ്പടി സേവനം നടപ്പാക്കി. ട്രഷറി സേവിംഗ്സ് ബാങ്ക് കോർബാങ്കിംഗ് സംവിധാനത്തിലേക്ക് മാറി.



## നവകേരള സദസ്സ്

പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി ജനസമക്ഷം അവതരിപ്പിക്കുന്നതിനൊപ്പം പൊതുസമൂഹത്തിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്ന രീതിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിൽ സർക്കാരും ജനങ്ങളും തമ്മിലുള്ള ഇഴയടുപ്പം വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് 2023 നവംബർ മുതൽ 2024 ജനുവരി വരെ നവകേരള സദസ്സുകൾ സംഘടിപ്പിച്ചത്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭാംഗങ്ങൾ ഒന്നാകെ 140 നിയമസഭാ മണ്ഡലങ്ങളിലും എത്തി. ഓരോ മേഖലയിലും സർക്കാർ നടത്തിയ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളുമായി പങ്കുവച്ചു. പൊതുജനങ്ങളുടെ നിവേദനങ്ങൾ സ്വീകരിക്കാൻ അവിടെ പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുഖ്യമന്ത്രി നേരിൽ കേൾക്കുകയും, അവയിൽ സാധ്യമായവ സമയബന്ധിതമായി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

നവകേരള സദസ്സിന്റെ തുടർച്ചയെന്നോണം മുഴുവൻ എം എൽ എമാരുമായും മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തി. അതിനെ തുടർന്ന് അടിസ്ഥാന വികസന പദ്ധതികൾക്കായി 210 കോടി രൂപ 2025-26 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ നിയമസഭാ മണ്ഡലത്തിനും 7 കോടി രൂപ വരെയുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി ഏറ്റെടുക്കാനാവും. അതിനുള്ള പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

## മേഖലാതല യോഗങ്ങൾ

സർക്കാരിന്റെ ഭരണനേട്ടങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി മേഖലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലകളിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും യോഗം സഹായകരമാണ്. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം രണ്ട് തവണ മേഖലാ യോഗങ്ങൾ സംഘടിപ്പിച്ചു. അതിനോടൊപ്പം ജില്ലാതല യോഗങ്ങളും വിവിധ വിഭാഗത്തിൽപ്പെട്ടവരുമായി മുഖാമുഖം പരിപാടിയും നടന്നു.



## പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെയും കിഫ്ബിയുടെയും ആഭിമുഖ്യത്തിൽ നടന്നുവരുന്ന പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ പുരോഗതി മുഖ്യമന്ത്രി തലത്തിൽ കൃത്യമായി വിലയിരുത്തപ്പെടുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കൂടി നിക്ഷേപമുള്ള ദേശീയപാതാ വികസന പദ്ധതി അതിവേഗം പുരോഗമിക്കുകയാണ്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

രാജ്യത്തിന്റെ തന്നെ വികസനത്തിന്റെ നാഴികക്കല്ലായി മാറാൻ പോകുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 2025 മേയ് 2 ന് നാടിനു സമർപ്പിച്ചു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാന സർക്കാർ 5,595 കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ടിനായുള്ള 817 കോടി രൂപയുടെ കേന്ദ്ര സഹായം വായ്പയായാണ് സംസ്ഥാനത്തിനു ലഭ്യമാകുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ 2045ൽ പൂർത്തിയാക്കാനിരുന്ന 2, 3, 4 ഘട്ടങ്ങൾ 2028ൽ തന്നെ പൂർത്തിയാക്കാനാകും.

## വയനാട് പുനരധിവാസം

നമ്മുടെ സംസ്ഥാനത്ത് സമാനതകളില്ലാത്ത പ്രകൃതി ദുരന്തമാണ് വയനാട് ജില്ലയിൽ 2024 ജൂലൈ 30ന് ഉണ്ടായത്. ഏകോപിതമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുക മാത്രമല്ല, സമയബന്ധിതമായ പുനരധിവാസ പ്രവർത്തനങ്ങളും അവിടെ നടന്നുവരികയാണ്. പ്രതീക്ഷിച്ച കേന്ദ്ര സഹായം ലഭ്യമാകാത്ത സാഹചര്യത്തിലും പുനരധിവാസ പ്രവർത്തനങ്ങൾക്ക് കോട്ടം സംഭവിക്കരുതെന്ന് സംസ്ഥാന സർക്കാരിന് നിർബന്ധമുണ്ട്. ഈ കാഴ്ചപ്പാടോടെ മികച്ച രീതിയിലുള്ള ടൗൺഷിപ്പ് നിർമ്മാണമാണ് അവിടെ നടന്നുവരുന്നത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം തികച്ചും സുതാര്യമായും സമയബന്ധിതമായും നൽകിവരുന്നു. അർഹമായ സഹായങ്ങൾക്കായി പൊതുജനങ്ങൾക്ക് ഓഫീസിൽ കയറിയിറങ്ങേണ്ടിവരുന്ന സാഹചര്യം പൂർണ്ണമായും ഇല്ലാതാക്കി. അപേക്ഷ അയക്കുന്നതു മുതൽ ധനസഹായം കൈപ്പറ്റുന്നതുവരെയുള്ള മുഴുവൻ നടപടിക്രമങ്ങളും ഓൺലൈനായാണ് നടക്കുന്നത്. 2021 മുതൽ ഇതുവരെ (2025 മാർച്ച് 30 വരെ) 3,92,337 പേർക്ക് 803.58 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്



# പുരസ്കാരത്തിളക്കം

- നീതി ആയോഗിന്റെ ആരോഗ്യസൂചികയിൽ തുടർച്ചയായി ഒന്നാമത്.
- 2018 മുതൽ തുടർച്ചയായി സുസ്ഥിര വികസന സൂചികയിൽ ഒന്നാമത്.
- 2023ൽ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായും നീതി ആയോഗ് തെരഞ്ഞെടുത്തു
- 2021ൽ ദേശീയ ഇ-ഗവേണൻസ് അവാർഡും ഇന്ത്യൻ പൊലീസ് ഫൗണ്ടേഷന്റെ അഴിമതിവിമുക്ത സേവനത്തിനുള്ള പുരസ്കാരവും.
- പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച മികച്ച ഭരണം നടത്തുന്ന സംസ്ഥാനത്തിന്റെ സൂചികയിൽ ഒന്നാമത്.
- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ മുന്നിൽ.
- വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും മികച്ച സംസ്ഥാനം.
- കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര ആരോഗ്യമന്ഥൻ പുരസ്കാരം.
- 2021ൽ കേന്ദ്രത്തിന്റെ വയോശ്രേഷ്ഠ പുരസ്കാരം.

- 2022ൽ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ അന്താരാഷ്ട്ര പുരസ്കാരം.
- 2023ലെ ദേശീയ പഞ്ചായത്ത് രാജ് അവാർഡിൽ അഞ്ചെണ്ണം കേരളം നേടി. 2024ൽ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സദദ് വികാസ് പുരസ്കാരം പെരുമ്പടപ്പ ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ക്ഷമത നിർമാണ സർവോത്തമം സൻസ്ഥാൻ അവാർഡ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (KILA) നേടി.
- ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ ഒന്നാംസ്ഥാനം.
- ആരോഗ്യ രംഗത്ത് മികച്ച പ്രകടനം, കൂടുതൽ മികച്ച വാക്സിനേഷൻ ഡ്രൈവിനുള്ള ഹെൽത്ത് ഗിരി പുരസ്കാരം, ഹാപ്പിനെസ് ഇൻഡക്സ് പുരസ്കാരം തുടങ്ങി ഇന്ത്യാ ടുഡേ മാഗസിന്റെ വിവിധ അംഗീകാരങ്ങൾ.
- ആരോഗ്യസുരക്ഷാ പദ്ധതിക്ക് നാഷണൽ ഹെൽത്ത്കെയർ അവാർഡ്.
- മാതൃമരണം കുറയ്ക്കുന്നതിനുള്ള ദേശീയ അവാർഡ്.
- കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനത്തിന് കേന്ദ്ര ഉത്കൃഷ്ടാ പുരസ്കാരം.
- ക്ഷയരോഗ നിവാരണത്തിൽ ദേശീയ പുരസ്കാരം.
- ഇ-സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്.
- ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യവസായവകുപ്പ് ആവിഷ്കരിച്ച 'സംരംഭക വർഷം പദ്ധതി' രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ്.
- ക്രിസിൽ റേറ്റിങ്ങിൽ തിരുവനന്തപുരം ടെക്നോപാർക്കിന് തുടർച്ചയായി എ പ്ലസ് സ്റ്റേബിൾ റാങ്ക്.
- ഐടി മിഷന്റെ അക്ഷയ പ്രോജക്ടിന് 2023ലെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം
- കേന്ദ്രത്തിന്റെ യുഡൈസ് പ്ലസ് റിപ്പോർട്ടിൽ ഒന്നാംസ്ഥാനം.
- കേന്ദ്ര വിദ്യാഭ്യാസമന്ത്രാലയത്തിന്റെ പെർഫോമൻസ് ഗ്രേഡിങ് സൂചികയിൽ (പിജിഐ) തുടർച്ചയായി മൂന്നു വർഷം ഒന്നാംസ്ഥാനം.
- ലോകത്തിലെ വൃത്തിയുള്ള ബിച്ചുകൾക്ക് അന്താരാഷ്ട്ര അംഗീകാരമായ ബ്ലൂ ഫ്ളാഗ് സർട്ടിഫിക്കേഷൻ കോഴിക്കോട് കാപ്പാട് ബീച്ചിനും കണ്ണൂർ ജില്ലയിലെ ചാൽ ബീച്ചിനും.
- കേരള പൊലീസ് ഡ്രോൺ ഫോറൻസിക് ലാബിന് ടെക്നോളജി സഭ പുരസ്കാരം.
- ഫിക്കിയുടെ സ്മാർട്ട് പൊലീസ് പുരസ്കാരം.
- കേരള സ്റ്റാർട്ടപ് മിഷനെ ലോകത്തിലെ മികച്ച അഞ്ച് ബിസിനസ് ഇൻകുബേറ്ററുകളിലൊന്നായി ലോക ബെഞ്ച്മാർക്ക് പഠനത്തിൽ അംഗീകാരം.
- മൽസ്യബന്ധന മേഖലയിലെ മികച്ച അർധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറസീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു.
- കേന്ദ്ര ഭവന നഗരമന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയ്നബിൾ ട്രാൻസ്പോർട്ട് സിസ്റ്റം പുരസ്കാരം കൊച്ചിക്ക് ലഭിച്ചു.
- കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര പുരസ്കാരം.
- നീതി ആയോഗ് നഗര സുസ്ഥിര വികസന സൂചികയിൽ തിരുവനന്തപുരം, കൊച്ചി എന്നിവ മികച്ച നഗരങ്ങളുടെ പട്ടികയിൽ.
- ആന്വൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്ത് മികച്ച രീതിയിൽ ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കി.

- അഴിമതി വിമുക്ത പൊലീസ് സേവനത്തിൽ ഒന്നാമത്.
- മികച്ച ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനുള്ള പ്ലാറ്റിനം അവാർഡ് കെ ഡിസ്കിന്
- കച്ച വെബ്സൈറ്റിനുള്ള ഗോൾഡ് മെഡൽ കോട്ടയം ജില്ലാ ഭരണ ആസ്ഥാനത്തിനും ക്ഷീരശ്രീ പോർട്ടലിനുള്ള സിൽവർ മെഡൽ ക്ഷീരവികസന വകുപ്പിനും.
- 2025ൽ സംസ്ഥാനത്തെ 10 ആരോഗ്യ കേന്ദ്രങ്ങൾക്കുകൂടി ദേശീയ ഗുണനിലവാര അംഗീകാരം, ഇതോടെ സംസ്ഥാനത്തെ 227 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻക്യൂഎഎസ് അംഗികാരവും അഞ്ച് ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ അംഗീകാരവും 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ അംഗീകാരവും.
- ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് 2025ൽ നീതി ന്യായ സംവിധാനത്തിന്റെ മികവിന് കേരളത്തിന് ഒന്നാം റാങ്ക്.
- ദേശീയ പഞ്ചായത്ത് പുരസ്കാരം തുടർച്ചയായി രണ്ടാം വർഷവും നേടി.
- പൊതുസുരക്ഷ, ലിംഗസമത്വം, വൈവിധ്യങ്ങളെ അംഗീകരിക്കൽ തുടങ്ങിയ സാമൂഹിക സൂചികകളിൽ രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനം. ഇന്ത്യാ ടുഡേ രാജ്യമെമ്പാടും നടത്തിയ പ്രഥമ പെരുമാറ്റ സർവെയിലാണ് കേരളത്തിന് പുതിയ നേട്ടം.
- രാജ്യത്തെ മികച്ച മറൈൻ സംസ്ഥാനമായി കേരളം, ജില്ലയായി കൊല്ലം.
- എൻഎംഡിഎഫ്സിയുടെ ദക്ഷിണേന്ത്യയിലെ മികച്ച ചാലക സംഘടനയ്ക്കുള്ള ദേശീയ അംഗീകാരം തുടർച്ചയായി രണ്ടാംവർഷവും സംസ്ഥാന വനിതാ വികസന കോർപറേഷന്.
- ധനവകുപ്പിന് കീഴിലെ സ്വതന്ത്ര ഗവേഷണ സ്ഥാപനമായ പിപിആർഐ റിപ്പോർട്ടിലും കേരളത്തിന് മികവ്.
- നാക് പരിശോധനയിൽ കേരള, എംജി സർവകലാശാലകൾക്ക് രാജ്യ ഉയർന്ന ഡബിൾ പ്ലസ്. കലിക്കറ്റ്, സംസ്കൃത, കൊച്ചി സർവകലാശാലകൾക്ക് എ പ്ലസ്. സംസ്ഥാനത്തെ 269 കോളേജുകൾക്ക് നാക് അംഗീകാരം. 27 കോളേജുകൾക്ക് ഉയർന്ന ഗ്രേഡായ എ ഡബിൾ പ്ലസ്.
- ക്യുഎസ് (ക്വാക്കേറേലി സിമണ്ട്സ്) വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ് ഏഷ്യ 2025ൽ കേരള സർവകലാശാലക്കും ടൈംസ് ആഗോള റാങ്കിങ്ങിൽ എം.ജി സർവകലാശാലയ്ക്കും നേട്ടം. ക്യൂഎസ് റാങ്കിങ്ങിൽ കേരള സർവകലാശാലയ്ക്ക് 339-ാം സ്ഥാനം. ദക്ഷിണേഷ്യൻ സർവകലാശാലകളുടെ റാങ്കിങ്ങിൽ 88-ാം സ്ഥാനം.
- കോഴിക്കോട് നടക്കാവ് ഗവ. വിഎച്ച്എസ്എസ് ഫോർ ഗേൾസ് രാജ്യത്തെ രണ്ടാമത്തെ മികച്ച സർക്കാർ സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു.
- നഗരഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനമികവിൽ ഒന്നാം സ്ഥാനം.
- കുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ സൈബർ കുറ്റകൃത്യം തടയുന്നതിൽ ജാഗ്രതപാലിച്ച കേരള പൊലീസിന് ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരം.
- ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ രാജ്യത്ത് ഒന്നാമത്.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ്ങിൽ കേരളം ഒന്നാം സ്ഥാനത്ത്.

# നവകേരളം പുതുവഴികൾ

പിണറായി വിജയൻ സർക്കാർ

10-ാം വർഷത്തിലേക്ക്

· അതിദാരിദ്ര്യമുക്ത കേരളം

· ഐടിയിൽ ചരിത്രം മുന്നേറ്റവുമായി കേരളം

ഐ ടി കയറ്റുമതി 8,003 കോടി രൂപയിൽ നിന്നും 24,793 കോടി രൂപയായി വർധിച്ചു.

കെ-ഫോൺ - ഒരു ലക്ഷം ഉപഭോക്താക്കൾ

· ലോക കേരളസഭയെ മാതൃകയാക്കാൻ കേന്ദ്രസർക്കാർ.

· പ്രവാസ സ്വപ്നങ്ങൾക്ക് ചിറകേകി നോർക്ക.

പ്രവാസവുമായി ബന്ധപ്പെട്ട സേവന-ക്ഷേമ കാര്യങ്ങളിൽ കാര്യക്ഷമമായ ഇടപെടലുമായി നോർക്ക. വിവിധ രാജ്യങ്ങളിലേക്ക് നോർക്കാ റൂട്ട്സ് നടത്തിയത് 3,833 റിക്രൂട്ട്മെന്റുകൾ.

· ലൈഫ് മിഷൻ വഴി സംസ്ഥാനത്ത് അനുവദിച്ചത് 5,79,568 വീടുകൾ. അതിൽ 4,52,156 വീടുകൾ പൂർത്തീകരിച്ചു.

· ലഹരിയോട് 'നോ' പറഞ്ഞ് കേരളം

വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ലഹരിവിരുദ്ധ കർമ്മ പരിപാടിക്ക് തുടക്കമിട്ട് സർക്കാർ. യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗവും അക്രമവാസനയും നിരീക്ഷിക്കാൻ 'തിങ്ക് ടാങ്ക്' പദ്ധതി.

· പൊതുജനാരോഗ്യ രംഗത്തെ ആധുനിക സംവിധാനങ്ങളോടെ രോഗീസൗഹൃദമാക്കി.

· രാജ്യത്ത് ആദ്യമായി പച്ചക്കറികൾക്കും പഴങ്ങൾക്കും താങ്ങുവില ഏർപ്പെടുത്തുന്ന സംസ്ഥാനമായി കേരളം.

· ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ കാര്യത്തിൽ കേരളം ഒന്നാമത്.

· സംരംഭക വർഷം പദ്ധതിയെ വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി ദേശീയതലത്തിൽ വിലയിരുത്തി. ഇതുവരെ മൂന്നര ലക്ഷത്തിലേറെ സംരംഭങ്ങൾ ആരംഭിച്ചു. 22,500 കോടിയിൽപ്പരം രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനും ഏഴര ലക്ഷത്തിലധികം തൊഴിലുകൾ സൃഷ്ടിക്കാനും സാധിച്ചു.

· സ്മാർട്ടായി, ജനകീയമായി റവന്യൂ സേവനങ്ങൾ

· കഴിഞ്ഞ ഒമ്പതു വർഷംകൊണ്ട് വിതരണം ചെയ്തത് നാല് ലക്ഷത്തിലധികം പട്ടയങ്ങൾ. (4,00,956 പട്ടയങ്ങൾ).

· ഇന്ത്യയിൽ ഏറ്റവുമധികം നിയമനങ്ങൾ നടത്തുന്ന പബ്ലിക് സർവ്വീസ് കമ്മീഷനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

· എല്ലാവർക്കും എല്ലായിടത്തും ശുദ്ധജലം.

അമൃത് 2.0 പദ്ധതിക്കായി 1,674.80 കോടി രൂപ.

ജലജീവൻ മിഷൻ പദ്ധതി വഴി നാലുവർഷം കൊണ്ട് 38 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷൻ.

· ഇരുളറിയാത്ത കാലം

പവർകട്ട് ഇല്ലാത്ത ഒൻപതു വർഷങ്ങൾ. ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ 1360.75 മെഗാവാട്ടിന്റെ വർദ്ധനവ്.

· കാലത്തിനൊപ്പം വേഗത്തിലോടി പൊതുഗതാഗതം

കെഎസ്ആർടിസി ബസുകളിൽ ഓൺലൈൻ ടിക്കറ്റ് സംവിധാനം.

സുഗമമായ റോഡ് ഗതാഗതം ഉറപ്പാക്കാൻ ട്രാഫിക് സിങ്ക്രണൈസേഷൻ.

· കുതിക്കുന്നു കായിക കേരളം

മുഴുവൻ പഞ്ചായത്തിലും നിലവാരമുള്ള കളിക്കളങ്ങൾക്കായി പദ്ധതി.

കായിക മേഖലയിൽ നടപ്പാക്കുന്നത് 3,500 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം.

· ഭക്ഷ്യഭദ്രതയിൽ നിന്ന് പോഷക ഭദ്രതയിലേക്ക്

ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തത് 5,20,563 പുതിയ റേഷൻ കാർഡുകൾ.

വിദൂര പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി നടപ്പാക്കി.

· വിജ്ഞാനകേരളം ക്ഷേമ കേരളം

ഉന്നതവിദ്യാഭ്യാസ മേഖല അഭൂതപൂർവ്വമായ മുന്നേറ്റത്തിന്റെ പാതയിൽ

കഴിഞ്ഞ നാലു വർഷത്തിൽ ആരംഭിച്ചത് ആയിരത്തോളം ബിരുദ പ്രോഗ്രാമുകളും 200 ഓളം ബി

രുദാനന്തര ബിരുദ പ്രോഗ്രാമുകളും. വിദ്യാർത്ഥികൾക്ക് സേവനം നൽകാനായി കെ - റീപ്.

· ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത

· വിനോദസഞ്ചാരമേഖല ഉണർവിന്റെ പാതയിൽ.

ബയോഡൈവേഴ്സിറ്റി, ലിറ്ററി സർക്യൂട്ടുകൾ, കാരവൻ, ഹെലി- ക്രൂയിസ് ടൂറിസം, അഡ്വഞ്ചർ ടൂറിസം, സിനി ടൂറിസം, പ്രാദേശിക ടൂറിസം, ഉത്തരവാദിത്ത ടൂറിസം തുടങ്ങിയ പദ്ധതികൾ

ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന് സർവകാല റെക്കോർഡ്

· പശ്ചാത്തല വികസനത്തിന്റെ വിജയപാതകൾ

വികസനത്തിന്റെ വേഗം വർദ്ധിപ്പിച്ച് ദേശീയപാത.

മലയോര മേഖലകളിൽ പുതുവഴികൾ തീർത്ത് മലയോര ഹൈവേ

അഞ്ചു വർഷംകൊണ്ട് ലക്ഷ്യമിട്ട നൂറു പാലങ്ങൾ മൂന്നുവർഷം കൊണ്ട് പൂർത്തീകരിച്ചു.

· തീരദേശ ജനതയ്ക്ക് കടലോളം കൈത്താങ്ങ്

2,450 കോടിയുടെ പദ്ധതിയിലൂടെ 5,338 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കി. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഇൻഷുറൻസ് പരിരക്ഷ 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി ഉയർത്തി

· പൊതുവിദ്യാഭ്യാസം മികവിന്റെ പാതയിൽ

അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുവിദ്യാഭ്യാസ മേഖലയിൽ 5000 കോടി രൂപയുടെ നിക്ഷേപം

ഭാവി തലമുറയ്ക്ക് വഴികാട്ടാൻ പാഠ്യപദ്ധതി പരിഷ്കരണം

5000ത്തിലധികം ക്ലാസ്മുറികൾ ഹൈടെക് ആക്കി.

· ബദൽ ശക്തിയായി സഹകരണ മേഖല

നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ ക്യാമ്പയിനിലൂടെ 10.69 ലക്ഷം കുടുംബങ്ങൾക്ക് 1960.15 കോടി രൂപ കുടിശ്ശിക ഇനത്തിൽ ഒഴിവാക്കി നൽകി.

32 യുവജന സഹകരണസംഘങ്ങൾ, യുവ വനിതാ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ യുവ സംഘങ്ങൾ, യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി കേരള ബാങ്ക് മുഖേന യുവമിത്ര വായ്പാ പദ്ധതി തുടങ്ങിയവ നടപ്പാക്കി.

· ജനകീയ പോലീസ് രാജ്യത്ത് ഒന്നാമത്

അതിസൂക്ഷ്മമായ അന്വേഷണ മികവിലൂടെ രാജ്യത്തിന് മാതൃകയായി കേരള പോലീസ്

**പ്രതിബദ്ധതയോടെ,**
**വിട്ടുവീഴ്ചയില്ലാതെ,**
**നിശ്ചയദാർഢ്യത്തോടെ**

# തുടരും...

നവകേരളം
പുതുവഴികൾ
പിണറായി വിജയൻ സർക്കാർ
10-ാം വർഷത്തിലേക്ക്

രണ്ടാം
പിണറായി വിജയൻ
സർക്കാരിന്റെ

# പ്രോഗ്രസ് റിപ്പോർട്ട്

2021 മെയ് 20 - 2025 മെയ് 19

എൽ ഡി എഫ്.
പ്രകടനപത്രികയിലെ
900
വാഗ്ദാനങ്ങളുടെ
നിർവ്വഹണപുരോഗതി

ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala
Published from Information Public Relations Department, Government of Kerala
Government Secretariat, Thiruvananthapuram 695001.
For Free Circulation